www.malankaralibrary.com

ജി. ചേടിയത്ത്

# സഭാചരിത്ര പഠനങ്ങൾ

No. 53

കോട്ടയം
1988

www.malankaralibrary.com

**G. Chediath, Sabhacaritrapathanangal,**

A Publication of the Oriental Institute of Religious Studies,
P.B.1. Vadavathoor, Kottayam, 686010 India.

Copyright: G. Chediath, 1988

First Edition 1982
Second Edition 1988

Price: Rs 20.

Printed at the Pro Sanctity Printers, Manganam, Kottayam.

## ഉള്ളടക്കം

| | പേജ് |
|---|---|
| അവതാരിക | v |
| ആമുഖം | vii |
| ഗ്രന്ഥസൂചിക | viii |
| അധ്യായം | |
| 1. യഹൂദസഭ | 1 |
| 2. പലസ്തീനയിലെ ക്രൈസ്തവസഭ | 16 |
| 3. അറേബ്യയിലെ സഭ | 32 |
| 4. സിറിയായിലെ ക്രൈസ്തവസഭ | 38 |
| 5. അർമേനിയൻ സഭ | 52 |
| 6. മെസൊപ്പൊട്ടേമിയ | 57 |
| 7. പേർഷ്യൻസഭ | 68 |
| 8. പൗരസ്ത്യവും പാശ്ചാത്യവും | 93 |
| 9. കാൽസിഡോൺ ക്രിസ്തുഭാഷ്യം | 101 |
| 10. ഓറിയൻറൽ ഓർത്തഡോക്സ്സഭകൾ | 124 |
| സിറിയൻ 125, കോപ്തിക് 127, എത്യോപ്യൻ 128, അർമേനിയൻ - 130, മലങ്കര-131. | |
| 11. ഈസ്റ്റേൺ ഓർത്തഡോക്സ് സഭകൾ | 133 |
| 1. ഓട്ടോസെഫാലസ് സഭകൾ 134: കോൺസ്റ്റാൻറിനോപ്പിളിലെ സഭ - 135; അലക്സാന്ത്രിയൻ - 136 അന്ത്യോക്യൻ - 137; ജറുസലേം - 137; റഷ്യൻ - 138 റുമേനിയൻ - 138; ഗ്രീക്ക് - 139; സേർബിയൻ - 140 ബൾഗേറിയൻ-140; ജോർജിയൻ - 141: സൈപ്രസ്-141 പോളണ്ട് - 142; അൽബേനിയൻ - 142, ചെക്കൊസ്ലൊവാക്യൻ - 143; അമേരിക്കൻ - 143. | |

www.malankaralibrary.com




2. ഓട്ടോണമസ് സഭകൾ – 144.
3. കാനോനികസഭകൾ – 146.
4. കാനോനികമായി അംഗീകാരമില്ലാത്തസഭകൾ – 147

12. പൗരസ്ത്യകത്തോലിക്കാസഭകൾ 152

സീറോമലബാർ - 153; മലങ്കര – 154; സിറിയൻ - 155; കോപ്റ്റിക് –155; എത്യോപ്യൻ–156; അർമേനിയൻ–156; കൽദായ – 157; മാറോനീത്താ–158; മെൽക്കീത്താ – 159; യുക്രേനിയൻ–160; റുതേനിയൻ–161; മറ്റ് ബിസൻറയിൻ സഭകൾ–162.

13. റോമൻ കത്തോലിക്കാസഭയും പൗരസ്ത്യസഭകളും 167
14. ലത്തീൻസഭയും ഗ്രീക്കുസഭയും 178
15. പട്ടത്വവും വിവാഹവും 204
16. സുറിയാനി വേദപുസ്തകം 214


## അനുബന്ധങ്ങൾ


1. പൗരസ്ത്യകത്തോലിക്കാഹയരാർക്കി 219
2. പ്രാചീന പാത്രിയാർക്കേറ്റുകളിലെ പാത്രിയർക്കീസുമാർ 231
3. പേർഷ്യൻ സഭയിലെ പാത്രിയർക്കീസുമാർ 231
4. ഓറിയൻറൽ ഓർത്തഡോക്സ് സഭാധ്യക്ഷന്മാർ 232
5. ഈസ്റ്റേൺ ഓർത്തഡോക്സ് സഭാധ്യക്ഷന്മാർ 232
6. അർമേനിയൻ സഭാധ്യക്ഷന്മാർ 234
7. അലക്സാണ്ഡ്രിയൻ പാത്രിയർക്കീസുമാർ 238
8. ജറുസലേം മെത്രാന്മാർ 241
9. അന്ത്യോക്യൻ മെത്രാന്മാർ 244
10. എഡേസ്സയിലെ മെത്രാന്മാർ 253
11. സേനോയുടെ ഹെനോട്ടിക്കോൻ 254
12. യൂദയായിലെ റോമൻ ഗവർണർമാർ 256
13. സ്ഥലനാമങ്ങൾ പഴയതും പുതിയതും 258


# അവതാരിക

ചരിത്രകാരനായ ആർനൊൾഡ് ടോയ്ൻബി തന്റെ ബൃഹത്തായ 'ചരിത്രപഠനം' ആരംഭിക്കുന്നതുതന്നെ ഓരോരുത്തരും തങ്ങളുടെ സ്വന്തനാടിനെ കേന്ദ്രമാക്കി ചരിത്രം നിർമ്മിക്കുന്നു എന്നാരോപിച്ചുകൊണ്ടാണ്. ദൈവത്തെക്കുറിച്ചുള്ള സങ്കല്പം തന്നെ ഏതാണ്ടങ്ങനെയാണ് എന്നു പറഞ്ഞുകൊണ്ടു തുടങ്ങാനും അദ്ദേഹം മടിച്ചില്ല. ഈ ആശയത്തോടു പൂർണ്ണമായി യോജിക്കാൻ സാധിക്കാത്തവർക്കുപോലും ദേശഭക്തിയുടെയും സിദ്ധാന്തങ്ങളുടെയും ചരിത്രത്തിലുള്ള അമിതസ്വാധീനം നിഷേധിക്കാനാവില്ല. തുറന്ന മനഃസ്ഥിതിയോടുകൂടിയും നിഷ്പക്ഷമായും ചരിത്രത്തെ കാണുക എളുപ്പമുള്ള കാര്യമല്ല. അതുകൊണ്ടാണ് ചരിത്രം കെട്ടുകഥയാണെന്ന് ചിലരെങ്കിലും പറയാനിടയായിട്ടുള്ളത്.

നമുക്കു പരിചിതമായ മിക്ക സഭാചരിത്രങ്ങളും പാശ്ചാത്യസഭയാണ് സാർവ്വത്രികസഭ എന്ന കാഴ്ചപ്പാടിലെഴുതിയിട്ടുള്ളതല്ലേ എന്ന സംശയത്തിനു വക നല്കുന്നുണ്ട്. പൗരസ്ത്യസഭകളുടെ പ്രാധാന്യത്തെയോ, ചരിത്രത്തെയോ പാടേ അവഗണിച്ചുള്ള സംരംഭങ്ങളാണ് മിക്കവയും. രണ്ടാം വത്തിക്കാൻ കൗൺസിൽ പൗരസ്ത്യസഭകളെക്കുറിച്ചും എക്യുമെനിസത്തെക്കുറിച്ചുമൊക്കെയുള്ള രേഖകളിൽ പ്രകടിതമാക്കിയ മനോഭാവത്തിൽ നിന്ന് എത്രയോ അകലെയാണ് നമ്മുടെ മിക്ക ചരിത്രഗ്രന്ഥങ്ങളും! അതുകൊണ്ടുതന്നെയാണല്ലോ പൗരസ്ത്യസഭകളുടെ ചരിത്രത്തെക്കുറിച്ചു നമുക്കുള്ള അറിവ് ഏതാണ്ട് വട്ടപൂജ്യമായിരിക്കുന്നത്. കത്തോലിക്കാസഭയിൽ വ്യത്യസ്ത സഭാസമൂഹങ്ങളുണ്ടെന്ന ചിന്തപോലും വളർത്താൻ നമ്മുടെ ചരിത്രഗ്രന്ഥങ്ങൾക്കു കഴിഞ്ഞിട്ടില്ലല്ലോ. നമ്മുടെ മതബോധന രംഗത്തെ വലിയ പരാധീനതയും അതുതന്നെയാണ്.

എന്തിന്, സെമിനാരികളിൽപോലും സഭാചരിത്രത്തിന്റെ വിശാലദർശനം നൽകുവാൻ നമുക്കു സാധിക്കാതെയാണിരിക്കുന്നത്. ലോകസഭാചരിത്രം അവതരിപ്പിക്കുന്നേതിൽ പൗരസ്ത്യസഭകൾക്കെന്തു സ്ഥാനമാണ് നല്കപ്പെട്ടിട്ടുള്ളത്? ഭാരതസഭാചരിത്രത്തിലെ

www.malankaralibrary.com



വ്യത്യസ്ത സഭാസമൂഹങ്ങളുടെ പൊരുൾ തന്നെ മനസ്സിലാകണമെങ്കിൽ പൊതുവായ ചരിത്രത്തിൽ എല്ലാ പൗരസ്ത്യസഭകളെക്കുറിച്ചും ശരിയായ പ്രതിപാദനം ഉണ്ടാകണം. ഇതില്ലാത്തതുകൊണ്ട് സഭാചരിത്രത്തെപ്പററി വികലമായ ധാരണകളാണു സെമിനാരി പരിശീലനത്തിൻെറ അവസാനത്തിൽ അവശേഷിക്കുക. ഭാരതത്തിലെ സഭകളുടെ നേരായ വളർച്ചക്കും ഇതൊരു പ്രതിബന്ധമാണെന്നു തന്നെ പറയാം. സഭൈക്യരംഗത്തുള്ള പുരോഗതിക്കും ശരിയായ ചരിത്രാവബോധത്തിൻെറ അഭാവം തടസ്സമാണ്.

ഈ പോരായ്മ പരിഹരിക്കാനുള്ള ഒരു ശ്രമമായിട്ടാണ് ബ. ചേടിയത്തച്ചൻെറ 'സഭാചരിത്രപഠനങ്ങൾ' രംഗപ്രവേശം ചെയ്യുക. വ്യക്തമായ ഒരു ദൈവശാസ്ത്രവീക്ഷണവും സഭകളുടെ വികാസത്തെക്കുറിച്ചുള്ള ശരിയായ ചരിത്രാവബോധവും മാത്രമേ പരസ്പര അംഗീകാരത്തിനും കൂട്ടായ്മയുടെ ദൃഢതയ്ക്കും വഴിതെളിയ്ക്കൂ. അതിനായുള്ള ഏതു സംരംഭവും നമ്മുടെയെല്ലാം പിന്തുണ അർഹിക്കുന്നു. പൗരസ്ത്യസഭകളെ പരിചയപ്പെടുത്തുന്നതിലാണ് ഗ്രന്ഥകാരൻ ഇവിടെ ശ്രദ്ധിക്കുന്നത്. ഫലപ്രദമായ തിരുസഭാചരിത്രപഠനത്തിന് ഇതു തീർച്ചയായും സഹായിക്കും. ഭാവിയിലെ തിരുസഭാചരിത്രഗ്രന്ഥങ്ങൾ ഈ രംഗത്തു കൂടുതൽ താല്പര്യമെടുക്കാൻ ഇതു് ഇടയാക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യാം.

ആദ്യത്തെ ഒരു സംരംഭമെന്ന നിലയിൽ ഈ ഗ്രന്ഥത്തിൻെറ പല പരിമിതികളും ചൂണ്ടിക്കാണിക്കുവാൻ കഴിഞ്ഞേക്കും. എങ്കിലും സഭാവിജ്ഞാനീയത്തിലെ ഒരു വിടവു നികത്താനുള്ള ബ. ചേടിയത്തച്ചൻെറ പരിശ്രമം എല്ലാ അഭിനന്ദനവും അർഹിക്കുന്നു. ഈ ചുവടു പിടിച്ച് കൂടുതൽ പൂർണ്ണമായ ചരിത്രനിർമ്മിതി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

മതബോധനരംഗത്തുള്ള എല്ലാവരുടെയും കൈകളിൽ ഈ ഗ്രന്ഥം എത്തട്ടെ എന്നാശംസിക്കുന്നു.

ചങ്ങനാശ്ശേരി — മാർ ജോസഫ് പവ്വത്തിൽ

11-12-1988 — ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ

## ആമുഖം

ക്രിസ്തുവിൻെറ സഭയുടെ ഉത്ഭവത്തിലേക്കും ആദ്യകാല ചരിത്രത്തിലേക്കും വെളിച്ചം വീശുന്നൊരു ലഘുഗ്രന്ഥമാണിതു്. പലസ്തീന, അറേബ്യ, സിറിയ, അർമേനിയ, മെസൊപ്പൊട്ടേമിയ എന്നിവിടങ്ങളിലെ പ്രധാന കേന്ദ്രങ്ങളിൽ എപ്രകാരമാണ് സുവിശേഷസന്ദേശം എത്തിയതെന്നും ആരംഭകാലത്ത് വളർന്നതെന്നും ഇതിൽ വ്യക്തമാകുന്നു. യഹൂദന്മാർ എപ്രകാരം സുവിശേഷത്തിനു വഴിയൊരുക്കി എന്ന് ആദ്യത്തെ അധ്യായം വിവരിക്കുന്നു. യറുശലേമിൽനിന്ന് അന്ത്യോക്യ, എഡേസ്സ, അർബേല, അമീദ്, മെലിററീൻ, സെലൂഷ്യ, പൽമീറ, ബോസ്ര എന്നിവിടങ്ങളിലെല്ലാം സഭ വ്യാപിച്ചു. ഈ പട്ടണങ്ങളെ കേന്ദ്രമാക്കി ചുററുമുള്ള പ്രദേശങ്ങളിലൊക്കെ സഭ വളർന്നു. തുടർന്ന് 'പൗരസ്ത്യം' 'പാശ്ചാത്യം', എന്നീ സംജ്ഞകൾ ഒരധ്യായത്തിൽ വിശദീകരിക്കുന്നു. 'കൽക്കദോനിയ സൂനഹദോസിൻെറ ക്രിസ്തുഭാഷ്യം' ആണ് അടുത്ത അധ്യായം. വിവിധ പൗരസ്ത്യസഭകളെപ്പററി തുടർന്നുള്ള മൂന്നധ്യായങ്ങളിൽ ചർച്ചയുണ്ട്. അതുപോലെ പൗരസ്ത്യ പാശ്ചാത്യ ബന്ധങ്ങൾ രണ്ട് അധ്യായങ്ങളിലും അപഗ്രഥിക്കുന്നു. സഭാ പഠനത്തിനു സഹായകമായ അനുബന്ധങ്ങൾ തുടർന്ന് ചേർത്തിട്ടുണ്ട്. 1982-ൽ അച്ചടിച്ച ഗ്രന്ഥത്തോടുകൂടി ഏഴധ്യായങ്ങൾ പുതുതായി കൂട്ടിച്ചേർത്തിട്ടുണ്ട്. (പേ. 124-218). ഇതിൻെറ ആദ്യപതിപ്പിന് 1983-ലെ ''മാർ ഈവാനിയോസ് അവാർഡ്'' ലഭിച്ചതാണ്.

ഈ ഗ്രന്ഥത്തിന് ഒരവതാരിക എഴുതിത്തന്ന് അനുഗ്രഹിച്ച അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിനെ കൃതജ്ഞതയോടെ സ്മരിക്കുന്നു. ഈ ഗ്രന്ഥരചനയിൽ വിവിധ ഘട്ടങ്ങളിലായി സഹായഹസ്തം നീട്ടിത്തന്ന എല്ലാവരെയും നന്ദി നിറഞ്ഞ ഹൃദയത്തോടും സ്നേഹത്തോടും കൂടെ സ്മരിക്കുന്നു.

ഈ ഗ്രന്ഥം രൂപസൗഷ്ഠവത്തോടെ വെളിച്ചത്തുകൊണ്ടുവരാൻ ബുദ്ധിമുട്ടിയ പ്രോ സാങ്ററിററി പ്രിൻേറഴ്സിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ. ഈ ഗ്രന്ഥം സഹൃദയസമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

പ്രൊഫ. ഡോ. ഗീവർഗീസ് ചേടിയത്ത്

പി. ബി. 1. വടവാതൂർ,
കോട്ടയം 686010
20-12-1988

www.malankaralibrary.com

## BIBLIOGRAPHY


Atiya, A. S., *A History of Eastern Christianity*, London, 1966.

B. O. = *Bibliotheca Orientalis*, ed. J. S. Assemani, Rome, 1719–28.

Chabot, J. B., *Synodicon Orientale*, Paris, 1902.

ER = The Ecumenical Review

Fiey, J. M., "Les dioceses du Maphrianat syrien 629-1860", in "Parole de l'Orient, 5(1974), p. 133-164.

Fouyas, M., *The Person of Jesus Christ in the Decisions of the Ecumenical Councils*, Addis Ababa, 1975.

GOTR = Greek Orthodox Theological Review

Grote, H., *Die Hauptkirchen des Ostens*, Rome, 1964.

Grumel, V., *La Chronologie*, Paris, 1958.

Hage, W. *Die syrisch jakobitische Kirche in fruehislamischer Zeit*, Wiesbaden, 1966.

Jedin, H., *History of the Church*, 10 vols, London, 1980.

Koodapuzha. X., *The Faith and Communion of the Indian Church of the Thomas Christians*, Kottayam, 1982.

Millar, F., *The Roman Empire and Its Neighbours*, London, 1967.

Rostovtzeff, M. I., "The Near East in the Hellenistic and Roman Times," *The Dumbarton Oaks Papers* I (1941), 25-40.

Schulthess, F., *Die syrischen Kanones der Synoden von Nicaea bis Chalcedon*, Berlin, 1908.

Segal, J. B., *Edessa, "the Blessed City,"* Oxford, 1970.

Spuler, B., *Die morgenlaendischen Kirchen*, Leiden/Koln, 1964.

Stevenson, J., *Creeds, Councils and Controversies*, London, 1966.

WWS = Wort und Wahrheit (1972-8).

എവു. സഭാ. = എവുസേബിയസ്, സഭാചരിത്രം.

— പല. രക്ത. = പലസ്തീനിയൻ രക്തസാക്ഷികൾ

തിയ. സഭാ = തിയഡൊറെറ്റ്, സഭാചരിത്രം

സൊക്രാ. സഭാ = സൊക്രാട്ടസ്, സഭാചരിത്രം


### അധ്യായം 1

# യഹൂദസഭ

ലോകരക്ഷകനായ മിശിഹായെ ലോകത്തിനു സമ്മാനിക്കുവാൻ പ്രത്യേകം സജ്ജരാക്കപ്പെട്ടവരാണ് യഹൂദർ. അബ്രഹാമിന്റെ വിളിയിൽ ആരംഭിച്ച് (ക്രി. മു. 1850) മിശിഹായിലെത്തുന്നതുവരെയുള്ള അവരുടെ ചരിത്രം മാനവരക്ഷാചരിത്രമാണ്. മനുഷ്യകുലത്തിന്റെ പ്രതിനിധികളായി ദൈവം അവരെ കണക്കാക്കുകയും അവരുടെ ചരിത്രത്തിൽ ഇടപെടുകയും ചെയ്തു. അവരുടെ ചരിത്രം ദൈവിക വെളിപാടുകളുടെ ചരിത്രമായി മാറി. ദൈവികവെളിപാട് പൂർത്തീകരണത്തിലെത്തുന്നതു സാവധാനത്തിലാണ്. വിഗ്രഹാരാധനക്കാരായ ജാതികളുടെ മദ്ധ്യത്തിൽ നിന്ന് അബ്രഹാമിനെ വിളിക്കയും അദ്ദേഹത്തെ തന്റെ പ്രത്യേക പരിപാലനയുടെ കീഴിൽ വളർത്തുകയും ചെയ്യുന്നു. കാനാൻ നാട്ടിൽ വളർന്നു പെരുകുവാൻ തുടങ്ങിയപ്പോൾ ഈജിപ്തിൽ അവർ പറിച്ചു നടപ്പെട്ടു. വിഗ്രഹാരാധകരായ ഈജിപ്തുകാരുടെ മദ്ധ്യത്തിൽ ഏകദൈവവിശ്വാസികളായി അവർ വളർന്നു. അവിടെ നിന്ന് അവരെ അവിടുന്നു മരുഭൂമിയിലൂടെയുള്ള നാല്പതു വർഷത്തെ യാത്രക്കുശേഷം കാനാൻ നാട്ടിലെത്തിച്ചു. വഴിക്കുവച്ച്— സീനായി മലയിൽവച്ച്— ദൈവം ആ ജനവുമായി ഉടമ്പടി ചെയ്തു: "നിങ്ങളെനിക്കു ജനമായിരിക്കും; ഞാൻ നിങ്ങൾക്കു ദൈവമായിരിക്കും." അവർ കാനാൻ നാട്ടിൽ നിറഞ്ഞപ്പോൾ ദൈവം അവരെ അസീറിയായിലേക്കും, ബാബിലോണിയായിലേക്കും ഈജിപ്തിലേക്കും അയച്ചു.[1] എന്നാൽ ദൈവം അവരിൽ നല്ലൊരു

1. ക്രി. മു. 722-ൽ അസ്സീറിയാക്കാർ സാൽമനേസ്സറിന്റെ നേതൃത്വത്തിൽ ഇസ്രായേൽ രാജ്യം തകർത്തു തരിപ്പണമാക്കി. പത്ത് ഗോത്രങ്ങളെ അവിടെനിന്ന് അസ്സീറിയൻ സാമ്രാജ്യത്തിലേക്ക് നാടുകടത്തി (2രാജാ. 17:1). 597-586-ൽ ബാബിലോൺ രാജാവായ നെബുക്കദ്നെസ്സർ യൂദയാരാജ്യത്തിലെ യഹൂദന്മാരിൽ നല്ലൊരുപങ്കിനെ ബാബിലോണിൽ കേബാർ നദീതീരത്ത് കുടിയിരുത്തി (2ദിന. 36: 6ff). നെബുക്കദ്നെസ്സറിനെ ഭയന്ന് നിരവധി യഹൂദർ ഈജിപ്തിലേക്ക് ഓടിപ്പോയി (യിരെ. 40—44).

www.malankaralibrary.com



തുടർന്നുള്ള യഹൂദചരിത്രത്തെ രണ്ടായി തിരിക്കാം: (1) പലസ്തീനയിലെ യൂദന്മാർ, (2) പ്രവാസിയൂദന്മാർ: റോമൻ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും, പേർഷ്യൻ സാമ്രാജ്യത്തിലും ഭാരതത്തിലും സ്ഥിരതാമസമാക്കിയവരെയാണ് പ്രവാസിയൂദന്മാർ എന്നു പറയുന്നത്. പലസ്തീനയിലെ യൂദന്മാരിൽനിന്നു പലതുകൊണ്ടും ഇവർ വ്യത്യസ്തരായിരുന്നു.

## (1) പലസ്തീനയിലെ യൂദന്മാർ

റോമാക്കാർ, ഗ്രീക്കുകാർ (സിറിയാക്കാർ) തുടങ്ങിയവർ പലസ്തീനയിലേക്കു വരികയും യഹൂദന്മാരുടെ 'സാർവത്രിക ദൗത്യ നിർവഹണത്തിനു' അവരെ സഹായിക്കുകയും ചെയ്തു. കിടമത്സരങ്ങളാൽ ദുഷിച്ച യൂദന്മാരെ അടിക്കുകയും ചിതറിക്കുകയും ചെയ്യാനുള്ള വടിയായിരുന്നു വിദേശീയർ. ക്രൂരനായ ഹേറോദേസ് (ക്രി. മു. 40_4) ഉരുക്കുമുഷ്ടിയിൽ അവരെ അമർത്തുവാൻ യത്നിച്ചു. അയാൾ റോമാക്കാരുടെ സഹായത്തോടുകൂടി അടിച്ചമർത്തൽ നയം തുടർന്നു. ഈ കാലഘട്ടത്തിൽ രക്ഷകനുവേണ്ടിയുള്ള ദാഹം അതിതീവ്രമായിരുന്നു. ഹേറോദേസിന്റെ കാലത്താണു യഹൂദ്യയിലെ ബേത്‌ലഹേമിൽ (ക്രി. മു. 6_4) ക്രിസ്തു ജനിച്ചത്.

പലസ്തീനയിലെ അക്കാലത്തെ യഹൂദമതത്തിനു പല സവിശേഷതകളുണ്ടായിരുന്നു. പ്രീശർ, സദ്ദൂക്യർ എന്നിങ്ങനെ രണ്ടു കക്ഷികൾ യഹൂദരുടെ ഇടയിൽ ഉണ്ടായി. മക്കബായരുടെ കാലത്തെ ഹസിദേയരുടെ പിൻഗാമികളാണു പ്രീശർ. നിയമത്തോടു വിശ്വസ്തത കാണിക്കയും അതിനായി മരിക്കാൻ തയ്യാറാകുകയും ചെയ്തിരുന്ന ഭക്തന്മാരായ യഹൂദരായിരുന്നു ഹസിദേയർ (ഹസിദിം)[5] പാപികളെന്നു ഗണിക്കപ്പെട്ടിരുന്ന സാമാന്യജനങ്ങളിൽനിന്നും പുറജാതികളിൽനിന്നും അവർ തങ്ങളെത്തന്നെ വേർതിരിച്ചിരുന്നു. അരൂപികളുടെ അസ്തിത്വം, ശരീരത്തിന്റെ ഉയിർപ്പ് എന്നിവ അവരുടെ വിശ്വാസപ്രമാണത്തിൽ ഉൾപ്പെട്ടിരുന്നു. കർക്കശജീവിതം, പാരമ്പര്യത്തോടുള്ള ബഹുമാനം, ഭക്തവേഷം എന്നിവ ഇവരുടെ മുഖമുദ്രയായിരുന്നു (മത്താ. 23 : 23; ലൂക്കാ. 11 : 42). സാധാരണ ജനങ്ങളെ വശീകരിക്കുന്നതിനും സ്വാധീനിക്കുന്നതിനും ഇവർക്കു സാധിച്ചു.[6]

5. 1മക്ക 2:4; 6:12ff; 2മക്ക.14:6. cf. ജോർജ്ജ് പുന്നക്കോട്ടിൽ, പുതിയനിയമത്തിനൊരാമുഖം, കോട്ടയം 1981, p. 21-23.
6. പറഷ്, (വേർതിരിക്കുക) എന്ന ഹീബ്രു മൂലത്തിൽ നിന്നായിരിക്കാം 'പ്രീശർ' അഥവാ 'ഫരിസേയർ' എന്ന പദം ഉത്ഭവിച്ചത്. ഹീബ്രുവിൽ 'പെറുഷീം' എന്നും സുറിയാനിയിൽ 'പ്രീശേ' എന്നുമായിരുന്നു ഇവരുടെ പേര്. മററുള്ളവരിൽ നിന്ന് തങ്ങളെത്തന്നെ മാററി നിർത്തിയതിനാലാകാം ഈ പേരുണ്ടായത്.



സദ്ദൂക്യർ യഹൂദരുടെ ഇടയിലെ പുരോഗമനവാദികളായിരുന്നു. പാരമ്പര്യത്തിലും വാചിക നിയമങ്ങളിലും അവർ വിശ്വസിച്ചില്ല. അരൂപികളുടെ അസ്തിത്വവും ശരീരത്തിന്റെ ഉയിർപ്പും അവർ നിഷേധിച്ചു. ജനങ്ങളുടെ ഇടയിൽ ഇവർക്കു കാര്യമായ സ്വാധീനമുണ്ടായിരുന്നില്ല. അവസരവാദികളും സ്വാർത്ഥികളുമായ ഇവർ അധികാരികളുടെ പക്കൽ നല്ല സ്വാധീനം ചെലുത്തിക്കൊണ്ടിരുന്നു.[7]

നിയമം പഠിച്ചു വ്യാഖ്യാനിക്കാനായി നിയമജ്ഞരുണ്ടായിരുന്നു.

പുരോഹിതന്മാർ യഹൂദസമൂഹത്തിൽ വളരെയധികം സ്വാധീനമുള്ളവരായിരുന്നു. അഹറോന്റെ വംശത്തിൽപ്പെട്ട ഇവർ ദേവാലയശുശ്രൂഷയ്ക്കായി വേർതിരിക്കപ്പെട്ടവരായിരുന്നു. 24 വിഭാഗങ്ങളായി തിരിഞ്ഞു തവണ അനുസരിച്ച് അവർ ദേവാലയശുശ്രൂഷ നടത്തി വന്നു. പുരോഹിതന്മാരുടെ തലവനായി ഒരു മഹാപുരോഹിതനും ഉണ്ടായിരുന്നു.

യഹൂദരുടെ മറെറാരു വിഭാഗമാണ് എസ്സീൻകാർ (Essenes).

യഹൂദരുടെ രാഷ്ട്രീയ_സാമൂഹ്യജീവിതത്തിൽ നിന്നും കിടമത്സരങ്ങളിൽനിന്നും അകന്നുമാറി സ്വൈരജീവിതം നയിക്കാൻ ആഗ്രഹിച്ച യഹൂദരാണിവർ. ക്രി. മു. രണ്ടാം നൂററാണ്ടിന്റെ മദ്ധ്യത്തിനും ക്രി. വ. ഒന്നാം നൂററാണ്ടിന്റെ അന്ത്യത്തിനുമിടയ്ക്ക് ഇവർ സമൂഹജീവിതം നയിച്ചിരുന്നു. ഹിസിദിം വിഭാഗത്തിൽപെട്ടവരുടെ പിൻതലമുറയിൽപെട്ടവരത്രേ. വി. വേദപുസ്തകത്തിലോ 'തൽമൂദി'ലോ ഇവരെപ്പററി പരാമർശനമില്ല. എങ്കിലും ചരിത്രകാരനായ ജൊസേഫൂസ് (37_95) താത്ത്വികനായ ഫീലോ (ക്രി. മു. 20_ക്രി. വ. 50), റോമൻ ഗവർണറായ പ്ലീനി (23_79) എന്നിവർ ഇവരെപ്പററി സംസാരിക്കുന്നു. ചാവുകടലിനടുത്തുള്ള കുംറാൻ പ്രദേശത്തു 'നീതിമാനായ ആചാര്യന്റെ' നേതൃത്വത്തിൽ ജീവിച്ചവർ എസ്സീൻകാരായിരുന്നു എന്നു ചിലർ കരുതുന്നു. കുംറാനിൽ താമസിച്ചതിനാൽ 'കുംറാൻ സമൂഹം' എന്നും ഇവർ അറിയപ്പെടുന്നു. അവരുടെ ഇടയിൽ പുരോഹിതന്മാരും പുരോഹിതരല്ലാത്തവരും ഉണ്ടായിരുന്നു. ക്രിസ്തുമതാരംഭകാലത്തു് ഇവരുടെ എണ്ണം 4000-ഓളം ഉണ്ടായിരുന്നു. നവാർത്ഥികൾക്കു മൂന്നു വർഷം കർക്കശമായ ജീവിതം നയിക്കേണ്ടിയിരുന്നു. രഹസ്യം പാലിക്കുന്നതിനും സമൂഹത്തിന്റെ അദ്ധ്യക്ഷനെ അനുസരിക്കുന്നതിനും അവർ ബാദ്ധ്യസ്ഥരായിരുന്നു. പകലന്തിയോളം കായികാദ്ധ്വാനം ചെയ്തു് ഇവർ

7. സദ്ദൂക്യർ—നീതിമാന്മാർ (സദ്ദിക്കിം) എന്ന അർത്ഥത്തിലോ, സാദോക്കിന്റെ വംശ പരമ്പരയിൽ പെട്ടവർ (സാദോക്കുകാർ) എന്ന അർത്ഥത്തിലോ എടുക്കാം. cf. പുന്നക്കോട്ടിൽ, op. cit. p. 23ff.

www.malankaralibrary.com



ജീവിച്ചു. രാത്രികാലങ്ങളിൽ വേദപുസ്തകവും നിയമവും പഠിക്കുന്നതിൽ ഇവർ നിഷ്ഠർഷ പാലിച്ചു. റോമാക്കാർ യറുശലേം നശിപ്പിച്ചതോടെ ഈ സമൂഹം ഇല്ലാതെയായി; 1947-നുശേഷം ഇവരുടെ ഒരു വലിയ ഗ്രന്ഥശേഖരം ചാവുകടൽ തീരത്തുനിന്നു കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

## ഹേറോദേസിനു ശേഷം

ഹേറോദേസിനുശേഷം യൂദയാ രാജ്യം മൂന്നായി വിഭജിക്കപ്പെടുകയും അദ്ദേഹത്തിന്റെ മൂന്നു മക്കൾ ഹേറോദേസ് അന്തിപ്പാസ്, അർക്കലാവുസ്, ഫിലിപ്പ് - അവിടം ഭരിക്കയും ചെയ്തു. ക്രി. വ. 4-ൽ റോമാക്കാർ അക്‌ലൊവോസിനെ സ്ഥാനഭ്രഷ്ടനാക്കി; യൂദയാ, സമറിയാ, ഇദൂമിയ എന്നീ പ്രദേശങ്ങൾ റോമൻ പ്രൊക്കുറേററർമാരുടെ നേരിട്ടുള്ള ഭരണത്തിൻകീഴിലാക്കി. പൊന്തിയോസ് പീലാത്തോസ് (26-36) പോർചിയൂസ് ഫെസ്തുസ് എന്നീ പ്രൊക്കുറേററർമാരുടെ കീഴിൽ യൂദന്മാർ കടുത്ത അമർഷത്തിൽ കഴിഞ്ഞു. ക്രി. വ. 66-ൽ അവർ വിപ്ളവം ഉണ്ടാക്കി. നീറോചക്രവർത്തി വെസ്പാസ്യനെ പലസ്തീനായിലേയ്ക്ക് അയച്ചു. തുടർന്നുണ്ടായ യുദ്ധത്തിൽ 40,000 യൂദന്മാർ മരണമടഞ്ഞു. ക്രി. വ. 69-70-ൽ വെസ്പാസ്യൻ റോമാചക്രവർത്തിയായി. ടൈററസ് ആക്രമണം തുടർന്നു. സൈന്യം ആറുമാസം പട്ടണം വളഞ്ഞു. ഈ കാലയളവിൽ യൂദന്മാർക്കു വലിയ കഷ്ടനഷ്ടങ്ങളുണ്ടായി. 70-ാം ആണ്ട് ജൂലൈ 17-ന് അനുദിനബലി നിർത്തലാക്കപ്പെട്ടു, ആഗസ്ററ് 10-ന് യറുശലേം ദേവാലയം തകർക്കപ്പെട്ടു. ഒരു മാസത്തിനകം ഉത്തരസീയോൻ വീണു; കല്ലിന്മേൽ കല്ലു ശേഷിക്കാത്തവണ്ണം യറുശലേം നശിപ്പിക്കപ്പെട്ടു. 10 ലക്ഷത്തോളം യൂദന്മാർ ആ യുദ്ധത്തിൽ മരിച്ചു. ഒരു ലക്ഷത്തോളം പേർ അടിമകളായി വിൽക്കപ്പെട്ടു. അനേകം യൂദന്മാർ മററു സ്ഥലങ്ങളിലേക്കു് ഓടിപ്പോയി.

ക്രി. വ. 115-ൽ ഉടലെടുത്ത വിപ്ളവവും റോമാക്കാർ അമർച്ച ചെയ്തു. ക്രി. വ. 132-നും 135-നും ഇടയ്ക്കു റോമാക്കാർക്കെതിരായി വീണ്ടും വിപ്ളവം ഉണ്ടായി. 135-ൽ ഹദ്രിയൻ വന്നു് യഹൂദരെയെല്ലാം വധിക്കുകയോ പലസ്തീനയിൽനിന്നു് ഓടിക്കുകയോ ചെയ്തു. യറുശലേമിൽ 'ഏലിയാ കാപ്പിത്തോളീന' എന്ന ഗ്രീക്കുനഗരം തന്നെ പണിതു. അവിടെ ഗ്രീക്കുദേവനെയും പ്രതിഷ്ഠിച്ചു. ഛേദനാചാരം തുടങ്ങിയ യഹൂദപാരമ്പര്യങ്ങൾ നിർത്തലാക്കി. നാലു വർഷം നീണ്ടുനിന്ന സംഘട്ടനത്തിൽ അഞ്ചുലക്ഷം യൂദന്മാർ മരിച്ചു. വിശുദ്ധ സ്ഥലങ്ങൾ അശുദ്ധമാക്കപ്പെട്ടു. യൂദന്മാർ യറുശലേമിൽ കയറുന്നതു നിരോധിച്ചു. ഇതോടുകൂടി യറുശലേമിന്റെ ചരിത്രം വിസ്മൃതിയിലാണ്ടു. രാഷ്ട്രീ-



യമായി പലസ്തീനിയൻ യൂദന്മാരുടെ ചരിത്രം ഇവിടെ അവസാനിക്കുന്നു.

## (2) പ്രവാസിയൂദന്മാർ

പലസ്തീനായ്ക്കു പുറത്തും ധാരാളം യൂദന്മാരുണ്ടായിരുന്നു. അവർ പ്രവാസിയൂദന്മാർ (Jews in the diaspora) എന്നറിയപ്പെട്ടു. ക്രിസ്തുമതാരംഭകാലത്തു് അന്നറിയപ്പെട്ടിരുന്ന നാടുകളിലെല്ലാം ധാരാളം യൂദന്മാരുണ്ടായിരുന്നു. റോമൻ സാമ്രാജ്യത്തിന്റെ എല്ലാ പ്രവിശ്യകളിലും, പ്രത്യേകിച്ചു മധ്യധരണ്യാഴിയോടു് തൊട്ടുകിടക്കുന്ന പ്രദേശങ്ങളിലും യൂദന്മാർ പാർത്തിരുന്നു. അതുപോലെ കരിങ്കടൽ തീരത്തും, മെസപ്പൊട്ടേമിയ, ബാബിലോണിയ, മേദിയ, ഭാരതം എന്നിവിടങ്ങളിലും നിരവധി യൂദകേന്ദ്രങ്ങളുണ്ടായിരുന്നു. 'ഞങ്ങളില്ലാത്ത ഒരു ദേശംപോലും ഈ ഭൂമുഖത്തില്ല' എന്ന ജൊസേഫൂസ് വാക്യവും, 'നിന്നാൽ കരയും കടലും നിറഞ്ഞിരിക്കുന്നു' എന്ന 'സീബില്ലിയൻ ഓറക്കിളും' ഇതാണ് വ്യക്തമാക്കുക (3.271).[8] 'അവരിപ്പോൾ എല്ലാ പട്ടണങ്ങളിലുമുണ്ട്; ഈ വർഗത്തെ സ്വീകരിക്കാത്തതായും അവരുടെ സ്വാധീനത്തിൽ വരാത്തതായും ഒററസ്ഥലംപോലും ഇല്ല' എന്നു സ്ട്രാബോയും രേഖപ്പെടുത്തിയിരിക്കുന്നു.[9]

### (a) ബാബിലോണിയൻ യൂദന്മാർ

വാണിജ്യപരമായും സാംസ്കാരികമായും ഇവർ ഉന്നതനിലവാരം പുലർത്തിയിരുന്നു. പേർഷ്യ, സെലെവുക്കസിന്റെ ഭരണത്തിൻകീഴിൽ വന്നപ്പോഴും ക്രി. മു. 140-ൽ പാർത്തിയൻ (അർസസീഡ്) ഭരണത്തിൽകീഴിൽ വന്നപ്പോഴും അവിടെയുണ്ടായിരുന്ന യഹൂദന്മാരുടെ നിലപാടിനു് മാററമുണ്ടായില്ല.

ബാബിലോണിയയിലെ സെലൂഷ്യയിലും അതിനു ചുററും ധാരാളം യഹൂദന്മാർ സ്ഥിരതാമസക്കാരായി ഉണ്ടായിരുന്നു. കാറാഹ്,

8. യൂദന്മാർ റോമാസാമ്രാജ്യം മുഴുവൻ വ്യാപിച്ചിരിക്കുന്നു എന്നു ഫീലോയിലും 'നടപടി'യിലും (നട. 2:9ff.), ജൊസേഫൂസിലും (യുദ്ധം, II, 16.4, VII 3.3) കാണാം. ക്രി. മു. 139—138 ൽ യൂദന്മാർക്കു് സംരക്ഷണം പ്രഖ്യാപിച്ചുകൊണ്ടു് റോമൻ സെനററ് ഒരു ഡിക്രി പുറപ്പെടുവിച്ചു. അതു് ഈജിപ്റ്റ്, സിറിയ, പെർഗാമം, കപ്പദോചിയ, പാർത്തിയ, സംപ്സാമേ, സ്പാർട്ടാ, സിസിയോൻ, ദെലോസ്, സാമോഗ്, ഗൊർതീന, കാരിയ, മിൻദൂസ്, ഹലികർണാസൂസ്, സ്നിഡൂസ്, കോസ്, റോഡൂസ്, ലീസിയാ പ്രൊവിൻസ്, ഫസേലിസ്, പംഫീലിയ, സീദ്, അരാഡൂസ്, സൈറിൻ, സൈപ്രസ് എന്നിവിടങ്ങളിലെ രാജാക്കന്മാർക്കു് സെനററ് അയച്ചുകൊടുത്തു.

9. Cited by Flavius Joseph, Antiquities, xiv. 7.2; A. Harnack The Expansion of Christianity in the first Three Centuries, vol.1 N. Y. 1904, p. 2.

www.malankaralibrary.com



സ്പസീന, സൂസ, ഡൂറാ_എവ്റോപ്പോസ്, നീസെഫോറിയും, കാറെ, എഡേസ്സാ. ഗ്രണ്ടാഷ്പൂർ, ഗസ്സാക്കാ, ഹിക്കാനിയാ, അർബേല, നിസിബിസ് എന്നീ ഹെല്ലനിക നഗരങ്ങളിലെല്ലാം ധാരാളം യഹൂദന്മാർ പാർത്തിരുന്നു.

(i) ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിൽ അദിയബേനെ എന്ന ചെറുരാജ്യത്തെ രാജകുടുംബം യഹൂദമതത്തിൽ ചേർന്നു.[10] എന്നാൽ അർബേലയിലും അദിയബേനെയിലും ഉള്ളതിലധികം യഹൂദന്മാർ നിസിബിസിൽ ഉണ്ടായിരുന്നു. ധനസ്ഥിതിയിലും പാരമ്പര്യസംരക്ഷണത്തിലും ഇക്കൂട്ടർ മുൻപന്തിയിൽ നിന്നു. ചുറ്റുമുള്ളവരുമായി അവർ നല്ല ബന്ധം പുലർത്തി. നിസിബിസിലെ പൊതുശ്മശാനഭൂമി യഹൂദരും ശവസംസ്കാരത്തിന് ഉപയോഗിച്ചു.

(ii) ക്രി. മു. 132/1_ൽ ആരംഭിച്ച ഒഷ്റേൻ എന്ന നാട്ടുരാജ്യത്തിന്റെ തലസ്ഥാനമായ എഡേസ്സയിലും യഹൂദരുടെ സ്വാധീനം ധാരാളമുണ്ടായിരുന്നു.

ബാബിലോണിയൻ യൂദന്മാർ നവീകരണപ്രക്രിയയ്ക്ക് അധികമായി വിധേയരായില്ല. പലസ്തീനയിലെ ഫരിസേയിക യൂദമതവുമായി വളരെയധികം കെട്ടുപിണഞ്ഞു കിടന്നതിനാൽ തീരം കവിഞ്ഞൊഴുകിവന്ന ഹെല്ലനിസം വലിയ ചലനമൊന്നും അവരുടെയിടയിൽ ഉണ്ടാക്കിയില്ല. അറമായ (സുറിയാനി) ഭാഷയും സെമിററിക് സംസ്കാരവും അവർ പാലിച്ചു. യറുശലേം തകർന്നപ്പോഴും ഇക്കൂട്ടർ പേർഷ്യൻ_റോമൻ സാമ്രാജ്യങ്ങളിൽ ഉൾപ്പെട്ടിരുന്ന മെസപ്പൊട്ടാമിയൻ പട്ടണങ്ങളിൽ സ്വൈരജീവിതം നയിച്ചു. സസ്സനീഡ് സാമ്രാജ്യത്തിൽ 860,000 യഹൂദന്മാരുണ്ടായിരുന്നു എന്ന് കരുതപ്പെടുന്നു.[11] അസ്സീറിയൻ, ബാബിലോണിയൻ 'നാടുകടത്തലുകളാണ്' ഇത്രയധികം യഹൂദരെ മെസപ്പൊട്ടാമിയയിലെത്തിച്ചത്.[12] തിഗ്രാനസ് I എന്ന അർമേനിയൻ രാജാവ് ക്രി.മു.

10. J. B. Segal, Edessa, 'the Blessed City', Oxford 1970, p. 41
11. Cf. Jacob Neusner, A History of the Jews in Babylonia (The Early Sassanian Period), vol. xi, Leiden 1966, p. 17.
12. മുകളിൽ n. I കാണുക. അസ്സീറിയാക്കാർ നാടു കടത്തിയ യിസ്രായേൽക്കാരെ നിസിബിസ്, പശ്ചിമ അദിയബേനെ, ബാബിലോൺ എന്നിവിടങ്ങളിലാണ് കുടിയിരുത്തിയത് (2 രാജാ. 17:6; 18:11). അസ്സീറിയാക്കാർ അവരെ അർമേനിയായിലേയ്ക്കാണ് നാടുകടത്തിയത് എന്നും ഒരഭിപ്രായമുണ്ട്. ഉർമിയാതടാക തീരത്തു കാണുന്ന യഹൂദർ ഇവരുടെ പിൻഗാമികളാണ്. മിഗ്രികം യെരിവാനും ഇടയ്ക്ക് അർക്സസ് നദീതടത്തിലാണ് അവർ കുടിയിരുത്തപ്പെട്ടത് എന്ന് ഇക്കൂട്ടർ വാദിക്കുന്നു. Cf. Jacob Neusner, A History of Jews in Babylonia (From Shapur I to Shapur II), vol. xii, Leiden 1968, p. 339. ബാബിലോണിയാക്കാർ അവരെ കേബാർ നദീതീരത്ത് കുടിയിരുത്തി.



83_ൽ സിറിയയും പലസ്തീനയും ആക്രമിച്ച് അനേകം യൂദന്മാരെ അർമേനിയായിലേക്കു കൊണ്ടുപോയി.[13]

ധാരാളം യഹൂദന്മാർ മെസപ്പൊട്ടേമിയായിൽ സ്ഥിരതാമസക്കാരായി ഉണ്ടായിരുന്നതിനാൽ പലസ്തീനയിൽനിന്നു ജനങ്ങൾ ഈ പ്രദേശങ്ങളിൽ കുടിയേറി പാർത്തിട്ടുണ്ട്. കച്ചവടത്തിനായി സഞ്ചരിച്ചുകൊണ്ടിരുന്നവരും നിരവധിയാണ്. ഇന്നെന്നപോലെ അന്നും അവർ എവിടെ പോയാലും അവരുടേതായ ഒരു സമൂഹമായി തന്നെ കഴിച്ചുകൂട്ടി; അവരുടെ ആചാരങ്ങളും പാരമ്പര്യങ്ങളും പുലർത്തി. മതപരമായും വർഗപരമായും അവർ മററുള്ളവരിൽനിന്നു വ്യത്യസ്തരായിരുന്നു.

മെസപ്പൊട്ടേമിയൻ പ്രദേശത്തു താമസിച്ചിരുന്ന യൂദന്മാരെ തന്നെ ഓരോരോ ഭരണാധികാരികൾ അങ്ങോട്ടുമിങ്ങോട്ടും മാററിയിട്ടുണ്ട്.[14]

നിസിബിസായിരുന്നു ബാബിലോണിയൻ യൂദന്മാരുടെ ബൗദ്ധികകേന്ദ്രം. റബിമാരായ ആഖീബാ, യൂദാ ബൻബത്തീറ, ഇശ്മായേൽ, ആഹായ്, യോസിയാ, ഹിയ്യാ, ഇസ്സി ബൻ യൂദാ, ശാമുവേൽ, റാബ് ആദിയായവർ നേതൃത്വം നൽകി. യൂദന്മാരുടെ അക്കാദമി സ്ഥിതി ചെയ്തിരുന്നതും അവിടെയായിരുന്നു. ബാബിലോണിയൻ തൽമൂദ് എന്ന ഗ്രന്ഥം മെസപ്പൊട്ടേമിയൻ യൂദന്മാരുടെ സംഭാവനയാണ്.

## (b) അലക്സാണ്ഡറിയൻ യൂദന്മാർ

ഈജിപ്തിലെ എല്ലാ പട്ടണങ്ങളിലും (nomes)യൂദന്മാരുണ്ടായിരുന്നു. അലക്സാണ്ഡ്രിയൻ പട്ടണത്തിലെ രണ്ടു ഭാഗങ്ങൾ 'യൂദന്മാരുടേതു' ആയിരുന്നു എന്നു ഫീലോ സാക്ഷിക്കുന്നു. ഈ രണ്ടു ഭാഗങ്ങളിലും മുഖ്യമായും യൂദന്മാരാണു വസിച്ചിരുന്നത്. ശേഷിച്ച മൂന്നു ഭാഗങ്ങളിലും യൂദന്മാരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. 10 ലക്ഷം യൂദന്മാർ ഈജിപ്തിൽ വസിച്ചിരുന്നു എന്നു ഫീലോ വ്യക്ത

13. Cf. Jacob Neusner, A History of Jews in Babylonia (The Parthian Period),vol. ix, Leiden 1969. ടിഗ്രാനസ് അവരെ അർമാവിസ്, വർത്കെസ്, വാൻ അഥവാ സെമിരാമിസ്, അർത്തഷാദ്, വാൻഡോസ്പ് എന്നീ സ്ഥലങ്ങളിൽ കുടിയിരുത്തി. J.Neusner op. cit, vol. 12. p. 339.
14. രണ്ടാം നൂററാണ്ടിന്റെ ആരംഭത്തിൽ അർദാഷെസ് എന്ന രാജാവ് യെരവനിൽ നിന്ന് അർതാഷത്തിലേക്ക് യൂദന്മാരെ മാററി താമസിപ്പിച്ചു. നാലാം നൂററാണ്ടിൽ ഷപ്പൂർ II അർമേനിയായിൽ നിന്ന് നിരവധി യഹൂദരെ പേർഷ്യൻ സാമ്രാജ്യത്തിലെ ഇസ്ഫഹാൻ എന്ന സ്ഥലത്തേക്ക് മാററി.

www.malankaralibrary.com



മാകുന്നുണ്ട്.[15] പ്രവാസിയൂദന്മാരുടെ കൂട്ടത്തിൽ ധനപരമായും സാംസ്കാരികമായും ഏററം ഉയർന്നു നിന്നതു് അലക്സാണ്ഡ്രിയൻ യൂദന്മാരാണ്. ഏററം കൂടുതൽ ഹെല്ലനിസത്തിനു വിധേയരായതും ഇവർതന്നെയാണ്. വാണിജ്യത്തിലാണ് അവർ ഏററം ശ്രദ്ധിച്ചിരുന്നതു്.

ക്രി. മു. 200-നും ക്രി. വ. 100-നും ഇടയ്ക്കു് ഈജിപ്തിലെ യഹൂദന്മാർ ഒരു 'യഹൂദതത്ത്വശാസ്ത്രം' രൂപീകരിച്ചു. അവരിൽ ഫീലോയുടെ (+ക്രി. വ. 50) കൃതികൾ മാത്രമേ പിൻതലമുറയ്ക്കു ലഭിച്ചിട്ടുള്ളു. ഹെല്ലനിക സ്വാധീനം സ്വീകരിച്ച അലക്സാണ്ഡ്രിയാക്കാരനായ ഒരു യൂദനായിരുന്നു ഫീലോ. 'തോറായ്ക്കു്' ഭാഷ്യം ചമയ്ക്കുന്നതിലാണ് അദ്ദേഹം ശ്രദ്ധിച്ചതു്. ഗ്രീക്കു സാഹിത്യകാരന്മാർ സ്വീകരിച്ച വ്യംഗ്യാർത്ഥ വ്യാഖ്യാനരീതി[16] ബൈബിൾ വ്യാഖ്യാനത്തിനു ഫീലോ സ്വീകരിച്ചു. ബൈബിൾ വ്യംഗ്യാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നതു ഗ്രീക്കു താത്ത്വിക പഠനം തന്നെയാണ് എന്നു ഫീലോ പ്രചരിപ്പിച്ചു.[17] ഫീലോ പില്ക്കാല ക്രൈസ്തവ സാഹിത്യത്തിൽ ചെലുത്തിയിടത്തോളം സ്വാധീനം സമകാലീനനായ മറെറാരു യൂദതാത്ത്വികനും ചെലുത്തിയിട്ടില്ല.

അലക്സാണ്ഡ്രിയൻ യൂദയിസമാണ് ഹീബ്രു വേദപുസ്തകത്തിന്റെ ഗ്രീക്കുവിവർത്തനം ഉണ്ടാക്കിയതും ഹെല്ലനിസത്തിൽ മുങ്ങിക്കുളിച്ചതും. ഹെല്ലനിസം വളരെയധികം സ്വാംശീകരിക്കാൻ അവർക്കു സാധിച്ചു. പലസ്തീനയിലെ ഫരിസേയ യൂദമതത്തിന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങിക്കഴിയാൻ അവർക്കു കഴിഞ്ഞില്ല. ഈ കാര്യത്തിൽ അവർ ബാബിലോണിയയിലെ യഹൂദന്മാരിൽ നിന്നു വളരെ വ്യത്യസ്തരായിരുന്നു.

ലിബിയാ, സിറെനായ്കാ, ആഫ്രിക്ക, നമീഡിയാ, മൗരിററാനിയ[18] എന്നിവിടങ്ങളിലും ധാരാളം യഹൂദന്മാരുണ്ടായിരുന്നു.

15. 'അലക്സാണ്ഡ്രിയയിലും ലിബിയവരെയും എത്യോപ്യവരെയുള്ള പ്രദേശങ്ങളിലും വസിക്കുന്ന യൂദന്മാർ പത്തുലക്ഷത്തിൽ കുറയുകയില്ല' എന്നാണ് ഫീലോയുടെ പ്രസ്താവന. cited by A. Harnack, op. cit. p. 7.
16. Allegorical method of interpretation: ഹോമറിന്റെയും ഹെസിയോഡിന്റെയും കൃതികളിലെ ഐതിഹാസിക വിവരണങ്ങൾക്ക് ഹെല്ലനിക താത്ത്വികർ വ്യംഗ്യാർത്ഥം കാണാൻ തുടങ്ങി.
17. കാലത്തിനു് ചേരാത്ത നിയമങ്ങളും, മാതൃകാപരമല്ലാത്ത കഥകളും മൂലം ഉളവാകുന്ന ഇടർച്ച ഒഴിവാക്കാനാണ് ഫീലോ ഈ രീതി അവലംബിച്ചതു്. cf. J. Danielou-H. Marrou, The Christian Centuries, vol. 1, London 1964, p. 129.
18. കാർത്തേജിൽ വളരെ ശക്തമായ ഒരു റബീനിക്കൽ യൂദായിസം ഉണ്ടായിരുന്നു. Cf. W. H. C. Frend, Martyrdom and Persecution in the Early Church, N. Y., 1967, p. 267-268.



അതായതു് ആഫ്രിക്കൻ വൻകരയിൽ മദ്ധ്യധരണ്യാഴിയോടു് തൊട്ടുകിടക്കുന്ന പ്രദേശങ്ങളിലെല്ലാം അവരുണ്ടായിരുന്നെന്നു സാരം. ഈ പ്രദേശങ്ങളിലെ യൂദന്മാരുടെ 'നേതൃത്വവും' കേന്ദ്രവും യറുശലേമായിരുന്നെങ്കിലും 'സഖിത്വം' അലക്സാണ്ഡ്രിയൻ യൂദായിസത്തോടായിരുന്നു.

ഗായൂസ് (കലിഗുള) എന്ന റോമൻ ചക്രവർത്തിയുടെ കാലത്തു് (37-41) ഈജിപ്തിൽ യഹൂദന്മാക്കു് എതിരായ ഒരു മുന്നേററം ഉണ്ടായി; അനേകം യൂദന്മാർ മർദ്ദിക്കപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്തു. ഫീലോ ഈ സംഭവം വിവരിക്കുന്നു. ഹേറോദേസ് രാജാവു് (Herod Agrippa I) ഈജിപ്തു് സന്ദർശിച്ച സമയത്താണ് ഈ മുന്നേററം ഉണ്ടായതു്. യൂദവിരോധികൾ കരാബാസ് എന്ന ഒരു വിഡ്ഢിയെ വേഷം കെട്ടിച്ചു യൂദന്മാരുടെ തെരുവിൽക്കൂടി എഴുന്നെള്ളിച്ചു. അതു തങ്ങളെ അവഹേളിക്കുന്നതായി യൂദന്മാർ കരുതി; കലഹവും ലഹളയും ഉണ്ടായി. യൂദന്മാർക്കു സാരമായ നഷ്ടം സംഭവിച്ചു. ഉടനെ ഒരു ദൗത്യസംഘം റോമിലെത്തി ചക്രവർത്തിയുടെ മുമ്പാകെ ഇതേപ്പററി പരാതി പറഞ്ഞു.[19]

യൂദന്മാർക്കെതിരെ മറെറാരു ദൗത്യസംഘം ശക്തമായി പ്രവർത്തിച്ചതിനാൽ ഫീലോയുടെ ദൗത്യം പരാജയപ്പെട്ടു.

ക്രി. വ. 66-ൽ ഈജിപ്തിൽ മറെറാരു ലഹളയുണ്ടായി. പലസ്തീനിയൻ ലഹളയുടെ കാലത്തായിരുന്നു അതു്. ഫീലോയുടെ അനന്തിരവനായ ടൈബീരിയസ് ജൂലിയസ് അലക്സാണ്ഡർ ആയിരുന്നു ഈജിപ്തിലെ പ്രീഫെക്ട്. ലഹളക്കാരായ യൂദന്മാർ അലക്സാണ്ഡ്രിയായിലെ ആംഫിതിയേററർ ചുട്ടുകരിക്കുമെന്നു ഭീഷണിപ്പെടുത്തി. ഉടനെ അതു സിറെനയ്കായിലും പടർന്നു പിടിച്ചു.[20] അവരെ കലഹത്തിൽനിന്നു പിൻതിരിപ്പിക്കുന്നതിൽ പ്രീഫെക്ട് പരാജയപ്പെട്ടു. ഉടനെ റോമാക്കാർ രണ്ടു ലീജിയൻ പട്ടാളത്തെ അയച്ച് ഈജിപ്തിൽ തന്നെ 50,000 യൂദന്മാരെ കൊന്നുകളഞ്ഞു.[21] സിറെനയ്ക്കായിലെ ലഹളയും റോമാക്കാർ അടിച്ചമർത്തി. ക്രി. വ. 66-70-ലെ പലസ്തീനാ യുദ്ധത്തിനു ശേഷം റോമൻ സാമ്രാജ്യത്തിലെ എല്ലാ യൂദന്മാരുടെമേലും ചുമത്തപ്പെട്ട നികുതി (poll tax) കൊടുക്കാൻ ഈജിപ്തിലെ യൂദന്മാരും ബാദ്ധ്യസ്ഥരായിരുന്നു.

19. Cf. Fergus. Millar, The Romman Empire and Its Neighbours, London, 1967.
20. Cf. R. M. Grant, Gnosticism and Early, Christianity, N. Y.—London, 1966.
21. A· Harnack, op. cit. p. 7.

www.malankaralibrary.com



ക്രി. വ. 73-ൽ യറുശലേമിൽനിന്ന് എത്തിയ തീക്ഷ്ണരായ (zealots) യൂദന്മാർ ഈജിപ്തിലും സിറേനെയ്ക്കായിലും ലഹളയുണ്ടാക്കാൻ പദ്ധതികളാരാഞ്ഞു. എന്നാൽ ഈ സ്ഥലങ്ങളിലെ യഹൂദനേതാക്കന്മാർ അതിനൊട്ടും സമ്മതിക്കാഞ്ഞതിനാൽ കലാപകാരികൾക്ക് അവരുടെ ശ്രമം ഉപേക്ഷിക്കേണ്ടിവന്നു. ക്രി. വ. 115-ൽ സിറേനയ്ക്കായിലെ യൂദന്മാർ ഗ്രീക്കജനതയ്ക്കെതിരെ കലഹവും കൊള്ളിവയ്പും നടത്തി. അതു കാട്ടുതീപോലെ ചുററും പടർന്നു. ഈജിപ്ത്, സൈപ്രസ് എന്നിവിടങ്ങളിലേയ്ക്കും വ്യാപിച്ചു. റോമാക്കാർ ഇടപെട്ട് സിറേനയ്ക്കായിലെ യൂദന്മാരെ പാടെ നശിപ്പിച്ചു.[22]

## (c) മററിടങ്ങളിൽ

### സിറിയ:

പലസ്തീന കഴിഞ്ഞാൽ ഏററവും അധികം യൂദന്മാർ വസിച്ചിരുന്നത് സിറിയായിലായിരുന്നു. സിറിയായിൽ അന്ത്യോക്യയായിരുന്നു പ്രധാന കേന്ദ്രം. 'ആസിയയിലെയും സിറിയായിലെയും എല്ലാ പട്ടണങ്ങളിലും ധാരാളം യഹൂദന്മാരുണ്ട്' എന്ന ഫീലോയുടെ പരാമർശനം ശ്രദ്ധേയമാണ്.[23] സിറിയായിലെ യഹൂദന്മാർ ഹെല്ലനിസത്തിനു വിധേയരായിരുന്നു. എങ്കിലും ഗ്രീക്കിനോടുകൂടി സുറിയാനിയും അവർ ഉപയോഗിച്ചിരുന്നു. സിറിയായിലുടനീളം സുറിയാനി പ്രാമാണ്യത്തിലായിരുന്നു. സിറിയായിലെ ഗ്രാമങ്ങളിൽ സുറിയാനി പരക്കെ ഉപയോഗത്തിലിരുന്നു.

### ഏഷ്യാമൈനർ:

ഏഷ്യാമൈനറിലെ എല്ലാ നഗരങ്ങളിലും ഗ്രീസിലെ നഗരങ്ങളിലും സ്ഥിതി വിഭിന്നമായിരുന്നില്ല. ഈ പ്രദേശങ്ങളിൽനിന്നു ലഭിച്ച ശിലാലിഖിതങ്ങളിൽ മിക്കവാറും എല്ലായിടത്തുനിന്നും യൂദലിഖിതങ്ങൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. സ്മിർണ, പിസീദിയായിലെ അന്ത്യോക്യ, കിലിക്യയിലെ നഗരങ്ങൾ എന്നിവിടങ്ങളിലെല്ലാം അവർ വസിച്ചിരുന്നു.[24]

### യൂറോപ്പ്

ലയൺസിൽ യഹൂദന്മാർ ധാരാളമായി ഇല്ലായിരുന്നെങ്കിലും ഗാളിന്റെ മററു ഭാഗങ്ങളിൽ അവർ ഉണ്ടായിരുന്നു. സ്പെയിനിൽ

22. A. Harnack, op. cit. p: 5.
23. Legat. 33., cited by A. Harnack, op. cit. p. 3. n. 1.
24. Cf. A. Harnack, ibid.



അവർ വലിയൊരു സമൂഹമായിരുന്നു എന്ന് എൽവീരാ സിനഡ് (300) പറയുന്നു. തെക്കേ ഇററലിയിലും റോമിലും യൂദന്മാർ ധാരാളമായി വസിച്ചിരുന്നു. ക്രി. മു. 4-ാം വർഷം പലസ്തീനയിൽനിന്നുവന്ന യഹൂദ ദൗത്യസംഘത്തെ റോമിലുള്ള 8000 യൂദന്മാർ പിൻതാങ്ങിയതായി കാണുന്നു.[25] ക്രി. വ. 19-ൽ തിബേരിയൂസ് സീസർ യൂദന്മാരെയെല്ലാം റോമിൽനിന്നാട്ടി പുറത്താക്കിയപ്പോൾ 4000 പുരുഷന്മാരെ സർഡീനിയായിലെ ഖനികളിലേക്കു പറഞ്ഞയച്ചു. തിബേരിയൂസ് അധികം താമസിയാതെതന്നെ തന്റെ കൽപ്പന പിൻവലിച്ചു. യൂദന്മാരെല്ലാം തിരികെ റോമിൽ എത്തിച്ചേർന്നു. ക്രി. വ. 49-ൽ ക്ലാവുദിയസ് ഈ നിയമം ഒന്നുകൂടി നടപ്പാക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. യഹൂദന്മാർ മതകർമ്മങ്ങൾക്കായി ഒന്നിച്ചുകൂടുന്നതു തടയുകമാത്രം ചെയ്യാനേ റോമിനു സാധിച്ചുള്ളു (നട 18:2). യൂദന്മാർ റോമിൽ 'ടൈബർ നദിയുടെ അക്കരെ' (Transtevere) എന്ന സ്ഥലത്തായിരുന്നു കൂട്ടമായി താമസിച്ചിരുന്നത്; മററിടങ്ങളിലും അവർ ഉണ്ടായിരുന്നു.

### ഭാരതം

ക്രിസ്തുമതാരംഭത്തിനു മുൻപുതന്നെ ഭാരതത്തിന്റെ പശ്ചിമതീരത്ത്, പ്രത്യേകിച്ചു ചേരരാജ്യത്തു ധാരാളം യഹൂദന്മാരുണ്ടായിരുന്നു. ക്രി. മു. 1000-ാമാണ്ടിൽ സോളമൻ രാജാവിന്റെ കാലത്ത് യഹൂദന്മാർ ഇൻഡ്യയുമായി വാണിജ്യബന്ധം നടത്തിവന്നു. ക്രിസ്തുവർഷാരംഭകാലത്തു ചേരരാജ്യത്ത് യൂദന്മാരുടെ ഏഴ് കച്ചവടകേന്ദ്രങ്ങളുണ്ടായിരുന്നു; സ്ഥിരതാമസക്കാരായ യൂദന്മാരും ധാരാളമായി ഉണ്ടായിരുന്നു. കൊടുങ്ങല്ലൂർ, പാലയൂർ, മാള, പുല്ലൂർ എന്നിവിടങ്ങളിൽ ക്രി. വ. 68-ാം ആണ്ടിൽ 10,000 യൂദന്മാർ പലസ്തീനായിൽനിന്നു കുടിയേറി പാർത്തു എന്നും പറയപ്പെടുന്നു.[26] ക്രിസ്തുമതാരംഭകാലത്ത് ഇവിടെ ധാരാളം യൂദന്മാരുണ്ടായിരുന്നു. പിൽക്കാല ക്രൈസ്തവ സഭാകേന്ദ്രങ്ങളായ സ്ഥലങ്ങളിലെല്ലാം യഹൂദന്മാർ ധാരാളമുണ്ടായിരുന്നെന്ന് ജെ. ബി. സെഗൽ അഭിപ്രായപ്പെടുന്നു. യറുശലേം നഗരം തകർക്കപ്പെട്ടപ്പോഴും പലസ്തീനയിൽ താമസം അസഹ്യമായപ്പോഴും ഭാരതത്തിലേക്കും അവർ കുടിയേറി.

25. Flavius Josephus, Antiquities, xvii, 2. 1; The Wars of the Jews, 2.6.1
26. Cf. Encyclopaedia Judaica, Jerusalem, vol 8, 1971, col. 1349ff. എ. ശ്രീധരമേനോൻ, കേരളചരിത്രം, കോട്ടയം 1967, p. 137-138. J. Velliian, "A Jewish Christian Community", in St. Thomas Christian Encyclopedia of India, II.Trichur, 1973, p. 73-74. L.K.Anantha Krishna Iyer, *The Tribes and castes of Cochin*, III. new Delhi, 1981, p.364-399.

www.malankaralibrary.com



പിൽക്കാലത്തു് പേർഷ്യൻ സാമ്രാജ്യത്തിലെ മതപീഡന കാലങ്ങളിലും തുടരെത്തുടരെ യഹൂദകുടിയേററം ഉണ്ടായി. ഭാരതത്തിലെ യഹൂദന്മാർ പലസ്തീന, അറേബ്യ, മെസൊപ്പൊട്ടേമിയ, ഈജിപ്തു് എന്നിവിടങ്ങളിൽ നിന്നുള്ളവരായിരുന്നതിനാൽ ഒരു സങ്കലിത യഹൂദസമൂഹമായിരുന്നു ഇവിടത്തേതു്. പിൽക്കാലത്തു ക്രൈസ്തവസഭ വളർന്നു പന്തലിക്കുന്നതിനു ക്രി. മു. ഇവിടെ സ്ഥിരതാമസക്കാരായ യഹൂദന്മാർ വഴിയൊരുക്കി.

രക്ഷകനായ മിശിഹാ ഭൂമിയിൽ അവതരിക്കുന്നതിനു യഹൂദന്മാർ ഒരു മാദ്ധ്യമം ആയിരുന്നു. ദൈവരാജ്യം ഭൂമിയിൽ പരക്കുന്നതിനും യഹൂദന്മാർക്കു നല്ലൊരു പങ്കു് വഹിക്കാനുണ്ടായിരുന്നു. പലസ്തീനായിലെ യഹൂദന്മാർ ക്രിസ്തുവിന്റെ രക്ഷാസന്ദേശം ഉൾക്കൊണ്ടു; അതിന്റെ വാഹകരായി. പെന്തിക്കോസ്തി പെരുന്നാളിൽ സംബന്ധിച്ച പ്രവാസിയഹൂദരും സുവിശേഷ വാഹകരായി. ഗ്രീക്കു തത്വചിന്തയും വേദപുസ്തക വിജ്ഞാനവും പ്രാദേശികപാരമ്പര്യങ്ങളും കൂട്ടിയിണക്കിയ പ്രവാസിയഹൂദർ തുറന്നഹൃദയത്തോടു കൂടി സുവിശേഷം സ്വീകരിച്ചു. റോമൻ സാമ്രാജ്യത്തിൽ യഹൂദർക്കുണ്ടായിരുന്ന പ്രത്യേക പദവി, പാലസ്തീനയിലെ യൂദമതത്തിന്റെ തകർച്ച എന്നിവ സുവിശേഷം എല്ലാ നാടുകളിലും എല്ലാ ജനപദങ്ങളുടെ ഇടയിലും പരക്കുന്നതിനു സഹായിച്ചു. ബാബിലോണിയൻ-പാർത്തിയൻ ഭരണവും അതിനു സഹായിച്ചു, അങ്ങനെ പുറജാതികളിലേക്കു് ഓരോ ദേശത്തും ഇസ്രായേൽക്കാർ രക്ഷയുടെ സന്ദേശം വഹിക്കുന്നവരും ചവിട്ടുപടിയുമായി തീർന്നു

യഹൂദമതത്തിന്റെ അടിസ്ഥാനത്തിൽതന്നെ- പ്രവാചകരും പുരോഹിതരുമായ മൂലത്തിൽ-പുതിയനിയമത്തിന്റെ സഭ പണിയപ്പെട്ടു. ക്രിസ്ത്യാനികളായ യഹൂദരെ സംബന്ധിച്ചു് തങ്ങൾ പ്രതീക്ഷിച്ചിരുന്ന ശ്രേഷ്ഠമായ ദൈവികവെളിപാടുകൂടി സ്വീകരിക്കുക മാത്രമേ ചെയ്തുള്ളു. തങ്ങൾക്കുള്ളവയൊന്നും നഷ്ടമാക്കാതെ, ഉപരിയായൊരു വെളിപാടു് അവർ സ്വീകരിച്ചു. അതായതു്, നിയമത്തിലും പ്രവാചകരിലും കാണപ്പെട്ട വെളിപാടു് പുതിയ നിയമത്തിൽ യാഥാർത്ഥ്യമായി പരിണമിച്ചു.

യഹൂദസഭ അവരുടെ ജീവിതം വഴി സത്യദൈവത്തിനു സാക്ഷ്യം വഹിക്കുകയായിരുന്നു. അവരുടെ ചരിത്രം മാനവ രക്ഷാചരിത്രമാണു്. ചരിത്രാതീതനായ ദൈവം അവരുടെ ചരിത്രത്തിൽ ഇടപെട്ടു. ജാതികളുടെ ഇടയിൽ ചിതറിക്കപ്പെട്ട യഹൂദസഭ എത്ര നൂററാണ്ടുകാലം അപ്രകാരം ചിതറിക്കപ്പെട്ടവരായി കഴിഞ്ഞുകൂടി! ക്രൈസ്തവസഭയാകട്ടെ അപ്പോഴേയ്ക്കും ചവിട്ടുപടിയും കടന്നു വിവിധ ജനപദങ്ങളുടെ ഇടയിൽ വേരുറച്ചു് പടർന്നു പന്തലിച്ചു കഴിഞ്ഞു.



ജാതികളുടെയിടയിൽ യഹൂദരുടെ ദൗത്യം നിറവേററപ്പെടുവാൻ ഇരുപതു നൂററാണ്ടുകളെടുത്തു. ക്രി. മു. 586-ൽ തുടങ്ങിയ പ്രവാസത്തിന്റെ അന്ത്യം കുറിച്ചതു 1948-ലാണു്. 20-ാം നൂററാണ്ടിൽ വിവിധ ദേശങ്ങളിൽ ചിതറിക്കപ്പെട്ട യഹൂദരെ ദൗത്യനിർവ്വഹണാനന്തരം ദൈവം ജാതികളുടെ ഇടയിൽ നിന്നു കൂട്ടിച്ചേർക്കയാണു്. ഇന്നും പ്രസ്തുത പ്രക്രിയ അനുസ്യൂതം തുടരുന്നു.

എന്തിനുവേണ്ടി? അവരുടെ ഇടച്ച് പുറജാതികൾക്കു രക്ഷയായി; അവരുടെ ഇടർച്ച ലോകത്തിന്റെ രമ്യതയായി; ലോകത്തിനു സമ്പത്തായി. അവരുടെ തിരിച്ചുവരവും സ്വീകരണവും മൃതരിൽ നിന്നുള്ള ഉത്ഥാനത്തിനു തുല്യമായിരിക്കും. അവരുടെ ആരംഭം പരിശുദ്ധമാകുന്നു. തായ്‌വേരും തായ്‌ത്തടിയും പരിശുദ്ധമാകുന്നു. അവരുടെ അടിസ്ഥാനം മഹനീയനായ അബ്രഹാമാകുന്നു (റോമ. 11:7-16). അവർ ദൗത്യനിർവ്വഹണത്തിനായി വേർതിരിക്കപ്പെടുന്നു; വീണ്ടും ദൗത്യനിർവ്വഹണത്തിനായി അയയ്ക്കപ്പെടുന്നു. ''ദൈവത്തിന്റെ ജ്ഞാനത്തിന്റെയും അറിവിന്റെയും ആഴം! അവിടുത്തെ വഴികൾ എത്ര ആഴമേറിയവ! അവിടുത്തെ പ്രവൃത്തികൾ എത്ര പരിശോധനാതീതം'' (റോമ. 11:33).

തന്റെ പുത്രന്റെ രണ്ടാമത്തെ വരവിനു മുമ്പു തന്റെ ജനത്തെ സ്നേഹനിർഭരമായ ഈ നുകത്തിൻ കീഴിൽ പിതാവു് അമർത്തും. അവർ കുത്തിത്തുളച്ചവനെ അവർ നോക്കും. അപ്പോൾ ഇസ്രായേൽ മുഴുവൻ രക്ഷപ്രാപിക്കും. [27]

---

27. 1986 ലെ കണക്കനുസരിച്ചു് ലോകത്തിൽ മൊത്തം ഒരു കോടി നാൽപതു ലക്ഷം യഹൂദന്മാരുണ്ടു്.

| | |
|---|---|
| ഇസ്രായേലിൽ | 3, 354, 000 |
| ബ്രസീൽ | 165, 000 |
| അർജൻറീന | 400, 000 |
| കാനഡാ | 330, 000 |
| ഫ്രാൻസ് | 700, 000 |
| ഇംഗ്ലണ്ടു് | 385, 000 |
| തെക്കേ ആഫ്രിക്ക | 120, 000 |
| യു. എസ്. എ. | 5, 690, 000 |
| റഷ്യ | 2, 200, 000 |

www.malankaralibrary.com

## അധ്യായം 2

# പലസ്തീനയിലെ ക്രൈസ്തവസഭ

പലസ്തീനാ ചെറിയൊരു ഭൂപ്രദേശമാണ് (ഏതാണ്ട് 10,000 ച. മൈൽ), നിരവധി തവണ ഇതിന്റെ അതിർത്തികൾ മാററി കുറിക്കപ്പെട്ടിട്ടുണ്ട്. മാനവ ചരിത്രത്തിലെ സുപ്രധാന സംഭവങ്ങൾക്ക് ഈ നാട് സാക്ഷ്യം വഹിച്ചു. 'കനാൻ ദേശം', 'വിശുദ്ധ നാട്' 'വാഗ്ദത്ത ഭൂമി' എന്നെല്ലാം ഇതിനു പേരുണ്ട്. മധ്യധരണ്യാഴിയോട് തൊട്ടുകിടന്ന നഗരങ്ങളിൽ പാർത്തിരുന്ന ഫിലിസ്ത്യരിൽ നിന്നാണ് പലസ്തീന എന്ന പേരുണ്ടായത്, പലസ്തീനായിൽ വസിച്ചിരുന്ന കനാന്യരിൽ നിന്ന് കനാൻനാട് എന്ന പേര് വളരെ നേരത്തെ തന്നെ ഇതിന് ലഭിച്ചു. ദൈവം അബ്രഹാമിനും സന്തതികൾക്കും വാഗ്ദത്തം ചെയ്ത ഭൂമിയാകയാൽ 'വാഗ്ദത്ത ഭൂമി' എന്നും, രക്ഷാകര സംഭവങ്ങൾ പലതും ഇവിടെ വച്ച് നടന്നതിനാൽ 'വിശുദ്ധ നാട്' എന്നും ഇതിന് പേരുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം 'ഇസ്രായേൽ' എന്ന് പലസ്തീനാ അറിയപ്പെടുന്നു. 1966-ലെ അറബി - ഇസ്രായേൽ യുദ്ധാനന്തരം യറുശലേമാണ് ഇസ്രായേലിന്റെ തലസ്ഥാനം. പലസ്തീനാ മർമ്മപ്രധാനമായൊരു സ്ഥാനത്താണ് സ്ഥിതിചെയ്യുന്നത്. ഈജിപ്തിനേയും മെസൊപ്പൊട്ടാമിയയേയും യോജിപ്പിച്ചുകൊണ്ട് ഇത് സ്ഥിതി ചെയ്യുന്നു. അസ്സീറിയാ, ബാബിലോണിയ തുടങ്ങിയ വൻശക്തികൾക്ക് ഈജിപ്തിലേക്ക് വരുന്നതിനും ഈജിപ്തിന് സിറിയായിലേക്ക് നീങ്ങുന്നതിനും പലസ്തീനയിലൂടെ കടക്കേണ്ടിയിരുന്നു. പുതിയ നിയമകാലത്ത് യൂദയാ, സമറിയ, ഗലീലിയ (ഗ്ലീല) എന്നിങ്ങനെ പലസ്തീന മൂന്നായി വിഭജിക്കപ്പെട്ടിരുന്നു. അതോട് തൊട്ടടുത്തു കിടന്നവയാണ് ഇദുമിയ, മോവാബ്, പെരെയാ, ദശഗ്രാമം, ത്രാക്കോണിത്തീസ്, ഫിനീഷ്യ. പലസ്തീനയിലെ പ്രധാന നദിയാണ് യോർദ്ദാൻ.

ക്രി. വ. 70 ൽ ടൈററസ് യറുശലേം പിടിച്ചടക്കി തകർത്തു തരിപ്പണമാക്കിയതോടുകൂടി പലസ്തീന റോമിന്റെ വകയായ



ഒരു 'ഇമ്പീരിയൻ പ്രോവിൻസ്' ആയിതീർന്നു.[1] ക്രി. വ. 135 ലെ സമരത്തിനുശേഷം യൂദയാ എന്ന പേരുകൂടി തുടച്ചു നീക്കാനായി ഹഡ്രിയാൻ ഇതിനെ സിറിയൻ പ്രോവിൻസിനോട് ചേർത്തു, 'സിറിയാ പലസ്തീന' എന്ന് പേരുമിട്ടു.

ക്രൈസ്തവസഭ പലസ്തീനയിൽ വേരുറച്ചു വളർന്നതിന്റെ ചരിത്രം അപഗ്രഥിക്കാം. സഭയുടെ ഉത്ഭവത്തിലെന്നപോലെ വളർച്ചയിലും പലസ്തീനയിലെ സഭയ്ക്കൊരു പ്രത്യേക ദൗത്യമുണ്ടായിരുന്നു. ഇവിടെയെല്ലാം ദൈവത്തിന്റെ അത്യത്ഭുതകരമായ പ്രവർത്തനം നാം കാണുന്നു. അവതരിച്ച വചനമായ ദൈവപുത്രൻ തന്റെ ജീവിതവും പെസഹാ രഹസ്യവും വഴി സഭയുടെ അടിത്തറ പണിതു. മിശിഹായുടെ ജീവിതകാലത്തുതന്നെ പലസ്തീന മുഴുവൻ സഭാതരുവിന്റെ നിഴൽ വീശി. ഉദയസൂര്യനിൽ നിന്നുള്ള പൊൻകിരണങ്ങൾ യൂദയായിലും, സമറിയായിലും, ഗ്ലീലായിലും കാണപ്പെട്ടു. 'ദൈവരാജ്യം സമാഗതമായിരിക്കുന്നു' എന്ന സിംഹനാദം കാഹളസമാനം ആ നാട്ടിലെല്ലാം മൂന്നു വർഷം മുഴങ്ങി. സ്നേഹത്തിന്റെ കുഴൽവിളി അവിടെല്ലാം പ്രതിധ്വനിച്ചു. പലസ്തീനായിലുണ്ടായ രാഷ്ട്രീയ കോളിളക്കങ്ങൾക്കിടയിലെല്ലാം സ്നേഹത്തിന്റെ പുതിയ സുവിശേഷത്തിന്റെ പരിമളം പരന്നുകൊണ്ടിരുന്നു. കുരിശിൽ പൂർത്തിയാക്കപ്പെട്ട ബലിയുടെ ഭാഗമായി മിശിഹായുടെ തിരുവിലാവിൽനിന്ന് രക്തവും വെള്ളവും ഒഴുകി. അത് സഭയുടെ ഉദയത്തെ കുറിക്കുന്നതായി ചിലർ വ്യാഖ്യാനിക്കുന്നു. പെന്തിക്കൊസ്തി ദിവസം ഒന്നിച്ചുകൂടിയിരുന്ന ശ്ലീഹന്മാരുടെമേലും മററ് ശിഷ്യരുടെമേലും പരിശുദ്ധാത്മാവ് ആവസിച്ചു. സഭ ഔദ്യോഗികമായി അന്നാണ് ഉദ്ഘാടനം ചെയ്യപ്പെട്ടതെന്ന് കരുതപ്പെടുന്നു. അന്ന് അറിയപ്പെട്ടിരുന്ന ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും ആരാധിക്കാനായി യഹൂദന്മാർ യറുശലേമിൽ എത്തി (നടപടി, 2: 9-11). അവരോട് പരിശുദ്ധാത്മപ്രേരിതനായി പത്രോസ് പ്രസംഗിച്ചു. ദൈവത്തിന്റെ അത്ഭുതകാര്യങ്ങൾ അവർ ശ്രവിച്ചു. യാഥാർത്ഥ്യവൽക്കരിക്കപ്പെട്ട പ്രവചനങ്ങളിലേക്ക് (യോവേൽ, 2: 28 - 32) പത്രോസ് അവരുടെ ശ്രദ്ധതിരിച്ചു. അന്ന് യേശുവിൽ വിശ്വസിച്ച് 3000 പേർ മാമോദീസാ സ്വീകരിച്ചതായി നടപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ രക്ഷാകരസന്ദേശവും നവജീവനും പേറിക്കൊണ്ട് രക്ഷ പ്രാപിച്ച യഹൂദന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പോയി. പലസ്തീനയ്ക്കു പുറത്തുള്ള ആദ്യ സുവിശേഷ വാഹകരായി ഇവരെ കരുതാം. അങ്ങനെ കേരളം, പാർത്തിയ, മേദിയ, ഏലാം, അദിയബേനേ, മെസപ്പൊട്ടേമിയ, ഒഷ്റേൻ, സിറിയ,

---

1. താഴെ അനുബന്ധം കാണുക.

www.malankaralibrary.com



കപ്പദോച്ചിയ, അർമേനിയ, ഏഷ്യാമൈനർ, ഈജിപ്ത്, ലിബിയാ, കാർത്തേജ്, റോമാ, ഗ്രീസ് എന്നിവിടങ്ങളിലേക്ക് ആദ്യത്തെ സന്ദേശവാഹകർ അയയ്ക്കപ്പെട്ടു. അങ്ങനെ ശ്ലീഹന്മാർ എത്തുന്നതിനു മുൻപേ യഹൂദന്മാർ വസിച്ചിരുന്ന നാടുകളിലെല്ലാം ക്രിസ്തുവിന്റെ ശിഷ്യരായി തീർന്ന ഓരോ സമൂഹം ഉണ്ടായിരുന്നു.

'നിങ്ങൾ യറുശലേമിലും യൂദയായിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും എനിക്ക് സാക്ഷികളാകും' (നട 1:8) എന്ന കർത്തൃവചനം പെന്തിക്കൊസ്തി ദിവസം ഭാഗികമായി നിറവേറി. 'ദൈവവചനം പരക്കുകയും യറുശലേമിൽ ശിഷ്യരുടെ സംഖ്യ വർദ്ധിക്കുകയും ചെയ്തു.' (നട 6:7).

യറുശലേമിൽ സഭയ്ക്ക് പീഡനം ഉണ്ടായപ്പോൾ ശിഷ്യന്മാർ യൂദയാഗ്രാമങ്ങളിലേയ്ക്കും, സമറിയായിലേയ്ക്കും പലായനം ചെയ്തു. ഫീലിപ്പോസ് എത്യോപ്യക്കാരൻ ഷണ്ഡനെ [2] സഭയിൽ ചേർക്കുന്നതും ശെമയോൻ കേപ്പാ (സൈമൺ പീററർ) കൊർണേലിയോസിനെ ശിഷ്യനാക്കുന്നതും, സമറിയായിൽ സഭ വളരുന്നതുമെല്ലാം കർത്തൃകൽപനാനുസൃതമുള്ള ശ്ലൈഹിക പ്രവർത്തനങ്ങളത്രേ. ശ്ലീഹന്മാരുടെ കാലത്തുതന്നെ സമറിയാ, ഗ്ലീല എന്നിവിടങ്ങളിൽ സഭ പരന്നു കഴിഞ്ഞു.

കർത്തൃകൽപന (നട 1: 8) എപ്രകാരം പൂർത്തീകരിക്കപ്പെട്ടു എന്ന് വിവരിക്കുകയാണ് നടപടി ഗ്രന്ഥം. 'പഴയനിയമത്തിൽ സകല ജാതികൾക്കുമായി വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന രക്ഷ യറുശലേമിൽ നിന്ന് യൂദയാ, സമറിയ വഴി എങ്ങനെ ലോകാതിർത്തി വരെയെത്തിയെന്നും, വിജാതികളുടെ തലസ്ഥാനമായ റോമിൽ എത്തിയെന്നും വിവരിക്കുകയാണ് നടപടി ഗ്രന്ഥകർത്താവ്'.[3]

പലസ്തീനയിലെ ക്രൈസ്തവസഭയെ സംബന്ധിച്ച് പുതിയ നിയമത്തിലെ മററു ഗ്രന്ഥങ്ങളിൽ നിന്ന് വളരെയധികം അറിവ് ലഭിക്കുന്നുണ്ട്. ഈയടുത്ത കാലത്ത് പലസ്തീനയിൽ നടത്തിയ ഗവേഷണങ്ങളും ഇക്കാര്യത്തിൽ ഒട്ടൊക്കെ വെളിച്ചം വീശുന്നു.[4]

2. നൂബിയാക്കാരൻ ഷണ്ഡൻ; നൂബിയാ രാജ്ഞിയുടെ സംജ്ഞയാണ് കൻദെക്.

3. Cf. L Randellini, La chiesa dei guideo-christiani, Brescia, 1968, p. 17.

4. Cf. J. Finegan, The Archeology of the New Testament, The Life of Jesus and the Beginning of the Early Church, Princeton, 1969.



ഓരോ പ്രദേശത്തെയും പ്രത്യേകം പ്രത്യേകം അപഗ്രഥിച്ച് ചിന്തിക്കാം.

(a) **യൂദയാ:** യൂദയായിലെ പ്രധാന കേന്ദ്രങ്ങളിൽ സഭ വേരുറച്ചതിനെപ്പററി പരിഗണിക്കാം. പൗലോസ് യൂദയായിലെ സഭകളെപ്പററി സംസാരിക്കുന്നു (നട. 11:29; 1 തെസ്സ. 2:14). ലിദ്ദ, ശാരോൻ, യോപ്പാ, ചെസാറിയാ എന്നിവിടങ്ങളിലെ ക്രിസ്ത്യാനികളെപ്പററി നടപടിയിൽ സാക്ഷ്യമുണ്ട് (നട. 9:33) നിഖ്യായിൽ പലസ്തീനയിൽ നിന്ന് നിരവധി മെത്രാന്മാർ സംബന്ധിച്ചു. ഏലിയാ, നിയാപ്പൊലീസ്, സെബാസ്റ്റെ, ചെസാറിയാ ഗദാറാ, അശ്കലോൻ, നിക്കൊപ്പൊലീസ്, യാമ്നിയ, എലൈവുതെരോപോലീസ്, മാക്സിമിയാനോപോലീസ്, ജറീക്കോ, സെബുലോൻ, ലിദ്ദ, അസോത്തുസ്, ഷിത്തോപ്പൊളീസ്, ഗാസ്സാ, ഐലാ, കാപ്പിത്തൊളിയാസ് എന്നിവിടങ്ങളിലെ മെത്രാന്മാർ നിഖ്യായിൽ സംബന്ധിച്ചു.[5]

## (I) യറുശലേം

യറുശലേം വളരെ ഉയർന്ന ഒരു പീഠഭൂമിയിൽ സ്ഥിതി ചെയ്യുന്നു. ചാവുകടലിനു 14 മൈൽ പടിഞ്ഞാറും, മധ്യധരണ്യാഴിക്ക് 33 മൈൽ കിഴക്കും ആണ് അതിന്റെ സ്ഥാനം. സമുദ്രനിരപ്പിൽ നിന്നു 2680 അടി ഉയരമുണ്ടതിന്. പഴയനിയമത്തിലെയും പുതിയ നിയമത്തിലെയും നിരവധി സംഭവങ്ങൾക്ക് യറുശലേം സാക്ഷ്യം വഹിച്ചു.

യറുശലേമിലെ ആദ്യക്രൈസ്തവരെല്ലാം യഹൂദന്മാരായിരുന്നു. അവരിൽ തന്നെ പലസ്തീനിയൻ യഹൂദരും ഹെല്ലനിസ്റ്റിക് യഹൂദരും ഉണ്ടായിരുന്നു. യഹൂദരിൽ നിന്നുള്ള ഈ ക്രൈസ്തവ സമൂഹം യഹൂദാചാരങ്ങളോട് വളരെയധികം മമത പാലിച്ചു. ചിലയിടങ്ങളിൽ ഇക്കൂട്ടർ പുറജാതികളിൽനിന്നുള്ള ക്രൈസ്തവരിൽ നിന്ന് വേർപെട്ടും ജീവിച്ചു (നട. 8). യറുശലേമിൽവച്ച് ക്രി. വ. 49 ൽ കൂടിയ സൂനഹദോസ് (നട. 15:5) യഹൂദാചാരങ്ങളുമായുള്ള അമിത വേഴ്ച അവസാനിപ്പിച്ചു. അക്ഷരാർത്ഥത്തിൽനിന്ന് നിയമത്തിന്റെ ആന്തരാർത്ഥത്തിലേക്കാഴ്ന്നിറങ്ങാൻ നേതാക്കന്മാരെ പ്രേരിപ്പിച്ചു. പരിച്ഛേദനം, ശാബത്ത്, സിനഗോഗ് തുടങ്ങിയവ കൂടാതെ തന്നെ ക്രൈസ്തവസഭ ജാതികളുടെ ഇടയിൽ പ്രചരിക്കാൻ ഒരു പ്രേരണ ലഭിച്ചു.

5. എപ്പിഫാനിയസ്, പാഷണ്ഡത. 69. 4; അത്തനാസ്യോസ്, De-Synod. 17: എവുസേബിയസ് (=എവു.), പലസ്തീനിയൻ രക്തസാക്ഷികൾ.

www.malankaralibrary.com



യറുശലേമിൽ വച്ച് യോഹന്നാൻെറ സഹോദരനായ മാർ യാക്കോബും, സ്തേഫാനോസും കൊല്ലപ്പെട്ടു. കർത്താവിൻെറ 'സഹോദരനായ' മാർ യാക്കോബാണ് യറുശലേമിലെ ഒന്നാമത്തെ മെത്രാൻ.[6] എവുസേബിയസ്, ക്ലെമെൻറ്, ഹെജെസിപ്പസ് എന്നിവർ യാക്കോബിൻെറ രക്തസാക്ഷിത്വത്തെപ്പററി സംസാരിക്കുന്നു. യറുശലേമിൽ യൂദകലഹങ്ങൾ ഉണ്ടായപ്പോൾ ക്രൈസ്തവർ കർത്തൃകൽപനാനുസൃതം സമീപ നഗരമായ പെല്ലായിലേക്കും ചുററുമുള്ള സുരക്ഷിത സ്ഥലങ്ങളിലേക്കും ഓടിപ്പോയി.[7] എഴുപതാമാണ്ടിൽ ടൈററസ് യറുശലേം തകർത്തപ്പോൾ 'യൂദായിലുള്ളവർ മലകളിലേക്ക് ഓടിപ്പോയി' കഴിഞ്ഞിരുന്നു. യറുശലേമിൻെറ തകർച്ച യഹൂദർക്കെന്നവണ്ണം യറുശലേം ക്രിസ്ത്യാനികൾക്കും ഒരാഘാതമായിരുന്നു. യഹൂദ – ക്രൈസ്തവരുടെ മേധാവിത്വം തകർക്കപ്പെട്ടു. എന്നാൽ അനേകർ കർത്തൃവചന പൂർത്തീകരണമായി ഇതിനെ കണക്കാക്കി; ഒരു ദൈവികാടയാളമായും ദൈവപുത്രനെ കൊന്നതിൻെറ ശാപമായും ക്രൈസ്തവർ വ്യാഖ്യാനിച്ചു. യഹൂദരും ക്രൈസ്തവരും തമ്മിൽ അകലാൻ ഇതു് വഴി തെളിച്ചു. യഹൂദക്രൈസ്തവർ സാവധാനം വിശ്വാസികളുടെ സാർവത്രിക സമൂഹത്തിൽ ലയിച്ചു. യൂദാചാരങ്ങളിൽ നിന്ന് സഭയ്ക്കൊരു വിടുതലിന് ഇതു് ഹേതുവായി തീർന്നു.[8]

തകർച്ചയ്ക്കുശേഷം ഒരുകൂട്ടം യഹൂദ – ക്രൈസ്തവർ യഹൂദരോടൊപ്പം യറുശലേമിൽ തിരിച്ചെത്തി. കർത്താവിൻെറ ചാർച്ചക്കാരൻ ശെമയോൻ 120 വയസ്സുവരെ പ്രസ്തുത സമൂഹത്തെ നയിച്ചു. ട്രാജൻെറ ഭരണകാലത്തു് (98-117) അദ്ദേഹം രക്തസാക്ഷി മകുടം ചൂടി (എവു. സഭാ. 3:32). എവുസേബിയസ് യറുശലേം മെത്രാന്മാരുടെ ഒരു പട്ടിക നൽകുന്നു (സഭാ. 4.5:3). ശെമയോനു ശേഷം ക്രി. വ. 132 വരെ യഹൂദ– ക്രൈസ്തവരിൽ നിന്നുള്ള 13 മെത്രാന്മാർ യറുശലേമിൽ ഭരിച്ചു. ലോകമെങ്ങുമുള്ള ക്രൈസ്തവർ മാതൃസഭയായി യറുശലേമിനെ കണക്കാക്കി.

---

6. എവു. സഭാ. 2.23,2-19.
7. Cf. Brandon, The Fall of Jerusalem and the Christian Church, London 1957. എവു.സഭാ. 3.5; എപ്പി.പാഷ. 29.7; പാഷ. 30. 2.N. de means et pond. 15; യറുശലേമിൽ നിന്ന് വിശ്വാസികൾ ഡെക്കാപ്പൊലീസിലെ (പെരെയാ) പെല്ലായിലേക്ക് ഓടിപ്പോയി.
8. Cf. I. Gaston, No stone on Another: Studies in the Significance of the Fall of Jerusaiem in the Synoptic Gospels Leiden 1970.



ക്രി. വ. 135-ൽ ഹദ്രിയാൻ യഹൂദന്മാരുടെ യറുശലേമിന് 'ഏലിയാ കാപ്പിത്തൊളീനാ' എന്നു് പേരിട്ടു.[8a] യഹൂദന്മാർക്കു് അവിടെ പ്രവേശനം നിഷേധിക്കപ്പെട്ടതിനാൽ, യൂദന്മാരിൽ നിന്നല്ലാത്ത ക്രൈസ്തവർ അവിടെ കുടിയേറി. അവരിൽ നിന്നുള്ള മെത്രാന്മാരുടെ ഭരണമായിരുന്നു പിൽക്കാലത്തു്. 195 ൽ യറുശലേമിൽവച്ചു് ഉയിർപ്പു തിരുനാൾ ആഘോഷം സംബന്ധിച്ചു് ഒരു സിനഡു് കൂടുകയുണ്ടായി. കർത്താവിൻെറ ഉത്ഥാനത്തിൻെറ ഓർമ്മ ഞായറാഴ്ച ആചരിക്കാൻ അവർ തീരുമാനിച്ചു. ക്രി. വ. 196-ൽ ചെസാറിയായിൽവച്ചു കൂടിയ സിനഡിൽ യറുശലേം മെത്രാൻ നർചീസൂസ് പങ്കെടുത്തു. 211 – ൽ നർചീസൂസ് തൻെറ സഹായമെത്രാനായി കപ്പദോചിയൻ മെത്രാൻ അലക്സാണ്ഡറെ തിരഞ്ഞെടുത്തു. ഒരു സ്ഥലത്തുനിന്ന് മറെറാരു സ്ഥലത്തേക്കു് മെത്രാനെ മാററുന്നതു് ഒരു പുതിയ കാൽവയ്പായിരുന്നു. ഒരു സ്ഥലത്തു് ഒരേ സമയം ഒന്നിലധികം മെത്രാന്മാരുണ്ടായിരിക്കുക എന്നതും ഒരു നവീന പാത തുറക്കുകയായിരുന്നു. ഏലിയായിൽ അലക്സാണ്ഡർ ഒരു ഗ്രന്ഥശേഖരം സ്ഥാപിച്ചു. സഭാചരിത്രം രചിക്കാൻ പ്രസ്തുത ഗ്രന്ഥശേഖരം എവുസേബിയസിനെ വളരെയധികം സഹായിച്ചു (സഭാ 6. 20).

ക്രി. വ. 451 ലെ കൽക്കദോനിയാ സൂനഹദോസിൽ വച്ചു് യറുശലേം ഒരു പാത്രിയാർക്കേററായി ഉയർത്തപ്പെട്ടു. കൽക്കദോനിയായിലെ ഏഴാം ചർച്ചാസമ്മേളനത്തിലാണ് ഇതു് പാസ്സാക്കപ്പെട്ടതു്. ചർച്ചകളുടെ ഫലമായി യറുശലേം മെത്രാനായ യുവെനാലിന് (422-458) റോമൻ സാമ്രാജ്യത്തിലെ മൂന്ന് പലസ്തീനിയൻ പ്രോവിൻസുകളുടെയുംമേൽ അധികാരം ലഭിച്ചു. അവ അതുവരെ അന്ത്യോക്യാപാത്രിയർക്കീസിൻെറ കീഴിലായിരുന്നു.[9] 451 വരെ ചെസാറിയ മെത്രാപ്പോലീത്തായുടെ കീഴിൽ നിന്ന ഏലിയാ കാപ്പിത്തോളീനാ മററു് പാത്രിയാർക്കേററുകളോടൊപ്പം ഉയർന്നു;

---

8a. 130-ൽ എന്നും കാണുന്നു; ഹദ്രിയാൻ ഏലിയായെ ഒരു കോളനിയായി പ്രഖ്യാപിച്ചു. 'പുബ്ലിയൂസ് ഏലിയൂസ് ഹദ്രിയാനൂസ്' എന്ന തൻെറ പേരിൽ നിന്നും 'ജൂപ്പിററർ കാപ്പിത്തൊളീനുസ്' എന്ന ദേവൻെറ പേരിൽ നിന്നുമാണ് ഏലിയാ കാപ്പിത്തൊളീനാ എന്നു പേരിട്ടതു്. ദേവാലയത്തിൻെറ സ്ഥാനത്തു് ഹദ്രിയാൻെറയും ജൂപ്പിറററിൻെറയും പ്രതിമ സ്ഥാപിച്ചു.
9. Cf. NPNF [2], Vol. 14 p. 266, റോമൻ സാമ്രാജ്യത്തിന് പുറത്ത് അന്ത്യോക്യൻ പാത്രിയർക്കീസിന് അധികാരമുള്ളതിനെപ്പററി ഒരു സൂചനയും പ്രസ്തുത ഭാഗത്തു് ഇല്ല. ക്രി. വ. 600-ഓടുകൂടി അന്ത്യോക്യയുടെ കീഴിൽ താഴെപ്പറയുന്ന പ്രോവിൻസുകളുണ്ടായിരുന്നു: അറേബ്യാ, ഫിനീഷ്യ ലിബാനെൻസിസ്, ഫിനീഷ്യ പരാളൂസ്, സിറിയ I, സിറിയ II, ഇസാവുരിയ, സിലിഷ്യാ I, സിലിഷ്യാ II, എവുഫ്രാത്തെൻസിസ്, മെസപ്പൊട്ടേമിയാ.

www.malankaralibrary.com



ഏതാണ്ടു് 60 രൂപതകൾ യറുശലേമിന്റെ കീഴിൽ വന്നു. അപ്പസ്തോലിക കാലത്തുണ്ടായിരുന്ന പ്രാധാന്യം ഒരിക്കൽക്കൂടി യറുശലേമിനു് ലഭിച്ചു. എങ്കിലും മററു് പാത്രിയാർക്കേററുകൾക്കുള്ളത്ര പ്രാമാണ്യം യറുശലേമിനു് ഉണ്ടായിരുന്നില്ല.

## (2) ബേത്ലഹേം

യറുശലേമിൽ നിന്നു് ഏഴു് കി. മീ. തെക്കുമാറി സമുദ്രനിരപ്പിൽനിന്നു് ഏഴായിരം അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ചെറിയ പട്ടണമാണിതു്. ബേത്ലഹേം എഫ്രാത്തു്, യൂദായിലെ ബേത്ലഹം, ദാവീദിന്റെ നഗരം എന്നീ പേരുകളിൽ ഇതു് അറിയപ്പെട്ടിരുന്നു. റാഹേലിന്റെ കല്ലറ ഇവിടെയാണ് (ഉല്പ 35: 19); ദാവീദ് ജനിച്ചതും (ശാമു 17: 12) അഭിഷിക്തനായതും, ക്രിസ്തു ജനിച്ചതും ബേത്ലഹേമിലാണ് (ശാമു 16: 13; മത്താ 2:1).[10]

ആരംഭകാലം മുതൽക്കേ ബേത്ലഹേമിൽ ക്രൈസ്തവരുണ്ടായിരുന്നു. കർത്താവിന്റെ ജന്മസ്ഥലം എല്ലാവരും പൂജ്യമായി കരുതി എന്നു് ഒരിജൻ സാക്ഷിക്കുന്നു.[11] എവരിസ്ററസ് പാപ്പാ ജനിച്ചതു ബേത്ലഹേമിലാണ്. അദ്ദേഹത്തിന്റെ മാതാപിതാക്കൾ യൂദന്മാരിൽ നിന്നു് ക്രിസ്തുമതം സ്വീകരിച്ചവരായിരുന്നു എന്നു് 'ലീബർ പോന്തിഫിക്കാലിസ്' എന്ന ഗ്രന്ഥം സാക്ഷിക്കുന്നു. ബേത്ലഹേമിലുള്ള 'തിരുജനന ദൈവാലയം' 330-ൽ കോൺസ്ററൈൻറൻ ചക്രവത്തി കർത്താവിന്റെ ജനനസ്ഥലത്തിനു മുകളിൽ പണി കഴിപ്പിച്ചു. ഏററം പുരാതനമായ ക്രൈസ്തവദൈവാലയങ്ങളിൽ ഒന്നാണതു്. ആറാം നൂററാണ്ടിൽ ജസ്റ്റീനിയൻ ചക്രവർത്തി അതു് പുതുക്കി പണിതെങ്കിലും പുരാതന ദേവാലയത്തിന്റെ പല ഭാഗങ്ങളും ഇപ്പോഴും അവശേഷിക്കുന്നു. വി. ജറോം (+ 420) ബേത്ലഹേമിലെ പ്രസ്തുത ദേവാലയത്തിലുള്ള ഒരു ഗുഹയിലിരുന്നാണ് തന്റെ കൃതികൾ രചിച്ചതു്.[12]

## (3) എമ്മാവൂസ്

ഉത്ഥാനത്തിനു ശേഷം കർത്താവു് രണ്ടു് ശിഷ്യന്മാർക്കു് കാണപ്പെട്ട സ്ഥലം (ലൂക്കാ 24: 13 - 35). നിക്കോപ്പോലീസ് എന്നും പേരുണ്ടു്. യറുശശേമിൽ നിന്നു് 60 ഫർലോംഗ് വടക്കുപടി

10. നസ്രേത്തിനു് 9 കി. മീ. വടക്കു പടിഞ്ഞാറ് സെബുലോൺ ദേശത്തു് മറെറാരു ബേത്ലഹേം ഉണ്ടു് (ജോഷ്വാ, 19:15).
11. ചെൽസൂസിനെതിരെ, in PG 11,753—756
12. ജെ. കോട്ടയ്ക്കൽ, 'ബൈബിൾ തീർത്ഥാടനം', ബൈബിൾ ഭാഷ്യം, vol x. 3 1981 Sept. p. 251-252.



ഞ്ഞാറായി സ്ഥിതിചെയ്യുന്നു (ലൂക്കാ 24: 13).[13] ഇന്നു് അംവാസ് (Amwas) അല്ലെങ്കിൽ എൽഖുബെയ്ബേ (El Qubeiebeh) എന്നറിയപ്പെടുന്നു. സഭാരംഭകാലത്തു് എമ്മാവൂസ് ഒരു ഗ്രാമം മാത്രമായിരുന്നു. 222/3 ൽ എലഗബാലുസ് ചക്രവർത്തി പ്രസ്തുത സ്ഥലത്തു് ഒരു നഗരം പണിതു് നിക്കോപ്പോലീസ് എന്നു് പേരിട്ടു. ഗ്രാമം പട്ടണമായപ്പോൾ പട്ടണത്തിനൊത്തു് ക്രൈസ്തവരുടെ സംഖ്യ വർദ്ധിച്ചു. അവിടെ ഈയടുത്തകാലത്തു് ഒരു പുരാതന ദൈവാലയത്തിന്റെ അവശിഷ്ടങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. അതു് നാലാം നൂററാണ്ടിലേതാണ്. സെക്സ്തുസ് ജൂലിയൂസ് ആഫ്രിക്കാനുസ് (240)[14] അവിടെ ഏറെ നാൾ താമസിച്ചു.

## (4) യാമ്നിയ

ഇന്നു് യാവ്നെ (yabne) എന്നറിയപ്പെടുന്നു. ടെൽ- അവീവിൽ നിന്നു് 27 കി. മീ. തെക്കാണ് യാവ്നെ, (യോപ്പായിൽ നിന്നു് 13 മൈൽ തെക്കു്). ഏകദേശം 6000 ആളുകൾ അവിടെ വസിക്കുന്നു. അഗസ്റ്റസ് സീസറിന്റെ കാലം മുതൽ യാമ്നിയ റോമൻ ചക്രവർത്തിയുടെ ഒരു 'സ്വകാര്യ സ്വത്തായി' (Personal property) തീർന്നു. ക്രി. വ. 70-ാം ആണ്ടിൽ ഉണ്ടായ യറുശലേമിന്റെ തകർച്ചയ്ക്കു ശേഷം യാമ്നിയ യഹൂദരുടെ മതപരവും സാംസ്ക്കാരികവുമായ ഒരു കേന്ദ്രമായി മാറി. യറുശലേമിൽ രാഷ്ട്രീയ സ്വാതന്ത്ര്യം നഷ്ടപ്പെട്ടെങ്കിലും യാമ്നിയായിൽ ധാർമ്മിക സ്വാതന്ത്ര്യം അവർ കാത്തുസൂക്ഷിച്ചു. യറുശലേമിലെ സൻഹെദ്രിനു് സമാന്തരമായി ഒരു നേതൃത്വം യാമ്നിയായിൽ ഉണ്ടായി. ക്രി. വ. 100-ാമാണ്ടോടുകൂടി അവർ 'പലസ്തീനിയൻ-ഹീബ്രുകാനൻ' എന്ന പഴയനിയമത്തിലെ 24 പുസ്തകങ്ങൾ അവിടെ വച്ചു് അംഗീകരിച്ചു.[15] പിൽക്കാലഘട്ടങ്ങളിൽ യാമ്നിയ തൽമൂദിക് പഠനങ്ങളുടെ ഒരു വലിയ കേന്ദ്രമായി തീർന്നു. മിഷ്നായുടെ വികസനത്തിനു് തുടക്കമിട്ടതു് ഇവിടെയാണ്.

സഭാരംഭകാലത്തു് യാമ്നിയായിൽ ക്രൈസ്തവർ അധികം ഉണ്ടായിരുന്നതിന്റെ സാക്ഷ്യങ്ങൾ കാണുന്നില്ല. മൂന്നാം നൂററാണ്ടിന്റെ അവസാനം ഇവിടെ ഒരു ക്രൈസ്തവസമൂഹത്തെ കാണാം. ഡയോക്ലീഷന്റെ മതമർദ്ദനത്തിൽ നിരവധി ക്രൈസ്തവർ യാമ്നി

13. ഒരു പാഠഭേദമനുസരിച്ചു് 60 ഫർലോംഗല്ല, 160 ഫർലോംഗ് ദൂരത്തിലാണ് എമ്മാവൂസ്. cf. F. L. Cross, (ed.) The Oxford Dictionary of the Christian Church, London 1974, p. 456
14. ജി. ചേടിയത്തു്, ആദിമസഭയുടെ സന്ദേശം, കോട്ടയം 1981, p. 312f.
15. cfr. F. L. Cross, op. cit. p. 726.

www.malankaralibrary.com



യായിൽ കൊല്ലപ്പെട്ടു.[16] നിഖ്യാസൂനഹദോസിൽ യാമ്നിയായിലെ മെത്രാൻ സംബന്ധിച്ചിരുന്നു.[17]

## (5) ഗാസ്സാ

മധ്യധരണ്യാഴി തീരത്തുള്ള ഒരു പട്ടണമാണിതു്. മർനാസ് ദേവനു് സമർപ്പിക്കപ്പെട്ടിരുന്ന ഒരു വലിയ ആലയം ഗാസ്സായിലുണ്ടായിരുന്നു. തെക്കു പടിഞ്ഞാറൻ പലസ്തീനായിലെ അഞ്ചു് ഫിലിസ്ത്യപട്ടണങ്ങളിൽ ഒന്നാണു് ഗാസ്സാ.[18] ആഫ്രിക്കയും ഏഷ്യയും തമ്മിൽ സന്ധിച്ചിരുന്നതു് ഇവിടെയാണു്. വൻ ശക്തികളെല്ലാം ഇതിന്മേൽ നോട്ടമിട്ടിരുന്നു. മിക്കപ്പോഴും ഈജിപ്തിന്റെ അധീനതയിലായിരുന്നു ഗാസ്സാ. ക്രി. മു. 732-ൽ തിഗ്ളത്തു് പിലേസ്സർ രണ്ടാമൻ അതു് അസ്സീറിയൻ സാമ്രാജ്യത്തിന്റെ ഭാഗമാക്കി; ഫറവോൻ നേക്കോ, പേർഷ്യക്കാരൻ കംബീസെസ് എന്നിവരും ഗാസ്സാ മാറി മാറി പിടിച്ചടക്കി. അലക്സാണ്ടറോടുകൂടി അതു് ഹെല്ലനിസത്തിന്റെ ഒരു വലിയ കേന്ദ്രമായി തീർന്നു; മക്കബായൻ കാലഘട്ടത്തിൽ യോനാഥാൻ അതു് പിടിച്ചെടുത്തു (1 മക്ക. 11:61-62). ക്രി. മു. 61 ൽ റോമൻ ജനറൽ ഗബീനിയൂസ്, ഗാസ്സാ റോമിന്റെ ഭാഗമാക്കി, പുതുക്കി പണിതു.

ഗാസ്സായിലെ ആദ്യത്തെ അറിയപ്പെടുന്ന മെത്രാൻ നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സഭയെ ഭരിച്ച സിൽവാനൂസാണു്. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്തു് അനേകമാളുകൾ ക്രൈസ്തവരായി. എങ്കിലും വളരെക്കാലം അതു് പുറജാതികളുടെ ഒരു കേന്ദ്രമായി നിലനിന്നു. 410 ൽ ചില ക്രൈസ്തവർ അവിടുത്തെ പ്രധാന പേഗൻ ആരാധനാലയം നശിപ്പിച്ചു എന്നു് ജറോം സാക്ഷിക്കുന്നു.[19] യൂലിയന്റെ കാലത്തു ക്രിസ്ത്യാനികൾക്കു ബഹുവിധ ക്ലേശങ്ങളുണ്ടായി; നിരവധിയാളുകൾ കൊല്ലപ്പെട്ടു; അവിടെ നിരവധി സന്ന്യാസാശ്രമങ്ങളുണ്ടായിരുന്നു. വി. ഹിലാരിയോൻ (291-371) ഗാസ്സായിലാണു് ജനിച്ചതു്. ജറോം അദ്ദേഹത്തിന്റെ ഒരു ജീവചരിത്രം എഴുതിയിട്ടുണ്ടു്.[20] അഞ്ചും ആറും നൂറ്റാണ്ടുകളിൽ തത്വശാസ്ത്രവും പ്രഭാഷണകലയും അഭ്യസിപ്പിക്കുന്ന ഒരു കലാലയം ഗാസ്സായിലുണ്ടായിരുന്നു. ഏറ്റം പ്രധാനാധ്യാപകർ ഏനെയാസ്, പ്രൊക്കോപ്പിയസ്, കൊരിചിയോസു് എന്നിവരാണു്. പ്രൊക്കോപ്പി

16. എവു. പലസ്തീനിയൻ രക്തസാക്ഷികൾ, 15, 5.
17. cf. താഴെ നിഖ്യായുടെ പട്ടിക കാണുക.
18. അസ്കലോൻ, അക്രോൻ, അഷ്ദോദ് (അസോതുസ്), ഗേത്, ഗാസ്സാ എന്നിവയാണു് അഞ്ചു പ്രമുഖ ഫിലിസ്ത്യപട്ടണങ്ങൾ.
19. ജറോം, in PL 24. 249.
20. cf. F. L. Cross, op. cit. p.648.



യസു്, 'കത്തേനേ' മൂലം പ്രശസ്തനായി.[21] കൊമ്മോദിയൻ എന്ന ലത്തീൻ-ക്രൈസ്തവ കവി ഇവിടെയാണു് ജനിച്ചതു്.

## (b) സമറിയ

സമറിയായിലെ പ്രധാന സഭാകേന്ദ്രങ്ങളെപ്പറ്റി ചിന്തിക്കാം.

## (1) ചെസാറിയാ

'പലസ്തീനായിലെ ചെസാറിയ' (Caesarea Palestinesi) എന്നും 'കടൽത്തീരത്തെ ചെസാറിയ' (Caesarea Maritima) എന്നും ഇതു് അറിയപ്പെട്ടിരുന്നു. ഇന്നിതു് ഹൈഫായ്ക്കു് സമീപമുള്ള കൈസറിയ എന്ന മണൽക്കൂമ്പാരമാണു്. 1959-ൽ ഇവിടെ വളരെയധികം ഖനന ഗവേഷണങ്ങൾ നടത്തി, ഇവിടെ വളർന്നു പന്തലിച്ച സംസ്ക്കാരത്തിന്റെ അവശിഷ്ടങ്ങൾ വെളിച്ചത്തു് കൊണ്ടുവന്നിട്ടുണ്ടു്.

'സ്ട്രാറ്റോയുടെ ഗോപുരം' എന്നാണു് ഈ സ്ഥലം ആദ്യം അറിയപ്പെട്ടിരുന്നതു്. സീദോണിലെ രാജാവായ സ്ട്രാറ്റോയാണു് ഇതു് സ്ഥാപിച്ചതു്. പോംപെയുടെയും സീസറിന്റെയും കാലത്തു് ഇതു് റോമൻ ആധിപത്യത്തിൽ വന്നു. അഗസ്റ്റസിന്റെ 'സ്വകാര്യസ്വത്തായ' ഈപട്ടണം അഗസ്റ്റസ് ഹേറോദേസിനെ ഏൽപിച്ചു. ഹേറോദേസ് തുറമുഖം നവീകരിച്ചു് പല പുതിയ കെട്ടിടങ്ങളും പണിതു. അഗസ്റ്റസിനു് ഒരു അമ്പലവും സ്ഥാപിച്ചു. സീസറിന്റെ ബഹുമാനാർത്ഥം കൈസറിയാ (ചെസാറിയാ-Caesarea) എന്നു് പേരുമിട്ടു. മറ്റു് ചെസാറിയാകളിൽ നിന്നു് വേർതിരിച്ചറിയാൻ 'ചെസാറിയാ പലസ്തീനേസി' അഥവാ 'ചെസാറിയ മരീത്തിമാ' എന്നു് റോമാക്കാർ വിളിച്ചു. ക്രി. മു. 10 മുതൽ റോമൻ പ്രൊക്കുറേറ്റർമാരുടെയും പലസ്തീനയിൽ താവളമടിച്ചിരുന്ന റോമാക്കാരുടെയും ആസ്ഥാനം ഇവിടെയായിരുന്നു. ക്രി. മു. 13 മുതൽ പലസ്തീനായുടെ തലസ്ഥാനമായിരുന്നു ചെസാറിയാ. ആദ്യം സമറിയാ, യൂദയാ, ഇദൂമിയ, തീരദേശം, ഗലീലിയുടെ ഭാഗം എന്നിവയായിരുന്നു പലസ്തീനാ പ്രോവിൻസിൽ ഉൾപ്പെട്ടിരുന്ന പ്രദേശങ്ങൾ. പിന്നീടു് ക്രി. വർഷം 100-

21. 'കത്തേനേ': എന്നതു് ഒരു ലത്തീൻ വാക്കാണു്. കത്തേനാ- കത്തേനേ: 'ശൃംഖല - ചങ്ങല, തുടൽ. തത്തുല്യമായ ഗ്രീക്കുവാക്കു് 'സെയ്റാ' എന്നാണു്. അഞ്ചാം നൂറ്റാണ്ടു മുതൽ വേദപുസ്തകഭാഷ്യങ്ങൾക്കു് ഈ പദം ഉപയോഗിച്ചു വരുന്നു. വേദപുസ്തകം വാക്യാനുവാക്യം എടുത്തു് മുൻകാല ഗ്രന്ഥകാരന്മാരുടെ വ്യാഖ്യാനങ്ങൾ ചേത്തു ചേർത്തുവച്ചു് വിശദീകരിക്കുക. പ്രൊക്കോപ്പിയസ് ഇപ്രകാരമൊന്നു രൂപീകരിച്ചു.

www.malankaralibrary.com



ഓടുകൂടി അഗ്രിപ്പാ രണ്ടാമന്റെ പ്രദേശങ്ങളും ചേർക്കപ്പെട്ടു. 'ലെഗാത്തൂസ് അഗ്ഗുസ്തി പ്രോ പ്രെത്തോരെ' എന്ന ഉദ്യോഗസ്ഥൻ കൈസറിയായിൽ താമസിച്ച് സിവിൽ മിലിട്ടറി കാര്യങ്ങൾ കൈകാര്യം ചെയ്തുവന്നു.[21a]

ഫീലിപ്പോസ് ശ്ലീഹാ ചെസാറിയ സന്ദർശിച്ചു. (നട 8.40). ഫീലിപ്പോസ് ശെമ്മാശന് ഇവിടൊരു ഭവനമുണ്ടായിരുന്നു (നട 21: 8). ശെമയോൻ കേപ്പാ കൊർണേലിയോസിനെ സഭയിൽ ചേർത്തത് ചെസാറിയായിൽ വച്ചാണ് (നട 10: 13). പുറജാതികൾക്ക് പരിശുദ്ധാത്മാഭിഷേകം ആദ്യമായി ലഭിച്ചത് അവിടെ വച്ചാണ് (10: 44). തന്റെ മാനസ്സാന്തരാനന്തരം പൗലോസ് കേസറിയായിലെത്തി; അവിടെനിന്ന് തർസോസിലേക്ക് അയക്കപ്പെട്ടു (9: 30). എഫേസോസിൽ നിന്ന് യറുശലേമിലേക്കുള്ള യാത്രക്കിടക്കും പൗലോസ് അവിടെയിറങ്ങി (18:22). പൗലോസ് അവിടെ തടവുകാരനായി രണ്ടു വർഷം കഴിച്ചുകൂട്ടി (23:23; 25:27). പൗലോസ് ഇവിടെ നിന്നാണ് റോമിലേക്ക് പോയത് (നട 27:1). ഇവിടെ വച്ചാണു പൗലോസ് 'തടവറലേഖനങ്ങൾ' എഴുതിയതെന്ന് കരുതുന്നവരുണ്ട്. വെസ്പാസ്യന്റെ കാലത്ത് (70) ചെസാറിയ ഒരു 'കോളനി' ആയി.[21b] ക്രി. വ. 196-ൽ ഉയിർപ്പു ദിവസാചരണം സംബന്ധിച്ച് തീർപ്പു കൽപിക്കാൻ ഇവിടെ വച്ച് ഒരു സിനഡ് നടന്നു.[22] അലക്സാണ്ടർ സെവേരൂസിന്റെ കാലത്ത് (+222) ചെസാറിയ, സിറിയാ-പലസ്തീനാ പ്രൊവിൻസിന്റെ മെത്രോപ്പോളീസ് ആയി. തദ്ഫലമായി അവിടത്തെ മെത്രാൻ മെത്രാപ്പോലീത്താ ആയി. നിഖ്യാ സൂനഹദോസ് (കാനൻ, 7) അതംഗീകരിക്കുകയും ചെയ്തു. 451- ലെ കൽക്കദോനിയാ സൂനഹദോസ് വരെ ഈ നില തുടർന്നു. 451-ൽ ചെസാറിയ യറുശലേം പാത്രിയാർക്കേറ്റിന്റെ കീഴിൽ വന്നു.

21a. L. I. Levine, *Caesarea under Roman Rule*, Leiden, 1975, p.41

21b. റോമൻ സാമ്രാജ്യത്തിൽ വിവിധ രീതികളിൽ കോളനികളുണ്ടായി. 1) ജനവാസമില്ലാത്ത സ്ഥലത്ത് (അഥവാ ഉണ്ടായിരുന്നത് മാറ്റിയിട്ട്) പുതിയതു സ്ഥാപിക്കുന്നു. ഉദാ; എമെരിതാ (സ്പെയിൻ). 2) അർഹതയുള്ള സമൂഹത്തിന് ഇത് അനുവദിക്കുന്നു. 3) ഹെല്ലനിക പോളിസ് (polis) കളിൽ ഒരു കൂട്ടം റോമാക്കാരെ - മിക്കവാറും പട്ടാളക്കാരെ-പാർപ്പിക്കുന്നു. ഉദാ: സിനോപേ. (Colonia Julia Felix Synopensis). 4) റോമൻ പട്ടാളക്കാരെയും (retired), പട്ടണവാസികളെയും ഒന്നിച്ചു താമസിപ്പിക്കുക. ഗ്രീക്ക് പോളീസിലെ പൗരന്മാരെ പുതിയ കോളനിയുടെ പൗരന്മാരായി അംഗീകരിക്കുക. ഉദാ: പിസീദിയായിലെ അന്ത്യോക്യ. കൈസറിയായിലെ കോളനി ഈ നാലാം വിഭാഗത്തിൽ പെടും. പേര്: കൊളോണിയാ പ്രീമാ ഫ്ളാവിയാ അഗ്ഗുസ്താ ചെസറെൻസിസ് (L. I. Levine, p. 35).

22. എവു സഭാ. 5. 27.



ചെസാറിയായിലെ അറിയപ്പെട്ട ആദ്യത്തെ മെത്രാൻ തെയോഫിലസാണ് (189-217).[23] അദ്ദേഹത്തിന്റെ പിൻഗാമി തെയോക്തിസ്തസ് ആണ്.[24]

ക്രി. വ. 230 നോടടുത്ത് ഒരിജെൻ അലക്സാണ്ഡ്രിയായിൽ നിന്ന് ചെസാറിയായിലെത്തുകയും അവിടെ ഒരു ദൈവശാസ്ത്ര കലാലയം തുടങ്ങുകയും ചെയ്തു.[25] ഒരിജന്റെ 'ഹെക്സപ്ളാ' ഉൾപ്പെടെ നിരവധി കൃതികൾ അവിടെ ഉണ്ടായിരുന്നു. പംഫീലസ് ഒരിജെന്റെ ഗ്രന്ഥശേഖരം വികസിപ്പിച്ചു.[26] 30,000 ചുരുളുകൾ ഈ ഗ്രന്ഥശേഖരത്തിൽ ഉണ്ടായിരുന്നു. എവുസേബിയസ് (+339) ഇത് ധാരാളമായി ഉപയോഗിച്ചു. ജറോം കുറേനാൾ ഇവിടെ പഠിച്ചു. ഏഴാം നൂറ്റാണ്ടിലെ അറബി ആക്രമണത്തിൽ ഈ ഗ്രന്ഥശേഖരം നഷ്ടപ്പെട്ടു. 1101-ൽ കുരിശുയുദ്ധക്കാർ ഈ പട്ടണം പിടിച്ചടക്കിയപ്പോൾ നഷ്ടക്കൂമ്പാരങ്ങളുടെയിടയിൽനിന്ന് ഒരു കാസാ ലഭിച്ചു. അന്ത്യത്താഴത്തിൽ നമ്മുടെ കർത്താവ് ഉപയോഗിച്ചതാണ് ഇതെന്ന് കരുതപ്പെടുന്നു. 1265-ൽ ഈ നഗരം തകർക്കപ്പെട്ടു.[26a]

## (2) സെബാസ്തെ (സമറിയ)

പഴയ ഇസ്രായേൽ രാജ്യത്തിന്റെ തലസ്ഥാനമായ സമറിയായുടെ സ്ഥാനത്തായിരുന്നു സെബാസ്തെ നഗരം. നെയാപ്പോളീസിന് ഏഴ് മൈൽ വടക്ക് പടിഞ്ഞാറ് ഇന്നത്തെ ബാസ്തിയെ (Bastiyeh) യുടെ സ്ഥാനത്ത് സ്ഥിതി ചെയ്തിരുന്നു. അലക്സാണ്ഡർ സ്ഥാപിച്ച ഒരു കോളനിയാണ് സെബാസ്തെ. അഗസ്റ്റസ് സീസർ ഇതും ഹെറോദേസിന് സമ്മാനിച്ചു. ഹെറോദേസ് ഇതു നന്നാക്കി സീസറിന്റെ നാമത്തിൽ ഒരമ്പലം പണിതു. അഗസ്റ്റസ് എന്നർത്ഥമുള്ള സെബാസ്തെയാ എന്ന് പേരുമിട്ടു.[27] റോമാക്കാരും ഗ്രീക്കുകാരും കച്ചവടക്കാരായ മറ്റാളുകളുമാണ് ഇതിൽ കൂടുതലായി അധിവസിച്ചിരുന്നത്. രണ്ടാം നൂറ്റാണ്ടിൽ ഇതിനടുത്തൊരു ഭൂകമ്പം ഉണ്ടാകുകയും നഗരത്തിന് വലിയ നാശനഷ്ടങ്ങളുണ്ടാകുകയും ചെയ്തു.

23. എവു സഭാ. 5:22.

24. എവു സഭാ 6: 19; 7: 14.

25. ജി. ചേടിയത്ത്, ആദിമസഭ. p. 278ff

26. അതേ കൃതി, p.313f.

26a. L. I. Levine, op. cit.

27. 'അഗുസ്തൂസ്' എന്നതിന്റെ ഗ്രീക്കാണ് 'സെബാസ്തെ.'

www.malankaralibrary.com



മിക്ക ശ്ലീഹന്മാരും സെബാസ്തെയിൽ പ്രസംഗിക്കുകയോ അവിടെക്കൂടെ കടന്നു പോകുകയോ ചെയ്തിട്ടുണ്ട്. ഫിലിപ്പോസ് ശ്ലീഹാ അവിടെ പ്രസംഗിച്ചു. ശെമയോനും യോഹന്നാനും അവിടെ പോയി കൈവച്ചു (നട. 8:5-25). ഇവിടുത്തെ സഭ അബ്ദിയ, ഏലീശാ, സ്നാപകയോഹന്നാൻ എന്നിവരുടെ കല്ലറകൾ സംപൂജ്യമായി കാത്തുസൂക്ഷിച്ചിരുന്നു. ജൂലിയൻ ചക്രവർത്തി (+ 363) ഈ കല്ലറകൾ തുറക്കുകയും തിരുശേഷിപ്പുകൾ തൂകിക്കളയുകയും ചെയ്തു. ബൈസൻറയിൻ കാലഘട്ടത്തിലും സ്നാപകയോഹന്നാനോടുള്ള ഭക്തി ഈ സ്ഥലത്തു നിലനിന്നു.

## (3) നാബ്ളുസ് (ഫ്ളാവിയാ നെയാപ്പൊളീസ്-ശിക്കെം)

ക്രി. വ. 72-ൽ വെസ്പാസ്യൻ സ്ഥാപിച്ച ഒരു കോളനിയാണ് നാബ്ലുസ്, പഴയ ശിക്കെം നഗരത്തിന്റെ സ്ഥാനത്താണിതു്. പ്രധാന കച്ചവടപാതകളെല്ലാം നാബ്ളുസിൽ കൂടി കടന്നു പോയിരുന്നതിനാൽ വാണിജ്യപരമായി തന്ത്രപ്രധാനമായ ഒരു നഗരമായിരുന്നതു്. അതു പേഗൻ മതങ്ങളുടെ ഒരാസ്ഥാനമായിരുന്നു. 'ശമറായർ' എന്നയാളുകൾ എന്നും അവിടെ പാർത്തിരുന്നു.

നാബ്ളുസിലാണ് വി. ജസ്റ്റിൻ ജനിച്ചതു്.[28] ശമറായരുടെ മതാചാരങ്ങളും പാരമ്പര്യങ്ങളും ജസ്റ്റിനു നന്നായി അറിയാമായിരുന്നു. നാബ്ളുസിലെ അറിയപ്പെടുന്ന ആദ്യത്തെ മെത്രാൻ ജന്നാരിയൂസാണ്. 314 ൽ അൻസീറാ സിനഡിലും 325 ൽ നിഖ്യായിലും ഇദ്ദേഹം സന്നിഹിതനായിരുന്നു. ആറാം നൂററാണ്ടിൽ ശമറായർ എമ്മാവൂസ് നിക്കോപ്പൊലീസിലെ ദൈവാലയത്തിനു തീയിട്ടു.

(c) **ഗലീലിയ (ഗ്ളീല):** ഗ്ലീലായിലെ സഭയുടെ ആരംഭത്തെപ്പററി ചർച്ച ചെയ്യാം.[28a]

## (1) തിബെരിയാദെ (തിബെരിയാസ്)

ഗ്ലീലാക്കടലിന്റെ പടിഞ്ഞാറു ഭാഗത്തു സ്ഥിതി ചെയ്യുന്നു. ഇന്നു തബര്യാ എന്നു് അറിയപ്പെടുന്നു. ക്രി. വ. 17നും 22നും മദ്ധ്യേ ഹേറോദേസ് അന്തിപ്പാസ് പണിതതാണ് ഈ നഗരം. ടൈബീരിയസ് സീസറിന്റെ ബഹുമാനാർത്ഥം തിബെര്യാദെ എന്നു പേരിട്ടു. ഈ സ്ഥലത്തു ധാരാളം പേഗൻ ആരാധനാലയങ്ങളുണ്ടായിരുന്നു. റോമൻ 'ഫോറ'ത്തിന്റെ മാതൃകയിൽ 'ഫോറ'വും 'സ്റ്റേഡി'യവും മററും ഹേറേദേസ് പണി കഴിപ്പിച്ചു.

28. ജി. ചേടിയത്തു്, അതേകൃതി. p. 121ff.

28a Paul Ternant, ''La Galili'e dans le message des Evangiles et l'origine de l'Eglise en Galilie in Proche Orient Chretien, 30, 1-4(1980), p. 75-131 ; ബൈബിൾ ഭാഷ്യം, 12/2 (1983) p. 148-150.



രണ്ടാം നൂററാണ്ടിൽ ഇതു യൂദന്മാരുടെ ഒരു കേന്ദ്രമായിരുന്നു. യാമ്നിയായിൽ തുടങ്ങിയവ തിബെരിയാദെയിലാണു പൂർത്തിയാക്കിയതു്. മിഷ്നാ, തൽമൂദ്, മസോറ എന്നിവ ഇവിടെ വികസിപ്പിച്ചെടുത്തു. പ്രശസ്തരായ പല റബിമാരും ഇവിടെ ജീവിച്ചു. മദ്ധ്യകാലഘട്ടത്തിൽ ജീവിച്ചിരുന്ന റബി മൈമോണിദെസിന്റെ (1135 - 1204) ശവകുടീരം ഇവിടുണ്ടായിരുന്നു.

തിബെര്യാദെയിൽ ഒന്നാം നൂററാണ്ടിൽ തന്നെ ക്രൈസ്തവരുണ്ടായിരുന്നെന്നു യൂദരേഖകൾ സാക്ഷിക്കുന്നു. കോൺസ്റ്റന്റൈൻ ചക്രവർത്തി ഇവിടൊരു മനോഹര ദൈവാലയം പണിതു. നിഖ്യാസൂനഹദോസിൽ ഈ നഗരത്തിൽ നിന്നുള്ള മെത്രാനെപ്പററി പരാമർശനമില്ല. ഒരുപക്ഷേ പ്രശസ്തമായൊരു ക്രൈസ്തവ കേന്ദ്രമായി അതു് അന്നു വളർന്നു കാണാനിടയില്ല.

## (2) ചെസാറിയാ ഫിലിപ്പി

പലസ്തീനയുടെ വടക്കേയററത്തുള്ള സ്ഥലം. പാനെയാസ് എന്നും അറിയപ്പെട്ടിരുന്നു. ഇന്നു ബനിയാസ് എന്നു് വിളിക്കപ്പെടുന്നു. പത്രോസ് വിശ്വാസപ്രഖ്യാപനം നടത്തിയതു് ഇവിടെ വച്ചാണ് (മത്താ. 16:13 ff). രക്തസ്രാവക്കാരി സ്ത്രീ (മത്താ. 9:20) ഇവിടുത്തുകാരിയായിരുന്നു എന്നു് എവുസേബിയസ് സാക്ഷിക്കുന്നു.[29] തന്റെ കാലത്തു് ഈ സംഭവം അനുസ്മരിപ്പിക്കുന്ന ഒരു പ്രതിമ ഇവിടുത്തെ ഒരു വീട്ടിലുണ്ടായിരുന്നെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു (സഭ. 6:18). യൂദക്രൈസ്തവർ ഇവിടെ ധാരാളമുണ്ടായിരുന്നു (സഭ. 8:17, 18).

## (3) നസ്രത്ത്

പരിശുദ്ധ കന്യകമറിയാമിന്റെ ഭവനം നസ്രത്തിലായിരുന്നു. യേശുവിന്റെ ബാല്യകാലം ചെലവഴിച്ചതു് അവിടെയാണ്. അതു് ഒരു ഗ്രാമപ്രദേശമായിരുന്നു. ഒന്നാം നൂററാണ്ടിലെ സഭയെപ്പററി വളരെയൊന്നും രേഖകളില്ല. എങ്കിലും ക്രൈസ്തവർ, പ്രത്യേകിച്ച് മറിയത്തിന്റെ കുടുംബത്തിൽപെട്ടവർ അവിടെ വസിച്ചിരിക്കാം. മദ്ധ്യകാലഘട്ടത്തിൽ മുഹമ്മദീയർ ഇവിടെയുള്ള പ്രധാന

29. എവു. സഭാ. 7. 28.

www.malankaralibrary.com



ക്രൈസ്തവ കേന്ദ്രങ്ങളെല്ലാം നശിപ്പിച്ചു. ഈയടുത്ത കാലത്ത് അവ പുനരുദ്ധരിക്കപ്പെട്ടിട്ടുണ്ട്. യേശു വളർന്ന ഭവനം, മാതാവ് വെള്ളം കോരിയിരുന്ന കിണർ എന്നിവയുടെ സ്ഥാനങ്ങളിൽ രണ്ടു ദൈവാലയങ്ങളുണ്ട്.

യേശുവിനെ നസ്രായൻ എന്നു വിളിച്ചിരുന്നു (മത്താ. 21:11; 2:23; യോഹ. 1:45; നട. 10:38). യേശുവിന്റെ ശിഷ്യർ നസ്രായർ എന്നും അറിയപ്പെട്ടിരുന്നു (നട. 24:5). കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികൾ മലങ്കര നസ്രാണികൾ എന്നു പ്രാചീന കാലത്തു വിളിക്കപ്പെട്ടിരുന്നു.[30]

## ഉപസംഹാരം

ആദ്യനൂററാണ്ടുകളിൽ പലസ്തീനയിൽ സഭ ആഴത്തിൽ വേരോടിയിട്ടില്ല എന്നു കരുതുന്നവരുണ്ട്. യറുശലേമിന്റെ തകർച്ചയ്ക്കു ശേഷം (135) യറുശലേം ക്രൈസ്തവരും മററു പലസ്തീനിയൻ ക്രൈസ്തവരിൽ ഭൂരിഭാഗവും യൂദന്മാരല്ലാത്തവരിൽനിന്നുള്ളവരായിരുന്നു. കർത്താവും ശിഷ്യന്മാരും പലസ്തീനയിലെ അറമായ ഭാഷ സംസാരിച്ചിരുന്നു. അതു സുറിയാനിഭാഷതന്നെയാണ്. പലസ്തീനയിലെ പ്രഗത്ഭരായ ക്രൈസ്തവസഭാ നേതാക്കന്മാരൊക്കെ പുറജാതിക്കാരിൽനിന്നുള്ളവരും ഗ്രീക്കുഭാഷ സംസാരിക്കുന്നവരും ആയിരുന്നു. വി. ജസ്റ്റിൻ, ജൂലിയസ് ആഫ്രിക്കാനുസ്, യറുശലേമിലെ അലക്സാണ്ഡർ, തെയോക്തിസ്റ്റസ്, പംഫീലസ്, എവുസേബിയസ് എന്നിവർ യഹൂദരല്ലായിരുന്നു. പലസ്തീനയിൽനിന്നു നിഖ്യാ സൂനഹദോസിൽ സംബന്ധിച്ച 19 മെത്രാന്മാർ ഗ്രേക്കോ – റോമൻ ഉത്ഭവം ഉള്ളവരായിരുന്നു. ഏലിയായിലെ ഗ്രന്ഥശേഖരത്തിൽ ഗ്രീക്കിലുള്ള പുസ്തകങ്ങൾ മാത്രമേ കാണുവാൻ എവുസേബിയസിനു സാധിച്ചുള്ളു.

30. 'നസ്രായർ' എന്ന നാമം സിറിയായിലെ ഒരു വിഭാഗം യഹൂദ - ക്രൈസ്തവർക്ക് നാലാംനൂററാണ്ടിലെ എഴുത്തുകാർ കൊടുത്തിരുന്നു. യഹൂദന്മാരുടെ ചില പാരമ്പര്യങ്ങളും ആചാരങ്ങളും പാലിച്ചിരുന്നു എന്നതൊഴിച്ചാൽ മററ് കാര്യങ്ങളിലെല്ലാം ഇക്കൂട്ടർ സത്യവിശ്വാസികളായിരുന്നു. 'എബ്രായരുടെ സുവിശേഷം' എന്ന കൃതി ഇക്കൂട്ടർ ഉപയോഗിച്ചിരുന്നു (cf. ജി. ചേടിയത്ത്, ആദിമ. p. 66). നസ്രാണികൾ, നസ്രായർ, നസ്രായർ എന്നീ പേരുകൾ തെററിദ്ധരിച്ച് 'നെസ്തോറിയർ' എന്ന് മനസ്സിലാക്കിയവരുമുണ്ട്. എപ്പി. പാഷ. 29.7. ൽ നസ്രായരെപ്പററി പറയുന്നു. ചേളേ - സിറിയായിലെ ബേറോയായിലും ദെക്കാപ്പോലീസിലെ പെല്ലായിലും ബാശാനിത്തിസിലെ കൊക്കാബായിലും ഇവരുണ്ടായിരുന്നു. നസ്രായർ യൂദസിനഗോഗുകളിലെല്ലാം ഉണ്ടായിരുന്നു എന്ന് ജറോം സാക്ഷിക്കുന്നു (ലേഖനം, 112.13).



ആദ്യനൂററാണ്ടുകളിൽ പലസ്തീനയിലെ ആരാധനാഭാഷ ഗ്രീക്കും അറമായയും ആയിരുന്നു. ഒരിജെൻ ഒരു വലിയ ഗ്രീക്കു പണ്ഡിതനായിരുന്നു. ജനങ്ങൾക്കു ഗ്രീക്കും അറമായയും അറിയാമായിരുന്നു. വി. ഗ്രന്ഥം ഗ്രീക്കിൽ വായിക്കുകയും അറമായയിൽ വ്യാഖ്യാനിക്കുകയും ചെയ്തുപോന്നു. അഞ്ചാം നൂററാണ്ടിൽപോലും ഈ രീതി ഉണ്ടായിരുന്നെന്ന് എജറിയാ സാക്ഷിക്കുന്നു. അഞ്ചാം നൂററാണ്ടോടുകൂടി അറമായ ഭാഷയിലുള്ള വിവർത്തനങ്ങൾ ഉപയോഗിച്ചു തുടങ്ങി.[31] പലസ്തീനയേക്കാൾ വേഗത്തിൽ സിറിയൻ – പേർഷ്യൻ പ്രദേശങ്ങളിലെ സെമിററിക് ക്രിസ്ത്യാനികൾ അറമായ (സുറിയാനി) വികസിപ്പിച്ചെടുത്ത് തങ്ങളുടെ ആരാധനാഭാഷയാക്കി. പലസ്തീനിയൻ സഭയാകട്ടെ കൂടുതൽ ഗ്രീക്കുമയമായി തീരുകയാണു ചെയ്തത്.

31. Cf. M. Largrange, L'origine de la version syro - palestinienne des Evangiles, in Rev. Bib. 34 (1925), p. 494; cf. A. Harnack, op. cit. p. 270, n. 1.

www.malankaralibrary.com

## അധ്യായം 3

# അറേബ്യയിലെ സഭ

യോർദ്ദാൻ നദിയുടെ കിഴക്കുഭാഗം മുതൽ അറേബ്യൻ മരുഭൂമി വരെയും തെക്ക് ഐലാത് വരെയും നീണ്ടു കിടക്കുന്ന സ്ഥലം റോമൻ സാമ്രാജ്യത്തിൽ ഒരു കാലത്ത് അറേബ്യൻ പ്രോവിൻസിൽ ഉൾപ്പെട്ടിരുന്നു. ഇദുമിയാ, മോവാബ്, പെരെയാ, ദെക്കാപ്പോലീസ് എന്നിങ്ങനെ അറേബ്യ വിഭജിക്കപ്പെട്ടിരുന്നു. തെക്കൻ അറേബ്യയിൽ നബാത്തെയർ വസിച്ചിരുന്നു. ഇദുമിയയുടെ തലസ്ഥാനം പെത്രാ. അമോന്യരുടെ തലസ്ഥാനം ഫിലാഡെൽഫിയാ (ഇന്നത്തെ അമ്മാൻ). നബാത്തെയരുടെ തലസ്ഥാനം ബോസ്ത്രാ (ബോസ്രാ). ദെക്കാപ്പോലീസിലെ പ്രധാന പട്ടണം പെല്ലാ. മററു പട്ടണങ്ങളാണ് ഗദാരാ, കാപ്പിത്തൊളിയാസ്, ഹൗറാൻ, മദാബാ, ഐലാ. 106 ൽ റോമാക്കാർ നബാത്തെയൻ രാജ്യത്തെ കീഴടക്കി. നബാത്തെയർ വലിയ കച്ചവടക്കാരായിരുന്നു. റോമൻ ആധിപത്യത്തോടുകൂടി നബാത്തെയൻ പ്രതാപം അസ്തമിച്ചു. ഡയോക്ലീഷൻ ചക്രവർത്തി പെത്രാ തലസ്ഥാനമാക്കി പലസ്തീന III (സലൂത്താരിസ്) എന്നൊരു പ്രവിശ്യ ഉണ്ടാക്കി. അതിൽ അറേബ്യൻ പ്രദേശങ്ങളും പലതും ഉൾപ്പെടുത്തി.

സഭാരംഭകാലത്തുതന്നെ അറേബ്യൻ പ്രദേശങ്ങളിൽ സഭ വേരോടി. ഇവിടുത്തെ ശ്ലീഹാ ആരാണെന്നു ഖണ്ഡിതമായി പറയാൻ സാദ്ധ്യമല്ല. ബേത്‌ലഹേമിൽ യേശുവിനെ കാണാനെത്തിയ വിദ്വാന്മാർ അറേബ്യയിൽനിന്നാണു വന്നതെന്നു വി. ജസ്റ്റിൻ അഭിപ്രായപ്പെടുന്നു.[1] പെന്തിക്കൊസ്തിദിവസം അറേബ്യയിൽനിന്നും യഹൂദന്മാർ യറുശലേമിൽ എത്തിയിരുന്നു. കർത്തൃസഹോദരനും യറുശലേം മെത്രാനുമായ യാക്കോബാണ് ഈ സ്ഥലങ്ങളിലെ സുവിശേഷകൻ എന്ന് 'ആദായിയുടെ പ്രബോധനം' എന്ന കൃതി സാക്ഷിക്കുന്നു. അതു് എത്രമാത്രം വാസ്തവമാണെന്നു തീരുമാനിക്കുക പ്രയാസമാണ്.

1. ജസ്റ്റിൻ, ട്രീഫോയുമായുള്ള സംവാദം, 77, 4; 78, 2, 5, 7.



ക്രി. വ. 70 ലും 135 ലും യറുശലേമിൽനിന്ന് അറേബ്യയിലേക്കു ക്രൈസ്തവർ പലായനംചെയ്തു. മൂന്നാം നൂററാണ്ടിൽ ഒരിജന്റെ കാലത്തോടുകൂടി അറേബ്യൻസഭയെപ്പററി നമുക്കു കൂടുതൽ വിവരം ലഭിക്കുന്നുണ്ട്. 214/5ൽ കരക്കള്ള എന്ന ചക്രവർത്തിയുടെ കാലത്തു റോമൻ ഗവർണർക്കുപദേശം നൽകാൻ ഒരിജൻ അറേബ്യയിലേക്കു പോയി.[2] 244 ൽ അറേബ്യൻ മെത്രാന്മാരുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് ബോസ്ത്രായിലേക്ക് അദ്ദേഹം ഒരു യാത്ര നടത്തി. ക്രിസ്തുവിനെ സംബന്ധിച്ചു വച്ചുപുലർത്തിയിരുന്ന അബദ്ധാഭിപ്രായത്തിൽനിന്നു ബോസ്ത്രായിലെ ബെരില്ലസ്മെത്രാനെ പിൻതിരിപ്പിക്കാൻ ഒരിജന് സാധിച്ചു.[3] 245 ൽ ത്രിത്വസംബന്ധമായ ചർച്ചകൾക്കായി ഒരിക്കൽക്കൂടി ഒരിജൻ അറേബ്യയിൽ പോയി.[4] ഹെറാക്ലീദെസുമായി ഒരിജൻ നടത്തിയ ചർച്ചകൾ ഉൾക്കൊള്ളുന്ന രേഖ 1941 ൽ ടൂറായിൽനിന്നു കണ്ടെടുത്ത പപ്പീറസിൽ കാണുന്നു.[5]

ഇനിയും അറേബ്യയിലെ പ്രധാന കേന്ദ്രങ്ങളെ ഓരോന്നായി അപഗ്രഥിക്കാം.

### പെത്രാ

അലഞ്ഞുനടന്ന നബാത്തെയർ ക്രി. മു. 312 ൽ പെത്രായ്ക്കടുത്തു താമസമാക്കാൻ തുടങ്ങി. പെത്രാ എന്നതു ഗ്രീക്കു നാമമാണ്. അതിന്റെ പ്രാചീനനാമം സേലാ എന്നായിരുന്നു. ഇന്ന് ഇതു് ഒരു നഷ്ടക്കൂമ്പാരമാണ്. വളരെയധികം ഗ്രീക്കു സ്വാധീനം ഈ പട്ടണത്തിലുണ്ടായി. ഈ സ്ഥലത്തു് സഭ വളർന്നതിന്റെ ലക്ഷണങ്ങളുണ്ട്. 358_ൽ ഇതു് പലസ്തീന സലൂത്താരിസ് എന്ന റോമൻ പ്രവിശ്യയുടെ തലസ്ഥാനമായിരുന്നു. 'മഹത്തായ നഗരം' എന്ന് ഇതറിയപ്പെട്ടു.[5a]

### ഫിലാഡെൽഫിയ

ഇന്നത്തെ യോർദ്ദാന്റെ തലസ്ഥാനമായ അമ്മാന്റെ പഴയ പേരാണിതു്. ഇതു് അമ്മോന്യരുടെ പ്രധാന നഗരമായിരുന്നു. ദാവീദ്

2. എവു. സഭാ. 6.19.15
3. എവു. സഭാ. 6.33
4. എവു. സഭാ. 6.37.
5. J. Scherr, Entretien d'Origene avec Heraclide, (SC), Paris 1960. ജി. ചേടിയത്ത്, ആദിമസഭയുടെ സന്ദേശം, p. 286-287.

5a. Illustrious city: L. I. Levine, 47.

www.malankaralibrary.com



ഇതാക്രമിച്ചു കീഴടക്കി. ടോളമി II ഫിലാഡെൽഫൂസിന്റെ ബഹുമാനാർത്ഥം ഫിലാഡെൽഫിയ എന്നു പേരിട്ടു. ക്രി. വ. 635-ൽ അറബികൾ അതു് അമ്മാൻ എന്നാക്കി. ഫിലാഡെൽഫിയാ ഒരു വലിയ കച്ചവടകേന്ദ്രമായിരുന്നു. ഫിലാഡെൽഫിയായിലെ മെത്രാൻ നിഖ്യാ സൂനഹദോസിൽ സന്നിഹിതനായിരുന്നു.

## ബോസ്ത്രാ

അറബിയിൽ ബുസ്രായെന്നും ഹീബ്രുവിൽ ബൊസ്ര എന്നും വിളിക്കപ്പെടുന്നു. നബാതെയൻ രാജ്യത്തിന്റെ തലസ്ഥാനമായിരുന്നിതു്. ഇവിടത്തെയാളുകൾ അറബി കലർന്ന അറമായ (നബാതെയൻ) സംസാരിച്ചിരുന്നു. റോമിന്റെ അറേബ്യൻ പ്രവിശ്യയുടെ തലസ്ഥാനമായതോടുകൂടി ബോസ്രാ ഒരു മിലിററി കേന്ദ്രമായി തീർന്നു. ക്രിസ്തുവിന്റെ കാലത്തു് ഇവിടെ ഭരിച്ചിരുന്നതു് അരേതോസ് IV (ക്രി. മു. 9-ക്രി. വ. 40) എന്ന രാജാവായിരുന്നു. ഈ രാജാവിന്റെ മകളെയാണു് ഹേറോദേസ് അന്തിപ്പാസ് വിവാഹം ചെയ്തതു്. ഹേരോദ്യയെ കൂടെതാമസിപ്പിച്ചപ്പോൾ ഇവളെ ആട്ടിയോടിച്ചു (മത്താ. 14:3-4). ഡമാസ്കസിൽവച്ചു് അരേതോസിന്റെ എത്നാർക്ക പൗലോസിനെ പിടിക്കാൻ ശ്രമിച്ചെങ്കിലും പൗലോസ് രക്ഷപ്പെട്ടു (2കൊറി.11:32). ബെരില്ലസ്, (222-235), തീത്തൂസ് (362-378) ആദിയായവരാണു് ബൊസ്രായിലെ അറിയപ്പെട്ട ആദ്യകാല മെത്രാന്മാർ.[6] നിഖ്യായിൽ ഇവിടത്തെ മെത്രാൻ സംബന്ധിച്ചു. തീത്തൂസിന്റെ കാലത്തു വളർന്നു വികസിച്ച ഒരു ക്രൈസ്തവസമൂഹം അവിടെ ഉണ്ടായിരുന്നു. ശ്ലീഹന്മാരുടെ ഡിഡസ്കാലിയ അവിടെയാണു് എഴുതപ്പെട്ടതു്.

## പെല്ലാ

പെല്ലാ ഒരു ഗ്രീക്ക നാമമാണു്. ഇന്നു തബക്കാത് ഫാഹിൽ എന്നറിയപ്പെടുന്നു. ഇവിടെ സഭ വളരെ നേരത്തെ വേരുറച്ചിരുന്നു. പഴയനിയമം ഇവിടത്തെ സഭയിൽ ഹീബ്രുവിൽ വായിച്ചിരുന്നെന്നു് എപ്പിഫാനിയസ് സാക്ഷിക്കുന്നു. മത്തായിയുടെ സുവി

6. ബെരില്ലസ് (222-235), മാക്സിമൂസ് (263-9), നിക്കോമാക്കൂ് (325നു മുമ്പ്-341 നു് ശേഷം), തീത്തൂസ് (362-378), ബഗാദിയൂസ് (381 നു മുമ്പ്-394 നു ശേഷം), അന്തിയോക്കസ് (431 നു മുമ്പ്-433 നു ശേഷം), കോൺസ്റ്റന്റൈൻ (448/9 നു മുമ്പ്-451 നു ശേഷം), അന്തിപാത്തർ (Antipater : 457 നുമുമ്പ്-458 നു ശേഷം), യൂലിയൻ (512/3 നു മുമ്പ്-518 നു ശേഷം), യോർദാനസ് (527), യോഹന്നാൻ (539 നു മുമ്പ്-553 നു ശേഷം), ശിമയോൻ (6th c). cf. Jacob Hijazin, L'eglise d'arabie, Rome 1979, p.27-29.



ശേഷം മൂലഭാഷയിൽ ഇവിടെയാണെഴുതിയതു് എന്നു് കരുതുന്നവരുണ്ടു്. അരിസ്റ്റോ എന്ന വിശ്വാസസംരക്ഷകൻ പെല്ലായിലാണു ജനിച്ചതു്. പെല്ലായിലെ അറിയപ്പെടുന്ന ആദ്യത്തെ മെത്രാൻ ആറാം നൂററാണ്ടിലാണു് ജീവിച്ചിരുന്നതു്. ക്രി. വ. 70-ൽ നിരവധി ക്രൈസ്തവർ യറുശലേമിൽനിന്നു സമീപനഗരമായ പെല്ലായിലേക്കും ഓടിപ്പോയി.

## ഗദാറാ

ശ്ലീലാക്കടലിൽനിന്നു എട്ടു കി.മീ. തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ഒരു പട്ടണമാണിതു്. ഇതും ദക്കാപ്പൊലീസിലാണു്. 'ഗദാറാ' ഒരു ഗ്രീക്ക നാമമാണു്. ഇന്നിതു ബിർബർത്-എൽ-ഹമ്മെ എന്നറിയപ്പെടുന്നു. പലസ്തീനായോടു തൊട്ടുകിടക്കുന്നതിനാൽ ഒന്നിലധികം ശ്ലീഹന്മാർ ഈ സ്ഥലത്തു സുവിശേഷചൈതന്യം വിതറി.

## കാപ്പിത്തൊളിയാസ്

ഗദാറായുടെ തെക്കുകിഴക്കായി സ്ഥിതിചെയ്യുന്നു. ഇന്നു് ബത്-എർ-റാസ് എന്നറിയപ്പെടുന്നു. ഈ സ്ഥലത്തെ മെത്രാൻ നിഖ്യായിൽ സംബന്ധിച്ചിരുന്നു. ഹൗറാനിൽ ഒരു ക്രൈസ്തവസമൂഹം ഉണ്ടായിരുന്നു. ഫിലിപ്പ് എന്ന റോമൻ ചക്രവർത്തി ഇവിടെയാണു ജനിച്ചതു്.

## മദാബ

അമ്മാനിൽനിന്നു 28. കി.മീ. തെക്കുകിഴക്കാണു്. കൽക്കദോനിയായിൽ മദാബയിലെ മെത്രാൻ സംബന്ധിച്ചു. ആറും ഏഴും നൂററാണ്ടുകളിൽ ഇവിടത്തെ സഭ വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്നു.

സഭാരംഭകാലത്തു യോർദ്ദാന്റെ മറുകരയിൽ (ട്രാൻസ്‌യോർദ്ദാൻ) നിരവധി അബദ്ധോപദേശകർ ഉടലെടുത്തു.[7] പലസ്തീനയോടു തൊട്ടുകിടന്ന പ്രദേശമായതിനാൽ അറേബ്യയിൽ സഭ വളന്നു വികസിക്കാൻ എല്ലാ സാധ്യതയും ഉണ്ടായിരുന്നു. റോമാസാമ്രാജ്യത്തിനു വെളിയിലുള്ള അറേബ്യൻ പ്രദേശത്തും ക്രിസ്തുമതം വ്യാപിച്ചിരുന്നു.

7. എബിയോണീത്തർ, എൽക്കസെീത്തർ എന്നീ അബദ്ധോപദേശകർ യഹൂദക്രൈസ്തവരുടെ ഇടയിൽ ഉണ്ടായി. അവർ കൂടുതലായി ഈ പ്രദേശങ്ങളിലായിരുന്നു. യേശുക്രിസ്തുവിനെ വെറുമൊരു മനുഷ്യനായി കാണാനുള്ള പ്രവണത ഇവരുടെയിടയിൽ നിഴലിച്ചുനിന്നു.

www.malankaralibrary.com



ആദ്യകാലത്തുണ്ടായ സിനഡുകളിൽ അറേബ്യയിൽനിന്നുള്ള മെത്രാന്മാർ സംബന്ധിച്ചിരുന്നു.[8]

നിഖ്യാ സൂനഹദോസിൽ (325) താഴെപ്പറയുന്നവർ അറേബ്യയിൽനിന്നു സംബന്ധിച്ചു. ഫിലാഡെൽഫിയായിലെ മെത്രാൻ കുരിയോൻ (Cyrion), എസ്ബൂസിലെ (Esbus-Hisban) മെത്രാൻ ജെന്നാഡിയൂസ്, ദിയൊണീസിയായിലെ മെത്രാൻ സെവേത്രൂസ്.

അന്ത്യോക്യാ സിനഡിൽ (341) ഫിലാഡെൽഫിയായിലെ കുരിയോൻ പങ്കെടുത്തു.

സാർദിക്കാ സിനഡിൽ (343) ഗ്ഗർസായിലെ (ബോസ്ത്രാ? – ഗെരാസാ?) അന്തോണിയൂസ്, പെത്രായിലെ അസ്തേരിയൂസ് എന്നിവർ സംബന്ധിച്ചു.

സെലൂഷ്യാ സിനഡിൽ (359), പെത്രായിലെ അസ്റ്റേരിയൂസ്, അദ്രാ (Adra)യിലെ അറാബിയോൻ, ഗെരാസായിലെ എക്സ്ക്രേസിയൂസ്, 'അറബികളുടെ മെത്രാനായ' ബാറാക്കിയൂസ് (കോറെപ്പിസ്കോപ്പാ) എന്നിവർ പങ്കെടുത്തു.

അലക്സാന്ത്രിയൻ സിനഡിൽ (362) പെത്രായിലെ അസ്റ്റേരിയൂസ് സംബന്ധിച്ചു.

ക്രി. വ. 431-ലെ എഫേസൂസ് സൂനഹദോസിൽ അറേബ്യയിൽനിന്നു പങ്കെടുത്തവർ താഴെ പറയുന്നവരാണ്: നേവെയിലെ (Neve) പെത്രോണിയൂസ്, എസ്ബൂസിലെ സോസിയൂസ് (Zosius), അറബികളുടെ മെത്രാൻ പത്രോസ്, ഫൈനോയിലെ (Phaino) എലൂസ് (Eluse), അഗസ്റ്റോപോലീസിലെ അരിൻദെലാ.

ക്രി. വ. 448-ൽ എഡേസ്സായിലെ ഈബാസിനെതിരെ കൂടിയ സിനഡിൽ ബോസ്ത്രായിലെ കോൺസ്റ്ററൈൻറൻ, അദ്രായിലെ പ്രോക്കളൂസ് എന്നിവർ സംബന്ധിച്ചു. 448-ൽ എവുത്തിക്കുസിനെതിരെ കോൺസ്റ്റാൻറിനോപ്പിളിൽവച്ചു കൂടിയ യോഗത്തിലും ഈ പ്രോക്കളൂസ് സംബന്ധിച്ചു.

കൽക്കദോനിയാ സൂനഹദോസിൽ (451) ഇരുപതോളം മെത്രാന്മാർ നേരിട്ടോ പ്രതിനിധികരം വഴിയോ പങ്കെടുത്തു.

മർതീരിയൂസ് (478-486), ഏലിയാസ് I (494-516) എന്നീ യറുശലേം പാത്രിയർക്കീസന്മാർ അറബികളായിരുന്നു. നാലും

8. Cf. Jacob Hijazin, op. cit. p. 29-31



അഞ്ചും നൂററാണ്ടുകളിൽ അറേബ്യയിലെ രൂപതകൾ താഴെ പറയുന്നവയാണ്:[9]

1. ആർനോൺ മുതൽ യാബോക്ക് വരെ: എസ്ബുസ്, മദാബാ, ഫിലാഡെൽഫിയ, ഗെരാസ.

2. ബത്താനേ: അദ്രാ (ദേറാ), ഏറെസ്, നെയാപ്പൊളീസ്, നേവ്.

3. ഔറാനിത്തിദ്: ബോസ്ത്രാ, കനോത്ത, ദിയൊണീസിയാസ്, മാക്സിമിയാനോപ്പോളീസ്, നേലാ.

4. ലെഡ്ജാ (Ledja): കോൺസ്റ്റാൻസ്യാ, ഫേനാ (Phoena), സൊറാവ (Zorava).

റോമൻ സാമ്രാജ്യത്തിനു പുറത്തും റോമൻ സാമ്രാജ്യത്തിനുള്ളിലും അലഞ്ഞു നടക്കുന്ന (nomads) അറബികളുണ്ടായിരുന്നു. അവരുടെയിടയിലും സുവിശേഷം പ്രചരിപ്പിച്ചതിൻെറ ലക്ഷണങ്ങൾ കാണാനുണ്ട്.[10]

ക്രി. വ. 363-ലെ അന്ത്യോക്യൻ സിനഡിൽ ബോസ്ത്രായിലെ തീത്തുസിനെ കൂടാതെ 'അറബികളുടെ മെത്രാനായ' തെയോതീം (Teotime) പങ്കെടുത്തു. ഏതെങ്കിലും പ്രത്യേക സ്ഥലത്തോടു ബന്ധപ്പെടുത്തി ആയിരുന്നില്ല അദ്ദേഹത്തിൻെറ മെത്രാസനം. പിന്നെയോ വ്യക്തിപരമായിരുന്നു (personal jurisdiction). അലഞ്ഞു നടക്കുന്ന അറബികളുടെ കൂട്ടത്തിൽനിന്നുള്ള ക്രിസ്ത്യാനികളുടെ മേലെല്ലാം അദ്ദേഹത്തിനു് അധികാരം ഉണ്ടായിരുന്നു.

431-ലെ എഫേസൂസ് സൂനഹദോസിൽ 'അറബികളുടെ മെത്രാനായ' പീററർ ഒപ്പിട്ടിട്ടുണ്ട്. എഫേസോസിലെ രണ്ടാം സിനഡിൽ (449) – 'തസ്കരസംഘം' – പീറററിൻെറ പിൻഗാമി ഔക്സിലിയാവോസ് (Auxiliaos) പങ്കെടുത്തു. കൽക്കദോനിയാ സിനഡിൽ (451) 'സാരസന്മാരുടെ രാജ്യത്തിലെ' മെത്രാൻ യോഹന്നാനും ഒപ്പുവച്ചിട്ടുണ്ട്. യറുശലേം കൗൺസിലിൽ (518) ഒരു വാലെൻസ് സംബന്ധിച്ചു. പലസ്തീനിയൻ മെത്രാന്മാരുടെ സിനഡിൽ (536) 'അറബികളുടെ മെത്രാനായി' ഒരു പീററർ II-നെയത്രേ കാണുക.[11]

9. cf. ibid. p. 32-33.
10. cf. ibid. p. 41-44
11. cf. ibid. p. 39-41

www.malankaralibrary.com

## അധ്യായം 4

# സിറിയായിലെ ക്രൈസ്തവ സഭ

ഇന്നത്തെ സിറിയ, ലെബനോൻ, ഇസ്രായേലിന്റെ കുറെ ഭാഗം, യോർദ്ദാൻ, ടർക്കിയുടെ കുറെ ഭാഗങ്ങൾ, ഇറാക്കിന്റെ ചില ഭാഗങ്ങൾ എന്നിവ ഉൾപ്പെട്ടതായിരുന്നു സഭാരംഭകാലത്തെ 'സിറിയ'. കൂടെക്കൂടെ അതിർത്തികൾ മാററി കുറിക്കപ്പെട്ടിരുന്നു. അലക്സാണ്ഡറിന്റെ സൈന്യാധിപനായ സെലവുക്കസിന്റെ ഭരണത്തിൻകീഴിലായിരുന്നു ക്രി. മു. 312 മുതൽ 281 വരെ സിറിയായും അലക്സാണ്ഡറുടെ സാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗങ്ങളും. അദ്ദേഹത്തിന്റെ തലസ്ഥാനം ആദ്യം ബാബിലോണിയൻ പ്രദേശത്തായിരുന്നു; പിന്നീട് സിറിയൻ പ്രദേശത്തേക്കു മാററി. ബാബിലോണിയൻ പ്രദേശത്തെ പട്ടണത്തിനു തന്റെ നാമത്തിൽ സെലൂഷ്യ എന്നും സിറിയൻ പ്രദേശത്തെ പട്ടണത്തിനു തന്റെ മകനായ അന്ത്യോക്കസിന്റെ നാമത്തിൽ അന്ത്യോക്യ എന്നും പേരിട്ടു. സെലെവുക്കസ് നിക്കാറേറാർ (312_281), അന്ത്യോക്കസ് സൊട്ടെർ (281_261) എന്നിവർ വിസ്തൃതമായ സാമ്രാജ്യം ഭരിച്ചു. അന്ത്യോക്കസ് II (261_246), അന്ത്യോക്കസ് III (223_187) എന്നിവരുടെ ഭരണകാലത്തു വിവിധ പ്രദേശങ്ങൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അന്ത്യോക്കസ് IV എപ്പിഫാനസ് (175_164) കഴിവുള്ള സൈന്യാധിപനായിരുന്നെങ്കിലും നഷ്ടപ്പെട്ട പ്രദേശങ്ങളൊന്നും വീണ്ടെടുക്കാൻ സാധിച്ചില്ല. പലസ്തീനയിലെ മക്കബായൻ സമരങ്ങളൊക്കെ ഇയാളുടെ കാലത്താണു നടന്നത്. പിൽക്കാല സിറിയൻ ഭരണാധികാരികൾ അശക്തരായിരുന്നു. ചുററുമുള്ളവർ അവരുടെമേൽ ചാടിവീഴാൻ തക്കം നോക്കിക്കൊണ്ടിരുന്നു. ക്രി. മു. 86_ൽ തിഗ്രാനസ് I എന്ന അർമേനിയൻ രാജാവ് സിറിയ ആക്രമിച്ച് 66 വരെ തന്റെ കീഴിൽവച്ചു. ക്രി. മു. 64_ ൽ പോംപെ സിറിയായിൽ കടന്ന് അന്ത്യോക്കസ് പതിമൂന്നാമനെ സ്ഥാനഭ്രഷ്ടനാക്കി. സിറിയ എന്നൊരു റോമൻ പ്രോവിൻസ് സ്ഥാപിച്ചു. എന്നാൽ അതിന്റെ അതിർത്തികളൊന്നും വ്യക്തമായി കുറിക്കപ്പെട്ടിരുന്നില്ല. കപ്പദോചിയ, ഈജിപ്റ്റ്, അറേബ്യൻ മരുഭൂമി, യൂഫ്രട്ടീസ് നദി മധ്യധര



ണ്യാഴി എന്നിവയായിരുന്നു അതിർത്തികൾ.[1] പോംപെ പിടിച്ചെടുത്ത അവസരം റോമാക്കാർക്ക് അന്ത്യോക്യയുടെയും സമീപപ്രദേശങ്ങളുടെയും മേൽ മാത്രമേ നേരിട്ടുള്ള ആധിപത്യം ഉണ്ടായിരുന്നുള്ളു. മററു പ്രദേശങ്ങൾ സാമന്തഭരണാധികാരികൾക്കായി റോം വിട്ടുകൊടുത്തു.

അഗസ്റ്റസ് സീസറിനോടുകൂടി സിറിയാ മുഴുവൻ റോമൻ സാമ്രാജ്യത്തിന്റെ ഭാഗമായി. നാലു ലീജിയൻ പട്ടാളത്തെ സിറിയയിൽ പാർപ്പിച്ചു. ക്രി. വ. 194 ൽ സെപ്റ്റീമിയസ് സെവേരൂസ് സിറിയായെ രണ്ടു പ്രോവിൻസുകളായി തിരിച്ചു. വടക്കു ചേളേ സിറിയാ, തെക്ക് സിറിയാ ഫിനിഷ്യാ. ക്രി. വ. 201 വരെ ചേളേ സിറിയായുടെ തലസ്ഥാനം ലവൊഡീഷ്യയായിരുന്നു: പിന്നീട് അന്ത്യോക്യായിലേക്കു മാററി. സിറിയാ ഫിനിഷ്യായുടെ തലസ്ഥാനം ബെരീത്തുസായിരുന്നു.[2]

റോമൻ ഭരണകാലത്തു കച്ചവടവും കൃഷിയും സിറിയായിൽ വർദ്ധിച്ചു. നാലു ദിക്കുകളെയും യോജിപ്പിക്കുന്ന നഗരമായിരുന്നു അന്ത്യോക്യ. വിവിധ തരത്തിലുള്ള കച്ചവടക്കാർ അവിടെ സമ്മേളിച്ചിരുന്നു; കൈമാററങ്ങൾ നടത്തിയിരുന്നു. ഇന്നു മരുഭൂമിയായി കിടക്കുന്ന പല സ്ഥലങ്ങളും പണ്ടു ഫലസമൃദ്ധമായ വിളഭൂമിയായിരുന്നു. ഒറോന്തസ് നദീജലം കനാലുകൾ വഴി കൃഷിസ്ഥലങ്ങളിലെത്തിച്ചു.

സിറിയായിൽ ജനങ്ങൾ തിങ്ങിപ്പാർത്തിരുന്നു. വലിയ നഗരങ്ങൾ മുതൽ ചെറിയ ഗ്രാമങ്ങൾ വരെ അവിടെ കാണാം. ഗ്രാമവാസികൾ കൃഷിയിലും ആടുമേയ്ക്കലിലും, കച്ചവടത്തിലും കൈത്തൊഴിലുകളിലും ഏർപ്പെട്ടിരുന്നു.[3] പർവ്വതനിരകളിൽ ആടുമേയ്ക്കുന്നവർ അലഞ്ഞുനടന്നു. സമതലങ്ങളിൽ കൃഷിചെയ്യുന്നവർ; പട്ടണങ്ങളിൽ കച്ചവടം നടത്തുന്നവരും ഭരിക്കുന്നവരും ജീവിച്ചു. ഇങ്ങനെ പലതുകൊണ്ടും വൈവിധ്യം നിറഞ്ഞ ഭൂപ്രദേശമായിരുന്നു സിറിയാ. പട്ടണങ്ങളിൽ സുഖസമൃദ്ധിയുടെ അത്യുച്ചകോടിയിൽ വിഹരിച്ചിരുന്നവരും വിരളമല്ലായിരുന്നു.

---

1. A. Fortescue, *The Lesser Eastern Churches*, London 1913, p. 19-22.
2. ഇന്നത്തെ ലെബനോന്റെ തലസ്ഥാനമായ ബെയ്റൂട്ടാണ് പ്രാചീന ബരീത്തുസ്.
3. cf. G. Tchalenko, *Villages antiques de la Surie du Nord*, 3 vols. Paris, 1953-1958; M. I. Rostovtzeff, ''The Near East in the Hellenistic and Roman Times'', *The Dumbarton Oaks Papers*, 1 (1941), p. 25-40.

www.malankaralibrary.com



സെമിററിക് വർഗ്ഗത്തിൽപ്പെട്ട വിവിധതരം ആളുകൾ സിറിയായിൽ വസിച്ചിരുന്നു. വടക്ക് അരാമ്യർ, തീരദേശത്ത് ഫിനീഷ്യർ, പലസ്തീനയിൽ യഹൂദർ, തെക്കു കിഴക്ക് അറബികൾ, ചാവുകടലിനു തെക്ക് ഇദ്ദുമ്യർ, ഗ്രീക്കുനഗരങ്ങളിൽ ഗ്രീക്കു സംസ്കാരത്തിൽ മുങ്ങിക്കുളിച്ച ജനങ്ങൾ, റോമൻനഗരങ്ങളിൽ റോമൻ സാംസ്കാരിക സ്വാധീനത്തിലുള്ളവർ. അലക്സാണ്ടറുടെ മുന്നേററം പഴയ ബന്ധങ്ങളും ആചാരങ്ങളും മാററി പുതിയ ബന്ധങ്ങളും പുതിയ സംസ്കാരവും വാർത്തെടുത്തു. സിറിയായിൽ ഹെല്ലനിസവും 'ഓറിയൻറലിസ'വും തമ്മിലൊരാശ്ലേഷം നടന്നു; അതിൽനിന്നു പുതിയ രൂപഭാവങ്ങളുണ്ടായി. എന്നാൽ ആഴത്തിലേക്കിറങ്ങി അപഗ്രഥിക്കുമ്പോൾ ഹെല്ലനിസം നഗരങ്ങളിൽ ഒതുങ്ങിനിന്നതായും ഗ്രീക്കു നഗരങ്ങൾ ഒരു ഉപരിപ്ലവഘടകമായി നിലനിൽക്കുന്നതായും കാണാവുന്നതാണ്; മിക്കയിടങ്ങളിലും കാലാന്തരത്തിൽ ഓറിയൻറലിസം തലയുയർത്തിവന്നു. ചിലയിടങ്ങളിൽ ഹെല്ലനിസത്തെത്തന്നെ ഓറിയൻറലിസം മാററിക്കളഞ്ഞു. ഓറിയൻറലിസവുമായുള്ള ആശ്ലേഷത്തിൽ ഹെല്ലനിസം ഓറിയൻറലിസത്തെ പാടേ വിഴുങ്ങിയില്ല. ഡൂറാ–എവുറോപ്പോസിൽ നടത്തിയ ഗവേഷണങ്ങൾ ഇതു തെളിയിക്കുന്നു. ഗ്രീക്കു നഗരങ്ങൾ എന്നറിയപ്പെടുന്ന ഗ്രീക്കു കോളനികളിൽ ഗ്രീക്കു രീതിയിലുള്ള ഭരണമായിരുന്നു, ആദ്യമാദ്യം. എന്നാൽ വളരെ വേഗം പല കോളനികളും പൗരസ്ത്യരീതിയിലുള്ള ഭരണത്തിലേക്കു മാററി. എവുറോപ്പാസിൽതന്നെ അതിനും ഉദാഹരണങ്ങളുണ്ട്. കച്ചവടത്തിലെ വിവിധ ഘടകങ്ങൾ ഓറിയൻറൽ പ്രത്യേകതകൾ കാത്തുസൂക്ഷിച്ചു. പൽമീറാ പോലുള്ള കച്ചവടകേന്ദ്രങ്ങൾ പൗരസ്ത്യ വ്യാപാരികളുടെ കൈയിൽത്തന്നെയായിരുന്നു.

മതചിന്തയുള്ള ഒരു രാജ്യമായിരുന്നു സിറിയാ. ക്രൈസ്തവസഭാരംഭകാലത്തു നാടുനിറയെ വിഗ്രഹങ്ങളും വിജാതീയരുടെ അമ്പലങ്ങളുമായിരുന്നു. കച്ചവടബന്ധം വഴി മററു സ്ഥലങ്ങളിലെ ദേവന്മാർക്കും സിറിയായിൽ സ്ഥാനമുണ്ടായിരുന്നു. ദേവപ്രീതിക്കായി നരബലി, വ്യഭിചാരം തുടങ്ങിയ ഹീനകൃത്യങ്ങളും ചിലയിടങ്ങളിൽ നടന്നു. ഹഡ്രിയാൻ ചക്രവർത്തി അവയെല്ലാം കർശനമായി നിരോധിച്ചു. റോമൻ സൈന്യത്തിൻെറ രംഗപ്രവേശനത്തോടെ സൂര്യാരാധനയും സിറിയായിലെത്തി.[4] ഗ്രീക്കു നഗരങ്ങളിലെല്ലാം ഗ്രീക്കു ദേവന്മാർക്കായിരുന്നു പ്രാമാണ്യം.[5]

4. cf. G. H. Hasderghe, *The Cult of 'Sol Invictus'*, 1972.
5. cf. A. D. Nock, *Conversion*, The old and the new in religion from Alexander the Great to Augustine of Hippo, Oxford 1933



ഗ്രീക്കുകാർ സ്ഥാപിച്ച നഗരങ്ങളിൽ ഔദ്യോഗിക ഭാഷ ഗ്രീക്കായിരുന്നു;[6] വളരെക്കുറച്ചു പേർക്കേ ലത്തീൻഭാഷ സുഗ്രാഹ്യമായിരുന്നുള്ളു. സൈന്യത്തിൻെറയും കോടതിയുടെയും ഭാഷ ലത്തീനായിരുന്നു. സിറിയാക്കാർ പലരും സൈന്യത്തിൽ ചേർന്നപ്പോൾ ലത്തീൻ സിറിയായിലും വ്യാപിച്ചു. ഗ്രീക്ക്–ലത്തീൻ സ്വാധീനം മേലേക്കിടയിൽക്കൂടി കടന്നുപോയി. സാമാന്യജനങ്ങൾ അറമായ ഭാഷയുടെ വിവിധ വകഭേദങ്ങളാണു സംസാരിച്ചിരുന്നത്.[7] ഗ്രീക്ക് സാഹിത്യഭാഷയായപ്പോൾ അറമായ സാധാരണക്കാരുടെ ഭാഷയായി. പ്രാചീന പേർഷ്യൻ ഭരണകാലത്തു യൂഫ്രട്ടീസ് മുതൽ നൈൽവരെ ഔദ്യോഗിക ഭാഷ അറമായ ആയിരുന്നു.

സിറിയായിലെ പ്രധാന നഗരങ്ങളെപ്പററിയും അവിടെ ഉടലെടുത്ത ക്രൈസ്തവസമൂഹങ്ങളെപ്പററിയും വിശദീകരിക്കാം. പല

6 ഗ്രീക്കുനാമങ്ങളായിരുന്നു പല നഗരങ്ങൾക്കും: ഉദാ. പെല്ലാ, പിയേറിയ, കാൽചിസ്.
7 അറമായ ഭാഷയുടെ ഉത്ഭവം സംബന്ധിച്ച് പണ്ഡിതലോകത്തെ ചച്ച തീന്നിട്ടില്ല. പഴയ നിയമത്തിൽ അറമായ ഭാഗങ്ങളുണ്ട് (ദാനി.2-7; എസ്രാ 4-7; ജെറെ, 10:11). പഴയനിയമത്തിനു പുറത്തുള്ള ഏററം പ്രാചീനഅറമായ രേഖ ക്രി. മു 820 തിലേതാണ്. സെമിററിക് ഭാഷകളിൽ ഹീബ്രുവിനോട് ഏററം അടുത്ത ഭാഷ അറമായ ആണ് (cf J.I. Packer, (ed)., *Aramaic* in 'The Bible Almanac,' Nashville, 1980, p.345). പേർഷ്യൻ സാമ്രാജ്യത്തിലെ പ്രധാനപ്പെട്ട സെമിററിക് ഭാഷയായിരുന്നു അറമായ. പ്രവാസത്തിനുശേഷം അതു യൂദന്മാരുടെ പൊതുഭാഷയായി തീന്നു. അക്കാലം മുതൽ അവർ ഹീബ്രു ബൈബിൾ അറമായയിലേക്ക് വിവത്തനം ചെയ്തു തുടങ്ങി. "Aramaic and its dialects was the 'lingua franca' of the whole area from there southwards to Northern Arabia and eastwards to the Tigris, and non-Greek documents come from Nabataea, Judaea, Palmyra, Dura on the Euphrates, and Edessa- all of these being areas to which direct Roman rule was extended" (cf. F. Millar, *Roman Empire and Its Neighbours*, p 197). അർമേനിയായുടെ രണ്ട് പ്രവിശ്യകളിൽ സഭയുടെ ഔദ്യോഗികഭാഷ കുറെക്കാലം സുറിയാനിയായിരുന്നെന്ന് ഹാർനാക്ക് പറയുന്നു cf. A. Harnack, *The Expansion of Christianity*, vol.2. London 1908, p.201; cf. K. Luke, "Ashoka's Inscriptions in Aramaic from Afganistan" *Bible Bhasyam*, vol. 5, n. 3 (1979), p. 239-252.

അറമായയുടെ വകഭേദങ്ങൾ

1. പാശ്ചാത്യം (a) യൂദായിക്: തർഗ്ഗുമിക്, തൽമൂദിക് (പലസ്തീനിയൻ), മിദ്രാഷിക്. (b) ക്രിസ്ത്യൻ (പലസ്തീനിയൻ). (c) സമരിററൻ (d) നബാത്തെയൻ (e) പൽമീറൻ.
2. പൗരസ്ത്യം (a) സിറിയക്: കിഴക്കൻ (കൽദായ: നിബിസിൽ), പടിഞ്ഞാറൻ (അന്ത്യോക്യൻ, എഡേസ്സയിൽ) (b) തൽമൂദിക് (ബാബിലോണിയൻ); (c) മൻഡെയൻ. cf. J. B. Chabot, *Langues et Litteratures arameens*, Paris 1910.

www.malankaralibrary.com



തരം നഗരങ്ങളുണ്ടായിരുന്ന സിറിയായിൽ. ഗ്രീക്കുകാർ സ്ഥാപിച്ച ഗ്രീക്കനഗരങ്ങളും; അവയ്ക്കു ഗ്രീക്ക നാമങ്ങളായിരുന്നു; റോമാക്കാർ സ്ഥാപിച്ച നഗരങ്ങളും; പ്രാചീനനഗരങ്ങളും: അവയ്ക്കു പ്രാചീന നാമങ്ങളായിരുന്നു. താഴെ പറയുന്നവയാണു പ്രധാന നഗരങ്ങളും:[8]

(1) അന്ത്യോക്യ, (2) അപ്പമേയ, (3) സെലൂഷ്യാ-പിയേറിയ, (4) കാൽചിസ്, (5) ബെരിത്തൂസ്, (6) ആക്കോ, (7) ടയർ, (8) സീദോൻ, (9) ബിബ്ളോസ്, (10) ട്രിപ്പോളീസ്, (11) ഡമാസ്കസ്, (12) എമേസ്സാ, (13) അരെത്തൂസാ, (14) ബേറോയാ, (15) സൈറസ്, (16) സാമസോട്ട, (17) പൽമീറ, (18) ഗെരാസ്സാ, (19) ഹേലിയോപ്പൊളീസ്.

## അന്ത്യോക്യ

ക്രി.മു. 300 ൽ സെലൂവുക്കസ് (305-281 B.C) സ്ഥാപിച്ച പട്ടണത്തിനു 15 ച. മൈൽ വിസ്തീർണമുണ്ടായിരുന്നു. ഒരു ലക്ഷം ജനങ്ങളും അവിടെ വസിച്ചിരുന്നു.[9] റോമാക്കാർ ഈ നഗരം മോടിപിടിപ്പിക്കുകയും ഒരു സ്വതന്ത്രനഗരമായി (civitas libera) അംഗീകരിക്കുകയും ചെയ്തു; റോമൻ ചക്രവർത്തിമാർക്കെല്ലാം അന്ത്യോക്യയോടു പ്രത്യേക താൽപര്യം ഉണ്ടായിരുന്നു. നാലാം നൂററാണ്ടിൽ നഗരവാസികൾ ലഹളയുണ്ടാക്കി എന്ന കാരണത്താൽ തിയഡോഷ്യസ് ചക്രവർത്തി 'സ്വതന്ത്രനഗരം' എന്ന സ്ഥാനം എടുത്തുകളഞ്ഞു നഗരത്തെ തരംതാഴ്ത്തി; നഗരവാസികളുടെമേൽ നികുതിയും ചുമത്തി. എന്നാൽ നഗരത്തിൽ ഡാഫ്നെ വാതിൽ (Daphne gate) പണിയുകയും ഒരു പാളി സ്വർണംകൊണ്ടു വാതിൽ പൊതിയുകയും ചെയ്തു. അന്നുമുതൽ 'സ്വർണനഗരമായ അന്ത്യോക്യ' എന്ന് അതു് അറിയപ്പെടാൻ തുടങ്ങി. റോമാസാമ്രാജ്യത്തിലെ മൂന്നാമത്തെ നഗരമായിത്തീർന്ന അന്ത്യോക്യയെ തുടരെ തുടരെ റോമൻ ചക്രവർത്തിമാർ മോടിപിടിപ്പിച്ചു. റോമൻ രീതിയിലുള്ള എല്ലാ സൗകര്യങ്ങളും കെട്ടിടങ്ങളും കളിസ്ഥലങ്ങളും അവിടെ ഉയർന്നു.[10] ഇപ്രകാരമുള്ള അന്ത്യോക്യയിലാണു ശ്ലീഹന്മാർ രക്ഷാസന്ദേശവുമായി എത്തിയതു്.

8. G. Tchalanko, *op. cit.*
9. E.S Bourchier, *A Short History of Antioch, 300 B.C.-1268 A.D* Oxford 1921, p. 77-78; ആദിമസഭാപിതാക്കന്മാർ, 147 - 150, അന്ത്യോക്യൻ സഭ - ഉത്ഭവവും വളർച്ചയും, പേ .1-5.
10. പിൽക്കാല ഘട്ടങ്ങളിൽ അന്ത്യോക്യ അധ:പതിച്ചു. കാരണങ്ങൾ: (1)തുടരെത്തുടരെയുണ്ടായ ഭൂകമ്പങ്ങൾ. ക്രി. വ. 526 ലുണ്ടായ ഭൂകമ്പം കനത്ത ആഘാതമേല്പിച്ചു. (2) 538 ൽ പേർഷ്യൻ രാജാവ് ഖൊസ്രോ I ൻെറ നേതൃത്വത്തിലുള്ള ആക്രമണം. (3) 638 ലെ അറബി ആക്രമണം, (4) നാലും അഞ്ചും നൂററാണ്ടുകളിലെ മതപരമായ തർക്കങ്ങൾ. ഇന്നു



ഒന്നിലേറെ ശ്ലീഹന്മാരുടെ പരിലാളനമേല്ക്കുവാനുള്ള ഭാഗ്യം അന്ത്യോക്യയ്ക്കുണ്ടായി. പലസ്തീനിയൻ സഭയുടെ തുടർച്ചയായി വേണം. അന്ത്യോക്യയിലെ സഭയെ കാണുവാൻ. പെന്തിക്കോസ്തി ദിവസം യറുശലേമിൽ ഉണ്ടായിരുന്നവരും മതപീഡനം ഭയന്ന് ഓടിയവരും വളരെ ആരംഭകാലത്തുതന്നെ അന്ത്യോക്യയിൽ സുവിശേഷത്തിൻെറ വക്താക്കളായി തീർന്നു. ശ്ലീഹന്മാർ അന്ത്യോക്യയിൽ എത്തുന്നതിനു മുൻപുതന്നെ അന്ത്യോക്യയിൽ ഒരു ക്രൈസ്തവ സമൂഹം ഉണ്ടായിരുന്നു (നട.11). സുവിശേഷപ്രചരണം വർദ്ധിച്ചപ്പോൾ യൂദന്മാരിൽനിന്നും ജാതികളിൽനിന്നും നിരവധി യാളുകൾ ക്രിസ്ത്യാനികളായി. അവർ തമ്മിലുള്ള അകൽച്ച ശ്ലീഹന്മാരുടെ ചർച്ചകൾവഴി പരിഹരിക്കപ്പെട്ടു. യേശുവിൻെറ ശിഷ്യന്മാർ 'ക്രിസ്ത്യാനികൾ' എന്നറിയപ്പെട്ടതു അന്ത്യോക്യയിൽ വച്ചാണ് (നട. 11 : 26). 'ക്രിസ്ത്യാനി' എന്ന നാമം ഒരു പരിഹാസനാമമായിട്ടാണ് 180 ൽ പോലും അന്ത്യോക്യയിലെ പുറജാതികൾ കരുതിയതു് (തെയോഫിലസ്, ഔതോലിക്കസിനു് 1:12). അന്ത്യോക്യയിലെ ഒന്നാമത്തെ മെത്രാനായി കരുതപ്പെട്ടതു് മാർ പത്രോസിനെയാണ്. റോമിൽ പോകുന്നതിനു മുൻപ് ഏഴുവർഷം അദ്ദേഹം അവിടെ പ്രസംഗിച്ചു (33-40).[11] വി. പൗലോസും മററ് അപ്പസ്തോലന്മാരും അവിടെ പ്രസംഗിച്ചിട്ടുണ്ട്. അന്ത്യോക്യയിൽ നിന്നാണു വിവിധ സ്ഥലങ്ങളിലേക്കു ശിഷ്യന്മാർ പോയതു്. പ്രാരംഭകാലത്തു രണ്ടാമത്തെ യറുശലേമായി അന്ത്യോക്യ. യറുശലേമിൽ ക്ഷാമം ബാധിച്ചപ്പോൾ അന്ത്യോക്യയിലെ ക്രൈസ്തവർ അവരെ സഹായിച്ചു സഹവിശ്വാസികളോടുള്ള ഐക്യം പ്രകടമാക്കി (നട. 11: 27f; 13:1f). നടപടി പുസ്തകത്തിൽ അന്ത്യോക്യൻ സഭയെപ്പററി നിരവധി പരാമർശനങ്ങളുണ്ട്.

എവുസേബിയസ് സഭാചരിത്രത്തിൽ അന്ത്യോക്യൻ മെത്രാന്മാരുടെ ഒരു പട്ടിക നൽകുന്നു. പത്രോസിൻെറ പിൻഗാമിയായി ഏവോദിയോസും അതിനുശേഷം ഇഗ്നേഷ്യസും (+110) അന്ത്യോക്യൻ സഭയെ നയിച്ചു. അന്ത്യോക്യയ്ക്കു ചുററുമുള്ള മുള്ള സ്ഥലങ്ങളിലെല്ലാം സുവിശേഷം പ്രസംഗിക്കാൻ പ്രസ്തുത സഭ നേതൃത്വം

ടർക്കിയിലെ ഒരു ചെറിയ നഗരം മാത്രമാണിതു്. 1950 ലെ സെൻസസ് അനുസരിച്ച് 30000 ൽ പരമാളുകളെ അൻറാക്കിയ എന്ന സ്ഥലത്തുള്ളൂ. cf. A. S. Atiya, *A History of Eastern Christianity*, London 1966, p. 169 ff. ഇപ്പോൾ 50000 പേർ അവിടെയുണ്ടെന്നു് കാണുന്നു. J.M: Fiey-M.Davud, 'From rejection to symbiosis: The Syrian Catholic Church'', *The Future of the Oriental Catholic Churches*, Tiruvalla, 1979, p. 53, n. 2.

11. എവു. സഭാ.3.36.

www.malankaralibrary.com



നൽകി. നീറോയുടെ കാലത്തു (54–68) ഏവോദിയോസ് രക്തസാക്ഷിയായി മരിച്ചു. ട്രാജന്റെ കാലത്തു വന്യമൃഗങ്ങൾക്കെറിയപ്പെടാൻ ഇഗ്നേഷ്യസ് റോമിലേക്കയയ്ക്കപ്പെട്ടു.[12] 135 വരെയുള്ള മെത്രാന്മാരെല്ലാം യഹൂദന്മാരിൽനിന്നുള്ളവരായിരുന്നു. തെയോഫിലസ്, (169–177) സെറാപിയോൻ (199–211) ബാബിലാസ് (240–250) എന്നിവർ എണ്ണപ്പെട്ട അന്ത്യോക്യൻ സഭാനേതാക്കന്മാരായിരുന്നു. റോമൻ സാമ്രാജ്യത്തിലെ 'ഓറിയൻസ്' ഭാഗം മുഴുവന്റെമേലും അന്ത്യോക്യൻ മെത്രാന് അധികാരമുണ്ടായി. നിഖ്യാസൂനഹദോസ് അതു് അംഗീകരിക്കുകയും ചെയ്തു.[13] ഓറിയൻസിനു പുറത്തു പേർഷ്യൻ സാമ്രാജ്യത്തിലെ പ്രധാന സഭകളും ആരംഭകാലത്തു നേതൃത്വത്തിനുവേണ്ടി അന്ത്യോക്യയെ ആശ്രയിച്ചിരുന്നു.

അന്ത്യോക്യൻ സഭയ്ക്കു കളങ്കം വരുത്തിയ മെത്രാനാണു സാമസോട്ടക്കാരൻ പൗലോസ് (260–270). കൊമാഞ്ഞ് എന്ന പ്രൊവിൻസിന്റെ തലസ്ഥാനമായ സാമസോട്ടയിൽ ജനിച്ച പൗലോസ് പൽമീറയിലെ രാജ്ഞി സെനോബിയയുടെ സെക്രട്ടറിയും ധനകാര്യമന്ത്രിയും (ducenarius) ആയിരുന്നു. ക്രിസ്തു ഒരു സാധാരണ മനുഷ്യൻ മാത്രമാണെന്നും, ദൈവം യേശുവിനെ ദത്തെടുത്തു ദൈവപുത്രനാക്കിയെന്നും അദ്ദേഹം 260ൽ അന്ത്യോക്യയിൽ മെത്രാനായപ്പോൾ പഠിപ്പിച്ചു.[14] 263നും 268നും ഇടയ്ക്കു് അന്ത്യോക്യയിൽവച്ചു മൂന്നു സിനഡുകൾ കൂടുകയും 268ൽ പൗലോസിനെ മുടക്കുകയും ചെയ്തു.[15] മാൽക്കിയോൻ എന്ന വൈദികൻ ഈ യോഗത്തിൽ സാരമായ പങ്കു വഹിച്ചു. 'ത്രിത്വം മൂന്നു പേരുകളിൽ ഒതുങ്ങി നിൽക്കുന്നു; ക്രിസ്തു ദത്തുപുത്രനാണ്' എന്നിവ അബദ്ധാഭിപ്രായങ്ങളായി തള്ളപ്പെട്ടു. പിൽക്കാലത്തുണ്ടായ സഭാകലഹങ്ങളിൽപ്പെട്ടു് അന്ത്യോക്യൻസഭ ആടിയുലഞ്ഞു; നിരവധി പിളർപ്പുകൾക്കും കലഹങ്ങൾക്കും അതു സാക്ഷിയായി. നിഖ്യാസൂനഹദോ

12. cf. ജി. ചേടിയത്തു്, ആദിമസഭയുടെ സന്ദേശം, p. 21ff. 87,000 കാഴ്ചക്കാരുടെ ആർപ്പുവിളികൾക്കിടയിലാണ് ഇഗ്നേഷ്യസിനെ ക്രൂരമൃഗങ്ങൾ കടിച്ചുകീറി തിന്നതു്. (cf. A. S. Atiya, *op. cit.* p. 172-3). ട്രാജന്റെ കാലത്തു് (98-117) 11,000 പട്ടാളക്കാർ കൂട്ടത്തോടെ ക്രിസ്ത്യാനികളായി. ചക്രവർത്തി അവരെ അർമേനിയായിലേക്ക് നാടുകടത്തി. ഹഡ്രിയാന്റെ കാലത്തു് (117-138) അവരെയെല്ലാം കൂട്ടക്കൊല നടത്തി. (*ibid.* p. 174).
13. നിഖ്യാകാനൻ, VI: cf. ജി. ചേടിയത്തു്, സഭാപിതാക്കന്മാർ, കോട്ടയം, 1980, p. 207.
14. എവു. സഭാ 7. 27. 2; cf. ജി. ചേടിയത്തു്, സഭാപിതാക്കന്മാർ, p. 217-8; നിഖ്യാകാനൻ 19 പൗലിസ്ത്യരെപ്പറ്റിയാണ്.
15. 263. 266, 267/8. എന്നീ വർഷങ്ങളിലാണ് ഈ മൂന്നു സിനഡുകൾ. C. J. Hefele, *Histoire de Conciles*, vol. I, 1, Paris 1907, 195.



സിനുശേഷം (325) അന്ത്യോക്യൻ മെത്രാൻ എവുസ്താത്യോസ് 330ൽ നാടുകടത്തപ്പെട്ടു. മെലീഷ്യസിന്റെ കാലത്തു് (360–381) ഒരേ സമയം ഒന്നിലധികംപേർ യഥാർത്ഥ പിൻഗാമികളായി രംഗപ്രവേശം ചെയ്തു. ഒരേ സമയം രണ്ടു കത്തോലിക്കാ മെത്രാന്മാരും ഒരു ആര്യൻ മെത്രാനും ഒരു അപ്പൊള്ളിനാരിയൻ മെത്രാനും അവിടെ ഭരിച്ചു.

കോൺസ്റ്റന്റൈൻ ചക്രവർത്തി അന്ത്യോക്യയിൽ ഒരു മനോഹര ദൈവാലയം പണിതു. പണിപൂർത്തിയാകുന്നതിനു മുൻപ് അദ്ദേഹം മരിച്ചു (337). കോൺസ്റ്റാൻസ്യൂസ് (+361) എന്ന പിൻഗാമി 341ൽ അതിന്റെ ഉദ്ഘാടനം നിർവഹിച്ചു. നിരവധി മെത്രാന്മാർ കൂടി അതു കൂദാശ ചെയ്തു. തദവസരം അവിടെവച്ചു കൂടിയ സിനഡിൽ 'അന്ത്യോക്യയിലെ രണ്ടാം വിശ്വാസപ്രമാണം' എന്ന രേഖ പുറപ്പെടുവിച്ചു.[17] 97 മെത്രാന്മാർ അവിടെ സന്നിഹിതരായിരുന്നു.

## അന്ത്യോക്യൻ വിദ്യാപാഠശാല[16]

സഭാരംഭകാലത്തു് അന്ത്യോക്യയിൽ വളരെ പ്രശസ്തമായൊരു ദൈവശാസ്ത്രകലാലയം ഉയർന്നുവന്നു. ലൂസിയൻ (+312) ആണ് അതിന്റെ സ്ഥാപകൻ. അലക്സാണ്ഡ്രിയായിലെ മഹാനായ ഒരിജന്റെ ദൈവശാസ്ത്രകലാലയത്തിനു് സമാന്തരമായിട്ട് അതു ഉയർന്നുവന്നു. ഒരിജനും അലക്സാണ്ഡ്രിയാക്കാരും വ്യംഗ്യാർത്ഥ ഭാഷ്യത്തിനു മുൻതൂക്കം നൽകുന്നൊരു ദൈവശാസ്ത്രശാഖ വളർത്തിയെടുത്തപ്പോൾ അതിലെ കുറവു നികത്താനുള്ള ഒരു സംരംഭം എന്ന നിലയിൽ ചരിത്രപരവും വാച്യാർത്ഥപരവുമായ അംശങ്ങൾക്കു മുൻതൂക്കം നൽകിക്കൊണ്ടൊരു ദൈവശാസ്ത്രമണ്ഡലം വികസിപ്പിച്ചെടുക്കാൻ അന്ത്യോക്യക്കാർ തത്രപ്പെട്ടു. അരിസ്റ്റോട്ടലിന്റെ തത്ത്വശാസ്ത്രത്തിൽ പാദമൂന്നിക്കൊണ്ടു് ഒരുതരം 'റാഷണലിസ'ത്തിനു മുൻതൂക്കം കൊടുത്തിരുന്നു അന്ത്യോക്യയിൽ. അലക്സാണ്ഡ്രിയയാകട്ടെ പ്ലേറ്റോയുടെ മിസ്റ്റിസിസത്തിലത്രേ അടിസ്ഥാനമുറപ്പിച്ചു മുന്നേറിയതു്. ക്രിസ്തുശാസ്ത്രത്തിലും ഈ വൈവിധ്യം ദൃശ്യമായിരുന്നു. വേദപുസ്തകത്തിലും ചരിത്രത്തിലും അധിഷ്ഠിതമായി

16. അന്ത്യോക്യൻ സഭ – ഉത്ഭവവും വളർച്ചയും, പേ.12.
17. 'Concilium in encaeniis' (Council at the dedication). ചേളേ-സിറിയാ, ഫിനിഷ്യ, പലസ്തീന, അറേബ്യ, മെസപ്പൊട്ടേമിയ, സിലിഷ്യ ഇസാവുരിയ എന്നീ പ്രൊവിൻസുകളിൽ നിന്നുള്ള 97 മെത്രാന്മാർ സംബന്ധിച്ചു. 25 കനോനകൾ അവർ പാസ്സാക്കി. cf. NPNF². 14 p. 104ff; അതേ കൃതി, പേ. 238-251

www.malankaralibrary.com



യേശുക്രിസ്തുവിൽ നിന്നാണ് അന്ത്യോക്യ ക്രിസ്തുശാസ്ത്രം പണിതുയർത്തി മുകളിലേക്കു കയറുന്നത്. അലക്സാണ്ഡ്രിയായാകട്ടെ, 'വചന'മായ ദൈവത്തിലാരംഭിച്ചു താഴേക്കു വന്നു ചരിത്രത്തിൽ പ്രവേശിക്കുന്നു. അലക്സാണ്ഡ്രിയ വചനമായ ദൈവത്തിനു പ്രാധാന്യം കൊടുക്കുമ്പോൾ, അന്ത്യോക്യ വചനം എപ്രകാരം മനുഷ്യരക്ഷ മനുഷ്യനിലൂടെ നിർവ്വഹിക്കുന്നു എന്ന കാര്യം പ്രസ്പഷ്ടമാക്കുന്നു. അതായത് യേശുക്രിസ്തുവിന്റെ മാനുഷികവശത്തിനു പ്രാധാന്യം നല്കുന്നു. ദിയദോർ, തിയഡോർ, നെസ്തോറിയുസ്, തിയഡൊറെററ്, ജോൺ ക്രിസൊസ്റ്റോം ആദിയായവർ ഈ വിദ്യാപാഠശാലയിലെ പ്രഗത്ഭന്മാരാണ്.

നെസ്തോറിയൻ, ഏകസ്വഭാവവാദതർക്കങ്ങൾ അന്ത്യോക്യൻ സഭയെ കീറിമുറിച്ചു. കോൺസ്റ്റാന്റിനോപ്പിളിന്റെ ഉയർച്ച, കൽക്കദോനിയാ സൂനഹദോസിൽ വച്ചു യറുശലേം പാത്രിയാർക്കേററ് സ്ഥാപിച്ചത്, സൈപ്രസ് വേർതിരിക്കപ്പെട്ടത്, പേർഷ്യൻ സഭ 'സ്വതന്ത്രമായത്' എന്നിവയെല്ലാം അന്ത്യോക്യയെ ബലഹീനമാക്കി. തുടരെത്തുടരെയുള്ള ഭൂമികുലുക്കവും പേർഷ്യൻ – അറബി ആക്രമണങ്ങളും അന്ത്യോക്യൻ സഭയെ താറുമാറാക്കി. ഗ്രീക്കും അറമായയും കാലക്രമത്തിൽ അന്ത്യോക്യയുടെ ആരാധനാഭാഷയായി. പാത്രിയർക്കീസ് എന്ന നാമവും മററു മെത്രാന്മാരുടെ മേലുള്ള അധികാരവും അന്ത്യോക്യൻ മെത്രാനു ലഭിച്ചു. എങ്കിലും അന്തച്ഛിദ്രങ്ങൾ പ്രസ്തുത സഭയെ തളർത്തി.

## അപ്പമേയ

സെലെവുക്കസിന്റെ ഭാര്യയുടെ നാമത്തിൽ സ്ഥാപിതമായ ഒരു ഗ്രീക്കുനഗരമാണ് അപ്പമേയ. വളരെയധികം ഹെല്ലനീകരണം അവിടെ നടന്നു. ധാരാളം യൂദന്മാർ വസിച്ചിരുന്നതിനാൽ അവരിലൂടെ ക്രൈസ്തവസഭ വ്യാപിച്ചു എന്ന് കരുതാം. പ്രസ്തുത സ്ഥലത്തെ സഭാവളർച്ചയെ സംബന്ധിച്ചു വളരെയധികം രേഖകൾ ലഭിച്ചിട്ടില്ല. എൽക്കസീത്തരുടെ ഒരാസ്ഥാനം ഇവിടെയുണ്ടായിരുന്നുവെന്നും അവരുടെ നേതാവ് അൽചിബിയാദെസ് അവിടെ നിന്ന് റോമിലേക്ക് യാത്രചെയ്തെന്നും ഹിപ്പോളിററസ് രേഖപ്പെടുത്തിയിരിക്കുന്നു (ഫിലൊസൊഫുമെന, 9, 18).

## സെലൂഷ്യാ – പിയേറിയ

ഇന്നിത് സമൻഡാഗ് എന്നറിയപ്പെടുന്നു. ഒറോന്തസ് നദീതീരത്ത് അന്ത്യോക്യയ്ക്കടുത്താണ് സെലൂഷ്യ. ബാബിലോണിയായിലെ സെലൂഷ്യയിൽ നിന്ന് തിരിച്ചറിയാൻ പിയേറിയയിലെ സെലൂഷ്യ എന്ന് ഇതിനെ വിളിക്കുന്നു. ശ്ലീഹന്മാരുടെ പരിലാളനമേററവരാണ് ഇവിടത്തെ ക്രിസ്ത്യാനികൾ.



## ബെരീത്തുസ്

അഗസ്റ്റസ് സീസർ പണിയിച്ച് റോമൻ പ്രമാണികൾക്ക് (Veterans) കൊടുത്ത ഒരു കോളനിയാണ് ബെരീത്തുസ്. ഇന്നത്തെ ലബനോന്റെ തലസ്ഥാനമായ ബെയ്റൂട്ടാണ് പ്രാചീന ബെരീത്തുസ്. അവിടെ ഒരു നിയമപാഠശാല ഉയർന്നു വന്നു. കോളനിയുടെ ഔദ്യോഗിക ഭാഷ ലത്തീനായിരുന്നു. ഗ്രീക്കുനഗരങ്ങളുടെ മാതൃകയിലാണ് റോമാക്കാർ ഈ നഗരം പണിതത്.[18] ഒരു പിൽക്കാല ഹെല്ലനിക കാവ്യത്തിൽ ബെരീത്തുസിനെ 'ഐതരോസ് ഐകോൺ' എന്ന് വിളിക്കുന്നു.[19]

നാലാം നൂററാണ്ടു മുതൽ ബെരീത്തുസിൽ മെത്രാന്മാരുണ്ടായിരുന്നതായി രേഖകളുണ്ട്. നിക്കൊമേദിയയിലെ എവുസേബിയസ് ആദ്യം ബെരീത്തുസിലെ മെത്രാനായിരുന്നു. ചെസാറിയായിലെ പംഫിലസ് ജനിച്ചത് ഇവിടെയാണ്. 448 ൽ ഇവിടെ വച്ചു കൂടിയ ഒരു സിനഡ് ഈബാസിനെ സംബന്ധിച്ച് ചർച്ചകൾ നടത്തി. 440–ൽ തിയഡോഷ്യസ് II ചക്രവർത്തി ഇതിനെ ഒരു മെത്രാപ്പോലീത്തൻ ആസ്ഥാനമാക്കി. എന്നാൽ 451 ലെ കൽക്കദോനിയ സൂനഹദോസ് അത് അംഗീകരിച്ചില്ല.

**ആക്കോ** (Ptolemais) യിലെ ആദ്യത്തെ അറിയപ്പെടുന്ന മെത്രാൻ ക്ലാവുസ് ആണ്.

**ടയറിൽ** (Tyre– സൂർ) ധാരാളം ക്രൈസ്തവർ ഉണ്ടായിരുന്നെന്ന് എവുസേബിയസ് സാക്ഷിക്കുന്നു. വ്യവസായത്തിലും വാണിജ്യത്തിലും ടയർ മുൻപന്തിയിൽ നിന്നു. പ്രസ്തുത പ്രദേശങ്ങളിലെ സഭകളുടെ നേതൃത്വം ടയറിന് ലഭിച്ചു. രണ്ടാം നൂററാണ്ടിൽ തന്നെ ഈ പ്രാമാണ്യം ലഭിച്ചോ എന്നത് സംശയമാണ്. 'ഉയിർപ്പുതിരുനാൾ ചർച്ചകൾ'ക്കായി സംബന്ധിച്ച പലസ്തീനിയൻ സിനഡിൽ ടയറിലെ കാസ്സിയൂസും, ടൊളെമായിസിലെ ക്ലാരുസും ഏലിയായിലെയും ചെസാറിയായിലെയും മെത്രാന്മാർക്ക് വിധേയമായ നിലപാട് സ്വീകരിച്ചതായി കാണുന്നു.[20] എന്നാൽ അലക്സാണ്ഡ്രിയായിലെ ദിവന്നാസ്യോസിന്റെ ഒരു കത്തിൽ ടയറിലെ മരീനൂസിന് ഒരു മെത്രാപ്പോലീത്തൻ സ്ഥാനം ഉള്ളതായി സൂചനയുണ്ട്.[21] മക്സിമിൻ

---

18. cf. F. Millar, *op. cit.* p. 196
19. ikon of the clear sky, upper heaven (air); ഭൗമിക നഗരങ്ങളും നദികളും സ്ഥലങ്ങളും ആരാധനാലയങ്ങളും മുകളിലുള്ളവയുടെ പതിപ്പുകളാണ് എന്ന പ്ളറ്റോണിക് ചിന്തയുടെ പശ്ചാത്തലത്തിലാണു ബെരീത്തൂസിനെ കവി ഇപ്രകാരം വിളിക്കുന്നത്.
20. എവു. സഭാ. 5. 25
21. സഭാ. 7. 5. 1.

www.malankaralibrary.com



ഡയായുടെ മതപീഡനകാലത്തു് ടയറിൽ നിരവധി രക്തസാക്ഷികളുണ്ടായി.[22] ടയറിലെ മെത്രാൻ തിറാന്നിയോനെപ്പററിയും എവുസേബിയസ് പരാമർശിക്കുന്നു.[23] ഒരിജെൻ ടയറിൽവച്ചു് മരിക്കയും അവിടെത്തന്നെ സംസ്കരിക്കപ്പെടുകയും ചെയ്തു. എവുസേബിയസിൻെറ ഗുരുവും പ്രശസ്തനായ അന്ത്യോക്യൻ പ്രബോധകനുമായ ഡെറോത്തെവൂസിനെ റോമൻ ചക്രവർത്തി (ഡയോക്ളിഷനോ പിൻഗാമിയോ) ഒരു വാണിജ്യസംഘത്തിൻെറ നേതാവാക്കി നിയമിച്ചു.[24] മാക്സിമിൻഡയാ എന്ന ചക്രവർത്തി ക്രിസ്ത്യാനികൾക്കെതിരെ പുറപ്പെടുവിച്ച കല്പന എവുസേബിയസ് ടയറിലെ ഒരു ശിലാലിഖിതത്തിൽ നിന്നു പകർത്തി സഭാചരിത്രത്തിൽ ചേർത്തിട്ടുണ്ടു്.[25] ഫിനീഷ്യയിലെ ഏററം മനോഹരമായ ദേവാലയം ടയറിലാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.[26] സഭാചരിത്രത്തിലെ പത്താം പുസ്തകം ടയറിലെ മെത്രാനായ പൗളീനോസിനാണ് എവുസേബിയസ് സമർപ്പിച്ചിരിക്കുന്നതു്. ഇവിടത്തെ ക്രൈസ്തവ സമൂഹത്തെപ്പററി നമുക്കു് കൂടുതലായ അറിവു് ലഭ്യമല്ല. നടപടിയിൽ ഉള്ള സൂചന (21:4) ടയറിലെ സമൂഹത്തിൻെറ അപ്പസ്തോലികത വ്യക്തമാക്കുന്നു.

## ബിബ്ളോസ്

ഒന്നാമത്തെ അറിയപ്പെടുന്ന മെത്രാൻ യോഹന്നാൻ മർക്കോസാണു്. നാലാം നൂററാണ്ടിൽപോലും ബിബ്ലോസ് ഒരു പുറജാതി കേന്ദ്രമായിരുന്നു. നടപടി 11:19; 27:2-ൽ സീദോനിലെ സഭയെ പററി പരാമർശിക്കുന്നു. സെനോബിയൂസ് എന്ന വൈദികൻ അവിടെ മതപീഡനത്തിൽ മരിച്ചു എന്നു് എവുസേബിയസ് സൂചിപ്പിക്കുന്നു.[27]

## ട്രിപ്പൊളീസ്

നിഖ്യാസൂനഹദോസിനു മുൻപേ ട്രിപ്പൊളീസിനെപ്പററി പരാമർശനമുണ്ടു്.[28] അപ്പസ്തോലിക കാലത്തു് മാർതോണെസ് എന്ന മെത്രാൻ ഇവിടത്തെ മെത്രാനായിരുന്നെന്നു് 'അപ്പസ്തോലിക് കോൺസ്ററിററ്യൂഷൻസ്' (7, 46) രേഖപ്പെടുത്തിയിരിക്കുന്നു.

22. സഭാ. 8. 7. 1 (8.8).
23. സഭാ. 8. 13. 1; cf. പലസ്തീനിയൻ രക്തസാക്ഷികൾ, (പല. രക്ത), 5. 1 (7. 1).
24. സഭാ. 7. 32.
25. സഭാ. 9. 7
26. സഭാ. 10. 4
27. സഭാ. 8:13. 3.
28. പല. രക്ത. iii



നിഖ്യാസൂനു മുൻപു് ഹെല്ലാനിക്കസ് എന്ന ഇവിടത്തെ മെത്രാൻ ആരിയൂസിനെ എതിർത്തു.[29]

## ഡമാസ്കസ്

പ്രാചീന സിറിയായുടെ തലസ്ഥാനമായിരുന്നു ഡമാസ്കസ്. ഇപ്പോഴത്തെ സിറിയായുടെ തലസ്ഥാനവും ഇതു തന്നെ. ക്രി. മു. 16-ാം നൂററാണ്ടിലെ ഈജിപ്ഷ്യൻ രേഖകളിൽ ഈ പട്ടണത്തെപ്പററി പരാമർശനമുണ്ടു്. ക്രി. മു. 732-ൽ അസ്സീറിയൻ രാജാവു് തിഗ്ലത്തു് പിലേസർ മൂന്നാമൻ സിറിയായെ തോൽപിച്ചതോടുകൂടി ഡമാസ്കസിൻെറ പ്രാധാന്യം കുറഞ്ഞു. ഗ്രീക്കകാലഘട്ടത്തിൽ അന്ത്യോക്യ പ്രാമാണ്യത്തിലെത്തിയതിനാൽ ഡമാസ്ക്കസ് അധഃപതിച്ചു കിടന്നു.

യറുശലേമിൽ നിന്നു് ഡമാസ്കസിനുള്ള വഴി മദ്ധ്യേയാണു് പൗലോസ് മാനസ്സാന്തരപ്പെട്ടതു് (നടപടി, 9). അരേതോസിലെ എത്നാർക്കിനെ ഭയന്നു് പൗലോസ് ഡമാസ്കസിൽ നിന്നു് ഒളിച്ചു രക്ഷപ്പെട്ടു (1 കോറി: 11:32). അപ്പസ്തോലിക കാലം മുതൽ ഡമാസ്കസിൽ ക്രൈസ്തവരുണ്ടായിരുന്നു (നട. 10:2. 12f ).

ക്രി. വ. 317/9 ഓടുകൂടി ഡമാസ്കസിനടുത്തു് മാർസിയണീത്തരുടെ ഒരു സമൂഹം ഉണ്ടായിരുന്നു. ഇക്കാലഘട്ടത്തിൽ തന്നെ പലസ്തീനായിലും ഒരു മാർസിയണീത്ത മെത്രാനുണ്ടായിരുന്നു. മാക്സിമിൻഡയായുടെ മതപീഡനത്തിൽ അദ്ദേഹം മരിച്ചു.[30] അസ്ക്ലേപ്പിയൂസ് എന്നായിരുന്നു പ്രസ്തുത മെത്രാൻെറ പേരു്. അദ്ദേഹം പലസ്തീനായിൽ എവിടെ ഭരിച്ചിരുന്നു എന്നു് എവുസേബിയസ് വിവരിക്കുന്നില്ല. മതപീഡനത്തിൽ ഡമാസ്കസിലെ ക്രിസ്ത്യാനികളും നിരവധി സഹനങ്ങൾക്കു് വിധേയരായി.[31]

## എമേസ (ഹോംസ്)

ഇന്നു് ഹിംസ് എന്നറിയപ്പെടുന്നു. എമേസ ഒരു റോമൻ കോളനിയും കച്ചവടകേന്ദ്രവുമായിരുന്നു. സെപ്ററിമിയസ് സെവേരുസിൻെറ ഭാര്യ എമേസക്കാരിയത്രേ. ഈ നഗരം ഏറെനാൾ സൂര്യാരാധനയുടെ ഒരു കേന്ദ്രമായിരുന്നു.

ഇവിടത്തെ സഭ നാലാം നൂററാണ്ടോടുകൂടി വളരെ ശക്തിപ്പെട്ടു. സിൽവാനസ് വലിയ മതപീഡനകാലത്തു എമേസയ്ക്കു്

29. തിയഡൊറെററ്, സഭാ. 1. 4.
30. പല. രക്ത. 10. 1
31. എവു. സഭാ. 9. 5.

www.malankaralibrary.com



'ചുററുമുള്ള' പ്രദേശങ്ങളുടെ മെത്രാനായിരുന്നു.[32] എമേസയിലെ അക്രൈസ്തവരുടെ എതിർപ്പുമൂലം ക്രൈസ്തവർക്കു മതപീഡനകാലത്തു പട്ടണത്തിൽ താമസിക്കാൻ കഴിഞ്ഞില്ല. അവർ ചുററുമുള്ള ഗ്രാമങ്ങളെ അഭയം പ്രാപിച്ചു. എന്നാൽ സിൽവാനൂസിൻെറ പിൻഗാമിയായ അനാത്തോളിയൂസിനു നഗരത്തിൽ താമസിക്കാൻ സാധിച്ചു.

**അരെത്തുസാ**

ഇന്നു റെസ്റ്റാൻ എന്നറിയപ്പെടുന്നു. വിജാതീയരുടെ ഒരു വലിയ കേന്ദ്രമായിരുന്നതു്. ഒരു മർക്കോസ് മെത്രാൻ, ഇവിടെയുണ്ടായിരുന്ന വിജാതീയരുടെ ആരാധനാലയം നശിപ്പിച്ചു എന്നു പറയപ്പെടുന്നു.

**ബേറോയാ:** ഇന്നു് ഹാലേപ് എന്നറിയപ്പെടുന്നു.

**സൈറസ്** (കീറൂസ്) എന്ന നഗരത്തിലെ മെത്രാൻ 800 പള്ളികളുടെ അധിപനായിരുന്നു. തിയഡൊറെററ് സൈറസിലെ മെത്രാനായിരുന്നു.

**സാമസോട്ട** (സാംസാട്ട്). പ്രസിദ്ധനായ ലൂചിയൻ സാമസോട്ടക്കാരനാണ്; അന്ത്യോക്യൻ മെത്രാൻ പൗലോസും ഇവിടത്തുകാരനാണ്. സഭ ഈ സ്ഥലത്തു വേരുറച്ചതിൻെറ ലക്ഷണങ്ങളുണ്ട്.

**പൽമീറ**

ഇന്നിതു തദ്മൂർ എന്നറിയപ്പെടുന്നു. റോമാക്കാർ സിറിയ കീഴടക്കിയിട്ടും പൽമീറയെ കീഴടക്കിയില്ല. കച്ചവടത്തിൽ നിന്നു കിട്ടിയ സമ്പാദ്യം കൊണ്ടു് അതു റോമിനു കപ്പം കൊടുത്തുകൊണ്ടിരുന്നു. 373_ൽ ഔറേലിയൻ ചക്രവത്തി പൽമീറൻ രാജ്ഞി സെനോബിയായെ തോൽപ്പിച്ച് റോമിൻെറ ഒരു ഭാഗമാക്കി. റോമൻ ഭരണകാലത്തു് വളരെയധികം ജനബാഹുല്യമുള്ള ഒരു നഗരമായിരുന്നിതു് എന്നു നഷ്ടശിഷ്ടങ്ങൾ വിളിച്ചറിയിക്കുന്നു. പൽമീറാ എന്നതു് ഗ്രീക്കുനാമമാണ്. സിറിയൻ മരുഭൂമിയിലെ ഫലഭൂയിഷ്ഠമായ ഒരു ഓയസിസാണിതു്. ബാബിലോണിൽ നിന്നു ഡമാസ്കസിലേക്കുള്ള കച്ചവട ഗതാഗതം ഇവർ നിയന്ത്രിച്ചിരുന്നു. തദ്മോർ പണിതതു ശ്ലേമോനാണെന്നു പറയപ്പെടുന്നു (2 ദിനവൃ. 8:4). എന്നാൽ സെല്യൂസിഡ് ഭരണകാലത്താണ് അതു പ്രാമാണ്യത്തിലേക്കുയർന്നതു്. വളരെയധികം ഹെല്ലനിസത്തിനു വിധേയരായിരുന്നു ഇവിടുത്തെ അരമായർ. അവിടത്തെ ക്രൈസ്തവ സഭയെപ്പററി നമുക്കു് അധികം വിവരങ്ങൾ കിട്ടിയിട്ടില്ല.

32. സഭാ. 8. 13.



**ഹേലിയോപ്പൊലീസ്**

ക്രി. വ. 325 നു ശേഷം കോൺസ്റ്റൻൈറൻെറ നിർദ്ദേശപ്രകാരമാണ് ആദ്യത്തെ ക്രൈസ്തവദേവാലയവും മെത്രാനും ഉണ്ടായതു്.[33] ക്രൈസ്തവരാകാൻ ഇവിടത്തെ ജനങ്ങളെ ചക്രവത്തി പ്രേരിപ്പിച്ചു. എന്നാൽ ആറാം നൂററാണ്ടിൽ പോലും ഇതൊരു വിജാതീയ കേന്ദ്രമായിരുന്നു. 'വിഗ്രഹാരാധകരാകയാൽ, ഹേലിയോപ്പോലീസിലെ ഒററ മനുഷ്യൻ പോലും ക്രിസ്തുവിൻെറ നാമം ശ്രവിക്കാൻ കൂട്ടാക്കുന്നില്ല' എന്നു അലക്സാണ്ഡ്രിയായിലെ പീററർ വിലപിക്കുന്നു (തിയഡൊറെററ്, സഭാ. 4:19). മുഹമ്മദീയാക്രമണത്തിനു മുമ്പ് ഇവിടത്തെ ജനങ്ങളിൽ ഭൂരിഭാഗവും ക്രിസ്ത്യാനികളായിത്തീർന്നു. സിറിയക് രക്തസാക്ഷി വിവരണം ഹേലിയോപ്പൊലീസിലെ ഒരു രക്തസാക്ഷിയായ ലൂചിയൂസിനെപ്പററി സൂചിപ്പിക്കുന്നു. റോമാക്കാർ ഇവിടെനിന്നു് ക്രൈസ്തവരെ ലെബനോനിലേക്കു അടിമവേല ചെയ്യുവാൻ കൊണ്ടുപോയിരുന്നു.[34]

സിറിയൻ പ്രദേശം സഭാരംഭകാലത്തു് ഒരു ശക്തികേന്ദ്രമായി വത്തിച്ചു. നിഖ്യായുടെ കാലമായപ്പോഴേക്കും മിക്ക സ്ഥലങ്ങളിലും സഭയുടെ പ്രകാശമെത്തിയിരുന്നു. സിറിയായിലെ ആരാധനാഭാഷ ഗ്രീക്കായിരുന്നു. ജനങ്ങൾ അരമായ സംസാരിച്ചിരുന്നതിനാൽ അതും വിവിധ തരത്തിൽ ഉപയോഗത്തിലിരുന്നു. ഹെല്ലനിസത്തിൻെറ സ്വാധീനത്തിൽ മുഴുകിയിരുന്ന അന്ത്യോക്യയുടെ നേതൃത്വം ഗ്രീക്കു് ചിന്താഗതികളിലേക്കു സിറിയൻ സഭയെ നയിച്ചു. യറുശലേമിലും പലസ്തീനയിലും മുളച്ചു വന്ന ആരാധനക്രമം അന്ത്യോക്യയുടെ നേതൃത്വത്തിൽ സിറിയൻ മണ്ണിൽ പുതിയ രൂപഭാവങ്ങൾ സ്വീകരിച്ചു. സാരാംശത്തിൽ യറുശലേം ആരാധനാ രീതികളോടു് അവ സാമ്യപ്പെട്ടിരുന്നെങ്കിലും ഗ്രീക്കുശൈലികൾ അവർ കൂടുതലായി സ്വീകരിച്ചു.

33. എവു. കോൺസ്റ്റൻൈറൻെറ ജീവചരിത്രം, 3. 58: സൊക്രാട്ടെസ്, സഭാ. 1. 18

34. പല. രക്ത. 13. 2.

www.malankaralibrary.com

## അധ്യായം 5

# അർമേനിയൻ സഭ

### ഭൂപ്രദേശം

വടക്ക് കരാനദി, കിഴക്ക് കാസ്പിയൻ കടൽ, തെക്ക് മെസപ്പൊട്ടേമിയ, പടിഞ്ഞാറു യൂഫ്രട്ടീസ്നദി എന്നിവയ്ക്കിടയിലുള്ള ഭൂപ്രദേശമാണ് അർമേനിയ എന്നറിയപ്പെട്ടിരുന്നത്. ഉൽപത്തി പുസ്തകത്തിൽ പരാമർശിക്കുന്ന അറാറാത് (8:4) അർമേനിയായിലാണ്.

അന്ത്യോക്കസ് രാജാവ് (ക്രി. മു. 223–187) അർതാക്സിയാസിനെ അർമേനിയൻ ഗവർണറായി നിയമിച്ചു. അദ്ദേഹം അർതാക്ത നഗരം പണിതു. ക്രി. മു. 83–ൽ തിഗ്രാനസ് രാജാവ് സിറിയായും പലസ്തീനയും ആക്രമിച്ചു. വളരെയധികം യഹൂദരെ പലസ്തീനയിൽനിന്ന് അർമേനിയായിലേക്ക് നാടുകടത്തി. തിഗ്രാനസിന്റെ മുന്നേററത്തെ റോമും പാർത്തിയയും ഒപ്പം അമ്പരപ്പോടെ വീക്ഷിച്ചു. ലുക്കുള്ളസും പോംപെയും ചേർന്ന് ക്രി. മു. 66–ൽ തിഗ്രാനസിനെ തോൽപ്പിച്ചു.[1] ക്രിസ്തുവർഷാരംഭകാലത്ത് അർമേനിയായിൽ ഒരു യഹൂദരാജവംശം ഭരിച്ചിരുന്നു എന്നു കരുതുന്നവരുണ്ട്.[2] തിരിദാത്തെസ് എന്ന രാജാവിനെ റോമിൽവച്ച് നീറോ തന്നെയാണ് ക്രി.വ. 66–ൽ വാഴിച്ചത്. റോമൻ–പാർത്തിയൻ അതിർത്തി മാററിക്കുറിക്കലുകളിൽ അർമേനിയ മാറി മാറി പാർത്തിയയുടെയും റോമിന്റെയും സാമന്തരാജ്യമായിക്കഴിഞ്ഞു.

മാർക്കസ് ഔറേലിയസിന്റെ കാലത്ത് (161–180) അർതാക്ത നശിപ്പിക്കപ്പെട്ടു; വല[ഗ]ർഷ്പ്പാത്ത് എന്ന പുതിയ നഗരം പണിതു. തിരിദാതസ് III നെ 296–ൽ റോം അംഗീകരിച്ചതോടുകൂടി അർമേ

1. J. Neusner, *A History of the Jews in Babylonia*, Vol. 15 P. 60-61
2. *Ibid*. Vol, 12. p. 339-340



നിയ റോമൻ സംരക്ഷിതപ്രദേശം ആയിത്തീർന്നു. തിരിദാത്തെസും പ്രജകളും ക്രിസ്ത്യാനികളായി എന്നൊരു പാരമ്പര്യവുമുണ്ട്. സസ്സനിഡ് രാജാക്കന്മാർ അധികാരത്തിൽ വന്നപ്പോൾ അർമേനിയായിൽ അവരുടെ പക്ഷപാതിയായ ഒരാളെ ഭരണാധികാരിയായി നിയമിച്ചു. അർമേനിയായുടെ ഒരുഭാഗം (ചെറിയ അർമേനിയ) ഒരു റോമൻ പ്രവിശ്യയായിരുന്നു.

പേർഷ്യയിൽനിന്നുള്ള കച്ചവടപ്പാതകൾ സസ്സനിഡ് രാജാക്കന്മാർ നിയന്ത്രിച്ചപ്പോൾ അർമേനിയായിലൂടെയുള്ള പാതകൾ തങ്ങളുടെ നിയന്ത്രണത്തിൽ വയ്ക്കേണ്ടത് റോമിന്റെ ആവശ്യമായിരുന്നു.

### അർമേനിയൻ നഗരങ്ങൾ

(1) സെബാസ്റ്റ്യ (Sivas) (2) മെലിററീൻ (Melitene), ഇന്ന് മലാത്യ എന്ന പേരിൽ ടർക്കിയിലെ ഒരു സ്ഥലം (3) അഷ്ടിഷത്ത് (4) അർതാഷത് [അർതക്ത] (5) യെരവാൻ (6) വല(ഗ)ർഷപ്പാത്ത് (എക്മിയാഡ്സിൻ); 'ഏകജാതൻ താഴെക്കിറങ്ങിവന്നു' എന്നാണ് ഈ അവസാനപേരിന്റെ അർത്ഥം. (7) സതാല (Satala) (8) ദ്വിൻ (Dwin).

### അർമേനിയൻ സഭ

ആരംഭകാലത്തുതന്നെ അർമേനിയായിൽ സഭാസന്ദേശം എത്തി. അർമേനിയരുടെ പാരമ്പര്യമനുസരിച്ച് അവരുടേത് ഒരപ്പസ്തോലിക സഭയാണ്. തദ്ദേവൂസ്, ബർത്തലോമിയ എന്നിവർ അവരുടെയിടയിൽ സുവിശേഷവെളിച്ചം എത്തിച്ചു. ഉത്ഥാനം ചെയ്ത മിശിഹാ തന്നെ ഒരിക്കൽ അവരുടെയിടയിൽ പ്രത്യക്ഷനായി എന്നൊരു പാരമ്പര്യവും അർമേനിയർക്കുണ്ട്. ഔദ്യോഗിക രേഖകളിൽ 'അപരിഷ്കൃത നാടുകളിലെ സഭ' എന്നാണ് അക്കാലത്ത് അർമേനിയൻ സഭ അറിയപ്പെട്ടിരുന്നത്

അർമേനിയായിലെ അപ്പസ്തോലിക സഭയെ വളർത്തുന്നതിൽ വി. ഗ്രിഗറി ലൂസാവോറിററ്ഷ് (Illuminator) സാരവത്തായ പങ്കു വഹിച്ചു. കപ്പദോച്ചിയായിൽനിന്നാണ് ഗ്രിഗറിക്കു മെത്രാഭിഷേകം ലഭിച്ചത്. ഗ്രിഗറി അർമേനിയയിലെത്തി അവിടെ ഭരിച്ചുകൊണ്ടിരുന്ന യഹൂദരാജവംശത്തെ ക്രിസ്തുമതത്തിൽ ചേർത്തു. അതു മൂന്നാം നൂററാണ്ടിന്റെ അവസാനത്തിലാണ്. രാജാവായ തിരിദാത്തെസ് മൂന്നാമനോടുകൂടി ജനങ്ങളും ക്രിസ്ത്യാനി

www.malankaralibrary.com



കളായി. അങ്ങനെ അർമേനിയ ചരിത്രത്തിൽ അറിയപ്പെടുന്ന ആദ്യത്തെ ക്രൈസ്തവ രാജ്യമായി. ക്രി. വ. 274-ൽ അർമേനിയായിൽ ക്രൈസ്തവർ ഉണ്ടായിരുന്നു എന്ന് അലക്സാണ്ഡ്രിയായിലെ വി. അത്തനാസ്യോസ് സൂചിപ്പിക്കുന്നു.[3] നാലാം നൂറ്റാണ്ടിൽ ഖുസ്രാരാജാവിന്റെ കാലത്ത് (330 – 339) ജോർജിയ, അൽബാനിയ എന്നീ പ്രദേശങ്ങളിൽ സുവിശേഷം എത്തിക്കാനുള്ള സംരംഭങ്ങൾ നടന്നു. എവുസേബിയസ് അർമേനിയരെ ക്രിസ്ത്യാനികൾ എന്നുമാത്രം വിളിക്കുന്നു; അതായത് രാജ്യം മൊത്തത്തിൽ ക്രൈസ്തവമായി എന്നാണ് എവുസേബിയസ് സൂചിപ്പിക്കുന്നത്. മാക്സിമിൻ ഡയാ എന്ന റോമൻ ചക്രവർത്തിയുടെ അർമേനിയൻ ആക്രമണത്തെ മതപരമായ ഒരാക്രമണമായിട്ടാണ് എവുസേബിയസ് കാണുന്നത് (സഭാ. 9. 8. 2). റോമിന്റെ ഒരു സുഹൃദ് രാജ്യമായിരുന്നു അർമേനിയ. അവരെ മാക്സിമിൻ വിഗ്രഹാരാധനയ്ക്കു നിർബന്ധിച്ചു; അങ്ങനെ സുഹൃത്തുക്കളെ ശത്രുക്കളാക്കി.

കോൺസ്റ്റന്റൈൻ ക്രിസ്തുമതത്തിനു സ്വാതന്ത്ര്യം അനുവദിച്ചപ്പോൾ അദ്ദേഹം അർമേനിയൻ രാജാവിന്റെ കാൽപ്പാടുകളെ പിൻതുടരുക മാത്രമാണു ചെയ്തത്. നിഖ്യാ സൂനഹദോസിൽ അർമേനിയായിൽ നിന്നു രണ്ടു മെത്രാന്മാർ സംബന്ധിച്ചു: അരിസ്താക്കസ് (ഗ്രിഗറിയുടെ മകൻ), അക്രിത്തെസ്. അർമേനിയൻ സഭ ആദ്യമാദ്യം ചെസാറിയായുടെ നിയന്ത്രണത്തിലും പിന്നീട് എഡേസ്സ തുടങ്ങിയ സിറിയൻ സഭകളുടെ സ്വാധീനത്തിലും വന്നു. വലർഷപ്പാത്ത് കേന്ദ്രമാക്കിയായിരുന്നു സഭാപ്രവർത്തനം. ചെസാറിയായുടെ ഒരു സാമന്തരൂപതയായി വലർഷപ്പാത്ത് കരുതപ്പെട്ടു. മെത്രാൻ സ്ഥാനം ഗ്രിഗറിയുടെ കുടുംബത്തിൽതന്നെ നിലനിന്നു. അർമേനിയായിൽതന്നെ എല്ലായിടത്തും ഒരുപോലെ ക്രിസ്തുമതം സ്വീകാര്യമായില്ല എന്നു ചില രേഖകൾ സാക്ഷിക്കുന്നു. നിരവധി രക്തസാക്ഷികളും ആദ്യകാലത്തുണ്ടായി. ഇസാക്ക് എന്ന മെത്രാൻ അന്ത്യോക്യൻ സിനഡിൽവച്ചു ജോവിയൻ എന്ന റോമൻ ചക്രവർത്തിക്ക് (363–64) ഒരു കത്തയച്ചു.[4] അർസാക്ക് II രാജാവ് (350–367) ശ്രേഷ്ഠനായ നർസായിയെ 353–ൽ അർമേനിയായുടെ മെത്രാനായി തെരഞ്ഞെടുത്തു. കപ്പദോചിയായിൽവച്ചാണ് നർസായ് മെത്രാനായത്. അഷ്ടിഷതിൽ കൂടിയ സിനഡിൽ നർസായ് പല നവീകരണ ശ്രമങ്ങളും നടത്തി. സാമൂഹ്യപ്രവർത്തനങ്ങൾക്കു മുൻതൂക്കം കൊടുത്തു. അവയ്ക്കു വി. ബേസിലിന്റെ ശക്തമായ പിൻതുണയും ലഭിച്ചു.

3. De Incarnatione, PG. 25.118
4. സൊക്രാട്ടെസ്, സഭാ. 3. 25



പാപ്പ് എന്ന രാജാവ് (367–374) നർസായിയെ കൊന്നുകളഞ്ഞു. തുടർന്നുള്ള പ്രശ്നങ്ങളിൽ ബേസിൽ ഇടപെടേണ്ടി വന്നു. (ലേഖനം 120, 122).

യസ്ദ്ഗാർദ് I (399 – 420) ക്രിസ്തുമതത്തെ പീഡിപ്പിച്ചു. എന്നാൽ തിയഡോഷ്യസ് II ചക്രവർത്തി ഇടപെട്ടതിനാൽ വഹ്രം V (421–39) സ്വാതന്ത്ര്യം അനുവദിച്ചു. ശ്രേഷ്ഠനായ ഇസാക്ക് (390 – 438) എന്ന മെത്രാന്റെ കാലത്ത് വി. മെസ്റോപ്പ് (+439) അർമേനിയൻ ഭാഷയ്ക്ക് ഒരക്ഷരമാല ഉണ്ടാക്കി. മററു സന്ന്യാസികളുടെ സഹായത്താൽ അർമേനിയൻ സാഹിത്യത്തിനു തുടക്കം കുറിക്കാൻ അദ്ദേഹത്തിനു സാധിച്ചു. അന്നുവരെ സുറിയാനിയും ഗ്രീക്കുമായിരുന്നു ഔദ്യോഗിക ഭാഷകൾ. ആരംഭകാലത്ത് അർമേനിയൻ സാഹിത്യം മുഴുവൻ ക്രൈസ്തവമായിരുന്നു. അങ്ങനെ വി. ഗ്രന്ഥം, ഗ്രീക്ക്–സുറിയാനി സഭാപിതാക്കന്മാരുടെ കൃതികൾ എന്നിവ അർമേനിയൻ സഭയിലുണ്ടായി. എഫേസൂസ് സൂനഹദോസിലെ 'തെയോതോക്കോസ്' (ദൈവമാതാവ്) എന്ന പദപ്രയോഗം 435 ലെ അഷ്ടിഷത് സിനഡിൽ വച്ച് അർമേനിയാക്കാർ അംഗീകരിച്ചു.

## സെബാസ്തെ

സെബാസ്റ്റെയിലും സമീപപ്രദേശങ്ങളിലും ആരംഭത്തിൽതന്നെ സഭയുണ്ടായിരുന്നു എന്ന് എവുസേബിയസിൽ നിന്നു വ്യക്തമാണ്. അലക്സാന്ത്രിയായിലെ ദിവന്നാസ്യോസ് 'അർമേനിയായിലെ സഹോദരന്മാർക്ക്' എഴുതി; 'മെറുസാനെസ് (Meruzanes ആയിരുന്നു അവരുടെ മെത്രാൻ' (സഭാ. 6: 46). മെറൂസാനെസ് സെബാസ്തെയിലെ മെത്രാനായിരുന്നു. അതു നിഖ്യായുടെ കാലത്ത് ചെറിയ അർമേനിയായുടെ (റോമൻ പ്രവിശ്യായുടെ) തലസ്ഥാനമായിരുന്നു.

## മെലിററീൻ

മാർക്കസ് ഔറേലിയസിന്റെ കാലത്തുതന്നെ നാട്ടുകാരായ ക്രൈസ്തവർ മെലിററീനിലും സമീപപ്രദേശങ്ങളിലും ഉണ്ടായിരുന്നു. അവിടെ റോമൻ അതിർത്തിയിൽ നിലയുറപ്പിരുന്ന സൈന്യത്തിൽ (Thundering Legion) നാട്ടുകാരായ ധാരാളം ക്രൈസ്തവർ ഉണ്ടായിരുന്നു (എവു. സഭാ. 5.5). ഇവിടത്തെ ക്രിസ്തുസഭ വളരെ ശക്തവുമായിരുന്നു (സഭാ. 8: 6). ലിചീനിയസിന്റെ മതപീഡനകാലത്തുണ്ടായ (c. 320) നാൽപ്പതു രക്തസാക്ഷികളുടെ രക്തസാക്ഷി വിവരണം ഹൃദയസ്പർശിയാണല്ലോ. കട്ട

www.malankaralibrary.com



പിടിച്ചു കിടന്ന മഞ്ഞുകട്ടയുടെ മുകളിൽ നഗ്നരായി ഈ നാൽപ്പതുപേരെ റോമാക്കാർ നിർത്തി. ഒരു കുളത്തിലാണ് അവരെ നിർത്തിയത്: കുളക്കരയിൽ തിളച്ചവെള്ളം കൊണ്ടുവന്നുവച്ച് അവരെ പ്രലോഭിപ്പിച്ചു. ക്രിസ്തുവിനെ തള്ളിപ്പറയാൻ ശക്തമായ പ്രേരണ നൽകി. നാൽപ്പതിൽ ഒരാൾ പ്രലോഭനത്തിൽ വീണു; ക്രിസ്തുവിനെ തള്ളിപ്പറഞ്ഞു. അവൻെറ സ്ഥാനത്ത് ഉടനെ അക്രൈസ്തവരായ പട്ടാളക്കാരിൽ ഒരാൾ കയറി നിന്നു; അയാൾ ക്രിസ്തുശിഷ്യനായി. ബേസിൽ, ഗ്രീഗറി നീസ്സാ എന്നിവർ ഇവരുടെ രക്തസാക്ഷിത്വത്തെ വിവരിക്കുന്നു.* ഇവരുടെ തിരുശേഷിപ്പ് പുൾക്കേറിയാരാജ്ഞിയുടെ കാലത്ത് കണ്ടെടുക്കപ്പെടുകയും പൂജ്യമായി കരുതപ്പെടുകയും ചെയ്തു.

സെബാസ്തെയിലെയും സതാലായിലെയും മെത്രാന്മാർ നിഖ്യായിൽ സംബന്ധിച്ചു.

അർമേനിയൻ മെത്രാന്മാർ കൽക്കദോനിയ സൂനഹദോസിൽ സംബന്ധിച്ചില്ല. എന്നാൽ പിൽക്കാലത്ത് കൽക്കദോനിയയെ തിരസ്കരിച്ചവരുടെ കൂടെയാണ് അവരെ ചരിത്രത്തിൽ കാണുക. അഞ്ചാം നൂററാണ്ടിൽ അർമേനിയൻ മെത്രാപ്പോലീത്താ 'കാതോലിക്കാ' എന്ന സംജ്ഞ ഉപയോഗിക്കാൻ തുടങ്ങി. ആ നൂററാണ്ടിൽ പേർഷ്യാക്കാരുടെ മതപീഡനങ്ങളും അർമേനിയാക്കാർക്കു സഹിക്കേണ്ടിവന്നു.

അർമേനിയൻ ഭൂപ്രദേശം ഇന്നു പല രാജ്യങ്ങളിലുൾപ്പെട്ടു കിടക്കുന്നു. ഇറാൻ, ടർക്കി, റഷ്യ എന്നീ രാജ്യങ്ങളിലായി വിഭജിക്കപ്പെട്ടിരിക്കുന്നു. സ്വന്തം നാട്ടിൽനിന്നു പിഴുതെറിയപ്പെട്ട നിരവധിപേർ അമേരിക്കയിലും ആസ്ത്രേലിയായിലും ഉണ്ട്. വിവിധ പാത്രിയാർക്കീസുമാരുടെ കീഴിലായി ഓർത്തഡോക്സ് അർമേനിയർ ജീവിക്കുന്നു. ഗ്രിഗോറിയൻ അർമേനിയർ എന്ന് ഇവർ അറിയപ്പെടുന്നു. അർമേനിയായുടെ സുവിശേഷവൽക്കരണത്തിൽ സാരമായ പങ്ക് വഹിച്ച ഗ്രിഗറിയുടെ നാമത്തിലത്രേ അവർ അറിയപ്പെടുന്നത്. അർമേനിയൻ ഓർത്തഡോക്സ്സഭ മററ് 'ഏകസ്വഭാവവാദ' (കൽക്കദോനിയായെ അംഗീകരിക്കാത്ത) സഭകളുമായി സമ്പർക്കത്തിലാണ്,

അദ്ധ്യായം 6

# മെസൊപ്പൊട്ടേമിയ

ആധുനിക കാലത്തെ ഇറാക്ക്, ഇറാൻെറയും ടർക്കിയുടെയും സിറിയയുടെയും ഭാഗങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഭൂവിഭാഗമാണു മെസോപ്പൊട്ടേമിയ എന്ന് അറിയപ്പെടുന്നത്. യൂഫ്രട്ടീസ്, ടൈഗ്രീസ് നദീതടം എന്നാണർത്ഥം. സുറിയാനിയിൽ 'ബസ്നഹറീൻ' എന്നു പറയും. ഈ പ്രദേശത്തിൻെറയും ഈ പ്രദേശത്തു ഉടലെടുത്ത സാമ്രാജ്യങ്ങളുടെയും ചരിത്രം വിവരിക്കുകയാണ് ഈ അദ്ധ്യായത്തിൽ. അടുത്ത അദ്ധ്യായത്തിൽ ഈ പ്രദേശത്തെ സഭയുടെ ചരിത്രം വിവരിക്കാം.

ഈ പ്രദേശത്തിൻെറ തെക്കുഭാഗം ബാബിലോണിയ എന്നും വടക്കു ഭാഗം നിഷ്കൃഷ്ടാർത്ഥത്തിൽ മെസൊപ്പൊട്ടേമിയ എന്നും ഒരു കാലത്ത് അറിയപ്പെട്ടിരുന്നു. ഓരോരോ കാലഘട്ടങ്ങളിൽ വ്യത്യസ്ത പേരുകൾ ഈ പ്രദേശത്തിനു് ഉണ്ടായിരുന്നു. മഹാനായ അലക്സാണ്ഡറിനുശേഷം ഈ പ്രദേശമെല്ലാം സെല്യൂസിഡ് ഭരണത്തിലായിരുന്നു; സെല്യൂസിഡ് ഭരണം അസ്തമിച്ചു തുടങ്ങിയപ്പോൾ ഒരു ഭാഗം റോമൻ ഭരണത്തിലും ഒരു ഭാഗം പാർത്തിയൻ ഭരണത്തിലും വന്നു. റോമിൻെറയും പാർത്തിയയുടെയും മധ്യത്തിൽ 'ഒഷ്റേൻ' എന്ന നാട്ടുരാജ്യം കുറേനാൾ നിലനിന്നു. 'അദിയബേനെ' എന്ന മറെറാരു നാട്ടുരാജ്യത്തെ പാർത്തിയർ അവരുടെ സാമ്രാജ്യത്തിൽ ചേർത്തു. പാർത്തിയരെ തോൽപ്പിച്ച് അധികാരത്തിലെത്തിയ 'സസ്സനിഡ്' രാജാക്കന്മാർ ഏഴാം നൂററാണ്ടിൽ അറബികൾ പ്രബലരാകുന്നതുവരെ മെസോപ്പൊട്ടേമിയ ഭരിച്ചു. മെസൊപ്പൊട്ടേമിയയുടെ വടക്കുഭാഗത്താണു് അർമേനിയ.

www.malankaralibrary.com



## I. പാർത്തീയർ

പാർത്തീയർ അർസസീഡ് (Arsacid) രാജവംശം എന്നറിയപ്പെടുന്നു. 'പാർത്തി' എന്ന അലഞ്ഞുതിരിഞ്ഞു നടന്നവർ സ്ഥിരതാമസക്കാരായപ്പോൾ താമസിച്ച സ്ഥലത്തിനു പാർത്തിയ എന്ന പേരായി. കാസ്പിയൻ കടലിനു തെക്കുപടിഞ്ഞാറായിട്ടാണ് അവർ പാർത്തിരുന്നത്. അവരുടെ പ്രധാനിയായ അർസാസെസ് ഒന്നാമൻ ഒരു സാമ്രാജ്യത്തിന്റെ അടിസ്ഥാനമിട്ടു. (ക്രി. മു. 247/240). തന്മൂലം അവർ അർസസീഡ് എന്നറിയപ്പെടുന്നു. ക്രി. മു. 171-ൽ ഭരിച്ച മിത്രിദാത്തെസ് ഒന്നാമന്റെ കാലം മുതലാണ് പാർത്തീയർ ഒരു സാമ്രാജ്യമായി ഉയർന്നത്. പശ്ചിമ ഇറാക്ക്, മേദിയ (ക്രി. മു. 155) എന്നിവ കീഴ്പ്പെടുത്തി 141 ൽ സെലൂഷ്യയിലെത്തി. ക്രി. മു. 120 ൽ അവർ ഗ്രീക്കുകാരുടെ ആദ്യകാല തലസ്ഥാനമായിരുന്ന സെലൂഷ്യയിൽ ആസ്ഥാനമുറപ്പിച്ചു. ക്രി. വ. 226 വരെ അവർ വിസ്തൃതമായ ഒരു ഭൂപ്രദേശം ഭരിച്ചു.

സെല്യൂസിഡ് രാജാക്കന്മാരും പാർത്യരും തമ്മിൽ പല ഏററുമുട്ടലുകൾ നടന്നു. എന്നാൽ ക്രി. മു. 130/129 ൽ പാർത്യർ അന്ത്യോക്കസ് സിനെററസിന്റെ ഒരു വലിയ സൈന്യത്തെ നശിപ്പിച്ചതോടുകൂടി യൂഫ്രട്ടീസിനു കിഴക്കോട്ട് അധികാരപ്രയോഗത്തിനൊന്നും അവർ പോയില്ല. പാർത്തിയരുടെ മുന്നോട്ടുള്ള ഗമനം തടഞ്ഞുനിർത്താൻ ശ്രമിച്ചതു റോമാക്കാരാണ്. ക്രി. മു. 53 ൽ അവർ തമ്മിൽ ഹാറാനിൽ വച്ച് ഏററുമുട്ടി. തോറേറാടിയ റോമാക്കാരുടെ പിന്നാലെയെത്തിയ പാർത്തിയർ 53 മുതൽ 50 വരെ സിറിയായിലുടനീളം കൊള്ള നടത്തി. അവരുമായി ഒരൊത്തുതീർപ്പുണ്ടാക്കുക അവശ്യാവശ്യമെന്നു കണ്ട അഗസ്റ്റസ് സീസർ ഒരുടമ്പടി ഉണ്ടാക്കി അതിർത്തികൾ നിശ്ചയിച്ചു.[1] റോമിന്റെയും പേർഷ്യയുടെയും ഇടയിൽ കിടന്ന ഒഷ്റേന്റെ സ്വതന്ത്രഭരണം പാർത്തിയർ അംഗീകരിച്ചു. എന്നാൽ ക്രി. വ. 116 ൽ ട്രാജൻ യൂഫ്രട്ടീസിന്റെ കിഴക്കുവശത്തു കടന്നു മെസൊപ്പൊട്ടേമിയായെയും അദിയബേനെയും ആക്രമിച്ചു. ട്രാജൻ യുദ്ധത്തിൽ പരാജിതനായി. ഒരിക്കൽക്കൂടി പാർത്തിയർ സിറിയൻ പ്രദേശങ്ങളിൽ കടന്നാക്രമണം നടത്തി. പാർത്തിയർ ആര്യവംശജരായിരുന്നു. എങ്കിലും ഉന്നത സംസ്ക്കാരത്തിന്റെ ഉടമകളല്ലായിരുന്നു അവർ. രാഷ്ട്രീയമോ സാംസ്കാരികമോ ആയ പാരമ്പര്യങ്ങളൊന്നും അവകാശപ്പെടാനും അവർക്കില്ലായിരുന്നു. അലഞ്ഞു നടന്ന അവർ ഉപയോഗപ്രദമായതെല്ലാം സ്വന്തമാക്കി. ഒന്നും നശിപ്പിക്കുന്നതിനോ തകർത്തരിപ്പണമാക്കുന്നതിനോ അവർ മുതിർന്നില്ല. വിവിധ മാർഗത്തിലും സംസ്ക്കാരത്തിലും ഉൾപ്പെട്ട

1. Cf. J. Neusner, *A History of the Jews in Babylonia*, vol. 9 (1. The parthian period), Leiden 1969.



വരെ കൂട്ടിയിണക്കാൻ അവർ യത്നിച്ചു. സൈറസിന്റെ പ്രാചീന പേർഷ്യൻ ഭരണത്തിന്റെ പുനരുത്ഥാനമായി ഇവരുടെ ഭരണത്തെ കണക്കാക്കുന്നവരുണ്ട്.[2] എന്നാൽ തകർന്നടിഞ്ഞുകൊണ്ടിരുന്ന ഹെല്ലനിസത്തിന്റെ സ്ഥാനത്തു കയറിപ്പററിയ 'ബാർബേറിസ'മായി പാർത്തിയൻ ഭരണത്തെ കരുതുന്നവരുമുണ്ട്.[3] മെസൊപ്പൊട്ടേമിയൻ പ്രദേശം ഗ്രീക്കുസംസ്ക്കാരത്തിൽ മുങ്ങി വ്യക്തിത്വം നഷ്ടപ്പെടുത്തിയില്ല. പാർത്തിയൻ ഭരണകാലത്ത് ഒറിയന്റലിസത്തിന് ഒരു വലിയ ഉയിർത്തെഴുന്നേൽപ്പുണ്ടായി. ബാഹ്യമാത്രമായി ഹെല്ലനിസത്തിന്റെ ചട്ടക്കൂടുമാത്രം നിലനിർത്തിക്കൊണ്ടു ഗ്രീക്കുനഗരങ്ങളിലെല്ലാം അവർ ഓറിയന്റലിസത്തെ പുനഃപ്രതിഷ്ഠിച്ചു.[4]

ഗ്രീക്കുസിററികളിൽ എല്ലാത്തരം ആളുകളും ഉണ്ടായിരുന്നു. ഗ്രീക്കും സുറിയാനിയും, ബാബിലോണിയൻ ഭാഷകളും ഒക്കെ ആളുകൾ സംസാരിച്ചിരുന്നു. സൂസായിൽ ഗ്രീക്കായിരുന്നു പ്രാമാണ്യം; സെലൂഷ്യയിലെ ജനങ്ങളെല്ലാം ഹെല്ലനിസത്തിനു വിധേയരായിരുന്നു; ബാബിലോണിയൻ, ഉറുക് എന്നീ നഗരങ്ങളിൽ പ്രാചീന ബാബിലോണിയൻ സംസ്ക്കാരം നിലനിന്നു; സ്റെറസിഫണിൽ പാർത്തിയൻ സംസ്കാരവും.

കിഴക്കുനിന്നും പടിഞ്ഞാറുനിന്നും ഉള്ള കച്ചവടപ്പാതകൾ സെലൂഷ്യയിലൂടെ കടന്നുപോയിരുന്നു. കടലിൽക്കൂടിയും കരയിൽക്കൂടിയും ഉള്ള വ്യാപാരത്തിന് സഹായകമായ സ്ഥാനത്തായിരുന്നു അത്. ഭാരതീയരും, ചീനരും, യൂദരും ഒക്കെ സെലൂഷ്യയിൽ ഉണ്ടായിരുന്നു.

പാർത്തിയൻ ഭരണത്തിൽ ജനങ്ങൾ പൊതുവെ സംതൃപ്തരായിരുന്നു. എന്നാൽ സെലൂഷ്യയിലെ അധികാര വടംവലികൾ പാർത്തിയരെ തകർത്തു. പേർഷ്യ (ഇറാൻ) യിലെ അർദഷീർ സ്വാതന്ത്ര്യം പ്രാപിക്കുകയും അവസാനത്തെ അർസസീഡ് രാജാവിനെ വധിക്കുകയും ചെയ്തു. 227 ൽ അർദഷീർ തന്റെ ആസ്ഥാനം ഫാർസിൽ നിന്നു സ്റെറസിഫണിലേക്കു മാററി. അതോടുകൂടി 'സസ്സാനിഡ്' എന്നറിയപ്പെടുന്ന പേർഷ്യൻ ഭരണം നിലവിൽ വന്നു.

അർസസീഡ് നഗരങ്ങൾ താഴെപ്പറയുന്നവയാണ്: കാറാ, ബസ്രാ, സൂസാ, ഊർ, തെല്ലാ, ഉറുക്, വോംഗാസ്യ, ബാബിലോൺ, സെലൂഷ്യാ-സ്റ്റെസിഫൺ, എക്ബട്ടാണാ, റ്വർദ്ഷീർ.

2. Cf. A. Fortescue, *The Lesser Eastern Churches*, p. 20.
3. J. Neusner, *op. cit.* preface.
4. M. I. Rostovtzeff, *op. cit.* p. 35.

www.malankaralibrary.com



## 2. ഒഷ്റേൻ (Oshroene)

ഉത്തര മെസൊപ്പൊട്ടേമിയായിൽ യൂഫ്രട്ടീസ് നദിയുടെ കിഴക്കുവശത്തുള്ള ഭൂപ്രദേശം ഒരു കാലത്ത് ഒഷ്റേൻ എന്നറിയപ്പെട്ടു. സെല്യൂസിഡ് ഭരണാരംഭകാലത്ത് ഈ പ്രദേശവും സെല്യൂക്കസിന്റെ കീഴിലായിരുന്നു. പാർത്തിയൻ (അർസസീഡ്) രാജാക്കന്മാർ യൂഫ്രട്ടീസിനു കിഴക്കുള്ള പ്രദേശങ്ങൾ സെല്യൂസിഡ് ഭരണത്തിൽനിന്നു വിടർത്തിയ സാഹചര്യത്തിൽ ഒഷ്റേൻ ഒരു നാട്ടുരാജാവിന്റെ കീഴിൽ സ്വാതന്ത്ര്യം പ്രാപിച്ചു. ക്രി.മു. 132/1 മുതൽ ക്രി.വ. 217 വരെ അറബിവംശജരായ രാജാക്കന്മാർ ഒഷ്റേൻ ഭരിച്ചു. ഒഷ്റേൻ പാർത്തിയർക്കും റോമാക്കാർക്കും ഒപ്പം താൽപര്യമുള്ള പ്രദേശമായിരുന്നു.

അവിടത്തെ ജനങ്ങൾ സെമിററിക് വംശജരായിരുന്നു. പാർത്തിയരിൽനിന്നും റോമാക്കാരിൽനിന്നും ഇക്കൂട്ടർ വ്യത്യസ്തരായിരുന്നു. അറമായയുടെ ഒരു വകഭേദമായ സുറിയാനിയായിരുന്നു ഇവരുടെ സംസാരഭാഷ. രാഷ്ട്രീയതകിടംമറിച്ചിലുകൾക്കിടയിൽ സിറിയൻ ദേശീയത്വവും സുറിയാനിഭാഷയും അവരുടെ പിതൃസ്വത്തായി അവർ കാത്തുസൂക്ഷിച്ചു. ഭരണാധികാരികൾ മാറിമാറി വന്നെങ്കിലും ഒഷ്റേൻ ജീവിതരീതിയിൽ കാര്യമായ മാററം സംഭവിച്ചില്ല.

### *എഡേസ്സ*

ഒഷ്റേന്റെ തലസ്ഥാനമാണ് എഡേസ്സ. ഇന്നത്തെ ടർക്കിയിലെ ഉർഫാ എന്ന പട്ടണമാണ്. 80000 ആളുകൾ അവിടെ വസിക്കുന്നു. ഉറഹാ എന്നും അറിയപ്പെടുന്നു. ഒർഹായ്, കല്ലിറോയേ എന്ന പദത്തിൽനിന്നാകാമുത്ഭവിച്ചത്. 'സ്വച്ഛന്ദം ഒഴുകുന്ന മധുരജലത്തിന്റെ നഗരം.'

'റ്ഹ്' (wrh) എന്നാൽ വെള്ളമെന്നർത്ഥം; 'വാറിഹ'=നന്നായി നനയ്ക്കപ്പെട്ടത്. ഉറഹാ നദീതീരത്താണ്. മിക്കപ്പോഴും നദീജലത്താൽ അതു ഫലഭൂയിഷ്ടമാകുന്നുണ്ട്. അതിൽനിന്നാകാം 'ഉറഹാ' എന്ന പദം. എഡേസ്സാ എന്നതു് ഉറഹായുടെ ഗ്രീക്കുരൂപമാണ്.

'കൽദായരുടെ ഊർ' എന്ന പട്ടണവും (ഉല്പ. 11:31) ഉർഹായും ഒന്നാണെന്ന് കരുതുന്നവരുണ്ട്. ഊർ എന്നാൽ പട്ടണം, ഗ്രാമം



എന്നെല്ലാം അർത്ഥമുണ്ട്. ഹായ്=ആ. ഊർഹായ്=(കൽദായരുടെ) ആ പട്ടണം. ഊശ്ളേം=ശാലേമിന്റെ (സമാധാനത്തിന്റെ) പട്ടണം എന്നു വ്യാഖ്യാനിക്കപ്പെടുന്നതുപോലെ ഊർഹായ്.[5]

നിംറോദ് (ഉല്പ. 10:8) ആണ് ഉറഹാ സ്ഥാപിച്ചതെന്നാണു മാർ അപ്രേമിന്റെ അഭിപ്രായം. നിംറോദ് ഉറൂക്കിൽ (എറെക്കിൽ) ഭരിച്ചു (ഉല്പ. 10:10) എന്നു വി. ഗ്രന്ഥം സാക്ഷിക്കുന്നതു് ഉറഹായിൽ ജീവിച്ചതിനെപ്പററിയാണ് എന്നാണു വി.ഇസിദോറിന്റെയും അഭിപ്രായം.[6]

ഉറഹായിൽനിന്നു 40 കി.മീ. തെക്കു ഹാറാൻ ആണ്. ഹാറാനിൽനിന്ന് അബ്രഹാം ഉറഹായിൽ താമസിച്ചു എന്നു കരുതപ്പെടുന്നു. ഉറുക് ഉറഹായ്ക്കു തെക്കു കിഴക്കു 500 മൈൽ അകലെയാണ്. അതുകൊണ്ടു ഉറുകും ഉർഹായും ഒന്നാണെന്നു കരുതുക പ്രയാസമാണ്. അർമേനിയയിൽനിന്നു സിറിയയിലേക്കുള്ള കച്ചവടപ്പാത ഉർഹായിലൂടെയാണു കടന്നുപോയതു്. ചീനയിൽനിന്നും ഭാരതത്തിൽനിന്നും ഉള്ള കച്ചവടക്കാരും കൂടുതൽ സുരക്ഷിതമായ ഉർഹായിലൂടെയാണു പശ്ചിമദേശങ്ങളിലേക്കു പൊയ്ക്കൊണ്ടിരുന്നതു്.

ക്രി. മു 303/2ൽ സെലെവുക്കസ് ഉർഹാനഗരം പുതുക്കിപ്പണിതു; അന്ത്യോക്യ കല്ലിറോയെ എന്ന് അന്ത്യോക്കസ് എപ്പിഫാനസ് പേരിട്ടു. ചുററുമുള്ള പ്രദേശങ്ങളും ഉർഹായുടെ കീഴിലായിരുന്നു. സെല്യൂസിഡ് രാജാക്കന്മാർ ഈ പ്രദേശങ്ങളിൽ പത്തു സൈനിക കോളനികൾ സ്ഥാപിച്ചു.

പാർത്തിയൻ ഭരണാധികാരികൾ ആദ്യമാദ്യം ഒഷ്റേന്റെ സ്വാതന്ത്ര്യനില അംഗീകരിച്ചു. 116ൽ പേർഷ്യ ആക്രമിച്ച ട്രാജൻ (+117) ഉറഹായെ ആക്രമിച്ചില്ല. ഒഷ്റേൻ ട്രാജനെ ബഹുമാനിച്ചു. ട്രാജന്റെ മെസൊപ്പൊട്ടേമിയൻ യുദ്ധങ്ങളിൽ ഒഷ്റേൻ വേണ്ട സഹായം ചെയ്തുകൊടുത്തു. ട്രാജനെ പരാജിതനാക്കിയ പാർത്തിയാക്കാർ ഒഷ്റേനെയും ആക്രമിച്ചു. ഉറഹായിലെ രാജാവു് റോമിൽ അഭയം പ്രാപിച്ചു. ക്രി. വ. 165ൽ റോമാക്കാർ ഒഷ്റേനെ അവരുടെ സ്വാധീനത്തിൽ കൊണ്ടുവന്നു. തുടർന്നുണ്ടാക്കിയ സമാധാന ഉടമ്പടിവഴി ഒഷ്റേൻ റോമിന്റെ ഒരു സാമന്തരാജ്യമായി തീർന്നു. 194ൽ റോമാക്കാർ എഡേസ്സയിൽ ഒരു പ്രൊക്കുറേറററെ നിയമിച്ചു. എന്നാൽ അധികം താമസിയാതെ തന്നെ ഭരണം നാട്ടുരാജാവായ അബ്ഗാറിനെ ഏല്പിച്ചു. ക്രി.വ.

---

5. J. B. Segal, *Edassa, 'the Blessed City'*, Oxford 1970, p. 1-3.
6. *Ibid*. p.1.

www.malankaralibrary.com



213/4 ൽ റോമൻ ചക്രവർത്തിയായ കരക്കള്ള ഒഷ്‌റേൻ രാജാവിനെ റോമിൽ വിളിച്ചു തടവുകാരനാക്കി; ഒഷ്‌റേനെ ഒരു റോമൻ കോളനിയായി പ്രഖ്യാപിച്ചു. 235 വരെ ആ നില തുടർന്നു. 235 മുതൽ 242 വരെ മെട്രോപ്പൊളീസ് എന്ന സ്ഥാനം എഡേസ്സയ്ക്കു കിട്ടി. 243 ൽ റോമാക്കാർ നേരിട്ട് ഒഷ്‌റേൻ ഭരിക്കാൻ തുടങ്ങിയതോടു കൂടി അതിൻെറ സ്വതന്ത്രനില അവസാനിച്ചു.

നഗരത്തിനു ചുറ്റും കോട്ടയും കിടങ്ങുകളും ഉണ്ടായിരുന്നു. നഗരത്തിനു പുറത്തു കൃഷിസ്ഥലങ്ങളിൽ കർഷകർ പാർത്തു. കൃഷിഭൂമികൾ കഴിഞ്ഞുള്ള വിസ്തൃതമായ ഭൂപ്രദേശത്തു കന്നുകാലികളെ മേയിച്ചുകൊണ്ടു അലഞ്ഞു നടന്നവർ വസിച്ചിരുന്നു. അവർ കൊള്ളയടിക്കുക, കടന്നാക്രമണം നടത്തുക, വിളവുകൾ നശിപ്പിക്കുക തുടങ്ങിയവയും കലയാക്കിയിരുന്നു. ഇക്കൂട്ടരിൽ നിന്നു കൃഷിസ്ഥലങ്ങളെ സംരക്ഷിക്കുക നഗരവാസികളുടെ കടമയായിരുന്നു.[7]

## 3. അദിയബേനെ

ടൈഗ്രീസ് നദിക്ക് പടിഞ്ഞാറു വശത്ത് സ്ഥിതിചെയ്യുന്ന ചെറിയൊരു ഭൂപ്രദേശം സഭാരംഭകാലത്ത് അദിയബേനെ എന്നറിയപ്പെട്ടിരുന്നു. എർബേൽ (Arbel) ആയിരുന്നു അതിൻെറ തലസ്ഥാനം. കിഴക്കുനിന്നുള്ള ഒരു കച്ചവടപ്പാത എർബേലിൽ കൂടിയാണു പൊയ്ക്കൊണ്ടിരുന്നത്.

ക്രിസ്തുമതാരംഭകാലത്തിനു തൊട്ടുമുൻപ് അദിയബേനെയിലെ ഭരണാധികാരികൾ യഹൂദമതം സ്വീകരിച്ചു; ഭരണാധികാരികളോടൊപ്പം ജനങ്ങളും. ഇങ്ങനെ ഒരു യഹൂദ രാജവംശമായിരുന്നവിടെ ഭരിച്ചിരുന്നത്. അവർ നിസിബിസ്, എഡേസ്സ, പൽമീറാ വഴി പലപ്പോഴും യറുശലേമിൽ പൊയ്ക്കൊണ്ടിരുന്നു. എഡേസ്സയിലെ യഹൂദസമൂഹം ഈ പുതിയ വിഭാഗത്തിൻെറ ചിന്തയിലും ജീവിതത്തിലും ഗണ്യമായ സ്വാധീനം ചെലുത്തി.[8]

ക്രി. മു. 88 ൽ അർമേനിയൻ രാജാവ് തിഗ്രാനസ് അദിയബേനെ ആക്രമിച്ചു. സെലൈവുക്കസിൻെറ ഭരണകാലത്തെ ഗ്രീക്കു കോളനി ക്രി. മു. 64 ൽ ഫ്രാത്തെസ് റോമിൻെറ ഒരു സാമന്തരാ

7. *Ibid*. p. 22
8. *Ibid*. p. 30.



ജ്യമാക്കി. പേർഷ്യക്കാരും റോമാക്കാരും മാറി മാറി അദിയബേനെയിലെ അധിപന്മാരാവാൻ ശ്രമിച്ചിരുന്നു. പാർത്തിയൻ രാജാക്കന്മാരെ അടക്കിയിരുന്നത് ഇവിടെയാണ്. 75 വർഷത്തോളം യഹൂദരാജവംശം അവിടെ ഭരിച്ചു എന്നു പറയപ്പെടുന്നു. 115/6 ൽ ട്രാജൻെറ ആക്രമണകാലത്തെ രാജാവു മെബാർസപെസ് ആയിരുന്നു.

## 4. സസ്സാനിഡ് പേർഷ്യ (226–651)

ക്രി. വ. 226 ൽ പാത്തിയൻ ഭരണത്തെ തകിടം മറിച്ചുകൊണ്ടു സസ്സാനിഡ് രാജാക്കന്മാർ അധികാരത്തിൽ വന്നു. പേർഷ്യയിൽ ആധിപത്യം ഉറപ്പിച്ച അവർ സാമ്രാജ്യ വിസ്തൃതിക്കായി പടിഞ്ഞാറോട്ടു നീങ്ങി. റോമിൻെറ ശക്തമായ എതിർത്തു നിൽപ്പിനെ തകർക്കാൻ അവർക്കു സാധിച്ചില്ല. ശക്തനായ ഒരെതിരാളിയാണ് അതിർത്തിയിൽ എന്ന ബോദ്ധ്യം റോമിനു് ഉണ്ടായി. 233 ൽ അർദഷീർ അർമേനിയ കീഴടക്കി. രാജാക്കന്മാരുടെ രാജാവായ ഷപ്പൂർ റോമൻ സാമ്രാജ്യത്തിൻെറ കിഴക്കൻ പ്രദേശങ്ങളിലൂടെ നടത്തിയ ഓട്ടപ്രദക്ഷിണത്തിൽ കണ്ണിൽ കണ്ടതെല്ലാം തട്ടിയെടുത്തുകൊണ്ടു പേർഷ്യയിലേക്കു പോയി. കൂട്ടത്തോടെ മാററിത്താമസിപ്പിക്കലും തകർക്കലും നശിപ്പിക്കലും സസ്സനീഡ് നയമായിരുന്നു. അവരുടെ ഭരണകാലത്തു പഴയ പേർഷ്യൻ മതം ഉയിർത്തെഴുന്നേററു; പേർഷ്യക്കാർ മസ്ദെയിസത്തിൻെറ സംരക്ഷകരായി. കോൺസ്റ്റൻൈറൻ ക്രിസ്തുമതത്തിനു സ്വാതന്ത്ര്യം അനുവദിച്ചു എന്ന കാരണത്താൽ തന്നെ പേർഷ്യൻ ക്രൈസ്തവർക്കു ബഹുവിധ ക്ലേശങ്ങൾ സഹിക്കേണ്ടി വന്നു. ക്രി. വ. 344 ൽ ശക്തമായൊരു മതമർദ്ദനം ഷപ്പൂർ II (309–379) അഴിച്ചുവിട്ടു.[9] അതോടനുബന്ധിച്ചായിരിക്കാം കച്ചവടക്കാരൻ (ക്നാനായ) തോമ്മാ എന്ന സുറിയാനിക്കാരനും കൂട്ടരും പേർഷ്യ വിട്ടു (ഉറഹാ) കൊടുങ്ങല്ലൂരെത്തിയതു്. ക്രി. വ. 363 ൽ ജോവിയനും ഷപ്പൂറുമായി സന്ധിയുണ്ടാക്കിയെങ്കിലും തുടർന്നും ഏററുമുട്ടലുണ്ടായി. 532 ൽ ജസ്റ്റീനിയൻ (527–565) നിത്യസമാധാന ഉടമ്പടി എന്നൊന്നു ഖുസ്രോ I-മായി (531–79) ഉണ്ടാക്കി. അവസാനത്തെ പേർഷ്യൻ രാജാവായ യസ്ദ്ഗീർദ് III നെ (632–51) അറബികൾ തോൽപ്പിക്കുന്നതുവരെ സസ്സാനിഡ് ഭരണം നിലനിന്നു.

സസ്സാനിഡ് ഭരണത്തിൻ കീഴിലെ പ്രധാന പട്ടണങ്ങൾ:

9. J. Neusner, *op. cit*. vol. XV (Later Sassanian times).

www.malankaralibrary.com



## 1 നിസിബിസ്

Soba, Nasibina, Nisibis, Nisibin എന്നെല്ലാം അത് അറിയപ്പെട്ടിരുന്നു.

പാരമ്പര്യാധിഷ്ഠിത യൂദായിസത്തിന്റെ ഒരു വലിയ കേന്ദ്രമായിരുന്നു അത്. ബാബിലോണിയൻ പ്രദേശത്തെ ഏററം ധനാഢ്യരായ യൂദന്മാർ ഇവിടെ വസിച്ചിരുന്നു. 363 ലെ ഒത്തുതീർപ്പനുസരിച്ച് ജോവിയൻ പേർഷ്യാക്കാർക്ക് നിസിബിസ് വിട്ടുകൊടുത്തു. 640 ൽ അറബികൾ അതു പിടിച്ചെടുക്കുന്നതുവരെ പേർഷ്യാക്കാർ അവിടെ ഭരിച്ചു. 1260 ൽ മംഗോളിയർ നിസിബിസ് തകർത്തു തരിപ്പണമാക്കി. ഇന്നു സിറിയൻ അതിർത്തിയിലുള്ള ടർക്കിയുടെ നസൈയ്ബിൻ വളരെ ചെറിയൊരു പട്ടണമാണ്. മോസൂളിൽ നിന്നു 130 മൈൽ വടക്കാണിത്. 1965 ൽ 3000 ഓളം ജനങ്ങളാണവിടുണ്ടായിരുന്നത്. വാണിജ്യപാതകൾ നിസിബിസിലൂടെ കടന്നുപോയിരുന്നു. അതുകൊണ്ട് ഇതിനു വളരെ പ്രാധാന്യമുണ്ടായിരുന്നു. അതിർത്തിയിലുള്ള നഗരമായിരുന്നതിനാൽ ഇതൊരു സൈനിക കേന്ദ്രം കൂടിയായിരുന്നു.

എഡേസ്സയിൽ സുവിശേഷം പ്രസംഗിച്ച ആദായി, ശിഷ്യനായ മാറിയെ സെലൂഷ്യയിലേക്കയച്ചു. അദ്ദേഹം നിസിബിസ്, തീഗ്രീസ്, നിനവെ തുടങ്ങിയ പട്ടണങ്ങളിൽ പ്രസംഗിച്ചിട്ടാണ് സെലൂഷ്യയിലെത്തിയത്.[10] ധാരാളം യഹൂദന്മാർ ഉണ്ടായിരുന്നെങ്കിലും നിസിബിസിൽ സഭ വേരുറച്ചതു വളരെ സാവധാനത്തിലാണ്. നിഖ്യാസൂനഹദോസിൽ നിസിബിസിലെ മാർ യാക്കോബ് സംബന്ധിച്ചിരുന്നു. ക്രി. വ. 363 ൽ മാർ അപ്രേമിനോടൊപ്പം നിരവധി ക്രൈസ്തവർ നിസിബിസിൽ നിന്നു എഡേസ്സയിലേക്കു കുടിയേറി. നിസിബിസിൽ നിഖ്യാസ്സു ശേഷം (325) അപ്രേം തുടങ്ങിയ കലാലയം 363 നു ശേഷം എഡേസ്സയിൽ തുടർന്നു.

നിസിബിസിനടുത്തു റോമാക്കാരുടെ ദാറാ (Dara) എന്ന സൈനിക കേന്ദ്രം ഉണ്ടായിരുന്നു. 363നുശേഷം റോമൻ പേർഷ്യൻ അതിർത്തി നിസിബിസിനും ദാറായ്ക്കും മധ്യേകൂടിയായിരുന്നു. അഞ്ചാം നൂററാണ്ടോടുകൂടി പേർഷ്യൻ ക്രൈസ്തവസഭയുടെ ബൗദ്ധികകേന്ദ്രമായിതീർന്നു നിസിബിസ്.

10. A. Fortescue, *op. cit.* p. 38-39



## 2 ഡൂറാ-എവുറോപ്പോസ് (സലാഹിയ)

ക്രി.മു.300-ാമാണ്ടിൽ പണിയപ്പെട്ട ഒരു ഗ്രീക്കുകോളനിയാണു ഡൂറാ. ഗ്രീക്കു ഭരണത്തിൽനിന്നു പാർത്തിയൻ ഭരണത്തിൽ വന്നപ്പോൾ ഗ്രീക്കു സംസ്കാരത്തിന്റെ പുറംചട്ട മാത്രം നിലനിർത്തിക്കൊണ്ടു മാററങ്ങൾക്കു വിധേയമായി. ഓറിയൻറലിസം എല്ലാ കാര്യങ്ങളിലും ഇവിടുത്തെ ഹെല്ലനിസത്തെ കീഴ്പ്പെടുത്തിക്കളഞ്ഞു. പിൽക്കാലത്തു ഡൂറാ തകർന്നുതരിപ്പണമായി. ഈയടുത്ത കാലത്തു യേൽയൂണിവേഴ്സിററിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഗവേഷണങ്ങൾ പ്രാചീനനഗരത്തിന്റെ സംസ്കാരത്തിലേക്കു വെളിച്ചം വീശിയിട്ടുണ്ട്.[11] ക്രി.വ. 165ൽ റോമിതു പിടിച്ചെടുത്തെങ്കിലും പേർഷ്യക്കാർ തിരികെ പിടിച്ചു നശിപ്പിച്ചു. ക്രി.വ. 255/6-ൽ ഷപ്പൂർ ഒന്നാമൻ ഇതിനെ നഷ്ടക്കൂമ്പാരമാക്കി.[11a] ഇവിടൊരു സിനഗോഗും ഒരു യഹൂദസമൂഹവും ഉണ്ടായിരുന്നു.

ഗ്രീക്ക്, അറമായ, ഇറേനിയൻ സംസ്കാരങ്ങളുടെ സങ്കരമായിരുന്നു ഡൂറായിൽ ഉണ്ടായിരുന്നത്. സിറിയയുമായി ഒരു നൂററാണ്ടിലേറെ അടുത്ത ബന്ധം അതു പുലർത്തിയിരുന്നു. ഗ്രീക്ക് പാഹ്ലവി, മധ്യപേർഷ്യൻ, സഫൈററിക്, പൽമീറൻ, സുറിയാനി, ലത്തീൻ എന്നീ ഭാഷകളിലുള്ള രേഖകൾ അവിടെ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

വേദപുസ്തകത്തിലെ പല രംഗങ്ങളും സിനഗോഗിന്റെ ഭിത്തിയിൽ വരച്ചിരുന്നു. ചെങ്കടൽ കടക്കുന്നത്, വാഗ്ദാനപെട്ടകം, സോളമന്റെ ആലയം, കാർമ്മൽ മലയിൽ വസിക്കുന്ന ഏലിയാ എന്നിവ മുഖ്യവിഷയങ്ങളാണ്.

ഡൂറായിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നതിന്റെ ലക്ഷണങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഒരു ഭവനത്തിൽ പ്രാർത്ഥനയ്ക്കായി അവർ ഒന്നിച്ചു കൂടിയിരുന്നു. കർത്താവു തളർവാതരോഗിയെ സൗഖ്യമാക്കുന്നതും, വെള്ളത്തിന്മീതെ നടക്കുന്നതും ഈ സ്ഥലത്തു വരച്ചുവച്ചിട്ടുണ്ട്.[12]

11. Cf. M. I. Rostovtzeff, *op. cit.* p. 35.
11a. W. H. C. Frend, *Martyrdom,* 226.
12. Cf. F. Millar, *op. cit.* p. 210; C. H. Kraeling, *The Escavations at Dura-Europos,* vol. 8, 2, N. Haven, 1967; M. I. Rostovtzeff, *Dura-Europos and Its Arts,* Oxford 1938; W. H. C. Frend, *Martyrdom,* p. 226.

www.malankaralibrary.com



## 3 അമീദ് (ദിയാർബക്കീർ)

എഡേസ്സയുടെ വടക്കുകിഴക്കുള്ള ഒരു 'കോളനി'യായിരുന്നു അമീദ്. റോമാക്കാരുടെ ഒരു സൈനിക കേന്ദ്രവുമായിരുന്നിത്. അർമേനിയയിലൂടെയുള്ള വ്യാപാരത്തിനും അർമേനിയ കാത്തുസൂക്ഷിക്കുന്നതിനും റോമാക്കാർക്ക് അമീദ് ആവശ്യമായിരുന്നു. 357/8ൽ ഷപ്പൂർ അമീദാക്രമിച്ചു. 70 ദിവസത്തെ ചെറുത്തുനിൽപ്പിനുശേഷം അമീദ് വീണു. കണ്ണിൽ കണ്ടവരെയെല്ലാം ഷപ്പൂർ കൊന്നൊടുക്കി, അവശേഷിച്ചവരെ അടിമകളാക്കി മററു സ്ഥലങ്ങളിൽ കുടിയിരുത്തി. അങ്ങനെ അമീദും ഒരു നഷ്ടക്കൂമ്പാരമായി. അമീദിലും ധാരാളം യഹൂദരുണ്ടായിരുന്നു.[13]

(4) സ്രോഗ് സ്യൂറുഗ്, ബാത്നേ) ഒരു ഗ്രീക്കു കോളനിയായിരുന്നു. (5) ബിർതാ (ബിറേസിക്) ഉറഹായ്ക്കു തെക്കുകിഴക്കായി സ്ഥിതിചെയ്യുന്നു. (6) മീഫക്കീൻ (മൈഫർക്കാട്ട്, മാർത്തീറോപ്പൊളീസ്) അമീദിനു വടക്കാണ്. (7) മാബൂഗ് (ഹിയെരാപ്പൊളീസ്, മെംബീജ്) ഉറഹായ്ക്കു തെക്കുപടിഞ്ഞാറാണ്. (8) ഹാറാൻ (കാറേഹ്) ഉറഹായ്ക്കു 40 കി. മീ. തെക്കാണ്. (9) കല്ലിനിക്കസ് (റാഖാ) ഹാറാന്റെ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു. (10) കോൺസ്റ്റാൻസ്യ (തെല്ലാദ്മൗസേലാത്, വിരാൻസെഹീർ) ഉറഹായ്ക്കു കിഴക്കാണ്. (11) മർദീൻ നിസിബിസിന്റെ പടിഞ്ഞാറ് ടർക്കിയിലെ ഒരു നഗരമാണ്. (12) ദാറാ മർദീനും നിസിബിസിനും ഇടയ്ക്കു സ്ഥിതിചെയ്യുന്നു. നിസിബിസ് പേർഷ്യയ്ക്കു വിട്ടുകൊടുത്തപ്പോൾ ഡാറായായിരുന്നു റോമാക്കാരുടെ അതിർത്തി നഗരം. (13) തെയോഡോഷ്യോപ്പൊളീസ് എഡേസ്സയുടെ തെക്കുപടിഞ്ഞാറാണ്. ഇന്നു റാസ്–എൽ–ഐൻ എന്നറിയപ്പെടുന്നു. (14) മോസ്സൂൾ (15) ഹത്രാ (16) സിൻഗാറ-363-ൽ യോവിയൻ പേർഷ്യയ്ക്കു കൊടുത്തു. ഇന്നു ബലാദ്_സിൻജാർ എന്നറിയപ്പെടുന്നു.

ഒഷ്റേനിലെ ചിന്താരീതിയും സംസ്കാരവുമായിരുന്നു ഈ മെസൊപ്പൊട്ടേമിയൻ നഗരങ്ങളിലും. ഇവിടെയുള്ള ജനങ്ങളിൽ ഭൂരിഭാഗം ആളുകളും സെമിററിക് വംശജരായിരുന്നു. യഹൂദന്മാർ ഇവിടെ ധാരാളമായി പാർത്തിരുന്നു. പേർഷ്യക്കാരുടെയും റോമാക്കാരുടെയും മാറിമാറിയുള്ള ആക്രമണങ്ങളാണ് ഈ നഗരങ്ങളിൽ പലതിനെയും മണൽക്കൂമ്പാരമാക്കിയത്. ഒരുകാലത്ത് ഇവയിൽ പലതും റോമിന്റെ മൂന്നു പ്രോവിൻസുകളിൽ ഉൾപ്പെട്ടിരുന്നു. ഒഷ്റേൻ, മെസോപ്പൊട്ടേമിയ, എവുഫ്രാത്തെൻസിസ്. കൃത്യമായ

13. J. Neusner, *op. cit.* vol. iv (The Age of Shapur II), Leiden 1967.



അതിർത്തികളൊന്നും സ്ഥിരമായി ഉണ്ടായിരുന്നില്ല. സിറിയായിലെ സഭയുടെ രീതിയിലാണ് ഈ നഗരങ്ങളിലും സഭ വികസിച്ചത്. പാർത്തിയൻ–സസ്സനിഡ് ഭരണത്തോടു കൂടി ഓറിയന്റലിസത്തിനു പുനരുദ്ധാരണവും ഹെല്ലനിസത്തിനു മന്ദഗതിയും ഉണ്ടായപ്പോൾ തികച്ചും പൗരസ്ത്യരീതിയിൽ ഇവിടത്തെ സഭകൾ വളർന്നു.

(17) സെലൂഷ്യ–സ്റ്റെസിഫൺ–നിരവധി യഹൂദന്മാരുണ്ടായിരുന്നെങ്കിലും വളരെ വൈകിയാണ് സെലൂഷ്യയിൽ സഭയാരംഭിച്ചത്. എന്നാൽ പിൽക്കാലത്തു പേർഷ്യയിലെ സഭകളുടെയെല്ലാം നേതൃത്വം സെലൂഷ്യയിലെ സഭയ്ക്കു ലഭിച്ചു. (18) അർബേല– അദിയബേനെയുടെ തലസ്ഥാനമായ അർബേലയിലെ യഹൂദർ ക്രിസ്തുമതാരംഭകാലത്തുതന്നെ കൂട്ടത്തോടെ ക്രിസ്ത്യാനികളായി. 115–ൽ ട്രാജന്റെ ആക്രമണകാലത്തു ശക്തമായൊരു സമൂഹം അവിടെ ഉണ്ടായിരുന്നു. ആറാം നൂററാണ്ടിലെഴുതിയ 'അർബേല ദിനവൃത്താന്തപ്രകാരം' പെക്കിദ്ദായാണ് അവിടത്തെ ഒന്നാമത്തെ മെത്രാൻ (100/104).

യറുശലേം, അന്ത്യോക്യ, എഡേസ്സ ഒരു ശൃംഖലയാണ്. എഡേസ്സയിൽനിന്നു നിസിബിസ് അർബേല, സെലൂഷ്യ, അമീദ്, അർമേനിയ എന്നിങ്ങനെ പോകുന്നു ക്രൈസ്തവമുന്നേററപാത.

www.malankaralibrary.com



അധ്യായം 7

# പേർഷ്യൻ സഭ

ടൈഗ്രീസ് നദിയുടെ ഇരുവശത്തുമായി സ്ഥിതി ചെയ്തിരുന്ന സെലൂഷ്യ- സ്റ്റെസിഫൺ[1] നഗരങ്ങളിൽ ആസ്ഥാനമുറപ്പിച്ച സഭയാണു പേർഷ്യൻ സഭ. സെലൂഷ്യയിൽ നിന്നു ബാഗ്ദാദിലേക്കും അവിടെ നിന്നു മററു സ്ഥലങ്ങളിലേക്കും ആസ്ഥാനം മാററപ്പെട്ടിട്ടുണ്ട്. ഇന്ന് ഈ സഭയിൽ കത്തോലിക്കർ (കൽദായർ) അകത്തോലിക്കർ (നെസ്തോറിയർ) എന്നിങ്ങനെ രണ്ടു വിഭാഗക്കാരുണ്ട്.[2] അവിഭക്ത പേർഷ്യൻ സഭയ്ക്കു് വിവിധ നാമങ്ങളുണ്ട്: കൽദായ സഭ, നെസ്തോറിയൻ സഭ, പൗരസ്ത്യ സുറിയാനി സഭ, ബാബിലോണിയൻ സഭ, സെലൂഷ്യൻ സഭ, പേർഷ്യയിലെ ദ്വിസ്വഭാവ സഭ,[3] അസ്സീറിയൻസഭ.[4]

## സഭയുടെ ആരംഭം

പേർഷ്യൻ സാമ്രാജ്യത്തിൽ യഹൂദന്മാർ വഴി യഹൂദന്മാരുടെ ഇടയിലാണ് ക്രിസ്തുമതം പ്രചരിച്ചത്. സുറിയാനിഭാഷാ മാദ്ധ്യമത്തിലൂടെയാണു രക്ഷാകരസന്ദേശം അവിടെ എത്തിയത്.

ഒരു ഐതിഹ്യമനുസരിച്ച് ഉണ്ണിയീശോയെ സന്ദർശിക്കുവാൻ കിഴക്കു നിന്നു വന്ന ജ്യോതിശാസ്ത്രജ്ഞന്മാർ പേർഷ്യാക്കാരായിരുന്നു. സൊറൊവാസ്റ്റർ[5] മരിക്കുന്നതിനു മുമ്പു ലോകരാജാവിനെപ്പററി പ്രവചിച്ചിരുന്നെന്നും പ്രവാസിയഹൂദന്മാർ അതു മിശിഹായുടെ ജന്മത്തെക്കുറിച്ചാണെന്നു വ്യാഖ്യാനിച്ചെന്നും തദനുസരണമാണ് അറമായ സംസാരിക്കുന്ന വിജ്ഞാനികൾ യാത്രയ്ക്കൊരുങ്ങിയതെന്നും പറയപ്പെടുന്നു. മൂന്നു ഗ്രൂപ്പുകളിലായി അവർ പന്ത്രണ്ടു പേരുണ്ടായിരുന്നവത്രേ. അവർ തിരിച്ചുവന്നു രക്ഷാകരസന്ദേശം ആദ്യമായി പേർഷ്യൻ മണ്ണിലെത്തിച്ചു.[6]

രണ്ടാമത്തെ ഐതിഹ്യം അബ്ഗാർ ഉക്കാമയെ[7] ചുററിപ്പററിയുള്ളതാണ്. ഉറഹാ രാജാവായ ഉക്കാമ (കറുത്തവൻ, അന്ധൻ) രോഗവിമുക്തിക്കായി ക്രിസ്തുവിനു കത്തെഴുതി; തന്റെ ശിഷ്യരിലൊരുവനെ അയയ്ക്കാമെന്നു ക്രിസ്തു മറുപടി നൽകി. സഭാചരിത്രകാരനായ എവുസേബിയസ് ഈ കത്ത് ഉദ്ധരിക്കുന്നുണ്ട്. ക്രിസ്തുവിന്റെ മരണശേഷം മാർ തോമാശ്ലീഹാ എഴുപത്തിരണ്ടു ശിഷ്യന്മാരിലൊരാളായ ആദായിയെ[8] (തദേവൂസിനെ) ഉറഹായിലേക്ക് അയയ്ക്കുകയും അദ്ദേഹം വഴി ഉറഹാ നിവാസികൾ ക്രിസ്ത്യാനികളായിത്തീരുകയും ചെയ്തു.[9]

അബ്ഗാർ ഉക്കാമ അല്ല, മഹാനായ അബ്ഗാർ[10] (177_212 എ. ഡി.) ആണ് ക്രിസ്തുമതത്തോടു ചായ്‌വ് കാട്ടിയതെന്നു കരുതുന്നവരുമുണ്ട്. അബ്ഗാർ ഐതിഹ്യം എവുസേബിയസിന്റെ കാലം വരെ (+ 339) ആരും സൂചിപ്പിച്ചിട്ടേയില്ല. എജെറിയ[11] എഡേസ്സയിൽ എത്തിയപ്പോൾ അവിടത്തെ ശ്ലീഹായായി അവർ കണക്കാക്കിയിരുന്നതു മാർ തോമാശ്ലീഹായെയാണ്. അബ്ഗാർ_ഐതിഹ്യത്തിൽ പറയുന്ന ആദായിയെപ്പററി അഞ്ചാം നൂററാണ്ടിലെ ഈ സന്ദർശക മൗനം അവലംബിക്കുന്നു.

'തോമായുടെ നടപടി'[12] എന്ന അപ്പോക്രിഫൽ കൃതി മാർ തോമാശ്ലീഹായുടെ ഇന്ത്യൻ_ പാർത്തിയൻ സുവിശേഷവേലയെപ്പററി ഐതിഹ്യരൂപത്തിൽ വിവരിക്കുന്നു.

## ഐതിഹ്യത്തിനപ്പുറം

1. പെന്തിക്കോസ്തിദിവസം വി. പത്രോസിന്റെ പ്രസംഗം കേട്ടവരിൽ പാർത്തിയാക്കാരും മേദിയാക്കാരും ഏലാംകാരും

1. Seleucia- Ctesiphon
2. Cf. Placid J. Podipara, *The Hierarchy of the Syro- Malabar Church*, Alleppey, 1976, p. 16-17.
3. The Diphysite Church in Persia
4. A.S Atiya, *History of Eastern Christianity*, London 1967, p. 236 n. I.; G. Chediath, 'A Historico- Ecclesiological Development of the Chaldean Church', *Jeevadhara* 10, 58 (1980) p. 269- 285.
5. Zoroaster
6. A. S Atiya, *op. cit.* p. 242 - 243.
7. Abgar Ukkama (4 B. C.-50 A. D.; 15-50 A. D.)
8. Adai
9. cf. J. B. Segal, *Edessa "the Blessed City"*, Oxford, 1970, p. 62ff
10. Abgar VIII
11. Ejeria (5th c)
12. The Acts of Thomas

www.malankaralibrary.com



മെസൊപ്പൊട്ടേമിയാക്കാരുമായ യഹൂദരുമുണ്ടായിരുന്നു (നട.2, 9). പെരുന്നാളിനുശേഷം തിരിച്ചെത്തിയ യഹൂദന്മാർ—മാമ്മോദീസാ സ്വീകരിച്ച 3000 യഹൂദന്മാരിൽപ്പെട്ടവർ — സുവിശേഷദീപവുമായിട്ടാണു പേർഷ്യൻ മണ്ണിൽ എത്തിയത്.

2. പേർഷ്യൻ സാമ്രാജ്യത്തിന്റെ ചിലയിടങ്ങളിൽ പ്രത്യേകിച്ചു കിഴക്കൻ പ്രദേശങ്ങളിൽ മാർ തോമാശ്ലീഹാ സുവിശേഷം പ്രസംഗിച്ചു. മാർ തോമാശ്ലീഹായേയും പേർഷ്യയേയും കൂട്ടിച്ചേർത്തു സംസാരിക്കുന്ന ആദ്യത്തെ എഴുത്തുകാരൻ ഒരിജെനാണ്.[13] ശ്ലീഹന്മാർ ചിതറിപ്പോയപ്പോൾ തന്റെ അവകാശമായി മാർ തോമാശ്ലീഹായ്ക്കു പാർത്തിയ ലഭിച്ചു. എവുസേബിയസിനെ ആധാരമാക്കി പിൽക്കാല ചരിത്രകാരന്മാരും എഴുത്തുകാരും ഈ വസ്തുതയ്ക്കു കൂടുതൽ നിറം പകരാൻ ശ്രമിച്ചു. മാർ തോമാശ്ലീഹാ കടൽമാർഗ്ഗമായിരിക്കാം പേർഷ്യയിലെത്തിയത്. 72 ശിഷ്യന്മാരിലൊരാളായ ആദായിയെ അദ്ദേഹം പടിഞ്ഞാറോട്ടയച്ചിരിക്കാം. അദ്ദേഹം എഡേസ്സായിലെയും എർബേലായിലെയും നിസിബിസിലെയും മറ്റും ശ്ലീഹായായി.[14] ഫാഴ്സ്[15] മാർ തോമാശ്ലീഹായിൽനിന്നു നേരിട്ടു ക്രിസ്തുമതം സ്വീകരിച്ചെന്നവകാശപ്പെടുന്നു. കിഴക്കൻ പ്രദേശങ്ങളെല്ലാം മൊത്തത്തിൽ—റോമൻ സാമ്രാജ്യത്തിന്റെ അതിർത്തിപ്രദേശങ്ങൾ, പേർഷ്യൻസാമ്രാജ്യം, ഓഷ്റേൻ, അദിയബേനെ, ഭാരതം — ഒന്നാമത്തെ മേൽപ്പട്ടക്കാരനായി കണക്കാക്കുന്നതു മാർ തോമാശ്ലീഹായെയാണ്.

3. യൂഫ്രട്ടീസ് – ടൈഗ്രീസ് നദീതടങ്ങളിലെ യഹൂദന്മാരും പലസ്തീനിയൻ യൂദന്മാരും തമ്മിൽ നിരന്തര സമ്പർക്കമുണ്ടായിരുന്നു. വാണിജ്യപരവും മതപരവുമായ ബന്ധങ്ങളും വളർന്നു വന്നു. ഇക്കാരണത്താൽ ക്രൈസ്തവരായ യഹൂദന്മാർ പലസ്തീനയിൽനിന്നു ഈ പ്രദേശത്തെത്തുകയും സുവിശേഷവേല തുടരുകയും ചെയ്തു.

ചുരുക്കത്തിൽ യൂദന്മാർ വഴിയാണു ക്രിസ്തുമതം പേർഷ്യയിലെത്തിയത്.[16] സുറിയാനിയായിരുന്നു അവരുടെ മാദ്ധ്യമം. പൗരസ്ത്യദേശങ്ങളിലെല്ലാം കച്ചവടഭാഷ സുറിയാനിയായിരുന്നു. 'ഇരു–നദീതടം മുതൽ സഹ്യസാനുക്കൾ വരെ' ഈ സ്വാധീനം

13. Eusebius, *HE*. 3. 1. 1.
14. Cf. J. B. Chabot, *Synodicon Orientale*, Paris 1902,p. 564-567.
15. Fars
16. Cf. T. Puthiakunnel, "Jewish Colonies of India paved the way for St. Thomas", *OCA* 156(1970), p. 187-191.



വ്യാപിച്ചിരുന്നു..[17] അർസസീഡ് രാജാക്കന്മാരുടെ കാലത്താണു ക്രിസ്തുമതം അവിടെ പ്രവേശിച്ചതും വളർന്നതും.

അർസസീഡ് രാജാക്കന്മാരുടെ കാലത്തു ക്രിസ്തുമതം കാര്യമായി പേർഷ്യയിലെല്ലായിടത്തും വളർന്നില്ല. ഒഷ്റേൻ നാട്ടുരാജ്യം, അദിയബേനെ നാട്ടുരാജ്യം, ഉത്തര മെസൊപ്പൊട്ടേമിയായിലെ ചില കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേ സഭ വേരുറച്ചുള്ളു. പലസ്തീനിയൻ റിബീനിക് യൂദായിസത്തിന്റെ[18] അമിതസ്വാധീനത്തിൽ വരാത്ത യഹൂദന്മാരുടെയും മറ്റു സെമിറ്റിക് വംശജരുടെയും ഇടയ്ക്കാണിതിനു ആദ്യമാദ്യം പ്രചാരം കിട്ടിയത്. അർസസീഡ് സാമ്രാജ്യാധഃപതനത്തിനു മുമ്പ് ഇരുപതിലേറെ സ്ഥലത്തു മെത്രാന്മാരുണ്ടായിരുന്നെന്നു ഒരു രേഖയിൽ കാണുന്നു.[19] എന്നാൽ നിസിബിസിൽ ആദ്യകാലത്തു മെത്രാന്മാർ ഇല്ലായിരുന്നു.

ഗ്രീക്കു സംസാരിക്കുന്ന ക്രൈസ്തവരല്ല, അറമായ സംസാരിക്കുന്ന ക്രൈസ്തവരത്രേ ഈ പ്രദേശത്തു ആദ്യകാലത്തെല്ലാം മിഷനറി പ്രവർത്തനം നടത്തിയത്. അറമായ, പൗരസ്ത്യ രാജ്യങ്ങളിൽ ഒരു വാണിജ്യഭാഷ ആയിരുന്നു. അർസസീഡ് സാമ്രാജ്യത്തിന്റെ പ്രധാന നഗരങ്ങളെ കൂട്ടിയിണക്കുന്ന രാജപാതകളിലുള്ള കേന്ദ്രങ്ങളെ ചുറ്റിയാണ് അറമായ – ക്രിസ്തീയ പാരമ്പര്യങ്ങൾ പരന്നത്.[20]

## പേർഷ്യൻ ഹയരാർക്കി

ക്രിസ്തുമത പ്രചരണത്തിൽ സെലൂഷ്യാ മന്ദഗതിയിലായിരുന്നെങ്കിലും നാലാം നൂറ്റാണ്ടോടുകൂടി ഇതിനു മാറ്റം വന്നു. പേർഷ്യയിലുള്ള സഭകളുടെയെല്ലാം നേതൃത്വം ഏറ്റെടുക്കത്തക്ക രീതിയിൽ ഇവിടത്തെ സഭ വളർന്നു. പാപ്പാ ബർ അഗ്ഗായി മെത്രാൻ ക്രി. വ. 315–ൽ പേർഷ്യൻ സഭയെ പുനഃസ്സംഘടിപ്പിച്ചു. പേർഷ്യൻ സാമ്രാജ്യത്തിലെ സഭകളുടെയെല്ലാം നേതൃത്വം അദ്ദേഹം അവകാശപ്പെട്ടു. അപ്പസ്തോലിക പാരമ്പര്യത്തിൽ അഭിമാനിച്ചിരുന്ന പേർഷ്യ, എഡേസ്സ എന്നീ സഭാ കേന്ദ്രങ്ങൾ അതിനെ

17. Cf. Placid J. Podipara, *Thomas Christians and their Syriac Treasures*, Alleppy 1979, p. 26-8.
18. Tannaim
19. A. Mingana, (ed); *Sources syriaques*, 1, Mossoul 1907, p. 30.
20. A. Voobus, *History of Asceticism in the Syrian Orient*, 1, (CSCO 184), Louvain 1958, p. 6-9; K S. Latourette, *A History of the Expansion of Christianity*, vol. 1, N. Y. 1970, p. 103.

www.malankaralibrary.com



എതിർത്തു. മാർ തോമാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട ഒരു സഭയാണു തങ്ങളുടെതെന്നും, തോമാശ്ലീഹായുടെ ഒരു ശിഷ്യനായ മാറിയാൽ സ്ഥാപിക്കപ്പെട്ട സഭയായ സെലൂഷ്യൻ സഭയുടെ കീഴിൽ നിൽക്കുകയില്ലെന്നും ഫാർസ് വാദിച്ചു.[21] എല്ലാ സഭകളേയും തന്റെ കീഴിൽ കൊണ്ടുവരുവാൻ ശ്രമിച്ച പാപ്പായെ മെത്രാന്മാർ തരം താഴ്ത്തി. എന്നാൽ അന്ത്യോക്യയിലെ പിതാക്കന്മാരുടെ സഹായത്തോടെ പാപ്പാ വീണ്ടും അധികാരത്തിൽ വന്നു. 410 ൽ മാർ ഇസ്ഹാക്കിന്റെ നേതൃത്വത്തിൽ മൈഫർക്കാട്ടിലെ (മീഫർക്കീൻ) മാർ മാരുത്തായുടെ സഹായത്തോടുകൂടി സെലൂഷ്യയിൽ ഒരു സൂനഹദോസ് കൂടി. ആ സൂനഹദോസിൽവച്ചു സെലൂഷ്യൻ മെത്രാന്റെ നേതൃത്വം എല്ലാ മെത്രാന്മാരും അംഗീകരിച്ചു. പേർഷ്യൻ സഭ നിഖ്യാസൂനഹദോസിന്റെ വിശ്വാസപ്രമാണം അംഗീകരിച്ചതും ഈ സിനഡിൽ വച്ചാണ്. 424 ൽ ദാദീശോയുടെ നേതൃത്വത്തിൽ മാർകബ്ത്തായിൽ കൂടിയ സൂനഹദോസ് പേർഷ്യൻ സഭയെ ഒരു 'സ്വയംഭരണസഭ'യായി പ്രഖ്യാപിച്ചു.

ആദ്യമാദ്യം അന്ത്യോക്യൻ മെത്രാന്മാരാണു സെലൂഷ്യൻ മെത്രാന്മാരെ വാഴിച്ചിരുന്നതു്. 424 നോടുകൂടി സെലൂഷ്യൻ മെത്രാനെ അവിടെത്തന്നെ വാഴിക്കുവാൻ 'പാശ്ചാത്യപിതാക്കന്മാർ' അനുവദിച്ചു. റോമൻ സാമ്രാജ്യത്തിൽ പോയി പട്ടം സ്വീകരിക്കുന്നതിന്റെ ബുദ്ധിമുട്ടുകളാണു കാരണമായി കാണിക്കുന്നതു്. പാശ്ചാത്യപിതാക്കന്മാരുടേതായ ഒരു കത്താണ് ഇതിനു ഉപോൽബലകമായി സെലൂഷ്യക്കാർക്കുള്ളതു്. 'പാശ്ചാത്യപിതാക്കന്മാരായി' സെലൂഷ്യക്കാർ ഉദ്ദേശിക്കുന്നതു് അന്ത്യോക്യ, എഡേസ്സ എന്നിവിടങ്ങളിലെ പിതാക്കന്മാരാണ്. എഡേസ്സായിലെ മെത്രാപ്പോലീത്തായിൽ നിന്നും അന്ത്യോക്യ പാത്രിയർക്കീസിൽനിന്നും തങ്ങളുടെ സഭ സ്വതന്ത്രമാണെന്നും, തങ്ങളുടെ വലിയ മെത്രാപ്പോലീത്തായെപ്പറ്റി പാശ്ചാത്യ പാത്രിയാർക്കീസുമാരുടെ അടുക്കൽ പരാതി ബോധിപ്പിക്കരുതെന്നും, തീരുമാനിക്കാൻ സാധിക്കാത്ത പ്രശ്നങ്ങൾ ക്രിസ്തുവിന്റെ വിധി ഉണ്ടാകുന്നതുവരെ നിൽക്കട്ടെ എന്നും പ്രഖ്യാപനം ചെയ്തു. ഒരു പ്രാദേശികസഭയുടെ സ്വാതന്ത്ര്യത്തിനുള്ള ദാഹമായിട്ടാണ് ഇതിനെ കണക്കാക്കേണ്ടതു്. എന്നാൽ പല ചരിത്രകാരന്മാരും പേർഷ്യൻ സഭയുടെ ശീശ്മയുടെതുടക്കം ഇവിടെയത്രേ കണ്ടെത്തുക. സെലൂഷ്യൻ സഭയെ സംബന്ധിച്ചു് പാശ്ചാത്യപിതാക്കന്മാരുടെ എഴുത്തുകൾക്കു വളരെ പൂജ്യതയുണ്ടു്. അവർ അതു ശീശ്മയായി പരിഗണിക്കുന്നുമില്ല.

21. A. Mingana. *The Early Spread of Christianity in India*, Manchester 1926, p. 33; P. J. Podipara, *the Hierarchy*. p. 19; *Thomas Christians*, p. 37.



അവിഭക്ത സുറിയാനി സഭയിലെ ആദ്യകാല എഴുത്തുകാരാണ് ബർദൈസാൻ (154–222/3), താസിയൻ (+180), അഫ്രാത്തു് (+350), മാർ അപ്രേം (+373), റാബുള (+435), എന്നിവർ. 'വിധിയെക്കുറിച്ചു്' (രാജ്യങ്ങളുടെ നിയമം) എന്നൊരു കൃതി ബർദൈസാൻ രചിച്ചു.[22] സുറിയാനി സംഗീതത്തിന്റെ പിതാവെന്നു് അദ്ദേഹം അറിയപ്പെടുന്നു.[23] താസിയന്റെ 'സംയുക്തസുവിശേഷം' (ദിയാ തെസ്സാറോൺ) പ്രസിദ്ധമാണല്ലോ.[24] താസിയന്റെ കൃതിയിൽ ക്രമക്കേടുകൾ കണ്ടു പാലൂത് നാലു സുവിശേഷങ്ങളും വെവ്വേറെ സുറിയാനിയിലേക്കു ഭാഷാന്തരം ചെയ്തു. 'ഏവൻഗേലിയോൻ ദ്മെഫറേശെ' എന്നു് ഈ വിവർത്തനം അറിയപ്പെടുന്നു.[25] 'പരിശുദ്ധാത്മാവിന്റെ വീണ' എന്നറിയപ്പെടുന്ന അപ്രേം പദ്യരൂപത്തിലാണു മിക്ക കൃതികളും രചിച്ചതു്.[26] എഡേസ്സായിലെ മെത്രാനായ റാബുള സന്ന്യാസജീവിതം സംബന്ധിച്ചു മികച്ച സംഭാവനകൾ ചെയ്തയാളാണ്.[27] 'പേർഷ്യൻ മുനി' എന്ന നാമത്തിൽ അറിയപ്പെടുന്ന അഫ്രാത്തസും (285–350) ആദ്യകാല സുറിയാനി എഴുത്തുകാരിൽ ഒരാളാണ്. അദ്ദേഹത്തിന്റെ 'പ്രദ്യോതനം'[28] എന്ന കൃതി പ്രസിദ്ധമാണല്ലോ.

## പേർഷ്യയിലെ മതമർദ്ദനങ്ങൾ

അർസസീഡ് രാജാക്കന്മാർ ക്രിസ്തുമതത്തോടു അനുഭാവമുള്ളവരായിരുന്നു. സസ്സനീഡ്[29] രാജാക്കന്മാർ ക്രിസ്തുമതത്തെ സാരമായി പീഡിപ്പിച്ചിട്ടുണ്ടു്. ബൈസന്റൈൻ സാമ്രാജ്യവുമായുള്ള രാഷ്ട്രീയബന്ധമാണു പേർഷ്യയിലെ മതപീഡനങ്ങളുടെ ഒരു പ്രധാന കാരണം. കോൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുമതത്തെ അംഗീകരിച്ചപ്പോൾ മുതൽ പേർഷ്യൻ രാജാക്കന്മാർ ശത്രുവിന്റെ മതമായി അതിനെ പരിഗണിച്ചു. പേർഷ്യയിലുള്ള

22. Eusebius, *HE*.4.30.
23. J. Quasten, *Patrology*, III, *Utrecht-Antwerp*, 1963, *p*. 263-4.
24. Cf. ജി. ചേടിയത്തു്, ആദിമസഭയുടെ സന്ദേശം, p. 114
25. Cf. B. M. Metzger, *The Early Version of the New Testament*, Oxford 1977, p. 36-48.
26. ജി. ചേടിയത്തു്, സഭാപിതാക്കന്മാർ. p. 233 ff.
27. Cf. ജി. ചേടിയത്തു്, സഭാ. p. 237 ff.
28. Demonstrations.
29. Sassanid

www.malankaralibrary.com



ക്രിസ്ത്യാനികളുടെ സംരക്ഷണാർത്ഥം കോൺസ്റ്റന്റൈൻ ഷപ്പൂറിനു്[30] എഴുതിയപ്പോൾ സാഹചര്യം ഒന്നുകൂടി മോശമായി. രാജാക്കന്മാരുടെ രാജാവായ ഷപ്പൂർ സംശയദൃഷ്ടിയോടെ ഇതിനെ വീക്ഷിച്ചു.[31] 'നെസ്തോറിയനിസം'. ബൈസന്റൈൻ സാമ്രാജ്യത്തിൽ പാഷണ്ഡതയായിരുന്നെങ്കിലും ചില ബൈസന്റൈൻ ചക്രവർത്തിമാർ പേർഷ്യയിലെ ക്രിസ്ത്യാനികളുടെ – നെസ്തോറിയരുടെ – സംരക്ഷകരായി രംഗത്തുവരാൻ തുടങ്ങിയതും പേർഷ്യൻ ചക്രവർത്തിമാരെ രോഷാകുലരാക്കി. ഷപ്പൂർ 40 വർഷം നീണ്ടു നിന്ന ഒരു മതമർദ്ദനം നടത്തി.[32]

നിരവധി വൈദികരും ജനങ്ങളും മെത്രാന്മാരും ഈ മതപീഡനത്തിൽ രക്തസാക്ഷികളായി. സഭാചരിത്രകാരനായ സോസ്സോമൻ 16000 പേർ ഷപ്പൂറിന്റെ മതമർദ്ദനകാലത്തു രക്തസാക്ഷികളായി എന്നു പറയുന്നു.[33]

പേർഷ്യൻ രാജാക്കന്മാർ ബൈസന്റൈൻ സാമ്രാജ്യം അക്രമിച്ചപ്പോളൊക്കെ ഒരു ക്രിസ്തീയ രാജ്യത്തെയാണു് അവർ അക്രമിക്കുന്നതെന്നാണു് പരിഗണിച്ചിരുന്നതു്. വൈദികരും, കൊണ്ടുനടക്കാവുന്ന പള്ളികളും മററും യുദ്ധത്തിനു ഉണ്ടായിരുന്നു. ഷപ്പൂരും അതുപോലെ യുദ്ധത്തിൽ പേർഷ്യൻ പൂജാരികളാൽ ചുററപ്പെട്ടിരുന്നു.[34] പേർഷ്യൻ സാമ്രാജ്യത്തിലെ ചില ക്രിസ്ത്യാനികൾ റോമാക്കാർക്കെതിരെ യുദ്ധം ചെയ്യാൻ വിസമ്മതിച്ചു. എന്നാൽ സ്വന്തം മാതൃരാജ്യത്തെ ഒററിക്കൊടുക്കുന്ന യാതൊന്നും അവർ ചെയ്തിട്ടില്ല.[35] പേർഷ്യൻ രാജാക്കന്മാർ യുദ്ധത്തിൽ തോററാൽ ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുമെന്നതു തീർച്ചയായിരുന്നു. അതുപോലെ ക്രിസ്ത്യാനികൾ കൂടുതൽ നികുതി കൊടുക്കുവാനും തദവസരത്തിൽ ബാദ്ധ്യസ്ഥരായിരുന്നു.

ആറും ഏഴും നൂററാണ്ടുകളിൽ മസ്ദെയിസത്തിന്റെ[36] ഒരു പുനരുദ്ധാരണം പേർഷ്യയിൽ നടന്നു. അതു പേർഷ്യയുടെ ഔദ്യോഗിക മതമായി. ഈ മതത്തിൽ നിന്നുള്ള മാനസാന്തരം

30. Shapur II
31. K. S. Latourettee, *op. cit.* p 105. 225; J. Neusner, *A History of the Jews in Babylonia*- IV (The Age of Shapur II), Leiden 1969. p. 2.
32. W. A. Wigram, *Assyrians and their Neighbours,* London 1921, p. 50.
33. Eusebius, *HE.* 2. 14.
34. J. Neusner, *op. cit.* p. 22.
35. *Ibid.* p. 23-27.
36. Mazdeism.



കൊലക്കുററമായി കരുതപ്പെട്ടു. ചിലയിടങ്ങളിൽ ഈ മതത്തിന്റെ ആചാര്യന്മാരും സ്ഥലത്തെ ആളുകളും മതപീഡനത്തിനു പ്രേരിപ്പിച്ചു. മന്ദഗതിയിലായിരുന്ന മതപീഡനം 540/41 – ഓടുകൂടി വീണ്ടും തുടങ്ങി. പള്ളികളും ആശ്രമങ്ങളും നശിപ്പിക്കുവാനും കതോലിക്കയും സഭാ നേതാവുമായ മാർ ആബായെ നാടുകടത്തുവാനും ഇവർക്കു കഴിഞ്ഞു. നിസിബിസിലെ പാഠശാല തന്നെയും രണ്ടു വർഷം അടച്ചിരുന്നു. ഖൊസ്രൊ രണ്ടാമന്റെ കാലത്തു ക്രിസ്ത്യാനികൾ പല തരത്തിൽ പീഡിപ്പിക്കപ്പെട്ടു. ആദ്യമാദ്യം അദ്ദേഹം ക്രിസ്ത്യാനികളോടു മമതയിൽ കഴിഞ്ഞു. എന്നാൽ അതു വെറുമൊരു നാട്യം മാത്രമായിരുന്നു.[37] 608/9 മുതൽ 628 വരെ പേർഷ്യയിൽ സഭാദ്ധ്യക്ഷനായ കാതോലിക്കായെ വാഴിക്കുവാൻ രാജാവു് അനുവദിച്ചില്ല. ഈശോസബ്റാൻ, മാർ ഗീവർഗീസു്, ആഹദെമ്മെ ആദിയായ അനേകർ ഇക്കാലത്തു രക്തസാക്ഷികളായി.

## പേർഷ്യയിലെ മതപഠനകേന്ദ്രം

സുറിയാനി സഭയുടെ ബൗദ്ധിക കേന്ദ്രമായിരുന്നു നിസിബിസിലെ ദൈവശാസ്ത്രപാഠശാല. എഡേസ്സയിൽ അപ്രേമിന്റെ നേതൃത്വത്തിൽ ഉണ്ടായിരുന്ന പാരമ്പര്യങ്ങൾ നിസിബിസിലും തുടർന്നു. ഈബാസിന്റെ കാലം മുതലേ (+ 457) ദൈവശാസ്ത്രത്തിലും ബൈബിൾ വ്യാഖ്യാനത്തിലും മോപ്സുവെസ്ത്യായിലെ തിയഡോറിനെയായിരുന്നു അവർ പിൻചെന്നതു്. കൽദായ സഭയ്ക്കു തിയഡോർ 'ദൈവശാസ്ത്രജ്ഞനും' 'വ്യാഖ്യാതാവും' 'സത്യവിശ്വാസത്തിന്റെ നെടുംതൂണും' 'മല്പാൻമാരുടെ മല്പാനു' മത്രേ.[38]

നിസിബിസിലെ ആദ്യത്തെ പ്രധാന അദ്ധ്യാപകനായിരുന്ന നർസൈ അലക്സാണ്ഡ്രിയൻ ദൈവശാസ്ത്രപാരമ്പര്യത്തെ എതിർത്തിരുന്നു. എഡേസ്സയിൽവച്ചുതന്നെ തിയഡോറിയൻ ചിന്താരീതി സ്വായത്തമാക്കിയ ആളായിരുന്നു അദ്ദേഹം, 489 ൽ ബൈസന്റൈൻ ചക്രവർത്തിയായ സേനോ[39]യുടെ കല്പനയാൽ സൈറസ്[40] എന്ന മെത്രാൻ എഡേസ്സയിലെ പഠനകേന്ദ്രം നിർത്തലാക്കിയപ്പോൾ നർസൈ നിസിബിസിലെത്തി ജോലി

37. "Chronicon anonymum", ed. & tr. by I. Guidi, in 'Chronica Minora,' (CSCO, I), Louvain 1903, p. 19.
38. F. Martin, ed, "Homelie de Narsai sur les trois docteurs nestoriens;" *JA.* 9, 14 (1899), Paris, p. 475; G. Chediath, *The Christology,* p. 46.
39. Zeno
40. Cyrus - Qura

www.malankaralibrary.com



തുടങ്ങി. മാർ ആബാ, ഈശോയാബ് ഒന്നാമൻ, ഗ്രിഗറി രണ്ടാമൻ ആദിയായ കാതോലിക്കാമാർ തിയഡോറിയൻ പാരമ്പര്യത്തിനു വേണ്ടി നിലകൊണ്ടു. 'ദൈവസ്നേഹിതനും മെത്രാനും വി. ഗ്രന്ഥങ്ങളുടെ വ്യാഖ്യാതാവുമായ തിയഡോറിന്റെ ഭാഷ്യമത്രേ നിഖ്യാവിശ്വാസപ്രമാണത്തെ സംബന്ധിച്ചു പൗരസ്ത്യമെത്രാന്മാർ സ്വീകരിക്കുന്നത്' എന്നു മാർ ആബാ പറയുന്നു.[41] ആറാം നൂറ്റാണ്ടിലെ നിരവധി സൂനഹദോസുകൾ തിയഡോറിന്റെ നിലപാടിനെ സാധൂകരിക്കുകയും അതിനെതിരായുള്ളവയെ ശപിക്കുകയും ചെയ്തു. അടിസ്ഥാനപരമായി നിസിബിസിലെ പാഠ്യപദ്ധതി തിയഡോറിന്റെ ചിന്താധാരയ്ക്കനുയോജ്യമായിരുന്നു. പേഷ്യൻസഭയിലെ മെത്രാന്മാരും തിയഡോറിന്റെ ചിന്താഗതിയിൽ വളർന്നവരായിരുന്നു.[42] പാശ്ചാത്യ ദേശങ്ങളിൽ 523നും 533നും മദ്ധ്യേ തീർത്ഥാടനം നടത്തിയ മാർ ആബാ മടങ്ങിവരുമ്പോൾ നെസ്തോറിയസിന്റെ കൃതികളും, തിയഡോറിന്റെയും നെസ്തോറിയസിന്റെയും പേരിൽ അറിയപ്പെട്ടിരുന്ന അനാഫറകളും പേർഷ്യയിൽ കൊണ്ടുവന്നു. അവ സുറിയാനിയിലേക്കു വിവർത്തനം ചെയ്യുവാൻ വേണ്ട പ്രേരണയും നൽകി.[43] ഇങ്ങനെ പേർഷ്യയിലെ സഭയിൽ മാർ ആബായുടെ കാലത്താണ് നെസ്തോറിയസിന്റെ കൃതികൾ രംഗപ്രവേശം ചെയ്തത്. പേർഷ്യൻ സഭയുടെ ചരിത്രത്തിൽ ഇതൊരു പുതിയ വഴിത്തിരിവായി കണക്കാക്കാം. ക്രി. വ. 562/3ൽ കോൺസ്റ്റാന്റിനോപ്പിളിൽ ഒരു സഭൈക്യചർച്ച നടന്നു. ജസ്റ്റീനിയൻ ചക്രവർത്തിയാണു വിവിധ സഭാസമൂഹങ്ങൾക്കു ക്ഷണക്കത്തയച്ചത്. നിസിബിസിലെ കലാലയത്തിന്റെ അദ്ധ്യക്ഷനായിരുന്ന അബ്രഹാമും ക്ഷണിക്കപ്പെട്ടിരുന്നു. അബ്രഹാം അതിൽ പങ്കെടുത്തില്ല. നിസിബിസിലെ പൗലോസിന്റെ നേതൃത്വത്തിൽ ഒരു സംഘം ചർച്ചകളിൽ സംബന്ധിച്ചു. ഈ സഭൈക്യചർച്ച ദൈവശാസ്ത്രപ്രേരിതമെന്നതിനേക്കാൾ രാഷ്ട്രീയ പ്രേരിതമായിരുന്നതിനാൽ അലസിപ്പിരിഞ്ഞു.

അതിന്റെ വെളിച്ചത്തിൽ മതപഠനകേന്ദ്രത്തിന്റെ അദ്ധ്യക്ഷനായ അബ്രഹാം 'അനുസ്മരണപട്ടികയിൽ'[44] ദിയദോറിന്റെയും തിയഡോറിന്റെയും നെസ്തോറിയസിന്റെയും പേരുകൾ ചേർത്തു. അങ്ങനെ ബൈസന്റൈൻ സാമ്രാജ്യത്തിൽ പാഷണ്ഡരായി ശപിച്ചു തള്ളപ്പെട്ടവർ പേഷ്യൻ സാമ്രാജ്യത്തിൽ പിതാക്കന്മാരായി സ്വീകരിക്കപ്പെട്ടു. ബൈസന്റൈൻ ദൈവശാസ്ത്രജ്ഞന്മാർ അവ

41. J. B. Chabot, *Syn, Or.* p. 550.
42. cf. G. Chediath, *The Christology,* p. 51ff.
43. *Ibid.* p. 47.
44. Dyptics



രുടെ സിനഡുകളിൽ, പ്രത്യേകിച്ച് 553ൽ പാസ്സാക്കിയതു പേർഷ്യൻ സഭയിൽ പാഷണ്ഡതയായി കണക്കാക്കപ്പെട്ടു.

## പേർഷ്യയിലെ സന്ന്യാസപ്രസ്ഥാനം

തപോനുഷ്ഠാനങ്ങൾക്കു വളരെയേറെ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ക്രൈസ്തവപാരമ്പര്യമായിരുന്നു പേർഷ്യൻ സഭയുടേത്. സഭാരംഭകാലം മുതൽതന്നെ ആശ്രമപ്രസ്ഥാനം അവരുടെ ഇടയിൽ വളരെയധികം സ്വാധീനം ചെലുത്തി. മറ്റു സ്ഥലങ്ങളിലുള്ള സഭാപാരമ്പര്യങ്ങളിൽനിന്നു വ്യക്തമായ വ്യത്യാസങ്ങൾ അവരുടെ ഇടയിൽ ഉണ്ടായിരുന്നു. അപ്രേം, നർസൈ ആദിയായ അദ്ധ്യാപകരിലൂടെയും ആഹായ് (410–415/16) യാബാലാഹാ (415/16-420) ആദിയായ സഭാനേതാക്കന്മാരിലൂടെയും സന്ന്യാസികൾ പേർഷ്യൻ ക്രിസ്തുമതത്തിൽ സ്വാധീനം ചെലുത്തിക്കൊണ്ടിരുന്നു. പിൽക്കാല നൂറ്റാണ്ടുകളിൽ സന്ന്യാസ പശ്ചാത്തലത്തിൽനിന്നാണു പല മെത്രാന്മാരും ഉണ്ടായത്.[45] കശ്ക്കാറിലെ മാർ അബ്രഹാം ആറാം നൂറ്റാണ്ടിൽ തുടങ്ങിയ സന്ന്യാസപ്രസ്ഥാനം പേർഷ്യയിൽ ഗണ്യമായ സ്വാധീനം ചെലുത്തി. പഠനവും തീർത്ഥാടനവും കഴിഞ്ഞ് അബ്രഹാം നിസിബിസിനടുത്തുള്ള ഈസ്ലാ മലയിൽ[46] ഒരു സന്ന്യാസാശ്രമം തുടങ്ങി. തിയോഡോറിയൻ–അന്ത്യോക്യൻ ദൈവശാസ്ത്രത്തിന്റെ ഒരു വലിയ കേന്ദ്രമായി തീർന്നു ഈ ആശ്രമം. പേർഷ്യയിലെ ആശ്രമപ്രസ്ഥാനത്തിന്റെ നവീകരണത്തിന് ഈ ആശ്രമം വഴി തെളിച്ചു.[47] വലിയ സന്ന്യാസാചാര്യന്മാരായ ആബാ അന്തോണിയോസ്, ആബാ മാർക്കോസ്, ആബാ ഏശായാ തുടങ്ങിയവരുടെ സ്വാധീനം ഇവർക്കുണ്ടായി. അബ്രഹാമിന്റെ പിൻഗാമിയായ മാർ ദാദീശോയും (588–604) പേർഷ്യൻസഭയിൽ ഗണ്യമായ സ്വാധീനം ചെലുത്തുകയും 'കത്തോലിക്കാസഭയുടെ വിശ്വാസത്തിലും സഭാപിതാക്കന്മാരുടെ വ്യാഖ്യാനങ്ങളിലും' സന്ന്യാസികളെ ഉറപ്പിക്കുകയും ചെയ്തു. മൂന്നാമത്തെ അദ്ധ്യക്ഷനായ ബാബായിയുടെ കാലത്ത് (+628) ഈ ആശ്രമം സഭ മുഴുവന്റെയും നേതൃത്വം ഏറ്റെടുത്തു.[48] 608 മുതൽ 628 വരെ മറ്റു സന്ന്യാസികളുടെ സഹായത്തോടുകൂടി 'അബദ്ധോപദേശങ്ങളെ' അടിച്ചമർത്താനും, സന്ന്യാസപ്രസ്ഥാനം വളർത്താനും കലങ്ങിമറിഞ്ഞ സഭാന്തരീക്ഷത്തിൽ സഭയെ നയിക്കുവാനും ഈ ആശ്രമത്തിനു കഴിഞ്ഞു. പോന്തുസ്സിലെ എവാഗ്രിയൂസ്സിന്റെ സ്വാധീനം ഈ

45. Cf. A. Voobus, *The School,* p. 207.
46. Mount Izla
47. A. Voobus, *ibid.*
48. Cf. G. Chediath, *The Christology,* p. 53ff

www.malankaralibrary.com



സന്ന്യാസികളുടെ ഇടയിൽ വളരെയധികം ഉണ്ടായിരുന്നു. ഗ്രീക്കുകാരുടെ ഇടയിൽ ഒറിജെനിസത്തോടുകൂടിയാണു എവാഗ്രിയൂസ് പ്രചരിപ്പിച്ചതു്.[49] സുറിയാനി വിവർത്തകൻ ഒറിജെനിസം പാടെ നീക്കി. എവാഗ്രിയൂസിൻെറ കൃതികൾക്കു ഭാഷ്യമെഴുതിയ ബാബായ് എവാഗ്രിയൂസിനെ ഒറിജെനിസത്തിൻെറ എതിരാളിയായി ചിത്രീകരിച്ചു.

തിയഡോറിനു പുറമെ, പുതുതായി സുറിയാനിയിലേയ്ക്കു് വിവർത്തനം ചെയ്യപ്പെട്ട നെസ്തോറിയൻ കൃതികളും ഈ സന്ന്യാസികൾ ഉപയോഗിച്ചു. പേർഷ്യൻ സന്ന്യാസ ചരിത്രത്തിൽ ഇതൊരു പുതിയ ഘടകമായിരുന്നു.

പേർഷ്യൻ സഭയിലെ ഒരു വിഭിന്ന ചിന്താരീതിക്കാരനായ ഹെനാനയോടു്[50] വാദപ്രതിവാദത്തിൽ ഏർപ്പെടാനും നേതൃത്വം നൽകിയതു് ഈ ആശ്രമമാണ്. നിസിബിസിൽ ഹെനാന പ്രധാനാദ്ധ്യാപകനായിരുന്ന കാലത്തു് അതിനു സമാന്തരമായി ബേത് - സഹദെയിൽ[51] ഒരു പാഠശാല തുടങ്ങിയ ഏലിശാ ഈ ആശ്രമക്കാരനാണ്. പ്രസ്തുത കലാലയത്തിലെ പ്രധാന അദ്ധ്യാപകനായ കർദുവിലെ അബ്ദിമലേക്, മാർ അബ്രഹാമിൻെറ ശിഷ്യത്വം സ്വീകരിച്ചയാളാണ്. അവിടത്തെ രണ്ടാമത്തെ പ്രധാന അദ്ധ്യാപകനായ അബ്രഹാമും ഈ ആശ്രമത്തിലെ അബ്രഹാമിനാൽ നിയമിക്കപ്പെട്ടു. വാസ്തവത്തിൽ പേർഷ്യൻ സഭയെ തിയഡോറിയൻ ദൈവശാസ്ത്രത്തിൽ ഉറപ്പിക്കുന്നതിൽ ഈസ്ലായിലെ ആശ്രമത്തിനു് ഒരു പ്രധാന പങ്കുണ്ടു്.

## പേർഷ്യൻ സഭയുടെ നെസ്തോറിയനിസം[52]

ക്രി. വ. 431 ലെ സാർവത്രിക സൂനഹദോസിൽ നെസ്തോറിയനിസം അബദ്ധോപദേശമായി പ്രഖ്യാപിക്കപ്പെട്ടു. കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസായിരുന്ന നെസ്തോറിയസിനെ സഭാഭ്രഷ്ടനാക്കി നാടുകടത്തി. 499 ലെ കോൺസ്റ്റാൻറിനോപ്പിൾ സിനഡ് (മരിച്ച് ഒരു നൂററാണ്ടു കഴിഞ്ഞപ്പോൾ) ദിയദോറിൽ കുററം കണ്ടെത്തി. രണ്ടാം കോൺസ്ററാൻറിനോപ്പിൾ സൂനഹദോസ് (553) തിയഡോറിനും അദ്ദേഹത്തിൻെറ കൃതികൾക്കും (മരിച്ച 125 വർഷം കഴിഞ്ഞപ്പോൾ) വിലക്കു കല്പിച്ചു. 'നെസ്തോറിയനിസം' എന്ന അബദ്ധോപദേശം നെസ്തോറിയസ് പഠിപ്പിച്ചു എന്നതായിരുന്നു നെസ്തോറിയസിനെതിരായ ആരോപണം. തിയഡോറും ദിയദോറും നെസ്തോറിയസിൻെറ ഗുരുക്കന്മാരായിരുന്നതിനാൽ നെസ്തോറിയസിനു മുമ്പുതന്നെ ഇരുവരും നെസ്തോറിയരായിരുന്നു എന്നാണ് അവർക്കെതിരെ ഉയർന്ന വിമർശനം. എന്നാൽ പേർഷ്യയിലെ കൽദായസഭ ഈ വിലക്കുകളും ആരോപണങ്ങളും അംഗീകരിച്ചില്ല. കത്തോലിക്കാ സഭയുടെ ഐക്യത്തിൽ ജീവിക്കയും പരമപരിശുദ്ധരായി മരിക്കയും ചെയ്ത പിതാക്കന്മാരെ മരിച്ചുകഴിഞ്ഞു സഭഭ്രഷ്ടരാക്കുന്നതു അസാംഗത്യമാണെന്നു് അവർ വാദിച്ചു. പൗരസ്ത്യസുറിയാനിസഭ ആരംഭം മുതലേ തിയഡോറിൻെറ ദൈവശാസ്ത്രത്തിനും പാരമ്പര്യത്തിനും വേണ്ടി നിലകൊണ്ടു. ദൈവശാസ്ത്രജ്ഞന്മാരായ ഈബാസ്, മാന, കുമി, പ്രോബോസ്, നർസായ്, ബർസൗമ, ആബാ, അബ്രഹാം ദ്ബേത് റബ്ബാൻ ആദിയായവർ പ്രസ്തുത ദൈവശാസ്ത്രം പ്രചരിപ്പിക്കുവാൻ നേതൃത്വം നൽകി.

പൗരസ്ത്യസുറിയാനി സഭയുടെ ക്രിസ്തുശാസ്ത്രത്തിനു രൂപം കൊടുത്തതു മഹാനായ ബാബായ് അത്രേ (+ 628).

'ഐക്യത്തിൻെറ പുസ്തകം' എന്ന പേരിൽ 'വചന'ത്തിൻെറ മനുഷ്യാവതാരത്തെക്കുറിച്ചു ബാബായ് ഒരു ഗ്രന്ഥമെഴുതിയിട്ടുണ്ടു്. ബാബായ് വരച്ചു കാട്ടിയ ക്രിസ്തുശാസ്ത്രത്തിൻെറ വെളിച്ചത്തിൽ പേർഷ്യൻ സഭയുടെ 'നെസ്തോറിയനിസ'ത്തെപ്പററി നമുക്കു ഗ്രഹിക്കാനാവും; അതിപ്രകാരമാണ്:

യേശുക്രിസ്തുവാണു നമ്മുടെ ജീവിതത്തിൻെറ ശിരസ്സും നമ്മുടെ ശരണവും നമ്മുടെ ദൈവവും; അവിടുന്നു നമ്മുടെ കർത്താവും നാഥനുമാണ്. സനാതനനായ ദൈവമാകയാൽ അവിടുന്നു എല്ലാമറിയുന്നു. സർവ്വ ജീവജാലങ്ങളോടുമൊത്തു ക്രിസ്തുവിനെ നാം സ്തുതിക്കണം. നമ്മുടെ ജീവൻെറ അടിസ്ഥാനവും, നമ്മുടെ ഗുരുവും, നായകനും, പ്രബോധകനും, വിജ്ഞാനവും ശക്തിയും സമാശ്വാസവും എല്ലാം അവിടുന്നു തന്നെ.

ദൈവത്തിലാണു നമ്മുടെ രക്ഷ ആരംഭിക്കുന്നതു്. പുത്രത്വം എന്ന ആളത്വം ഉള്ള ത്രിത്വത്തിലെ രണ്ടാമൻ, വചനമായ ദൈവം നമ്മുടെ മനുഷ്യത്വം തൻെറ ആളത്വത്തിൽ സ്വീകരിച്ചു; പുത്രത്വം എന്ന ആളത്വം നമ്മിൽനിന്നുള്ള മനുഷ്യൻെറ ആളത്വമായി കൊടുത്തു. ഗർഭധാരണനിമിഷം മുതൽ പുത്രൻെറ ആളത്വം മനുഷ്യത്വത്തിൻെറയും ആളത്വമായി. അവിടുത്തേയ്ക്കു പൂർണ്ണ ദൈവത്വവും പൂർണ്ണ മനുഷ്യത്വവും ഉണ്ടു്. പരിപൂർണ്ണ ദൈവസ്വഭാവവും

49. Origenism
50. Henana of Adiabene (+610)
51. Beth - Sahde
52. Cf. G. Chediath, *op. cit.*; P. J. Podipara, "The Mariology of the Church of the East", in *Christian Orient* 2, 4 (1981), p. 164—182; X. Koodapuzha, *The Faith and Communion of the Indian Church of the Thomas Christians*, Kottayam, 1982.

www.malankaralibrary.com



പരിപൂർണ്ണ മനുഷ്യസ്വഭാവവും. എന്നാൽ ആളത്വം ഒന്നുമാത്രം. അതിനാൽ നസ്രായനീശോ ഒരേസമയം ദൈവവും മനുഷ്യനുമാണ്. ദൈവത്തിന്റെ ഏകജാതൻ മനുഷ്യാവതാരംവഴി മറിയത്തിന്റെ ആദ്യജാതനായി.

സാങ്കേതിക ഭാഷയിലും ബാബായ് ഇതു വിവരിക്കുന്നുണ്ട്: യേശുക്രിസ്തുവിന് രണ്ടു ക്യാനെ (സ്വഭാവങ്ങൾ) ഉണ്ട്. അതായത് ദൈവത്വവും മനുഷ്യത്വവും. ഇരു ക്യാനാകൾ യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്നതു രണ്ടു ക്നോമാകളിലൂടെയാണ്. ക്യാനായ്ക്ക് അതിൽതന്നെ അസ്തിത്വമില്ല; അവയുടെ അസ്തിത്വം ക്നോമാകളിലേയുള്ളൂ. യേശുക്രിസ്തു ദൈവവും മനുഷ്യനുമാണ്, അഥവാ, ദൈവത്വവും മനുഷ്യത്വവുമുണ്ട് എന്നു പറയുന്നതിനു തുല്യമാണ് യേശുക്രിസ്തുവിൽ രണ്ടു ക്നോമാകൾ ഉണ്ടെന്നു പറയുക. അതായത് തന്നിൽ ദ്വിത്വം സ്ഥിതി ചെയ്യുന്നു.

രണ്ടു യാഥാർത്ഥ്യങ്ങൾ യേശുക്രിസ്തുവിൽ സമ്മിശ്രപ്പെടാതെ, മാറ്റമില്ലാതെ, വിഭജനമില്ലാതെ, വേർതിരിവില്ലാതെ യോജിച്ചു സ്ഥിതിചെയ്യുന്നു. ദ്വിത്വം ഏകത്വമാകുന്നത് ദൈവവചനത്തിന്റെ 'പർസോപ്പാ' വഴിയാണ്. ത്രിത്വത്തിലെ പുത്രനെ പുത്രനാക്കിത്തീർക്കുന്നതാണ് പുത്രത്വം എന്ന പർസോപ്പാ. പ്രസ്തുത പർസോപ്പാ നസ്രസിൽ പരിശുദ്ധ കന്യകയിൽ നിന്നെടുത്ത ശരീരത്തിന്റെയും പർസോപ്പാ ആയിത്തീർന്നു. തന്റെ ആളത്വത്തിലേക്ക് പുത്രൻതമ്പുരാൻ മനുഷ്യനെ ആവഹിച്ചു. ഈശോയുടെ ശരീരം പുത്രന്റെ ശരീരമായി; ഈശോയുടെ ആത്മാവ് പുത്രന്റെ ആത്മാവായി. ഏക വ്യക്തിത്വത്തിൽ രണ്ടു യാഥാർത്ഥ്യങ്ങൾ നിലനിൽക്കുന്നു. അങ്ങനെ തന്റെ വ്യക്തിത്വത്തിൽ ക്രിസ്തു ഏകനാണ്; അവൻ അവിഭാജ്യനും, അതുല്യനും ആണ്. എന്നാൽ ദ്വിത്വം തന്നിൽ സ്ഥിതി ചെയ്യുന്നു.

ദൈവവചനം മനുഷ്യനെ ധരിച്ചു. അതൊരു സംയോജനം ആണ്. ദൈവത്വവും മനുഷ്യത്വവും സമ്മിശ്രപ്പെടാതെ യോജിച്ചിരിക്കുന്നു; ഗാഢമായും അഭേദ്യമായും നിത്യമായും യോജിച്ചിരിക്കുന്ന ഐക്യമാണിത്. ഇതിനു തുല്യമായൊന്ന് ചൂണ്ടിക്കാണിക്കാൻ സാധിക്കയില്ല. ആത്മാവിന്റെയും ശരീരത്തിന്റെയും ഐക്യത്തേക്കാൾ ആഴമേറിയതാണിത്. ആത്മാവും ശരീരവും മരണത്തിൽ വേർപിരിയുന്നു. ഇതാകട്ടെ, ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ നിത്യമായി അവിഭാജ്യമാണ്.

രണ്ടു സ്വഭാവങ്ങളും തമ്മിൽ കൂടിക്കലരുന്നില്ല. അതായത് സ്വഭാവങ്ങളുടെ തലത്തിൽ ഐക്യം നടക്കുന്നില്ല. ദൈവവും മനുഷ്യനും ക്രിസ്തുവിൽ സമ്മിശ്രപ്പെടുന്നില്ല. വ്യക്തിത്വത്തിന്റെ (പർസോപ്പായുടെ) തലത്തിലേ ഐക്യമുള്ളൂ. രണ്ടു യാഥാർത്ഥ്യ



ങ്ങൾ ഒരേ ഒരു വ്യക്തിത്വത്തിന്റെ രണ്ടു ഘടകങ്ങളായി മാറുന്നു. ദൈവസ്വഭാവമുള്ള ദൈവപുത്രൻ തന്റെ വ്യക്തിത്വത്തിൽ മനുഷ്യസ്വഭാവം എടുത്തു. ഈ ഐക്യം വ്യക്തിത്വത്തിലായതിനാൽ സത്താപരമായ ഐക്യമാണ്.

എല്ലാ ഗുണങ്ങളും സർവ്വകാര്യങ്ങളും പുത്രനെപ്പറ്റി പറയാം. മനുഷ്യനെന്നും ഏകജാതനെന്നും മഹത്വത്തിന്റെ കർത്താവെന്നും ആദ്യജാതനെന്നും ദാവീദിന്റെ പുത്രനെന്നും സർവ്വശക്തന്റെ പുത്രനെന്നും ഒക്കെ ഈ നസ്രായനേശുവിനെപ്പറ്റി പറയാം.

ഈ ക്രിസ്തുശാസ്ത്രമെങ്ങനെ നെസ്തോറിയനിസമാകും? എന്താണു നെസ്തോറിയനിസം? യേശുക്രിസ്തുവിൽ രണ്ടു വ്യക്തികൾ (ആളുകൾ) ഉണ്ട്. ദൈവവും മനുഷ്യനും. യേശുക്രിസ്തുവിലെ ഇരുസ്വഭാവങ്ങൾക്കു സമാന്തരമായി സ്ഥിതിചെയ്യുന്ന ഈ വ്യക്തികൾ തമ്മിൽ സത്താപരമായി ഒരൈക്യം ഇല്ല; വെറുമൊരു ധാർമ്മികമായ ഐക്യമേയുള്ളൂ. കന്യകമറിയാം വെറും മനുഷ്യവ്യക്തിയുടെ അമ്മയാണ്. അതുകൊണ്ട് അവളെ ദൈവമാതാവ് എന്നു വിളിക്കാൻ പാടില്ല.

ഈ അബദ്ധോപദേശം ബാബായ് പഠിപ്പിച്ചിട്ടില്ല; കൽദായസഭയിലും ഈ പ്രബോധനം ഇല്ല. ആധുനിക പഠനങ്ങൾ വെളിപ്പെടുത്തുന്നതു് നെസ്തോറിയസ് തന്നെ 'നെസ്തോറിയൻ' പാഷാണ്ഡി ആയിരുന്നില്ലെന്നാണ്. കൽദായസഭ നെസ്തോറിയനിസം പഠിപ്പിച്ചിട്ടില്ല. മറിച്ച്, വളരെ ഭക്തിബഹുമാനാദരവുകളോടെ ദൈവമാതാവിനെ അവർ വണങ്ങുന്നു. 'ദൈവസുതനായ അമ്മാനുവേലിനെ പ്രസവിച്ച മറിയം', 'രക്ഷകന്റെ മാതാവ്', 'നമ്മുടെ ദൈവമായ ക്രിസ്തുവിന്റെ മാതാവ്' തുടങ്ങിയ നിരവധി പ്രയോഗങ്ങൾ അവരുടെ പ്രാർത്ഥനകളിൽ കാണാം. പരിശുദ്ധ കന്യകയുടെ ദൈവമാതൃത്വം കൽദായസഭ നിഷേധിക്കുന്നില്ല. മറിയം യഥാർത്ഥമായും സത്യമായും ദൈവമാതാവാണ്. എന്നാൽ ദൈവത്വം അവളിൽനിന്നു സ്വീകരിച്ചില്ല. അവളിൽനിന്നു ജനിച്ചവൻ യഥാർത്ഥത്തിൽ ദൈവവും മനുഷ്യനുമായിരുന്നു.

ഇതിൽനിന്നു പേർഷ്യൻസഭയുടെ നെസ്തോറിയനിസം എന്താണെന്നു കുറെ ഒക്കെ ഗ്രഹിക്കാമല്ലോ.

## പേർഷ്യൻസഭ അറബികളുടെ ആഗമനംവരെ

ഏഴാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലും പേർഷ്യയിലെ സഭ സെമിറ്റിക് വംശജരുടെ ഒരു ന്യൂനപക്ഷമതമായിരുന്നു. അറമായ ഭാഷ സംസാരിച്ചിരുന്ന ഇവർ പ്രധാനമായും യൂഫ്രട്ടീസ്, ടൈഗ്രീസ് നദീതടങ്ങളിലത്രേ താമസിച്ചിരുന്നത്.

www.malankaralibrary.com



എന്നാൽ അവരോടൊപ്പംതന്നെ ഗ്രീക്ക്, അർമേനിയൻ ആദിയായ ഭാഷകൾ സംസാരിക്കുന്ന മററു ക്രൈസ്തവസമൂഹങ്ങളും ഉണ്ടായിരുന്നു. പേർഷ്യൻ സാമ്രാജ്യത്തിന്റെ മെസൊപ്പൊട്ടേമിയൻ പ്രദേശങ്ങളെ കൂടാതെ മററു സ്ഥലങ്ങളിലും സഭയുണ്ടായിരുന്നു. 424ലെ മാർകബ്ത്താ സിനഡിൽ റാ (Rai) യിലെ ദാവീദ്, ഇസ്ഫഹാനിലെ അഫ്രാത്ത്, സെജെസ്ഥാനിലെ അഫ്റീദ്, ഹെറാത്തിലെ യസ്ദോയി, മെർവിലെ ബർസാബാ എന്നിവർ പങ്കെടുത്തു.[53] അക്കാലത്തുതന്നെ ഈ പ്രദേശങ്ങളിലെല്ലാം സഭ വളർന്നിരുന്നുവെന്നു തെളിയുന്നു.

## പേർഷ്യയിലെ യാക്കോബായക്കാർ

റോമൻ സാമ്രാജ്യത്തിലെ മതമർദ്ദനം ഭയന്നു് 'ഏകസ്വഭാവവാദി'കളിൽ ചിലർ പേർഷ്യയിൽ അഭയം തേടി. ക്രമേണ എഡേസ്സയിലെ സുറിയാനിസഭയിലെ ഒരു വിഭാഗം 'ഏകസ്വഭാവവാദികളായി' മാറി. എഡേസ്സയിൽ പഠിക്കുന്ന കാലത്തു തന്നെ മാബൂഗ്ഗിലെ ഫിലൊക്സിനോസ് (+523) ഏകസ്വഭാവ പക്ഷത്തായിരുന്നു. സ്രോഗിലെ മാർ യാക്കോബിന്റെ (+ 521) അനുഭാവം ഏകസ്വഭാവവാദികളോടായിരുന്നു. ഇവർ ഇരുവരും പേർഷ്യൻ സാമ്രാജ്യത്തിലായിരുന്നില്ലെങ്കിലും സുറിയാനിയിൽ എഴുതിയ ഇവരുടെ കൃതികൾ വഴി സുറിയാനിക്കാരായ പേർഷ്യക്കാരുടെയിടയിൽ വളരെയധികം സ്വാധീനം ചെലുത്തി. പേർഷ്യയിലെ ഏകസ്വഭാവവാദികൾ 'സേവേരിയന്മാർ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അന്ത്യോക്യയിലെ യാക്കോബായ പാത്രിയാർക്കീസായിരുന്ന സേവേരൂസിൽ (+ 538) നിന്നാണ് അവർക്ക് ഈ പേരുണ്ടായതു്.

പേർഷ്യയിൽ ഏകസ്വഭാവചിന്താഗതിക്കാർ ഉണ്ടായിരുന്നെങ്കിലും 559 നു മുൻപ് അവരുടെ ഒരു മെത്രാസനം അവിടെ ഉണ്ടായിരുന്നതായി തെളിവില്ല.[54] ഖൊസ്രൊ ഒന്നാമന്റെ കാലത്താണ് യാക്കോബ് ബുർദ്ദാനാ കിഴക്കിന്റെ ആദ്യത്തെ മെത്രാപ്പോലീത്തയായി[55] ആഹ്ഗദെമ്മെയെ നിയമിക്കുന്നതു്.[56] ആഹ്ഗദെമ്മെ തഗ്രീത്തിലും പരിസരങ്ങളിലും ജോലി ചെയ്തു. അർമേനിയൻ കാതോലിക്കയായ ക്രിസ്റ്റഫർ ആണ് ആഹ്ഗദെമ്മെയ്ക്കു മെത്രാൻപട്ടം നൽകിയതു്.[57]

53. J. B. Chabot, *Syn. Or.* p. 285.
54. J.M. Fiey, "Tagrit", *OS* 8 (1963), p. 301.
55. The First Metropolitan of the Orient
56. L. Duchesne, *L'eglise au VIe Siecle,* p. 322.
57. J. M. Fiey, 'Les dioceses du Maphrianat Syrien, 629-1860,' *Parole de l'Orient*, 5 (1974), p. 158.



പേർഷ്യയിലെ യാക്കോബായക്കാർ (സേവേരിയന്മാർ) തിഗ്രീത്തിനു ചുററും കേന്ദ്രീകരിച്ചിരുന്നു. അതുപോലെ മാർ മത്തായി ആശ്രമത്തിനു ചുററും[58] യാക്കോബായക്കാരുണ്ടായിരുന്നു. ആഹ്ഗദെമ്മെയ്ക്കുശേഷം ഖാമീശോ (578_609) സാമുവേൽ (614_624) എന്നിവർ പൗരസ്ത്യ മെത്രാപ്പോലീത്താമാരായിരുന്നു. 628/29_ൽ തിഗ്രീത്ത് യാക്കോബായക്കാരുടെ പേർഷ്യയിലെ ഒന്നാമത്തെ മെത്രാസനമായി; മാർ മാരുത്തായെ ഒന്നാമത്തെ മഫ്റിയാനായി[59] അന്ത്യോക്യാപാത്രിയർക്കീസ് നിയമിച്ചു.[60]

615 നു മുൻപു തിഗ്രീത്തിനു ചുററുമുള്ള പ്രദേശങ്ങളും, നിനിവേയുടെ സമീപപ്രദേശങ്ങളും യാക്കോബായ വിശ്വാസം സ്വീകരിച്ചു.[61] പേർഷ്യൻ കൽദായ സഭയുടെ ചില കേന്ദ്രങ്ങളും യാക്കോബായ വിശ്വാസത്തിലായി. ഏഴാം നൂററാണ്ടിൽ യാക്കോബായക്കാർക്ക് പേർഷ്യയിൽ അഞ്ചു വിദ്യാലയങ്ങൾ ഉണ്ടായിരുന്നു.[62] മോസൂൾപ്രദേശം ഒരു പൗരസ്ത്യസഭാകേന്ദ്രമായിരുന്നു. യാക്കോബായക്കാരുടെ പ്രവർത്തനഫലമായി അവിടെയുള്ളവർ ഏഴാം നൂററാണ്ടോടുകൂടി ഏകസ്വഭാവവാദികളായി.[63]

## പേർഷ്യൻ സിനഡുകൾ[63a]

410_ൽ മാർ ഇസഹാക്കിന്റെയും, മാർ മാരുത്തായുടെയും[64] നേതൃത്വത്തിൽ സെലൂഷ്യയിൽവച്ചു നടന്ന സിനഡോടുകൂടിയാണ് അവരുടെ സിനഡിന്റെ ചരിത്രമാരംഭിക്കുക. ആ സിനഡിൽ വച്ചാണ് പേർഷ്യയിലെ ക്രിസ്ത്യാനികൾ നിഖ്യാവിശ്വാസപ്രമാണവും, അതിലെ ഡിക്രികളും അംഗീകരിച്ചതു്.[65] ഇതേപ്പററി മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. പിൽക്കാലത്തു പല സിനഡുകൾ ഉണ്ടായി എങ്കിലും അവയുടെ വിശ്വാസ പ്രഖ്യാപനങ്ങൾ ഒന്നും നിഖ്യായിൽനിന്നു വ്യതിചലിച്ചില്ല. ഔദ്യോഗികമായി കൽക്കദോനിയാ സൂനഹദോസ് അംഗീകരിച്ചിട്ടില്ലെങ്കിലും, അടിസ്ഥാനപരമായി പേർഷ്യക്കാർ കൽക്കദോനിയാക്കാരായിരുന്നുവെന്നു് നമുക്ക് കാണുവാൻ സാധിക്കും.[66] 410 നു ശേഷമുണ്ടായ

58. The Monastery of Mar Mathai
59. Maphrian
60. J. M. Fiey, *Les dioceses*, p. 142.
61. J. M. Fiey, *Assyrie Chretienne*, vol. 2, Beyrouth. 1966, p.417. 441. 442.
62. *Ibid.* p. 488-9.
63. J.M. Fiey, *Mossoul Chretienne,* Beyrouth, 1961 p. 13-14.
63a ജി. ചേടിയത്ത്, പൗരസ്ത്യകാതോലിക്കോസ്, പേ.37 ff.
64. Marutha of Maipherkat.
65. J. B. Chabot, *Syn. Or.* p. 17-36.
66. G.Chediath, *The Christology.* p. 113-115.

www.malankaralibrary.com



പ്രധാനപ്പെട്ട സിനഡുകൾ താഴെപ്പറയുന്നവയാണ്: 486-ൽ അകാചിയൂസിന്റെയും, 544-ൽ മാർ ആബായുടേയും, 554-ൽ മാർ ജോസഫിന്റെയും, 576-ൽ മാർ എസെക്കിയേലിന്റെയും, 585-ൽ മാർ ഈശോയാബ് ഒന്നാമന്റെയും, 596-ൽ മാർ സാബർഈശോയുടെയും, 605-ൽ മാർ ഗ്രിഗറിയുടെയും നേതൃത്വത്തിലായിരുന്നു മേൽപ്പറഞ്ഞ സിനഡുകൾ കൂടിയത്. 612-ൽ പാത്രിയർക്കീസ് ഇല്ലാതിരുന്ന കാലത്ത് ഒരു 'സിനഡ്' കൂടുകയുണ്ടായി.[67]

## അറബികളുടെ ആക്രമണം

പേർഷ്യൻസഭ മുസ്ലീം ആക്രമണത്താൽ ശക്തിയായി ഉലഞ്ഞെങ്കിലും, പിൽക്കാല നൂറ്റാണ്ടുകളിൽ വളർന്നു പന്തലിച്ചു പുഷ്ടിപ്രാപിച്ചു. സെലൂഷ്യാ-സ്റ്റെസിഫൺ, നിസിബിസ്, അർബേലാ മെർവ്, സമർഖണ്ഡ്[68] ആദിയായ പട്ടണങ്ങളിലൂടെയാണു കിഴക്കും പടിഞ്ഞാറും നിന്നുള്ള വ്യാപാരപാതകൾ കടന്നുപോയിരുന്നത്. അവയിലൂടെതന്നെ സുവിശേഷപ്രവർത്തനവും എളുപ്പമായിരുന്നു.

മുസ്ലീം ആക്രമണംവരെ അറേബ്യൻ പ്രദേശങ്ങളിൽ പേഷ്യൻ സഭ വളർന്നു വ്യാപിച്ചിരുന്നു. 676-ൽ തെക്കൻ അറേബ്യയിൽ വച്ചു പാത്രിയർക്കീസ് ഗീവറുഗീസ് (660-680) ഒരു പേഷ്യൻ സഭാസിനഡുകൂടി. 779-ലും ക്രിസ്തുമതത്തിലേക്കു ചില സമൂഹങ്ങൾ മതപരിവത്തനം നടത്തിയതായി പറയപ്പെടുന്നു. കാലീഫ് അൽമഹ്ദി അലഞ്ഞുനടക്കുന്ന ബാനുസാലഹ് ജനങ്ങളെ മുഹമ്മദീയരാക്കാൻ പരിശ്രമിച്ചപ്പോൾ അവരെല്ലാവരും ക്രിസ്തുമതത്തിൽ ഉറച്ചുനിന്നു. 823-ൽ അൽമാമൂൻ അവരെ പീഡിപ്പിച്ചു. ഒൻപതാം നൂറ്റാണ്ടോടുകൂടി അറേബ്യൻ പ്രദേശങ്ങളിലെ ക്രിസ്തുമതം അസ്തമിച്ചു.[69]

## പേർഷ്യൻ സഭയും പ്രേഷിതപ്രവർത്തനവും

അറേബ്യയിൽനിന്നു മുഹമ്മദീയരുടെ ആക്രമണം ഉണ്ടായപ്പോൾ കൽദായസഭ മധ്യേഷ്യയിലും ചൈനയിലുമുള്ള വിസ്തൃതമായ ഭൂപ്രദേശങ്ങളിൽ മിഷൻ പ്രവർത്തനത്തിനായി ഇറങ്ങിത്തിരിച്ചു. പാത്രിയർക്കീസ് തിമോത്തി (780-823) 80 സന്യാസികളേയും മെത്രാന്മാരെയും കിഴക്കൻ പ്രദേശങ്ങളിലേക്ക് അയച്ചു. സാബാറീശോ അവരിലൊരുവനായിരുന്നു. അദ്ദേഹം ടർക്കിഷ്

67. Cf. J. B. Chabot, *Syn. Or.*
68. Samarqand
69. A. S. Atiya, *op cit.* p. 258-9.



ടാർട്ടാറിഷ്, മംഗോളിയൻ ഭാഷകൾ കൈകാര്യം ചെയ്തിരുന്നു. ടർക്കിസ്ഥാനുവേണ്ടി ഒരു മെത്രാപ്പോലീത്തായെയും രണ്ടു മെത്രാന്മാരെയും തിമോത്തി അയച്ചു. മെത്രാപ്പോലീത്താ സമർഖണ്ഡിലും മെത്രാന്മാർ മുക്കാറിലും[70] താഷ്കെന്റിലും[71] താമസിച്ചു. തുടന്നുള്ള നൂറ്റാണ്ടുകളിൽ പേർഷ്യൻസഭ അവിടെനിന്നു വടക്കുകിഴക്കൻ പ്രദേശങ്ങളിലേക്കു കുതിച്ചു കയറി. കേറയ്റ്റ്, ഉയ്ഗൂർ, തയ്മാൻ, മെർക്കയ്റ്റ് എന്നീ ടാർട്ടാർഗോത്രങ്ങളെ മാനസാന്തരപ്പെടുത്തി. 1077-ൽ ഖുറാസാനിലെ മേർവിന്റെ മെത്രാപ്പോലീത്താ അബ്ദീശോ 2,00,000 ആളുകളുടെ മാനസാന്തരത്തെപ്പറ്റി കാതോലിക്കായ്ക്ക് എഴുതി. കേറയ്റ്റ് തലസ്ഥാനമായ കാറകോറത്ത് മാർക്കോപോളോ (1265-1323) ഒരു ദൈവാലയം ദർശിക്കയുണ്ടായി. തെക്കൻ സൈബീരിയായിലെ സെമിറിയെഷെൻസ്കിൽ[72] പുരാവസ്തു ഗവേഷകന്മാർ നടത്തിയ ഗവേഷണങ്ങൾ അവിടെ നിരവധി ക്രൈസ്തവ സഭാസമൂഹങ്ങളുണ്ടായിരുന്നുവെന്നു തെളിയിക്കുന്നു. സുറിയാനിയിൽ എഴുതപ്പെട്ട നിരവധി കബറിടശിലകൾ[73] ഇസ്സിക്ക്കോൾ തടാകത്തിന്റെ തീരത്തുനിന്നു കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ടൈമൂർലെയ്ൻ (1336-1405), ട്രാൻസ്ഒക്സോണിയ, മദ്ധ്യേഷ്യ, പശ്ചിമേഷ്യ ആദിയായ പ്രദേശങ്ങൾ കീഴടക്കി ആധിപത്യം സ്ഥാപിക്കുന്നതുവരെ പേർഷ്യൻ സഭ ഈ പ്രദേശങ്ങളിലെല്ലാം പടർന്നു പന്തലിച്ചിരുന്നു.[74]

പേർഷ്യൻ സഭ ചൈനീസ് പ്രദേശങ്ങളിലേക്കു സുവിശേഷപ്രഘോഷണത്തിനു കടന്നുചെന്നത് മാർ ഈശോയാബ് രണ്ടാമന്റെ (628. 644) കാലത്താണ്. മദ്ധ്യ ചൈനയിലെ ഷെൻസി പ്രോവിൻസിലുള്ള സീൻഗ്നെൽഫൂർ എന്ന സ്ഥലത്ത് 1625-ൽ തൽസംബന്ധമായ ഒരു ശിലാലിഖിതം കണ്ടുപിടിക്കപ്പെട്ടു. മദ്ധ്യചൈനയിലെ ക്രിസ്തുമതാരംഭത്തെപ്പറ്റി പ്രസ്താവിക്കുന്നതാണ് പ്രസ്തുത രേഖ. ഇത് 635-ലേതാണ്. ആ നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ക്രിസ്തുമതം അവിടത്തെ 10 പ്രോവിൻസുകളിൽ വ്യാപിച്ചു. ഈ ശിലാലിഖിതം അവിടെ സ്ഥാപിക്കപ്പെട്ടത് 781-ലാണ്. സുറിയാനിയിലാണ് ഇത് എഴുതപ്പെട്ടിരിക്കുന്നത്. ആദം എന്നു പേരുള്ള ഒരു മെത്രാപ്പോലീത്ത ഉൾപ്പെടെ 128 ആളുകളുടെ പേരുകൾ ആ ലിഖിതത്തിലുണ്ട്. ഏഴും എട്ടും നൂറ്റാണ്ടുകളിൽ ചൈനയിൽ ക്രിസ്തുമതം തുടർന്നും

70. Mukkar
71. Tashkent
72. Semiryechenski
73. Tomb stones
74. A S. Atiya, *op. cit.* p. 275-6.

www.malankaralibrary.com



വളർന്നുകൊണ്ടിരുന്നു. ഒൻപതാം നൂററാണ്ടിലെ ഒരു രാജാവ് ക്രിസ്തുമതത്തെ പീഡിപ്പിച്ചെങ്കിലും മധ്യകാലഘട്ടത്തിന്റെ രണ്ടാം ഭാഗംവരെ മദ്ധ്യചൈനയിൽ ക്രിസ്തുമതം അസ്തമിച്ചില്ല. സുറിയാനി, ചൈനീസ്, അറബി രേഖകൾ ഇതു വ്യക്തമാക്കുന്നുണ്ട്. 13-ാം നൂററാണ്ടിന്റെ അവസാനത്തിൽ ചൈനീസ് വംശജനായ ഒരാൾ കതോലിക്കയായി. ഉത്തരചൈനയിൽ 1245-ൽ ജനിച്ച മർക്കോസ് എന്നു പേരുള്ള യാബാലാഹാ മൂന്നാമനത്രേ അത് (1283-1318). പീക്കിംഗിൽ ജനിച്ച റമ്പാൻ സൗമാ, ഖാൻബാലാകിലെ മെത്രാനായി. 1257 മുതൽ 1288 വരെ ഇദ്ദേഹം മംഗോൾ ഖാന്റെ പ്രതിപുരുഷനായി യൂറോപ്പ് സന്ദർശിച്ചു. അദ്ദേഹം കോൺസ്റ്റാന്റിനോപ്പിൾ, റോം, പാരീസ്, ബോർഡോ ആദിയായ പട്ടണങ്ങൾ സന്ദർശിക്കയും രാജാക്കന്മാരേയും നിക്കോളാസ് നാലാമൻ മാർപാപ്പായെയും നേരിൽക്കണ്ടു സംസാരിക്കുകയും ചെയ്തു. 14-ാം നൂററാണ്ടിലും ചൈനയിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നുവെന്ന് യാത്രാവിവരണങ്ങളിൽ കാണുന്നു. 14-ാം നൂററാണ്ടിന്റെ അവസാനത്തോടുകൂടി മിങ് രാജവംശം ക്രിസ്തുമതത്തെ പീഡിപ്പിച്ചു. മദ്ധ്യേഷ്യയിൽ ടൈമൂർ നടത്തിയതുപോലെ മിങ് രാജവംശവും ചെയ്തു.

പതിനൊന്നാം നൂററാണ്ടിലാണ് പൗരസ്ത്യസുറിയാനിസഭ അതിന്റെ വളർച്ചയുടെ അത്യുച്ചകോടിയിലെത്തിയത്. പാത്രിയർക്കീസിന്റെ കീഴിൽ 20 പ്രോവിൻസുകളും ഓരോ പ്രോവിൻസിലും നിരവധി മെത്രാന്മാരും ഉണ്ടായിരുന്നു. മെത്രാപ്പോലീത്തൻ ആസ്ഥാനങ്ങൾ താഴെപ്പറയുന്നവയാണ്. കശ്കാർ, യൂണ്ടീഷ്പൂർ, നിസിബിസ്, ബസ്റാ, മോസൂൾ, എർബേൽ, കർകാ, ഹൊൾവാൻ, റിവ്അർദഷീർ, മേർവ്, തൗറീസ്സിയം, ഹേരാത്ത്, ബർദാ, റായി, മുക്കാർ, ഇൻഡ്യ, സിയാൻഫൂർ (ചൈന), സമർഘണ്ഡ്, ഡമാസ്കസ്, ജറുശലം. ഈ ലിസ്റ്റു തികച്ചും അപൂർണമത്രേ. അസ്സെമാനിയുടെ അഭിപ്രായത്തിൽ 13-ാം നൂററാണ്ടിൽ കുറഞ്ഞതു 25 മെത്രാപ്പോലീത്തൻ ആസ്ഥാനങ്ങളും ഓരോ പ്രോവിൻസിലും എട്ടു മുതൽ പത്തുവരെ മെത്രാസനങ്ങളും, 200 മുതൽ 300 വരെ മെത്രാന്മാരും കൽദായ സഭയ്ക്കുണ്ടായിരുന്നു.[75] 14-ാം നൂററാണ്ടിന്റെ അവസാനത്തിൽ മദ്ധ്യേഷ്യയും പശ്ചിമേഷ്യയും കീഴടക്കിക്കൊണ്ടു കടന്നുപോയ മംഗോളിയന്മാർ അവിടത്തെ സഭകളെ പാടേ നശിപ്പിച്ചു.

മുസ്ലീം ഭരണത്തിന്റെ കീഴിൽ പൗരസ്ത്യ സുറിയാനിസഭയ്ക്കു വളരെയധികം പീഡനങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. ക്രിസ്ത്യാനികൾ ഖരാജും[76] ജീസ്യായും[77] കൊടുക്കാൻ കടപ്പെട്ടിരുന്നു. സസ്സനിഡ് രാജാക്കന്മാരുടെ കാലത്തും തലക്കരം ക്രിസ്ത്യാനികൾ കൊടുക്കേണ്ടിയിരുന്നു. യൂദന്മാരോടും സൗരാഷ്ട്രമതക്കാരോടുമൊപ്പം ക്രിസ്ത്യാനികളും 'ദിമ്മികൾ'[78] ആയിരുന്നു. ഇസ്ലാമിന്റെ ആദ്യകാലത്ത് അവർ പേർഷ്യൻ ക്രിസ്ത്യാനികളെയും അവരുടെ പുരോഹിതന്മാരേയും ബഹുമാനിച്ചിരുന്നുവെന്ന് നിരവധി രേഖകൾ തെളിയിക്കുന്നു. എട്ടാം നൂററാണ്ടിൽ മഹ്ദിയുടെ ഭരണകാലത്ത് (775-785) വളരെ ക്രൂരമായ ഒരു മതപീഡനം നടത്തുകയുണ്ടായി. തുടർന്ന് ഹരൂൺ അൽ റഷീദ് (785-809), അൽ മുതവക്കീൽ (846-861) എന്നീ മുസ്ലീം ഭരണാധികാരികളുടെ ഭരണകാലത്ത് പാത്രിയർക്കീസ് ഉൾപ്പെടെയുള്ളവർ പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്. അറബികളുടെ കീഴിൽ ക്രിസ്ത്യൻ പണ്ഡിതന്മാർ സുറിയാനിയിൽനിന്നും ഗ്രീക്കിൽനിന്നുമുള്ള മത-വൈദ്യ-തത്ത്വശാസ്ത്ര ഗ്രന്ഥങ്ങൾ അറബിയിലേക്കു വിവർത്തനം ചെയ്യുകയുണ്ടായി.



## അധഃപതനത്തിന്റെ ആരംഭം

അറബികൾ 760നും 762നും ഇടയ്ക്കു ബാഗ്ദാദ് പട്ടണം പണിതു് അവരുടെ തലസ്ഥാനമാക്കി. പാത്രിയർക്കീസ് ഹനാനീശോ രണ്ടാമൻ (773-780) 775ൽ തന്റെ ആസ്ഥാനം സെലൂഷ്യയിൽനിന്നു ബാഗ്ദാദിലേക്കു മാററി. വളരെ സ്വാധീനമുള്ള ഒരു സ്ഥാനമായതിനാൽ പലരും അതു മോഹിക്കുകയും, പിടിച്ചു പററുവാൻ ഉപായങ്ങൾ പ്രയോഗിക്കുകയും ചെയ്തു. അക്കൂട്ടത്തിൽ ഒരാളായിരുന്നു പാത്രിയർക്കീസ് തിമോത്തി ഒന്നാമൻ (780-823). 12-ാം നൂററാണ്ട് ആയപ്പോഴും പരസ്പരം മത്സരിച്ച് ആളുകൾ പാത്രിയർക്കീസ് സിംഹാസനത്തിൽ കയറിക്കൂടുവാൻ പരിശ്രമിക്കുകയും ചിലപ്പോൾ ഒന്നിലധികം പാത്രിയർക്കീസുമാർ ഒരേ സമയം ഭരിക്കുകയും ചെയ്തു. അറബികളുടെ ഭരണം അധഃപതിക്കുകയും മംഗോളിയരുടെ ആധിപത്യം വർദ്ധിക്കയും ചെയ്തതു് അറബികളുടെ കീഴിലുണ്ടായിരുന്ന ക്രിസ്ത്യാനികളെ സാരമായി ബാധിച്ചു. ടർക്കിഷ് വംശജനായ ടൈമൂർ ആണ് 1380നും 1387നുമിടയ്ക്കു ഖുറാസാൻ, ജൂർജാൻ, സിജിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ഫാർസ്, കുർദിസ്ഥാൻ, അസർബൈജാൻ, ബാഗ്ദാദ്, പഞ്ചാബ് ആദിയായ സ്ഥലങ്ങളിലെ സംസ്കാരം നിലംപരിശാക്കിയതു്. മംഗോളിയരേക്കാൾ കൂടുതൽ നാശനഷ്ടങ്ങൾ വരുത്തിയത് ടൈമൂർ ആണ്. 1318നു ശേഷമുള്ള രേഖകളിൽ ഒന്നും ടിർഹാന, യൂണ്ടീഷ്പൂർ, ബലാദാ, ദാസെനാ, കർകാ എന്നിവിട

75. *B.O.* 3, 2, p. 630 ff.

76. Kharaj (സ്ഥലകരം)
77. Jizyah (തലക്കരം)
78, Dimmi (സംരക്ഷിതപ്രജ)

www.malankaralibrary.com



ങ്ങളിലെ പള്ളികളെപ്പററി പരാമർശനമില്ല.[79] 1380 നുശേഷം ബാഗ്ദാദ് മോസൂൾ, എർബീൽ, നിസിബിസ്, ഗെസീറാ, ററിബ്രീസ്, മാർഗാ എന്നീ വൻപട്ടണങ്ങളിലെ ശക്തമായ ക്രിസ്തീയ സമൂഹങ്ങളും ചരിത്രത്തിൽ നിന്നു പാടെ അപ്രത്യക്ഷമായി. ടൈമൂറിന്റെ ഉരുക്കുമുഷ്ടി കൽദായ സഭയ്ക്കു കനത്ത ആഘാതമേൽപ്പിച്ചു. പതിനായിരങ്ങൾ രക്തസാക്ഷികളായി. ദൈവാലയങ്ങൾ കൊള്ളയടിക്കപ്പെട്ടു നാമാവശേഷമായി. ഭീരുക്കൾ ടൈമൂറിന്റെ പക്ഷം ചേർന്നു. ചൈനയിലും മദ്ധ്യേഷ്യയിലും കൽദായസഭ ഓർമ്മയിൽ മാത്രം അവശേഷിച്ചു.

## പതിനാറാം നൂററാണ്ടുമുതൽ

16-ാം നൂററാണ്ടു മുതൽ ഒന്നാം ലോകമഹായുദ്ധം വരെ ഇറാൻ ഒഴിച്ചുള്ള പശ്ചിമേഷ്യൻ പ്രദേശങ്ങൾ ഓട്ടോമാൻ തുർക്കികളുടെ അധീനതയിൽ വന്നു. തുർക്കി ഭരണാധികാരികളുടെ അംഗീകാരം കൽദായ ക്രൈസ്തവർക്കു് അവശ്യാവശ്യമായിരുന്നു. മലകളിൽ കുർദ്ദികളുടെ ഇടയിൽ വളരെ ഒരു ന്യൂനപക്ഷമായി അവർ കഴിഞ്ഞു. 16-ാം നൂററാണ്ടിൽ ഇവരെ സംബന്ധിച്ചു സുപ്രധാനമായ ഒരു സംഭവം നടന്നു. 1552 ൽ ഇവരിൽ ഒരു വിഭാഗം ആളുകൾ ജോൺ സൂലാക്കാ എന്ന സന്ന്യാസിയെ കാതോലിക്കയായി തെരഞ്ഞെടുക്കുകയും റോമിലേക്കു് അയയ്ക്കുകയും ചെയ്തു. അന്നത്തെ പാത്രിയർക്കീസ് ശിമയോൻ ബർ മാമ്മാ കുടുംബപാരമ്പര്യത്തിലൂടെ പാത്രിയാർക്കീസായ ആളായിരുന്നു. റോമിലെത്തിയ സൂലാക്കായെ മാർപാപ്പാ മെത്രാനായി വാഴിക്കുകയും പാത്രിയാർക്കീസായി അംഗീകരിക്കുകയും ചെയ്തു. ഈ ബന്ധം കാതോലിക്കോസ് പാത്രിയർക്കീസ് ശെമയോൻ പതിമൂന്നാമന്റെ (1662–1700) കാലം വരെ നീണ്ടുനിന്നു. ഇദ്ദേഹം തന്റെ ആസ്ഥാനം റംബാൻ ഹോർമീസ്ഡ് ആശ്രമത്തിൽ നിന്നു വടക്കു കിഴക്കു കുർദ്ദിസ്ഥാനിലെ കൊച്ചാനെസിലേക്കു മാററി.

1555ൽ കേരളത്തിൽ എത്തിയ മാർ ജോസഫ് എന്ന മെത്രാൻ സൂലാക്കായുടെ സഹോദരനായിരുന്നു.[80] സൂലാക്കാ മൂന്നു വർഷമേ ഭരിച്ചുള്ളു. അതിനുശേഷം മാർ അബ്ദീശോയും (+ 1571) മാർ അഹത്തള്ളയും (+ 1580), മാർ ദെനഹായും (+ 1600) പാത്രിയാർക്കീസുമാരായി. കേരളത്തിലെ സഭയെ സംബന്ധിച്ച് ഇവരുടെ ഭരണകാലം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഇക്കാ

79 Tirhana, Jundishupr

80 X. Koodapuzha, *The Faith and Communion.* p. 40; P. J. Podipara, *The Hierarchy*, p. 52-53.



ലത്താണ് ഉദയംപേരൂർ സൂനഹദോസ് കൂടിയതും ലത്തീൻ മെത്രാന്മാർ മാർത്തോമ്മാ ക്രിസ്ത്യാനികളെ ഭരിക്കുവാൻ തുടങ്ങിയതും. ഈ കാലഘട്ടത്തിൽ ചില സുറിയാനി മെത്രാന്മാർ മേൽപറഞ്ഞ പാത്രിയാർക്കീസുമാർ നിയോഗിച്ചതനുസരിച്ച് ഇവിടെ എത്തിയിരുന്നു. അവരെ നെസ്തോറിയന്മാർ എന്നു മുദ്രയടിച്ചു തള്ളിക്കളയണമെന്നു മിഷനറിമാർ നിർബന്ധിച്ചു.[81] കാലാന്തരത്തിൽ സൂലാക്കായുടെ പിൻഗാമികൾ മാർപാപ്പായുമായുള്ള ബന്ധം നഷ്ടപ്പെടുത്തുകയും ക്രമേണ ഇന്നത്തെ നെസ്തോറിയൻ സഭയ്ക്കു് ആരംഭമിടുകയും ചെയ്തു. സൂലാക്കായുടെ എതിരാളികൾ കാലക്രമേണ കത്തോലിക്കാസഭയുമായി സംസർഗത്തിൽ വരികയും ഇന്നത്തെ കൽദായ കത്തോലിക്കാ സഭയ്ക്കു് ആരംഭമിടുകയും ചെയ്തു.

## ആധുനിക സ്ഥിതി

ഇന്നു കൽദായ സഭയിൽ ബഹുഭൂരിപക്ഷവും കത്തോലിക്കരാണ്. അവർ പ്രധാനമായും ഇറാക്കു്, ഇറാൻ, ടർക്കി, സിറിയ, ലെബനോൻ, ഫ്രാൻസ്, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലാണ്. നെസ്തോറിയൻ സഭ രണ്ടു പാത്രിയാർക്കേററുകളിൽ രണ്ടു ഗ്രൂപ്പുകളായി കഴിയുന്നു. മേൽപ്പറഞ്ഞ രാജ്യങ്ങളിലെല്ലാം നെസ്തോറിയൻ വിഭാഗവുമുണ്ട്. ഇതിനു പുറമേ സോവിയററ് അസർബൈജാനിൽ ആയിരക്കണക്കിനു കൽദായക്കാരും അസ്സീറിയാക്കാരുമുണ്ട്. ഇന്നത്തെ കത്തോലിക്കാ പാത്രിയാർക്കീസ്, നാലാം നൂററാണ്ടിലെ പാത്രിയാർക്കേററിന്റെ പിൻതുടർച്ചാവകാശിയാണ്. ഇപ്പോഴത്തെ നെസ്തോറിയൻ പാത്രിയാർക്കീസുമാർ 16-ാം നൂററാണ്ടിൽ കത്തോലിക്കനായ സൂലാക്കയുടെ പിൻതുടർച്ചാവകാശികളുമാണ്.

## പേർഷ്യൻസഭയും ബൈസൈന്റൻ സഭയും

അഞ്ചാം നൂററാണ്ടിനു മുമ്പുതന്നെ സെലൂഷ്യാ-സ്റ്റെസിഫണിലെ മെത്രാൻ 'വലിയ മെത്രാപ്പോലീത്താ' എന്ന സ്ഥാനം സ്വീകരിച്ചിരുന്നു. 424 ൽ കാതോലിക്കോസ് എന്നുള്ള സ്ഥാനം അദ്ദേഹം സ്വീകരിച്ചു. പിൽക്കാലത്തു കാതോലിക്കാ – പാത്രിയാർക്കീസ് എന്നു് അവർ സ്വയം വിളിക്കുവാൻ തുടങ്ങി. അപ്രകാരം ആദ്യമായിട്ടു് ഉപയോഗിച്ചതു മാർ ആബായാണ്.[82]

81. X. Koodapuzha, *The Schism and Nestorian Heresy*, p. 90 ff

82. Cf. J. B. Chabot. *Syn. Or.* p. 318.

www.malankaralibrary.com



ആദ്യകാലത്തു പേർഷ്യൻ സഭ അന്ത്യോക്യൻ സഭയെ ആശ്രയിച്ചിരുന്നു. എഡേസ്സായിലെ പാലൂത്തിനെ അന്ത്യോക്യയിലെ സെറാപ്പിയോനാണു വാഴിച്ചത്. അതുപോലെ സെലൂഷ്യാ-സ്റ്റെസിഫണിലെ ആദ്യമെത്രാന്മാരെ യറുശലേമിലെ മെത്രാന്മാരാണു വാഴിച്ചത്. അങ്ങനെ മാരിയുടെ പിൻഗാമിയായ അബ്രോസിയൂസ് അന്ത്യോക്യയിൽനിന്നാണു കൈവയ്പു സ്വീകരിച്ചത്. അദ്ദേഹത്തിന്റെ പിൻഗാമിയായ അബ്രാഹാമും അങ്ങനെതന്നെ.[83] അദ്ദേഹത്തിന്റെ പിൻഗാമിയായ യാക്കോബു യറുശലേമിൽവച്ചു തെരഞ്ഞെടുക്കപ്പെട്ടു മെത്രാനാക്കപ്പെട്ടു.[84] യാക്കോബിന്റെ പിൻഗാമി ആഹാദാബൂയ് കൂട്ടുകാരനായ ഖാമീശോയോടുകൂടി അന്ത്യോക്യയിൽ പോയി. ഒറ്റുകാരനെന്നു മുദ്രയടിക്കപ്പെട്ടു ഖാമീശോ കൊല്ലപ്പെട്ടു. ആഹാദാബൂയ് യറുശലേമിൽ പോയി കാതോലിക്കയായി തിരിച്ചു വന്നു. അദ്ദേഹത്തിന്റെ കാലത്താണ് 'പാശ്ചാത്യ പിതാക്കന്മാരുടെ കത്ത്'' എന്ന രേഖ രൂപംകൊണ്ടത്.[85] പ്രസ്തുത കത്തനുസരിച്ച് സെലൂഷ്യൻ മെത്രാന്മാർ മേലിൽ അന്ത്യോക്യായിലോ ജറുശലേമിലോ പോകേണ്ട കാര്യമില്ല; പിന്നെയോ പേർഷ്യയിലുള്ള മെത്രാന്മാർ അവരെ തെരഞ്ഞെടുത്തു വാഴിച്ചാൽ മതി എന്നു തീരുമാനിക്കപ്പെട്ടു.

എഫേസൂസ് വരെയെങ്കിലും (431) റോമൻ സാമ്രാജ്യത്തിലെ എല്ലാ സഭകളും പരസ്പര സമ്പർക്കത്തിൽ കഴിഞ്ഞിരുന്നു. പേർഷ്യയിലെ സഭ രാഷ്ട്രീയകാരണങ്ങളാൽ റോമാസാമ്രാജ്യത്തിലെ സഭകളുമായി സുദൃഢബന്ധം പുലർത്തിയിരുന്നില്ലെങ്കിലും അവയും റോമാസാമ്രാജ്യത്തിലെ സഭകളെപ്പോലെ ക്രിസ്തുവിന്റെ സഭയെന്നു കരുതുകയും മറ്റുള്ളവരാൽ കരുതപ്പെടുകയും ചെയ്തിരുന്നു. എഫേസൂസ് (431) കൽക്കദോനിയ (451) കോൺസ്റ്റാൻറിനോപ്പിൾ രണ്ട് (553) എന്നീ സൂനഹദോസുകൾ റോമൻ സാമ്രാജ്യത്തിലെ സഭയെ പിളർത്തി. ചക്രവർത്തിമാരും രാഷ്ട്രീയ ദൈവശാസ്ത്രജ്ഞന്മാരും[86] പുതിയ പുതിയ നിർവചനങ്ങൾ ജനങ്ങളുടെ മുന്നിലവതരിപ്പിച്ചു. വളരെ കലങ്ങിമറിഞ്ഞ ഒരന്തരീക്ഷമായിരുന്നു ബൈസൻൈറൻ സാമ്രാജ്യത്തിൽ സഭയ്ക്കുണ്ടായിരുന്നത്. രാഷ്ട്രീയമായി പേർഷ്യയും ബൈസാൻസിയവും ശത്രുതയിൽ കഴിഞ്ഞിരുന്നു. തിയഡോറിന്റെ ദൈവശാസ്ത്രം

83. Bar Hebraeus, *Chronicon Ecclesiasticum*, III, col. 19-22.
84. *Ibid*. 23.
85. *Ibid*. 25-26.
86. Political Theologians.



സ്വീകരിച്ചതിനാലും, തിയഡോറിനെയും, നെസ്തോറിയസിനെയും ബഹുമാനിച്ചതിനാലും ഈ സഭ നെസ്തോറിയനെന്നു ബൈസൻൈറൻ സാമ്രാജ്യത്തിൽ അറിയപ്പെടാൻ തുടങ്ങി. അവരാകട്ടെ തങ്ങളുടെ ആദ്യനിലപാടിൽനിന്ന് ഒട്ടുംതന്നെ പിൻമാറാതെ തങ്ങൾ ക്രിസ്തുവിന്റെ സത്യസഭയാണെന്നു വിശ്വസിക്കുകയും അപ്രകാരം പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

## പേർഷ്യൻസഭയും റോമാസഭയും

പാശ്ചാത്യസഭകളെപ്പോലെ റോമിലെ മെത്രാനുമായി പേർഷ്യൻ സാമ്രാജ്യത്തിലെ സഭ നേരിട്ടു ബന്ധം പുലർത്തിയിരുന്നുവെന്നു കരുതുക പ്രയാസം. എന്നാൽ റോമാസഭയുടെ പ്രാമാണ്യത്തെ അവർ ആരംഭം മുതൽ അംഗീകരിച്ചുവെന്നതിന് വളരെ വ്യക്തമായ തെളിവുകൾ ഉണ്ട്. നിസ്സെനോ-അറബിക് കാനോനകൾ റോമിലെ പാത്രിയർക്കീസിനു മറ്റുള്ളവരുടെമേലുള്ള അധികാരം അംഗീകരിക്കുന്നു. 'ശ്ലീഹന്മാർ അവരുടെ കാനോനാകളിൽ നിശ്ചയിച്ചിരിക്കുന്നതുപോലെ ലോകം മുഴുവൻ നാലു പാത്രിയാർക്കീസുമാർ ഉണ്ടായിരിക്കണമെന്നും അവരിൽ പ്രഥമൻ റോമിലെ പാത്രിയർക്കീസായിരിക്കണമെന്നും സാർവത്രികസൂനഹദോസ് പ്രഖ്യാപിച്ചു.'[87] 'അധികാരത്തിനു കീഴുള്ളവരുടെമേൽ ഭരണം നടത്തുവാൻ പാത്രിയാർക്കീസിന് അധികാരമുള്ളതുപോലെ റോമൻ പാത്രിയർക്കീസിനു മറ്റു പാത്രിയർക്കീസുമാരുടെ മേൽ അധികാരമുണ്ട്; ഭാഗ്യവാനായ പത്രോസിനു സഭ മുഴുവന്റെമേലും അധികാരമുള്ളതുപോലെ.'[88] ഇവയ്ക്കു പുറമേ കാനൻ 37, 44, 70, 71 ആദിയായവയും റോമിന്റെ നേതൃസ്ഥാനത്തെപ്പറ്റി വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്.[89] ഈ കാനോനകൾ പേർഷ്യൻസഭ വളരെ സംപൂജ്യമായി കരുതുന്നവയാണ്.[90]

പോപ്പ് ലെയോ പത്രോസിന്റെ വലിയ സിംഹാസനത്തിൽ ഇരിക്കുന്നുവെന്ന് ബാബായ് റംബാ തന്റെ ഗ്രന്ഥത്തിൽ പറയുന്നു.[91]

87. Canon, 2.cf. X. Koodapuzha, *The Schism*, p. 65.
88. Canon, 8. *Ibid*.
89. Cf. *Ibid* p. 66.
90. Cf H. S. Scott, *The Eastern Church and Papacy*, London, 1928, p. 386,
91. G. Chediath, *The Christology*, p. 187.

www.malankaralibrary.com



അതുപോലെ ഇശോയാബ് മൂന്നാമൻ പാത്രിയർക്കീസും റോമിന്റെ ഉന്നതാധികാരത്തെയും ഒന്നാം സ്ഥാനത്തെയുംപററി സ്പഷ്ടമായി പഠിപ്പിക്കുന്നുണ്ട്.[92] എഫ്രേം, നർസൈ ആദിയായ സുറിയാനി മൽപ്പാന്മാരും ശിമയോന്റെ ഉന്നതസ്ഥാനത്തെയും മഹിമയേയും ഗീതങ്ങളിൽ പ്രകീർത്തിക്കുന്നു.[93] തിമോത്തി പാത്രിയർക്കീസും ഏലിയാസ് മെത്രാപ്പോലീത്തായും ബനാത്തിയൂസും അബ്ദീശോയും പത്രോസിനെയും പത്രോസിന്റെ പിൻഗാമികളായ റോമാമെത്രാന്മാരെയും സ്തുതിക്കുകയും അവരുടെ ഔന്നത്യവും ഒന്നാം സ്ഥാനത്തിന്റെ പ്രാധാന്യവും പ്രകീർത്തിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.[94] മദ്ധ്യകാലഘട്ടങ്ങളിൽ റംബാൻ ആറാ (+1247), ബർസൗമാ യാഗ്ഗുരീത്താ (+1287), യാബാലാഹാ മൂന്നാമൻ (+1318) ജോൺ സുലാക്കാ (+1555) മാർ ഏലിയാവ് (+1580) ആദിയായവരുടെ വിശ്വാസപ്രഖ്യാപനങ്ങൾ റോമൻ നേതൃത്വവും റോമിന്റെ ശ്രേഷ്ഠതയും ഉറക്കെ പ്രഖ്യാപിക്കുന്നവയാണ്.[95]

ഇങ്ങനെ നോക്കുമ്പോൾ പേർഷ്യൻസഭ റോമിന്റെ നേതൃത്വം പരക്കെ അംഗീകരിച്ചിരുന്നതായി നമുക്കു കാണുവാൻ കഴിയും. അവരെ നെസ്തോറിയൻ പാഷണ്ഡികൾ എന്നു വിളിക്കുന്നതും, അന്ത്യോക്യൻ സഭയുടെ ഒരു ശിശ്മവിഭാഗം എന്നു കരുതുന്നതും തികച്ചും തെററാണ്. ക്രിസ്തുവിനുവേണ്ടി ഷപ്പൂറിന്റെ കാലത്തും ഖൊസ്രായുടെ കാലത്തും, അറബികളുടെ കാലത്തും, മംഗോളിയരുടെ കാലത്തും എല്ലാററിനുമുപരി ടൈമൂറിന്റെയും ടർക്കികളുടെയും കാലത്തും ക്രിസ്തുവിലുള്ള വിശ്വാസം ഏററുപറഞ്ഞുകൊണ്ടു രക്തസാക്ഷികളായ പതിനായിരങ്ങൾ നമുക്കു മഹത്തായ മാതൃക കാട്ടിത്തന്നിട്ടുണ്ട്. പ്രേഷിതചൈതന്യം നിറഞ്ഞു തുളുമ്പിനിന്ന ഈ സഭ ഒരു കാലത്തു പടർന്നു പന്തലിച്ചു പുഷ്പിച്ചു സമൃദ്ധമായി ഫലം പുറപ്പെടുവിച്ചിരുന്നതു ചരിത്രത്തിൽ കാണുവാൻ സാധിക്കും. മറെറല്ലാ സഭകളേയുംപോലെ അന്തഃച്ഛിദ്രങ്ങളും അധികാര വടംവലികളും മാനുഷികകാരണങ്ങളാൽ ഈ സഭയിലും ഉണ്ടായിട്ടുണ്ടെന്നുള്ളതു വിസ്മരിക്കാവുന്നതല്ല. പൗരസ്ത്യസുറിയാനിസഭ സാർവത്രിക സഭയ്ക്കു ദൈവശാസ്ത്രപരമായും ആരാധനക്രമപരമായും ആദ്ധ്യാത്മികമായും നല്കിയിട്ടുള്ള സംഭാവനകൾ അമൂല്യങ്ങളാണ്. അവർ നല്കിയിട്ടുള്ള ക്രൈസ്തവമാതൃകയും ത്യാഗോജ്ജ്വലസാക്ഷ്യവും എല്ലാ തലമുറയ്ക്കും അനുകരണാർഹമത്രേ.

92. Cf. X. Koodapuzha, *The Schism*, p. 67.
93. *Ibid.* p. 68.
94. *Ibid.* p. 68ff.
95. *Ibid.* p. 78-83

## അധ്യായം 8

# പൗരസ്ത്യവും പാശ്ചാത്യവും

ക്രിസ്തീയ സഭയെ പൗരസ്ത്യസഭ, പാശ്ചാത്യസഭ എന്നു വിളിച്ചു കേൾക്കാറുണ്ടല്ലോ. ഈ നാമങ്ങൾ വളരെ പ്രാചീനമാണ്. റോമാസാമ്രാജ്യത്തോടു ബന്ധപ്പെടുത്തിയാണു പൗരസ്ത്യം, പാശ്ചാത്യം എന്നീ പേരുകൾ രൂപപ്പെട്ടത്. ആധുനിക കാലത്തുള്ള മനുഷ്യർക്കു കിഴക്കിനെപ്പററിയും പടിഞ്ഞാറിനെപ്പററിയും ഉണ്ടായിരുന്ന ആശയങ്ങളല്ല സഭാരംഭകാലത്തു റോമാസാമ്രാജ്യത്തിൽ ഉള്ള ജനങ്ങൾക്ക് ഉണ്ടായിരുന്നത്.

ക്രി. മു. 40-ാമാണ്ടിൽ ബ്റുണ്ടീസിയും[1] ഉടമ്പടി അനുസരിച്ചു റോമാസാമ്രാജ്യം വിഭജിതമായി. അന്നത്തെ കിഴക്കൻ പ്രദേശങ്ങൾ (പൗരസ്ത്യം) മാർക്കാന്റണിക്കു ലഭിച്ചു; ഒക്ടേവിയനു പടിഞ്ഞാറൻ പ്രദേശങ്ങളും. രേഖാംശരേഖയ്ക്കു 20° കിഴക്കുകൂടിയാണു വിഭജനരേഖ കടന്നുപോകുന്നത്. പൗരസ്ത്യത്തിൽ ഉൾപ്പെട്ടിരുന്നവ: സിറിയ, ആസിയ, സൈപ്രസ്, ഗ്രീസ്, ആഫ്രിക്കയുടെ ഉത്തരഭാഗങ്ങൾ എന്നിവയായിരുന്നു. പാശ്ചാത്യത്തിൽ ഉൾപ്പെട്ടിരുന്നവ: ഹിസ്പാനിയ (സ്പെയിൻ), ഗോൾ (ഫ്രാൻസ്) എന്നിവ. ലെപ്പിഡുസിനു 'ആഫ്രിക്ക' ലഭിച്ചു. അതായതു വടക്കുപടിഞ്ഞാറൻ ആഫ്രിക്കയിലെ ചില പ്രദേശങ്ങൾ. ഇററലി ഇതിലൊന്നിലും ഉൾപ്പെടാതെ നീക്കിവയ്ക്കപ്പെട്ടു. കിഴക്കെന്നും പടിഞ്ഞാറെന്നും തിരിക്കുന്നതിനു അനുപയോഗിച്ച അതിർത്തിരേഖകളാണു പൊതുവെ പിൽക്കാലത്തെല്ലാം സ്വീകരിച്ചിട്ടുള്ളത്.[2]

ക്രി. വ. 297-ൽ ഡയൊക്ലിഷൻ ചക്രവർത്തി റോമൻ സാമ്രാജ്യത്തിൽ ഒരു പുനർവിഭജനം നടത്തി. സാമ്രാജ്യത്തിൽ നേരത്തെ ഉണ്ടായിരുന്ന 'കിഴക്ക്', 'പടിഞ്ഞാറ്' എന്നീ വിഭജനം അദ്ദേഹം അംഗീകരിച്ചു. സാമ്രാജ്യത്തെ നാലു ഫ്രീഫെക്ചറുക

1. Brundisium
2. Cfr, The penguine Atlas of World History, vol. I, 1974, p. 92.

www.malankaralibrary.com



ളായും 13 രൂപതകളായും[3] 101 പ്രോവിൻസുകളായും തിരിച്ചു. ഇത്താലിയാ, ഗാള്ളിയ (പാശ്ചാത്യം), ഇല്ലീറിക്കും, ഓറിയൻസ് (പൗരസ്ത്യം) എന്നിവയായിരുന്നു, നാല് പ്രീഫെക്ചറുകൾ. കിഴക്കും പടിഞ്ഞാറും ഓരോ അഗസ്റ്റസുമാരും ഓരോ സീസർമാരും നിയമിതരായി. അങ്ങനെ അഗസ്റ്റസ് സീസറിൻെറ സ്ഥാനത്തു നാലു ഭരണാധികാരികളായി; അവർക്കു കാലാവധിയും നിശ്ചയിക്കപ്പെട്ടു. ഡയോക്ലീഷൻ പൗരസ്ത്യ റോമാസാമ്രാജ്യത്തിലെ അഗസ്റ്റസായി; നിക്കൊമേദിയാ തലസ്ഥാനവുമാക്കി; മാക്സിമിയൻ പാശ്ചാത്യ റോമാസാമ്രാജ്യത്തിലെ അഗസ്റ്റസായി. അതിൻെറ തലസ്ഥാനം മിലാൻ ആയിരുന്നു. ഇററലി, ആഫ്രിക്ക എന്നിവ മാക്സിമിയൻെറ നേരിട്ടുള്ള ഭരണത്തിലായിരുന്നു. കോൺസ്റ്റാൻസ്യൂസ് എന്ന സീസറിന് സ്പെയിൻ, ഗോൾ, ബ്രിട്ടൻ എന്നിവയുടെ ഭരണം ലഭിച്ചു. അദ്ദേഹം ത്രേവെസ് യോർക് എന്നിവിടങ്ങളിൽ തലസ്ഥാനമാക്കി. ഗലേരിയൂസ് ഇല്ലിരിക്കും, മാസിഡോണിയ, ഗ്രീസ് എന്നിവ സിർമിയം കേന്ദ്രമാക്കി ഭരിച്ചു.[4]

രൂപതകളുടെ (13) ഭരണം നടത്തിയതു വികാരിമാരാണ്; താഴെ പറയുന്നവയാണു 13 രൂപതകൾ: സ്പെയിൻ, ഗോൾ, ബ്രിട്ടൻ (ഗാള്ളിയ പ്രീഫെക്ചർ); ആഫ്രിക്ക, ഇല്ലീറിയ, ഇററലി (ഇത്താലിയ പ്രീഫെക്ചർ), മാസിഡോണിയ, ഡേഷ്യ (ഇല്ലീറിക്കും പ്രീഫെക്ചർ) ത്രേസ്, പോന്തുസ്, ആസിയ, ഓറിയൻസ്, ഈജിപ്ത് (ഓറിയൻസ് പ്രീഫെക്ചർ).[5] അന്നത്തെ പൗരസ്ത്യ റോമാസാമ്രാജ്യത്തിൽ ഉൾപ്പെട്ടവ ത്രേസ്, ആസിയ, പോന്തുസ്, ഈജിപ്ത്, ഓറിയൻസ് എന്നീ സിവിൽ രൂപതകളായിരുന്നു. ക്രി. വ. 379_ൽ ഗ്രേഷ്യൻ അതോടുകൂടി ഡേഷ്യയും മാസിഡോണിയയും കൂട്ടിച്ചേർത്തു. ക്രി. വ. 395 ൽ തിയഡോഷ്യസ് ചക്രവർത്തി ഇല്ലീറിയം (ഡൽമേഷ്യ) കൂടി പൗരസ്ത്യറോമാസാമ്രാജ്യത്തിലാക്കി.

തിയഡോഷ്യസിൻെറ ഭരണത്തോടുകൂടി കിഴക്കെന്നും പടിഞ്ഞാറെന്നും ഉള്ള വിഭജനം പൂർത്തിയായി.[6] തിയഡോഷ്യസിൻെറ മകൻ അർക്കേഡിയസിനു പൗരസ്ത്യറോമാസാമ്രാജ്യവും, മറേറ മകൻ ഹൊണോറിയസിനു പാശ്ചാത്യറോമാസാമ്രാജ്യവും ലഭിച്ചു. ക്രി. വ. 404 നുശേഷം പടിഞ്ഞാറിൻെറ തലസ്ഥാനം

3. Dioceses. റോമൻസാമ്രാജ്യത്തിലെ ക്രൈസ്തവസഭകൾ ഈ വിഭജനം സഭാഭരണത്തിനും സ്വീകരിച്ചു.
4. Ibid. p. 101.
5. Ibid. p. 100.
6. Ibid. p. 102.



റാവെന്നാ ആയി; കോൺസ്റ്റൈൻറൻെറ കാലം മുതൽ കിഴക്കിൻെറ തലസ്ഥാനം കോൺസ്റ്റാൻറിനോപ്പിളായിരുന്നു.[7]

ക്രി. വ. 476_ൽ പാശ്ചാത്യ റോമാസാമ്രാജ്യം അവസാനിച്ചു. പൗരസ്ത്യ റോമാസാമ്രാജ്യം 1453 വരെ നിലനിന്നു.

'പൗരസ്ത്യം' എന്ന റോമൻ പ്രോവിൻസ് പൗരസ്ത്യ റോമാസാമ്രാജ്യത്തിലാണ്. പൗരസ്ത്യ റോമാസാമ്രാജ്യത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ വളർന്നു വികസിച്ച സഭകൾ പൗരസ്ത്യസഭകൾ എന്ന് അറിയപ്പെടാൻ തുടങ്ങി; അവരുടെ ആരാധനക്രമങ്ങൾക്കു പൗരസ്ത്യ ലിററർജികൾ എന്നും പേരായി. പാശ്ചാത്യ റോമാസാമ്രാജ്യത്തിലെ സഭകൾക്കു പാശ്ചാത്യസഭകൾ എന്നും അവരുടെ ആരാധനക്രമങ്ങൾക്കു പാശ്ചാത്യ ലിററർജികൾ എന്നും പേരായി.

പ്രധാന നഗരങ്ങളെ കേന്ദ്രമാക്കിയാണു ലിററർജിയും സഭയും വളർന്നത്: അന്ത്യോക്യയെ കേന്ദ്രമാക്കി അന്ത്യോക്യൻ ലിററർജി; കോൺസ്റ്റാൻറിനോപ്പിളിനെ കേന്ദ്രമാക്കി ഗ്രീക്കു ലിററർജി; അലക്സാണ്ഡ്രിയായെ കേന്ദ്രമാക്കി കോപ്റ്റിക് ലിററർജി; റോമിനെ കേന്ദ്രമാക്കി റോമൻ ലിററർജി; മിലാൻ കേന്ദ്രമാക്കി മിലാൻ ലിററർജി; റാവെന്ന കേന്ദ്രമാക്കി റാവെന്ന ലിററർജി. പ്രധാന നഗരങ്ങളിലെ മെത്രാന്മാർ 'പാത്രിയാർക്കീസുമാർ' എന്നറിയപ്പെട്ടിരുന്നു. അങ്ങനെ റോമിലും, കോൺസ്റ്റാൻറിനോപ്പിളിലും, അന്ത്യോക്യയിലും, അലക്സാണ്ഡ്രിയായിലും പാത്രിയർക്കീസുമാരുണ്ടായി. പ്രോവിൻസിലെ സഭയുടെ നേതൃത്വം പാത്രിയർക്കീസിനായിരുന്നു. അദ്ദേഹത്തിൻെറ കീഴിൽ നിരവധി മെത്രാപ്പോലീത്താമാരും മെത്രാന്മാരും ഉണ്ടായിരിക്കും.

പൗരസ്ത്യ റോമാസാമ്രാജ്യത്തിൽ വൈവിധ്യത്തിലൂടെ സഭ വളർന്നുവന്നു. പാശ്ചാത്യ റോമാസാമ്രാജ്യത്തിൽ ഐകരൂപ്യാധിഷ്ഠിതമായും വളർന്നു. പശ്ചിമ റോമാസാമ്രാജ്യത്തിൻെറ തകർച്ച, ബാർബേറിയൻ ആക്രമണം, റോമൻ മെത്രാൻെറ സ്വാധീനശക്തി വർദ്ധിച്ചതു്, ഫ്രാങ്കിഷ് ചക്രവർത്തിമാരുടെ സഭാപ്രവർത്തനങ്ങൾ എന്നിവ ഇതിനാക്കംകൂട്ടി. കാലാന്തരത്തിൽ മിലാൻ, റാവെന്ന എന്നിവിടങ്ങളിലെ സഭകൾ റോമാസഭയുടെ ഭാഗമായി, റോമൻ ലിററർജിയും സ്വീകരിച്ചു.

മാസിഡോണിയായിൽ മാർപാപ്പായുടെ 'വികാരി'മാരായിരുന്ന വളരെ നാൾ മെത്രാപ്പോലീത്താമാരായി ഭരിച്ചിരുന്നത്. ഇല്ലിറിക്കും എന്ന ദേശത്തും റോമൻ ലിററർജിയായിരുന്നു നടപ്പാ

7. Ibid. p. 103.

www.malankaralibrary.com



യിരുന്നത്. ഈ രണ്ടു പ്രദേശങ്ങളും ഒരു കാലത്തു പൗരസ്ത്യ റോമാ സാമ്രാജ്യത്തിലായിരുന്നു എന്നതു് അനുസ്മരിക്കുമല്ലോ.[8]

ക്രി. വ. 600–ാമാണ്ടിൽ റോമൻ സാമ്രാജ്യത്തിൽ അഞ്ചു പാത്രിയാർക്കേറ്റുകളുണ്ടായിരുന്നു. അവ റോമൻ (പാശ്ചാത്യം), അലക്സാണ്ഡ്രിയൻ (ഈജിപ്ത്), അന്ത്യോക്യൻ (പൗരസ്ത്യം), ബൈസൻൈറൻ (കോൺസ്റ്റാൻറിനോപ്പിൾ), യറുശലേം (പലസ്തീന) എന്നിവയാണ്. ഓരോ പാത്രിയാർക്കേററിലെയും റോമൻ പ്രോവിൻസുകളും അവയുടെ തലസ്ഥാനങ്ങളും (മെത്രോപ്പൊളീസ്) താഴെ ചേർക്കുന്നു. മെത്രോപ്പൊളീസിലെ സഭാധികാരി 'മെത്രാപ്പൊലീത്താ' എന്നറിയപ്പെടാൻ തുടങ്ങി.

## 1. അന്ത്യോക്യാ പാത്രിയാർക്കേററ്

അന്ത്യോക്യ പാത്രിയർക്കീസിനു പൗരസ്ത്യം എന്ന റോമൻ പ്രവിശ്യ മുഴുവൻെറമേലും അധികാരമുണ്ടായിരുന്നു. 'അന്ത്യോക്യയുടെയും കിഴക്കു് ഒക്കെയുടെയും'[9] എന്നാണു അന്ത്യോക്യാമെത്രാൻെറ സ്ഥാനം. 'കിഴക്കു്' എന്നു പറഞ്ഞാൽ റോമൻ സാമ്രാജ്യത്തിലെ 'പൗരസ്ത്യം' എന്ന പ്രദേശത്തിൻെറ കീഴിൽ വരുന്ന സഭകളുടെ മേൽ എന്നേ അർത്ഥമുള്ളു. കൽക്കദോനിയാ സൂനഹദോസ് (451) അന്ത്യോക്യാമെത്രാൻെറ ഭരണത്തിൽപ്പെട്ട ചില പ്രദേശങ്ങൾ തിരിച്ചു യറുശലേം പാത്രിയാർക്കേറ്റുണ്ടാക്കി; അതോടൊപ്പം സൈപ്രസ് അന്ത്യോക്യയിൽനിന്നു വേർപെടുത്തി 'സ്വയം ഭരണമുള്ള' സഭയാക്കി. സൈപ്രസിൻെറ തലസ്ഥാനം സലാമിസ് (കോൺസ്റ്റാൻസ്യ) ആയിരുന്നു. എന്നാൽ പേർഷ്യൻ സാമ്രാജ്യത്തിലെ ക്രൈസ്തവസഭ ഒരു കാലത്തു നേതൃത്വത്തിനായി അന്ത്യോക്യൻ സഭയെ ആശ്രയിച്ചിരുന്നു.

| പ്രോവിൻസുകൾ: | തലസ്ഥാനം: |
|---|---|
| 1. സിറിയ I | അന്ത്യോക്യ |
| 2. സിറിയ II | അപ്പമേയ |
| 3. ഫിനീഷ്യ പരാല്യസ് | ടയർ |
| 4. ഫിനീഷ്യ ലിബനെൻസിസ് | ഡമാസ്കസ് |
| 5. അറേബ്യ | ബോസ്ട്രാ |
| 6. എവുഫ്രാത്തെൻസിസ് | ഹിയെരാപ്പൊളീസ് |
| | സേർജിയോപ്പൊളീസ് |

8. Cfr, Philip Hughes, A History of the Church, vol. 1. London, 1961.
9. 'Patriarch of Antioch and of all the East'.



| | |
|---|---|
| 7. ഒഷ്റേൻ | എഡേസ്സ |
| 8. മെസൊപ്പൊട്ടേമിയ | അമീദ് |
| 9. സിലിഷ്യ (കിലിക്യ) I | തർസോസ് |
| 10. സിലിഷ്യ II | അനസാർബുസ് |
| 11. ഇസൗരിയ | സെലൂഷ്യ |

## 2. യറുശലേം പാത്രിയാർക്കേററ്

| | |
|---|---|
| 1. പലസ്തീന I | യറുശലേം |
| | ചെസാറിയ |
| 2. പലസ്തീന II | ഷിത്തോപ്പൊളീസ് |
| 3. പലസ്തീന III | പെത്രാ |

## 3. ബൈസൻൈറൻ പാത്രിയാർക്കേററ്

കോൺസ്റ്റാൻറിനോപ്പിൾ സിനഡിൻെറ (381) മൂന്നാം കാനനും[10] കൽക്കദോനിയായുടെ ഇരുപത്തിയെട്ടാം കാനനും[11] അനുസരിച്ചാണു പൗരസ്ത്യ റോമാസാമ്രാജ്യത്തിൻെറ തലസ്ഥാനമായ കോൺസ്റ്റാൻറിനോപ്പിൾ ഒരു പാത്രിയാർക്കേററായി തീർന്നതു്.[12] ആദ്യമതു ഹെരാക്ലെയായുടെ ഒരു സാമന്തരൂപത മാത്രമായിരുന്നു. ആദ്യ

10. J. Stevenson, Creeds, Councils, and Controversies, p. 148: ''കോൺസ്റ്റാൻറിനോപ്പിൾ പുതിയ റോമാ ആകയാൽ റോമിലെ മെത്രാനശേഷം അവിടത്തെ മെത്രാനു് ബഹുമാനസ്ഥാനം ഉണ്ടായിരിക്കണം.'' (കോൺ. (381) കാനൻ, 3).
11. Ibid. p. 333: ''സർവ സംഗതികളിലും പരിശുദ്ധപിതാക്കന്മാരുടെ തീരുമാനങ്ങൾ അനുസരിച്ചും, ഇപ്പോൾ വായിക്കപ്പെട്ട 150 അതിപരിശുദ്ധന്മാരായ മെത്രാന്മാരുടെ കാനോന അംഗീകരിച്ചും നവറോമായായ കോൺസ്റ്റാൻറിനോപ്പിളിലെ അതിപരിശുദ്ധസഭയെ സംബന്ധിച്ച് ഞങ്ങളും അതുപോലെ തീരുമാനിക്കയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. ഇമ്പീരിയൻ നഗരമായതിനാൽ പിതാക്കന്മാർ ശരിയായി പ്രാചീന റോമായിലെ സിംഹാസനത്തിനു് പ്രാഥമ്യം (Primacy) നൽകി. അതേ ഉദ്ദേശത്താൽ പ്രേരിതരായി 150 അതിപരിശുദ്ധപിതാക്കന്മാർ പുതിയ റോമായിലെ സിംഹാസനത്തിനും തത്തുല്യമായ അവകാശങ്ങൾ (Privileges) കൽപ്പിച്ചനുവദിച്ചു. ചക്രവർത്തിയാലും സെനററിനാലും അലങ്കരിക്കപ്പെടുകയും, പ്രാചീന രാജകീയ റോമയ്ക്കു് തുല്യമായ അവകാശങ്ങൾ അനുഭവിക്കുകയും ചെയ്യുന്ന നഗരം സഭാകാര്യങ്ങളിലും അവളെപ്പോലെ ബഹുമാനിക്കപ്പെടണം. കാരണം, റോമാ കഴിഞ്ഞാൽ അടുത്ത സ്ഥാനം അവൾക്കാണ്''. (കൽക്കദോനിയ (451) കാനൻ, 28).
12. cfr, കാനൻ 9. 17 (കൽക്കദോനിയ).

www.malankaralibrary.com



മാദ്യം റോമും മററു സിംഹാസനങ്ങളും ഇതംഗീകരിച്ചില്ല. ഇന്നു ക്രൈസ്തവലോകത്തു റോമാപാത്രിയർക്കീസ് കഴിഞ്ഞാൽ അടുത്ത സമുന്നത നേതാവ് കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസാണ്.[13]

| | പ്രോവിൻസ്: | മെട്രൊപ്പൊളീസ്: |
|---|---|---|
| 1. | യൂറോപ്പ് | കോൺസ്റ്റാൻറിനോപ്പിൾ |
| | | ഹെറാക്ലെയാ |
| 2. | റോഡോപ്പ് | ട്രാജാനോപ്പൊളീസ് |
| 3. | ത്രേസ് | ഫിലിപ്പോപ്പൊളീസ് |
| 4. | മേസിയ | മാർസിയാനോപ്പൊളീസ് |
| 5. | ഷിത്തിയ | തോമി[14] |
| 6. | ഹെമിമോൻതുസ് | ഹഡ്രിയാനോപ്പൊളീസ് |
| 7. | ഏഷ്യ | എഫേസോസ് |
| 8. | റോഡസ് | റോഡസ് |
| 9. | കാറിയ | അഫ്രൊഡീസിയാസ് |
| 10. | ലീസിയ | മീറ |
| 11. | ലീഡിയ | സാർദിസ് |
| 12. | ഹെല്ലെസ്പോൻതുസ് | സിസിക്കസ് |
| 13. | ബിത്തീനിയ | നിക്കൊമേഡിയ |
| | | കൽക്കദോനിയ |
| | | നിഖ്യാ |
| 14. | ഫ്രീജിയസലുത്താരിസ് | സിന്നാദാ |
| 15. | ,, പെക്കാത്തിയാന | ഹിയെരാപ്പൊളീസ് |
| | | ലവഡീഷ്യ |
| 16. | പിസീദിയ | അന്ത്യോക്യാ |
| 17. | പംഫീലിയാ | പെർഗെ |
| | | സീദ് |
| 18. | ലിക്കവോനിയ | ഇക്കോണിയം |
| 19. | ഗലാത്യ I | അൻസീറ |
| 20. | ഗലാത്യ സലുത്താരിസ് | പെസ്സീനസ് |
| 21. | ഹൊണോറിയാസ് | ക്ലൗദിയോപ്പൊളീസ് |
| 22. | പഫ്ലഗോണിയ | ഗാൻഗ്ര |
| 23. | ഹെലേനോപോന്തുസ് | അമാസിയ |

13. പിൽക്കാലത്ത് 'എക്യുമെനിക്കൽ പാത്രിയർക്കീസ്' എന്ന സ്ഥാനം കോൺസ്റ്റാൻറിനോപ്പിളിലെ ആർച്ചുബിഷപ്പ് എടുത്തു. ആദ്യമാദ്യം മററുള്ളവർ അതിനെ എതിർത്തിരുന്നു.

14. Autocephalous Archbishop



| | | |
|---|---|---|
| 24. | പോന്തുസ് പൊളെ മോണിയാക്കസ് | നെയോചെസാറിയ |
| 25. | അർമേനിയ I | സെബാസ്റ്റെ |
| 26. | ,, II | മെലിററീൻ |
| 27. | കപ്പദോചിയ I | ചെസാറിയ |
| 28. | ,, II | തിയാന |

## 4 അലക്സാണ്ഡിയൻ പാത്രിയാർക്കേററ്

റോമാസാമ്രാജ്യത്തിലെ രണ്ടാമത്തെ പ്രധാന നഗരമായിരുന്നു അലക്സാന്ത്രിയാ.[15] റോമിലെ മെത്രാൻ കഴിഞ്ഞാൽ സഭാരംഭ കാലത്ത് അടുത്ത സമുന്നത സ്ഥാനം അലക്സാന്ത്രിയായിലെ മെത്രാനായിരുന്നു. (മാർ) പാപ്പാ എന്ന സ്ഥാനം റോമിലെ മെത്രാനെപ്പോലെ ഇദ്ദേഹത്തിനും ഉണ്ടായിരുന്നു. ഇപ്പോഴും അലക്സാണ്ഡിയൻ മെത്രാൻ മാർപാപ്പാ എന്നാണറിയപ്പെടുന്നതു്.

| | പ്രോവിൻസുകൾ: | മെട്രൊപ്പൊളീസ്: |
|---|---|---|
| 1. | ഈജിപ്ത് I | അലക്സാന്ത്രിയ |
| 2. | ,, II | കബാസ |
| 3. | അഗ്ഗസ്റ്റാമ്നിക്ക I | പെലൂസിയം |
| 4. | ,, II | ലെയോൻതോപൊളീസ് |
| 5. | അർക്കാഡിയ | ഓക്സിറിങ്കോസ് |
| 6. | തേബായിസ് I | ആൻറിനോയെ |
| 7. | ,, II | പ്ടൊളെമായിസ് |
| 8. | ലിബിയ മർമറിക്കാ | ഡാർനിസ് |
| 9. | പെൻറാപ്പൊളീസ് | പ്ടൊളെമായിസ് |

## 5. പാശ്ചാത്യ പാത്രിയാർക്കേററ്

റോമിലെ മെത്രാൻ പാശ്ചാത്യ റോമാസാമ്രാജ്യത്തിലെ പാത്രിയർക്കീസാണ്. റോമിലെ മെത്രാനായ മാർപാപ്പായ്ക്കു 'പാത്രിയർക്കീസ്' എന്ന സ്ഥാനമുണ്ടെന്നുള്ളതു് പലർക്കും ഇന്നറിഞ്ഞുകൂടാ. അന്ത്യോക്യൻ പാത്രിയർക്കീസ് 'അന്ത്യോക്യയുടെയും കിഴക്കൊക്കെയുടെയും' മെത്രാനായിരിക്കുന്നതുപോലെ, റോമൻ പാത്രിയർക്കീസ് 'റോമിൻെറയും പടിഞ്ഞാറ് ഒക്കെയുടെയും'[16] മെത്രാനാണ്. രണ്ടു സ്ഥലങ്ങളിലെയും മെത്രാന്മാരുടെ പട്ടിക തുട

15. Cf. ജി. ചേടിയത്തു്, ആദിമ. p. 262ff.

16. "Bishop of Rome and Patriarch of the West"

www.malankaralibrary.com



ങ്ങുന്നതു പത്രോസ് മുതലാണ്. എന്നാൽ ആദ്യനൂററാണ്ടുമുതലേ റോമിലെ മെത്രാനെ ഒന്നാമത്തെ പ്രധാനാചാര്യനായി ക്രൈസ്തവലോകം അംഗീകരിച്ചിരുന്നു; അദ്ദേഹത്തിന്റെ നേതൃത്വം സ്വീകരിച്ചിരുന്നു.

## പ്രോവിൻസുകൾ

| | | |
|---|---|---|
| 1. | ബ്രിട്ടൺ | യോർക്ക് |
| 2. | സ്പെയിൻ | എൽവീര |
| 3. | ഗോൾ | ട്രീയർ |
| 4. | 'ഏഴ് പ്രോവിൻസുകൾ' | ആൾസ് |
| 5. | ഇററലി (അന്നൊനാരിയാ) | മിലാൻ |
| 6. | ഇററലി (സുബുർബിക്കാ) | റോം-പാത്രിയർക്കീസ് |
| 7. | പന്നോണിയാ | സിർമിയം |
| 8. | ഡേഷ്യ | സാർദിക്ക |
| 9. | മാസിഡോണിയ | തെസ്സലോനിക്ക |
| 10. | ആഫ്രിക്ക | കാർത്തേജ് |

ഇന്നു പൗരസ്ത്യസഭകൾ, പാശ്ചാത്യസഭകൾ എന്നീ പേരുകൾ റോമൻ സാമ്രാജ്യത്തിൽ ഒതുങ്ങി നിൽക്കുന്നില്ല. റോമൻ സാമ്രാജ്യത്തിലെ ഏതെങ്കിലും സഭ തുടങ്ങിയ സഭകളും മാതൃസഭയുടെ നാമത്താൽ അറിയപ്പെട്ടു വന്നു. റോമൻസഭ ആഫ്രിക്കയിലും തെക്കേ അമേരിക്കയിലും ലോകത്തിന്റെ മററു ഭാഗങ്ങളിലും തുടങ്ങിയ സഭകളും റോമൻസഭയായി അറിയപ്പെടുന്നു. ബൈസൈന്റൻസഭ നേതൃത്വം നൽകി തുടങ്ങിയ സഭകളെല്ലാം ബൈസൈന്റൻ കുടുംബത്തിൽപെട്ടവയാണ്.

അതുപോലെ റോമൻ സാമ്രാജ്യത്തിലെ ഏതെങ്കിലും സഭയെ ആശ്രയിച്ചു കഴിഞ്ഞ സഭകളും റോമൻ സാമ്രാജ്യത്തിലെ ആ സഭയുടെ പേരിൽ അറിയപ്പെട്ടു. എത്യോപ്യൻ സഭ അലക്സാണ്ഡ്രിയൻ സഭയുടെ നേതൃത്വം സ്വീകരിച്ചതിനാൽ പൗരസ്ത്യസഭയായി അറിയപ്പെടുന്നു. പേർഷ്യൻസഭ അന്ത്യോക്യൻ സഭാനേതൃത്വം അംഗീകരിച്ചതിനാൽ അതും പൗരസ്ത്യസഭയായി അറിയപ്പെടുന്നു.

ഇന്നു ലോകത്തിലെ എല്ലാ സ്ഥലങ്ങളും വിഭജിച്ചു റോമൻ റീത്തിന്റെ രൂപതകളിൽ ഉൾപ്പെടുത്തിയിരിക്കയാണ്. അങ്ങനെ പാശ്ചാത്യപാത്രിയർക്കീസ് ലോകം മുഴുവനും നേരിട്ടു ഭരണാധികാരമുള്ള ആളായി തീർന്നിരിക്കുന്നു. അകത്തോലിക്കരായ പൗരസ്ത്യ പാത്രിയർക്കീസുമാർക്കും തങ്ങളുടെ റീത്തു പാലിക്കുന്നവർ എവിടെല്ലാം ഉണ്ടെങ്കിലും അവരുടെമേൽ ആത്മീയാധികാരം ഉണ്ടു്.

അധ്യായം 9

# കാൽസിഡോൺ ക്രിസ്തുഭാഷ്യം

ഈ അടുത്ത കാലത്തു് കല്ക്കദോനിയ സൂനഹദോസിനെയും അതിന്റെ ക്രിസ്തുഭാഷ്യത്തെയും സംബന്ധിച്ചു നിരവധി ചർച്ചകളും പഠനങ്ങളും നടന്നിട്ടുണ്ടു്. ഇവയിൽ ഏററം പ്രധാനമായതു് ഗ്രിൽമയറും ബാക്തും കൂടി മൂന്നു വാല്യത്തിൽ പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥമാണ്.[1] ഇംഗ്ലീഷ് ഭാഷയിലുള്ള ഏററം നല്ല ഗ്രന്ഥം ആർ. വി. സെല്ലേഴ്സിന്റെ കൃതിയാണ്.[2] ഓർതഡോക്സ് വീക്ഷണകോണത്തിലൂടെ കാൽസിഡോൺ നിർവചനത്തെ അപഗ്രഥിക്കാൻ പ്രൊഫസർ വി. സി. സാമുവേൽ ഒരു പരിശ്രമം നടത്തി.[3] അറുപതുകളിലും എഴുപതുകളിലുമായി കൽക്കദോനിയ സൂനഹദോസിനെപ്പററി നിരവധി എക്യുമെനിക്കൽ ചർച്ചകൾ പാശ്ചാത്യലോകത്തു് നടന്നിട്ടുണ്ടു്. ഈസ്റ്റേൺ ഓർതഡോക്സ് ദൈവശാസ്ത്രജ്ഞന്മാരും (ബൈസൈന്റൻ) ഓറിയൻറൽ ഓർതഡോക്സ് ദൈവശാസ്ത്രജ്ഞന്മാരും (യാക്കോബായ) ആർഹസ്സിലും (1964), ജനീവയിലും (1970) ആഡിസ് അബാബയിലും (1971) സമ്മേളിച്ചു ചർച്ചകൾ നടത്തി.[4] എഴുപതുകളിൽ കർദ്ദിനാൾ കേണിഗിന്റെ നേതൃത്വത്തിൽ ഇതുപോലൊരു ചർച്ചാവേദി വിയന്നായിൽ[5] ഉദയം ചെയ്തു. റോമൻ കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാരും ഓറിയൻറൽ ഓർത്തഡോക്സ് ദൈവശാസ്ത്രജ്ഞ

1. A. Grillmeier, *Das Konzil von Chalkedon - Geschichte und Gegenwart*, I— III, Wurzburg, 1954.
2. R. V. Sellers, *The Council of Chalcedon* - A Historical and Doctrinal Survey, London 1953.
3. *The Council of Chalcedon Reexamined,* Madras, 1977.
4. The Greek Orthodox Theological Review *(=GOTR)*, 10, 2 (1964—5); 13, 2 (1968); 16, 1—2 (1971).
5. Wort und Wahrheit, Supplementary Issue, *(=WWS)*, I (1972), II (1974)., III (1976), IV (1978). 1988 സെപ്തംബറിൽ അഞ്ചാം യോഗം നടന്നു: *CO.* 9/4 (1988).

www.malankaralibrary.com



ന്മാരുമാണ്[6] പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തത്. 1971-ൽ തുടങ്ങിയ ഈ ചർച്ചാവേദി കൽക്കദോനിയ വിശ്വാസപ്രമാണത്തിന്റെ വിവിധ വശങ്ങളെ അനൗദ്യോഗിക തലത്തിൽ തുറന്ന മനസ്സോടെ ചർച്ച ചെയ്തു. കൗൺസിൽ നിർവചനത്തെ കൂടുതൽ അറിയാനും തെററിദ്ധാരണകൾ നീക്കാനും പരസ്പരം അടുക്കാനും ഈ ചർച്ചകൾ വളരെയധികം വഴിതെളിച്ചു.

സഭകളുടെ ലോകകൗൺസിലിന്റെ 'ഫെയ്ത് ആൻഡ് ഓർഡർ കമ്മീഷൻ' 'കൽക്കദോനിയ സൂനഹദോസും സഭകളുടെ പ്രതികരണവും' എന്ന വിഷയത്തെ പുരസ്കരിച്ച് 1969-ൽ ഒരു ചർച്ച സംഘടിപ്പിച്ചു.[7]

മെത്തോഡിയൂസ് ഫുയാസ് മെത്രാപ്പോലീത്താ കാൽസിഡോൺ ഉൾപ്പെടെയുള്ള ആദ്യ സൂനഹദോസുകളുടെ ക്രിസ്തുഭാഷ്യങ്ങളും ചർച്ചകളും പ്രസിദ്ധീകരിച്ചു.[8] ഗ്രിൽമായരുടെ 'ക്രിസ്തു ക്രിസ്തീയ പാരമ്പര്യത്തിൽ' എന്ന മഹത്ഗ്രന്ഥവും കൽക്കദോനിയാ സൂനഹദോസിന്റെ ക്രിസ്തുഭാഷ്യത്തെ അപഗ്രഥിച്ചിട്ടുണ്ട്.[9]

## 1. കൽക്കദോനിയ സൂനഹദോസിന്റെ വിശ്വാസ നിർവചനം

കൽക്കദോനിയ സൂനഹദോസിൽ (451) കൂടിയ പിതാക്കന്മാർ ക്രിസ്തുശാസ്ത്രം സംബന്ധിച്ച പുതിയൊരു വിശ്വാസനിർവചനത്തിന് ഒരുക്കമല്ലായിരുന്നു. രാജകീയ പ്രതിനിധികളുടെ ശക്തിയായ നിർബന്ധത്താലാണ് പിതാക്കന്മാർ അതിനായി മുതിർന്നത്.[10] ചെറിയൊരു കമ്മററി തയ്യാറാക്കിയ രേഖ 451 ഒക്ടോബർ 25ന് സഭയിൽ വായിച്ചു ഭേദഗതികളോടെ പാസ്സാക്കപ്പെട്ടു. ഈ നിർവചനത്തിനു നീണ്ട ഒരാമുഖം ഉണ്ട്; തുടർന്നു നിഖ്യായുടെയും (325) കോൺസ്ററാൻറിനോപ്പിളിന്റെയും (381)

6. Oriental Orthodox Churches (Jacobite or Non-Chalcedonian Churches) are the following: Armenian, Coptic, Ethiopian, Syrian Churches. താഴെ പത്താം അധ്യായം കാണുക.
7. The Ecumenical Review, *(ER)*, 22, 4 (1970)
8. Methodius Fouyas, *The Person of Jesus Christ in the Decisions of the Ecumenical Councils*, Addis Ababa 1975. ——*Papers* referring to the Theological Dialogue between the Eastern and Oriental Orthodox Churches, Athens, 1976 (=Papers).
9. A. Grillmeier, *Christ in Christian Tradition*, I. From the Apostolic Age to Chalcedon (A. D. 451), London & Oxford 1975 [2].
10. E. Schwartz, (ed), *Acta Conciliorum Oecumenicorum (=ACO)* II, I, 2, 124f. nos. 22—28.



വിശ്വാസപ്രമാണങ്ങൾ അവതരിപ്പിക്കപ്പെടുന്നു. അതിനുശേഷം കൽക്കദോന്റെ പ്രത്യേകമായ വിശ്വാസനിർവചനമാണ്. ഈ നിർവചനം എല്ലാവരും അനുസരിക്കണമെന്നു ശക്തിയായി അവസാനഭാഗത്തു് അനുശാസിക്കുന്നു.

ക്രി. വ. 451ലും അതിനുശേഷവും സഭയിൽ വളരെയധികം കോളിളക്കം ഉണ്ടാക്കാൻ ഈ നിർവചനം വഴിതെളിച്ചു. കാൽസിഡന്റെ ഈ വിശ്വാസപ്രമാണം താഴെ ചേർക്കുന്നു.[11]

''ദൈവകൃപയാലും, അഗസ്റ്റസുമാരായ മാർസിയൻ, വലൻറീനിയൻ എന്നീ ഏററം ഭക്തരും മിശിഹായെ സ്നേഹിക്കുന്നവരുമായ ചക്രവർത്തിമാരുടെ കല്പനയാലും, ബിഥീനിയാ പ്രോവിൻസിന്റെ മെത്രോപ്പൊളീസായ കാൽസിഡൺ പട്ടണത്തിൽ, വിശുദ്ധയും വിജയമകുടം ചൂടിയ രക്തസാക്ഷിണിയുമായ എവുഫേമിയായുടെ ദേവാലയത്തിൽ സമ്മേളിച്ചിരിക്കുന്ന പരിശുദ്ധവും മഹനീയവുമായ എക്യുമെനിക്കൽ കൗൺസിൽ ഇപ്രകാരം തീരുമാനിച്ചിരിക്കുന്നു:

നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തു, മതസംബന്ധമായ സംഗതികളിൽ ആർക്കും തന്റെ അയൽക്കാരനിൽനിന്നു വ്യത്യാസം ഉണ്ടായിരിക്കരുതെന്നും സത്യത്തിന്റെ അറിയിപ്പ് എല്ലാവർക്കും ഒരുപോലെ ആയിരിക്കണമെന്നും കരുതി വിശ്വാസത്തിന്റെ അറിവിൽ തന്റെ ശിഷ്യരെ ഉറപ്പിച്ചുകൊണ്ട്, ''എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തന്നിട്ടു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നൽകുന്നു'' എന്ന് അരുൾചെയ്തു (യോഹ 14: 27). എന്നാൽ സത്യമതത്തിന്റെ വിത്തുകളെ തന്റെ കളകളാൽ ഞെരുക്കുന്നതിൽനിന്ന് ദുഷ്ടൻ വിരമിക്കുന്നില്ലെന്നും സത്യത്തിനെതിരായി പുതിയ കുതന്ത്രങ്ങൾ ആസൂത്രണം ചെയ്യുന്നെന്നും കാണുകയാൽ, നമ്മുടെ പൊതു പരമോന്നതനാഥനായ ക്രിസ്തു തനിക്കു പതിവായിരിക്കുന്നതുപോലെ മനുഷ്യകുലത്തെ പരിഗണിച്ച്, തന്റെ കൃപയുടെ ഫലദായകമായ പ്രവർത്തനം കൊണ്ട് തന്റെ അജഗണത്തിൽനിന്ന് എല്ലാ അശുദ്ധിയും നീക്കുന്നതിനും, സത്യത്തിന്റെ ഇളം തളിരുകളാൽ അവയെ പോഷിപ്പിക്കുന്നതിനുംവേണ്ടി, ഭക്തനും തികഞ്ഞ വിശ്വാസിയുമായ ഈ മാർസിയൻ ചക്രവർത്തിയുടെ തീക്ഷ്ണതയെ ഉത്തേജിപ്പിക്കുകയും എല്ലാ ഭാഗത്തുനിന്നും വൈദിക പ്രധാനികളെ അദ്ദേഹത്തിന്റെ പക്കലേക്കു വിളിക്കുകയും ചെയ്തു.

11. *Ibid.* II, I, 2, 129—130: English version from J. Stevenson, ed., *Creeds, Concils and Controversies*, London 1966 p. 334-7

www.malankaralibrary.com



318 പേരുടെ വിശ്വാസപ്രമാണം എല്ലാവരെയും അറിയിച്ചു കൊണ്ടും, ഈ ദൈവികരേഖ സ്വീകരിക്കയും പിന്നീട് വലിയ കോൺസ്റ്റാൻറിനോപ്പിളിൽ ഒന്നിച്ചുകൂടി ഈ വിശ്വാസത്തിനു തങ്ങളുടെ മുദ്ര വയ്ക്കുകയും ചെയ്തു 150 പിതാക്കന്മാരെ ഞങ്ങളുടെ പിതാക്കന്മാരായി അംഗീകരിച്ചുകൊണ്ടും, തെററായ പ്രബോധനങ്ങളെ നിഷ്കാസനം ചെയ്തുകൊണ്ടും, പിതാക്കന്മാരുടെ തെററാത്ത വിശ്വാസം നവീകരിച്ചുകൊണ്ടും, പൊതുവായ യോജിപ്പോടുകൂടി ഞങ്ങൾ ഇപ്രകാരം ചെയ്തു. അതുകൊണ്ട്, ഏററം ആദരണീയരായ റോമാമെത്രാൻ സെലസ്ററിൻെറയും അലക്സാണ്ഡ്രിയാമെത്രാൻ സിറിലിൻെറയും നേതൃത്വത്തിൽ മുമ്പ് എഫേസോസിൽ കൂടിയ വിശുദ്ധ കൗൺസിലിൻെറ വിധിയോടും ഫോർമുലകളോടും യോജിച്ചുകൊണ്ട്, ഭാഗ്യസ്മരണാർഹനായ കോൺസ്റ്റൻൈറൻ ചക്രവർത്തിയുടെ കാലത്ത് നിഖ്യായിൽ കൂടിയ 318 ഭാഗ്യവാന്മാരും വിശുദ്ധരുമായ പിതാക്കന്മാർ രൂപീകരിച്ച, കുററമററ ഓർത്തഡോക്സ് വിശ്വാസത്തിൻെറ അവതരണം അതിനുള്ള ബഹുമാനസ്ഥാനത്തുതന്നെ നില്ക്കുന്നു എന്നും, അതിനടുത്ത കാലത്തുയർന്നുവന്ന പാഷണ്ഡതകളുടെ നിർമാർജ്ജനത്തിനും, കാതോലികവും ശ്ലൈഹികവുമായവിശ്വാസത്തിൻെറ ഉറപ്പിക്കലിനുമായി കോൺസ്റ്റാൻറിനോപ്പിളിലെ 150 വിശുദ്ധ പിതാക്കന്മാരുടെ വ്യാഖ്യാനം ഇപ്പോഴും പ്രാബല്യത്തിലിരിക്കുന്നു എന്നും ഞങ്ങൾ തീർപ്പു കല്പിക്കുന്നു.

നിഖ്യായിലെ 318 പേരുടെ വിശ്വാസപ്രമാണം

''സർവശക്തിയുള്ള പിതാവും ദൃശ്യാദൃശ്യങ്ങളുടെ നിർമാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിൻെറ ഏകപുത്രനും പിതാവിൽനിന്നു ജനിച്ചവനും ഏകജാതനും പിതാവിൻെറ സത്തയിൽ നിന്നുള്ളവനും ദൈവത്തിൽനിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സത്തയിൽ പിതാവിനോട് സമത്വമുള്ളവനും തന്നാൽ സകലതും നിർമിക്കപ്പെട്ടവനും ആയ ഏക കർത്താവേശുമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി (സ്വർഗ്ഗത്തിൽനിന്ന്)[11a] താഴേയ്ക്കിറങ്ങി (പരിശുദ്ധാത്മാവിൽനിന്നും കന്യകാമറിയത്തിൽനിന്നും) ശരീരമെടുത്ത് മനുഷ്യനായി. അവൻ (പൊന്തിയോസ് പീലാത്തോസിൻെറ കീഴിൽ നമുക്കുവേണ്ടി ക്രൂശിക്കപ്പെടുകയും) കഷ്ടപ്പെട്ട് മരിക്കയും (കബറടക്കപ്പെടുകയും ലിഖിതങ്ങളനുസരിച്ച്) മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുകയും സ്വർഗ്ഗ

11a. ബ്രാക്കററിലുള്ളത് മൂല വിശ്വാസപ്രമാണത്തോടുകൂടെ പിന്നീട് കൂട്ടിച്ചേർത്തവയാണ്. മൂലവിശ്വാസപ്രമാണത്തിന്, ജി. ചേടിയത്ത്, സഭാപിതാക്കന്മാർ, II. 1988, പേജ്. 53.



ത്തിലേക്കു കരേറുകയും ചെയ്തു. (അവൻ പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്നു). അവൻ ജീവനുള്ളവരേയും മരിച്ചവരേയും വിധിക്കാൻ (വീണ്ടും) വരും. (അവൻെറ രാജ്യത്തിന് അവസാനമുണ്ടാകയില്ല. കർത്താവും ജീവദാതാവുമായ) പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു.

'അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നോ, 'ജനിക്കുന്നതിനു മുൻപ് അവൻ ഇല്ലായിരുന്നു' എന്നോ, ഇല്ലായിരുന്ന അവസ്ഥയിൽനിന്ന് അവൻ നിർമിക്കപ്പെട്ടു' എന്നോ, 'അവൻ മറെറാരു സാരാംശത്തിൽ അഥവാ സത്തയിൽ നിന്നാണ്' എന്നോ, 'അവൻ മാററത്തിനും വ്യതിയാനത്തിനും വിധേയനാണ്' എന്നോ ദൈവപുത്രനെപ്പററി പറയുന്ന എല്ലാവരേയും കാതോലികവും ശ്ലൈഹികവുമായ സഭ പുറം തള്ളുന്നു''.

കോൺസ്റ്റാൻറിനോപ്പിളിൽ കൂടിയ 150 പേരുടെ വിശ്വാസപ്രമാണം

സർവശക്തിയുള്ള പിതാവും, ആകാശത്തിൻെറയും ഭൂമിയുടെയും ദൃശ്യാദൃശ്യങ്ങളായ എല്ലാ വസ്തുക്കളുടെയും നിർമാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിൻെറ ഏകപുത്രനും, യുഗങ്ങൾക്കെല്ലാം മുൻപ് പിതാവിൽനിന്ന് ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിക്കപ്പെടാത്തവനും, പിതാവുമായി സമസത്തയായവനും, തന്നാൽ സകലതും നിർമ്മിക്കപ്പെട്ടവനും ആയ ഏകകർത്താവീശോമിശിഹായിലും (ഞങ്ങൾ വിശ്വസിക്കുന്നു). അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ കന്യക മറിയാമിൽനിന്ന് ശരീരമെടുത്ത് മനുഷ്യനായി. അവൻ പൊന്തിയോസ് പീലാത്തോസിൻെറ കാലത്ത് നമുക്കുവേണ്ടി ക്രൂശിക്കപ്പെടുകയും, കഷ്ടതകൾ സഹിച്ച് മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്ന പ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അവൻ സ്വർഗ്ഗത്തിലേക്കു കരേറി പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്നു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ മഹത്വത്തിൽ വീണ്ടും വരാനിരിക്കുന്നു. അവൻെറ രാജ്യം ഒരിക്കലും അവസാനിക്കുകയില്ല. പിതാവിൽനിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടുംകൂടെ ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നവനും പ്രവാചകരിലൂടെ സംസാരിച്ചവനും കർത്താവും ജീവദാതാവും ആയ പരിശുദ്ധാത്മാവിലും ഏകവും പരിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു). പാപമോചനത്തിനുള്ള ഏക മാമ്മോദീസാ ഞങ്ങൾ ഏററു പറയുന്നു. മരിച്ചവരുടെ ഉയിർപ്പും വരാനിരിക്കുന്ന ലോകത്തിലെ ജീവിതവും ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ.

www.malankaralibrary.com



ദൈവഭക്തിയുടെ പൂർണ്ണമായ അംഗീകാരത്തിനും സ്ഥിരീകരണത്തിനും ദിവ്യകൃപയിൽ നിന്നരുത്തിരിഞ്ഞ വിജ്ഞാനപ്രദവും രക്ഷാകരവുമായ ഈ വിശ്വാസപ്രമാണം മതിയാകും. കാരണം, പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും സംബന്ധിച്ചുള്ള ഇതിൻെറ പഠിപ്പിക്കൽ പൂർണ്ണമാണ്; അതുപോലെ, ഇതിനെ വിശ്വാസപൂർവം അംഗീകരിക്കുന്നവർക്ക് കൂടുതലായി, മനുഷ്യാവതാരം വരച്ചു കാട്ടുകയും ചെയ്യുന്നു. എന്നാൽ ചിലർ, നമുക്കുവേണ്ടി കർത്താവു ചെയ്ത വ്യാപാരരഹസ്യത്തെ ദുഷിപ്പിക്കാൻ തുനിയുകയും കന്യകയെ 'തെയോതോക്കോസ്'' എന്നു വിളിക്കുന്നതിൻെറ ഔചിത്യം നിഷേധിക്കുകയും ചെയ്യുന്നു. മററു ചിലരാകട്ടെ സ്വഭാവങ്ങളുടെ കൂട്ടിക്കുഴയ്ക്കലും കൂട്ടിക്കലർത്തലും കൊണ്ടുവരുകയും, ജഡത്തിനും ദൈവത്വത്തിനും ഏകസ്വഭാവമാണെന്ന് മൂഢമായി സങ്കല്പിക്കുകയും ഈ കൂട്ടിക്കുഴയ്ക്കലാൽ ഏകജാതൻെറ ദൈവസ്വഭാവം സഹനവിധേയമാണെന്ന് കരുതുകയും ചെയ്യുന്നു. ഇങ്ങനെ വ്യർത്ഥമായി ജല്പനം നടത്തി, തങ്ങളുടെ സ്വന്തം പാഷണ്ഡതകളാൽ സത്യപ്രബോധനം കോട്ടിമാറ്റാൻ ഇവർ ശ്രമിക്കുന്നതിനാൽ സത്യത്തിനെതിരെയുള്ള അവരുടെ എല്ലാ പദ്ധതികളെയും തകർക്കാൻ ആഗ്രഹിച്ചുകൊണ്ടും, ഇപ്പോൾ കൂടിക്കൊണ്ടിരിക്കുന്ന വിശുദ്ധവും മഹനീയവുമായ ഈ എക്യുമെനിക്കൽ കൗൺസിൽ, ആരംഭം മുതൽ മാററം കൂടാതെ നിലനിന്ന പ്രബോധനം പൂർണ്ണമായി പഠിപ്പിച്ചുകൊണ്ടും 318 പിതാക്കന്മാരുടെ വിശ്വാസപ്രമാണം അലംഘനീയമായി നിലനിൽക്കുമെന്ന് ആദ്യമായി നിർണ്ണയിക്കുന്നു. അതുപോലെ ഇമ്പീരിയൽ നഗരത്തിൽ ഒന്നിച്ചുകൂടിയ 150 പിതാക്കന്മാർ, പരിശുദ്ധാത്മാവിനെ വെല്ലുവിളിക്കുന്നവർ നിമിത്തം പരിശുദ്ധാത്മാവിൻെറ സത്തയെ സംബന്ധിച്ച് പിന്നീട് പഠിപ്പിച്ച സംഗതികൾ – തങ്ങളുടെ മുൻഗാമികൾ വിട്ടുകളഞ്ഞവ കൂട്ടിച്ചേർത്തു എന്ന നിലയിലല്ല, പിന്നെയോ, പരിശുദ്ധാത്മാവിൻെറ പരമാധികാരത്തെ തട്ടിമാററാൻ പരിശ്രമിക്കുന്നവർക്കെതിരെ എഴുതിയ സാക്ഷ്യം വഴി അവിടുത്തെപ്പററിയുള്ള തങ്ങളുടെ ധാരണ എന്താണെന്ന് വ്യക്തമായി പ്രഖ്യാപിച്ചുകൊണ്ട് എല്ലാവരെയും അറിയിച്ചതു് – ഈ സിനഡ് സ്ഥിരീകരിക്കുകയും ഉറപ്പിക്കുകയും ചെയ്തു.

അതുപോലെ, 'വിശുദ്ധ മറിയത്തിൽ നിന്നു ജനിച്ചവൻ വെറുമൊരു മനുഷ്യനാണ്'' എന്ന് ലജ്ജാരഹിതമായും വ്യർത്ഥമായും ജല്പിച്ചുകൊണ്ട് മനുഷ്യാവതാര രഹസ്യത്തെ ദുഷിപ്പിക്കാൻ ശ്രമിക്കുന്നവർ നിമിത്തം, അലക്സാന്ത്രിയൻ സഭയുടെ ഇടയനും ഭാഗ്യവാനുമായ വിശുദ്ധ സിറിൾ, നെസ്തോറിയസിൻെറ തെററിൻെറ ഖണ്ഡനത്തിനും, ദൈവിക തീക്ഷ്ണതയാൽ അതു ശരിയായി ഗ്രഹിക്കാനാഗ്രഹിക്കുന്നവർക്ക് രക്ഷാകരമായ വിശ്വാസപ്രമാണത്തിൻെറ വിശദീകരണത്തിനും വേണ്ടി, ആ വിശ്വാസപ്രമാണങ്ങൾക്കനുസൃതം, നെസ്തോറിയസിനും പൗരസ്ത്യർക്കും എതിരെ എഴുതിയ സിനഡിക്കൽ ലേഖനങ്ങൾ ഈ സിനഡ് അംഗീകരിച്ചു. അതുപോലെ ഏററം മഹനീയവും പുരാതനവുമായ റോമിൻെറ ഭരണാധികാരിയും അതിപരിശുദ്ധനും ഏററം ഭാഗ്യവാനുമായ ആർച്ചുബിഷപ്പ് ലെയോ, എവുത്തിക്കുസിൻെറ അഭക്തിയെ കീഴ്മറിക്കാനായി, പരിശുദ്ധനായ ആർച്ചുബിഷപ്പ് ഫ്ളാവിയനു് എഴുതിയ കത്തു്, വലിയ പത്രോസിൻെറ വിശ്വാസപ്രഖ്യാപനവുമായി ഒത്തു പോകുന്നതിനാലും, പാഷണ്ഡികൾക്കെതിരെ എല്ലാവർക്കും സഹായസ്തംഭം ആയതിനാലും ഓർത്തഡോക്സ് വിശ്വാസത്തിൻെറ ദൃഢീകരണത്തിനു വേണ്ടി, അതോടുകൂടി അനുയോജ്യമായി കൂട്ടിച്ചേർത്തു. മനുഷ്യാവതാരരഹസ്യത്തെ ഇരുപുത്രത്വമായി കീറിമുറിക്കാമെന്നു കരുതുന്നവർക്കെതിരാണ് ഈ സിനഡ്. ഏകജാതൻെറ ദൈവത്വം സഹനത്തിനു വിധേയമാണെന്നു പറയാൻ മുതിരുന്നവരെ ഇതു വിശുദ്ധ രഹസ്യങ്ങളുടെ സംസർഗത്തിൽനിന്ന് അകററി നിർത്തുന്നു; ക്രിസ്തുവിൻെറ ഇരുസ്വഭാവങ്ങളും തമ്മിൽ കലർപ്പും കൂടിച്ചേരലും ഉണ്ടെന്നു സങ്കൽപിക്കുന്നവരെ ഇതു് എതിർക്കുന്നു; നമ്മിൽനിന്ന് അവൻ എടുത്ത ദാസൻെറ രൂപം സ്വർഗ്ഗീയമോ മററെന്തെങ്കിലുമോ ആണെന്നു തെററായി പഠിപ്പിക്കുന്നവരെ ഇതു് ആട്ടിയോടിക്കുന്നു; യോജിപ്പിനുമുമ്പു കർത്താവിനു രണ്ടു സ്വഭാവങ്ങളുണ്ടായിരുന്നെങ്കിലും യോജിപ്പിനുശേഷം ഒന്ന് ആയിത്തീർന്നു എന്നു പറയുന്നവരെ ഇതു ശപിക്കുന്നു.

അതുകൊണ്ടു പരിശുദ്ധ പിതാക്കന്മാരെ പിൻചെന്നുകൊണ്ടു ഞങ്ങളെല്ലാവരും ഒരേ സ്വരത്തിൽ ഒരേ ഒരു പുത്രനായ നമ്മുടെ കർത്താവീശോമിശിഹായെ ഏററുപറയുന്നു. ദൈവത്വത്തിൽ അവൻ പൂർണ്ണനാണ്; മനുഷ്യത്വത്തിലും അവൻ പൂർണ്ണനാണ്. അവൻ സത്യദൈവവും സത്യമനുഷ്യനുമാണ്; അവനു ബൗദ്ധികാത്മാവും ശരീരവുമുണ്ട്; ദൈവത്വം സംബന്ധിച്ച് പിതാവുമായി അവൻ സമസത്തയാണ്.[12] മനുഷ്യത്വം സംബന്ധിച്ച് നാമുമായി അവൻ സമസത്തയാണ്; പാപം ഒഴികെ എല്ലാററിലും അവൻ നമുക്കു തുല്യനായി;[12a]

12. Consubstantial; 'homoousion to Patri' (Greek); ബർക്യാനാദാബൂയ് (സുറിയാനി).

12a. Wherefore, following the holy Fathers we all with one voice confess our Lord Jesus Christ one and the same Son, the same perfect in Godhead, the same perfect in manhood, truly God and truly man, the same consisting of a reasonable soul and a body, of one substance with the Father as touching the Godhead, the same of one substance with us as touching the manhood, like us in all things apart from sin.

www.malankaralibrary.com



ദൈവത്വം സംബന്ധിച്ച്, യുഗങ്ങൾക്കു മുൻപ് അവൻ പിതാവിൽനിന്നു ജനിച്ചു; മനുഷ്യത്വം സംബന്ധിച്ച്, അവസാന നാളുകളിൽ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി അവൻ ദൈവമാതാവായ കന്യകമറിയാമിൽനിന്നു പിറന്നു. കലർപ്പില്ലാതെ, മാററമില്ലാതെ, വിഭജനമില്ലാതെ വേർതിരിവില്ലാതെ ഇരുസ്വഭാവങ്ങളിൽ[13] നാം അംഗീകരിക്കുന്നു. ഒരേ ഒരു മിശിഹാ, പുത്രൻ, കർത്താവ്, ഏകജാതൻ. യോജിപ്പുവഴി സ്വഭാവങ്ങളുടെ വ്യത്യാസങ്ങൾ ഒരുതരത്തിലും ഇല്ലാതാകുന്നില്ല; മറിച്ച് ഓരോ സ്വഭാവത്തിന്റെയും സവിശേഷതകൾ പരിരക്ഷിക്കപ്പെട്ടുകൊണ്ട് ഒരു വ്യക്തിത്വം അഥവാ ഹുപ്പോസ്താസിസ് ആയി നിലകൊള്ളുന്നു.[14] ക്രിസ്തു രണ്ടു വ്യക്തികളായി വിഭജിക്കപ്പെടുന്നില്ല; വേർതിരിക്കപ്പെടുന്നുമില്ല; പിന്നെയോ, ഒരേ ഒരു പുത്രൻ; പ്രവാചകന്മാർ അവനെപ്പററി ആദിമുതൽ പ്രവചിച്ചതുപോലെയും, നമ്മുടെ കർത്താവീശോമിശിഹാ തന്നെ നമ്മെ പഠിപ്പിച്ചതുപോലെയും പിതാക്കന്മാർ നമുക്കു കൈമാറിയ വിശ്വാസപ്രമാണംപോലെയും ഏക പുത്രനും വചനമായ ദൈവവും ആണ് കർത്താവീശോമിശിഹാ.[14a]

13. ''En duo physesin asychutos, atreptos, adiaretos, achoristos'' (Greek); (A. Hahn, Bibliothek der Symbole und Glaubensregeln der alten Kirchen, Hildesheim 1962, p. 166-7); ബത്രേൻ ക്യാനേ. ദ്ലാശുഹ്ലാപാ, വദ്ലാ ശുഗ്നായാ, ദ്ലാ പൂലാഗാ, വദ്ലാ പുറാശാ (F. Schulthess, Die syrischen Kanones der Synoden von Nicaea bis Chalcedon, Berlin, 1908, p. 156). അലക്സാന്ത്രിയായിലെ 'ഏകസ്വഭാവ' പാത്രിയർക്കീസ് തിമോത്തി എലൂരൂസ് (457-477) ഉപയോഗിച്ചിരിക്കുന്നത്: ലാ ബുൽബലാ, ഉലാശുഹ്ലാപാ, ഉലാപുറാശാ (PO 13. p. 230).

14. ''Hen Prosopon kai mian hypostasin'' (Bibliothek, p. 167); ലഹാദ് പർസോപാ വൽഹാദ് ക്നോമാ'' (സുറിയാനി).

14a. Begotten of the Father before the ages as touching the Godhead, the same in the last days for us and for our salvation, born from the Virgin Mary, the Theotokos, as touching the manhood, one and the same Christ, Son, Lord, Only - Begotten, to be acknowledged in two natures, without confusion, without change, without division, without separation; the distinction of the natures being in no way abolished because of the union, but rather the characteristic property of each nature being preserved, and concurring into one person and one subsistence (hypostasis), not as if Christ were parted or divided into two persons, but one and the same Son, and only begotten God, Word, Lord, Jesus Christ: even as the Prophets from the beginning spoke concerning him, and our Lord Jesus Christ instructed us and the Creed of the Fathers was handed down to us.



ഏററം ശ്രദ്ധയോടും കൃത്യമായും ഈ സംഗതികൾ ഇപ്രകാരം രൂപീകരിച്ചതിനുശേഷം ഈ വിശുദ്ധ സാർവത്രികസൂനഹദോസ് ഇപ്രകാരം പ്രഖ്യാപിക്കുന്നു: എഴുതിയോ, ക്രോഡീകരിച്ചോ, വിശ്വസിച്ചോ, മററുള്ളവരെ പഠിപ്പിച്ചോ, മറെറാരു വിശ്വാസപ്രമാണം ഉണ്ടാക്കുന്നതു് നിയമവിരുദ്ധമാണ്. പുറജാതികളിൽനിന്നോ, യഹൂദരിൽനിന്നോ ഏതെങ്കിലും പാഷണ്ഡതയിൽനിന്നോ സത്യം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർക്കു മറെറാരു വിശ്വാസപ്രമാണം നൽകുകയോ പഠിപ്പിക്കുകയോ, പ്രസിദ്ധീകരിക്കുകയോ, മറെറാരു തത്ത്വസംഹിത എഴുതി ഉണ്ടാക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നവർ – മെത്രാന്മാരോ, വൈദികരോ ആയാൽ – മെത്രാന്മാർ മെത്രാൻസ്ഥാനത്തുനിന്നും വൈദികർ വൈദികരുടെ ജോലിയിൽനിന്നും ഭ്രഷ്ടരാക്കപ്പെടട്ടെ; അവർ സന്യാസികളോ അൽമായരോ ആണെങ്കിൽ മുടക്കപ്പെടട്ടെ.''

കൽക്കദോൻ വിശ്വാസപ്രമാണത്തിന്റെ ഒരു സമഗ്രാപഗ്രഥനം ഉർബീനാ നടത്തിയിട്ടുണ്ട്.[15] ഈ വിശ്വാസപ്രമാണത്തിന്റെ അടിസ്ഥാനമായി നിലകൊണ്ട രേഖകൾ: (1) 430–ൽ സിറിൽ നെസ്തോറിയസിനയച്ച രണ്ടാംലേഖനവും (ലേഖനം 4)[16], 433–ലെ ഐക്യഫോർമുലയും[17]. (2) ലെയോ മാർപാപ്പാ ഫ്ളാവിയൻ പാത്രിയർക്കീസിനയച്ച ലേഖനം (തോമുസ്).[18] ഈ മൂന്നു രേഖകൾക്കു പുറമേ, എവുത്തീക്കിയസിനെതിരെ ഫ്ളാവിയൻ വിളിച്ചുകൂട്ടിയ സിനഡിന്റെ (448) നടപടികളും ഫ്ളാവിയന്റെ വിശ്വാസപ്രഖ്യാപനവും ഉൾപ്പെടുത്താവുന്നതാണ്. എങ്കിലും പ്രധാനമായി ആദ്യത്തെ മൂന്നെണ്ണത്തിലധിഷ്ഠിതമാണ് കാൽഡിയൻ വിശ്വാസനിർവചനം.

സത്യവിശ്വാസസംരക്ഷണത്തിനു നിഖ്യാ–കോൺസ്റ്റാൻറിനോപ്പിൾ വിശ്വാസപ്രമാണം തികച്ചും പര്യാപ്തമാണെന്നു കൗൺസിൽ പിതാക്കന്മാർ ഉറപ്പായി വിശ്വസിച്ചു. അലക്സാന്ത്രിയായിലെ വിശുദ്ധ സിറിലിന്റെ രണ്ടാം ലേഖനവും 'ലെത്തേന്തൂർ ചേളിയും' വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനമായി പിതാക്കന്മാർ അംഗീകരിച്ചു. സുദീർഘമായ ചർച്ചകൾക്കും വാദപ്രതിവാദ

15. O. de Urbina, *Das Symbol von Chalkedon*, in 'Chalkedon', I. p. 389-418.

16. PG. 77; J. Stevenson, *Creeds*, p.276-6.

17. ''Epistola Dogmatica''—''Laetentur Caeli'' (Ep. 39) J. Stevenson, *Creeds*. P. 290 - 3.

18. *Ibid.* 315—323.

www.malankaralibrary.com



ങ്ങൾക്കുംശേഷം വി.സിറിലിന്റെ ലേഖനങ്ങളോടൊപ്പം ലെയോയുടെ കത്തും വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനമായി അംഗീകരിക്കപ്പെട്ടു.

കോൺസ്റ്റാൻറിനോപ്പിളിൽവച്ചു 448-ൽ നടന്ന സ്ഥിരസിനഡിന്റെ ദൈവശാസ്ത്രവീഥിയിലൂടെയാണ് കൽക്കദോനിയായുടെ വിശ്വാസപ്രമാണം വികസിപ്പിച്ചെടുത്തത്. പ്രസ്തുത സിനഡിന്റെ 'ദ്വിസ്വഭാവവാദം' കൽക്കദോനിയ സ്വീകരിച്ചു. എങ്കിലും എഫേസോസ് സൂനഹദോസിന്റെ (431)ഐക്യത്തിലുള്ള ഊന്നലിനും വളരെ പ്രാധാന്യം കൊടുത്തു. നിർവചനത്തിന്റെ ആദ്യഭാഗം എഫേസോസിനെപ്പോലെ ഐക്യം ഊന്നിപ്പറയുന്നു; രണ്ടാം ഭാഗം ക്രിസ്തുവിലുള്ള ഇരുസ്വഭാവങ്ങളുടെ യാഥാർത്ഥ്യത്തെ വിവരിക്കുന്നു. 'തന്റെ മനുഷ്യത്വം സംബന്ധിച്ചു ക്രിസ്തു സത്തയിൽ നമ്മോടു തുല്യനാണ്' (ഹോമോഉസിയോസ് - സമസത്ത) എന്ന നിർവചനം ഊന്നിപ്പറഞ്ഞു. 'രണ്ടു സ്വഭാവങ്ങളിൽനിന്ന്'[19] എന്നതിനുപകരം 'രണ്ടു സ്വഭാവങ്ങളിൽ'[20] എന്നു പറയണമെന്നു പാശ്ചാത്യസഭയിലെ പ്രതിനിധികൾ നിർബന്ധിച്ചു. അതുപോലെ 'ഓരോ സ്വഭാവത്തിന്റെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നു' എന്ന ഭാഗവും അവരുടെ സംഭാവനയാണ്. 'രണ്ടു സ്വഭാവങ്ങളിൽ' എന്നതു 'ഐക്യപ്പെട്ട രണ്ടു സ്വഭാവം'. 'രണ്ടു സ്വഭാവങ്ങളിൽനിന്ന്' എന്നിവയിൽ നിന്നു വ്യത്യസ്തമാണ്.

കൽക്കദോനിയ നിർവചനം സിറിലിന്റെ ലേഖനങ്ങളുടെ ചുവടുപിടിച്ചുതന്നെയാണ് രൂപീകൃതമായിട്ടുള്ളത്. സിറിലിന്റെ പദപ്രയോഗങ്ങൾ സ്വീകരിക്കാതെ, സിറിൽ പഠിപ്പിച്ച തത്ത്വങ്ങൾ ന്യായീകരിച്ച് നിർവചനം തയ്യാറാക്കി എന്നുമാത്രം. അഞ്ചു ഫോർമുലകൾ സിറിലിൽനിന്ന് എടുത്തിട്ടുള്ളതാണ്; ലെയോയുടെ ലേഖനത്തിൽനിന്ന് രണ്ടേ രണ്ടു ഫോർമുലകളേ സ്വീകരിച്ചിട്ടുള്ളു. ലെയോയുടെ 'തോമുസ്'[21] തന്നെയും സിറിലിന്റെ ലേഖനങ്ങളുടെ അനുബന്ധം കണക്കെയാണ് അവതരിപ്പിക്കപ്പെട്ടത്. അലക്സാന്ത്രിയൻ പിതാക്കന്മാരോടു ലെയോ മാർപാപ്പാ തികച്ചും

19. "Ek duo physeon" (Greek); ,ex duabus naturis" (Latin) from two natures.
20. En duo physesin (Greek); "in duabus naturis" (Latin); in two natures.
21. Tomus (Tome) of Leo: It is the Ep. 28 sent by Pope Leo I to Flavian Patr. of Constantinople, on 13 June 449. It is also called Epistola Dogmatica. Basing himself on the teaching of the Fathers,esp. Tertullian and St.Augustine, St. Leo expounds with remarkable clarity precision and vigour the Christological doctrine of the Latin Church.



യോജിപ്പിലായിരുന്നു. എന്നാൽ 'അവതരിച്ച വചനമായ ദൈവത്തിന്റെ ഏകസ്വഭാവം'[22] എന്ന സിറില്ലിയൻ ഫോർമുലയെ ലെയോ വിമർശിച്ചു എന്നതു ശരിയാണ്.

ഇല്ലീറിയാ, പലസ്തീനാ എന്നിവിടങ്ങളിലെ മെത്രാന്മാർ ലെയോയുടെ ലേഖനത്തിലെ മൂന്നു ഭാഗങ്ങളെ എതിർത്തു: "ഒന്നുവഴി മരിക്കാൻ സാധിക്കുന്നു; മറ്റൊന്നുവഴി മരിക്കാൻ സാധിക്കയില്ല;" 'രണ്ടു രൂപ'ങ്ങൾ പ്രവർത്തിക്കുന്നു;' 'ഒരാൾ തന്നെയെങ്കിലും, ഒന്നിലൂടെ ബലഹീനത; മറ്റൊന്നിലൂടെ മഹത്ത്വം' — റോമൻ പ്രതിനിധികളുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അവർ പിന്നീട് ഈ ഭാഗങ്ങളും അംഗീകരിച്ചു.

അന്ത്യോക്യൻ പക്ഷക്കാർ ക്രിസ്തുവിന്റെ മനുഷ്യസ്വഭാവത്തിന്റെ യാഥാർത്ഥ്യത്തെ ഊന്നിപ്പറഞ്ഞു. 'ഇരുസ്വഭാവങ്ങളിൽ' എന്ന പ്രയോഗം കൗൺസിൽ അംഗീകരിച്ചു; ഓരോ സ്വഭാവവും പൂർണ്ണമാണ്; അതതിന്റെ സവിശേഷതകളും പ്രവർത്തനങ്ങളും ഐക്യത്തിൽ ഇല്ലാതാകുന്നില്ല. 'സ്വാഭാവികൈക്യം'[23] എന്ന പദം സ്വീകരിച്ചില്ല. ഹ്യൂപ്പോസ്റ്റസിസും പ്രോസപ്പോണും[24] ഒന്നാണെന്നും അതു ഫ്യൂസിസിൽനിന്നു (Physis-nature) വ്യത്യസ്തമാണെന്നും തീർപ്പു കല്പിച്ചു.

'ഒരു പ്രോസപ്പോൺ അഥവാ ഒരു ഹ്യൂപ്പോസ്റ്റസിസ്' എന്നതു ഫ്ളാവിയന്റെ വിശ്വാസപ്രമാണത്തിൽനിന്നാണ്. 'ഒരേ ഒരു'[25] ('അതേ') എന്നതും അദ്ദേഹത്തിന്റെ സംഭാവനയാണ്. 'ഹ്യൂപ്പോസ്റ്റാററിക് യൂണിയൻ'[26] എന്ന പദപ്രയോഗം സിറിലിനേററം പ്രിയംകരമായിരുന്നെങ്കിലും തള്ളപ്പെട്ടു.

എന്നാൽ 'ദൈവമാതാവ്' എന്ന പദപ്രയോഗം സ്വീകരിച്ചു. ഏകത്വം പ്രസ്പഷ്ടമാക്കാൻ അതു സഹായിച്ചു. ക്രിസ്തുവിലുള്ള ഐക്യം ഊന്നിപ്പറഞ്ഞത് അലക്സാന്ത്രിയക്കാരുടെയും എഫേസോസിന്റെയും സംഭാവനയാണ്.

451 ഒക്ടോബർ 22-ന് അഞ്ചാം യോഗത്തിൽ അവതരിപ്പിക്കപ്പെട്ട നിർവചനത്തിന്റെ ആദ്യഡ്രാഫ്ററിൽ ലെയോയുടെ ലേഖ

22. "Mia physis thou Theou Logou Sesarkomene".
23. Henosis physike' — natural' union.
24. 'Hypostasis' / 'Prosopon' (=Persona, person).
25. "the same"—ton auton—hu kad hu.
26. henosis kath' hypostasin (hypostatic union)

www.malankaralibrary.com



നത്തിൽനിന്നുള്ള ഭാഗങ്ങളില്ലായിരുന്നു; അതുപോലെ 'ഇരുസ്വഭാവങ്ങളിൽ' എന്നതിനു പകരം 'ഇരുസ്വഭാവങ്ങളിൽനിന്ന്' എന്നായിരുന്നു. ഐക്യത്തിനുശേഷം ഇരുസ്വഭാവങ്ങളും സ്ഥിതിചെയ്യുന്നു എന്ന കാര്യം 'ഇരുസ്വഭാവങ്ങളിൽനിന്ന്' എന്ന പദപ്രയോഗം പ്രസ്പഷ്ടമാക്കിയില്ല. എവുത്തീക്കൂസിന്റെ പാഷണ്ഡതയുടെ വെളിച്ചത്തിൽ അത് ഇരുസ്വഭാവങ്ങളുടെ നിഷേധമായും വ്യാഖ്യാനിക്കപ്പെടാവുന്നതാണ്.

## 2. എഫേസോസും കൽക്കദോനിയായും

നിഖ്യാസൂനഹദോസ് (325) ക്രിസ്തുവിനു ദൈവത്തോടുള്ള ബന്ധം വ്യക്തമാക്കി. അതായത്, പിതാവുമായി അവിടുന്നു സമസത്തയാണ്; അവിടുന്നു സൃഷ്ടിയല്ല. നിഖ്യായിൽ 'ഉസിയാ,' 'ഹ്യൂപ്പോസ്റ്റസിസ്' എന്നീ പദങ്ങൾ ഒരേ അർത്ഥത്തിലാണുപയോഗിച്ചത്. കോൺസ്റ്റാന്റിനോപ്പിളിൽ (381) ഉസിയായുടെ ഏകത്വവും, ഹ്യൂപ്പോസ്റ്റസിസിന്റെ വൈവിധ്യവും പ്രസ്പഷ്ടമാക്കി: ഹോമോഉസിയോസിന് 'ഉണ്മ' എന്നതിനുപകരം 'ഒരേ സ്വഭാവമുള്ളത്' എന്നയർത്ഥം ലഭിച്ചു. എഫേസോസിൽ (431)വച്ചു സിറിൽ ഹ്യൂപ്പോസ്റ്റസിസും പ്രോസപ്പോണും താദാത്മ്യപ്പെടുത്തി. 'ഇരുസ്വഭാവങ്ങളിൽനിന്ന്' എന്നേ സിറിൽ പ്രയോഗിച്ചുള്ളു; 'ഐക്യത്തിനുശേഷം ഇരുസ്വഭാവം' എന്നതു വ്യക്തമാക്കിയില്ല.

സിറിൽ 433ൽ ഐക്യഫോർമുല അംഗീകരിച്ചതുവഴി 431ലെ എഫേസോസിൽനിന്നു ഒരു പടി പുറകോട്ടു പോയതായി ചിലർ വ്യാഖ്യാനിച്ചു. സിറിലും പൗരസ്ത്യരും തമ്മിലുള്ള ഐക്യം പുനഃസ്ഥാപിക്കുന്നതിനു ഐക്യഫോർമുലയ്ക്കു സാധിച്ചെങ്കിലും, തെറ്റുധാരണമൂലം ഉണ്ടായ മുറിവിനെ പൂർണ്ണമായി കരിക്കാൻ അതിനു സാധിച്ചില്ല. 447 ൽ എവുത്തീക്കൂസിനും അനുഗാമികൾക്കും എതിരായി സൈറസിലെ തിയഡൊറെറ്റ് 'എരാനിസ്റ്റസ്' എന്ന കൃതി പ്രസിദ്ധീകരിച്ചു.[27] കോൺസ്റ്റാന്റിനോപ്പിളിലെ സ്ഥിരസിനഡിൽവച്ചു (448) ഡോറിലേയുമിലെ എവുസേബിയസ് എവുത്തീക്കൂസിൽ പാഷണ്ഡത ആരോപിച്ചു. സിറിലിന്റെ രണ്ടു ലേഖനങ്ങളുടെ വെളിച്ചത്തിൽ ആശ്രമശ്രേഷ്ഠനായ എവുത്തീക്കൂസ് വിധിക്കപ്പെട്ടു. തുടർന്നുള്ള ചരടുവലികൾ 449 ലെ എഫേസോസ് സിനഡിൽ ചെന്നെത്തി. അലക്സാന്ധ്രിയൻ പാപ്പായായ ദിയസ്കോറസ് അതിൽ ആധ്യക്ഷ്യം വഹിച്ചു. എവുത്തീക്കൂസിനെ പുനഃപ്രതിഷ്ഠിച്ചു. കോൺസ്റ്റാന്റിനോപ്പിളിലെ ഫ്ളാവിയൻ, അന്ത്യോക്യയിലെ ദോമ്നസ്, എഡേസ്സയിലെ ഈബാസ്, സൈറസിലെ

27. PG 83, 27—336.



തിയഡൊറെറ്റ് എന്നിവരെ സ്ഥാനഭ്രഷ്ടരാക്കി. ഈ സിനഡിന്റെ അക്രൈസ്തവ പ്രവർത്തനങ്ങളാൽ ലെയോ ഇതിനെ 'തസ്കരസംഘം' എന്നു വിളിച്ചു.[28] ഈ സിനഡ് ചെയ്തവയെല്ലാം 451ലെ കൽക്കദോനിയ സൂനഹദോസ് തിരുത്തിക്കുറിച്ചു.

ബൈസന്റൈൻ ചക്രവർത്തിമാർ സഭാകാര്യങ്ങളിൽ സജീവമായി ഇടപെട്ടു എന്നതു വാസ്തവമാണ്. എന്നാൽ രാഷ്ട്രീയസ്ഥിരതയും സാമ്രാജ്യസമാധാനവുമാണു പ്രധാനമായും അതിനവരെ പ്രേരിപ്പിച്ചത്. രാഷ്ട്രീയസമാധാനത്തിനു മതപരമായ ഐകരൂപ്യം അവശ്യാവശ്യമെന്ന് അവർ ധരിച്ചുവശായി. ഈജിപ്തിലും മറ്റിടങ്ങളിലുമുള്ള ജനങ്ങളുടെ പ്രാദേശികവികാരങ്ങൾ വേണ്ടവണ്ണം അവർ കണക്കിലെടുത്തില്ല. അതിന്റെ ഫലമായി അവരുടെ പ്രവർത്തനങ്ങളിൽ പലയിടത്തും പാളിച്ചകൾ സംഭവിച്ചു. അവർ ഉദ്ദേശിച്ച ഫലങ്ങൾ പുറപ്പെടുവിക്കാൻ സിനഡുകൾ അപര്യാപ്തങ്ങളായിരുന്നു. കൽക്കദോനിയായും ഒരു അപവാദമായിരുന്നില്ല എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്.

അതുപോലെ പൗരസ്ത്യരിൽ പലരും സിറിലിന്റെ ലേഖനങ്ങൾക്കു കൊടുത്തിരുന്ന വിലയെന്താണെന്നു റോമിലെ മെത്രാനു കൃത്യമായി അറിവുണ്ടായിരുന്നില്ല എന്നും പറയപ്പെടുന്നു.

സിനഡിൽ സംബന്ധിച്ച മെത്രാന്മാരിൽ ചിലർ കടുംപിടുത്തക്കാരായിരുന്നു. സിറിൽ കാണിച്ച വിട്ടുവീഴ്ചാമനോഭാവം (433) പലർക്കുമില്ലായിരുന്നു. ലെയോയുടെ ലേഖനം ഭേദഗതികളൊന്നും കൂടാതെ സ്വീകരിക്കണം എന്ന റോമൻ വാദവും പിൽക്കാലസംഘർഷത്തിനാക്കം കൂട്ടി.

## 3. ഐക്യസംരംഭങ്ങൾ

മാർസിയൻ ചക്രവർത്തി നിർബന്ധിച്ചതുകൊണ്ടു മാത്രമാണ് കൽക്കദോനിയായിൽ സംബന്ധിച്ച പിതാക്കന്മാർ ഒരു പുതിയ 'നിർവചന'ത്തിനു ഒരുമ്പെട്ടത്. പുതിയ ഒന്നു രൂപീകരിച്ചേ

28. Latrocinium (Robber Council). In 448 at the "Synodos endemousa" at Constantinople Eutyches was condemned. The Synod of Ephesus at 449 was summoned by Theodosius II to deal with the difficulties arising out of the condemnation of Eutyches. The name Latrocinium was derived from Leo's letter (Ep. 95) to the empress Pulcheria, where he described the synod as "non judicium sed latrocinium".

www.malankaralibrary.com



പററു എന്നു ഒക്ടോബർ 13 ലെ ചർച്ചാസമ്മേളനത്തിൽ തന്നെ രാജകീയ പ്രതിനിധി വ്യക്തമാക്കി. മെത്രാന്മാർ ശക്തിയായി എതിർത്തു. എഫേസോസ് സൂനഹദോസിൻെറ വിലക്കു് അവർ എടുത്തു കാട്ടി. അവസാനം ഗത്യന്തരമില്ലാതെ പുതിയൊരു ഫോർമൂല ഉണ്ടാക്കാൻ അവർ നിർബന്ധിതരായി.

തൻെറ മരണം വരെ (457) മാർസിയൻ കൽക്കദോനിയാ വിശ്വാസപ്രമാണം നടപ്പാക്കാൻ ശ്രമിച്ചു. മാർസിയൻെറ പിൻഗാമിയായ ലെയോ ചക്രവർത്തിയും നിർബന്ധപൂർവ്വം കൽക്കദോൻ നിർവചനം നടപ്പിലാക്കാൻ നടപടികളെടുത്തു. എന്നാൽ സിറിയ, പലസ്തീന, ഈജിപ്ത് എന്നിവിടങ്ങളിലെ ഏകസ്വഭാവവാദികൾ ഇക്കാലമെല്ലാം കൽക്കദോനിയായുടെ 'ഇരുസ്വഭാവക്രിസ്തുശാസ്ത്രത്തെ' എതിർത്തുകൊണ്ടിരുന്നു. ചിലയിടങ്ങളിൽ എതിർപ്പ് ആഭ്യന്തരകലാപത്തിൻെറ വക്കുവരെയും എത്തി. ബസിലിസ്കസിൻെറ നുഴഞ്ഞുകയററകാലത്തു് (476_7) ഏകസ്വഭാവവാദികളെല്ലാം തിരികെ വിളിക്കപ്പെട്ടു. തിമോത്തി, പീററർ എന്നീ ഏകസ്വഭാവപാത്രിയർക്കീസുമാർ തിരികെ വന്നു. ഒരു പൊതുചർച്ചാവേദി ഒരുക്കാൻ അദ്ദേഹം തത്രപ്പെട്ടു. 'എൻസിക്ളിയോൻ' എന്നറിയപ്പെടുന്നു അദ്ദേഹം പുറപ്പെടുവിച്ച രേഖ. അതിനു വളരെ ഭാഗികവും താൽക്കാലികവുമായ ഫലമേ ഉണ്ടായുള്ളു. തുടർന്നു സേനോ അധികാരം പിടിച്ചെടുക്കുകയും ബസിലിസ്കസ് നിഷ്കാസിതനാകുകയും ചെയ്തു. ക്രി. വ. 482 ൽ സേനോ 'ഹെനോട്ടിക്കോൻ' എന്ന രേഖ പുറപ്പെടുവിച്ചു. കോൺസ്റ്റാൻറിനോപ്പിളിലെ അകാചിയുസ് പാത്രിയർക്കീസാണു് ഇതു തയ്യാറാക്കിയതു്. കൽക്കദോനിയാ നിർവചനത്തെ പരോക്ഷമായി തള്ളിപ്പറയുന്ന ഒരു രേഖയായിരുന്നിതു്. ആദ്യസിനഡുകളിലെ വിശ്വാസപ്രമാണം മാത്രം സ്വീകരിച്ചാൽ മതി എന്ന നിലപാടാണു് അതിനുണ്ടായിരുന്നതു്. കൽക്കദോൻ വിരുദ്ധരെ തൃപ്തിപ്പെടുത്താൻ ഇതിനു സാധിക്കും എന്നു സേനോ കരുതി. കത്തോലിക്കരും ഏകസ്വഭാവവാദികളുമായ നിരവധി മെത്രാന്മാർ ഹെനോട്ടിക്കോൻ അംഗീകരിച്ചു.[29] എന്നാൽ റോമൻ മെത്രാൻ ഇതിനെ പാടെ നിരാകരിച്ചു. ഇതു് ഏകസ്വഭാവചായ്‌വുള്ള ഒരു രേഖയായിരുന്നതിനാൽ ഫേലിക്സ് മാർപാപ്പാ അകാചിയുസിനെയും ഹെനോട്ടിക്കോൻ അംഗീകരിച്ചവരെയും മുടക്കി, സഭാഭ്രഷ്ടരാക്കി. ഏതാണ്ടു് 35 വർഷത്തോളം 'അകാചിയൻശീശ്മ' നിലനിന്നു. ഈ കാലഘട്ടത്തിൽ കൽക്കദോൻ വിരുദ്ധശക്തികൾ വളരെ ശക്തി പ്രാപിച്ചു. അനസ്താസ്യൂസ് ചക്രവർത്തി (491_518) പരസ്യമായി

29. Cf. T. P. Neil, *History of the Catholic Church*, Milwaukee, 1965 ², p. 89ff.



തന്നെ കൽക്കദോൻ വിരുദ്ധ മനഃസ്ഥിതിക്കാരനായിരുന്നു. ജസ്റ്റിൻ ചക്രവർത്തി (518) അകാചിയൻശീശ്മ അവസാനിപ്പിക്കാൻ മുൻകൈ എടുത്തു. ജസ്റ്റീനിയൻ കൽക്കദോന്യരെയും കൽക്കദോൻ വിരുദ്ധരെയും തമ്മിൽ യോജിപ്പിക്കുന്നതിനു പല ചർച്ചകളും സംഘടിപ്പിച്ചു. എങ്കിലും അവ കാര്യമായ ഫലം പുറപ്പെടുവിച്ചില്ല. ജസ്ററീനിയൻെറ ഭാര്യ തെയഡോറാ ഏകസ്വഭാവവാദികളുടെ ഒരു തികഞ്ഞ സംരക്ഷകയായിരുന്നു. കൊട്ടാരത്തിൽ തന്നെ അവരെ പാർപ്പിക്കുന്നതിനുപോലും അവർ മുൻകൈ എടുത്തു. ഹെരാക്ലിയസിൻെറ 'എക്തെസിസ്' (638_9) ക്രിസ്തുവിൽ ഒരു ഇച്ഛാശക്തി മാത്രമേ ഉള്ളു എന്നു പഠിപ്പിച്ചു. കോൺസ്റ്റൻസ് രണ്ടാമൻ ചക്രവർത്തിയുടെ 'തിപ്പോസ്' (648) എന്ന രേഖയും ഏകമാനസവാദം പ്രചരിപ്പിക്കുന്നതായിരുന്നു. അങ്ങനെ നോക്കുമ്പോൾ പല ബൈസൈൻറൻ ചക്രവർത്തിമാരും കൽക്കദോനിയാ സൂനഹദോസിനെ വിമർശിക്കുകയും പ്രാധാന്യം കുറച്ചു കാണിക്കയും, തള്ളിപ്പറയുകയും, വിരുദ്ധമനോഭാവം പുലർത്തുകയും ചെയ്തവരാണ്. ചക്രവർത്തിമാരുടെ ഫോർമൂലകൾ പലതും പക്ഷപാതപൂർണ്ണവും രാഷ്ട്രീയ പ്രേരിതവുമായിരുന്നു; ഒത്തുതീർപ്പിനുവേണ്ടിയുള്ള ദ്വയാർത്ഥ പ്രയോഗങ്ങളായിരുന്നു പലതും. വിശ്വാസത്തിലും, സഹോദരസ്നേഹത്തിലും, ഉറച്ച ബോദ്ധ്യത്തിലും അധിഷ്ഠിതമായ ഐക്യത്തിനു പകരമായി ഈ ഒത്തുതീർപ്പുകളൊന്നും സഹായകമായില്ല. ചക്രവർത്തിമാരുടെ പ്രവർത്തനം പലപ്പോഴും കൽക്കദോൻ നിർവചനത്തെ തെററിദ്ധരിക്കാൻ പ്രേരകമായിരുന്നു. അവസാനം, ആറാമത്തെ സാർവത്രിക സൂനഹദോസ് (680 / 1) കൽക്കദോനിയാ നിർവചനത്തിലേക്കു തിരിച്ചു വന്നു; 'രണ്ടു സ്വഭാവങ്ങൾ, രണ്ടു പ്രവർത്തനശക്തികൾ, രണ്ടു് ഇച്ഛാശക്തികൾ എന്നിവയുള്ള ഏക കർത്താവു്' എന്ന നിർവചനം സ്വീകരിക്കപ്പെട്ടു.

## 4. കൽക്കദോൻ വിരോധം

അന്ത്യോക്യയിലെ സെവേറൂസ്, തിമോത്തി എലൂരുസ്, ജോൺ ഫിലൊപ്പോണുസ് ആദിയായവർ അറിയപ്പെട്ട കൽക്കദോൻ വിരോധികളായിരുന്നു. 'രണ്ടു സ്വഭാവങ്ങളിൽ' എന്നതിനു പകരം 'രണ്ടു സ്വഭാവങ്ങളിൽനിന്നു്' എന്ന പ്രയോഗമാണു് സെവേറൂസ് ഇഷ്ടപ്പെട്ടതു്. സത്താപരമായ ഗുണങ്ങൾ എന്ന അർത്ഥത്തിൽ സ്വഭാവങ്ങളുടെ ബഹുത്വം അടിസ്ഥാനപരമായി അദ്ദേഹം അംഗീകരിച്ചിരുന്നു.[30]

30. J. Coman, "The Doctrinal Definition of the Council of Chalcedon and its Reception in the Orthodox Church of the East", in *ER* 22, 4(1970), p. 373.

www.malankaralibrary.com



വി. സിറിലിനെയും അലക്സാണ്ഡ്രിയൻ പാരമ്പര്യത്തെയും കൽക്കദോനിയ ഒററിക്കൊടുത്തു എന്നു പൗരസ്ത്യരിൽ നല്ലൊരു പങ്കു കരുതി. സഭയിൽ നിന്നു വേർപെട്ടു പോകുന്നതിനുപോലും അവർ മടി കാട്ടിയില്ല. എന്നാൽ ഈ കൽക്കദോൻ വിരുദ്ധരുടെ ആരോപണങ്ങൾ ശരിയല്ല. കാരണം ക്രിസ്തു ഏകനാണ് എന്ന യാഥാർത്ഥ്യത്തിലേക്കു വിരൽ ചൂണ്ടിയതും, വചനമായ ദൈവത്തിന്റെ ആളത്വം തന്നെയാണു ദൈവമനുഷ്യനായ ക്രിസ്തുവിന്റെ ആളത്വം എന്നു പഠിപ്പിച്ചതും വി. സിറിലാണ്. കൂടാതെ വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനമായി സിറിലിന്റെ ലേഖനങ്ങൾ സ്വീകരിക്കപ്പെടുകയും ചെയ്തു. സിറിലിന്റെ ലേഖനങ്ങളും ലെയോയുടെ ലേഖനങ്ങളും തമ്മിലുള്ള അന്തരം പൊക്കിപ്പിടിക്കുന്നതു തികച്ചും അതിശയോക്തിപരമാണ്. ഏകനായ ക്രിസ്തുവിനെ 'വിഭജിക്കാതെ' തന്നെ ദ്വിസ്വഭാവങ്ങളെപ്പററി സംസാരിക്കാൻ കഴിയും എന്നു സിറിൽ തന്നെ സമ്മതിച്ചിട്ടുള്ളതാണ്.[31] സിറിൽ 'ഏകസ്വഭാവം' എന്നു പറഞ്ഞതു 'ഇരുസ്വഭാവങ്ങൾക്ക്' എതിരായതിനാലല്ല, പിന്നെയോ, 'ഏകസ്വഭാവം'[32] എന്നു വി. അത്തനേഷ്യസ് 'ഉപയോഗിച്ചതിനാലത്രേ'.[33] നെസ്തോറിയനിസത്തിനെതിരെയുള്ള ഒരുത്തമ പ്രയോഗമായി ഇതിനെ സിറിൽ കണ്ടു. സിറിൽ 'ഇരുസ്വഭാവ' വിരോധിയേ അല്ലായിരുന്നു. കൽക്കദോനിയ നെസ്തോറിയനിസത്തെ ശപിച്ചു തള്ളുകയാണുണ്ടായതു്; തന്റെ പേരിൽ ചില പൗരസ്ത്യർ മർക്കടമുഷ്ടി പിടിക്കുന്നതു സിറിൽ ജീവിച്ചിരുന്നെങ്കിൽ വേദനാപൂർവ്വമേ വീക്ഷിക്കുമായിരുന്നുള്ളു. അലക്സാണ്ഡ്രിയൻ പാരമ്പര്യത്തിലെ അടിസ്ഥാന തത്ത്വങ്ങൾ അംഗീകരിച്ചുറപ്പിച്ചതിനു ശേഷമാണ് അന്ത്യോക്യൻ നിലപാടു് ഉറപ്പിച്ചതു്. അതിൽ പൗരസ്ത്യർ കുണ്ഠിതപ്പെടേണ്ട കാര്യമേ ഇല്ലായിരുന്നു. എന്നാൽ മറിച്ചാണു സംഭവിച്ചതു്.

താഴെ പറയുന്ന കാരണങ്ങളാലാണ് കുറേ പൗരസ്ത്യർ കൽക്കദോൻ നിർവചനത്തെ എതിർത്തതു്: 'നെസ്തോറിയൻ' എന്നു കൽക്കദോൻ വിരോധികൾ കരുതിയ ലെയോയുടെ ലേഖനത്തെ (തോമുസ്) കൽക്കദോൻ അംഗീകരിച്ചു. 'യോജിപ്പിനുശേഷം ഇരുസ്വഭാവങ്ങൾ' എന്ന പദപ്രയോഗം കൗൺസിൽ സ്വീകരിച്ചു. 'അവതരിച്ച വചനമായ ദൈവത്തിന്റെ ഏകസ്വഭാവം' എന്ന പ്രയോഗം ഉൾപ്പെടുത്തിയില്ല; 'സ്വാഭാവികൈക്യം, ഹ്യപ്പോസ്റ്റാ

31. St. Cyril, Ep. 40.
32. "Mia Physis".
33. ആദ്യമായി ഇതുപയോഗിച്ചത് ലവഡിഷ്യയിലെ അപ്പൊള്ളിനാരിയസാണ്. ഇതു് വി. അത്തനാസ്യോസിൽ നിന്നു് വരുന്നു എന്നു് കരുതി വി. സിറിൽ ഇതു് സ്വീകരിച്ചു.



ററികൈക്യം' എന്നിവ നിർവചനത്തിൽ വേണ്ടെന്നു വച്ചു. 'ഇരുസ്വഭാവങ്ങളിൽ നിന്നു്', 'രണ്ടിൽ നിന്നു് ഏക ക്രിസ്തു' എന്നീ പ്രയോഗങ്ങൾക്കുപകരം 'രണ്ടു സ്വഭാവങ്ങളിൽ' എന്നു് സ്വീകരിച്ചു. സിറിലിന്റെ പന്ത്രണ്ടു ശാപങ്ങൾ വേണ്ട വിധം ഉപയോഗിച്ചില്ല. മൊപ്സുവെസ്ത്യായിലെ തിയഡോറിന്റെ ക്രിസ്തുശാസ്ത്രത്തെ ശപിക്കാതിരുന്നു; സിറിലിന്റെ എതിർചേരിയിൽ നിന്ന സൈറസിലെ തിയഡൊറെററിനെയും എഡേസ്സയിലെ ഈബാസിനെയും സിനഡ് പുനഃപ്രതിഷ്ഠിച്ചു. (നിർവചനത്തിലെ ചില പ്രയോഗങ്ങൾ തിയഡൊറെററിന്റേതാണ്). കൂടാതെ ഈ സിനഡ് അലക്സാണ്ഡ്രിയൻ പാത്രിയർക്കീസ് ദിയസ്കോറോസിനെ തരം താഴ്ത്തി, ശപിച്ചു. ഇവയെല്ലാം പുറമേ പുതിയൊരു വിശ്വാസ സംഹിത ഉണ്ടാക്കുക എന്നതുതന്നെ എഫേസൂസ് തീരുമാനങ്ങൾക്ക് എതിരായിരുന്നു. കാൽസിഡോൺ വിരുദ്ധ സമൂഹങ്ങൾ – സിറിയൻ, കോപ്റ്റ്, എത്യോപ്യൻ, അർമേനിയൻ — മേൽപ്പറഞ്ഞ കാരണങ്ങളാൽ എതിർ മനഃസ്ഥിതി വളർത്തിക്കൊണ്ടിരുന്നു.[34]

## 5. മറുപടി

നിഖ്യാ (325), കോൺസ്റ്റാന്റിനോപ്പിൾ (281), എഫേസൂസ് (431) എന്നീ സിനഡുകളോടൊപ്പം കൽക്കദോനിയ (451) ഒരു വശത്തും, രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ (553), മൂന്നാം കോൺസ്റ്റാന്റിനോപ്പിൾ (680), രണ്ടാം നിഖ്യാ (787) എന്നീ സിനഡുകൾ മറുവശത്തും ആയി ഒരേ പാരമ്പര്യത്തിൽ തന്നെയാണെന്നു നിഷ്പക്ഷമായ ഏതൊരു പഠനവും തെളിയിക്കും. ആദ്യത്തെ ഏഴു സാർവ്വത്രിക സൂനഹദോസുകൾ തമ്മിൽ ആന്തരികമായ ഒരു ഒരുമിപ്പുള്ളതിനാൽ ഒന്നു മറെറാന്നിൽനിന്നു വേർതിരിച്ചെടുക്കുക ശരിയല്ല. കൽക്കദോനിയയെ, നിഖ്യാ, കോൺസ്റ്റാന്റിനോപ്പിൾ എഫേസൂസ് സിനഡുകളുടെ വ്യാഖ്യാനമായി കാണണം.[35] വെളിപ്പെടുത്തപ്പെട്ട സത്യങ്ങളായി നിഖ്യായിലും കോൺസ്റ്റാന്റിനോപ്പിളിലും സഭ സ്വീകരിച്ചിരിക്കുന്നവ പുതിയനിയമത്തിലധിഷ്ഠിതമാണ്. പിന്നെയുണ്ടായ സാർവ്വത്രിക സൂനഹദോസുകളിൽ (3–7) ഈ വിശ്വാസസത്യങ്ങൾക്ക് അണുവിട മാററം വരുത്തി

34. J. S. Romanides, "St. Cyril's 'One Physis or Hypostasis of God the Logos Incarnate' and Chalcedon", In *GOTR*, 10, 2 (1964 -5), p. 82.
35. G. Konidaris, "The Inner Continuity and coherence of Trinitarian and Christological Dogma in the Seven Ecumenical Councils," in *GOTR* 13,2(1968), p.265-6

www.malankaralibrary.com



യില്ല. കൽക്കദോനിയ വിശ്വാസനിർവചനത്തെ തെററിദ്ധരിക്കാൻ കാരണമായതു പ്രധാനമായും ബൈസൈൻറൻ ചക്രവർത്തിമാരുടെ രാഷ്ട്രീയനയമാണ്.

ഒരു റൂമേനിയൻ ദൈവശാസ്ത്രജ്ഞനായ ജെ. കോമാൻ ഒരിക്കൽ ഒരൈക്യഫോർമുലയ്ക്കു രൂപം കൊടുക്കുകയുണ്ടായി:[36] 'ഒരേ ഒരു പുത്രനെ ഞങ്ങൾ ഏററുപറയുന്നു: അവൻ ഇരുസ്വഭാവങ്ങളിൽനിന്നും ഇരുസ്വഭാവങ്ങളിലും അറിയപ്പെടുന്ന ഏകജാതനാണ്: അതായത് കലർപ്പില്ലാതെ, മാററമില്ലാതെ, വിഭജനമില്ലാതെ രണ്ടു സത്തകളിൽനിന്നും രണ്ടു സത്തകളിലും; ഐക്യമൂലം സ്വഭാവങ്ങളുടെയോ, സത്തകളുടെയോ വ്യത്യാസങ്ങൾക്കു കോട്ടം സംഭവിക്കുന്നില്ല: പിന്നെയോ, സ്വഭാവങ്ങളുടെയും സത്തകളുടെയും പ്രത്യേകതകൾ പരിപാലിച്ചുകൊണ്ട് ഒരാളായിരിക്കുന്നു; അവതരിച്ച ദൈവവചനത്തിന്റെ ഏകസ്വഭാവം.' ഇതുപോലൊരു ഫോർമുല വഴി കൽക്കദോന്യരും കൽക്കദോൻ വിരുദ്ധരും തമ്മിലുള്ള എതിപ്പ് അവസാനിപ്പിക്കാൻ കഴിയുമെന്നാണ് അദ്ദേഹം കരുതുന്നത്.

രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷമുള്ള ഈ കാലഘട്ടത്തിൽ ബൈസൈൻറൻ, അർമേനിയൻ, കോപ്റ്റിക്, എത്യോപ്യൻ, സിറിയൻ, റോമൻ സഭകൾ കൽക്കദോനിയ വിശ്വാസപ്രമാണത്തെ തുറന്ന മനസ്സോടെ വിശകലനം ചെയ്യാൻ സന്നദ്ധത കാണിക്കുന്നു എന്നതു സന്തോഷകരമായ കാര്യമാണ്. സുവിശേഷത്തിനു സജീവസാക്ഷ്യം വഹിക്കുക ഗൗരവമായ കടമയായി ഈ സഭകളെല്ലാം കരുതുന്നു. സഭൈക്യചച്ചകൾ വഴി കൂടുതൽ അറിയുന്നതിനും അടുക്കുന്നതിനും ആശങ്കകൾ നീക്കുന്നതിനും ഫോർമുലകൾക്കപ്പുറത്തുള്ള അഗാധമായ സത്യം കണ്ടെത്തുന്നതിനും ഇന്നു സഭകൾക്കു കഴിഞ്ഞിട്ടുണ്ട്; തങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന കൂടുതൽ കൂടുതൽ ഘടകങ്ങൾ അവർ കണ്ടുപിടിച്ചുകൊണ്ടിരിക്കുകയാണ്. ഈ വിവിധ വിഭാഗക്കാരുടെ പൊതു പിതാവായ സിറിലിൽനിന്ന് ആരംഭിക്കാൻ അവരെല്ലാം സന്നദ്ധരുമാണ്. മററു സഭകളിലെ പിതാക്കന്മാരോടുള്ള അന്ധമായ എതിർപ്പ് അവസാനിപ്പിക്കാനും ഇന്നു സഭകൾ തയ്യാറാണ്. അത്തരത്തിൽപ്പെട്ട പിതാക്കന്മാരാണ് അന്ത്യോക്യയിലെ സെവേരൂസ്, മാബുഗിലെ ഫീലൊക്സേന്യസ്, അലക്സാണ്ഡ്രിയായിലെ ദിയസ്കോറോസ് മാർപാപ്പാ, റോമിലെ വിശുദ്ധ ലെയോ മാർപാപ്പാ എന്നിവർ. ഈ പിതാക്കന്മാർക്കെതിരെ സഭകൾ പുറപ്പെടുവിച്ചിട്ടുള്ള ശാപങ്ങൾ പിൻവലിക്കാൻ അനൗദ്യോഗിക തലത്തിൽ മുകളിൽ പറഞ്ഞ സഭകൾ സന്നദ്ധത പ്രകടിപ്പിച്ചിരിക്കയാണ്. കൽക്ക-

36. J. Coman, *art. cit.* p. 377.



ദോനിയാ സൂനഹദോസിനെ ശക്തിയായി എതിത്തു എന്നതൊഴിച്ചാൽ സെവേരൂസ് തികച്ചും ഓത്തഡോക്സ് വിശ്വാസിയായിരുന്നു. ദിയസ്കോറസിനെതിരെയുള്ള ശാപങ്ങൾ പുനഃപരിശോധന ചെയ്യാൻ കൗൺസിൽ നടപടികൾ നമ്മെ നിർബന്ധിക്കുന്നു. റോമിലെ ലെയോമാർപാപ്പായുടെ മേൽ വർഷിച്ചിരുന്ന ശാപവചസ്സുകൾ മാററാൻ കൽക്കദോൻവിരുദ്ധർ ഇപ്പോൾ തയ്യാറാണ്. യാക്കോബായക്കാർ ലെയോയെ ഒരു പാഷണ്ഡിയായും ലെയോയുടെ കത്തിനെ നെസ്തോറിയനായും ആണു പരിഗണിച്ചിരുന്നതു്. സിറിലിന്റെ വീക്ഷണങ്ങളിൽനിന്ന് ലെയോ പിൻമാറി എന്നായിരുന്നു അവരുടെ ആരോപണം. എന്നാലിന്ന് ആ രീതി മാറി. ലെയോയുടെ കത്ത് അതിന്റെ സമ്പൂർണ്ണപശ്ചാത്തലത്തിൽ സ്വീകരിക്കുന്നതിന് അപാകതയില്ല എന്നുവരെ അവർ പറഞ്ഞുവച്ചു.

ലെയോ പൗരസ്ത്യപ്രശ്നങ്ങൾ മുഴുവൻ പൂർണ്ണമായി ഗ്രഹിച്ചിരുന്നില്ല എന്നതു വാസ്തവമാണ്. കൽക്കദോൻ വിരുദ്ധർക്കു ലെയോയുടെ കത്തു തെററിദ്ധരിച്ചു വ്യാഖ്യാനിക്കാൻ ധാരാളം പഴുതുകളുണ്ടായിരുന്നു.

## 6 മൂന്നു സംഗ്രഥനങ്ങൾ

കൽക്കദോൻ വിരുദ്ധചേരിയിൽ സെവേരൂസിന്റെ സംഗ്രഥനമാണ് ഏററം പ്രധാനം.[37] ഒരു 'സംയുക്തസ്വഭാവം' അഥവാ 'സംയുക്ത ഹ്യൂപ്പോസ്റ്റസിസ്''നെപ്പററി സെവേരൂസ് സംസാരിക്കുന്നു. ഫ്യൂസിസും ഹ്യൂപ്പോസ്റ്റസിസും ഒരേ അർത്ഥത്തിലാണു സെവേരൂസിന്. മാംസത്തെ സംബന്ധിച്ചു ചിന്തിക്കുമ്പോൾ ക്രിസ്തു സംയുക്തനാണ്. ക്രിസ്തുവിനു സംയുക്തസ്വഭാവമാണ്. സെവേരൂസ് ഒരു 'മോണോ ഫിസൈററ്' പാഷണ്ഡിയല്ല; സിറിലിന്റെ ചിന്താനുസൃതമുള്ള 'മിയാ ഫ്യൂസൈററ്' ആണ് അദ്ദേഹം. 'മിയാ ഫ്യൂസിസ് തു തെവു ലോഗു സെസർക്കോമെനെ'. 'അവതരിച്ച വചനമായ ദൈവത്തിന്റെ ഏകസ്വഭാവം.' 'ഏകസ്വഭാവം' സംയുക്തമാണ്; അതു് 'ഇരുസ്വഭാവങ്ങളിൽനിന്നാണ്.' സെവേരൂസ് ഈ പദപ്രയോഗത്തിനുവേണ്ടി നിലകൊണ്ടു; ഇതു പ്രചരിപ്പിച്ചു; കേരളത്തിലെ പുത്തൻകൂററിലെ ചില വിഭാഗങ്ങളുൾപ്പെടെ പലരും സെവേരൂസിന്റെ ഈ ചിന്താധാര സ്വായത്തമാക്കിയിട്ടുണ്ട്.

37. Cf. V. C. Samuel, *op. cit.* p. 192-200; Further Studies in the Christology of Severus of Antioch, in *Papers*, p. 67-98; N. A. Zabolotzky, The Christology of Severus of Antioch, in *Papers*, p.154-183; R C. Chesnut, *Three Monophysite Christologies*, Oxford 1976, p.1-56.

www.malankaralibrary.com



ബൈസന്റൈൻ ലോകത്ത് വി. ജോൺ ഡമീഷൻ (+749) ഒരു സംഗ്രഥനം നൽകി.[38] ബൈസാൻസിയത്തിലെ ലെയോൺസ്യൂസ്, ഒരു യോഹന്നാൻ തുടങ്ങിയവർ കൽക്കദോനിയായുടെ നിർവചനത്തെ ശക്തിപൂർവം പിൻതാങ്ങിയവരാണ്; അവർ സെവേറൂസിന്റെ പിൻഗാമികളെ നിരന്തരം എതിർത്തുകൊണ്ടിരുന്നു. മാക്സിമൂസും[39] ഡമഷീനും ഈ പാരമ്പര്യം തുടരുകയും അതിനെ പൂർണ്ണമാക്കുകയും ചെയ്തു. കൽക്കദോനിയായ്ക്കുശേഷമുള്ള ബൈസന്റൈൻ ദൈവശാസ്ത്രജ്ഞന്മാരുടെ മുദ്രാവാക്യം 'സംയുക്തഹൂപ്പോസ്റ്റസിസ്' എന്നായിരുന്നു. ഒരു നെയോ-കൽക്കദോന്യൻ ക്രിസ്തുശാസ്ത്രംതന്നെ ഇക്കൂട്ടർ രൂപീകരിച്ചെടുത്തു. ജസ്റ്റീനിയൻ ഈ തലത്തിൽ കുറേയൊക്കെ പ്രവർത്തിച്ചെങ്കിലും അവ രാഷ്ട്രീയപ്രേരിതമായിരുന്നതിനാൽ പരാജയപ്പെട്ടു. മറിച്ച് പേർഷ്യൻ ക്രിസ്തുമതവും ബൈസന്റൈൻ ക്രിസ്തുമതവും തമ്മിലുള്ള അകൽച്ച വർദ്ധിപ്പിക്കാൻ അവ പര്യാപ്തമായി എന്നുമാത്രം. എന്നാൽ ഡമഷീന്റെ സംഗ്രഥനം ഒരു വലിയ വിജയം തന്നെയായിരുന്നു.

പേർഷ്യൻസഭയിൽ ഇപ്രകാരമൊന്ന് സാധിച്ചത് മാർ ബാബായ് റമ്പായാണ് (553-628).[40] പേർഷ്യയിലെ 'നെസ്തോറിയർ' കൽക്കദോനിയാ സൂനഹദോസിൽ സംബന്ധിച്ചതേയില്ല. എന്നാൽ ക്രിസ്തുഭാഷ്യം സംബന്ധിച്ച് അവർ കൽക്കദോന്റെ പാത പിൻതുടരുന്നവരാണെന്നു പറയാം. കൽക്കദോന്റെ വിജയത്തിൽ നെസ്തോറിയസ് തന്നെയും വളരെ സന്തുഷ്ടനായിരുന്നു. ക്രിസ്തുവിലുള്ള ഇരുസ്വഭാവങ്ങളുടെ യാഥാർത്ഥ്യം, ഏക ക്രിസ്തുവിൽ കലർപ്പുകൂടാതെ ഇരുസ്വഭാവങ്ങളും സ്ഥിതിചെയ്യുന്നു എന്ന പ്രബോധനം, വചനമായ ദൈവത്തിന്റെ ആളത്വമാണു ദൈവമനുഷ്യന്റെ ആളത്വം, ക്രിസ്തുവിനു് ഒരേ ഒരു വ്യക്തിത്വമേയുള്ളു എന്നിത്യാദി പേർഷ്യക്കാരുടെ പഠിപ്പിക്കൽ തന്നെയാണ്.

സെവേറൂസിന്റെയും പിൻഗാമികളുടെയും 'ഏക സ്വഭാവവും'[41] ബൈസന്റൈൻ നെയോ-കൽക്കദോന്യരുടെ സംയുക്ത

38. J. S. Romanides, The Christological Teachings of St. John of Damascus, in *Papers* p. 29 — 66; N. Chitescu, 'The Christology of St. John of Damascus' in *Papers*, p. 99-153; J. Meyendorff, *Christ in Eastern Christian Thought*, N. Y., 1975, p. 153—172.
39. Maximus the Confessor (+662).
40. G. Chediath, *The Christology of Mar Babai the Great*, Kottayam 1982.
41. Mia physis



ഹൂപ്പോസ്റ്റസിസും[42] പേർഷ്യാക്കാരുടെ 'രണ്ടു ക്യാനാ, രണ്ടു ക്നോമ, ഒരു പർസോപ്പാ' എന്നതും എല്ലാം അടിസ്ഥാനപരമായി സ്വഭാവങ്ങളുടെ ദ്വിത്വവും ആളത്വത്തിന്റെ ഏകത്വവും അംഗീകരിക്കുന്നു. പരസ്പരമാപകമായ ക്രിസ്തുശാസ്ത്രം[42a] ഇവരാരുംതന്നെ അംഗീകരിക്കുന്നില്ല. കൽക്കദോനിയൻ നിർവചനവും അപ്രകാരമായിരുന്നില്ല. രക്ഷ ദൈവവേലയാണെന്നും അതിനാരംഭംകുറിക്കുന്നതു ദൈവമാണെന്നും കൽക്കദോനിയ സ്പഷ്ടമായി പഠിപ്പിച്ചു; മാനുഷികവശത്തിനു് അതിന്റേതായ പ്രാധാന്യം ഉണ്ടെങ്കിലും വചനമായ ദൈവത്തോടു് അതിനെ തുലനം ചെയ്യാൻ പാടില്ല. മേൽപ്പറഞ്ഞ വിഭാഗക്കാരെല്ലാം ഇതു് അംഗീകരിച്ചിരുന്നു. ചിലർ ഏകത്വത്തെ ഊന്നിപ്പറഞ്ഞപ്പോൾ മറ്റു ചിലർ സ്വഭാവങ്ങളുടെ ദ്വൈതത്തെ ഉയർത്തിക്കാട്ടി. അലക്സാണ്ഡ്രിയൻ, അന്ത്യോക്യൻ ചിന്താരീതികളിൽനിന്നു് അവർക്കു ലഭിച്ച ദൈവശാസ്ത്രപൈതൃകമാണു് ഈ വ്യത്യാസങ്ങൾക്കു കാരണം. ചില ദൈവശാസ്ത്രപദങ്ങളോടുള്ള എതിർപ്പു് അടിസ്ഥാനതത്ത്വങ്ങൾ മുഴുവനോടുമുള്ള എതിർപ്പായി കരുതാൻ പാടില്ല.

ഈ പദപ്രയോഗങ്ങളാണ് സഭകളെ തമ്മിൽ വേർതിരിക്കുന്ന മതിലുകളെങ്കിൽ, ആധുനിക മനുഷ്യന്റെ തത്ത്വശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ പശ്ചാത്തലങ്ങൾക്കനുസൃതമായി പുതിയ സാങ്കേതിക സംജ്ഞകൾ തീർച്ചയായും കണ്ടുപിടിക്കണം. പദങ്ങൾക്കു് മനുഷ്യരെ തമ്മിൽ യോജിപ്പിക്കാൻ കഴിയില്ല. ഉപവിക്കും ക്ഷമയ്ക്കും ദൈവസ്നേഹത്തിനും മാത്രമേ ക്രൈസ്തവലോകത്തിലെ കലഹിച്ചുകൊണ്ടിരിക്കുന്ന വിഭാഗക്കാരെ ഒന്നിച്ചുകൊണ്ടുവരുവാൻ കഴിയൂ.

ഒരു ക്രിസ്തുശാസ്ത്രത്തെ മറ്റൊന്നുമായി താരതമ്യപ്പെടുത്തി ഗുണാഗുണങ്ങൾ നിർണയിക്കുന്നതു് ഐക്യത്തിനും, ഏകീകരണത്തിനും പ്രതിവിധിയല്ല. മനസ്സുകൾ തമ്മിലുള്ള ഐക്യവും യോജിപ്പും, ദൈവാനുഗ്രഹത്തോടൊത്തു് പ്രവർത്തിക്കുവാനുള്ള സന്മനസ്സുമാണ് അത്യന്താപേക്ഷിതം. ആത്യന്തികാപഗ്രഥനത്തിൽ, നമ്മെ പരസ്പരം അകറ്റുന്നതു് കൽക്കദോനിയാ സൂനഹദോസല്ല, നമ്മുടെ അക്രൈസ്തവ നിലപാടുകളാണെന്നു് നിഷ്പ്രയാസം മനസ്സിലാക്കാം. അവയെ ന്യായീകരിക്കാൻ കൽക്കദോനിയായുടെ മറപിടിക്കുന്നു എന്നതാണ് വാസ്തവം!

ആരാധനക്രമത്തിലുപയോഗിക്കുന്ന നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിന്റെ അതുല്യസ്ഥാനം മിക്കവാറും

42. Hypostasis Synthetos
42a. Symmetrical Christology

www.malankaralibrary.com



സഭകൾ അംഗീകരിക്കുന്നു. ഈ വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനമായി കൽക്കദോനിയാ നിർവചനത്തെ കാണുന്നതിൽ അവർക്ക് ബുദ്ധിമുട്ടില്ല. അതായത് നിഖ്യാവിശ്വാസപ്രമാണവും കൽക്കദോനിയാ നിർവചനവും ഒരേ തട്ടിൽ അല്ല സഭകൾ ഇന്ന് കാണുക. അതായത് ഓരോന്നിന്റെയും പ്രഗ്രഹമൂല്യം വേർതിരിച്ചു കാണുന്നു. ഐക്യം പുനഃസ്ഥാപിക്കുന്നതിന് പൂർവാവശ്യക വ്യവസ്ഥയായി ഏതെങ്കിലുമൊരു ഫോർമുല അടിച്ചേൽപിക്കാൻ സഭകൾ മുതിരുന്നില്ല.[43] 1971 ൽ ജനീവയിൽ വച്ച് താഴെപ്പറയുന്ന കാര്യം യാക്കോബായക്കാരും ഗ്രീക്കുകാരും അംഗീകരിച്ചു: 'നമ്മുടെ ഇരു സഭകളും തമ്മിൽ പതിനഞ്ച് നൂററാണ്ടുകളുടെ അകൽച്ച ഉണ്ടെങ്കിലും, ക്രിസ്തുഭാഷ്യം സംബന്ധിച്ച അടിസ്ഥാന തത്ത്വങ്ങളിൽ സത്താപരമായി ഏക അവിഭാജ്യസഭയുടെ സാർവത്രിക പാരമ്പര്യത്തോട് പൂർണമായും അഗാധമായും നമ്മൾ യോജിക്കുന്നു. വി. സിറിലിന്റെ പ്രബോധനങ്ങളെ വിശദീകരിക്കാൻ നാം വ്യത്യസ്ത സാങ്കേതിക പദങ്ങൾ ഉപയോഗിക്കുന്നെങ്കിലും, 'ക്രിസ്തുവിന്റെ ഇരുസ്വഭാവങ്ങളുടെ 'ഹ്യൂപ്പോസ്റ്റാററിക ഐക്യം' എന്ന സിറിലിന്റെ പ്രബോധനം നാം ഇരുകൂട്ടരും പ്രഖ്യാപിക്കുന്നു. ദൈവത്വത്തിൽ പിതാവിന്റെ സമസത്തയായിരിക്കുന്നവൻ, മനുഷ്യാവതാരത്തിൽ മനുഷ്യത്വം സംബന്ധിച്ച് നമ്മുടെ സമസത്ത ആയിത്തീന്നു. അങ്ങനെ, ലോകസ്ഥാപനത്തിനു മുൻപേ പിതാവിൽ നിന്ന് ജനിച്ചവൻ, അവസാന നാളുകളിൽ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി പരിശുദ്ധ കന്യകമറിയത്തിൽ നിന്ന് മനുഷ്യനായി ജനിച്ചു; കലർപ്പോ, വ്യത്യാസമോ, വിഭജനമോ, വേർതിരിവോ, കൂടാതെ ദൈവവചനത്തിന്റെ ഏക ആളത്വത്തിൽ രണ്ട് സ്വഭാവങ്ങളും അവനിൽ ഐക്യപ്പെട്ടിരിക്കുന്നു. മാനുഷികവും ദൈവികവുമായ എല്ലാ സ്വഭാവ ഗുണങ്ങളും കഴിവുകളും ഉള്ള പൂർണ ദൈവവും പൂർണ മനുഷ്യനുമാണ് യേശുക്രിസ്തു'.[44]

യാക്കോബായ ദൈവശാസ്ത്രജ്ഞന്മാരും റോമൻ കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാരും കൂടി വിയന്നായിൽ സമ്മേളിച്ചപ്പോഴും ഈ കാര്യം വ്യക്തമാക്കി: 'ഇരുവിഭാഗക്കാരുടെയും പദപ്രയോഗങ്ങൾ സ്വീകാര്യമാണ്; പരസ്പരം അംഗീകരിക്കുക എന്നതാണ് ഏററം ആവശ്യമായിരിക്കുന്നത്. ഏക കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനമായി വ്യത്യസ്ത ചിന്താരീതികൾ മനസ്സിലാക്കണം'.[45]

43. Cf. *WWS* 3 (1976), p. 18-19
44. *GOTR* 16 (1971), p. 3
45. *WWS*, I, p. 160



കത്തോലിക്കർക്ക് കൽക്കദോനിയാ സൂനഹദോസിനെ തള്ളിപ്പറയാൻ സാദ്ധ്യമല്ല. എന്നാൽ കൗൺസിലിനെ ഓർത്തഡോക്സ് അർത്ഥത്തിൽ മനസ്സിലാക്കാൻ സാധിക്കും. കൽക്കദോനിയായിൽ അവതരിപ്പിച്ച അതേ വിശ്വാസം തന്നെയാണ് പൗരസ്ത്യ സഭകൾക്കുള്ളത്. എങ്കിലും കൗൺസിലിലെ സാങ്കേതിക പദങ്ങളുടെ ഔപചാരിക സ്വീകരണം ഒരിക്കലും സഭൈക്യത്തിന് അവശ്യാവശ്യമല്ല.[46]

വ്യത്യസ്ത വ്യാഖ്യാന രീതികൾ ഉണ്ടാകുന്നതിന്റെ പ്രധാന കാരണം വചനം അവർണനീയനാണ് എന്നുള്ളതാണ്. അപൂർണമായ മാനുഷിക വാക്കുകളിലൂടെ അവാച്യമായ രഹസ്യം അവതരിപ്പിക്കുമ്പോൾ വൈവിധ്യത്തിലെത്താം. ദിവ്യരഹസ്യമായ വചനത്തെ പൂർണമായി അവതരിപ്പിക്കാൻ ഒരു ഫോർമുലയും പര്യാപ്തമല്ല.[47]

എല്ലാവർക്കും സ്വീകാര്യമായ ഒരു ഫോർമുല അവതരിപ്പിക്കാൻ കൽക്കദോനിയാ സൂനഹദോസിന് സാധിച്ചില്ല. സാങ്കേതിക പദങ്ങൾ കൊണ്ടുള്ള ഒരു മുട്ടുശാന്തി മാത്രമേ അത് ആയിരുന്നുള്ളു, അക്കാരണത്താൽ അത് പ്രശ്നപരിഹാരമായില്ല എന്നും ചിലർ വിയന്നാ ചർച്ചാവേളയിൽ അഭിപ്രായപ്പെട്ടു. അന്ത്യോക്യൻ ക്രിസ്തുശാസ്ത്രം സ്വീകരിക്കാത്തവർക്ക് കൽക്കദോനിയാ ഫോർമുല ഇന്നും പ്രശ്നമായി നിലകൊള്ളുന്നു എന്നും വിമർശനമുണ്ടായി.[48]

46. *WWS* II, p. 42
47. *WWS* I, p. 161—2; III, p. 25
48. *WWS* I, p. 159; II, p. 34—5; I, p. 174; III, p. 23—24

www.malankaralibrary.com

### അധ്യായം 10

# ഓറിയൻറൽ ഓർത്തഡോക്സു സഭകൾ

കൽക്കദോനിയായിൽവച്ച് 451_ൽ നടന്ന സിനഡ് അംഗീകരിക്കാതെ അന്നത്തെ സഭയിൽ നിന്നു വിട്ടുമാറിയ സഭാസമൂഹങ്ങൾ ഇന്ന് പൊതുവായി അറിയപ്പെടുന്നത് ഓറിയൻറൽ ഓർത്തഡോക്സ് സഭകൾ എന്നാണ്. അഞ്ച് സഭാസമൂഹങ്ങൾ ഇപ്പോൾ ഇതിൽ ഉൾപ്പെടുന്നു. ഈ അഞ്ച് സഭാസമൂഹങ്ങളും പൂർണ്ണമായും സ്വതന്ത്രങ്ങളാണ്. അവ വൈവിധ്യമാർന്ന ലിററർജിക്കൽ കുടുംബങ്ങളിൽ പെട്ടവയുമാണ്. അവയ്ക്ക് വൈവിധ്യമാർന്ന സഭാചരിത്രങ്ങളുമാണുള്ളത്. എന്നാൽ ഇവയെല്ലാം ഇന്ന് ''ഓറിയൻറൽ ഓർത്തഡോക്സ് സഭകൾ'' എന്ന പേരിൽ കൊണ്ടുവന്നത് കൽക്കദോൻ സൂനഹദോസിനോട് അവർക്കുണ്ടായിരുന്ന എതിർപ്പു മാത്രമാണ്. കൽക്കദോനിയായുടെ കാലത്ത് സിറിയായിലും ഈജിപ്റ്റിലും ഉള്ള ക്രൈസ്തവരിൽ നല്ലൊരു പങ്ക് ഈ സിനഡിൻെറ പേരിൽ അന്നത്തെ ഏക സഭയിൽ നിന്ന് തെററിപ്പിരിഞ്ഞുമാറി. എന്നാൽ കൽക്കദോനിയായിൽ സംബന്ധിക്കാതിരുന്ന എത്യോപ്യാ, അർമേനിയാ, മലങ്കര എന്നീ സഭകളിലെ ഒരു വിഭാഗം ജനങ്ങളും കാലാന്തരത്തിൽ ഈ കാൽസിഡൺ വിരുദ്ധ ചേരിയിൽ ചേരാനിടയായി. ഒരു കാലത്ത് ഈ ചേരിയിൽ പെട്ടവർ വളരെയധികം ഉണ്ടായിരുന്നെങ്കിലും ഇന്ന് അവർ ക്രൈസ്തവസമൂഹത്തിൽ വളരെ ചെറിയൊരു വിഭാഗം മാത്രമാണ്. എവുത്തീക്കുസിൻെറ ''ഏകസ്വഭാവവാദം'' എന്ന പാഷണ്ഡത ഈ സഭകൾ പരിത്യജിക്കുന്നു; എന്നാൽ അലക്സാന്ത്രിയായിലെ വി. സിറിലിൻെറ ''അവതരിച്ച വചനമായ ദൈവത്തിൻെറ ഏകസ്വഭാവം'' (മിയാ ഫൂസിസ് തു തെവു ലോഗു സെസർക്കോമെനെ) എന്ന പദപ്രയോഗം മുറുകെപ്പിടിക്കുകയും കാൽസിഡൺ തിരസ്കരിക്കുകയും ചെയ്യുന്നു.

ക്രിസ്തുശാസ്ത്രം സംബന്ധിച്ചാണ് ഇക്കൂട്ടർ കത്തോലിക്കാസഭയിൽ നിന്നു വിട്ടുമാറിയത്. ഈ അടുത്ത കാലത്തുണ്ടായ



സഭൈക്യ ചർച്ചകളുടെ വെളിച്ചത്തിൽ കാൽസിഡൺ അംഗീകരിച്ചവരും പരിത്യജിച്ചവരും തമ്മിൽ ക്രിസ്തുശാസ്ത്രത്തിലുള്ള അന്തരം നാമമാത്രമാണെന്നും വിവിധ ഫോർമുലകൾ ഉപയോഗിക്കുന്നെങ്കിലും ഇരു വിഭാഗക്കാരുടെയും വിശ്വാസം ഒന്നുതന്നെയാണെന്നും ഉള്ള ധാരണയിൽ ഇരുസഭാവിഭാഗങ്ങളും എത്തിയിട്ടുണ്ട്. ഈ സഭകൾ എല്ലാം സഭകളുടെ ലോകകൗൺസിലിൽ അംഗങ്ങളാണ്. ആധുനിക കാലത്തെ സഭൈക്യചർച്ചകളിൽ ഈ സഭകൾ സജീവമായി പങ്കെടുക്കുന്നു.[1] ഓറിയൻറൽ ഓർത്തഡോക്സു സഭകളിലെല്ലാംകൂടി മൊത്തം ഇപ്പോൾ ഏകദേശം മൂന്നുകോടി ജനങ്ങളുണ്ട്.[2] താഴെപ്പറയുന്നവയാണ് ഓറിയൻറൽ ഓർത്തഡോക്സുസഭകൾ: (1) സിറിയൻ ഓർത്തഡോക്സുസഭ (2) കോപ്റ്റിക് ഓർത്തഡോക്സു സഭ (3) എത്യോപ്യൻ ഓർത്തഡോക്സു സഭ (4) അർമേനിയൻ ഓർത്തഡോക്സു സഭ. (5) മലങ്കര ഓർത്തഡോക്സു സഭ. ഇവയിൽ ഓരോന്നിനെപ്പററിയും ചുരുക്കമായി ചർച്ച ചെയ്യാം.

## 1. സിറിയൻ ഓർത്തഡോക്സു സഭ[3]

കാൽസിഡൺ കൗൺസിൽ (451) അംഗീകരിക്കാതെ സഭയിൽ നിന്നു പിളർന്നു മാറിയവരുടെ പിൻതലമുറക്കാരാണ് സിറിയൻ ഓർത്തഡോക്സുകാർ. റോമൻ സാമ്രാജ്യത്തിൻെറ ഓറിയൻസ് (പൗരസ്ത്യം-കിഴക്ക്) എന്ന പ്രീഫെക്ചറിലെ പട്ടണവാസികളും ഗ്രീക്കു സംസാരിക്കുന്നവരിൽ ഭൂരിഭാഗവും കാൽസിഡൺ അംഗീകരിച്ചപ്പോൾ, ഗ്രാമവാസികളും സുറിയാനി സംസാരിക്കുന്നവരും സന്യാസികളും അതിനെ എതിർത്തു. ആദ്യകാല ചക്രവർത്തിമാർ കാൽസിഡൺ വിരുദ്ധരെ പീഡിപ്പിച്ച് അമർച്ച ചെയ്യാൻ ശ്രമിച്ചെങ്കിലും മർദ്ദിച്ച് അവരെക്കൊണ്ട് കാൽസിഡൺ അംഗീകരിപ്പിക്കാൻ സാധിച്ചില്ല. മറിച്ച്, കാൽസിഡണു വേണ്ടി നിന്ന കോൺസ്റ്റാൻറിനോപ്പിൾ തന്നെ കാൽസിഡൺ വിരുദ്ധതയുടെ ശക്തികേന്ദ്രമായിത്തീർന്നു. അവിടെ വച്ച് യാക്കോബു ബുർദ്ദാന (542_78) മെത്രാനായി വാഴിക്കപ്പെട്ടു. അദ്ദേഹം ചുററി നടന്ന് ഇക്കൂട്ടർക്കുവേണ്ടി നിരവധി മെത്രാന്മാരെയും വൈദികരെയും വാഴിച്ചു. അദ്ദേഹത്തിൻെറ പേരിൽനിന്ന് ഇക്കൂട്ടർ യാക്കോബായക്കാർ എന്ന് അറിയപ്പെട്ടു തുടങ്ങി.

---

1. ജി. ചേടിയത്ത്, അന്ത്യോക്യൻ സഭ, 1986, പേ. 125ff.
2. 29, 645, 957: R. G. Roberson, *The Eastern Christ:an Churches - A Brief Survey*, Rome, 1988: ഈ ഗ്രന്ഥം ആധാരമാക്കിയാണ് ഈ കണക്ക്: തുടർന്ന് ഈ ലേഖനത്തിൽ കൊടുക്കുന്ന അംഗസംഖ്യകളും ഇതിനെ ആധാരമാക്കിയാണ്.
3. അന്ത്യോക്യൻ സഭ, 70-83.

www.malankaralibrary.com



അന്ത്യോക്യൻ പാത്രിയാർക്കേററിൽ കത്തോലിക്കാ (മെൽക്കീത്താ) പാത്രിയാർക്കീസിനു സമാന്തരമായി ക്രി. വ. 557/8 മുതൽ തുടർച്ചയായി യാക്കോബായാ പാത്രിയക്കീസുമാർ ഉണ്ടായി. എന്നാൽ അന്ത്യോക്യയിൽ, കാൽസിഡൺ അംഗീകരിക്കുന്നവരുടെ പാത്രിയർക്കീസ് ഉണ്ടായിരുന്നതിനാൽ യാക്കോബായാ പാത്രിയക്കീസുമാരാരും അന്ത്യോക്യാ കേന്ദ്രമാക്കി സഭാഭരണം നടത്തിയിട്ടില്ല. യാക്കോബു ബുർദ്ദാന 557/8-ൽ തെല്ലായിലെ സേർജിയൂസിനെ (+561) ''അന്ത്യോക്യാ പാത്രിയർക്കീസ്'' എന്ന പേരിൽ വാഴിച്ചു. അദ്ദേഹം സിറിയായിലെ ആശ്രമങ്ങളിൽ താമസിച്ചു.

അവർ ''അന്ത്യോക്യൻ'' അഥവാ ''പാശ്ചാത്യ സുറിയാനി'' എന്ന പേരിൽ അവരുടെ ലിററർജി വികസിപ്പിച്ചെടുത്തു. അന്ത്യോക്യയിലെ മൂല ലിററർജി ഇപ്രകാരം യാക്കോബായക്കാരുടെ സ്വന്തമായി. കാൽസിഡൺ അംഗീകരിച്ചവരാകട്ടെ കാലാന്തരത്തിൽ കോൺസ്റ്റാൻറിനോപ്പിളിനോട് കൂടുതൽ അടുക്കുകയും ബിസൻറയിൻ ലിററർജി സ്വീകരിച്ച് ബിസൻറയിൻകാരായി തീരുകയും ചെയ്തു.

യാക്കോബായ സഭ വളർന്ന് 20 മെത്രാപ്പോലീത്തൻ സിംഹാസനങ്ങളും 102 രൂപതകളുമുള്ള ഒരു വലിയ സഭയായി തീർന്നു. മദ്ധ്യകാലഘട്ടത്തിൽ ഈ സഭയ്ക്ക് വളരെ പ്രശസ്തരായ പണ്ഡിതന്മാർ ഉണ്ടായിരുന്നു. പന്ത്രണ്ടാം നൂററാണ്ടിലാണ് ഇതു് അത്യുച്ചകോടിയിലെത്തിയതു്. എന്നാൽ ഒന്നാം ലോകമഹായുദ്ധത്തിൽ ടർക്കിയിൽ നടന്ന ക്രിസ്ത്യീയ കൂട്ടക്കൊലയിൽ ലക്ഷക്കണക്കിന് യാക്കോബായക്കാർ നിഷ്കരുണം കൊല്ലപ്പെട്ടു.

പാത്രിയർക്കീസിൻെറ ആസ്ഥാനം നിരവധി തവണ മാററിയിട്ടുണ്ട്. 1959-നു ശേഷം സിറിയായിലെ ഡമാസ്കസിലാണ് പാത്രിയാർക്കാ ആസ്ഥാനം. സിറിയൻ ഓർത്തഡോക്സു സഭയിൽ ഇപ്പോൾ 243, 757 ജനങ്ങൾ ഉണ്ട്. പശ്ചിമേഷ്യയ്ക്കു പുറമേ, യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളിലും ഈ സഭയുടെ അംഗങ്ങളുണ്ട്; പതിനേഴാം നൂററാണ്ടു മുതൽ ഈ സഭ ഭാരതത്തിലെ മലങ്കരസഭയുമായി ബന്ധപ്പെടാൻ തുടങ്ങി. 1911 വരെ സ്വാധീനം ചെലുത്തി. എന്നാൽ 1912 മുതൽ 1957 വരെയും 1975 മുതൽ ഇന്നുവരെയും മലങ്കരയിലെ പുത്തൻ കൂററുകാരിൽ ഒരു വിഭാഗം സിറിയൻ ഓർത്തഡോക്സ് പാത്രിയർക്കീസിനെ സ്വീകരിക്കുയും മേല്ക്കോയ്മ അംഗീകരിക്കുയും ചെയ്യുന്നില്ല. ഇഗ്നേഷ്യസ് സക്കാ ഈവാസ് എന്നാണ് പാത്രിയക്കീസിൻെറ പേരു്. പാത്രിയക്കീസിനെ കൂടാതെ ഇരുപതു മെത്രാന്മാരും, പതിനഞ്ചു രൂപതകളും ഇവർക്കുണ്ട്. കേരളത്തിലെ പാത്രിയർക്കീസ് കക്ഷിയിൽ (മൂവാററുപുഴ) 12 മെത്രാന്മാരും 6 രൂപതകളും ഏതാണ്ട് എട്ടുലക്ഷം ജനങ്ങളും ഉണ്ട്.[4] കേരളത്തിലെ ഈ വിഭാഗം യാക്കോബായ സുറിയാനി സഭ എന്നു് വിളിക്കപ്പെടാൻ ഇഷ്ടപ്പെടുന്നു. ഡമാസ്കസാണ് പാത്രിയാർക്കീസിൻെറ ആസ്ഥാനം.



## 2. കോപ്ററിക് ഓർത്തഡോക്സു സഭ

ഈജിപ്തിലെ സഭയാണ് കോപ്ററിക് സഭ. 'അയ്ഗിപ്തോസ്' എന്ന വാക്കിൽ നിന്നാണ് ഈജിപ്ത്, കോപ്ത് തുടങ്ങിയ പദങ്ങൾ ഉണ്ടായിട്ടുള്ളതു്. സുവിശേഷകനായ മർക്കോസിനെയാണ് ഈജിപ്തിലെ ഒന്നാമത്തെ മെത്രാനായി കണക്കാക്കുന്നതു്. റോമാ കഴിഞ്ഞാൽ ക്രൈസ്തവലോകത്തെ പ്രധാന സഭാധ്യക്ഷനായിരുന്നു ഈജിപ്തിലെ പാത്രിയർക്കീസ്. അലക്സാന്ത്രിയാ ആയിരുന്നു സഭാകേന്ദ്രം. സഭാരംഭകാലത്തു് വളരെ പ്രശസ്തമായൊരു ദൈവശാസ്ത്ര കലാലയം ഈജിപ്തിൽ ഉയർന്നുവന്നു. ആര്യനിസം ഈജിപ്തിലെ സഭയിൽ ഉടലെടുത്തെങ്കിലും അവിടെ കാര്യമായ സ്വാധീനം ചെലുത്തിയില്ല.

എന്നാൽ കാൽസിഡൺ കൗൺസിലോടുകൂടി (451), സിറിയായിലെന്നപോലെ ഈജിപ്തിലെ സാധാരണ ജനങ്ങൾ കാൽസിഡൺ വിരുദ്ധ ചേരിയിലായി. തങ്ങളുടെ പാത്രിയർക്കീസായ ദിയസ്കോറോസിനെ സ്ഥാനഭ്രഷ്ടനാക്കിയതിനാലും, റോമാ കഴിഞ്ഞാൽ അടുത്തസ്ഥാനം കോൺസ്റ്റാൻറിനോപ്പിളിനു നൽകിയതിനാലും (കാനൻ 28) അതുപോലെ മററു പല കാരണങ്ങളാലും കോപ്ററിക് ജനത കാൽസിഡണെ എതിർത്തു. എന്നാൽ ഗ്രീക്കു സംസാരിച്ചിരുന്നവരും പട്ടണവാസികളും കാൽസിഡൺ അംഗീകരിച്ചു. അങ്ങനെ ഈജിപ്തിലെ ക്രൈസ്തവസഭ പിളർന്നു. ഭൂരിപക്ഷം വരുന്നവർ കാൽസിഡൺ വിരുദ്ധ ചേരിയിലായി.

ബിസൻറയിൻ ചക്രവർത്തിമാർ മററിടങ്ങളിൽ പാഷണ്ഡികളെ പീഡിപ്പിച്ചതുപോലെ ഈജിപ്തിൽ പീഡനം നടത്തിയില്ല. (കോൺസ്റ്റാൻറിനോപ്പിളിനു വേണ്ടത്ര ധാന്യം നൽകിയിരുന്നതു് ഈജിപ്തായിരുന്നു). അതുകൊണ്ട് മററിടങ്ങളിൽ പീഡിപ്പിക്കപ്പെട്ടവർ ഈജിപ്തിൽ അഭയം പ്രാപിച്ചു. ക്രി. വ. 543-ൽ യാക്കോബു ബുർദ്ദാനയെ മെത്രാനായി വാഴിച്ചതു് അലക്സാണ്ഡ്രിയൻ പാത്രിയക്കീസായ തിയഡോഷ്യസാണ്. 451 മുതൽ 567 വരെ കാൽസീഡോൺ അംഗീകരിക്കുന്നവരും അംഗീകരിക്കാത്തവരുമായ

4. Nikolaus Wyrwoll, *Orthodoxia 1988-1989*, p. 136-140. രൂപതകളുടെയും മെത്രാന്മാരുടെയും എണ്ണം ഇതിനെ ആധാരമാക്കിയാണ്.

www.malankaralibrary.com



പാത്രിയർക്കീസുമാർ മാറി മാറി അലക്സാണ്ഡ്രിയായിൽ അധ്യക്ഷന്മാരായി. ഇരുകൂട്ടരേയും യോജിപ്പിക്കാനുള്ള പരിശ്രമങ്ങളെല്ലാം പരാജയപ്പെട്ടു. അവസാനം ജസ്റ്റിൻ രണ്ടാമൻ ചക്രവർത്തിയുടെ കാലത്തു് (565_78) ഇരുകൂട്ടർക്കും പ്രത്യേകം പ്രത്യേകം ഹയരാർക്കി ഉണ്ടായി.

കാലക്രമത്തിൽ കോപ്‌റ്റിക് യാക്കോബായക്കാർ തങ്ങളുടെ സ്വന്തമായ ലിറ്റർജിയും ദൈവശാസ്ത്രവും വികസിപ്പിച്ചെടുത്തു. അറബികളുടെ ആധിപത്യത്തോടുകൂടി ഈജിപ്തിലെ ക്രിസ്ത്യാനികളുടെ സംഖ്യ ഗണ്യമായി കുറഞ്ഞു. ക്രി. വ. 850 _ ഓടുകൂടി ഈജിപ്തിലെ ക്രിസ്ത്യാനികൾ ഒരു ന്യൂനപക്ഷമായി മാറി. ബിസൻറയിൻ ലിറ്റർജിയുടെ പരിഷ്കരിച്ച പതിപ്പാണ് ഈജിപ്തിലെ ലിറ്റർജി. അതിൽ കോപ്‌റ്റിക് ക്രൈസ്തവർ വീണ്ടും മാറ്റങ്ങൾ വരുത്തി കോപ്റ്റിക് ലിറ്റർജി രൂപീകരിച്ചു. കാൽസിഡൺ അംഗീകരിച്ചവർ കാലാന്തരത്തിൽ ബിസൻറയിൻ സ്വാധീനത്തിൽ വരികയും ബിസൻറയിൻ ലിറ്റർജി തന്നെ സ്വന്തമാക്കുകയും ചെയ്തു. അങ്ങനെ കോപ്റ്റിക് ലിററജി കോപ്റ്റിക് ഭാഷയിലുമായി.

കോപ്റ്റിക് ഓർത്തഡോക്‌സ് സഭയിൽ 7. 918.552 അംഗങ്ങളുണ്ട്. പാപ്പാ ഷെനൂദാ മൂന്നാമനാണ് കോപ്‌തിക് പാത്രിയക്കീസ്. കെയ്‌റോയിലാണ് അദ്ദേഹം വസിക്കുന്നതു്. പാത്രിയക്കീസിനു പുറമെ 55 മെത്രാന്മാരും 39 രൂപതകളും കോപ്‌തിക് സഭയ്ക്കുണ്ട്.

## 3. എത്യോപ്യൻ ഓർത്തഡോക്‌സ് സഭ

എത്യോപ്യയിലെ സെമിറ്റിക് വംശജരുടെ ഇടയിലാണ് പ്രധാനമായും ക്രിസ്തുമതം പ്രചരിച്ചതു്. സഭാരംഭകാലത്തുതന്നെ ക്രിസ്തുസന്ദേശം അവിടെയെത്തിയെങ്കിലും നാലാം നൂറ്റാണ്ടോടുകൂടി വ്യാപകമായി. ആരംഭം മുതൽതന്നെ എത്യോപ്യയിലെ സഭ ഈജിപ്തിലെ സഭയോടു ബന്ധപ്പെട്ടും ഈജിപ്തിലെ സഭയുടെ സ്വാധീനത്തിലുമാണ് വളർന്നിട്ടുള്ളതു്. എത്യോപ്യൻ സഭ കാൽസിഡൺ സിനഡിൽ (451) സംബന്ധിച്ചില്ലെങ്കിലും ആറാം നൂറ്റാണ്ടോടുകൂടി കോപ്‌തിക് സഭയോടൊപ്പം കാൽസിഡൺ വിരുദ്ധ മനോഭാവം സ്വീകരിച്ച് കാൽസിഡൺ വിരുദ്ധ ചേരിയിലായി. അങ്ങനെ റോമൻ സാമ്രാജ്യത്തിലെ പിളർപ്പ് പുറത്തുള്ള സഭയേയും ബാധിച്ചു. ഹയരാർക്കി, ആരാധനക്രമം, സഭാശിക്ഷണം ആദിയായവ സംബന്ധിച്ച് എത്യോപ്യൻ സഭ കോപ്‌തിക് സഭയോടാണ് ബന്ധപ്പെട്ടിരിക്കുന്നതു്. കോപ്റ്റിക് പാത്രി



യർക്കീസാണ് എത്യോപ്യൻ മെത്രാന്മാരെ വാഴിച്ചിരുന്നതു്. സാധാരണയായി മെത്രാന്മാരെല്ലാം കോപ്‌തിക്കുകാരായിരുന്നു. 1929_ൽ നാലു് എത്യോപ്യക്കാരെ മെത്രാന്മാരാക്കി. 1949 - ലെ ഉടമ്പടി അനുസരിച്ച് അലക്സാണ്ഡ്രിയൻ പാത്രിയർക്കീസ് ഒരു എത്യോപ്യക്കാരനെ മെത്രാപ്പോലീത്താ ആക്കാമെന്നു സമ്മതിച്ചു. 1959-ൽ എത്യോപ്യൻ സഭ ഒരു പാത്രിയക്കീസിനെ വാഴിച്ച് കോപ്റ്റിക് സഭയിൽനിന്നു സ്വതന്ത്രമായി. അങ്ങനെ ആബൂനാ ബസേലിയോസ് (1959), ആബൂനാ തെയോഫിലസ് (1974), ആബൂനാ തെക്ലെ ഹൈമാനോത് (1975_1988), ആബൂനാ മെർക്കേറിയോസ് (1988— ) എന്നിവർ പാത്രിയർക്കീസുമാരായി.

എത്യോപ്യയിലെ ക്രിസ്തുമതം രാജ്യത്തിൻെറ ഔദ്യോഗിക മതമായിരുന്നു. ചക്രവർത്തിമാരെല്ലാം ക്രിസ്ത്യാനികളായിരുന്നു. 1974_ൽ മാർക്‌സിസ്‌റ്റു ഭരണം അധികാരത്തിൽ വന്നപ്പോൾ സഭയെയും രാഷ്ട്രത്തെയും വേർപെടുത്തി. സഭാസ്വത്തുക്കൾ കണ്ടുകെട്ടപ്പെട്ടു. പാത്രിയാക്കീസ് തെയോഫിലസ് തടവിലാക്കപ്പെട്ടു. മെത്രാന്മാരെയെല്ലാം കമ്മ്യൂണിസ്റ്റുകാർ രാജി വയ്പിച്ചു. പകരം പുതിയ മെത്രാന്മാരെ നിയമിച്ചു. ഇപ്പോൾ ഈ സഭയിൽ 21 രൂപതകളും 44 മെത്രാന്മാരും ഉണ്ട്.[5] എത്യോപ്യക്കു പുറത്തു് നൂബിയാ, ജറുസലേം, ഹെയ്റ്റി, അമേരിക്ക എന്നിവിടങ്ങളിലും ധാരാളം എത്യോപ്യക്കാരുണ്ട്. എത്യോപ്യൻ ഓർത്തഡോക്സ് സഭയിൽ 17,333,022 ജനങ്ങളുണ്ട്.

ഇപ്പോഴും നിരവധി യഹൂദാചാരങ്ങൾ വച്ചു പുലർത്തുന്ന സഭയാണിതു്. ഛേദനാചാരം, പഴയനിയമത്തിലെ ഭക്ഷണ സംബന്ധമായ നിയമങ്ങൾ, ശാബതാചരണം, സ്ത്രീകൾക്കുള്ള ശുദ്ധീകരണം എന്നിവ അവർ ഇപ്പോഴും തുടരുന്നു. ശാബതോടുകൂടെ ഞായറാഴ്ചയാചരണവും ഉണ്ട്. എത്യോപ്യൻ സഭയുടെ കാനോനികവും ആരാധനക്രമപരവുമായ ഗ്രന്ഥങ്ങളെല്ലാം ഗ്രീക്ക്, കോപ്‌റ്റിക്, അറബിക് എന്നീ ഭാഷകളിൽ നിന്ന് അന്നത്തെ നാട്ടുഭാഷയായ ഗീസ് എന്ന സെമിറ്റിക് ഭാഷയിലേക്കു പരിഭാഷപ്പെടുത്തിയവയാണ്. കൂടുതലായി കോപ്‌റ്റിക് സ്വാധീനമാണുള്ളതെങ്കിലും സുറിയാനി സഭയും അവരെ സ്വാധീനിച്ചിട്ടുണ്ട്. ഈ സഭയിൽ സന്ന്യാസം വളരെ വളർന്നു വികസിച്ചിരുന്നു. ഇപ്പോൾ കമ്യൂണിസ്റ്റാധിപത്യത്തിൽ ഇവർക്കു് നിരവധി കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടതായി വന്നിട്ടുണ്ട്.

5. അതിൽ 1974–ൽ മാർക്സിസ്‌റ്റു ഭരണകൂടം നിർബന്ധിച്ച് റിട്ടയർ ചെയ്യിച്ചവരും ഉൾപ്പെടുന്നു.

www.malankaralibrary.com



## 4. അർമേനിയൻ ഓർത്തഡോക്സ് സഭ

അർമേനിയയിൽ നിന്നുള്ള മെത്രാന്മാർ കാൽസിഡൺ സിനഡിൽ സംബന്ധിച്ചില്ല. എന്നാൽ ഏകസ്വഭാവ വാദത്തെപ്പററിയും കാൽസിഡൺ സിനഡിനെപ്പററിയും വളരെ വികലമായ അറിവാണ് അർമേനിയർക്കു ലഭിച്ചതു്. അർമേനിയരെ തങ്ങളുടെ സ്വാധീനത്തിൽ കൊണ്ടുവരാൻ ബിസൻറയിൻകാരും സുറിയാനിക്കാരും ശ്രമിച്ചു. അങ്ങനെ മാറിമാറി അവർ കാൽസിഡൺ അംഗീകരിക്കയും തിരസ്കരിക്കയും ചെയ്തു. ബിസൻറയിൻ ബന്ധത്തിൽ നിന്നു് അർമേനിയരെ അകററാനായി കാൽസിഡൺ തിരസ്കരിക്കുന്ന നിലപാടെടുക്കാൻ അറബികൾ അർമേനിയരെ നിർബന്ധിച്ചു. എങ്കിലും തുടർന്നുള്ള നൂററാണ്ടുകളിലും അർമേനിയർ കാൽസിഡൺ സംബന്ധിച്ച് തങ്ങളുടെ നിലപാടു മാററി മാററി കുറിക്കുന്നതായി നാം കാണുന്നു.

പതിനൊന്നാം നൂററാണ്ടോടുകൂടി പുരാതനമായ അർമേനിയാ രാജ്യം തകർക്കപ്പെട്ടപ്പോൾ നിരവധി അർമേനിയർ തെക്കൻ ഏഷ്യാമൈനറിലെ സിലിഷ്യയിലേക്കു് പാലായനം ചെയ്തു. അവർ അവിടെ ഒരു അർമേനിയൻ രാജ്യം സ്ഥാപിച്ചു. പതിനാലാം നൂററാണ്ടിൽ ഈ രാജ്യവും അസ്തമിച്ചു. എന്നാൽ ജനങ്ങൾ അവിടെ തുടന്നു താമസിച്ചു. ഒന്നാം ലോകമഹായുദ്ധത്തിൽ പത്തു ലക്ഷത്തോളം അർമേനിയർ പൗരസ്ത്യ ടർക്കിയിൽ മൃഗീയമായി കൊല ചെയ്യപ്പെട്ടു. കുറേപ്പേർ ഇസ്താൻബൂളിലേക്കും അയൽ രാജ്യങ്ങളിലേക്കും കുടിയേറി. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം വളരെയധികം അർമേനിയർ അമേരിക്കയിലേക്കു് കുടിയേറി.

അർമേനിയൻ ഓത്തഡോക്സ് സഭയുടെ ഉന്നതസഭാദ്ധ്യക്ഷൻ സോവിയററു യൂണിയനിലെ അർമേനിയൻ റിപ്പബ്ലിക്കിലുള്ള എക്മിയസ്ദിനിലാണ്. കാതോലിക്കോസ് – പാത്രിയർക്കീസ് എന്നു് അദ്ദേഹം അറിയപ്പെടുന്നു. എന്നാൽ അർമേനിയർക്കു് മററു മൂന്നു് ഉന്നത സഭാദ്ധ്യക്ഷന്മാർ കൂടിയുണ്ടു്; അവർ ഓരോരുത്തരും ഏതാണ്ടു് സ്വതന്ത്രരാണ്. നൂററാണ്ടുകളായി രൂപപ്പെട്ടതാണ് ഈ സഭാനേതൃത്വങ്ങൾ. (1) *എക്മിയസ്ദിനിലെ കാതോലിക്കോസ് – പാത്രിയർക്കീസിന്* റഷ്യ, ഇറാൻ, ഇറാക്കു്, ഭാരതം, ഈജിപ്തു്, എത്യോപ്യാ, യൂറോപ്പ്, അമേരിക്കാ എന്നിവിടങ്ങളിലെ അർമേനിയരുടെ മേൽ അധികാരമുണ്ടു്. (2) *ജറുസലേമിലെ അർമേനിയൻ ഓർത്തഡോക്സ് പാത്രിയർക്കേററിൻെറ* കേന്ദ്രം ജറുസലേമിൽ മാർ യാക്കോബിൻെറ ആശ്രമമാണ്. അർമേനിയൻ ഓർത്തഡോക്സ് സഭയ്ക്കു് പലസ്തീനയിലുള്ള വിശുദ്ധസ്ഥലങ്ങളുടെ സംരക്ഷണം ഈ പാത്രിയാർക്കേററിനാണ്. (3) *കോൺസ്ററാൻറിനോപ്പിളിലെ* അർമേനിയൻ ഓർത്തഡോക്സ് പാത്രിയർക്കീസ് ടർക്കിയിലുള്ള അർമേനിയരുടെ അദ്ധ്യക്ഷനാണ്. ഈസ്റ്റാബൂളിലാണ് ഭൂരിഭാഗം ആളുകളും. അവർ 40, 000 വരും. (4) *സിലിഷ്യാ കാതോലിക്കേററിൻെറ ആസ്ഥാനം* ലെബനനിലെ ബയ്റൂട്ടിനടുത്തുള്ള അന്തേലിയാസിലാണ്. ലെബനൻ, സിറിയാ, സൈപ്രസ്, ഗ്രീസ് എന്നിവിടങ്ങളിൽ ഈ പാത്രിയർക്കീസിനു് അധികാരമുണ്ടു്. വടക്കേ അമേരിക്കയിലും ഈ പാത്രിയർക്കേററിൽപ്പെട്ട ജനങ്ങളുണ്ടു്.



അഞ്ചാം നൂററാണ്ടുവരെ ഗ്രീക്കും സുറിയാനിയുമായിരുന്നു അർമേനിയയിലെ ഭാഷ. ഗ്രീക്കു്, സുറിയാനി സഭകൾ അർമേനിയായെ സ്വാധീനിച്ചിട്ടുണ്ടു്. അർമേനിയൻ ലിറററിജി ഇവയിൽ നിന്നു് ഉരുത്തിരിഞ്ഞതാണ്. അർമേനിയൻ ഓർത്തഡോക്സ് സഭയിൽ മൊത്തം 3,350,626 ജനങ്ങൾ വരും. പരമാദ്ധ്യക്ഷൻ സോവിയററുയൂണിയനിലുള്ള വസ്കൻ ഒന്നാമനാണ്. അദ്ദേഹത്തിൻെറ കീഴിൽ 23 രൂപതകളും 30 മെത്രാന്മാരും ഉണ്ടു്. ജറുസലേം പാത്രിയർക്കീസ് യെഗിഷെ ദെർദേറിയാൻെറ കീഴിൽ 4 രൂപതകളും 4 മെത്രാന്മാരുമുണ്ടു്. കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസ് ഷ്നോർക് കലുസ്തിയൻെറ കീഴിൽ 4 രൂപതകളും 2 മെത്രാന്മാരുമുണ്ടു്. സിലിഷ്യാ പാത്രിയക്കീസ് കരേകിൻ സർക്കീസ്സിയാൻെറ കീഴിൽ 9 രൂപതകളും 14 മെത്രാന്മാരുമുണ്ടു്. പശ്ചിമേഷ്യ, യൂറോപ്പ്, അമേരിക്കാ എന്നിവിടങ്ങളിലാണ് അവരുടെ രൂപതകൾ മിക്കതും.

## 5. മലങ്കര ഓർത്തഡോക്സ് സഭ

പാശ്ചാത്യ മിഷനറിമാരുടെ അമിതമായ ലത്തീനീകരണം നിമിത്തം ഭാരതത്തിലെ മാർതോമാ ക്രിസ്ത്യാനികളിൽ ഒരു വിഭാഗം പതിനേഴാം നൂററാണ്ടിൽ പോർട്ടുഗീസ് റോമൻ കത്തോലിക്കാ (ലത്തീൻ) അധികാരികളുമായുള്ള ബന്ധം വിച്ഛേദിച്ചു. ഈ വിഭാഗത്തിൻെറ തലവൻ തൻെറ പട്ടം ക്രമപ്പെടുത്താൻ പലരെയും സമീപിച്ചെങ്കിലും അതു നടന്നില്ല. 1665-ൽ ജറുസലേമിൽ നിന്നു് മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായ മെത്രാൻ സഹായത്തിനെത്തി. സാവധാനം പാശ്ചാത്യ സുറിയാനി ആരാധനക്രമം ഇവിടെ നടപ്പായി. ഗ്രിഗോറിയോസിനെ സ്വീകരിച്ചവർ പുത്തൻ കൂററുകാരും യാക്കോബായക്കാരുമായി. 1912 വരെ ഈ സഭ പശ്ചിമേഷ്യയിലെ സിറിയൻ യാക്കോബായ സഭയുടെ ഭാഗമായി തുടർന്നു. 1912-ൽ പിളർപ്പുണ്ടാകുകയും ഒരു വിഭാഗത്തെ പാത്രിയർക്കീസ് മുടക്കുകയും ചെയ്തു. തുടർന്നു് 'മലങ്കര ഓർത്തഡോക്സ് സഭ' എന്ന വിഭാഗം ഉടലെടുത്തു. 'മെത്രാൻ കക്ഷി' എന്നു്

www.malankaralibrary.com



പൊതുവെ കേരളത്തിൽ ഈ വിഭാഗം അറിയപ്പെട്ടു. 1958-ൽ രണ്ടു കക്ഷികളും തമ്മിൽ യോജിച്ചെങ്കിലും 1975-ൽ വീണ്ടും രണ്ടായി. മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കോസ് കോട്ടയത്താണ്: കാതോലിക്കാബാവാ ബസേലിയോസ് മാർ തോമാ മാത്യൂസ് ഒന്നാമന്റെ കീഴിൽ അവർക്ക് എട്ടുലക്ഷം ജനങ്ങളും 18 മെത്രാന്മാരും 16 രൂപതകളും ഉണ്ട്.[6]

മലങ്കര സഭ 1665 വരെ കാൽസിഡൺ സംബന്ധിച്ച് ഒരു സിനഡൽ തീരുമാനവും എടുത്തിരുന്നില്ല. യാക്കോബായാ സഭയുടെ സ്വാധീനത്തിൽ വന്നശേഷവും ഒരു സിനഡിലും തൽസംബന്ധമായ ഒരു ചർച്ചയും തീരുമാനവും എടുത്തതായി അറിവില്ല. മലങ്കര ഓർത്തഡോക്സ് സഭ അന്ത്യോക്യൻ യാക്കോബായ ലിററർജി എടുത്തിരിക്കുന്നു എന്നതൊഴിച്ചാൽ കാൽസിഡൺ വിരുദ്ധത ഒന്നും ചൂണ്ടിക്കാണിക്കാനില്ല. അന്ത്യോക്യൻ ഓർത്തഡോക്സ് സഭയും മലങ്കര ഓർത്തഡോക്സ് സഭയും ഇപ്പോൾ പരസ്പര സംസർഗം കൂടാതെയാണ് കഴിയുന്നതെങ്കിലും രണ്ടും ഒരേ ലിററർജിക്കൽ കുടുംബത്തിൽപെട്ടവയാണ്. കോപ്റ്റിക് സഭയും എത്യോപ്യൻ സഭയും അലക്സാന്ത്രിയൻ ലിററർജിക്കൽ കുടുംബത്തിൽപെട്ടവയാണ്. അർമേനിയൻ ഓർത്തഡോക്സ് സഭ അർമേനിയൻ ലിററർജി ഉപയോഗിക്കുന്നു. ഇങ്ങനെ മൂന്നു ലിററർജിക്കൽ കുടുംബങ്ങളിലായിട്ടാണ് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ. ഈ അഞ്ചു സഭകളുടെ ഇടയിൽ 1965 - മുതൽ പരസ്പര ചർച്ചകൾ നടക്കുന്നു. അതുപോലെ റോമൻ കത്തോലിക്കാ സഭയുമായും ബിസന്റയിൻ സഭയുമായും (ഈസ്റ്റേൺ ഓർത്തഡോക്സ്) ഈ സഭകൾ ഐക്യ ചർച്ചകൾ നടത്തിക്കൊണ്ടിരിക്കയാണ്.

## ഗ്രന്ഥസൂചിക

ജി. ചേടിയത്ത്, അന്ത്യോക്യൻ സഭ - ഉത്ഭവവും വളർച്ചയും, 1986.

സേവ്യർ കൂടപ്പുഴ, (ed) തിരുസഭാചരിത്രം, കോട്ടയം, 1984², പേ. 360-383; 430—468.

Nikolaus Wyrwoll, *Orthodoxia 1988-1989*, Regensburg, 1988.

R. G. Roberson, *The Eastern Christian Churches*, Rome, 1988.

A. S. Atiya, *History of Eastern Christianity*, London, 1966.

6. 15,00,000 ജനങ്ങളും 20 രൂപതകളും ഉണ്ടെന്ന് ഒരു ഗ്രന്ഥത്തിൽ കാണുന്നു (D. Daniel, *The Orthodox Church of India*, N. Delhi, 1986, p. 459-460; എന്നാൽ 1988-ലെ *Orthodoxia*-യിൽ 16 രൂപതകളുടെ പേരുകളേ കാണുന്നുള്ളൂ (p. 141-143). കേരളത്തിലെ ഓർത്തഡോക്സ്-യാക്കോബായാ വിഭാഗങ്ങൾ രണ്ടുംകൂടി പതിനഞ്ചുലക്ഷത്തിനും ഇരുപതു ലക്ഷത്തിനും ഇടയ്ക്ക് ജനങ്ങളുണ്ട്. കൃത്യമായ കണക്ക് ലഭിച്ചിട്ടില്ല.

### അധ്യായം II

# ഈസ്റ്റേൺ ഓർത്തഡോക്സ് സഭകൾ

ബിസന്റയിൻ കുടുംബത്തിൽപ്പെട്ട സഭകളാണ് ഈ അടുത്ത കാലത്ത് ഈസ്റ്റേൺ ഓർത്തഡോക്സ് സഭകൾ എന്ന് സഭൈക്യ ചർച്ചകളിൽ അറിയപ്പെടുന്നത്. ബിസന്റയിൻ കുടുംബത്തിൽ കത്തോലിക്കാസഭകളും അകത്തോലിക്കാസഭകളും ഉണ്ട്. ഇവിടെ കത്തോലിക്കർ അല്ലാത്തവരെപ്പററിയാണ് പരാമർശനം. 'ഓർത്തഡോക്സ്' എന്ന പേരിൽ ഈ അകത്തോലിക്കാ സഭകൾ അറിയപ്പെടുന്നു. ഔദ്യോഗികമായി ബിസന്റയിൻ സഭകളുടെ പേര്, 'വിശുദ്ധ ഓർത്തഡോക്സ് കാതോലിക അപ്പസ്തോലിക പൗരസ്ത്യസഭ' എന്നാണ് (ഹേ ഹാഗിയാ ഓർത്തൊഡോക്സോസ് കത്തോലിക്കേ അപ്പൊസ്തോലിക്കേ അനാതോളിക്കേ എക്ലേസിയാ). ക്രി. വ. 1054 വരെ റോമൻ കത്തോലിക്കാ സഭയുമായി ഈ സഭ പരിപൂർണ്ണ സംസർഗത്തിലായിരുന്നു. കാലക്രമത്തിൽ പരിപൂർണ്ണ സംസർഗം നഷ്ടമായി.[1] അതു വീണ്ടെടുക്കാനുള്ള പല പരിശ്രമങ്ങളും നടന്നെങ്കിലും പൂർണമായി വിജയിച്ചില്ല. ഈയടുത്ത കാലത്ത് സമ്പൂർണമായ കൂട്ടായ്മയെ ലക്ഷ്യമാക്കിയുള്ള സഭൈക്യ പ്രവർത്തനത്തിലേർപ്പെട്ടിരിക്കയാണ് റോമൻ കത്തോലിക്കാ നേതൃത്വവും ബിസന്റയിൻ ഓർത്തഡോക്സ് നേതൃത്വങ്ങളും.

പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമായ ബിസാന്റ്യം അഥവാ കോൺസ്റ്റാന്റിനോപ്പിൾ കേന്ദ്രമാക്കി വളർന്നു വികസിച്ച സഭകളാണ് ബിസന്റയിൻ സഭകൾ. ഇന്ന് കോൺസ്റ്റാന്റിനോപ്പിൾ, ഈസ്താംബൂൾ എന്നറിയപ്പെടുന്നു. അത് ടർക്കി

1. എന്നാൽ 1204-ലെ നാലാം കുരിശുയുദ്ധത്തോടുകൂടിയാണ് അകൽച്ച പൂർത്തിയായത്. നാലാം കുരിശുയുദ്ധത്തിനെത്തിയ യൂറോപ്യന്മാർ കോൺസ്റ്റാന്റിനോപ്പിൾ കൊള്ളയടിച്ചത് ബിസന്റയിൻകാരെ കുപിതരാക്കി.

www.malankaralibrary.com



യിലാണ്. കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയർക്കീസാണ് ബിസന്റയിൻ സഭകളുടെയെല്ലാം പൊതുവായ അദ്ധ്യക്ഷൻ. ഈ സഭകൾക്കെല്ലാം പൊതുവായ ലിററർജിക്കൽ, കാനോനിക്കൽ, ആധ്യാത്മിക പാരമ്പര്യമുണ്ട്. സഭാഭരണം സംബന്ധിച്ച് ഈ സഭകൾ സ്വതന്ത്രങ്ങളാണ്. സഭകളുടെ ഒരു കൂട്ടായ്മയാണ് ഈ ഓർത്തഡോക്സ് സഭകൾ. മററു സഭകളുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാൻ കോൺസ്റ്റാന്റിനോപ്പിളിലെ അദ്ധ്യക്ഷന് അധികാരമില്ല. അദ്ദേഹം 'തുല്യനിലയിലുള്ളവരിൽ ഒന്നാമൻ' (പ്രീമുസ് ഇൻതെർ പാരെസ്) എന്ന നിലയിലാണ വർത്തിക്കുക. ഭരണസംബന്ധമായി നാലുതരത്തിലുള്ള ഈസ്റ്റേൺ ഓർത്തഡോക്സ് സഭകളുണ്ട്:

1. ഓട്ടോസെഫാലസ് സഭകൾ
2. ഓട്ടോണോമസ് സഭകൾ
3. കോൺസ്റ്റാന്റിനോപ്പിളിന്റെ കീഴിലുള്ള കാനോനിക സഭകൾ
4. കാനോനികമായി അംഗീകാരമില്ലാത്ത സഭകൾ

ഇവയോരോന്നിനെപ്പററി ചർച്ച ചെയ്യാം.

## 1. ഓട്ടോസെഫാലസ് സഭകൾ (Autocephalous)

പൂർണമായും സ്വതന്ത്രമാണ് ഈ സഭകൾ. വിശ്വാസത്തിലും സഭാജീവിതത്തിലും പൂർണമായി ഈ സഭകൾ പക്വത പ്രാപിച്ചു എന്ന് ഓർത്തഡോക്സ് സഭകൾ കരുതുന്നു.[2] ഓട്ടോസെഫാലസ് (auto = സ്വയം; കെഫാലെ = തല) – സഭാദ്ധ്യക്ഷനെ തിരഞ്ഞെടുക്കാൻ പുറത്തുനിന്നുള്ള യാതൊരു സ്വാധീനവുമില്ലാത്ത സഭകൾ; എല്ലാകാര്യങ്ങളിലും ഈ സഭകൾ സ്വതന്ത്രങ്ങളാണെന്നർത്ഥം. 1453–ൽ കോൺസ്റ്റാന്റിനോപ്പിൾ തുർക്കികൾ കൈവശപ്പെടുത്തിയതോടുകൂടി കോൺസ്റ്റാന്റിനോപ്പിൾ ബലഹീനമായി. കാലാന്തരത്തിൽ കോൺസ്റ്റാന്റിനോപ്പിൾ (ബിസന്റയിൻ) പാത്രിയാർക്കേററ് ചെറിയ ചെറിയ സ്വയംഭരണ സഭകളായി വിഭജിക്കപ്പെട്ടു.

2. 1054-ലെ പിളർപ്പിനുമുമ്പ് ഇപ്രകാരം വ്യക്തിത്വം പ്രാപിച്ചു വികസിച്ചവയായി അംഗീകരിക്കപ്പെട്ടിരുന്നവ, റോമ, അലക്സാന്ത്രിയാ, അന്ത്യോക്യാ, കോൺസ്ററാന്റിനോപ്പിൾ, ജറുസലേം എന്നീ സ്ഥലങ്ങളിലെ സഭകളായിരുന്നു.



താഴെപ്പറയുന്നവയാണ് ഓട്ടോസെഫാലസ് സഭകൾ:

1. കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയാർക്കേററ്
2. അലക്സാന്ത്രിയൻ പാത്രിയർക്കേററ്
3. അന്ത്യോക്യൻ പാത്രിയർക്കേററ്
4. ജറുസലേം പാത്രിയർക്കേററ്
5. റഷ്യൻ ഓത്തഡോക്സു സഭ
6. റുമേനിയൻ ഓർത്തഡോക്സു സഭ
7. ഗ്രീസിലെ ഓർത്തഡോക്സു സഭ
8. സേർബിയൻ ഓർത്തഡോക്സു സഭ
9. ബൾഗേറിയൻ ഓർത്തഡോക്സു സഭ
10. ജോർജിയൻ ഓത്തഡോക്സു സഭ
11. സൈപ്രസിലെ ഓർത്തഡോക്സ് സഭ
12. പോളണ്ടിലെ ഓർത്തഡോക്സ് സഭ
13. അൽബേനിയൻ ഓർത്തഡോക്സ് സഭ
14. ചെക്കൊസ്ലൊവാക്യൻ ഓർത്തഡോക്സ് സഭ
15. അമേരിക്കയിലെ ഓർത്തഡോക്സ് സഭ

## 1. കോൺസ്ററാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയർക്കേററ്

സഭാരംഭകാലത്ത് ബിസാൻസ്യം ഒരു ചെറിയ നഗരമായിരുന്നു. കോൺസ്റ്റൻടൈൻ ചക്രവർത്തി (+337) നഗരം വിപുലപ്പെടുത്തി കോൺസ്റ്റാന്റിനോപ്പിൾ എന്നു പേരിട്ടു. 381 ൽ കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ സിനഡും (കാനൻ 3), 451–ൽ കൽക്കദോനിയായിൽ കൂടിയ സിനഡും (കാനൻ 28) കൂടി കോൺസ്ററാന്റിനോപ്പിളിലെ മെത്രാന് പുരാതന റോമായിലെ മെത്രാൻ കഴിഞ്ഞാൽ അടുത്ത സ്ഥാനം നൽകി. തുടർന്നുള്ള ആയിരം വർഷത്തോളം പൗരസ്ത്യ റോമാസാമ്രാജ്യത്തിൽ (ബിസന്റയിൻ ലോകത്ത്) ഈ സഭ നിർണ്ണായക സ്വാധീനം ചെലുത്തി. എല്ലാ ഓർത്തഡോക്സ് സഭകളുടെയും വളർച്ചയിൽ ഈ സഭയ്ക്ക് പങ്കുണ്ടായിരുന്നു. പൗരസ്ത്യ ക്രൈസ്തവലോകത്തിന്റെ മതാത്മകജീവിതത്തിന്റെ കേന്ദ്രമായിരുന്നു കോൺസ്ററാന്റിനോപ്പിളിലെ കത്തീഡ്രൽ ദേവാലയമായ ഹാഗിയാ സോഫിയാ.

www.malankaralibrary.com



''പുതിയ റോമാ ആയ കോൺസ്റ്റാൻറിനോപ്പിളിലെ ആർച്ചു ബിഷപ്പും എക്യുമെനിക്കൽ പാത്രിയർക്കീസും'' എന്നാണ് കോൺസ്റ്റാൻറിനോപ്പിളിലെ സഭാദ്ധ്യക്ഷന്റെ സ്ഥാനപ്പേര്. ടർക്കിയിലുള്ള നാലായിരമോ അയ്യായിരമോ ആളുകളുടെ മേലും ഗ്രീക്കു ദ്വീപുകളിലെ ചില സഭകളുടെ മേലും ഈ പാത്രിയർക്കേററിനു നേരിട്ട് അധികാരമുണ്ട്. ഉത്തരഗ്രീസിൽ നാമമാത്രാധികാരവും ഉണ്ട്. കോൺസ്റ്റാൻറിനോപ്പിളിലെ 'ഫാനർ' എന്നറിയപ്പെടുന്ന 'ഗ്രീക്കുഭാഗത്താണ്'' പാത്രിയർക്കീസിന്റെ ആസ്ഥാനം. ഇപ്പോഴത്തെ പാത്രിയർക്കീസ് ദിമിത്രിയോസ് ഒന്നാമൻ ആണ്. അതുപോലെ പശ്ചിമയൂറോപ്പ് (6), അമേരിക്ക (14), ആസ്ട്രേലിയാ (1), ന്യൂസിലൻഡ് (1) എന്നിവിടങ്ങളിലുള്ള ഗ്രീക്ക്, റഷ്യൻ, യുക്രേനിയൻ സഭകളിൽപ്പെട്ട 22 രൂപതകളുടെ മേലും പാത്രിയർക്കീസിനു് അധികാരം ഉണ്ട്.[3] ''വടക്കൻ_തെക്കൻ അമേരിക്കയിലെ ഗ്രീക്ക് ഓത്തഡോക്സ് അതിരൂപത'' ഈ പാത്രിയർക്കേററിന്റെ കീഴിലാണ്. ബ്രൂക്ക്ലിനിലെ ഹോളിക്രോസ് സെമിനാരിയും, 'ഗ്രീക്ക് ഓർത്തഡോക്സ് തിയോളജിക്കൽ റിവ്യൂ' എന്ന പ്രസിദ്ധീകരണവും ഈ സഭ വകയാണ്. മൊത്തം 35 ലക്ഷം അംഗങ്ങൾ ഈ പാത്രിയാർക്കേററിലുണ്ട്.[4]

## 2. അലക്സാണ്ഡ്രിയൻ പാത്രിയാർക്കേററ്

അഞ്ചും ആറും നൂററാണ്ടുകളിലെ ക്രിസ്തുശാസ്ത്രതക്കത്തെത്തുടന്നു് കൽക്കദോൻ അംഗീകരിച്ച ഒരു ന്യൂനപക്ഷം ഈജിപ്തിൽ ഉണ്ടായിരുന്നു. അവർ ആരാധനയ്ക്കു ഗ്രീക്കു ഭാഷ ഉപയോഗിച്ചു. ഏഴാം നൂററാണ്ടിലെ അറബി ആക്രമണം ഈ സഭയേയും വളരെ തളർത്തി. 16_ാം നൂററാണ്ടിൽ തുർക്കികളുടെ ആക്രമണത്തെ തുടന്നു് ഓർത്തഡോക്സ്കാരുടെ അംഗസംഖ്യ വളരെ കുറഞ്ഞു. പാത്രിയർക്കീസുമാർ കോൺസ്റ്റാൻറിനോപ്പിളിൽ താമസിക്കാൻ തുടങ്ങി. 19_ാം നൂററാണ്ടിലാണ് ഈ നില മാറിയതു്. ആഫ്രിക്കയിലുള്ള എല്ലാ ബിസൻറയിൻ ഓർത്തഡോക്സ്കാരുടെമേലും ഈ പാത്രിയർക്കീസിനു് അധികാരമുണ്ട്. ആഫ്രിക്കയിൽ പലസ്ഥലത്തും ഈ സഭ മിഷൻ പ്രവർത്തനം നടത്തുന്നുണ്ട്. 1988 - ലെ കണക്ക

3. *Orthodoxia 1988-1989*, p. 89-102: എക്യുമെനിക്കൽ പാത്രിയാർക്കേററിൽ മൊത്തം 36 രൂപതകളും 97 മെത്രാന്മാരും ഉണ്ട്. തുടർന്നുള്ള സഭകളിലെ മെത്രാന്മാരെക്കുറിച്ചും രൂപതകളെക്കുറിച്ചും ഉള്ള വിവരങ്ങൾ മേൽപ്പറഞ്ഞ ഗ്രന്ഥത്തിൽ നിന്നാണ്.
4. R. G. Roberson, *The Eastern Christian Churches*, p. 9: തുടർന്നു് ഈ ലേഖനത്തിൽ കാണുന്ന ജനസംഖ്യ ഈ കൃതിയിൽ നിന്നാണ്.



നുസരിച്ച് ഈ സഭയിൽ 20 മെത്രാന്മാരും 13 രൂപതകളും $3\frac{1}{2}$ ലക്ഷം ജനങ്ങളും ഉണ്ട്. പാപ്പാ പാർതേനിയോസ് മൂന്നാമനാണ് ഇപ്പോഴത്തെ പാത്രിയക്കീസ്.

## 3. അന്ത്യോക്യൻ പാത്രിയാർക്കേററ്

അലക്സാന്ത്രിയൻ പാത്രിയാർക്കേററിലെപ്പോലെ അന്ത്യോക്യൻ സഭയിലും ഗ്രീക്കു സംസാരിക്കുന്നവരും പട്ടണവാസികളും കാൽസിഡൺ (451) അംഗീകരിച്ചു. കാലക്രമത്തിൽ അവർ ബിസൻറയിൻ സ്വാധീനത്തിൽ വരികയും ബിസൻറയിൻ ലിററർജി സ്വന്തമാക്കുകയും ചെയ്തു. 1322_ൽ മംഗോളിയർ അന്ത്യോക്യ നശിപ്പിച്ചപ്പോൾ പാത്രിയർക്കീസിന്റെ ആസ്ഥാനം ഡമാസ്കസിലേക്കു മാററി. 18_ാം നൂററാണ്ടു മുതൽ പാശ്ചാത്യസഭകളിൽനിന്നുള്ള മിഷനറിമാർ ഈ സഭയിൽ ധാരാളമായി മിഷൻ പ്രവത്തനം നടത്തിയിട്ടുണ്ട്. പാത്രിയർക്കീസ് ഇഗ്നേഷ്യസ് ഹസിമിന്റെ കീഴിൽ 27 മെത്രാന്മാരും 20 രൂപതകളും $7\frac{1}{2}$ ലക്ഷം ജനങ്ങളും ഈ സഭയിലുണ്ട്. പശ്ചിമേഷ്യയ്ക്കു വെളിയിലുള്ള അന്ത്യോക്യൻ ഓർത്തഡോക്സ്കാർക്കു പാത്രിയർക്കീസിന്റെ കീഴിൽ രൂപതകളുണ്ട്. എക്യുമെനിക്കൽ പ്രവർത്തനങ്ങളിൽ ഈ സഭ വളരെ താൽപര്യപൂർവം സഹകരിക്കുന്നു. തികച്ചും 'അറബി ഓർത്തഡോക്സ്' എന്നു പറയാവുന്നതാണ് ഈ സഭ.

## 4. ജറുസലേം പാത്രിയാർക്കേററ്

കൽക്കദോനിയാസിനഡോടു കൂടിയാണ് (451) ജറുസലേം ഒരു പാത്രിയാർക്കേററായതു്. ഇവിടെ കാൽസിഡൺ വിരുദ്ധർ ശക്തി പ്രാപിച്ചില്ല. മറിച്ച്, ബിസൻറയിൻ ഭരണത്തിൻ കീഴിൽ ഈ സഭ വളരെ അഭിവൃദ്ധിപ്പെട്ടു. ഏഴാം നൂററാണ്ടിലെ പേർഷ്യൻ അറബി ആക്രമണങ്ങൾ ഈ സഭയേയും സാരമായി ബാധിച്ചു. കുരിശുയുദ്ധക്കാർ ഇവിടെ ഒരു ലത്തീൻ പാത്രിയാർക്കേററു സ്ഥാപിച്ചു. കുരിശുയുദ്ധകാലത്തിനു ശേഷം ഈ സഭ കൂടുതലായി കോൺസ്റ്റാൻറിനോപ്പിളിന്റെ സ്വാധീനത്തിൽ വന്നു. പലസ്തീനയിലെ മിക്ക വിശുദ്ധ സ്ഥലങ്ങളും ഈ സഭയുടെ നിയന്ത്രണത്തിലാണ്. പാത്രിയർക്കീസും മെത്രാന്മാരും വൈദികരിൽ മിക്കവരും ഗ്രീക്കുകാരാണ്. എന്നാൽ ജനങ്ങളിൽ ഭൂരിഭാഗവും അറബികളാണ്. പാത്രിയർക്കീസ് ദിയദോറോസ് ഒന്നാമന്റെ കീഴിൽ 19മെത്രാന്മാരും 80000 ജനങ്ങളുമുണ്ട്.

www.malankaralibrary.com



## 5. റഷ്യൻ ഓർത്തഡോക്സ് സഭ

റഷ്യയിലെ ആദ്യകാല മിഷണറിമാർ എല്ലാംതന്നെ ബിസന്റയിൻ സഭയിൽ പെട്ടവരായിരുന്നു. ക്രി. വ. 988-ൽ കീവിലെ രാജാവായ വ്ളാഡിമിർ ക്രിസ്ത്യാനിയാകുന്നതോടുകൂടി റഷ്യയിലെ ക്രിസ്തുമതത്തിന്റെ ആരംഭമായി. 1240 വരെ ക്രിസ്തുമതം കീവിൽ വളർന്നുകൊണ്ടിരുന്നു. പ്രസ്തുത വർഷം മാഗോളിയർ ആ പട്ടണം നശിപ്പിച്ചു. 14-ാം നൂററാണ്ടോടുകൂടി മോസ്കോ പ്രാമാണ്യത്തിൽ വരികയും കീവിലെ മെത്രാപ്പോലീത്താ മോസ്കോയിൽ ആസ്ഥാനമുറപ്പിക്കയും ചെയ്തു. 1453-ൽ തുർക്കികൾ കോൺസ്റ്റാൻറിനോപ്പിൾ പിടിച്ചപ്പോൾ, ഓർത്തഡോക്സിയുടെ സംരക്ഷകയായി റഷ്യൻ സഭ മുന്നോട്ടുവരികയും മോസ്കോയെ മൂന്നാം റോമാ ആയി കരുതുകയും ചെയ്തു. 1589-ൽ റഷ്യൻ ഓർത്തഡോക്സ് പാത്രിയാക്കേററ് സ്ഥാപിതമായി. എന്നാൽ 1721-ൽ പീററർ ചക്രവർത്തി അതു നിർത്തൽ ചെയ്തു. ഭരണം സിനഡിനെ ഏൽപ്പിച്ചു. തൽഫലമായി സഭ രാഷ്ട്രത്തിന്റെ ഒരു ഡിപ്പാർട്ടുമെൻറായിത്തീർന്നു. 1917-ലാണ് പേട്രിയാർക്കേററ് പുന:സ്ഥാപിക്കപ്പെടുന്നതു്. എന്നാൽ 1925-ൽ പാത്രിയർക്കീസ് തിക്കോൺ മരിച്ചുകഴിഞ്ഞപ്പോൾ അടുത്തയാളെ 1943-ൽ മാത്രമാണു വാഴിച്ചതു്. റഷ്യയിൽ കമ്യൂണിസ്റ്റാധിപത്യം വന്നശേഷം ക്രൂരമായ മതമർദ്ദനങ്ങളുണ്ടായി. അവസാനം കമ്യൂണിസത്തോടൊത്തു പോകുന്ന ഒരു സഭാജീവിതക്രമം റഷ്യൻ സഭയിലുണ്ടായി. കമ്മ്യൂണിസ്റ്റ് ഭരണകൂടത്തെ എല്ലാകാര്യങ്ങളിലും അവിടത്തെ സഭ പിൻതുണയ്ക്കുന്നു.

റഷ്യൻ ഓർത്തഡോക്സ് സഭയിൽ അഞ്ചുകോടി ജനങ്ങളുണ്ട്. സഭാദ്ധ്യക്ഷന്റെ പേരു് പീമെൻ ഇസ്വെസ്കോവ് (1971-) എന്നാണ്. റഷ്യൻസഭയ്ക്കു് മൊത്തം 86 മെത്രാന്മാരും[5] 63 രൂപതകളുമുണ്ട്. അവയിൽ ബർലിൻ, ഡ്യൂസ്സെൽഡോർഫ്, വിയന്നാ, ബ്രസ്സൽസ്, പാരീസ്, അർജെൻറീനാ എന്നീ രൂപതകളും ഉൾപ്പെടുന്നു.

## 6. റുമേനിയൻ ഓർത്തഡോക്സ് സഭ

ലത്തീൻ സംസ്കാരത്തിലുള്ള ഏക ഒർത്തഡോക്സ് സഭയാണ് ഇതു്. പുരാതനറോമാക്കാരുടെ ഒരു കൂട്ടം പിൻതുടർച്ചക്കാരാണ് തങ്ങൾ എന്നു് റുമേനിയർ കരുതുന്നു. സാംസ്കാരികമായി അവരുടെ ബന്ധം ഇററലിയോടാണ്. മൂന്നാംനൂററാണ്ടോടുകൂടി ക്രിസ്തുമതം ലത്തീൻ രീതിയിൽ റുമേനിയായിൽ പ്രചരിച്ചു. റുമേനിയ ബൾഗേറിയൻ ഭരണത്തിൻ കീഴിൽ വന്നപ്പോൾ (എട്ടാം നൂററാണ്ട്) റുമേനിയാക്കാർ സാവധാനം ബിസൻറയിൻ ആരാധനക്രമം എടുത്തു. റുമേനിയ തുർക്കികളുടെ കീഴിലായപ്പോൾ റുമേനിയയിലെ സഭയും കോൺസ്റ്റാൻറിനോപ്പിളിന്റെ കീഴിൽ വന്നു. 1878-ൽ റുമേനിയ സ്വതന്ത്രമായി. കോൺസ്റ്റാൻറിനോപ്പിൾ 1885-ൽ അവിടത്തെ സഭയെ ഓട്ടോസെഫാലസ് ആയി പ്രഖ്യാപിച്ചു. 1925-ലാണ് പാത്രിയാർക്കേററു സ്ഥാപിച്ചതു്. ട്രാൻസിൽവേനിയാ, ബുക്കൊവീനാ എന്നിവിടങ്ങളിലുണ്ടായിരുന്ന ഓട്ടോണോമസ് സഭകൾ ഇതോടു ചേർക്കപ്പെട്ടു. 1948-ലെ കമ്യൂണിസ്ററ് വിപ്ലവത്തിനു ശേഷം റൊമേനിയൻ സഭ ഭരണകൂടത്തോടു് സർവാത്മനാ സഹകരിച്ചു പ്രവർത്തിക്കുന്നു. ഓർത്തഡോക്സ് ലോകത്തു് റഷ്യൻ സഭ കഴിഞ്ഞാൽ അടുത്ത വലിയ ഓട്ടോസെഫാലസ് സഭയാണിതു്. ബുക്കാറെസ്റ്റിലെ പാത്രിയർക്കീസ് തെയോക്തിസ്റ്റിന്റെ നേതൃത്വത്തിൽ 24 മെത്രാന്മാരും 15 രൂപതകളും ഒരുകോടി 80 ലക്ഷം ജനങ്ങളും ഈ സഭയിലുണ്ട്[6].

5. പഴയ വിശ്വാസക്കാരായ റഷ്യാക്കാർക്കു് 8 മെത്രാന്മാർ റഷ്യയിലുണ്ട് (*Orthodoxia*, p. 127-8). റഷ്യൻ ഭരണകൂടം അവരെ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഓർത്തഡോക്സു സഭകൾ അവരെ അംഗീകരിച്ചിട്ടില്ല. ഇവരെപ്പററി വിശദമായി താഴെ കാണുക.



## 7. ഗ്രീസിലെ ഓർത്തഡോക്സ് സഭ

എട്ടാം നൂററാണ്ടുവരെ ഈ സഭ റോമിലെ മെത്രാന്റെ മേൽനോട്ടത്തിലായിരുന്നു. എട്ടാം നൂററാണ്ടു മുതൽ ഇതു് കോൺസ്റ്റാൻറിനോപ്പിളിന്റെ നേതൃത്വം സ്വീകരിച്ചു. 1833-ൽ ഗ്രീസ് സ്വതന്ത്രമായ ഉടൻ അവിടത്തെ സഭ ഓട്ടോസെഫാലസ് ആണെന്നു് പ്രഖ്യാപിച്ചു. 1850-ൽ കോൺസ്റ്റാൻറിനോപ്പിൾ ഇതു് അംഗീകരിച്ചു. ഇന്നു ഗ്രീസിലെ ഭൂരിഭാഗം ആളുകളും ഈ സഭയിൽ പെട്ടവരാണ്. ലോകത്തിലെ ഏക ഓർത്തഡോക്സ് രാജ്യമാണ് ഗ്രീസ്. സഭയും ഭരണകൂടവും കൈകോർത്തു പോകുന്നു. ആഥൻസിലെ ആർച്ചുബിഷപ്പായ സെറാഫിം ആണ് സഭാധ്യക്ഷൻ. അദ്ദേഹത്തിന്റെ കീഴിൽ 78 രൂപതകളും 100 മെത്രാന്മാരും 90 ലക്ഷം ജനങ്ങളും ഈ സഭയിലുണ്ട്. ആഥൻസിലും തെസ്സലോനിക്കിയിലുമായി രണ്ടു ദൈവശാസ്ത്രഫാക്കൾട്ടികളുണ്ട്. അൽമായരായ നിരവധി ദൈവശാസ്ത്രജ്ഞന്മാർ ഗ്രീക്കു സഭയ്ക്കുണ്ട്. സഭയുടെ ആന്തരിക നവീകരണം ലക്ഷ്യം വച്ചുകൊണ്ടുള്ള സംരംഭങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് സോയേ (Zoe) ''ജീവൻ'' എന്ന സംഘടന.

6. റുമേനിയായിൽ "Biserica crestina de rit vechi (lipoveana)"-യിൽ നാലു മെത്രാന്മാരുണ്ട്: *Ibid.* 112-3.

www.malankaralibrary.com



## 8. സേർബിയൻ ഓർത്തഡോക്സ് സഭ

ഇന്നത്തെ യുഗോസ്ലാവിയായിലെ സഭയാണ് സേർബിയൻ സഭ. പൗരസ്ത്യവും പാശ്ചാത്യവും എന്ന് ക്രിസ്തുമതത്തെ വേർതിരിച്ചിരുന്ന അതിർത്തിയിലായിരുന്നു സേർബിയാ. ആദ്യമാദ്യം കോൺസ്റ്റാൻറിനോപ്പിളിലെസഭ ഇവിടെയെല്ലാം മേല്ക്കോയ്മ നടത്തി. ബിസൻറയിൻ ആരാധനക്രമം പരക്കെ വ്യാപിച്ചു. 1346-ൽ സേർബിയൻ പാത്രിയാർക്കേററ് സ്ഥാപിതമായി. 1375-ൽ കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസ് ഇതു് അംഗീകരിച്ചു. തുർക്കികളുടെ ആക്രമണത്തെത്തുടർന്നു് പാത്രിയാക്കേററ് നിർത്തൽ ചെയ്യപ്പെട്ടു; സേർബിയൻ സഭയുടെ ഓട്ടോസെഫാലസ് പദവി അവസാനിച്ചു. 1920-ലാണ് പാത്രിയാർക്കേററ് പുനഃസ്ഥാപിക്കപ്പെട്ടതു്. അഞ്ചു് സ്വയംഭരണ സേർബിയൻ സഭകൾ ആ പ്രദേശത്തുണ്ടായിരുന്നു. അവയെല്ലാം ഈ ഏക പാത്രിയാർക്കേററിൻെറ കീഴിൽ വന്നു. ബൽഗ്രേഡിൽ താമസിക്കുന്ന സഭാധ്യക്ഷൻെറ കീഴിൽ യുഗോസ്ലാവിയായിലെ എല്ലാ ഓർത്തഡോക്സുകാരും ഉൾപ്പെട്ടു. 1922-ൽ കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസ് ഇതു് അംഗീകരിച്ചു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഈ സഭയ്ക്കു് കമ്യൂണിസ്റ്റുകാരിൽ നിന്നു് പീഡനം സഹിക്കേണ്ടി വന്നു. സഭയിലെ ഒരു ശിഷ്ടവിഭാഗത്തെ കമ്യൂണിസ്ററുകാർ പിന്താങ്ങി സഭയിൽ പിളർപ്പുണ്ടാക്കി.[7] പാത്രിയർക്കീസ് ജർമാൻെറ കീഴിൽ ഈ സഭയിൽ 81 ലക്ഷം ജനങ്ങളും 26 മെത്രാന്മാരും 26 രൂപതകളും ഉണ്ടു്.

## 9. ബൾഗേറിയൻ ഓർത്തഡോക്സ് സഭ

ഒൻപതാം നൂററാണ്ടിലാണ് ബൾഗേറിയാക്കാർ ക്രിസ്ത്യാനികളായതു്. ആദ്യം റോമിൽ നിന്നു് മിഷനറിമാർ ബൾഗേറിയായിൽ പ്രവർത്തിച്ചെങ്കിലും, പിന്നീടു് ബിസൻറയിൻ സഭയുടെ സ്വാധീനത്തിൽ വന്നു. ബൾഗേറിയായിലെ ബോറീസ് രാജാവാണ് ആദ്യം ക്രിസ്ത്യാനിയായതും ക്രിസ്തുമത പ്രചരണം അവിടെ ത്വരിതപ്പെടുത്തിയതും. 13-ാം നൂററാണ്ടിൽ ബൾഗേറിയായിൽ ഒരു പാത്രിയാർക്കേററ് സ്ഥാപിതമായെങ്കിലും 1393-ലെ തുർക്കികളുടെ ആക്രമണത്തോടുകൂടെ അതു് അവസാനിച്ചു. 1945-ൽ ബൾഗേറിയായെ ഒരു ഓട്ടോസെഫാലസ് സഭയായി കോൺസ്റ്റാൻറിനോപ്പിൾ അംഗീകരിക്കയും 1953-ൽ പാത്രിയാർക്കേററ് പുനഃസ്ഥാപിക്കയും ചെയ്തു. കമ്യൂണിസ്റ്റാധിപത്യത്തോടുകൂടി ബൾഗേറിയായിലെ ക്രിസ്ത്യാനികൾക്ക പല പീഡനങ്ങളും അനുഭവിക്കേണ്ടി വന്നിട്ടുണ്ടു്. സോഫിയായിലെ മാക്സിം പാത്രിയർക്കീസിൻെറ കീഴിൽ 80 ലക്ഷം ജനങ്ങളും 24 മെത്രാന്മാരും 14 രൂപതകളും ഉണ്ടു്.

7. 'മാസിഡോണിയൻ ഓർത്തഡോക്സ് സഭ' എന്നു് ഇതറിയപ്പെടുന്നു. ഇതേപ്പററി താഴെ ചർച്ച ചെയ്യുന്നു.



## 10. ജോർജിയൻ ഓർത്തഡോക്സ് സഭ

സോവ്യററ് റഷ്യയിലെ ഒരു സംസ്ഥാനമാണ് ജോർജിയ. അവിടുത്തെ ഓർത്തഡോക്സ് സഭ ജോർജിയൻ ഓർത്തഡോക്സ് സഭ എന്നറിയപ്പെടുന്നു. വി. നീനോ എന്ന സ്ത്രീയുടെ പ്രേഷിത പ്രവർത്തനത്താൽ നാലാം നൂററാണ്ടിൽ ജോർജിയ ക്രിസ്തീയമായി. ആദ്യകാലത്തു് അന്ത്യോക്യൻ പാത്രിയാർക്കേററിനെ ഈ സഭ ആശ്രയിച്ചിരുന്നു. എന്നാൽ ബിസൻറയിൻ, പലസ്തീനിയൻ, സിറിയൻ, പേർഷ്യൻ സഭകളുടെ സ്വാധീനം ഈ സഭയ്ക്കുണ്ടായിട്ടുണ്ടു്. അയൽ രാജ്യമായ അർമേനിയായിലെ സഭയോടൊപ്പം ഈ സഭയും ആദ്യം കാൽസിഡൺ സിനഡ് തിരസ്കരിച്ചെങ്കിലും 607-ൽ അംഗീകരിച്ചു. തുടന്നു ബിസൻറയിൻ സഭയോടൊപ്പം നിന്നു. ഇടയ്ക്കിടെ റോമാസഭയോടും ബന്ധം പുലർത്തി. 19-ാം നൂററാണ്ടിൽ ഈ സഭ റഷ്യൻ സഭയുടെ അധീനത്തിൽ വന്നു. 1917-ൽ ഈ സഭ ഓട്ടോസെഫാലസ് ആയി. 1943-ൽ റഷ്യൻ സഭാ നേതൃത്വം ഇതു് അംഗീകരിച്ചു. കമ്യൂണിസ്റ്റു രാജ്യങ്ങളിൽ ക്രൈസ്തവ സഭയ്ക്കുള്ള ബുദ്ധിമുട്ടുകളൊക്കെ ജോർജിയൻ സഭയ്ക്കുമുണ്ടു്. റഷ്യൻ ഓർത്തഡോക്സ് സഭയെപ്പോലെ ഭരണകൂടവുമായി ഒത്തുചേർന്നു പോകുന്ന നയം ആണ് ഈ സഭ സ്വീകരിച്ചിട്ടുള്ളതു്. ത്ബിലിസ്സിയിലെ കാതോലിക്കോസ് - പാത്രിയർക്കീസ് ഈലിയാ രണ്ടാമൻെറ കീഴിൽ 13 രൂപതകളും 12 മെത്രാന്മാരും 9,45,000 ജനങ്ങളും ഉണ്ടു്.

## 11. സൈപ്രസിലെ ഓർത്തഡോക്സ് സഭ

മധ്യധരണ്യാഴിയിലെ ഈ ദ്വീപ് ഏതാണ്ടു് 700 വർഷം ബിസൻറയിൻ സാമ്രാജ്യത്തിൻെറ ഭാഗമായിരുന്നു. 431 ലെ എഫേസൂസ് കൗൺസിൽ ഈ സഭയെ ഒരു ഓട്ടോസെഫാലസ് സഭയായി അംഗീകരിച്ചു. അറബി ആക്രമണത്തിൽ അറബികൾ കുറേക്കാലം അതു കൈവശപ്പെടുത്തിയെങ്കിലും തുടർന്നു് ബിസൻറയിൻ ഭരണത്തിലായിരുന്നു. സൈപ്രസിലെ സഭ ബിസൻറയിൻ ആരാധനക്രമം ഉപയോഗിക്കുന്നു. കുരിശു യുദ്ധക്കാരുടെ കീഴിലായിരുന്നപ്പോൾ (1191-1571) ജനങ്ങളെ ലത്തീൻ ഹയരാർക്കിയുടെ കീഴിൽ കൊണ്ടുവരാനുള്ള പരിശ്രമം നടന്നു. തുടർന്നു് ടർക്കിയുടെയും ബ്രിട്ടൻെറയും കീഴിൽ വന്നെങ്കിലും ജനങ്ങൾ ഓർത്തഡോക്സ് വിശ്വാസത്തിൽ നിലനിന്നു. 1960 ൽ സൈപ്രസ് സ്വതന്ത്രമായപ്പോൾ ആർച്ചുബിഷപ്പ് മക്കാരിയോസ് രാഷ്ട്രത്തലവനായി. ഇപ്പോൾ

www.malankaralibrary.com



സൈപ്രസിൽ 4½ ലക്ഷം ഓർത്തഡോക്സുകാരുണ്ട്. ആർച്ചുബിഷപ്പ് ക്രിസൊസ്തോമിന്റെ കീഴിൽ ആറു രൂപതകളും ആറു മെത്രാന്മാരും ഉണ്ട്.

## 12. പോളണ്ടിലെ ഓർത്തഡോക്സ് സഭ

പത്താം നൂററാണ്ടിലാണ് പോളണ്ട് ക്രൈസ്തവ രാജ്യമാകുന്നത്. കോൺസ്റ്റാന്റിനോപ്പിളിൽ നിന്നും ജർമ്മനിയിൽ നിന്നും മിഷൻ പ്രവർത്തനം നടന്നു. അതിന്റെ ഫലമായി പോളണ്ടിൽ ലത്തീൻകാരും ബിസന്റയിൻകാരുമായ ക്രൈസ്തവരുണ്ടായി. ഭൂരിഭാഗം ക്രൈസ്തവരും ലത്തീൻ സഭയിൽപ്പെട്ട കത്തോലിക്കരാണ്. ഓർത്തഡോക്സുകാർ ഏതാണ്ട് 6 ലക്ഷം മാത്രമേയുള്ളു. വാസിലി എന്ന മെത്രാപ്പോലീത്തായുടെ കീഴിൽ 5 രൂപതകളും 4 മെത്രാന്മാരും ഈ സഭയ്ക്കുണ്ട്. വാർസോയാണു കേന്ദ്രം. 1925-ൽ കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസ് പോളണ്ടിലെ ഓർത്തഡോക്സുസഭയെ ഓട്ടോസെഫാലസ് ആയി അംഗീകരിച്ചു. 1948-ലാണ് റഷ്യൻ പാത്രിയർക്കീസ് ഇത് അംഗീകരിച്ചത്.

## 13. അൽബേനിയൻ ഓർത്തഡോക്സ് സഭ

അൽബേനിയായിൽ നാലാം നൂററാണ്ടിനു മുൻപേ ക്രിസ്തുമതം പ്രചരിച്ചു. വടക്കു ഭാഗത്ത് ലത്തീൻ രീതികളും തെക്കു ഭാഗത്ത് ബിസന്റയിൻ രീതികളുമാണ് പ്രചരിക്കയും വളരുകയും ചെയ്തത്. റോമൻ, ബിസന്റയിൻ, സ്ലാവിക്, ബൾഗേറിയൻ, സേർബിയൻ, ഒട്ടോമൻ ടർക്കിഷ് സാമ്രാജ്യങ്ങളുടെ ഭാഗമായിരുന്നു അൽബേനിയാ. പതിനഞ്ചാം നൂററാണ്ടിലെ ടർക്കിഷ് ആക്രമണം അൽബേനിയൻ സഭയെ സാരമായി ബാധിച്ചു. ടർക്കിഷ് ഭരണത്തിൻ കീഴിൽ ഈ സഭ കോൺസ്റ്റാന്റിനോപ്പിളിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായി. 1937-ൽ അൽബേനിയൻ സഭയെ ഓട്ടോസെഫാലസ് ആയി കോൺസ്റ്റാന്റിനോപ്പിൾ അംഗീകരിച്ചു. എന്നാൽ 1945-ലെ കമ്മ്യൂണിസ്റ്റു വിപ്ലവത്തോടുകൂടി ക്രൈസ്തവ സഭയ്ക്കെതിരായ നിലപാട് ഭരണകൂടം സ്വീകരിച്ചു. എല്ലാ ആരാധനാലയങ്ങളും തകർത്തു. ലോകത്തിലെ ആദ്യത്തെ നിരീശ്വര രാജ്യമാണ് അൽബേനിയ എന്ന് അവരുടെ റേഡിയോ പ്രഖ്യാപിച്ചു. ഒരു മതത്തിന്റെയും യാതൊരുതര മതകർമ്മങ്ങളും അൽബേനിയായിൽ അനുവദനീയമല്ല. ഏതാണ്ട് 1½ ലക്ഷം ഓർത്തഡോക്സുകാർ അൽബോനിയായിൽ ഉണ്ട്. ബാബേലിലെ അഗ്നിച്ചൂളയിലാണ് അൽബേനിയായിലെ ദൈവവിശ്വാസികൾ.



## 14. ചെക്കോസ്ലോവാക്യൻ ഓർത്തഡോക്സ് സഭ

പോളണ്ടുപോലെ ചെക്കൊസ്ലൊവാക്കിയയും മുഖ്യമായും ഒരു കത്തോലിക്കാരാജ്യമാണ്. 1863 ലാണ് പ്രാഗിൽ ആദ്യത്തെ ഓർത്തഡോക്സ് സമൂഹം സ്ഥാപിതമായത്. ചെക്കൊസ്ലൊവാക്കിയയിലെ വിവിധ ഓർത്തഡോക്സ് സഭാവിഭാഗങ്ങളെ ഒന്നിച്ചു ചേർത്ത് അവിടെ ഒരു ഓട്ടോസെഫാലസ് ഓർത്തഡോക്സ് സഭ രൂപീകരിച്ചംഗീകരിച്ചത് റഷ്യൻ പാത്രിയർക്കീസാണ് (1951). എന്നാൽ കോൺസ്റ്റാന്റിനോപ്പിൾ അവരെ ഓട്ടോണോമസ് ആയിട്ടേ അംഗീകരിക്കുന്നുള്ളു. ഈ സഭയിൽ ചേരാൻ നിർബന്ധിക്കപ്പെട്ട പൗരസ്ത്യകത്തോലിക്കർക്ക് 1968-ൽ പൗരസ്ത്യകത്തോലിക്കരായി തുടരാൻ ഭരണകൂടം അനുവാദം നൽകിയതിനാൽ കത്തോലിക്കരെല്ലാം ഈ സഭയിൽ നിന്നുമാറി. ഓർത്തഡോക്സ് സഭാദ്ധ്യക്ഷൻ ആർച്ചുബിഷപ്പ് ദൊറോതെയോസിന്റെ കീഴിൽ ചെക്കൊസ്ലൊവാക്കിയൻ ഓർത്തഡോക്സ് സഭയ്ക്ക് 4 രൂപതകളും രണ്ടു മെത്രാന്മാരും 212,000 ജനങ്ങളും ഉണ്ട്.

## 15. അമേരിക്കയിലെ ഓർത്തഡോക്സ് സഭ (OCA)[8]

ഈ സഭയുടെ ആരംഭം അലാസ്കയിലെ ഓർത്തഡോക്സ് മിഷനോടുകൂടി (1794) ആണ്. 1868 ൽ അലാസ്ക അമേരിക്കൻ ഐക്യനാടുകളുടെ ഭാഗമായി. അവിടെയുള്ള റഷ്യൻ ഓർത്തഡോക്സ് സഭ വളരെ വേഗം വളർന്നു. സഭയുടെ ആസ്ഥാനം പിന്നീട് സാൻഫ്രാൻസിസ്കോയിലേക്കും (1872) ന്യൂയോർക്കിലേക്കും (1905) മാററി. 1926 ൽ ഈ സഭ റഷ്യൻ ഓർത്തഡോക്സ് സഭയുമായുള്ള ബന്ധം വിച്ഛേദിച്ചു. 1935 ൽ, ''റഷ്യയ്ക്കു പുറത്തുള്ള റഷ്യൻ ഓർത്തഡോക്സ്സഭ''യോടു ചേർന്നു. 1946 ൽ ഇതിൽ ഭൂരിഭാഗവും നാമമാത്രമായിട്ടാണെങ്കിലും റഷ്യൻ ഓർത്തഡോക്സ് സഭാദ്ധ്യക്ഷന്റെ നേതൃത്വം അംഗീകരിച്ചു; ചെറിയൊരു വിഭാഗം മാറി നിന്നു. 1970 ൽ റഷ്യൻ പാത്രിയർക്കീസ് ഈ സഭയെ ഓട്ടോസെഫാലസ് സഭയായി പ്രഖ്യാപിച്ചു: ''അമേരിക്കയിലെ ഓർത്തഡോക്സ് സഭ'' എന്ന് പേരും നൽകി. എന്നാൽ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസ് ഇത് അംഗീകരിച്ചില്ല. മറെറല്ലാ ഓർത്തഡോക്സ് സഭകളുമായി ഈ സഭ കൂട്ടായ്മയിലാണ്. വിവിധ ഓർത്തഡോക്സ് സഭാ വിഭാഗങ്ങൾ ഈ സഭയിൽ ചേർന്നിട്ടുണ്ട്. ഈ സഭയുടെ തനി റഷ്യൻ ഛായ തന്നെ ഇപ്പോൾ മാറി, ഇത് ഒരു അമേരിക്കൻ ഓർത്തഡോക്സ് സഭയായി തീർന്നിട്ടുണ്ട്. ഈ സഭയിൽ 40 % യുക്രേനിയൻ- കർപാതോ റഷ്യൻ; 20 % റുമേനിയൻ; 15 % റഷ്യൻ; 8 % അൽബേനിയൻ; 7% അലെവുത് - എസ്കിമോകൾ;

8. Orthodox Church in America

www.malankaralibrary.com



10 % അമേരിക്കൻ വെള്ളക്കാർ. ന്യൂയോർക്കിലെ സെൻറ് വ്ളാഡിമീർസ് സെമിനാരിയും പ്രസിദ്ധീകരണങ്ങളും ഈ സഭ വകയാണ്. മെത്രാപ്പോലീത്താ തിയഡോഷ്യസിൻെറ നേതൃത്വത്തിൽ ഈ സഭയിൽ ഇപ്പോൾ 10 ½ ലക്ഷം ജനങ്ങളും 10 രൂപതകളും 15 മെത്രാന്മാരും ഉണ്ട്.

## 2 ഓട്ടോണോമസ് സഭകൾ

മിക്കവാറും എല്ലാ കാര്യങ്ങളിലും ഈ സഭകൾക്ക് സ്വയം ഭരണമാണ്; എന്നാൽ ഓട്ടോസെഫാലസ് എന്ന നില ഇതുവരെ കൈവരിച്ചിട്ടില്ല. ഓട്ടോണോമസ് സഭകളുടെ തലവന്മാരെ ഏതെങ്കിലും ഒരു ഓട്ടോസെഫാലസ് സഭയുടെ അദ്ധ്യക്ഷൻ അംഗീകരിച്ചിരിക്കണം. അതായത്, ചില കാര്യങ്ങളിലെങ്കിലും ഈ സഭകൾ മററ് ഓർത്തഡോക്സ് സഭകളെ ആശ്രയിക്കുന്നവയാണ്.

താഴെപ്പറയുന്നവയാണ് ഓട്ടോണോമസ് ഓർത്തഡോക്സ് സഭകൾ:

1. സീനായ് മലയിലെ ആശ്രമസഭ
2. ഫിൻലൻഡിലെ ഓർത്തഡോക്സ് സഭ
3. ജപ്പാനിലെ ഓർത്തഡോക്സ് സഭ
4. ചൈനയിലെ ഓർത്തഡോക്സ് സഭ

### 1. സീനായ് മലയിലെ ആശ്രമസഭ

സീനായ് മലയിൽ മോശക്കു കല്പന ലഭിച്ച സ്ഥലത്ത് ജസ്റ്റീനിയൻ ചക്രവർത്തി ആറാം നൂററാണ്ടിൽ ഒരാശ്രമം പണിതു. 1575 മുതൽ ഈ ആശ്രമത്തെ ഒരു ഓട്ടോണമസ് സഭയായി ബിസൻറയിൻ സഭകൾ കണക്കാക്കുന്നു. ആശ്രമത്തിലെ സന്ന്യാസികൾ ആശ്രമാധ്യക്ഷനെ തെരഞ്ഞെടുക്കുന്നു. ജറുസലേം ഓർത്തഡോക്സ് പാത്രിയർക്കീസാണ് പട്ടം നൽകുന്നത്. ആശ്രമത്തിലും, അതിനു ചുററുമുള്ള അലഞ്ഞു നടക്കുന്ന അറബികളുടെ മേലും (Bedouins) മാത്രമേ അദ്ദേഹത്തിന് അധികാരമുള്ളു. ചിലപ്പോഴൊക്കെ ആശ്രമാധ്യക്ഷനായ മെത്രാൻ കെയ്റോയിലുള്ള ഒരാശ്രമത്തിലാണ് താമസിക്കുന്നത്. നിരവധി അമൂല്യ കയ്യെഴുത്തു രേഖകളും ഐക്കണുകളും ഈ ആശ്രമത്തിലുണ്ട്. ഇപ്പോഴത്തെ മെത്രാൻ ദമിയാനോസ് ആണ്. 28 സന്ന്യാസികളുൾപ്പെടെ മൊത്തം 900 ആളുകൾ മാത്രമാണ് ഈ ആശ്രമസഭയിലുള്ളത്.



### 2. ഫിൻലൻഡിലെ ഓർത്തഡോക്സ് സഭ

മധ്യകാലഘട്ടത്തിൽ മാനസാന്തരപ്പെട്ട കരേലിയൻ ഗോത്രവർഗ്ഗക്കാരുടെ പിൻതലമുറക്കാരാണ് ഈ സഭാംഗങ്ങൾ. ഫിൻലൻഡ് റഷ്യയുടെ ഭാഗമായിരുന്നപ്പോൾ റഷ്യൻ സഭ ഈ സഭക്കു നേതൃത്വം നൽകി. ഫിൻലൻഡ് സ്വതന്ത്രമായിക്കഴിഞ്ഞപ്പോൾ (1917) അവിടത്തെ ഓർത്തഡോക്സ് സഭ കോൺസ്റ്റാൻറിനോപ്പിളിലേക്കു തിരിച്ചു. ഈ സഭയുടെ ഓട്ടോണമി 1923 ൽ കോൺസ്റ്റാൻറിനോപ്പിളും 1957_ൽ മോസ്കോയും അംഗീകരിച്ചു. ഫിൻലൻഡിൽ ലൂഥറൻ സഭ കഴിഞ്ഞാൽ അംഗസംഖ്യയിൽ രണ്ടാമത്തെ സഭയാണ് ഓർത്തഡോക്സ് സഭ (58,540). ആർച്ചുബിഷപ്പ് ജോണിൻെറ കീഴിൽ നാലു രൂപതകളും നാല് മെത്രാന്മാരും ഈ സഭയിലുണ്ട്.

### 3. ജപ്പാനിലെ ഓർത്തഡോക്സ് സഭ

റഷ്യൻ ഓർത്തഡോക്സ് സഭയുടെ ജപ്പാനിലെ മിഷൻ പ്രവർത്തനത്തോടുകൂടി (1861) ആരംഭിച്ചതാണ് ഈ സഭ. പെട്ടെന്ന് ഈ സഭ ജപ്പാൻകാരുടേതു മാത്രമായി. അമേരിക്കയിലെ റഷ്യൻ മെത്രാപ്പോലീത്തായുടെ കീഴിൽ കുറേനാൾ വന്നു (1945 _ 70). 1970_ൽ മോസ്കോ ഈ സഭയെ ഓട്ടോണമസ് ആയി പ്രഖ്യാപിച്ചു. അതുകൊണ്ട് ഇതു സ്വതന്ത്രസഭയാണ്; എന്നാൽ സഭാദ്ധ്യക്ഷനെ മോസ്കോ പാത്രിയാർക്കേററ് അംഗീകരിക്കേണ്ടതുണ്ട്. തിയഡോഷ്യസ് മെത്രാപ്പോലീത്തായുടെ കീഴിൽ 25,000 ജനങ്ങളും രണ്ടു രൂപതകളും ഒരു മെത്രാനും ഉണ്ട്.

### 4. ചൈനയിലെ ഓർത്തഡോക്സ് സഭ

ഈ സഭയുടെ ആരംഭം 17_ാം നൂററാണ്ടിലാണ്. ചില റഷ്യൻ ഓർത്തഡോക്സ് മിഷനറിമാർ ചൈനയിൽ പ്രവർത്തിച്ചു. 19-ാം നൂററാണ്ടിൽ റഷ്യൻ സഭ തുടർന്നും പ്രവർത്തിച്ചു. എന്നാൽ 1914 വരെ വളരെ കുറച്ചേ വിശ്വാസികൾ ഉണ്ടായിരുന്നുള്ളു (5000). റഷ്യൻ വിപ്ലവ കാലത്ത് കുടിയേററം വഴി അത് രണ്ടു ലക്ഷത്തോളമായി. എന്നാൽ ചൈനീസ് വിപ്ലവത്തോടുകൂടി ഇതിൽ മിക്കവരും ചൈനയ്ക്കു പുറത്തായി. 1957_ൽ മോസ്കോ പാത്രിയർക്കീസ് ഈ സഭയെ ഓട്ടോണമസ് ആയി പ്രഖ്യാപിച്ചു. ഇന്ന് ഈ സഭയുടെ അവസ്ഥയെപ്പററി വിവരം ഒന്നും ഇല്ല.

www.malankaralibrary.com



## 3 കോൺസ്റ്റാൻറിനോപ്പിളിൻെറ കീഴിലുള്ള കാനോനിക സഭകൾ

മാതൃരാജ്യങ്ങളിൽ ഉള്ള മതമർദ്ദനം മൂലം മററു രാജ്യങ്ങളിൽ കുടിയേറിയവരുടെ സഭകളാണിവ. അവ കോൺസ്റ്റാൻറിനോപ്പിളിലെ എക്യൂമെനിക്കൽ പാത്രിയർക്കീസിൻെറ ആദ്ധ്യാത്മിക നേതൃത്വത്തിൻ കീഴിൽ വന്നു. ഇതിൻെറ കീഴിൽ വരുന്ന നാലു സഭകളാണുള്ളത്.

### 1. അമേരിക്കൻ കർപാതോ - റഷ്യൻ ഓർത്തഡോക്സ് ഗ്രീക്ക് കത്തോലിക്കാ സഭ

ഈ സഭ അമേരിക്കയിൽ മാത്രമേയുള്ളു. സോവ്യററു റഷ്യയുടെയും ചെക്കൊസ്ലൊവാക്കിയയുടെയും അതിർത്തിയിലുള്ള കർപാതോ - റഷ്യയിൽനിന്നു് അമേരിക്കയിൽ 19-ാം നൂററാണ്ടിൽ കുടിയേറിയവരാണിവർ. കുടിയേറിയ അവസരം അവരെല്ലാം തന്നെ റുതേനിയൻ റീത്തിൽപ്പെട്ട കത്തോലിക്കരായിരുന്നു. അന്നു് അവരുടെ വൈദികർ വിവാഹിതരായിരുന്നു. എന്നാൽ വടക്കേ അമേരിക്കയിൽ ജോലി ചെയ്യുന്ന പൗരസ്ത്യ സഭാംഗങ്ങളായ കത്തോലിക്കാ വൈദികരെല്ലാം അവിവാഹിതരായിരിക്കണമെന്നു് 1929 ൽ റോം തീരുമാനിച്ചു. ഇതു് റോമും റുതേനിയൻ സഭയും തമ്മിൽ ഉണ്ടാക്കിയ ഉടമ്പടിയുടെ ലംഘനമായിരുന്നു എന്നു് വാദിച്ചുകൊണ്ടു് ഈ കത്തോലിക്കാ സഭയിൽപ്പെട്ട നിരവധിയാളുകൾ ഓർത്തഡോക്സുകാരായി. കോൺസ്റ്റാൻറിനോപ്പിളിൻെറ കീഴിൽ 1936-ൽ അവർ ഒരു പ്രത്യേക ഓർത്തഡോക്സുസഭയായിത്തീർന്നു. എന്നാൽ തെക്കൻ- വടക്കൻ അമേരിക്കയിലെ ഗ്രീക്കു് ഓർത്തഡോക്സു് അതിരൂപതയുടെ ആദ്ധ്യാത്മിക നേതൃത്വത്തിൻ കീഴിലാണവർ. ബിഷപ്പ് നിക്കൊളാസിൻെറ നേതൃത്വത്തിൽ 71 ഇടവകകളിലായി 106, 900 ആളുകൾ ഈ സഭയിലുണ്ടു്.

### 2. അമേരിക്കയിലെ യുക്രേനിയൻ ഓർത്തഡോക്സ് സഭ

റുതേനിയൻ കത്തോലിക്കാ സഭയിൽ സംഭവിച്ചതുപോലെ യുക്രേനിയൻ കത്തോലിക്കാ സഭയിലും സംഭവിച്ചു. വൈദികരുടെ വിവാഹമായിരുന്നു ഇവിടെയും പ്രധാന പ്രശ്നം. യുക്രേനിയൻ ഓർത്തഡോക്സു സഭയിൽ ചേരാതെ കോൺസ്റ്റാൻറിനോപ്പിളിൻെറ കീഴിൽ ഒരു ഓർത്തഡോക്സു് രൂപതയായി ഈ കത്തോലിക്കർ മാറി. ഇവരും മുകളിൽ പറഞ്ഞ അതിരൂപതയുടെ ആദ്ധ്യാത്മിക നേതൃത്വത്തിൻ കീഴിലാണ്. ബിഷപ്പ് Vsevolod ൻെറ കീഴിൽ 32 ഇടവകകളും 47000 ആളുകളും ഈ സഭയിലുണ്ടു്.



### 3. പശ്ചിമ യൂറോപ്പിലെ റഷ്യൻ ഓർത്തഡോക്സ് അതിരൂപത

റഷ്യൻ വിപ്ലവത്തോടുകൂടി (1917) പശ്ചിമ യൂറോപ്പിൽ വന്ന റഷ്യൻ കുടിയേററക്കാർ രൂപം കൊടുത്തതാണിതു്. റഷ്യയ്ക്കു പുറത്തുള്ള റഷ്യൻ ഓർത്തഡോക്സു സഭയുടെ ഭാഗമാകാൻ അവർ ആഗ്രഹിച്ചില്ല. 1931-ൽ അവർ കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസിൻെറ നേതൃത്വം അംഗീകരിച്ചു. പാരീസിലുള്ള "വി. സേർജിയൂസിൻെറ ഓർത്തഡോക്സ് ദൈവശാസ്ത്ര സ്ഥാപനം" (Orthodox Theological Institute of St. Sergius) ഈ സഭ വകയാണ്. ആർച്ചുബിഷപ്പ് ജോർജ്ജ് വാഗ്നറുടെ കീഴിൽ ഒരു ലക്ഷം ജനങ്ങൾ ഈ സഭയിലുണ്ടു്.

### 4. അമേരിക്കയിലെ അൽബേനിയൻ ഓർത്തഡോക്സ് രൂപത

അൽബേനിയ കമ്മ്യൂണിസ്റ്റാധിപത്യത്തിൽ വന്നപ്പോൾ അമേരിക്കയിൽ കുടിയേറിയ അൽബേനിയാക്കാരിൽ ഭൂരിഭാഗവും ഒരതിരൂപതയുണ്ടാക്കി അമേരിക്കയിലെ ഓർത്തഡോക്സ് സഭയിൽ ചേർന്നു. എന്നാൽ ഒരു ന്യൂനപക്ഷം മാറിനിന്നു് കോൺസ്റ്റാൻറിനോപ്പിളിൻെറ കീഴിൽ ഒരു രൂപത ഉണ്ടാക്കി. തലവൻ ഒരു 'വികാരി'യാണ്. വടക്കൻ - തെക്കൻ അമേരിക്കയിലെ ഗ്രീക്കു് ഓർത്തഡോക്സ് അതിരൂപതാധ്യക്ഷനായ യക്കോവോസിൻെറ കീഴിലാണ് ഈ വികാരി. രണ്ടിടവകകളിലായി 5100 ആളുകളേ ഈ സഭയിലുള്ളു. റവ. ഇലിയാ കാത്റ് ആണ് 'വികാരി ജനറാൾ'.

## 4 കാനോനികമായി അംഗീകാരമില്ലാത്ത സഭകൾ

ഈ വിഭാഗത്തിൽ ആറു് ഓർത്തഡോക്സ് സഭകളുണ്ടു്. ഓർത്തഡോക്സ് സഭ മൊത്തത്തിൽ ഈ സഭകളുടെ കാനോനികാസ്തിത്വം ചോദ്യം ചെയ്യുന്നു. എല്ലാം ഒരേ തലത്തിലല്ലെന്നു മാത്രം. ചിലതു് പൂർണമായും ശീശ്മ സഭകളാണ്; മററു ചിലതു് അകാനോനികമാണ് ഓർത്തഡോക്സ് ദൃഷ്ടിയിൽ.

### 1. പഴയ വിശ്വാസക്കാർ (Old Believers)

പതിനേഴാം നൂററാണ്ടിൽ റഷ്യൻ ഓർത്തഡോക്സ് സഭയിലുണ്ടായ ശീശ്മയുടെ ഫലമാണ് ഈ സഭ. റഷ്യൻ പാത്രിയർക്കീസ് നിക്കോൺ റഷ്യൻ സഭയിലെ ആചാരങ്ങളെ ഗ്രീക്കു സഭയുടേതുമായി അനുരൂപപ്പെടുത്താൻ ശ്രമിച്ചു. അതിൽ പ്രതിഷേധിച്ച

www.malankaralibrary.com



ഒരു കൂട്ടം റഷ്യൻ ഓർത്തഡോക്സുകാരാണ് ഈ സഭ സ്ഥാപിച്ചത്. അവാകം (Avvakum) എന്ന വൈദികന്റെ നേതൃത്വത്തിലാണ് ഇതു നടന്നത്. അദ്ദേഹം ജീവനോടെ ദഹിപ്പിക്കപ്പെട്ടു. അദ്ദേഹത്തിന്റെ അനുയായികൾ 'പഴയ വിശ്വാസികൾ' എന്ന് അറിയപ്പെട്ടു. മാറ്റം കൂടാത്ത പുരാതന റഷ്യൻ ഓർത്തഡോക്സ് ആചാരങ്ങളാണ് ഇക്കൂട്ടരുടേത്. കാലാന്തരത്തിൽ ഈ സഭ മൂന്നായി പിളർന്നു. റഷ്യയിലും റഷ്യയ്ക്കു പുറത്തും ഇപ്പോഴും അവർ മൂന്നു വിഭാഗമായി തുടരുന്നു. മറ്റ് ഓർത്തഡോക്സ് സഭകളുമായി ഇവർക്കു സംസർഗമില്ല. സോവ്യറ്റ് വിപ്ലവത്തിനുശേഷം അവരുടെ സംഖ്യ ഗണ്യമായി കുറഞ്ഞു: 2,681,833 പേരുണ്ട് ഈ സഭയിൽ. റഷ്യ ഈ സഭയെ അംഗീകരിച്ചിട്ടുണ്ട്. ഇവർക്ക് എട്ടു മെത്രാന്മാരുണ്ട്. (പേ. 138 കാണുക)

## 2. റഷ്യയ്ക്കു പുറത്തുള്ള റഷ്യൻ ഓർത്തഡോക്സ് സഭ

റഷ്യൻ വിപ്ളവത്തോടുകൂടി പത്തു ലക്ഷത്തോളം റഷ്യാക്കാർ ലോകത്തിന്റെ പല ഭാഗങ്ങളിൽ കുടിയേറി. 1921-ൽ റഷ്യയ്ക്കുപുറത്തുള്ള റഷ്യൻ മെത്രാന്മാർ ഒരു സിനഡ് സ്ഥാപിച്ച് അധികാരം സിനഡിൽ നിക്ഷേപിച്ചു. 1922-ൽ റഷ്യൻ പാത്രിയർക്കീസ് തിക്കോൻ ഇത് ഔദ്യോഗികമായി നിർത്തൽ ചെയ്തു. എങ്കിലും ഇതു തുടർന്നും പ്രവർത്തിച്ചു. അതു നിയമാനുസൃതമല്ലെന്നും അകാനോനികമാണെന്നും റഷ്യൻ പാത്രിയർക്കീസ് ഔദ്യോഗികമായി കരുതുന്നു. അതുപോലെ ഈ സഭയും മോസ്കോ പാത്രിയർക്കീസിനെ അംഗീകരിക്കുന്നില്ല. 1949- മുതൽ ഈ സമൂഹത്തിന്റെ ആസ്ഥാനം ന്യൂയോർക്കാണ്. എക്യുമെനിക്കൽ പ്രസ്ഥാനങ്ങളോട് തണുപ്പൻ സമീപനമാണിവർക്കുള്ളത്. വിതാലി മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ 1½ ലക്ഷം ജനങ്ങൾ ഈ സഭയിലുണ്ട്. (പേ. 138 കാണുക)

## 3. യുക്രേനിയൻ ഓർത്തഡോക്സ് സഭ

യുക്രേൻ റഷ്യയിലെ ഒരു സംസ്ഥാനമാണ്. കീവ് (Kiev) ആണ് തലസ്ഥാനം. റഷ്യയിൽ ആദ്യം ക്രൈസ്തവ മാനസാന്തരം നടന്നത് കീവിലാണ്. 1240-ൽ മംഗോളിയർ കീവ് നശിപ്പിച്ചെങ്കിലും സഭ നശിച്ചുപോയില്ല. 1488-നു ശേഷം കീവിലെ സഭ കൂടുതൽ സ്വതന്ത്രമായി. കോൺസ്റ്റാന്റിനോപ്പിളിന്റെ കീഴിലുള്ള ഒരു സഭയായി രൂപം പ്രാപിച്ചു. എന്നാൽ മോസ്കോ പ്രാമാണ്യത്തിലെത്തിയതോടുകൂടി കീവിന്റെ സ്വാതന്ത്ര്യം കുറയാൻ തുടങ്ങി. 1686-ൽ കോൺസ്റ്റാന്റിനോപ്പിളിന്റെ കീഴിൽ നിന്നു



മാറ്റി കീവിലെ സഭയെ മോസ്കോയുടെ കീഴിൽ കൊണ്ടുവന്നു. റഷ്യൻ വിപ്ലവം വരെ ഇതായിരുന്നു സ്ഥിതി. ഒന്നാം ലോകമഹായുദ്ധാനന്തരമുള്ള കലങ്ങിമറിഞ്ഞ അന്തരീക്ഷത്തിൽ യുക്രേൻ സ്വാതന്ത്ര്യം പ്രഖ്യാപിക്കയും പുതിയ ഭരണകൂടം യുക്രേനിയൻ സഭയെ 1919-ൽ ഒരു ഓട്ടോസെഫാലസ് സഭയായി അംഗീകരിക്കയും ചെയ്തു. 1920-ൽ യുക്രേനിൽകൂടിയ സഭാ സിനഡ് ഇതംഗീകരിച്ചു. എന്നാൽ ഓർത്തഡോക്സ് ലോകത്തുള്ള ഒരു മെത്രാനും ഇതംഗീകരിച്ച് ഈ വിഭാഗത്തിനു മെത്രാൻ പട്ടം കൊടുക്കാൻ തയ്യാറായില്ല. ഉടനെ വൈദികരും അൽമായരും കൂടി കൈവച്ച് ഒരാളെ മെത്രാനായി വാഴിച്ചു. ഇത് ഓർത്തഡോക്സ് പാരമ്പര്യത്തിനു കടക വിരുദ്ധമായിരുന്നതിനാൽ ഒരു ഓർത്തഡോക്സ് സഭയും ഇവരെ അംഗീകരിച്ചില്ല. അവരെല്ലാം ഇതിനെ കൺസീലിയർ സഭ (സൊബൊർനോപ്രവ്നാ) എന്നു വിളിച്ചു. കമ്മ്യൂണിസ്റ്റ് പ്രേരണയാൽ 1930-ൽ ഈ സഭാ നേതൃത്വം റഷ്യൻ ഓർത്തഡോക്സ് സഭയിൽ ചേർന്നു. രണ്ടാം ലോകമഹായുദ്ധ കാലത്ത് കുറേനാളത്തേയ്ക്ക് ഈ സഭ പുനരുദ്ധരിക്കപ്പെട്ടെങ്കിലും തുടർന്ന് റഷ്യൻ സഭയുടെ കീഴിലായി. 1918-20 കാലഘട്ടങ്ങളിൽ യൂറോപ്പിലും അമേരിക്കയിലുമുള്ള പല യുക്രേനിയൻ സഭക്കാർ ഓട്ടോസെഫാലസ് യുക്രേനിയൻ ഓർത്തഡോക്സ് സഭകളായി സ്വയം പ്രഖ്യാപിച്ചു. യുക്രേനിലെ സൊബൊർനോപ്രവ്നാ സഭയിൽ നിന്നുള്ളവരായിരുന്നു അവരുടെ മെത്രാന്മാർ; എന്നാൽ പിന്നീട് അവരിൽ പലരെയും മറ്റ് ഓർത്തഡോക്സ് സഭാദ്ധ്യക്ഷന്മാർ പട്ടം കൊടുത്ത് മെത്രാന്മാരാക്കിയവരായിരുന്നു. അതുകൊണ്ട് ശരിയായ കൈവയ്പ് തങ്ങൾക്ക് ഇപ്പോൾ ഉണ്ടെന്ന് ഇക്കൂട്ടർ അവകാശപ്പെടുന്നെങ്കിലും എല്ലാ ഓർത്തഡോക്സ് സഭകളും ഇതംഗീകരിച്ചിട്ടില്ല. യു. എസ്. എ. കാനഡാ, പശ്ചിമയൂറോപ്പ് എന്നിവിടങ്ങളിലായി മൂന്ന് സഭകൾ ഇവർക്കുണ്ട്. അവർ പരസ്പരം കൂട്ടായ്മയിലാണ്. മ്സ്തിസ്ലാവ് മെത്രാപ്പോലീത്തായെ യുക്രേനിയൻ ഓർത്തഡോക്സ് സഭയിലെ ഒന്നാമത്തെ അദ്ധ്യക്ഷനായി ഇവരെല്ലാം കണക്കാക്കുന്നു. 2½ ലക്ഷം ആളുകൾ ഈ സഭയിലുണ്ട്. ഇവർക്ക് ഏഴു മെത്രാന്മാരും ഏഴു രൂപതകളും ഉണ്ട്.

## 4. ബൈലോറഷ്യൻ ഓട്ടോസെഫാലസ് ഓർത്തഡോക്സ് സഭ

സോവ്യറ്റ് റഷ്യയിലെ ഒരു പ്രദേശമാണ് ബൈലോ റഷ്യ (White Russia). തങ്ങളുടെ രാഷ്ട്രീയസ്വാതന്ത്ര്യം വീണ്ടെടുക്കാൻ ഈ പ്രദേശത്തുള്ള ജനങ്ങൾ പലപ്പോഴും പരിശ്രമിച്ചിട്ടുണ്ട്; ഒപ്പം സഭാപരമായ സ്വാതന്ത്ര്യവും. ഇവിടത്തെ സഭ മോസ്കോപാത്രിയാർക്കേറ്റിന്റെ കീഴിലായിരുന്നു. 1917-നുശേഷം കുറേക്കാല

www.malankaralibrary.com



ത്തേക്ക് അവർ ഒരു ഓട്ടോസെഫാലസ് ബൈലോറഷ്യൻ ഓർത്തഡോക്സ് സഭയായി പ്രഖ്യാപിച്ചെങ്കിലും അത് ദീർഘനാൾ നീണ്ടുനിന്നില്ല. രണ്ടാം ലോകമഹായുദ്ധകാലത്തും പരിശ്രമങ്ങൾ നടന്നു. അതും പരാജയപ്പെട്ടു. ഈ പ്രദേശത്തുനിന്ന് മററിടങ്ങളിലേക്കു കുടിയേറിയവർ റഷ്യയ്ക്കു പുറത്തുള്ള റഷ്യൻ ഓർത്തഡോക്സ് സഭയിൽ 1946-ൽ ചേർന്നു. എന്നാൽ 1949-ൽ ഒരു വിഭാഗം ബൈലോറഷ്യൻ മെത്രാന്മാർ സ്വയം ഓട്ടോസെഫാലസ് ആയി പ്രഖ്യാപിച്ച് പ്രസ്തുത സഭയിൽ നിന്നു വിട്ടുമാറി. ഈ സഭയെ ഓർത്തഡോക്സ് സഭകളൊന്നും അംഗീകരിച്ചിട്ടില്ല. ആർച്ചുബിഷപ്പ് അൻഡ്രെയ് ക്രിററിൻെറ നേതൃത്വത്തിൽ അമേരിക്കയിൽ ഒരു ലക്ഷം ജനങ്ങളുണ്ട്.

## 5. മാസിഡോണിയൻ ഓർത്തഡോക്സ് സഭ

യുഗോസ്ലാവിയായിലെ ഒരു സംസ്ഥാനമാണ് മാസിഡോണിയാ. ബാൾക്കൻ യുദ്ധം വരെ (1912-3) ഈ പ്രദേശം ടർക്കിയുടെ ഭാഗമായിരുന്നു. മാസിഡോണിയൻ ഭാഷ സംസാരിക്കുന്ന ഓർത്തഡോക്സുകാരായിരുന്നു ഇവിടുത്തെ ജനങ്ങൾ. 1913-ൽ സേർബിയ ഈ പ്രദേശം പിടിച്ചെടുത്തപ്പോൾ ഈ സഭ സേർബിയൻ ഓർത്തഡോക്സ് സഭയുടെ ഭാഗമായി. 1958-ൽ പ്രസ്തുത പാത്രിയർക്കീസ് ഇവർക്ക് ഓട്ടോണമി നൽകിയെങ്കിലും 1967-ൽ സ്വയം ഓട്ടോസെഫാലസ് ആയി പ്രഖ്യാപിക്കയും സേർബിയൻ പാത്രിയാർക്കേററിനോടുള്ള കൂട്ടായ്മ വിച്ഛേദിക്കയും ചെയ്തു. ഇതിനെ ഒരു ശീശ്മ സഭയായും അവരുടെ നടപടിയെ അകാനോനികമായും സേർബിയൻ സഭയും മററ് ഓർത്തഡോക്സ് സഭകളും കരുതുന്നു. ഒരു ഓർത്തഡോക്സ് സഭയും ഇവരെ അംഗീകരിച്ചിട്ടില്ല. ആർച്ചുബിഷപ്പ് ഗബ്രീലിൻെറ നേതൃത്വത്തിൽ 12 ലക്ഷം ജനങ്ങൾ ഈ സഭയിലുണ്ട്. (മുകളിൽ പേജ് 140 കാണുക)

## 6. പഴയ കലണ്ടർ ഗ്രീക്ക് ഓർത്തഡോക്സ് സഭ

1924 ഓടുകൂടി ഓർത്തഡോക്സ് സഭകളും ജൂലിയൻ കലണ്ടർ മാററി ഗ്രിഗോറിയൻ കലണ്ടർ[9] എടുക്കാൻ തുടങ്ങി. കോൺ

9. ക്രി.മു. 46-ൽ ജൂലീയസ് സീസർ ഒരു കലണ്ടർ നടപ്പാക്കി. 16-ാം നൂററാണ്ടായപ്പോഴേക്കും ഈ കലണ്ടറിൽ 10 ദിവസത്തെ തെററുണ്ടായി. ഗ്രിഗറി 13-ാമൻ മാർപ്പാപ്പാ (1572-85) ഈ തെററു തിരുത്താനായി ഒരു ഡിക്രി 1582 ഫെബ്രുവരി 24-ന് പ്രസിദ്ധീകരിച്ചു. അതനുസരിച്ച് ആ വർഷം ഒക്ടോബർ 4-നു ശേഷം അടുത്ത ദിവസം ഒക്ടോബർ 15 ആയി എല്ലായിടത്തും കണക്കാക്കണം എന്നു തീരുമാനിക്കപ്പെട്ടു. അകത്തോലിക്കാസഭകൾ സാവധാനത്തിലാണ് ഇതു സ്വീകരിച്ചതു്.



സ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസാണ് അതിനു നേതൃത്വം നൽകിയതു്. ജൂലിയൻ കലണ്ടർ ഗ്രിഗോറിയൻ കലണ്ടറിനേക്കാൾ 12 ദിവസം പുറകിലായിരുന്നു. ജറുസലേം, റഷ്യൻ, സേർബിയൻ പാത്രിയാർക്കേററുകളും ആഥോസ്മലയിലെ സന്യാസികളും ഒഴിച്ച് മറെറല്ലാ ഓർത്തഡോക്സുകാരും മാററമില്ലാത്ത പെരുന്നാളുകൾക്ക് ഇതു സ്വീകരിച്ചു. ഉയിർപ്പിനും മാററമുള്ള തിരുനാളുകൾക്കും അവർ ജൂലിയൻ കലണ്ടർ തന്നെ ഉപയോഗിച്ചു. ഗ്രീസിലുള്ള ചില വിഭാഗങ്ങൾ ഇതിൽ പ്രതിഷേധിച്ചു. അവരെ അടിച്ചമർത്താൻ നോക്കിയിട്ടും നടന്നില്ല. ഔദ്യോഗിക സഭ അവരെ സഭാഭ്രഷ്ടരാക്കിയെങ്കിലും അവർ ഗ്രീസിൽ പലയിടങ്ങളിലും തങ്ങളുടെ രീതിയിൽ മുന്നോട്ടുപോകുന്നു. അവരിൽ തന്നെ ഇപ്പോൾ പല വിഭാഗങ്ങളുണ്ട്. ഏതാണ്ട് $2\frac{1}{4}$ ലക്ഷം ജനങ്ങൾ ഈ സഭയിലുണ്ട്. ഇവരെ ഓർത്തഡോക്സ് സഭകൾ അംഗീകരിച്ചിട്ടില്ല.[10]

10. മുകളിൽ പേജ് 132-ലെ ഗ്രന്ഥസൂചിക കാണുക.

www.malankaralibrary.com

അധ്യായം 12

# പൗരസ്ത്യ കത്തോലിക്കാ സഭകൾ

പൗരസ്ത്യ കത്തോലിക്കാ സഭകളിൽ ചിലത്ു് എന്നും കാതോലിക സംസർഗത്തിൽ നിലനിന്നവയാണ്. എന്നാൽ മററു ചിലത്ു് ഓർത്തഡോക്സ്് സഭകളിൽ നിന്നു് റോമൻ കത്തോലിക്കാ സഭയുമായുള്ള ഐക്യത്തിലെത്തിച്ചേർന്നവയാണ്. റോമാ സഭയുമായി സംസർഗത്തിൽ കഴിയുന്ന സഭകളുടെമേൽ മാർപാപ്പായ്ക്കു് നേരിട്ടുള്ള ഭരണാധികാരം ശക്തിയായി ഊന്നിപ്പറയാൻ തുടങ്ങിയ കാലഘട്ടത്തിനുശേഷം ഐക്യപ്പെട്ടവയാണ് ഈ സഭകളിൽ മിക്കവയും. 'റീത്തു്' എന്ന പദം ഈ പശ്ചാത്തലത്തിലാണ് പാശ്ചാത്യസഭയിൽ ഉണ്ടായത്ു്. ഐക്യപ്പെട്ട സഭകൾ ആരാധനക്രമങ്ങൾ പാലിച്ചുകൊണ്ടു് കത്തോലിക്കാ സഭയിൽ 'റീത്തുകളായി' മാറി. ഈ ചിന്താഗതിയുടെ വെളിച്ചത്തിൽ, ലത്തീൻ സഭയുമായി താദാത്മ്യപ്പെടത്തക്കവിധം ഈ പൗരസ്ത്യറീത്തുകളിൽ മിക്കവയിലും വെട്ടിത്തിരുത്തലുകൾ നടന്നു. വൈദിക പരിശീലനത്തിലൂടെ ലത്തീനീകരണം എളുപ്പമായി. സ്വന്തം സഭയുടെ വ്യക്തിത്വത്തെപ്പററിയുള്ള അവബോധം ചിലയിടങ്ങളിലെങ്കിലും വിസ്മരിക്കപ്പെട്ടു. റോമൻ കൂരിയായുടെ ഒരു ഡിപ്പാർട്ടുമെൻറായ പൗരസ്ത്യസംഘം വഴി ഈ പൗരസ്ത്യ സഭകൾ ഭരിക്കപ്പെടാൻ തുടങ്ങി.

ഇക്കഴിഞ്ഞ കൗൺസിലിനുശേഷം പല പൗരസ്ത്യസഭകളിലും കൗൺസിൽ അനുസരിച്ചു് മാററങ്ങൾ വന്നുകൊണ്ടിരിക്കയാണ്. പൗരസ്ത്യർക്കു തന്നെയും തങ്ങളുടെ വിളിയെപ്പററിയുള്ള ആഴമായ ബോദ്ധ്യം വർദ്ധിച്ചു വരികയാണ്. തങ്ങളുടെ അസ്തിത്വത്തിൻെറ അർത്ഥം ഗ്രഹിച്ചു്, ലത്തീനീകരണങ്ങളും കൂട്ടിച്ചേർക്കലുകളും നീക്കി റോമൻ കത്തോലിക്കാസഭയ്ക്കും ഓർത്തഡോക്സ് സഭകൾക്കും ഇടയിൽ പാലമായി വർത്തിക്കേണ്ടവരാണ് തങ്ങളെന്ന അവബോധം പല സഭകൾക്കും ഇന്നു് കൂടുതലായി ഉണ്ടായിട്ടുണ്ടു്. തങ്ങൾ ലത്തീൻ സഭയുടെ ഭാഗമല്ലെന്നും കത്തോലിക്കാസഭയിൽ തങ്ങൾ



സഭകളാണെന്നും ചില സഭകളെങ്കിലും പറഞ്ഞു തുടങ്ങിയിട്ടുണ്ടു്. ആമുഖമായി ഇത്രയും. ഇനി ഓരോ പൗരസ്ത്യ കത്തോലിക്കാസഭയെയും പററി ചുരുക്കമായി ചർച്ചചെയ്യാം.

## 1. സീറോ-മലബാർ സഭ

മാർത്തോമാശ്ലീഹായിൽ നിന്നു സുവിശേഷം സ്വീകരിച്ചവരുടെ പിൻതലമുറ. ഈ സഭ ഒരിക്കലും കാതോലികത്വം നഷ്ടപ്പെടുത്തിയിട്ടില്ല. പേർഷ്യയിലെ ക്രൈസ്തവ സഭയുമായിട്ടായിരുന്നു ഈ സഭയുടെ അടുപ്പം. ആരാധനക്രമത്തിൽ പൗരസ്ത്യസുറിയാനിയുപയോഗിച്ചു. റോമൻ രീതികളിൽ നിന്നു വ്യത്യസ്തമായതൊക്കെ ശീശ്മയും പാഷണ്ഡതകളുമാണ് എന്നു ധരിച്ചവരായ പോർട്ടുഗീസ്് മിഷനറിമാർ ഈ സഭയെ 'കാതോലികമാക്കാൻ' 16-ാം നൂററാണ്ടിൽ ശ്രമങ്ങളാരംഭിച്ചു. ലത്തീൻ രീതികൾ അടിച്ചേൽപിച്ചു് റോമൻ കത്തോലിക്കാ (ലത്തീൻ) സഭയുടെ ഭാഗമാക്കാൻ ഉള്ള പരിശ്രമങ്ങളാണ് പോർട്ടുഗീസുകാർ നടത്തിയത്ു്. തദ്ഫലമായി 1653-ൽ ഭാരതത്തിലെ അപ്പസ്തോലിക സഭ 'കൂനൻ കുരിശുസത്യം' എന്നറിയപ്പെടുന്ന ചരിത്ര സംഭവത്തിലൂടെ ഇതിൽ ശക്തിയായി പ്രതിഷേധിച്ചു. എങ്കിലും ഭൂരിപക്ഷം ആളുകളും തുടർന്നു് പാശ്ചാത്യ മിഷനറി നേതൃത്വം അംഗീകരിച്ചു. 1896-വരെ ഇവയ്ക്കു് ലത്തീൻ സഭയിൽപ്പെട്ട പാശ്ചാത്യ ലോകത്തുനിന്നുള്ള മെത്രാന്മാരെയാണ് ലഭിച്ചത്ു്. ഇത്ു് സഭാതലത്തിലുള്ള കൊളോണിയലിസമായിരുന്നു എന്നു കരുതുന്നവരുണ്ടു്. ഈ സഭയെ ലത്തീൻ സഭയുടെ ഭാഗമാക്കാൻ 300 വർഷം നടത്തിയ ശ്രമങ്ങളെ ഈ സഭ എതിർത്തുകൊണ്ടിരുന്നു. അവസാനം 1923_ൽ ഈ സഭയുടെ ഹയരാർക്കി പുനഃസ്ഥാപിച്ചു. എന്നാൽ അപ്പോഴേക്കും 'യൂണിയേററ്' സഭയുടെ മിക്ക ദോഷഫലങ്ങളും ഈ സഭ സ്വന്തമാക്കിക്കഴിഞ്ഞു. സഭയുടെ വ്യക്തിത്വത്തെപ്പററിയുള്ള അവബോധം കുറെയൊക്കെ നശിച്ചുകഴിഞ്ഞു; പൗരസ്ത്യമായവയെ വെറുക്കുകയും പാശ്ചാത്യമായവയോടു് അമിത മമത പുലർത്തുകയും ചെയ്യുന്ന പലരും ഈ കാലഘട്ടം കൊണ്ടുണ്ടായി. അൽമായർ സഭാകാര്യങ്ങളിൽ മുമ്പു് കാണിച്ച താല്പര്യം കുറയുകയും സഭാദ്ധ്യക്ഷൻെറ ഛായ പാടേ മാറുകയും ചെയ്തു. മധ്യകാലഘട്ടത്തിലെ കേന്ദ്രീകൃത സിസ്റ്റത്തിൻെറ തുടർച്ചയായ ഭരണ സംവിധാനം ലത്തീൻ സഭയിൽനിന്നു് ഇവിടെ പ്രചരിച്ചിരുന്നതിനാൽ അത്ു് തുടർന്നു. പൗരസ്ത്യമെന്നതിനേക്കാൾ പാശ്ചാത്യ ഘടകങ്ങൾക്കാണ് ഈ സഭയിൽ മുൻതൂക്കം എന്നു പലരും അഭിപ്രായപ്പെടുന്നു. പാശ്ചാത്യ ലോകത്തുനിന്നുള്ള ലത്തീൻ മിഷനറിമാരിലൂടെയാണ് ഇതു സാധിച്ചത്ു്. അവർ നൽകിയ വൈദിക പരിശീലനം ഇവിടത്തെ അപ്പസ്തോലിക സഭയ്ക്കു് ഒട്ടും ചേരുന്നതായിരുന്നില്ല. തങ്ങളുടെ അസ്തിത്വത്തിൻെറ അർത്ഥം

www.malankaralibrary.com



തന്നെ പലരും മറന്നു. 'മാർത്തോമാശ്ലീഹായുടെ ഇൻഡ്യൻ സഭ' എന്ന പേരുതന്നെ ഇല്ലാതായി; പകരം ഈ സഭയുടെ വ്യക്തിത്വം പ്രസ്പഷ്ടമാക്കാൻ ഒരു തരത്തിലും സഹായകമല്ലാത്ത 'സീറോ-മലബാർ റീത്ത്' എന്ന പേരും നൽകി. എന്നും കാതോലിക സംസർഗത്തിൽനിന്ന ഈ അപ്പസ്തോലിക സഭയ്ക്ക് ഇന്നും ഒരു തലവനില്ല; സിനഡുമില്ല. ഇത് ഒരു അസെഫാലസ് സഭയാണ്. ഏതാണ്ട് 30 ലക്ഷത്തോളം ജനങ്ങൾ ഈ സഭയിലുണ്ട്. സ്വതന്ത്ര ലോകത്തുള്ള ഏററം വലിയ പൗരസ്ത്യ കത്തോലിക്കാസഭയാണിത്. കേരളത്തിലും പുറത്തുമായി 21 രൂപതകളും 22 മെത്രാന്മാരും ഈസഭയ്ക്കുണ്ട്.

## 2. മലങ്കര കത്തോലിക്കാ സഭ

കേരളത്തിലെ ഓർത്തഡോക്സുകാരിൽനിന്നും യാക്കോബായക്കാരിൽ നിന്നും 1930-ൽ കാതോലികസംസർഗത്തിലെത്തിച്ചേർന്ന സഭയാണിത്. 1653-ൽ കൂനൻ കുരിശുസത്യം ഉണ്ടായപ്പോൾ മുതൽ തുടങ്ങിയതാണ് പുനരൈക്യ പരിശ്രമങ്ങൾ. എന്നാൽ ഭാഗികമായിട്ടാണെങ്കിലും അതു പൂവണിഞ്ഞത് 1930-ൽ ആണ്. ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് എന്ന ബഥനി മെത്രാപ്പൊലീത്താ ആണ് അതിനു നേതൃത്വം നൽകിയത്. വെറും അഞ്ചു പേരോടുകൂടി തുടങ്ങിയ ഈ സഭൈക്യ പ്രസ്ഥാനത്തിൽ ഇപ്പോൾ മൂന്നുലക്ഷം പേരുണ്ട്. മൂന്നു രൂപതകളും അഞ്ചു മെത്രാന്മാരും ഈ സഭയിലുണ്ട്. റോമൻ കത്തോലിക്കാ സഭയുടെയും മലങ്കരയിലെ ഓർത്തഡോക്സ് സഭകളുടെയും ഇടയിൽ പാലമായി വർത്തിക്കുകയാണ് ഈ സഭയുടെ ദൗത്യം. ഓർത്തഡോക്സിയുടെ ഘടകങ്ങൾ ഒന്നും നഷ്ടപ്പെടുത്താതെ കാതോലികത്വത്തിൽ ജീവിക്കുകയാണ് ലക്ഷ്യം. വ്യക്തിത്വം നഷ്ടപ്പെടുത്താതെ റോമിലെ അപ്പസ്തോലിക സഭയുമായുള്ള സമ്പൂർണ്ണമായ ഐക്യത്തിലേക്ക് ഓർത്തഡോക്സിയെ ക്ഷണിക്കുക എന്ന ജോലി അത്ര എളുപ്പമല്ല. 'വിശ്വവ്യാപകമായ' റോമൻ സഭയുമായി ഐകരൂപ്യപ്പെട്ടു പോകാനുള്ള ബദ്ധപ്പാട് പലയിടങ്ങളിലും കുറച്ചൊന്നുമല്ല കാണുക. എന്നാൽ സീറോ-മലബാർ സഭ ലത്തീനീകരിക്കപ്പെട്ടതുപോലെ ഈ സഭയ്ക്കു സംഭവിച്ചിട്ടില്ല. എന്നാൽ ഇനിയും ബഹുദൂരം ഓടിയെങ്കിലേ ദൗത്യം നിർവഹിക്കാൻ മലങ്കരക്കാർക്കു സാധിക്കൂ. തത്വത്തിൽ, കാതോലിക സംസർഗത്തിൽ വ്യക്തിത്വമുള്ള സഭയാണെങ്കിലും, പ്രായോഗികമായി വ്യക്തിത്വം ഇനിയും വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. പൗരസ്ത്യ സഭാഘടന അനുസരിച്ചുള്ള തലവനോ, സിനഡോ ഈ സഭയ്ക്കുമില്ല. ഇപ്പോൾ (1988) ഭാരതത്തിലെ കത്തോലിക്കാ സഭാധ്യക്ഷന്മാരുടെ സമ്മേളനത്തിൻെറ തലവൻ തിരുവനന്തപുരം ആർച്ചുബിഷപ്പ് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായാണ്.



## 3. സിറിയൻ കത്തോലിക്കാ സഭ

അന്ത്യോക്യൻ യാക്കോബായാ സുറിയാനി സഭയിൽ നിന്ന് റോമാസഭയുമായുള്ള സമ്പൂർണ്ണമായ ഐക്യത്തിൽ എത്തിയവരുടെ സഭയാണിത്. ഏതാണ്ട് എട്ടാം നൂററാണ്ടു മുതൽ ഐക്യസംരംഭങ്ങൾ നടത്തിയവർ അന്ത്യോക്യൻ യാക്കോബായാ സഭയിലുണ്ടായിരുന്നു. എന്നാൽ മധ്യകാലഘട്ടത്തിലെ കുരിശുയുദ്ധം മൂലം ലത്തീൻ കത്തോലിക്കരുമായി കൂടുതൽ അടുക്കുവാൻ ഈ സഭക്കാർക്കു സാധിച്ചു. കുരിശു യോദ്ധാക്കളോടുകൂടി വന്ന മിഷനറിമാരുടെ പ്രവർത്തനഫലമായി ഐക്യവാഞ്ഛ ശക്തിപ്പെട്ടു. 13-ാം നൂററാണ്ടിലും ഫ്ളോറൻസ് കൗൺസിലിൻെറ കാലത്തും (1438-9) ഐക്യം ഒരു യാഥാർത്ഥ്യമായിത്തീരും എന്നു കരുതിയവരുണ്ട്. ഫ്ളോറൻസ് കൗൺസിലിൽ യാക്കോബായാ പാത്രിയർക്കീസും നിരവധി യാക്കോബായാ മെത്രാന്മാരും സംബന്ധിച്ചു. എന്നാൽ ഐക്യം നടന്നില്ല. തുടർന്നുള്ള മിഷൻപ്രവർത്തനഫലമായി ധാരാളം യാക്കോബായക്കാർ കത്തോലിക്കരായി. 1662-ൽ അവർക്കായി ഒരു പാത്രിയർക്കീസിനെ വാഴിച്ചു. അതു് യാക്കോബായക്കാരും കത്തോലിക്കരും തമ്മിൽ വളരെയധികം ഉരസലുകൾക്ക് ഇടം നൽകി. തുർക്കികൾ 1829-ൽ സ്വതന്ത്രമായ സഭാ പ്രവർത്തനം അനുവദിക്കയും സുറിയാനി കത്തോലിക്കരെ ഒരു സഭയായി അംഗീകരിക്കയും ചെയ്തപ്പോൾ ഈ സഭ വളരെ വേഗം വളരാൻ തുടങ്ങി. എന്നാൽ ഒന്നാം ലോകമഹായുദ്ധകാലത്ത് മററ് പല പൗരസ്ത്യ സഭകൾക്കും സംഭവിച്ചതുപോലെ ഈ സഭയുടെ അംഗങ്ങളും ക്രൂരമായ കൂട്ടക്കൊലയ്ക്കു വിധേയരായി. പശ്ചിമേഷ്യ, യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളിൽ ഈ സഭയുടെ അംഗങ്ങളുണ്ട്. ഏതാണ്ട് ഒരു ലക്ഷം ജനങ്ങൾ ഈ സഭയിലുണ്ട്. (മുകളിൽ പേ. 125-7 കാണുക)

## 4. കോപ്തിക് കത്തോലിക്കാ സഭ

ഫ്ളോറൻസ് കൗൺസിലിൻെറ കാലത്താണ് കത്തോലിക്കാ സഭയും കോപ്തിക് സഭയും തമ്മിൽ കാര്യമായ ഐക്യചർച്ച നടന്നത്. കോപ്റ്റിക് പാത്രിയർക്കീസിൻെറ രണ്ട് പ്രതിനിധികൾ ഐക്യഫോർമുലയിൽ ഒപ്പുവച്ചു. എന്നാൽ അതു് യാഥാർത്ഥ്യവൽക്കരിക്കപ്പെട്ടില്ല. തുടർന്ന് കപ്പൂച്ചിൻ (1630) ജസ്വിട്ട് (1675) മിഷനറിമാർ ഈജിപ്റ്റിൽ പ്രവർത്തിച്ചു തുടങ്ങി. അവരുടെ പ്രവർത്തനഫലമായി കുറേപേർ കത്തോലിക്കരായി. അവർക്കായി 1824-ൽ കോപ്റ്റിക് കത്തോലിക്കാ പാത്രിയാർക്കേററു സ്ഥാപിതമായി. എന്നാൽ 1895 മുതലേ അതു് പ്രവർത്തനം തുടങ്ങിയുള്ളൂ. എന്നാൽ പിന്നെയും നിന്നുപോയി. പിന്നീട് പുനരാരംഭിച്ചത് ഈയടുത്ത കാലത്തുമാത്രമാണ്. ഈ സഭയിൽ ഒന്നരലക്ഷം ജന

www.malankaralibrary.com



ങ്ങളും പാത്രിയർക്കീസ് സ്റ്റെഫാനൂസ് രണ്ടാമൻ ഖട്ടാസിന്റെ കീഴിൽ 6 രൂപതകളും 8 മെത്രാന്മാരും ഉണ്ട്. (പേ. 127_8 കാണുക)

## 5. എത്യോപ്യൻ കത്തോലിക്കാ സഭ

ഈശോ സഭക്കാരുടെ പ്രവർത്തന ഫലമായി പതിനാറാം നൂററാണ്ടിൽ എത്യോപ്യൻ സഭയെ കത്തോലിക്കാ സഭയുമായുള്ള സംസർഗത്തിൽ കൊണ്ടുവരാൻ സാധിച്ചു. 1622_ൽ എത്യോപ്യൻ രാജാവ് കത്തോലിക്കനായി. ഗ്രിഗറി പതിനഞ്ചാമൻ പാപ്പാ അൽഫോൻസ് മെൻഡെസ് എന്ന പോർട്ടുഗീസ് ജസ്വിട്ട് വൈദികനെ 1623_ൽ എത്യോപ്യൻ പാത്രിയർക്കീസാക്കി. 1626_ൽ റോമാസഭയും എത്യോപ്യൻ ഓർത്തഡോക്സ് സഭയും തമ്മിലുള്ള ഐക്യം വിളംബരം ചെയ്തു. അതിനെ എതിർത്തവരെ കഠിനമായി പീഡിപ്പിച്ചു. തുടന്ന് എത്യോപ്യൻ ലിററർജി ലത്തീനീകരിക്കാനുള്ള നീക്കങ്ങളാരംഭിച്ചു. 1632_ൽ സുസേൻയോസ് രാജാവ് മരിച്ചപ്പോൾ പിൻഗാമിയായി വന്ന രാജാവ് ജസ്വിട്ടരെ തുരത്തി, ലത്തീൻ സഭയുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിച്ചു; അനേകം കത്തോലിക്കാ മിഷനറിമാരെ കൊന്നു. പിന്നെ കത്തോലിക്കാ മിഷൻ പ്രവർത്തനം തുടങ്ങുന്നത് 1839_ൽ ലാസറിസ്റ്റ് മിഷനറിമാരുടെ വരവോടുകൂടിയാണ്. തുടർന്ന് കപ്പൂച്ചിൻ സന്ന്യാസികളും എത്തി. അപ്പോഴും ജനരോഷം കുറഞ്ഞിരുന്നില്ല. 1889-നു ശേഷം മാത്രമാണ് സമാധാനപൂർണമായി പ്രവർത്തിക്കാൻ അവർക്കു സാധിച്ചത്. ഇററലി എത്യോപ്യയെ കീഴടക്കിയ കാലം (1937_45) കത്തോലിക്കാ മിഷൻ പ്രവത്തനം വർധിച്ചു. 1961-ൽ എത്യോപ്യൻ കത്തോലിക്കർക്കു വേണ്ടി ഒരു മെത്രാപ്പോലീത്തൻ ആസ്ഥാനം സ്ഥാപിതമായി. മൂന്നു രൂപതകളിലായി 113,384 ജനങ്ങൾ എത്യോപ്യൻ കത്തോലിക്കാ സഭയിലുണ്ട്. (പേ. 128-9 കാണുക)

## 6. അർമേനിയൻ കത്തോലിക്കാ സഭ

കുരിശുയുദ്ധക്കാരുടെ കാലത്ത് സിലിഷ്യയിലെ അർമേനിയൻ ഓർത്തഡോക്സ് സഭ റോമുമായി സമ്പൂർണ്ണ ഐക്യത്തിലെത്തിച്ചേർന്നു. ഇക്കാലത്ത് അർമേനിയൻ ആരാധനക്രമത്തിൽ നിരവധി ലത്തീൻ രീതികൾ സ്വീകരിക്കപ്പെട്ടു. കുരിശുയുദ്ധക്കാരുടെ പരാജയത്തോടുകൂടി റോമൻ – അർമേനിയൻ ബന്ധം ശിഥിലമായി. ഫ്ളോറൻസ് കൗൺസിലിൽ അർമേനിയൻ കാതോലിക്കോസ് കോൺസ്റ്റൻടൈൻ ആറാമൻ സംബന്ധിച്ചു. ഐക്യത്തിനുള്ള ഒരു ഡിക്രി അവിടെ വച്ച് ഒപ്പുവച്ചു. എന്നാൽ ഒന്നും പ്രായോഗികമായില്ല. തുടർന്നുള്ള നൂററാണ്ടുകളിൽ അർമേനിയരുടെ ഇടയിൽ വളരെയധികം മിഷൻ പ്രവർത്തനം നടന്നു.



1742_ൽ ലെബനോൻ കേന്ദ്രമാക്കി അർമേനിയൻ കത്തോലിക്കാ പാത്രിയാർക്കേററ് സ്ഥാപിതമായി. 1915_ൽ തുർക്കികൾ നടത്തിയ അർമേനിയൻ കൂട്ടക്കൊലയിൽ 30,000 അർമേനിയൻ കത്തോലിക്കർ കൊല്ലപ്പെട്ടു. പല രൂപതകളും തുടച്ചുനീക്കപ്പെട്ടു. 1928_ൽ രൂപതകൾ പുനഃസ്ഥാപിതമായി. ഇന്ന് ബെയ്റൂട്ടിലും അലെപ്പോയിലുമാണ് അർമേനിയൻ കത്തോലിക്കർ അധികവും. അർമേനിയൻ കത്തോലിക്കാ പാത്രിയർക്കീസ് ബെയ്റൂട്ടിൽ താമസിക്കുന്നു. ഒരു ലക്ഷത്തി അറുപതിനായിരം വിശ്വാസികളും 13 രൂപതകളും 16 മെത്രാന്മാരും ഈ സഭയിലുണ്ട്. (പേ.130-1 കാണുക)

## 7. കൽദായ കത്തോലിക്കാ സഭ

പേർഷ്യൻ ക്രൈസ്തവരുടെ ഇടയിൽ 13_ാം നൂററാണ്ടു മുതൽക്കേ ഫ്രാൻസിസ്ക്കൻ, ഡൊമിനിക്കൻ സന്ന്യാസികൾ പ്രവർത്തിച്ചു തുടങ്ങി. 1552_ൽ ഒരു കൂട്ടം പേർഷ്യൻ ക്രിസ്ത്യാനികൾ ജോൺ സൂലാക്കാ എന്നു പേരുള്ള സന്ന്യാസിയെ പാത്രിയർക്കീസായി തെരഞ്ഞെടുത്ത് റോമിലേക്കയച്ചു. പാത്രിയർക്കീസ് സ്ഥാനം അക്കാലത്ത് കുടുംബവഴിക്കായിരുന്നു. അതിൽ പ്രതിഷേധിച്ചവരാണ് ഇപ്രകാരം ചെയ്തത്. 1553_ൽ ജൂലിയസ് മൂന്നാമൻ പാപ്പാ സൂലാക്കായെ പാത്രിയർക്കീസായി നിയമിച്ചു. ഇതിന്റെ ഫലമായി പേർഷ്യൻ സഭയിൽ ഒന്നിലേറെ പാത്രിയർക്കീസുമാരുണ്ടായി. 1558_ൽ കേരളത്തിൽ വന്ന മാർ യൗസേപ്പ് മെത്രാൻ ഈ സൂലാക്കായുടെ സഹോദരനായിരുന്നു. 1700 വരെ ഈ റോമൻ ബന്ധം നിലനിന്നു. പല പല വിഭാഗങ്ങൾ കാതോലിക സംസർഗത്തിലേക്കു വന്നു. കാലാന്തരത്തിൽ സൂലാക്കായുടെ പിൻഗാമികൾ റോമൻ ബന്ധം നഷ്ടപ്പെടുത്തി. സൂലാക്കായുടെ എതിരാളികൾ കത്തോലിക്കാ സഭാസംസർഗത്തിൽ വന്നുചേർന്നു. പേർഷ്യൻ സഭയിൽ ഭൂരിഭാഗവും കത്തോലിക്കരാണ്. ഒന്നാം ലോകമഹായുദ്ധത്തിൽ 70,000 കൽദായ കത്തോലിക്കർ കൊല്ലപ്പെട്ടു. ഈ അടുത്തകാലത്തുണ്ടായ ഇറാൻ – ഇറാക്കു യുദ്ധവും അവരുടെ അംഗസംഖ്യ ഗണ്യമായി കുറച്ചു. കൽദായ കത്തോലിക്കരിൽ ഭൂരിഭാഗവും ഇറാക്കിലാണ്. ഈയടുത്തകാലത്ത് വളരെയധികം കൽദായ കത്തോലിക്കർ അമേരിക്കയിലേക്ക് കുടിയേറിയിട്ടുണ്ട്. പൗരസ്ത്യ സുറിയാനി ആരാധനക്രമമാണ് കൽദായ കത്തോലിക്കരുടേത്. ഇവരും വളരെയധികം ലത്തീനീകരണത്തിനു വിധേയരായവരാണ്. മൊത്തം 428, 667 ജനങ്ങൾ ഈ സഭയിലുണ്ട്.

www.malankaralibrary.com



## 8. മാറോനീത്താ സഭ

പ്രധാനമായും ലബനോൻ കേന്ദ്രമാക്കിയുള്ള ഒരു അന്ത്യോക്യൻ സഭയാണ് മാറോനീത്താ സഭ. ഇതിന്റെ ഉത്ഭവം ഇപ്പോഴും നിഗൂഢമാണ്. അഞ്ചാം നൂററാണ്ടിന്റെ ആരംഭം മുതൽ ലബനോനിൽ സുറിയാനി ക്രിസ്ത്യാനികളുടെ സമൂഹങ്ങളുണ്ടായിരുന്നു. പിന്നീട് വടക്കുപടിഞ്ഞാറൻ സിറിയായിൽ നിന്ന് കൂടുതൽ സുറിയാനി ക്രിസ്ത്യാനികൾ, മലകൾ നിറഞ്ഞ ലബനനിൽ കുടിയേറി. അതുപോലെ 'സിറിയാ സെക്കൻദാ'യിലെ അപ്പമേയ പട്ടണത്തിനടുത്ത് ഒരു പ്രധാനപ്പെട്ട സന്ന്യാസഭവനം ഉണ്ടായിരുന്നു. അന്ത്യോക്യൻ പാത്രിയാർക്കേററിലെ സ്വാധീനമുള്ള സന്ന്യാസഭവനങ്ങളിൽ ഒന്നായിരുന്നിത്. 423-നു മുമ്പു മരിച്ച ഒരു മാർ മാറോയുടെ നാമത്തിലായിരുന്നിത്. ഈ മാറോയുടെ നാമത്തോടു ചേർത്താണ് മാറോനീത്താ സഭ അറിയപ്പെടുന്നത്. മാർ മാറോ ആശ്രമസ്ഥർ നിരവധിയുണ്ടായിരുന്നു. സുറിയാനിഭാഷ സംസാരിച്ചിരുന്ന ഈ സന്ന്യാസികൾ ചുററുപാടുമുള്ള സുറിയാനിക്കാരിൽ ഗണ്യമായ സ്വാധീനം ചെലുത്തി. കാൽസിഡൺ പ്രശ്നം ഉടലെടുത്തപ്പോൾ ഇവർ കാൽസിഡണുവേണ്ടി നിലകൊണ്ടു. അവിഭക്ത അന്ത്യോക്യാപാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിലായിരുന്നു ഈ ആശ്രമം. ആരംഭം മുതൽ ഈ ആശ്രമത്തിന് സ്വന്തമായി മെത്രാന്മാരുണ്ടായിരുന്നു. ക്രി. വ. 702-742 വരെ അന്ത്യോക്യൻ കാൽസിഡൺ ലൈനിൽ പാത്രിയർക്കീസുമാരില്ലായിരുന്നു. ഈയവസരം മാർ മാറോ ആശ്രമസ്ഥരും സമീപസ്ഥരായ മെത്രാന്മാരും കൂടി ഒരാളെ 'അന്ത്യോക്യാപാത്രിയർക്കീസായി' തെരഞ്ഞെടുത്തു. അങ്ങനെ പുതിയൊരു പാത്രിയാർക്കൽ ലൈൻ ഉടലെടുത്തു. കാലാന്തരത്തിൽ അവർ എല്ലാം ലബനനിലേക്കു കുടിയേറി. യാക്കോബായക്കാരെയും മുഹമ്മദീയരെയും ഭയന്നാണ് അവർ ഇപ്രകാരം ചെയ്തത്. 10-ാം നൂററാണ്ടിനു മുൻപുതന്നെ ലബനൻ മലകളിൽ അവർ ഗണ്യമായി വർദ്ധിച്ചിരുന്നു. കുറേ നൂററാണ്ടുകൾ അവർ മററു സഭകളുമായി ഒരു ബന്ധവും കൂടാതെ കഴിഞ്ഞു. മററു പൗരസ്ത്യ പാത്രിയാർക്കേററുകൾ റോമാസഭയുമായുള്ള ബന്ധം വിടർത്തിയപ്പോൾ മാറോനീത്തർ അപ്രകാരം ചെയ്തില്ല. എന്നാൽ സമ്പർക്കതലത്തിലുള്ള ബന്ധം കുരിശുയുദ്ധക്കാരോടുകൂടെയാണ് (12th c.) ആരംഭിക്കുന്നത്. അക്കാലം മുതൽ ഈ ലൈനിൽ ഇടമുറിയാതെ പാത്രിയർക്കീസുമാരുണ്ട്. അന്ത്യോക്യൻ സിറിയൻ ആരാധനക്രമമാണ് അവരുടേത്. മാറോനീത്താ സഭയിൽ കത്തോലിക്കർ അല്ലാത്തവർ ആരുമില്ല. നാലാം ലാതറൻ സിനഡിനോടുകൂടി (1215) മാറോനീത്തരും ലത്തീൻ സഭയിൽ നിന്നുള്ള സ്വാധീനങ്ങൾക്കു വിധേയമായി. ട്രെൻറ് സൂനഹദോസിനു ശേഷം ലത്തീനീകരണം ഇവരുടെ ഇടയിൽ വളരെ ശക്തിപ്പെട്ടു. 17-18 നൂററാണ്ടുകളിൽ മാറോനീത്തരുടെ ഇടയിൽ വളരെ പ്രഗത്ഭരായ പണ്ഡിതന്മാർ ഉണ്ടായിട്ടുണ്ട്. 1860-ൽ ടർക്കികൾ നിരവധി മാറോനീത്തരെ കൂട്ടക്കൊല നടത്തി. തുടർന്ന് ഫ്രാൻസ് ഇടപെടുകയും 1944-ൽ സ്വതന്ത്ര ലബനോൻ സ്ഥാപിക്കുകയും ചെയ്തു. ലബനോൻ പ്രസിഡൻറ് ഒരു മാറോനീത്തക്കാരനായിരിക്കണം എന്ന വിധം ഭരണഘടനയിൽ വ്യവസ്ഥ ചെയ്തു. അടുത്ത കാലത്തെ അറബി-ഇസ്രായേൽ യുദ്ധവും പലസ്തീനക്കാരുടെ ലബനനിലേക്കുള്ള കുടിയേററവും ലബനോനെ സാമ്പത്തികമായും മറെറല്ലാ രീതികളിലും പാടേ തളർത്തിക്കളഞ്ഞു. ബയ്റൂട്ട് തകർന്നു തരിപ്പണമായി ഒപ്പം മാറോനീത്തരും. തദ്ഫലമായി കൂട്ടത്തോടെയുള്ള കുടിയേററം നടന്നുകൊണ്ടിരിക്കയാണ്. അമേരിക്ക, ആസ്ട്രേലിയ, യൂറോപ്പ് എന്നിവിടങ്ങളിലേക്ക് അവർ ഇപ്പോഴും കുടിയേറുന്നു. ബയ്റൂട്ടിലുള്ള പാത്രിയർക്കീസ് നസ്രുള്ളാഹ് സ്ഫെയിറിന്റെ കീഴിൽ 1,730.980 ജനങ്ങൾ ഈ സഭയിലുണ്ട്.



## 9. മെൽക്കീത്താ കത്തോലിക്കാ സഭ

ബിസൻറയിൻ ഓർത്തഡോക്സ് സഭയിൽപ്പെട്ട അന്ത്യോക്യ, ജറുസലേം, അലക്സാണ്ഡ്രിയ എന്നീ പാത്രിയർക്കേററുകളിൽ നിന്ന് കത്തോലിക്കാ സഭയുമായുള്ള പരിപൂർണ്ണ സംസർഗത്തിൽ വന്നവരാണ് മെൽക്കീത്തർ. പതിനെട്ടാം നൂററാണ്ടിലാണ് ഇപ്പോഴത്തെ കത്തോലിക്കാ പാത്രിയാർക്കേററിന്റെ ആരംഭം. ഇപ്പോഴത്തെ പാത്രിയർക്കീസ് മാക്സിമോസ് അഞ്ചാമൻ ഹക്കിം ആണ്. അന്ത്യോക്യയുടെയും അലക്സാണ്ഡ്രിയായുടെയും ജറുസലേമിന്റെയും പാത്രിയർക്കീസ് എന്നാണ് ഔദ്യോഗികനാമം. ബയ്റൂട്ടാണ് ആസ്ഥാനം. പൂർണമായും അറബികളുടെ സഭയാണിത്. റോമുമായി പൂർണ സംസർഗത്തിലായിരിക്കുമ്പോഴും ഓർത്തഡോക്സിയുടെ വക്താക്കളായി വർത്തിക്കാൻ സാധിക്കും എന്നു മെൽക്കീത്തർ തെളിയിച്ചിട്ടുണ്ട്. ഗ്രിഗറി രണ്ടാമൻ യൂസിഫ് എന്ന പാത്രിയർക്കീസ് (1864-97) ഒന്നാം വത്തിക്കാൻ കൗൺസിലിൽ 'പേപ്പൽ പ്രൈമസി'ക്കെതിരെ ശക്തിയായി വാദിച്ചു. ഇതു സഭൈക്യത്തിനു വലിയ തടസ്സമായിരിക്കുമെന്ന് അദ്ദേഹം കരുതി. രണ്ടാം വത്തിക്കാൻ സൂനഹദോസിൽ പൗരസ്ത്യരുടെ വക്താവായി വർത്തിച്ചത് അന്നത്തെ മെൽക്കയിററ് സഭാധ്യക്ഷനായ മാക്സിമോസ് നാലാമൻ സെയ്ഗ് ആയിരുന്നു. അദ്ദേഹത്തിന്റെ സിംഹസമാന ശബ്ദം കൗൺസിൽ ഹാളിലും പുറത്തും അലയടിച്ചു. പല സുപ്രധാന സംഗതികളിലും പൗരസ്ത്യ വീക്ഷണങ്ങൾ കൗൺസിലിൽ അംഗീകരിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹം പൗരസ്ത്യരായ കത്തോലിക്കരെയും ഓർത്തഡോക്സുകാരെയും പ്രതിനിധീകരിച്ചു. പൗരസ്ത്യപാരമ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് കാതോലിക സംസർഗ

www.malankaralibrary.com



ത്തിൽ ജീവിക്കുന്ന സഭകളുടെ കൂട്ടത്തിൽ ഒന്നാം സ്ഥാനമാണ് അവ ർക്കുള്ളത്. മെൽക്കീത്താ ഓർത്തഡോക്സ് സഭയോട് ഇവർ നല്ല ബന്ധം പുലർത്തുന്നു. മെൽക്കീത്താ കത്തോലിക്കരുടെ സ്വരം റോമിലും പുറത്തും ശ്രവിക്കപ്പെടുന്നു; അവർ ശ്രദ്ധിക്കപ്പെടുന്നു. വ്യക്തിത്വവും സംസർഗവും ഒന്നിച്ചുകൊണ്ടുപോകാൻ അവർക്കു സാധിക്കുന്നു. മററു പല പൗരസ്ത്യ കത്തോലിക്കാ സഭകളും ലത്തീനീകരണത്തിൽ സംതൃപ്തരായി കഴിഞ്ഞുകൂടാൻ തത്രപ്പെടുമ്പോഴും ഓർത്തഡോക്സിയുടെ മുമ്പിൽ കാതോലിക സംസർഗമെന്തെന്ന്, ഓർത്തഡോക്സുകാർക്കു സ്വീകരിക്കാവുന്ന സംസർഗമെന്തെന്ന് അവർ കാണിച്ചുകൊടുക്കുന്നു. എല്ലാ പൗരസ്ത്യർക്കും അഭിമാനകരമാണ് അവരുടെ പ്രവർത്തനങ്ങൾ; അനുകരണാർഹമാണ് അവരുടെ മാതൃക. 'നിങ്ങൾ കൗൺസിലിൽ ഞങ്ങളെ പ്രതിനിധീകരിക്കുന്നു' എന്ന് കോൺസ്റ്റാൻറിനോപ്പിളിലെ മഹാനായ അത്തനാഗോറസ് പാത്രിയർക്കീസ് മാക്സിമൂസിനോട് പറയത്തക്കവിധം അത്ര ദൃഢമായി ഓർത്തഡോക്സ് പാരമ്പര്യങ്ങൾ അവർ മുറുകെപ്പിടിക്കുന്നു. മെൽക്കീത്താ സഭയിൽ വിവാഹിതരും അവിവാഹിതരുമായ വൈദികർ ഉണ്ട്. റോമൻ കൂരിയായിലെ - പാശ്ചാത്യ സഭയുടെ മാത്രം പശ്ചാത്തലമുള്ള - ഉദ്യോഗസ്ഥന്മാരല്ല പൗരസ്ത്യ സഭാജീവിതം നന്നായറിയാവുന്ന പൗരസ്ത്യരാണ് പൗരസ്ത്യസഭകളുടെ ഭാഗധേയം നിർണയിക്കേണ്ടത് എന്ന് മെൽക്കീത്തർ ഉറച്ചു വിശ്വസിക്കുന്നതിനാൽ പലപ്പോഴും റോമൻ കൂരിയായുമായി ഉരസലുകൾ നടക്കുന്നുണ്ട്. എങ്കിലും മാർപാപ്പാമാർക്കും റോമൻ സഭയിലെ വലിയ കർദ്ദിനാളന്മാർക്കും മെൽക്കീത്താ പാത്രിയർക്കീസിനെയും അവരുടെ മെത്രാന്മാരെയും വലിയ ബഹുമാനമാണ്.

ബിസൻറയിൻ ആരാധനക്രമം തന്നെയാണ് മെൽക്കീത്തരുടേത്. മൊത്തം 10 ലക്ഷം ജനങ്ങളും 22 രൂപതകളും 30 അധ്യക്ഷന്മാരും ഈ സഭയിൽ ഉണ്ട്. അമേരിക്ക, ആസ്ട്രേലിയാ, പശ്ചിമ യൂറോപ്പ് എന്നിവിടങ്ങളിലും മെൽക്കീത്തർ കുടിയേറിയിട്ടുണ്ട്.

## 10. യുക്രേനിയൻ കത്തോലിക്കാ സഭ

യുക്രേൻ പല രാജ്യങ്ങളുടെ ഭാഗമായിരുന്നിട്ടുണ്ട്. ഇന്ന് സോവ്യററ് റഷ്യയുടെ ഭാഗമാണ്. യുക്രേനിയൻകാർ പരമ്പരാഗതമായി ബിസൻറയിൻ സഭക്കാരാണ്. എന്നാൽ 14-ാം നൂററാണ്ടിൽ ആ പ്രദേശം കത്തോലിക്കർ ഭൂരിപക്ഷമുള്ള പോളിഷ് ലിത്വാനിയൻ രാജ്യത്തിൻെറ ഭാഗമായി. ഫ്ളോറൻസ് കൗൺസിലിൽ വച്ച് യുക്രേയിൻെറ തലസ്ഥാനമായ കീവിലെ മെത്രാപ്പോലീത്താ ഇസിദോർ, കത്തോലിക്കാ - ഓർത്തഡോക്സ് ഐക്യ ഫോർമുല അംഗീകരിച്ചു. എന്നാൽ അതു യാഥാർത്ഥ്യമായില്ല.



തുടർന്ന് 1595-6 ൽ ബ്രെസ്റ്റിൽ വച്ച് (Brest) കീവ് മെത്രാപ്പോലീത്തൻ സഭയും റോമും തമ്മിലുള്ള ഐക്യം നടന്നു. 18-ാം നൂററാണ്ടോടുകൂടി പശ്ചിമ യുക്രേനിലെ മൂന്നിൽ രണ്ടാളുകൾ ബിസൻറയിൻ കത്തോലിക്കരായി. 19-ാം നൂററാണ്ടിൽ റഷ്യൻ ചക്രവർത്തി യുക്രേയിൻ റഷ്യയുടെ ഭാഗമാക്കിയപ്പോൾ റോമുമായുള്ള ഐക്യ കരാർ റദ്ദുചെയ്തു, ജനങ്ങളെ വീണ്ടും ഓർത്തഡോക്സുകാരാക്കി. എന്നാൽ ആസ്ട്രോ-ഹംഗേറിയൻ രാജ്യത്തിലും പിന്നീട് പോളണ്ടിലും നിരവധി യുക്രേനിയൻകാരുണ്ടായിരുന്നു. രണ്ടാം ലോകമഹായുദ്ധം വരെ അവർ അവിടെ തുടർന്നു. ഈ പ്രദേശം 1946-ൽ റഷ്യയുടെ ഭാഗമായി. പ്രസ്തുത വർഷം കുറേ യുക്രേനിയൻ കത്തോലിക്കാ വൈദികർ ഒരു യോഗം കൂടി റോമുമായുള്ള ഐക്യം ഔദ്യോഗികമായി വിച്ഛേദിക്കുകയും റഷ്യൻ ഓർത്തഡോക്സ് സഭയുടെ ഭാഗമായിത്തീരുകയും ചെയ്തു. എല്ലാ യുക്രേനിയൻ കത്തോലിക്കാ മെത്രാന്മാരെയും ജയിലിലടയ്ക്കുകയോ സൈബീരിയായിലേക്കു നാടുകടത്തുകയോ ചെയ്തു. മിക്കവരും അവിടെ കിടന്നു മരിച്ചു. ഔദ്യോഗികമായി റഷ്യയിൽ യുക്രേനിയൻ സഭയില്ല. എന്നാൽ രഹസ്യമായി കത്തോലിക്കാവിശ്വാസം പുലർത്തുന്ന ധാരാളമാളുകളുണ്ട്. റഷ്യയിൽ നിന്ന് അമേരിക്കാ, കാനഡാ, ആസ്ട്രേലിയാ, പശ്ചിമയൂറോപ്പ് എന്നിവിടങ്ങളിലേക്ക് ധാരാളം യുക്രെയിൻകാർ കുടിയേറി. ഈ സഭയുടെ അധ്യക്ഷൻ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മിറോസ്ലാവ് ഇവാൻ ലുബാച്ചിവിസ്കി റോമിലാണ് താമസം. ഈ സഭയിൽ 719.900 ജനങ്ങളും 15 രൂപതകളും 19 മെത്രാന്മാരും ഉണ്ട്.

## 11. റുഥേനിയൻ കത്തോലിക്കാ സഭ

റഷ്യയുടെയും ചെക്കോസ്ലോവാക്കിയയുടെയും അതിർത്തിയിൽ ഇരുവശങ്ങളിലുമായി കിടക്കുന്ന സ്ഥലമാണ് റുഥേനിയാ അഥവാ കർപാതോ യുക്രെയിൻ. യുക്രേനിയൻ ഭാഷതന്നെയാണ് ഇവരും സംസാരിക്കുന്നത്. ഇവരും യുക്രേനിയരും തമ്മിൽ വലിയ വ്യത്യാസമില്ല. ഈഭൂവിഭാഗം പല നൂററാണ്ടുകൾ, കത്തോലിക്കാ രാജ്യമായ പോളണ്ടിൻെറയും ആസ്ട്രോ-ഹംഗേറിയൻ രാജ്യത്തിൻെറയും ഭാഗമായിരുന്നു. കത്തോലിക്കാസ്വാധീനത്തിൽ ധാരാളം ഓർത്തഡോക്സുകാർ കത്തോലിക്കരായി. 1646-ൽ ഉസ്ഗോറോഡ് (Uzhgorod) വച്ച് ഈ സ്ഥലത്തുള്ള ഓർത്തഡോക്സ് രൂപതകളും റോമും തമ്മിൽ ഒരു ഐക്യം നടന്നു. ഒന്നാം ലോകമഹായുദ്ധാനന്തരം ഇത് ചെക്കൊസ്ലോവാക്കിയായുടെ ഭാഗമായി. രണ്ടാം ലോകമഹായുദ്ധാനന്തരം ഇതിൽ ഭൂരിഭാഗവും റഷ്യ കൈവശപ്പെടുത്തി. 1949 - ൽ ആ സ്ഥലത്തെ കത്തോലിക്കാ വൈദികരുടെ യോഗം റോമുമായുള്ള ബന്ധത്തെ അസ്ഥിരപ്പെടുത്തിയിട്ട് റഷ്യൻ ഓർത്തഡോക്സ് സഭയുടെ

www.malankaralibrary.com



ഭാഗമായി. അന്നു മുതൽ ഈ സഭ ചെക്കോസ്ലോവാക്കിയായിലും മറുനാടുകളിലുമേ ഉള്ളൂ. അമേരിക്കയിൽ കുടിയേറിയവരിൽ നിരവധി പേർ റോമുമായുള്ള ഒരു തർക്കത്തിൽ തിരികെ ഓർത്തഡോക്സ് സഭയിൽ ചേർന്നു. വിവാഹിതരായ വൈദികർ അമേരിക്കയിൽ ശുശ്രൂഷ ചെയ്തുകൂടാ എന്ന് റോം കല്പിച്ചു. വൈദികരോടൊപ്പം ജനങ്ങളും തിരികെ പോയി. അമേരിക്കയിലെ പിറ്റ്സ്ബർഗ് റുതേനിയൻ മെത്രാപ്പോലീത്തായുടെ കീഴിൽ 4 രൂപതകളും 289,026 ജനങ്ങളും ഈ സഭയിലുണ്ട്.

## 12. മറ്റ് ബിസന്റയിൻ കത്തോലിക്കാ സഭകൾ

### *1. റഷ്യൻ കത്തോലിക്കാ സഭ*

ബിസന്റയിൻ സഭയിൽപ്പെട്ട ആർക്കും റഷ്യയിൽ 1905 വരെ കത്തോലിക്കരായി തീരുവാൻ അനുവാദമില്ലായിരുന്നു. പ്രസ്തുത വർഷം റഷ്യൻ ചക്രവർത്തി മതസ്വാതന്ത്ര്യം അനുവദിച്ചപ്പോൾ അവിടവിടെയായി റഷ്യൻ സഭയിൽപ്പെട്ട ബിസന്റയിൻ കത്തോലിക്കാ സമൂഹങ്ങൾ ഉടലെടുത്തു. എന്നാൽ കമ്മ്യൂണിസ്റ്റുവിപ്ലവത്തോടുകൂടി അത് നാമാവശേഷമായി. ഇന്ന് ഏതാണ്ട് 3500 പേർ റഷ്യൻ കത്തോലിക്കാ സഭയിലുണ്ട്. അവർ റഷ്യയ്ക്കു പുറത്താണു താമസിക്കുന്നത്.

### *2. ബൈലോ റഷ്യൻ കത്തോലിക്കാ സഭ*

യുക്രേനിയൻ കത്തോലിക്കാ സഭയുടെ ചരിത്രവുമായി ബന്ധപ്പെട്ടതാണ് ഇവരുടെ ചരിത്രം. 1595-ലെ ബ്രെസ്റ്റ് ഉടമ്പടി അനുസരിച്ച് നിരവധി ബൈലോ റഷ്യൻകാർ കത്തോലിക്കരായി. 19-ാം നൂറ്റാണ്ടിൽ യുക്രേനിയൻ സഭയോടൊപ്പം ഈ സഭയെയും റഷ്യൻ ഭരണകൂടം നിർത്തലാക്കി. ഒന്നാം ലോകമഹായുദ്ധാനന്തരം ഈ പ്രദേശം പോളണ്ടിന്റെ ഭാഗമായപ്പോൾ 30,000 പേർ വീണ്ടും കത്തോലിക്കരായി. രണ്ടാംലോകമഹായുദ്ധം കഴിഞ്ഞപ്പോൾ ഈ പ്രദേശം റഷ്യയുടെ കീഴിലായി. റഷ്യ ഈ സഭയെ റഷ്യൻ ഓർത്തഡോക്സ് സഭയിൽ ചേർത്തു. വിപ്രവാസത്തിൽ 5000 ബൈലോറഷ്യൻ കത്തോലിക്കരുണ്ട്. വെളുത്ത റുതേനിയൻ (ശ്വേത റുതേനിയൻ) എന്നും ഇവർ അറിയപ്പെടുന്നു.

### *3. ജോർജിയൻ കത്തോലിക്കാ സഭ*

കപ്പൂച്ചിൻ മിഷനറിമാർ 17-ാം നൂറ്റാണ്ടു മുതൽ ജോർജിയൻ ഓർത്തഡോക്സ് സഭയിൽ മിഷൻ പ്രവർത്തനം തുടങ്ങി. 19-ാം



നൂറ്റാണ്ടായപ്പോഴേയ്ക്കും ജോർജിയൻ കത്തോലിക്കരുടെ സംഖ്യ 50,000 ആയി. കത്തോലിക്കരായിത്തീർന്ന ഈ ബിസന്റയിൻകാർ, അന്നു നിലവിലിരുന്ന നിയമം നിമിത്തം, ലത്തീൻ റീത്തു സ്വീകരിച്ചു (ബിസന്റയിൻ കത്തോലിക്കാ സഭ റഷ്യയിൽ നിയമവിരുദ്ധമായിരുന്നു). 1905-ലെ മതസ്വാതന്ത്ര്യ പ്രഖ്യാപനാനന്തരം ഇവരിൽ 5000 പേർ കത്തോലിക്കരായി തുടർന്നുകൊണ്ട് ജോർജിയൻ ലിറ്റർജി സ്വീകരിച്ചു. കമ്യൂണിസ്റ്റ് വിപ്ലവത്തോടുകൂടി ഈ സഭ ഇല്ലാതായി.

### *4. റുമേനിയൻ കത്തോലിക്കാ സഭ*

റുമേനിയായിലെ വാലാഹിയ, മോൾഡാവിയാ, ട്രാൻസിൽവാനിയാ എന്നീ മൂന്നു പ്രദേശങ്ങൾ നൂറ്റാണ്ടുകളായി തുർക്കിയുടെ കീഴിലായിരുന്നു. 1687-ൽ ആസ്ത്രിയൻ ചക്രവത്തി ട്രാൻസിൽവാനിയായിൽനിന്നു തുക്കികളെ തുരത്തി ആ ഭാഗം തന്റെ സാമ്രാജ്യത്തിൽ ചേർത്തു, തുടർന്ന് അവിടെ ജസ്വിട്ട് മിഷനറിമാർ പ്രവത്തനം തുടങ്ങി. 1701-ൽ റോമും ട്രാൻസിൽവാനിയയിലെ ഓർത്തഡോക്സ് സഭയും തമ്മിൽ ഐക്യം ഉണ്ടാക്കി. 1500 വൈദികരും 2 ലക്ഷം ജനങ്ങളും കത്തോലിക്കരായി. ഓർത്തഡോക്സുകാർക്കു പൗരത്വം നിഷേധിച്ചുകൊണ്ട് ആസ്ട്രിയൻ രാജാവ് ഇതിനുത്തേജനം നൽകി. ഒന്നാം ലോകമഹായുദ്ധാനന്തരം ട്രാൻസിൽവാനിയ റുമേനിയായോടു ചേർക്കപ്പെട്ടു. 1940-ൽ ഈ സഭയിൽ 5 രൂപതകളും 15 ലക്ഷം ജനങ്ങളും ഉണ്ടായിരുന്നു. 1948-ൽ വൈദികരുടെ ഒരു യോഗം റുമേനിയൻ ഓത്തഡോക്സ് സഭയോടുചേരാൻ തീരുമാനിച്ചു. അതിനെ എതിർത്ത മെത്രാന്മാരും വൈദികരും ജയിലിൽ അടയ്ക്കപ്പെട്ടു. മിക്കവരും ജയിലിൽ കിടന്നു മരിച്ചു. റുമേനിയൻ കത്തോലിക്കാ സഭ നിയമവിരുദ്ധമാക്കി. വിപ്രവാസികളായി 13000 റുമേനിയൻ കത്തോലിക്കരുണ്ട്.

### *5. യുഗോസ്ലാവിയൻ കത്തോലിക്കാ സഭ*

പല ഗോത്രങ്ങളിൽപ്പെട്ട മനുഷ്യർ ചേർന്നതാണ് ഇന്നത്തെ യുഗോസ്ലാവിയാ. അവരെല്ലാം ഓത്തഡോക്സുകാരോ കത്തോലിക്കരോ ആണ്. യുഗോസ്ലാവിയായുടെ ചില ഭാഗങ്ങൾ ആസ്ട്രിയായുടെ കീഴിൽ വന്നതുവഴി പല യുഗോസ്ലാവിയൻ വിഭാഗക്കാരും കത്തോലിക്കരായി. 1777-ൽ അവർക്കായി ഒരു രൂപത സ്ഥാപിതമായി. ബിഷപ്പ് സ്ലവോമീർ മിക്ക്ളോവ്സിന്റെ കീഴിൽ ക്രിസെവ്സി എപ്പാർക്കിയിൽ 48,715 പേർ ഈ സഭയിലുണ്ട്. യുഗോസ്ലാവിയായിലെ റുതേനിയർ, യുക്രേനിയർ, ക്രൊവാത്യർ, മാസിഡോണിയർ എന്നീ വിഭാഗങ്ങൾ ഈ സഭയിൽ ഉൾപ്പെടുന്നു. അറുപതോളം വൈദികർ ഇവർക്കുണ്ട്.

www.malankaralibrary.com



6. ബൾഗേറിയൻ കത്തോലിക്കാ സഭ

കോൺസ്റ്റാൻറിനോപ്പിളിൽനിന്നു സഭാപരമായ സ്വാതന്ത്ര്യം ലഭിക്കാതെ വന്നപ്പോൾ കുറേ ഓർത്തഡോക്സുകാർ റോമുമായുള്ള ഐക്യത്തെപ്പററി ആലോചന നടത്തി. അതിൻെറ ഫലമായി ഒരു കൂട്ടം ബൾഗേറിയൻ ഓർത്തഡോക്സുകാർ കത്തോലിക്കരായി. അവരുടെ നേതാവിനെ റോം മെത്രാനാക്കി. എന്നാൽ ആ മെത്രാനെ റഷ്യ തട്ടിയെടുത്തു കൊണ്ടുപോയി ഒരു ഓർത്തഡോക്സ് ആശ്രമത്തിലാക്കി. ആ അവസരം ഏതാണ്ട് 60,000 ബൾഗേറിയൻ കത്തോലിക്കരുണ്ടായിരുന്നു. 1872-ഓടുകൂടി ഇവരിൽ മൂന്നിൽ രണ്ടുഭാഗം ഓർത്തഡോക്സുസഭയിലേക്കു തിരികെ പോയി. ബൾഗേറിയായിലും കമ്യൂണിസ്റ്റാധിപത്യം ഉണ്ടായെങ്കിലും അവർ ഈ സഭയെ തുടരാൻ അനുവദിച്ചു. ബിഷപ്പ് മെതോഡിയൂസ് സ്ട്രതിയെവിൻെറ കീഴിൽ 10,000 പേർ ഈ സഭയിലുണ്ട്.

7. ഹംഗേറിയൻ കത്തോലിക്കാ സഭ

പൂർണമായി ഹംഗേറിയൻ സംസ്കാരത്തിൽ അലിഞ്ഞു ചേർന്ന കത്തോലിക്കാ റുതേനിയർ, യുക്രേനിയർ, റുമേനിയർ എന്നിവർ ചേർന്നതാണ് ഈ സഭ. 1912-വരെ അവർ സമീപ സ്ഥലങ്ങളിലെ കത്തോലിക്കാമെത്രാന്മാരുടെ കീഴിലായിരുന്നു. 1912-ൽ പത്താംപീയൂസ് പാപ്പാ ഇവർക്കായി ഒരു രൂപത സ്ഥാപിച്ചു. 1923-ൽ 11-ാം പീയൂസ് മറെറാന്നും സ്ഥാപിച്ചു. ബിസൻറയിൻ ലിററർജി, ഹംഗേറിയൻ ഭാഷയിൽ ഇവർ നടത്തുന്നു. 272,800 ജനങ്ങൾ ഈ സഭയിലുണ്ട്.

8. സ്ളൊവാക് കത്തോലിക്കാ സഭ

ചെക്കൊസ്ലൊവാക്കിയായുടെ പൗരസ്ത്യഭാഗമാണ് സ്ലൊവാക്കിയാ. റുതേനിയരുടെ മതപരമായ ചരിത്രം തന്നെയായിരുന്നു ഇവരുടേതും. ഒന്നാംലോകമഹായുദ്ധാനന്തരം ചെക്കൊസ്ലൊവാക്കിയ രൂപീകൃതമായപ്പോൾ, ഈ സ്ഥലത്തുള്ള ബിസൻറയിൻ കത്തോലിക്കർ ഒരു പ്രത്യേക വിഭാഗമായി പരിഗണിക്കപ്പെടാൻ തുടങ്ങി. ചില ഗ്രൂപ്പുകൾ ഓർത്തഡോക്സു സഭയിലേയ്ക്കു തിരികെ പോയെങ്കിലും ഭൂരിഭാഗവും കത്തോലിക്കരായി തുടർന്നു. 1950-ൽ നാല് വൈദികർ നേതൃത്വംകൊടുത്ത് പ്രെസോവിൽ (Presov) കൂടിയ യോഗം റോമുമായുള്ള ബന്ധം വിച്ഛേദിച്ച് ചെക്കൊസ്ലൊവാക്കിയൻ ഓർത്തഡോക്സു സഭയിൽ ചേരാൻ തീരുമാനം എടുത്തു. ഇതിനെ എതിർത്തവരെ അറസ്റ്റുചെയ്ത് ജയിലിലാക്കി. എന്നാൽ



1968-ൽ ഇതിൽ മാററം ഉണ്ടായി. മുമ്പ് കത്തോലിക്കരായിരുന്നവർക്ക് ഇഷ്ടമുണ്ടെങ്കിൽ ഓർത്തഡോക്സുസഭയിൽ നിന്ന് മാറി വീണ്ടും കത്തോലിക്കാസഭയിൽ ചേരാം എന്ന് ഭരണകൂടം അനുവാദം നൽകി. 292 ഇടവകകളിൽ 205-ഉം തിരികെ വരാൻ തീരുമാനിച്ചു. 388,860 അംഗങ്ങൾ ഈ സഭയിലുണ്ട്. കാനഡായിലും ഒരു രൂപതയുണ്ട്.

9. ഇററാലോ - അൽബേനിയൻ കത്തോലിക്കാ സഭ

തെക്കേ ഇററലിക്ക് ഗ്രീസുമായി സംസ്കാരികമായി വളരെയടുത്ത ബന്ധം ഉണ്ടായിരുന്നു. അനേക നൂററാണ്ടുകൾ, അവിടെ ഗ്രീക്കു സംസാരിക്കുന്ന ജനങ്ങളുണ്ടായിരുന്നു. ചില കാലഘട്ടത്തിൽ, റോമിലെ മെത്രാൻെറ കീഴിൽ ബിസൻറയിൻ ലിററർജി ഉപയോഗിക്കുന്നവരായിരുന്നു ഈ പ്രദേശത്തുള്ളവർ എല്ലാം. 8-ാം നൂററാണ്ടിൽ ലെയോ മൂന്നാമൻ ചക്രവർത്തി ഈ പ്രദേശത്തെ റോമിൻെറ കീഴിൽ നിന്നു മാററി കോൺസ്റ്റാൻറിനോപ്പിളിൻെറ കീഴിലാക്കി. 11-ാം നൂററാണ്ടിൽ നോർമൻകാരുടെ ആക്രമണത്തോടുകൂടി ഈ പ്രദേശം വീണ്ടും റോമിൻെറ കീഴിൽ വന്നു. അക്കാലത്ത് വളരെയധികം ബിസൻറയിൻ ആശ്രമങ്ങളും സഭാ സമൂഹങ്ങളും അവിടെ ഉണ്ടായിരുന്നു. തുടർന്നുള്ള കാലഘട്ടത്തിൽ നടന്ന ലത്തീനീകരണം ഈ സഭയെ പൂർണമായി ലത്തീൻ സഭയിൽ ലയിപ്പിച്ചു. 15-ാം നൂററാണ്ടിൽ അൽബേനിയായിൽ നിന്ന് ഈ പ്രദേശത്തേക്ക് ബിസൻറയിൻകാരുടെ കുടിയേററമുണ്ടായി. അവരുടെ പിൻതലമുറക്കാർക്ക് സിസിലിയിലും കലാബ്രിയായിലുമായി രണ്ടു രൂപതകളുണ്ട്; റോമിനടുത്ത് ഗ്രോത്താ ഫെറാതായിൽ ഒരു ആശ്രമവും ഉണ്ട്. 62,703 ജനങ്ങൾ ഈ സഭയിലുണ്ട്.

10. അൽബേനിയൻ കത്തോലിക്കാ സഭ

അൽബേനിയായിൽ 1628 മുതൽ ബിസൻറയിൻ സഭയിൽപ്പെട്ട കത്തോലിക്കരുണ്ടായിരുന്നു. 1765 ഓടുകൂടി അവ ഇല്ലാതായി. 1920ൽ ഒരു വൈദികൻെറ നേതൃത്വത്തിൽ കുറേപ്പേർ കത്തോലിക്കരായി. 1960 ഓടുകൂടി ഈ സമൂഹം അസ്തമിച്ചു. അൽബേനിയാ നിരീശ്വരരാജ്യമാകുകയും എല്ലാ മതങ്ങളെയും നിരോധിക്കുകയും ചെയ്തപ്പോൾ ഈ വിഭാഗവും ഇല്ലാതായി.

www.malankaralibrary.com



*11. ഗ്രീക്കു കത്തോലിക്കാ സഭ*

കുരിശുയുദ്ധക്കാർ കോൺസ്റ്റാൻറിനോപ്പിളിൽ ഒരു ലത്തീൻ പാത്രിയർക്കീസിനെ വാഴിച്ച് പ്രവർത്തനം നടത്തിയെങ്കിലും വിജയിച്ചില്ല. 1895_ൽ അവിടെ രണ്ട് കത്തോലിക്കാ ഇടവകകളുണ്ടായി. 1911_ൽ അവർക്കായി ഒരു മെത്രാനെ റോം നിയമിച്ചു. ഒന്നാം ലോകമഹായുദ്ധത്തോടുകൂടി ഈ സമൂഹം ആഥൻസിലേക്കു കുടിയേറി. റോം 1975_ൽ അവിടെ ഒരു മെത്രാനെ നിയമിച്ചപ്പോൾ സ്ഥലത്തെ ഗ്രീക്ക് ഓർത്തഡോക്സ് മെത്രാപ്പോലീത്താ ഇതിൽ ശക്തിയായി പ്രതിഷേധിച്ചു. 2355 പേരേ ഈ സഭയിലുള്ളു.

## ഗ്രന്ഥസൂചിക


സേവ്യർ കൂടപ്പുഴ, പൗരസ്ത്യസഭകൾ, കോട്ടയം, 1987.

E. R. Hambye, *Dimensions of Eastern Christianity*, Kottayam, 1983.

J. Madey, *Orientalium Ecclesiarum*. More than Twenty Years after, Kottayam, 1987.

J. Madey - S. T. Erackal, *The Future of the Oriental Catholic Churches*, Tiruvalla, 1979.


അധ്യായം 13

# റോമൻ കത്തോലിക്കാസഭയും പൗരസ്ത്യ സഭകളും

കിഴക്കും പടിഞ്ഞാറും ഉള്ള സഭകൾ തമ്മിലുള്ള അകൽച്ചയ്ക്ക് നാലാം കുരിശുയുദ്ധം (1204) ആക്കം കൂട്ടി. നാലാം കുരിശുയുദ്ധക്കാർ കോൺസ്റ്റാൻറിനോപ്പിൾ വിരൂപമാക്കി. പൗരസ്ത്യദേശങ്ങളിലൊക്കെ ലത്തീൻ പാത്രിയാർക്കേറ്റുകൾ സ്ഥാപിച്ചു. അങ്ങനെ കോൺസ്റ്റാൻറിനോപ്പിളിൽ പോലും ഒരു ലത്തീൻ പാത്രിയർക്കീസ് നിയമിതനായി. 1215 _ ലെ നാലാം ലാറ്ററൻ സിനഡിൻെറ അഞ്ചാം കാനൻ പാത്രിയാർക്കാമാരുടെ പരമ്പരാഗതമായ സ്ഥാനക്രമം അംഗീകരിച്ചു: റോമാ, കോൺസ്റ്റാൻറിനോപ്പിൾ, അലക്സാണ്ഡ്രിയാ, അന്ത്യോക്യാ, ജറുസലേം. എന്നാൽ പൗരസ്ത്യദേശങ്ങളിലെ ലത്തീൻ പാത്രിയർക്കീസുമാരെയത്രേ സിനഡ് അംഗീകരിച്ചതു്. പ്രസ്തുത സിനഡിൻെറ ഒൻപതാം കാനൻ 'ഏക ഭരണാധികാരം' നിയമമാക്കി. അതായതു്, ഒരു നിശ്ചിത സ്ഥലത്തു് പല ആരാധനകളും പാരമ്പര്യങ്ങളും ഉള്ള സഭകൾ ഉണ്ടെങ്കിലും ഒരു മെത്രാൻ മാത്രമേ പാടുള്ളു എന്നു നിശ്ചയിച്ചു. പുരാതനസഭ പാത്രിയാർക്കേറ്റുകളായി വിഭജിക്കപ്പെട്ടിരുന്നു. ഒരു പേട്രിയാർക്കേററിൻെറ അധികാര പരിധിയിൽ മററ് പാത്രിയർക്കീസുമാർ അധികാരം പ്രയോഗിച്ചിരുന്നില്ല. എന്നാൽ കുരിശുയുദ്ധക്കാർ പൗരസ്ത്യദേശത്തു് വന്നു തുടങ്ങിയപ്പോൾ അവർ പിടിച്ചടക്കിയ സ്ഥലങ്ങളിലൊക്കെ ലത്തീൻ രൂപതകൾ സ്ഥാപിക്കാൻ തുടങ്ങി. അതുപോലെ, കുരിശുയുദ്ധക്കാരോടുള്ള ബന്ധം മൂലം പല പൗരസ്ത്യ സഭകളിൽനിന്നും ചെറിയ ചെറിയ സമൂഹങ്ങൾ റോമൻ കത്തോലിക്കാ സഭയോടു ചേരാൻ തുടങ്ങി. അപ്പോൾ ഒന്നിലേറെ സഭകൾ ഒരേ സ്ഥലത്തു വരാനിടയായി. ഇതിൻെറ വെളിച്ചത്തിലാണ് 1215 _ ലെ ലാറ്ററൻ സിനഡിൻെറ ഒൻപതാം കാനൻ 'ഏക ഭരണാധികാരനിയമം' കൊണ്ടുവന്നതു്. പ്രായോഗികതലത്തിൽ, പരമ്പരാഗതമായി പൗരസ്ത്യ സഭകളുടെ ഹയരാർക്കി ഉള്ളിടങ്ങളിലും ലത്തീൻ ഹയരാർക്കി സ്ഥാപിച്ചു കഴിഞ്ഞാൽ പിന്നെ

www.malankaralibrary.com



അവിടെയുള്ള പൗരസ്ത്യർ അവിടെയുള്ള ലത്തീൻ ഹയരാർക്കിക്ക് കീഴ്പ്പെട്ടുകൊള്ളണം. സ്ഥലത്തെ ലത്തീൻ മെത്രാനാണ് അവിടുത്തെ മെത്രാൻ. മററു സഭക്കാർക്ക് വേറെ മെത്രാൻ ഉണ്ടാകാൻ പാടില്ല. അവരെല്ലാം ലത്തീൻ മെത്രാന്റെ കീഴിലുള്ള പൗരസ്ത്യ വികാരി ജനറാളന്മാരുടെ നേതൃത്വത്തിൽ കഴിയണം. പൗരസ്ത്യ സഭകളെ റീത്തുകളായി കാണുന്ന പ്രവണത ഇവിടെ ദൃശ്യമാണ്. പാശ്ചാത്യം പൗരസ്ത്യത്തേക്കാൾ മികച്ചതാണെന്നും, പാശ്ചാത്യ സഭയും സഭയുടെ ആചാരാനുഷ്ഠാനങ്ങളും രീതികളും പൗരസ്ത്യ സഭകളുടേതിനേക്കാൾ മെച്ചപ്പെട്ടതാണെന്നും ഉള്ള ചിന്ത പാശ്ചാത്യരുടെയും ഐക്യപ്പെട്ട ചില പൗരസ്ത്യരുടെയും ഇടയിൽ ഇക്കാലത്തു പ്രബലപ്പെട്ടുവന്നു. കിഴക്കും പടിഞ്ഞാറും തമ്മിൽ ഉള്ള അകൽച്ച ഈ സിനഡ് വർദ്ധിപ്പിച്ചു. ഈ മനഃസ്ഥിതി മാററാൻ ഉള്ള ശ്രമം ചില പാപ്പാമാർ നടത്തിയെങ്കിലും വിജയിച്ചില്ല. ''വി. റോമാസഭ എല്ലാ സഭകളുടെയും മാതാവും പ്രബോധകയുമാണെന്നും ലത്തീൻ സഭ മററു സഭകളേക്കാൾ ശ്രേഷ്ഠയാണെന്നും'' ഉള്ള അഭിപ്രായം ഈ കാലഘട്ടത്തിൽ പരക്കെ വ്യാപിച്ചു.

അതേസമയം നാലാം ലാററൻ സിനഡിനു ശേഷമുള്ള കാലഘട്ടത്തിൽ പോലും റോമാ മാർപാപ്പാമാർ കാനൻ ഒൻപതു് കൃത്യമായി പാലിച്ചില്ല. സൗകര്യം പോലെ ഒന്നിലേറെ മെത്രാന്മാരെ ഒരേ സ്ഥലത്തു് ആ കാലഘട്ടത്തിൽ പോലും നിയമിച്ചിട്ടുണ്ടു്. ഉദാ: പോപ്പ് ഗ്രിഗറി ഒൻപതാമൻ (1227-41) 1239-ൽ അന്ത്യോക്യാ പാത്രിയാർക്കീസിൽ നിന്നു മാററി, അർമേനിയൻ കത്തോലിക്കാ പാത്രിയർക്കീസിനു പരിപൂർണ സ്വാതന്ത്ര്യം നല്കി. ഇന്നസെന്റ് നാലാമൻ (1243-54) അന്ത്യോക്യയിലെ ലത്തീൻ ഹയരാക്കിയോടൊപ്പം നേരിട്ട് റോമിന്റെ കീഴിലുള്ള ഒരു ഗ്രീക്ക് മെൽക്കീത്താ പാത്രിയർക്കീസിനെ അന്ത്യോക്യയിലും (1247), സൈപ്രസിൽ സ്ഥാപിക്കപ്പെട്ട ലത്തീൻ ഹയരാക്കിയോടൊപ്പം ഒരു പൗരസ്ത്യ ഹയരാക്കിയെ (1250) സൈപ്രസിലും അനുവദിച്ചു.

എന്നാൽ നാലാം ലാററന്റെ (1215) കാലത്തു ജീവിച്ചിരുന്ന ചില ദൈവ ശാസ്ത്രജ്ഞന്മാർ ഐകരൂപ്യവാദികളായിരുന്നു (Uniformists). ഡൊമിനിക്കൻ സന്ന്യാസസമൂഹത്തിന്റെ അഞ്ചാമത്തെ മാസ്റ്റർ ജനറൽ ഹംബർട്ട് (1194-1277) 'എല്ലാ കലഹത്തിന്റെയും മാതാവും ആരംഭവുമായി' വൈവിദ്ധ്യത്തെ കണ്ടു. അക്കാലത്തുള്ളവർക്ക് ഐക്യം ഐകരൂപ്യമായിരുന്നു; വൈവിധ്യത്തെ അവർ വൈരുധ്യമായി കണ്ടു. കത്തോലിക്കർ എന്നാൽ ലത്തീൻകാർ എന്നു് അവർ ധരിച്ചു വശായി. അതുകൊണ്ടു് ഈ കാലഘട്ടത്തിൽ റോമൻ കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ട പൗരസ്ത്യരെ കഴിയുന്നതും ലത്തീൻ സഭയിൽ ലയിപ്പിക്കുന്നതിനും



ലത്തീൻകാരാക്കുന്നതിനുമുള്ള സംരംഭങ്ങൾ നടന്നു. ബാഹ്യമാത്രമായി പൗരസ്ത്യം നിലനിർത്തിക്കൊണ്ടും എന്നാൽ എല്ലാ സംഗതികളിലും പാശ്ചാത്യ സഭയുമായി താദാത്മ്യപ്പെടുത്തിക്കൊണ്ടുമായിരുന്നു ഐക്യപ്പെട്ട പൗരസ്ത്യർ ലത്തീൻ ബന്ധത്തിൽ ജീവിച്ചതു്.

രണ്ടാം ലയൺസ് കൗൺസിലിൽ വച്ചു് (1274) പാശ്ചാത്യ സഭയും പൗരസ്ത്യസഭയും തമ്മിലുള്ള ഐക്യത്തെപ്പററി ചർച്ച നടന്നു. കിഴക്കും പടിഞ്ഞാറും തമ്മിൽ അകന്നശേഷം ഏകപക്ഷീയമായി പാശ്ചാത്യസഭ രൂപപ്പെടുത്തിയ സഭാശാസ്ത്രത്തിന്റെ വെളിച്ചത്തിലാണ് ഐക്യഫോർമുല തയാറാക്കിയതു്. പൗരസ്ത്യസഭാശാസ്ത്രം ഒട്ടും തന്നെ പരിഗണിക്കപ്പെട്ടില്ല. ചർച്ചകൾ പോലും കൂടാതെ അവ പൗരസ്ത്യരുടെ മുൻപാകെ അവതരിപ്പിക്കപ്പെട്ടു. പൗരസ്ത്യസഭകളിലെ ഉന്നതാധികാരികൾ അതു സ്വീകരിച്ചെങ്കിലും സഭകൾ ഐക്യത്തിലെത്തിയില്ല. ആദ്യത്തെ എതിർപ്പിൽ തന്നെ ഈ ഐക്യം തട്ടിത്തകർന്നു പോയി എന്നു് കാർഡിനൽ വില്ലിബ്രാൻറിനുള്ള ഒരു കത്തിൽ ആറാം പൗലോസ് മാർപാപ്പാ പ്രസ്താവിക്കുകയുണ്ടായി.[1] ഹംബെർട്ടിനെപ്പോലെയുള്ളവരായിരുന്നു അവിടെ നടുനായകത്വം വഹിച്ചതു്. അവർക്കു് ഏകപക്ഷീയമായ സഭാശാസ്ത്രവും റോമൻ കേന്ദ്രീകൃതമായ സഭാഭരണരീതിയും കാനൻനിയമത്തിന്റെ ആധിപത്യവുമേ അറിവുണ്ടായിരുന്നുള്ളു. നൂററാണ്ടുകളായി പൗരസ്ത്യ ക്രൈസ്തവർ ചിന്തിച്ച രീതികളും ഭരണസംവിധാനവും സഭാദർശനവും അവർ കണക്കിലെടുത്തില്ല. തുടർന്നുള്ള നൂററാണ്ടുകളിലും ഈ നിലയ്ക്കു മാററം വന്നില്ല. ചൈനയിൽ പോയ ജോൺ മരിഞ്ഞോളിയും (14thc.)[2] ഭാരതത്തിലെത്തിയ പോർട്ടുഗീസുകാരും മേല്പറഞ്ഞ മനഃസ്ഥിതിക്കാരായിരുന്നു. ചൈനയിൽ ശക്തമായ എതിർപ്പിനെ അവർക്കു നേരിടേണ്ടിവന്നു. ഭാരതത്തിലാകട്ടെ ബലപ്രയോഗത്താലും ഉരുക്കുമുഷ്ടിയാലും പൗരസ്ത്യാചാരങ്ങളെ മാററി മറിക്കയും ലത്തീനീകരണം നടത്തുകയും ചെയ്തു.

ഫ്ളോറൻസ് കൗൺസിലിൽ പല പൗരസ്ത്യ സഭകളും പങ്കെടുത്തു. ലത്തീൻകാരെയും പൗരസ്ത്യരെയും തുല്യനിലയിൽ കാണണമെന്ന അടിസ്ഥാനം തത്വത്തിൽ അംഗീകരിക്കപ്പെട്ടെങ്കിലും പ്രായോഗികതലത്തിൽ ലയൺസിൽ സംഭവിച്ചതുപോലെ ഏകപക്ഷീയമായ പാശ്ചാത്യ സഭാശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ഐക്യഫോർമുലകൾ രൂപീകൃതമായതു്. പേപ്പൽ പ്രൈമസി, ശുദ്ധീകരണസ്ഥലം, പരിശുദ്ധാത്മാവിന്റെ പുറപ്പാടു്, പുളിപ്പുള്ളതും പുളിപ്പില്ലാത്തതുമായ അപ്പം ഒരുപോലെ കുർബാനയ്ക്കുപ

---

1. *Information Service*, 27, 2 (1975) 6.
2. H. Jedin (ed.), *History of the Church, vol. 4.* p. 396-8.

www.malankaralibrary.com



യോഗിക്കാം എന്ന തത്വം – എന്നീ നാല് സംഗതികളെക്കുറിച്ച് പാശ്ചാത്യസഭ ചിന്തിച്ചിരുന്നവയുടെ അടിസ്ഥാനത്തിലാണ് ഐക്യഫോർമുലകൾ എഴുതിയുണ്ടാക്കിയത്. ഫ്ളോറൻസ് കൗൺസിലിനുശേഷം ഉണ്ടായ സഭൈക്യങ്ങളെല്ലാം ഇതിന്റെ വെളിച്ചത്തിലാണ് നടന്നിട്ടുള്ളത്.

ട്രെന്റുകൗൺസിലിനുശേഷം (1545–1563) പൗരസ്ത്യസഭകളുടെ കാര്യത്തിൽ പുതിയൊരു താല്പര്യം പാശ്ചാത്യലോകത്തുണ്ടായി. എന്നാൽ ഐക്യപ്പെടുന്ന പൗരസ്ത്യരെ 'ലത്തീനീകരിക്കുക' എന്ന ധാരണയ്ക്ക് വലിയ മാററം വന്നില്ല. അതിന്റെ ഉത്തമദൃഷ്ടാന്തമാണ് ഭാരതത്തിലെ മാർതോമാ ക്രിസ്ത്യാനികളുടെ സഭയോട് പോർട്ടുഗീസ് മിഷനറിമാർ പ്രവർത്തിച്ചത്.

ഗ്രിഗറി 13–ാമൻ പാപ്പായുടെ കാലം മുതൽ (1572–85) റോമിൽ പൗരസ്ത്യ കോളേജുകൾ സ്ഥാപിക്കപ്പെട്ടുതുടങ്ങി. തുടർന്നുള്ള നൂററാണ്ടുകളിൽ റോമൻ കത്തോലിക്കാ സഭയുമായുള്ള ഐക്യത്തിലേക്കു വന്ന പൗരസ്ത്യ സഭകളിലെല്ലാം ഒരുതരത്തിലല്ലെങ്കിൽ മറെറാരു തലത്തിൽ ലത്തീനീകരണം നടന്നിട്ടുണ്ട്. ഒളിഞ്ഞും മറഞ്ഞും അതിനുള്ള പ്രോത്സാഹനവും ഉണ്ടായിട്ടുണ്ട്. 'ആരാധനക്രമത്തിൽ ഉള്ള കുട്ടിക്കുഴയ്ക്കലുകളെ' മാർപാപ്പാമാർ പലപ്പോഴും നിരുത്സാഹപ്പെടുത്തുകയും അപലപിക്കയും ചെയ്തിട്ടുണ്ടെന്നുള്ളത് ശരിതന്നെ. എന്നാൽ കാര്യമായിട്ടൊന്നും ചെയ്യാൻ അവർക്കു സാധിച്ചില്ല. 1622–ൽ പൗരസ്ത്യ റീത്തുകളിൽപ്പെട്ട എല്ലാ കത്തോലിക്കരെയും റോമൻ കൂരിയായുടെ ഒരു വകുപ്പായ പ്രൊപ്പഗാന്താ സംഘത്തിന്റെ കീഴിലാക്കി.

ബനഡിക്ട് 14–ാമൻ മാർപാപ്പാ (1740–58) പൗരസ്ത്യവും പാശ്ചാത്യവും ആയ സഭകളുടെ തുല്യതയെ ഉയർത്തിപ്പിടിക്കാൻ ശ്രമിച്ചു. ആരാധനക്രമങ്ങളിലുള്ള ലത്തീനീകരണങ്ങൾ തത്വത്തിൽ നിരോധിച്ചു. പൗരസ്ത്യ സഭകളോടുള്ള സമീപനത്തിൽ പുതിയ രീതികൾ അവലംബിക്കാൻ ശ്രമിച്ചെങ്കിലും, അദ്ദേഹം ദൈവശാസ്ത്രജ്ഞനെന്നതിനേക്കാൾ കാനൻവിദഗ്ധനായിരുന്നതിനാൽ അത്ര കണ്ട് വിജയിച്ചില്ല. ചില റോമൻ കേന്ദ്രങ്ങളിൽ അല്പം ചലനം സൃഷ്ടിക്കാൻ കഴിഞ്ഞെങ്കിലും പൗരസ്ത്യ ക്രിസ്തീയത്വത്തോടുള്ള സമീപനം അത് അർഹിക്കുന്ന തരത്തിലുള്ളതായിരുന്നില്ല; വളരെ താഴെയായിരുന്നു. ഭാരതത്തിലെ മാർതോമാ ക്രിസ്ത്യാനികളുടെ സഭ 18–ാം നൂററാണ്ടിലും അനുഭവിച്ചുകൊണ്ടിരുന്ന സഭാതലത്തിലുള്ള കൊളോണിയലിസം നീക്കാൻ അദ്ദേഹവും ഒന്നും ചെയ്തില്ല.



തുടർന്ന് പേരെടുത്തു പറയാവുന്നത് ഒൻപതാംപീയൂസ് പാപ്പായാണ്(1846-78). 1862-ൽ റോമിലെ പ്രൊപ്പഗാന്താ സംഘത്തിന്റെ ഒരുഭാഗം പൗരസ്ത്യകത്തോലിക്കർക്കുവേണ്ടി സ്ഥാപിച്ചു. പൗരസ്ത്യസഭകൾക്കൊട്ടും സ്വീകാര്യമല്ലാത്ത മനോഭാവവും നിലപാടുകളുമാണ് ഈ പാപ്പായിൽ നിന്നുണ്ടായത്. പേപ്പൽ അധികാരങ്ങളെപ്പററി അതിരു കടന്ന ചിന്ത അദ്ദേഹം പുലർത്തിയിരുന്നു. ഒന്നാം വത്തിക്കാൻ കൗൺസിലിൽ സംബന്ധിക്കാനായി 1869–ൽ പീയൂസ്പാപ്പാ എല്ലാ പൗരസ്ത്യസഭകളെയും ക്ഷണിച്ചെങ്കിലും ക്ഷണം നിരസിക്കപ്പെടുകയാണുണ്ടായത്. പൗരസ്ത്യകത്തോലിക്കാ സഭാദ്ധ്യക്ഷന്മാരിൽ ചിലർക്കുപോലും പീയൂസ് പാപ്പായുടെ രീതികൾ ഇഷ്ടപ്പെട്ടില്ല. മെൽക്കയിററ് പാത്രിയക്കീസ് ഗ്രിഗറി പേപ്പൽ പ്രൈമസിക്കെതിരെ കൗൺസിലിൽ വാദിച്ചു. സഭൈക്യത്തിന് ഇത് തടസ്സമായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞെങ്കിലും പാപ്പാ തന്റെ പദ്ധതിയനുസരിച്ച് മുന്നോട്ടുപോയി. പാപ്പായെ കാണാൻ ചെന്ന ഗ്രിഗറിയെപ്പററി "ഗ്രിഗറി, തെസ്താ ദുരാ" എന്നു പീയൂസ് പാപ്പാ പറഞ്ഞതായി ഒരു കഥയുണ്ട്. ഏതായാലും 1870–നു ശേഷം 1893 ലാണ് ഗ്രിഗറി വീണ്ടും റോമിൽ പോയത്. അതും പീയൂസ് പാപ്പാ മരിച്ചശേഷം മാത്രം. തന്റെ മുമ്പിൽ മുട്ടുകുത്തി പാദം ചുംബിക്കാഞ്ഞ കൽദായ കത്തോലിക്കാ പാത്രിയർക്കീസിനോട് "അല്പം കൂടി എളിമ വേണം" എന്ന് പീയൂസ് പാപ്പാ പറഞ്ഞതായും ഒരു കഥയുണ്ട്. റോം പൗരസ്ത്യസഭകളെപ്പററി ഔദ്യോഗികമായി പറഞ്ഞിരുന്നതിൽനിന്നു വളരെ വ്യത്യസ്തമായിരുന്നു പീയൂസ് പാപ്പായുടെ സമീപനം.

പിന്നീട് പാപ്പായായ ലെയോ 13-ാമൻ (1878-1903) 1893-ൽ പൗരസ്ത്യ കത്തോലിക്കാ പാത്രിയർക്കാമാരെ റോമിൽ വിളിച്ച് ഒരു ചർച്ചനടത്തി. "ഓറിയെന്താലിയും ദീഞ്ഞിത്താസ്" എന്ന രേഖ 1894 നവം. 30ന് പ്രസിദ്ധീകരിച്ചു. പൗരസ്ത്യഓർത്തഡോക്സു സഭകളും റോമൻ കത്തോലിക്കാസഭയും തമ്മിലുള്ള ഐക്യത്തിന്റെ ഫലമായി വർത്തിക്കേണ്ടവരാണ് പൗരസ്ത്യകത്തോലിക്കർ എന്ന ബോദ്ധ്യത്തിന്റെ വെളിച്ചത്തിലാണ് ഈ രേഖ രൂപീകൃതമായത്. അങ്ങനെയാണെങ്കിൽ പൗരസ്ത്യപാരമ്പര്യങ്ങൾ അഭംഗുരം പാലിക്കപ്പെടണം; വളർത്തിയെടുക്കണം. വികസിപ്പിക്കണം. എന്നാൽ ഈ രേഖ എല്ലായിടത്തും എല്ലാവരും നന്നായി ഗ്രഹിച്ചില്ല. റോമിൽ പോലും ഉള്ള പലരും അതു നടപ്പാക്കിയില്ല എന്നു മാത്രമല്ല ഇതിന്റെ അർത്ഥം പൂർണമായും മനസ്സിലാക്കിയില്ല; ജറുസലേമിലെ ലത്തീൻ പാത്രിയാർക്കേററിന്റെ നേതൃത്വത്തിൽ ലത്തീൻ റീത്തിലേക്കുള്ള പരിവർത്തന ശ്രമങ്ങളും ലത്തീനീകരണങ്ങളും പശ്ചിമേഷ്യയിൽ മുറയ്ക്കു നടന്നുകൊണ്ടിരുന്നു. ഇപ്രകാരം ചെയ്യുന്നത് ചാക്രികലേ

www.malankaralibrary.com



ഖനം കർക്കശമായി നിരോധിച്ചെങ്കിലും പ്രായോഗികമായി പലയിടങ്ങളിലും ഒന്നും നടന്നില്ല.

ലെയോ പതിമൂന്നാമൻ പാപ്പാ 1886-ൽ ഇൻഡ്യയെ മുഴുവൻ ലത്തീൻ രൂപതകളായി തിരിച്ച് ഇൻഡ്യയിൽ ലത്തീൻ കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ചപ്പോൾ, ഭാരതത്തിലെ പുരാതന സഭയെ ഒരു ലത്തീൻ അതിരൂപതയുടെ കീഴിലാക്കുക മാത്രമാണ് ചെയ്തത്. ഭാരതത്തിലെ മാർത്തോമാക്രിസ്ത്യാനികളുടെ ഹയരാർക്കി പുനഃസ്ഥാപിക്കപ്പെട്ടത് 1923-ൽ മാത്രമാണ്. അതും നിരന്തരമായ നിവേദനങ്ങളുടെ ഫലമായി മാത്രം. ''വരാപ്പുഴ വികാരിയേററ്'' മാർത്തോമാ ക്രിസ്ത്യാനികൾക്കുവേണ്ടി പ്രൊപ്പഗാന്താ തുടങ്ങിയതായിരുന്നെങ്കിലും 1886-ൽ അത് ലത്തീൻ സഭയുടെ ഒരു അതിരൂപതയാക്കി, സുറിയാനിക്കാരെ അതിൻെറ കീഴിലാക്കി. നൂററാണ്ടുകളായി റോമാ മാർപാപ്പായോടുള്ള വിധേയത്വത്തിലും സാർവത്രിക സംസർഗത്തിലും കഴിഞ്ഞ മാർ തോമാ ക്രിസ്ത്യാനികളെ 1886-ൽ പോലും ഒരു സഭയായി അംഗീകരിച്ച് സ്വന്തം ഹയരാർക്കി സ്ഥാപിക്കാതെ റോമൻ കത്തോലിക്കാ സഭയുടെ റീത്താക്കി വരാപ്പുഴയുടെ കീഴിലാക്കുകയാണു ചെയ്തത്. മാർപാപ്പാമാർ ആത്മാർത്ഥമായി പൗരസ്ത്യരെപ്പററി ചിന്തിക്കുകയും പറയുകയും ചെയ്തിരുന്നുവെങ്കിലും റോമൻകൂരിയായിലെ പ്രധാനപ്പെട്ട പല ഡിപ്പാർട്ടുമെൻറുകളെയും, പാശ്ചാത്യലോകത്ത് പോളിസികൾ നിശ്ചയിക്കുന്ന രാഷ്ട്രങ്ങളെയും അത് ലവലേശം ബാധിച്ചിരുന്നില്ല എന്നത് ഇത്തരം നിരവധി സംഭവങ്ങൾ വ്യക്തമാക്കുന്നു. മാർപാപ്പാമാരുടെ ചിന്തയ്ക്കനുസരിച്ചല്ല, ഡിപ്പാർട്ടുമെൻറുകളിലെ മേധാവികളാണ് പ്രായോഗികതലത്തിൽ പല പോളിസികളും നിശ്ചയിച്ചിരുന്നത് എന്നു വ്യക്തം. അതുപോലെ തന്നെ അക്കാലത്ത് കൂരിയായിൽ കൊളോണിയൽ ശക്തികളുടെ സ്വാധീനവും ചില്ലറയൊന്നുമല്ലായിരുന്നു.

വി. പത്താം പീയൂസ് പാപ്പായുടെ ഭരണകാലത്ത് (1903-14) പൗരസ്ത്യസഭകളുമായുള്ള ബന്ധം സംബന്ധിച്ച് കൂടുതലായി ഒന്നും തന്നെ നടന്നില്ല. എന്നു മാത്രമല്ല, അവിടവിടെയായി ലത്തീനീകരണം അക്കാലത്ത് ദൃശ്യമായിരുന്നു.

തുടർന്നു സഭാശുശ്രൂഷയ്ക്കു നേതൃത്വം കൊടുത്ത ബനഡിക്ട് പതിനഞ്ചാമൻ പാപ്പാ (1914-22) വളരെ പ്രയാസങ്ങളുള്ള ഒരു കാലഘട്ടത്തിലാണ് ജീവിച്ചിരുന്നതെങ്കിലും പൗരസ്ത്യരെപ്പററി കുറെയൊക്കെ ചിന്തിച്ചു. പാപ്പാതന്നെ പ്രീഫെക്ടായി പൗരസ്ത്യസഭകൾക്കു വേണ്ടി ഒരു കോൺഗ്രിഗേഷനെ 1917-ൽ റോമിൽ സ്ഥാപിച്ചു. അന്നുവരെ അത് പ്രൊപ്പഗാന്താ സംഘത്തിൻെറ ഒരു



ഭാഗം ആയിരുന്നു. പൗരസ്ത്യ സഭകളെപ്പററിയുള്ള പഠന കേന്ദ്രമായി റോമിൽ ഒരു ''പൊന്തിഫിക്കൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഓറിയൻറൽ സ്റ്റഡീസ്'' സ്ഥാപിച്ചു.

അതിനുശേഷം ഭരണം നടത്തിയ പതിനൊന്നാം പീയൂസ് പാപ്പായാണ് (1922-39). ലെയോ 13-ാമൻെറ ആശയങ്ങൾ കുറേക്കൂടി സ്വാംശീകരിച്ചതും നടപ്പിലാക്കാൻ ശ്രമിച്ചതും. 1923-ൽ അദ്ദേഹം സീറോ-മലബാർ ഹയരാർക്കി പുന:സ്ഥാപിച്ചു. 1932-ൽ സീറോ-മലങ്കര ഹയരാർക്കി സ്ഥാപിച്ചു. പാശ്ചാത്യലോകത്ത് പൗരസ്ത്യ സഭകളെപ്പററിയുള്ള അറിവു പകരാൻ പ്രേരിപ്പിച്ചുകൊണ്ട് ''റേരും ഓറിയെന്താലിയും'' എന്ന രേഖ 1928-ൽ എഴുതി. പൗരസ്ത്യ സംഘത്തിൻെറ തലപ്പത്ത് ഭാഗ്യസ്മരണാർഹനായ കർദ്ദിനാൾ എവുജീൻ തിസ്സറാങ്ങിനെ 1935-ൽ നിയമിച്ച്, അതിനെ ശക്തിപ്പെടുത്തി. യൂറോപ്പിൽ പലയിടങ്ങളിലും എക്യുമെനിക്കൽ കേന്ദ്രങ്ങളാരംഭിച്ചു. (ഫ്രാൻസിൽ ഇസ്തീനാ; ബൽജിയത്ത് അമേയിൽ (ഇപ്പോൾ ഷെവുതോങ്ങിൽ)-പല സന്യാസ സമൂഹങ്ങളുടെയും പൗരസ്ത്യവിഭാഗം തന്നെ തുടങ്ങാൻ പ്രേരിപ്പിച്ചു. ബിസൻറയിൻ പാരമ്പര്യത്തിൽ ഇപ്രകാരം പല സന്യാസ സമൂഹങ്ങളും ബ്രാഞ്ചുകൾ തുടങ്ങി. ആരാധന ക്രമത്തിലെ ലത്തീനീകരണത്തെ പീയൂസ് പതിനൊന്നാമൻ ശക്തിയായും നിശിതമായും വിമർശിച്ചു. കേരളത്തിലെ പൗരസ്ത്യ കത്തോലിക്കാസഭകൾക്ക് പതിനൊന്നാം പീയൂസ് പാപ്പായെ ഒരിക്കലും മറക്കാനാവില്ല. ഇന്ന് ഈ സഭകൾ എന്തെങ്കിലും ആണെങ്കിൽ അതിനു ഹേതുഭൂതൻ അദ്ദേഹമാണ്. അദ്ദേഹം ചെയ്ത ഏററം വലിയ സംഗതി മഹാനായ തിസ്സറാങ്ങിനെ പൗരസ്ത്യസംഘത്തിൻെറ നേതൃസ്ഥാനത്ത് (സെക്രട്ടറിയായി) നിയമിച്ചതാണ്. ഭാരതത്തിലെ പൗരസ്ത്യ സഭകളെ ഏററം നന്നായി അറിയാവുന്നയാളായിരുന്നദ്ദേഹം. ''നിങ്ങളുടെ സഭകളെപ്പററി എനിക്കറിയാം; അതുകൊണ്ട് ഞാൻ നിങ്ങളുടെ സഭയെ സ്നേഹിക്കുന്നു''-അദ്ദേഹം ഒരിക്കൽ പറഞ്ഞു. ആത്മാർത്ഥത നിറഞ്ഞവയായിരുന്നു അദ്ദേഹത്തിൻെറ വാക്കുകൾ. പോർട്ടുഗീസ് ആധിപത്യകാലം മുതൽ ഹയരാർക്കിസ്ഥാപനം വരെ കടുത്ത ലത്തീനീകരണത്തിനു വിധേയമായ ഈ സഭയിലെ ലത്തീൻ ഘടകങ്ങൾ നീക്കി ഭാരതമണ്ണിനു യോജിച്ച ഏഷ്യൻ സഭയാക്കണം എന്നു തീരുമാനിച്ചതദ്ദേഹമാണ്. അടിമത്തത്തിനു ശേഷം വന്ന ഇവിടത്തെ ഭരണ നേതൃത്വത്തിനു പോലും മനസ്സിലാകാത്ത ഭാഷയായിരുന്നത്. അനവസരോചിതവും അനാവശ്യവുമായ നിവേദനങ്ങൾക്കൊന്നും അദ്ദേഹം ചെവിക്കൊള്ളാതെ സാർവത്രിക സഭാതത്വങ്ങൾ മാത്രം അനുസരിച്ച് പ്രവർത്തിച്ചു. പതിനൊന്നാം പീയൂസിനു തിസ്സറാങ്ങിൽ ഉറച്ച വിശ്വാസമുണ്ടായിരുന്നു. യോഹന്നാൻ 23-ാമൻ

www.malankaralibrary.com



പാപ്പായുടെ കാലംവരെ തിസ്സറാങ്ങ് എന്ന ധീരനായ നേതാവ് പൗരസ്ത്യ സഭകളുടെ ചുക്കാൻ പിടിച്ചു. അതിനുശേഷം ഇന്നുവരെ ആസ്ഥാനത്ത് ഇത്രയും പൗരസ്ത്യ ജ്ഞാനവും പൗരസ്ത്യ സഭാസ്നേഹവും കഴിവും ആത്മാർത്ഥതയും കർമ്മശേഷിയും ഉള്ള ഒരു പാശ്ചാത്യൻ വന്നിട്ടില്ല; ഉടനെയെങ്ങും ഉണ്ടാകുമെന്നതിന്റെ ലക്ഷണവും കാണുന്നില്ല.

പീയൂസ് 11-ാമനു ശേഷം വന്ന പീയൂസ് 12-മൻ (1939-58) പൗരസ്ത്യ കാര്യങ്ങൾക്ക് അത്രമാത്രം സ്വയം അർപ്പിച്ചില്ല. എന്നാൽ തന്റെ മുൻഗാമിയുടെ പോളിസി തുടർന്നു. തിസ്സറാങ്ങ് തന്നെ പൗരസ്ത്യ സംഘത്തിന്റെ സെക്രട്ടറിയായി തുടർന്നു. പൗരസ്ത്യ കാനൻ നിയമത്തിന്റെ പല ഭാഗങ്ങളും ഇക്കാലത്താണ് പ്രസാധനം ചെയ്തത്. പല പൗരസ്ത്യ സഭകളുടെയും ആരാധനക്രമഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. റോമിൽ പഠിക്കുന്ന പൗരസ്ത്യർക്ക് താമസിക്കാൻ ''ഡമഷീൻ കോളേജ്'' സ്ഥാപിച്ചു.

അതേത്തുടർന്ന് നേതൃസ്ഥാനത്തുവന്ന ജോൺ 23-ാമൻ പാപ്പായാണ് ''ആധുനിക എക്യുമെനിസം'' ലോകത്തിനു കാഴ്ചവച്ചത്. പൗരസ്ത്യസഭകളുമായി അടുത്തിടപെടാൻ അവസരം ലഭിച്ച പാപ്പാ വിവിധ ക്രിസ്തീയ പാരമ്പര്യങ്ങൾ തമ്മിലുള്ള അടുപ്പവും സഭൈക്യത്തിനുള്ള വിലങ്ങുതടികളും വ്യക്തമായി കണ്ടു. സഭൈക്യത്തിനായി ഒരു ''സഭൈക്യകാര്യാലയം''[3] സ്ഥാപിച്ചു. അതിൽ ഒരു വിഭാഗം പൗരസ്ത്യസഭകളുമായും മറേറ വിഭാഗം പാശ്ചാത്യസഭകളുമായും ബന്ധം പുലർത്തുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിലേക്ക് ഈ കാര്യാലയം വഴി മിക്കവാറും എല്ലാ അകത്തോലിക്കാ സഭകളുടെയും പ്രതിനിധികളെ ക്ഷണിച്ചു; അവരുടെ അഭിപ്രായങ്ങൾ പലപ്പോഴും ഡിക്രികളിൽ പ്രതിഫലിപ്പിക്കാനും ഈ കാര്യാലയത്തിനു കഴിഞ്ഞു. തുറന്ന സമീപനവും ആത്മാർത്ഥത നിറഞ്ഞ പെരുമാററവും പരസ്പര സന്ദർശനങ്ങളും വഴി നിരവധി മുൻവിധികൾ മാററുവാൻ ഈ കാര്യാലയത്തിന്റെ പ്രവർത്തനം സഹായിച്ചു. ചുരുങ്ങിയ കാലം കൊണ്ട് ക്രൈസ്തവസഭകളെ റോമൻ കത്തോലിക്കാസഭയുമായി ധാരണയിലേക്കു കൊണ്ടുവരുവാൻ സാധിച്ചത് മഹത്തായ സംഗതി തന്നെയാണ്. 11-ാം പീയൂസിന്റെ പോളിസിയാണ് പൗരസ്ത്യരെ സംബന്ധിച്ച് ജോൺ മാർപാപ്പാ പിൻതുടർന്നത്. എന്നാൽ തിസ്സറാങ്ങിനെ പൗരസ്ത്യസംഘത്തിന്റെ നേതൃസ്ഥാനത്തു നിന്നു മാററിയത് മനസ്സിലാക്കാൻ പ്രയാസമുള്ള കാര്യമാണ്. പൗലോസ് ആറാമൻ പാപ്പായുടെ കാലത്ത് പൗരസ്ത്യ കത്തോലിക്കാസഭകളെ

3. Secretariat for Promoting Christian Unity.



പ്പററിയുള്ള രേഖയും 'എക്യുമെനിസം' സംബന്ധിച്ച രേഖയും കൗൺസിൽ പ്രസിദ്ധീകരിച്ചു. പലരും ഈ രണ്ടു ഡിക്രികളിലും പല കുറവുകളും പോരായ്മകളും ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും റോമൻ കേന്ദ്രങ്ങളിൽ നിന്ന് ഈ വിഷയങ്ങൾ സംബന്ധിച്ചുള്ള ഉത്തമവും ഏററം പരിപക്വവുമായ രേഖകളാണിവ രണ്ടും. വിശാലമായ ക്രൈസ്തവൈക്യം സംജാതമാകുമ്പോൾ ഈ രണ്ടു രേഖകളും കൂടുതൽ മെച്ചപ്പെട്ട മററ് രേഖകൾക്ക് വഴി മാറിക്കൊടുക്കേണ്ടിവരും.

'സഭൈക്യകാര്യാലയ'ത്തിന്റെ നേതൃത്വത്തിൽ നിരവധി ഓർത്തഡോക്സ് പാത്രിയർക്കാമാർ റോമിലെത്തുകയും പാപ്പായെ സന്ദർശിക്കയും ചെയ്തു. അതുപോലെ പാപ്പാ തന്നെ പല ഓർത്തഡോക്സ് സഭാധ്യക്ഷന്മാരെയും അവരുടെ നാടുകളിൽ പോയി സന്ദർശിക്കയുണ്ടായി. റോമും കോൺസ്ററാൻറിനോപ്പിളും പരസ്പരമുള്ള മഹറോൻ 1965 ഡിസംബർ 7 ന് ഔദ്യോഗികമായി പിൻവലിച്ചു. റോമൻ സഭയുടെ പക്കൽ ഉണ്ടായിരുന്ന ചില പൗരസ്ത്യ സഭാപിതാക്കന്മാരുടെ തിരുശേഷിപ്പുകൾ സൗഹൃദത്തിന്റെ അടയാളമായി പ്രസ്തുത സഭകൾക്കു തിരികെ നൽകി. വിവിധ സഭകൾ തമ്മിൽ ഇതിനോടകം നിരവധി ഐക്യചർച്ചകൾ നടത്തുകയും യോജിപ്പിന്റെ നിരവധി മേഖലകൾ കണ്ടെത്തുകയും ചെയ്തു. അതുപോലെ നിരവധി മുൻവിധികളും പലയിടത്തും മാറിയിട്ടുമുണ്ട്. എന്നാൽ 'കുർബ്ബാനയിലെ പരസ്പരസംസർഗത്തിനു'' ഇനിയും ബഹുദൂരം ഓടേണ്ടതായിട്ടാണിരിക്കുന്നത്. കൗൺസിലിനുശേഷം അമേരിക്കയിലും ആസ്ത്രേലിയായിലും കൂടുതൽ പൗരസ്ത്യ കത്തോലിക്കാ രൂപതകൾ റോം തുടങ്ങി. അതുപോലെ പാത്രീയർക്കീസുമാരെ തെരഞ്ഞെടുത്തശേഷം ''സംസർഗകത്തുകൾ'' അയച്ചാൽ മതി, തെരഞ്ഞെടുപ്പ് റോം അംഗീകരിക്കേണ്ടതില്ല എന്ന നിലപാട് റോം സ്വീകരിച്ചു.

എന്നാൽ സഭാശാസ്ത്രം സംബന്ധിച്ചും പ്രായോഗിക സഹകരണം സംബന്ധിച്ചും ഇനിയും ചെയ്യാവുന്ന പല സംഗതികളും, ഓർത്തഡോക്സ് സഭകളുമായി സഹകരിക്കാവുന്ന നിരവധി മേഖലകളും ഇപ്പോഴുമുണ്ട്. പാശ്ചാത്യ സഭയുടെ സഭാശാസ്ത്രമൊന്ന്; പൗരസ്ത്യ സഭകളുടേത് മറെറാന്ന്. സഭകൾ തമ്മിൽ പിളർന്നകന്ന ശേഷം പാശ്ചാത്യലോകത്ത് ഒരു സഭാശാസ്ത്രം വികസിച്ചു. ഈ ഏകപക്ഷീയമായ സഭാശാസ്ത്രം മാത്രമേ ക്രൈസ്തവ സഭാശാസ്ത്രമായി അനേകം പാശ്ചാത്യ ക്രൈസ്തവർ കണ്ടിരുന്നുള്ളു. സെമിനാരി പ്രൊഫസർമാർ ഇതു മാത്രമേ വിദ്യാർത്ഥികൾക്കു നൽകിയിരുന്നുള്ളു. പൊതുവെ, സാമാന്യ വൈദികരുടെയും അവരിൽനിന്നു സഭാദ്ധ്യക്ഷന്മാരായവരുടെയും സഭാശാസ്ത്രം ഇതു മാത്രമാണ്. മറെറാന്നിനെപ്പററി ചിന്തിക്കാനേ അവർക്കു സാധിക്കുന്നില്ല. ഭാരത

www.malankaralibrary.com



ത്തിലെ ലത്തീൻ സഭയിൽ പരക്കെ കാണുന്ന ഒന്നാണിതു്. ലത്തീൻകാർ പൗരസ്ത്യരുടെ വൈദിക പരിശീലനം ഏറ്റെടുത്തു നടത്തുന്ന സെമിനാരികളിലും അതുതന്നെയാണ് അവസ്ഥ. പല പൗരസ്ത്യ കത്തോലിക്കാ വൈദികരെയും രൂപീകരിച്ചിരുന്നതും ഇപ്പോഴും രൂപീകരണം നൽകുന്നതും പാശ്ചാത്യ സഭാശാസ്ത്രം മാത്രം അറിയാവുന്ന പാശ്ചാത്യ വൈദികരോ, പൗരസ്ത്യ വൈദികരോ ആണ്. പൗരസ്ത്യ - പാശ്ചാത്യ സഭകൾ തമ്മിലുള്ള ഐക്യസംഭാഷണങ്ങൾ ത്വരിതപ്പെടുത്താനോ മെച്ചപ്പെടുത്താനോ മുൻവിധികൾ നീക്കാനോ ഇക്കൂട്ടരിൽ പലർക്കും സാധിക്കയില്ല.

ഭാരതത്തിൽ സഭൈക്യത്തിനും ഓർത്തഡോക്സ് സഭകളുമായുള്ള ഐക്യ സംഭാഷണത്തിനും വലിയൊരു വിലങ്ങുതടിയായി നിൽക്കുന്ന ഒന്നാണ് ഭാരതത്തിലെ ലത്തീൻ സഭയുടെ ചിന്താഗതിയും പ്രവർത്തനങ്ങളും. ''കൗൺസിൽ എന്തു പറഞ്ഞാലും, പാപ്പാമാർ എന്തു തന്നെ എഴുതിയാലും ഭാരതത്തിന്റെ പശ്ചാത്തലത്തിൽ ഇതൊന്നും നടപ്പില്ല'' എന്നാണ് ഈയടുത്ത കാലം വരെ ഭാരതത്തിലെ ലത്തീൻ ലോകത്തിൽ നിന്നു കേട്ടിരുന്നതു്. കത്തോലിക്കാ സഭയെന്നാൽ ലത്തീൻ സഭയാണെന്നും, പൗരസ്ത്യ സഭകൾ 'റീത്തുകളാണെന്നും' അവ വളരാനും വികസിക്കാനും പാടില്ലെന്നും മററുമുള്ള വികല ചിന്താധാരകൾ വച്ചു പുലർത്തുന്ന നിരവധി ലത്തീൻകാർ ഇന്നും ഇൻഡ്യയിലുണ്ടു്. ഭാരതത്തിലെ പൗരസ്ത്യ സഭകൾ മിഷൻവേല ചെയ്യണമെങ്കിൽ സ്വന്തനാട്ടിൽ പോലും ലത്തീൻ റീത്തെടുക്കണമെന്നും, ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പൗരസ്ത്യരുടെ ആത്മീയ കാര്യങ്ങൾ നടത്താൻ പൗരസ്ത്യർക്കവകാശമില്ലെന്നും മററും ലത്തീൻകാർ ഓരോരോ മുടന്തൻ ന്യായം പറഞ്ഞു് വാദിച്ചുകൊണ്ടിരുന്നു. തുടർന്നു് പൗരസ്ത്യ സഭയിൽപ്പെട്ട ചിലർ വളരെ ശക്തിയായി കാര്യകാരണസഹിതം ഈ പ്രശ്നം ലേഖനങ്ങളിലൂടെ ഏതാണ്ടു് നീണ്ട പത്തു വർഷത്തോളം അവതരിപ്പിച്ചു. 1986-ലെ റോമൻ സിനഡിൽ പങ്കെടുത്ത പൗരസ്ത്യ സഭാദ്ധ്യക്ഷന്മാർ മാർപാപ്പായുടെ സന്നിധിയിൽ വച്ചുതന്നെ സിനഡിൽ ഈ പ്രശ്നം സഗൗരവം അവതരിപ്പിച്ചു. ഇപ്രകാരം ഒരനീതി ഭാരതത്തിലെ കത്തോലിക്കാസഭയിൽ നിലനില്ക്കുന്നു എന്നു് അപ്പോൾ മാത്രമാണ് പല പാശ്ചാത്യ പിതാക്കന്മാരും അറിയാൻ ഇടയായതു്. തുടർന്നു് മാർപാപ്പാ



1987 മെയ് 25-നു് ഭാരതത്തിലെ എല്ലാ കത്തോലിക്കാ മെത്രാന്മാർക്കും കത്തയച്ചു. പൗരസ്ത്യർ പറയുന്നതു് ന്യായയുക്തമാണെന്നും പൗരസ്ത്യർക്കു് അവരുടേതായ രീതിയിൽ ആരാധനാസൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്നും സുവിശേഷപ്രസംഗം എല്ലാ സഭകളുടെയും കടമയാണെന്നും മററും പാപ്പാ എഴുതി. ഒരു സ്ഥലത്തു് ഒന്നിലേറെ മെത്രാനാകാം എന്നും കല്യാൺരൂപത ഉടൻ സ്ഥാപിക്കണമെന്നും നിർദ്ദേശിച്ചു. പഴയ ലത്തീൻ സഭാശാസ്ത്രം മാത്രം അറിയാവുന്ന പല ലത്തീൻ മെത്രാന്മാരും ഇപ്പോഴും പ്രായോഗികമായി ഇതു നടപ്പാക്കുന്നതു് തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

ഈ സ്ഥിതിവിശേഷം മാറാതെ ഭാരതത്തിൽ എക്യുമെനിക്കൽ ചർച്ചകൾ വിജയിക്കയില്ല. ഭാരത കത്തോലിക്കരിൽ പലരും ഇപ്പോഴും എക്യുമെനിസവും സഭാശാസ്ത്രവും സംബന്ധിച്ചു് നൂററാണ്ടുകൾ പുറകിലാണ്. നാമിനി വളരെയധികം മുന്നോട്ടു പോയെങ്കിലേ 'സഭൈക്യകാര്യാലയ'ത്തിന്റെ തുറന്ന മനഃസ്ഥിതിയും വിശാലമായ കാഴ്ചപ്പാടും കൈവരികയുള്ളു. അതു സാധിക്കുമോ?

## ഗ്രന്ഥസൂചിക

G. Chediath - T. Vellilamthadam, *Ecumenism in Danger*, Kottayam 1986.

E.R. Hambye, *Dimensions of Eastern Christianity*, Kottayam, 1983, പേ. 133-143.

മുകളിൽ പേ. 132ലെയും 166ലെയും ഗ്രന്ഥസൂചിക കാണുക.

www.malankaralibrary.com

## അധ്യായം 14

# ലത്തീൻസഭയും ഗ്രീക്കുസഭയും

ക്രിസ്തുവിന്റെ ഏകസഭയുടെ രണ്ടു ശാഖകളെപ്പോലെ ലത്തീൻ സഭയും ഗ്രീക്കു സഭയും ആദ്യത്തെ പതിമൂന്നു നൂററാണ്ടുകാലം ഒന്നായി മുന്നോട്ടുപോയി. തുടർന്നുള്ള കാലഘട്ടങ്ങളിൽ അകൽച്ച വർദ്ധിക്കയും പരിപൂർണമായ സംസർഗവും കൂട്ടായ്മയും കൂടാതെ ഇരുസഭകളും രണ്ടുവഴിക്കു വളരുകയും ചെയ്തു. രാഷ്ട്രീയവും മതപരവുമായ കാരണങ്ങളാം ഈ അകൽച്ചയ്ക്കു പിന്നിലുണ്ടു്. ഇതേപ്പററി ചുരുക്കി വിവരിക്കുകയാണ് ഈ അദ്ധ്യായത്തിൽ. പൊതുവെ, 1054 ആണ് കിഴക്കും പടിഞ്ഞാറും തമ്മിലുള്ള പിളപ്പിന്റെ വർഷമായി ചൂണ്ടിക്കാണിക്കാറുള്ളതു്. എന്നാൽ അതു് അത്ര കൃത്യമായി ശരിയല്ല. നാലാം കുരിശുയുദ്ധമാണ് (1204) കിഴക്കിനെയും പടിഞ്ഞാറിനെയും തമ്മിൽ മതപരമായും വൈകാരികമായും അകററിയതു്. 1204-നു ശേഷവും സംസർഗവും കൂട്ടായ്മയും നിശ്ശേഷം ഇല്ലാതായില്ല. സഭൈക്യ സംരംഭങ്ങളാം രണ്ടു ഭാഗത്തുനിന്നും ഉണ്ടായി എങ്കിലും അവ വിജയിച്ചില്ല. പിന്നീട് ഐക്യാഭിവാഞ്ഛ ശക്തിപ്പെട്ടതു് ഇക്കഴിഞ്ഞ രണ്ടാം വത്തിക്കാൻ സൂനഹദോസോടുകൂടെയാണ്.

പിളർപ്പിനു പശ്ചാത്തലമൊരുക്കിയ രാഷ്ട്രീയകാരണങ്ങളാം ആദ്യമായി അപഗ്രഥിക്കാം. സഭയും രാഷ്ട്രവും വളരെയധികം കെട്ടുപിണഞ്ഞുകിടന്ന അക്കാലത്തു് തികച്ചും രാഷ്ട്രീയകാരണം എന്നു പറയാൻ പ്രയാസമാണ്. നാലു രാഷ്ട്രീയ കാരണങ്ങളാണ് ചൂണ്ടിക്കാണിക്കുവാനുള്ളതു്.

1 പാശ്ചാത്യറോമാസാമ്രാജ്യത്തിന്റെ തകർച്ച
2 തെസ്സലോനിക്കയിലെ വികാരിയേററു്
3 ബംഗേറിയൻ പ്രശ്നം
4 തെക്കേ ഇററലിയിലെ നോർമൻ ആക്രമണം.



## 1 പാശ്ചാത്യ റോമാസാമ്രാജ്യത്തിന്റെ തകർച്ച

ബാർബേറിയൻ ആക്രമണത്തിൽ (476) റോം വീണു. തുടർന്നുള്ള കാലഘട്ടങ്ങളിൽ റോമിനെയും ഇററലിയെയും രക്ഷിക്കാൻ കോൺസ്റ്റാൻറിനോപ്പിളിനു കഴിഞ്ഞില്ല. എങ്കിലും വളരെക്കാലത്തേക്കു് ഇററലിയിലുടനീളം കോൺസ്റ്റാൻറിനോപ്പിളിന്റെ വസ്തുവകകളും സ്വാധീനമുള്ള പ്രദേശങ്ങളും ഉണ്ടായിരുന്നു. റോമിലെ പാപ്പായും ഇററലിയുമെല്ലാം തുടർന്നും തങ്ങളുടെ സാമ്രാജ്യത്തിലെ പ്രജകളായിതന്നെ കിഴക്കുള്ള ചക്രവർത്തിമാർ കണ്ടു. വടക്കേ ഇററലിയിൽ ആധിപത്യം ഉറപ്പിച്ച ലൊംബാർഡുകളിൽ നിന്നുള്ള ആക്രമണത്തെ നേരിടാൻ റോമിലെ പാപ്പാമാർ ഗാളിലെ (ഫ്രാൻസിലെ) ഫ്രാങ്കുകളുടെ സഹായം തേടി. അവരുടെ നേതാക്കന്മാരായ പെപ്പിനും (751-68) ചാർളിമെയിനും, (768-814) റോമിന്റെ സഹായത്തിനെത്തി. അവരുടെ സഹായത്തോടുകൂടി പാപ്പായ്ക്കു് പേപ്പൽ സംസ്ഥാനങ്ങളുണ്ടായി. 800-ാമാണ്ടിൽ ക്രിസ്മസ്ദിവസം ലെയോ III പാപ്പാ (795-816) ചാർളിമെയിനെ പാശ്ചാത്യലോകത്തെ വിശുദ്ധ റോമാസാമ്രാജ്യത്തിന്റെ ചക്രവർത്തിയായി റോമിൽ വച്ചു് കിരീടം ധരിപ്പിച്ചു. പാപ്പാ തങ്ങളോടുള്ള ബന്ധത്തിൽ നിന്നകന്നു് യൂറോപ്പിലെ "അപരിഷ്കൃതരുടെ" സാമ്രാജ്യത്തോടു് അടുത്തതു് ഞെട്ടലോടുകൂടിയേ പൗരസ്ത്യർക്കു കാണാൻ സാധിച്ചുള്ളു. അതുപോലെ പാപ്പാ ഒരു ഭൗതികാധികാരി എന്ന നിലയിൽ അധികാര വിസ്തൃതി വരുത്തിക്കൊണ്ടിരുന്നതും സഭാപരമായ അകൽച്ചയ്ക്കുള്ള രാഷ്ട്രീയ പശ്ചാത്തലമായി കണക്കാക്കാം. ഫ്രാങ്കുകളുടെ സാമ്രാജ്യത്തിനുശേഷം(742-887)ജർമ്മൻകാരുടെ സാമ്രാജ്യം ഉണ്ടായി (914-1075). അതേപ്പററി താഴെ ചർച്ച ചെയ്യുന്നതാണ്.

## 2. തെസലോനിക്കയിലെ വികാരിയേററ്

ഇല്ലിരിക്കം പ്രീഫെക്ചറിലെ ഡേഷ്യ, മാസിഡോണിയാ എന്നീ പ്രദേശങ്ങളുടെയും പാശ്ചാത്യ ഇല്ലീറിയാ (ഡൽമേഷ്യ) എന്ന പ്രദേശത്തിന്റെയും പേരിൽ കിഴക്കും പടിഞ്ഞാറും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായി. ഇന്നത്തെ ഗ്രീസ്, യൂഗോസ്ലാവിയാ, അൽബാനിയാ എന്നിവയായിരുന്നു തൽപ്രദേശങ്ങളാം.[1] ഇവയിൽ ചില പ്രദേശങ്ങളാം പൗരസ്ത്യ റോമാസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നെങ്കിലും സഭാപരമായി അവിടെ മേൽനോട്ടം വഹിച്ചിരുന്നതു് റോമിലെ പാപ്പായായിരുന്നു. സിറീചിയൂസ് പാപ്പാ (384-99) ഗ്രീസിലെ തെസ്സലോനിക്കാ രൂപതാദ്ധ്യക്ഷൻ അനീസിയൂസിനു എഴുതിയ കത്തിൽനിന്നു് ഇതു വ്യക്തമാണ്. ഇന്നസെൻറ് പാപ്പാ (402-17)

1. മുകളിൽ പേ. 93-100 കാണുക.

www.malankaralibrary.com



415-ൽ തെസ്സലോനിക്കായിൽ ഒരു വികാരിയേററ് സ്ഥാപിച്ചു. ഇല്ലിറിക്കം പ്രദേശങ്ങളിൽ തന്റെ നാമത്തിൽ മേലന്വേഷണം നടത്താൻ അനീസിയൂസിനെ അധികാരപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു ഈ നിയമനം. ലെയോ മാർപാപ്പയും (440-61) തന്റെ വികാരിയുടെ മേൽ അധികാരം നടത്തുന്നതായി കാണാം. തെസ്സലോനിക്കയിലെ വികാരി ഒരിക്കൽ തന്റെ പരിധിവിട്ടു പ്രവർത്തിച്ചതിനു് ലെയോ കുററപ്പെടുത്തുന്നു. പൗരസ്ത്യരാരും പാപ്പായുടെ ചെയ്തികളെ ചോദ്യം ചെയ്യാനോ അവിടെ അധികാരപ്രയോഗം നടത്താനോ മുതിർന്നില്ല. എന്നാൽ ജസ്റ്റീനിയൻ ചക്രവർത്തി (527-65) പാപ്പായോടാലോചിക്കാതെ ഒരു രാജകീയ വിളംബരം വഴി തന്റെ ജന്മനഗരമായ ജൂസ്തീനിയാനാ പ്രീമായ്ക്കു് 535-ൽ സഭാപരമായി സൂപ്പർ മെത്രാപ്പോലീത്തൻ സ്ഥാനം നൽകി. 'ഡേഷ്യാമെഡിതെറാനെയാ' സിവിൾ രൂപതയുടെ മെത്രോപ്പോളീസായിരുന്ന ഈ പട്ടണവും തെസ്സലോനിക്കാ വികാരിയുടെ അധികാരത്തിൻ കീഴിലായിരുന്നു. ഈ വികാരിയേററിന്റെ കീഴിലുണ്ടായിരുന്ന രൂപതകളെല്ലാം ചക്രവർത്തി താൻ ഉയർത്തിയ രൂപതയ്ക്കു ഏകപക്ഷീയമായി നൽകി. തെസ്സലോനിക്കയെപ്പററി പരാമർശിക്കയാകട്ടെ, പാപ്പായോടനുമതി തേടുകയാകട്ടെ ചെയ്തില്ല. ചക്രവർത്തി ശക്തനും പാപ്പാ ബലഹീനനുമായിരുന്നു എങ്കിലും ഇതു് റോമിന്റെ അധികാരത്തിലുള്ള കടന്നാക്രമണമായിരുന്നു. തുടർന്നു് 545-ലെ 131-ാം നിയമത്തിലൂടെ പോപ്പ് വിജീലിയൂസുമായി ഉണ്ടാക്കിയ 'ധാരണ' അനുസരിച്ച് ജൂസ്തീനിയാനാ പ്രീമായ്ക്കു് റോമിന്റെ വികാരിയുടെ സ്ഥാനം നൽകി. എന്നാൽ ജസ്റ്റീനിയന്റെ കാലത്തു് അവിടെ ഭരിച്ചവരാരും റോമിനെ സമീപിക്കാൻ ജസ്റ്റീനിയൻ അനുവദിച്ചില്ല. തുടർന്നുള്ള നൂററാണ്ടുകളിൽ ഈ വികാരിയേററിന്റെ മേൽ റോമിനുള്ള അധികാരം നാമമാത്രമായിരുന്നു. പ്രതിമാഭഞ്ജകനായ ലെയോ മൂന്നാമൻ ചക്രവർത്തി (675-741) 732-ൽ ഇല്ലീറിയൻ പ്രദേശങ്ങളിലുള്ള രൂപതകളെല്ലാം പാപ്പായുടെ ഭരണത്തിൽ നിന്നു മാററി കോൺസ്ററാൻറിനോപ്പിളിന്റെ കീഴിലാക്കി. എങ്കിലും പാപ്പാമാർ തുടർന്നും ഈ പ്രദേശങ്ങളുടെ മേൽ അവകാശവാദം പുറപ്പെടുവിച്ചുകൊണ്ടിരുന്നതായി കാണാവുന്നതാണ്.[2]

## 3. ബൾഗേറിയൻ പ്രശ്നം

ടർക്കിഷ് വംശജരായിരുന്നു ബൾഗേറിയാക്കാർ. 679-ഓടുകൂടി അവർ കരിങ്കടലിന്റെ പടിഞ്ഞാറുഭാഗത്തുള്ള ബാൾക്കൻ പ്രദേശങ്ങളിൽ കടന്നുവന്നു. അവർക്കു മുമ്പേ അവിടെയെത്തിയ സ്ലാവിക് വംശജരുമായി അവർ വേഗം അലിഞ്ഞു ചേർന്നു. 802-മുതൽ അവർ അവരുടെ ഒരു സ്വതന്ത്ര രാജ്യം സ്ഥാപിക്കാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അവർ മാറി മാറി ബിസൻറയിൻകാരോടും ചാർളിമെയ്നോടും യുദ്ധം ചെയ്തു് ജയാപജയങ്ങൾ ഏററു വാങ്ങി. അപൂർവം ചിലർ ക്രിസ്ത്യാനികളായി എന്നതൊഴിച്ചാൽ കാര്യമായ മതപരിവർത്തനം അവരുടെ ഇടയിൽ ഉണ്ടായില്ല. 864-ൽ ബിസൻറയിൻ ചക്രവർത്തി മിഖായേൽ മൂന്നാമൻ (856-67) ബൾഗേറിയൻ നേതാവു് ബോറിസിനെ (852-88) പരാജയപ്പെടുത്തി ക്രിസ്തുമതത്തിൽ ചേർത്തു. തുടർന്നു് ഇവരെ ക്രിസ്തുമതത്തിൽ കൊണ്ടുവരാൻ റോമിൽ നിന്നു് നിക്കൊളാസ് പാപ്പായുടെ നേതൃത്വത്തിൻ (858-67) ഫ്രാങ്കിഷ് രാജാക്കന്മാരും കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസ് ഫോസിയസിന്റെ നേതൃത്വത്തിൽ (858-67) ബിസൻറയിൻ ചക്രവർത്തിമാരും പരിശ്രമിച്ചു. ഇല്ലിറിക്കം പ്രദേശങ്ങളുടെ മേൽ റോമിനുള്ള അവകാശവാദം നിക്കൊളാസ് പാപ്പാ ഈ അവസരം മുന്നോട്ടു വച്ചു. അതുകൊണ്ടു് ബൾഗേറിയായിൽ ക്രിസ്തുമത പ്രചരണത്തിനു് റോമിൽ നിന്നാണു നേതൃത്വം കൊടുക്കേണ്ടതെന്നു് അദ്ദേഹം വാദിക്കയും കോൺസ്റ്റാൻറിനോപ്പിളിനു് എഴുതുകയും ചെയ്തു. ബൾഗേറിയർ തന്നെയും മാറി മാറി റോമിനെയും കോൺസ്റ്റാൻറിനോപ്പിളിനെയും സമീപിക്കയും ആശ്രയിക്കയും ചെയ്തുപോന്നു. കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസിനെ പോലൊരാൾ തങ്ങൾക്കും വേണം എന്നു കരുതി അവർ ആദ്യം കോൺസ്റ്റാൻറിനോപ്പിളിനെ ആശ്രയിച്ചു. കോൺസ്റ്റാൻറിനോപ്പിളിൽ നിന്നു് മിഷനറിമാർ പോയി. എന്നാൽ ബോറിസിന്റെ ആവശ്യം ബിസൻറയിൻകാർ നിരാകരിച്ചു. ഉടനെ അദ്ദേഹം ഫ്രാങ്കിഷ് രാജാവായ ലൂയിസ് രണ്ടാമനെ സമീപിച്ച് (866) ഒരു മെത്രാനേയും മിഷനറിമാരേയും ആവശ്യപ്പെട്ടു. അതേ അവസരം അദ്ദേഹം റോമിനെയും സമീപിച്ചു.

പോപ്പ്ളാനിയായിലെ പോൾ, പോർതോയിലെ ഫൊർമോസൂസ് എന്നിങ്ങനെ രണ്ടു മെത്രാന്മാരെ നിക്കൊളാസ് മാർപാപ്പാ അയച്ചുകൊടുത്തു ബോറിസ് ചോദിച്ച 106 ചോദ്യങ്ങൾക്കുള്ള മറുപടിയും പാപ്പാ നൽകി. തുടന്നു് ബോറിസ് ബൾഗേറിയായിൽ ഉണ്ടായിരുന്ന ഗ്രീക്കു മിഷനറിമാരെ തിരിച്ചയച്ചു. ലത്തീൻകാർ പല വിചിത്രാചാരാനുഷ്ഠാനങ്ങൾ അവിടെ നടപ്പാക്കുന്നു എന്നു് ബിസൻറയിൻ മിഷനറിമാർ കുററപ്പെടുത്തി. ഗ്രീക്കുകാർ ലത്തീൻകാരെ കുററപ്പെടുത്തിക്കൊണ്ടു് സാധാരണ പറയുന്ന സംഗതികളൊക്കെയാണ് അവർ ഉന്നയിച്ചതു്. എന്നാൽ തങ്ങൾക്കു് ഒരു മെത്രാപ്പോലീത്തായെ അനുവദിച്ചു തരണം എന്ന ആവശ്യം റോമും നിരാകരിച്ചു. അതേത്തുടർന്നു് ബൾഗേറിയാക്കാർ (870) കോൺസ്റ്റാൻറിനോപ്പിളിൽ നിന്നുള്ള മിഷനറിമാരെ സ്വീകരിക്കയും റോമൻ മിഷ

2. Hubert Jedin, History of the Church, II. 255. 257. 266. 641-4.

www.malankaralibrary.com



നററിമാരെ തിരസ്കരിക്കയും ചെയ്തു. ഈ പ്രശ്നത്തിന്റെ പേരിൽ ഫോസിയൂസ് പാത്രിയർക്കീസും മററും ലത്തീൻകാരെയും ലത്തീൻ ആചാരങ്ങളെയും കുററപ്പെടുത്താൻ തുടങ്ങി. അതു് അകൽച്ചയ്ക്ക് ആക്കം കൂട്ടി.[3]

## 4. തെക്കേ ഇററലിയിലെ നോർമൻ ആക്രമണം

തെക്കേ ഇററലിയിൽ ബിസൻറയിൻ ചക്രവർത്തിമാരുടെ ധാരാളം വസ്തുവകകളും ജനങ്ങളും ഉണ്ടായിരുന്നു. പാശ്ചാത്യ ലോകത്തുയർന്നുവന്ന ചക്രവർത്തിമാർ അവയെ കടന്നാക്രമിച്ചതു് ബിസൻറയിൻകാർക്കിഷ്ടപ്പെട്ടില്ല. ജർമ്മൻ ചക്രവർത്തിമാർ അവർ ആക്രമിച്ചപ്പോഴൊക്കെ, പാപ്പാ തങ്ങളിൽ നിന്നു് അവ പിടിച്ചെടുത്തു് തന്റെ കീഴിലാക്കാൻ ഉദ്യമിക്കുന്നതായി അവർ ധരിച്ചു. ചരിത്രപരമായി തെക്കേ ഇററലി പാശ്ചാത്യ പാത്രിയാർക്കേററിലായിരുന്നെങ്കിലും എട്ടാം നൂററാണ്ടിൽ ബിസൻറയിൻ സ്വാധീനം കൊണ്ടു് അവിടെ ബിസൻറയിൻ രൂപതകളുണ്ടായി. നോർവേയിൽ നിന്നു വന്ന ആക്രമണകാരികളായ നോർമൻകാർ 1040–നും 1071 നും ഇടയ്ക്കു് തെക്കെ ഇററലിയിൽ ഒരു ചെറിയ രാജ്യം സ്ഥാപിച്ചു. പ്രായോഗികമായി അവർ അവിടത്തെ ബിസൻറയിൻ ഭരണം അവസാനിപ്പിച്ചു. വടക്കുള്ള ജർമ്മൻ സാമ്രാജ്യത്തെയും അവർ കിടിലം കൊള്ളിച്ചുകൊണ്ടിരുന്നു. അവരുമായി പാപ്പാമാർ നടത്തിയ ബന്ധങ്ങളും പൗരസ്ത്യ – പാശ്ചാത്യ ബന്ധത്തെ ഉലച്ചു. ഇതുയാണു് രാഷ്ട്രീയപശ്ചാത്തലങ്ങൾ.

ഇനിയും കിഴക്കും പടിഞ്ഞാറും തമ്മിലുള്ള സഭാപരമായ ബന്ധങ്ങൾ (5–13 നൂററാണ്ടു്) അപഗ്രഥനാവിഷയമാക്കാം. പത്തു് തലക്കെട്ടിൽ പരസ്പര ബന്ധം ചർച്ച ചെയ്യാം:

1. അകാചിയൻ ശീശ്മ (484–518)
2. മൂന്നദ്ധ്യായങ്ങളുടെമേലുള്ള ശാപം (553)
3. "എക്യുമെനിക്കൽ പാത്രിയർക്കീസു്" സംജ്ഞ (6thc.)
4. ഏകചിത്തവാദം (7thc.)
5. പ്രതിമാഭഞ്ജനം (730–843)
6. ഇഗ്നേഷ്യസും ഫോസിയസും (847–95)
7. ലെയോ ആറാമൻ ചക്രവർത്തിയുടെ നാലാം വിവാഹം (901–12)
8. ജർമ്മൻകാരും തെക്കേ ഇററലിയും (10 th c.)
9. മിഖായേൽ ചെറുളാരിയൂസു് (1043–58)
10. കുരിശുയുദ്ധങ്ങൾ (11th –13thc.)

3. ഈ ഭാഗം വിശദമായി താഴെ ചർച്ച ചെയ്യുന്നതാണു്.



### *1 അകാചിയൻ ശീശ്മ (484-518)*

അകാചിയൻ ശീശ്മയുടെ കാലത്തു് റോം കോൺസ്റ്റാൻറിനോപ്പിളുമായി സംസർഗത്തിനു കൂട്ടാക്കിയില്ല.[4] കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസായ അകാചിയൂസിനെ മുടക്കി. തുടന്നു ഭരണം നടത്തിയ പാത്രിയർക്കീസുമാർ കൂട്ടായ്മ വീണ്ടെടുക്കാൻ ശ്രമിച്ചെങ്കിലും സേനോ ചക്രവർത്തിയുടെ 'ഹെനോട്ടിക്കോൺ' എന്ന കാൽസിഡൺ വിരുദ്ധ രേഖയെ തള്ളിപ്പറഞ്ഞശേഷം മാത്രമേ റോമൻ മെത്രാൻ കോൺസ്റ്റാൻറിനോപ്പിളുമായി സംസർഗം പുനഃസ്ഥാപിച്ചുള്ളു.[5]

### *2 മൂന്നദ്ധ്യായങ്ങളുടെ മേലുള്ള ശാപം*

ജസ്റ്റീനിയൻ ചക്രവർത്തിയുടെ കാലത്തു്, ഏകസ്വഭാവ വാദികളെ തൃപ്തിപ്പെടുത്താനായി 'മൂന്നദ്ധ്യായങ്ങളെ' ശപിക്കാൻ ജസ്റ്റീനിയൻ ചക്രവർത്തി മുന്നോട്ടു വന്നു. വിജീലിയൂസ് പാപ്പാ വിസമ്മതിച്ചപ്പോൾ ജസ്റ്റീനിയൻ അദ്ദേഹത്തെ വലിച്ചിഴച്ചു് കോൺസ്റ്റാൻറിനോപ്പിളിലേക്കു കൊണ്ടുപോയി. നിർബന്ധിച്ചു് അംഗീകരിപ്പിച്ചു. എന്നാൽ സ്വതന്ത്രനായപ്പോൾ പാപ്പാ അതു് തിരസ്കരിക്കയും അവസാനം അംഗീകരിക്കയും ചെയ്തു. ഈ നടപടികൾ സഭാചരിത്രത്തിലെ ഇരുണ്ട അധ്യായങ്ങളാണു്. കിഴക്കും പടിഞ്ഞാറും തമ്മിലുള്ള അകലത്തിനു് ഈ സംഭവം ആക്കം കൂട്ടി. സഭയുടെ സംസർഗത്തിലും വിശുദ്ധിയിലും നിദ്ര പ്രാപിച്ചു മൺമറഞ്ഞുപോയ പിതാക്കന്മാരെ അധികാരത്തിന്റെ ഉരുക്കുമുഷ്ടി ഉപയോഗിച്ചു് സഭാഭ്രഷ്ടരാക്കിയതു് അംഗീകരിക്കാനാവാത്ത ഒരു വലിയ സമൂഹം പാശ്ചാത്യ ലോകത്തുണ്ടായിരുന്നു. ഭീഷണിക്കു വഴങ്ങിയാണു് വിജീലിയൂസ് ഇപ്രകാരം ചെയ്തതെന്നും അവർ ഉറപ്പായി കരുതി.[6]

### *3. എക്യുമെനിക്കൽ പാത്രിയാർക്കീസ്–സംജ്ഞ*

കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസുമാർ 579 – നു ശേഷമുള്ള കാലഘട്ടങ്ങളിൽ 'എക്യുമെനിക്കൽ പാത്രിയർക്കീസ്' എന്ന സ്ഥാനപ്പേർ ഉപയോഗിക്കാൻ തുടങ്ങി. ബിസൻറയിൻ സാമ്രാജ്യത്തിലെ ഏററം ഉന്നതനായ സഭാധികാരി എന്ന അർത്ഥത്തിലാണു് പൗരസ്ത്യർ അതുപയോഗിച്ചതു്. എന്നാൽ ക്രിസ്തീയ എളിമയുടെ അഭാവത്തിലാണു് ഇപ്രകാരമൊക്കെ ഉപയോഗിക്കു

4. മുകളിൽ പേ. 114 കാണുക.
5. H. Jedin, *op. cit.* II. 421-32.
6. *Ibid.* 433-450.

www.malankaralibrary.com



ന്നതെന്ന് പറഞ്ഞ് ഗ്രിഗറി മാർപാപ്പാ (590_604) കോൺസ്റ്റാൻറി നോപ്പിൾ പാത്രിയർക്കീസ് ജോൺ നാലാമനെ (582_95) കുററപ്പെടുത്തി. ബിസൻറയിൻ ചക്രവർത്തി കോൺസ്റ്റൻറയിൻ നാലാമൻ 678_ൽ പാപ്പായെ 'എക്യുമെനിക്കൽ പാപ്പാ' എന്നും വിളിച്ചു കാണുന്നുണ്ട്. ഏതായാലും കോൺസ്റ്റാൻറിനോപ്പിൾ ഈ സംജ്ഞ എടുത്തത് പാശ്ചാത്യർക്കു പിടിച്ചില്ല. മിശിഹാ മാത്രമാണ് 'എക്യുമെനിക്കൽ', അതായത് 'സാർവത്രിക ഗുരു' എന്നായിരുന്നു അന്നത്തെ വാദം.

## 4. ഏകചിത്തവാദം (Monothelitism)

ഈ പാഷണ്ഡത പൗരസ്ത്യദേശത്ത് വ്യാപിച്ചപ്പോൾ അതിനെ എതിർത്ത ഹൊണോറിയൂസ് പാപ്പാക്ക് (625_38) പൗരസ്ത്യ ചക്രവർത്തിമാരിൽ നിന്ന് നിന്ദ്യമായ പെരുമാററം ഏൽക്കേണ്ടി വന്നു. 'ഏകചിത്തവാദം' ഭാഗികമായി അംഗീകരിക്കുന്നു എന്ന തോന്നൽ പരത്തുന്ന പ്രസ്താവന പാപ്പാ നടത്തി. തുടർന്ന് ഭരണം നടത്തിയ മാർട്ടിൻ ഒന്നാമൻ പാപ്പാ (649_55) ഏകചിത്തവാദത്തെ ശക്തിയായി എതിർത്തു. ലാററനിൽ വച്ചുകൂടിയ ഒരു സിനഡ് (649) ക്രിസ്തുവിൽ രണ്ടു ചിത്തമുണ്ടെന്നു പ്രഖ്യാപിച്ചു. ഏകചിത്തവാദം പഠിപ്പിച്ച സേർജിയൂസ്, പീറുസ് എന്നീ പാത്രിയർക്കീസുമാരെയും ഫാസീസിലെ സൈറസിനെയും സഭാഭ്രഷ്ടരാക്കി. ഹൊണോറിയസ് പാപ്പായെ സിനഡ് ശപിച്ചില്ല. പ്രതിമാഭഞ്ജകനായ കോൺസ്റ്റൻസ് രണ്ടാമൻ ചക്രവർത്തി (641_68) ഉടനെ പാപ്പായെ അറസ്ററു ചെയ്ത് കോൺസ്ററാൻറിനോപ്പിളിലേക്കു കൊണ്ടുപോയി. അവിടെവച്ച് രാജദ്രോഹക്കുററം ചുമത്തി സ്ഥാനഭ്രഷ്ടനാക്കി കൊലയ്ക്കു വിധിച്ചു; പിന്നീടതു നാടുകടത്തലാക്കി മാററി. ക്രീമിയായിലേക്കു നാടുകടത്തി. അവിടെ വച്ച് 655_ൽ അദ്ദേഹം മരിച്ചു. പാപ്പായോട് ഇത്ര ക്രൂരമായും നിന്ദ്യമായും കോൺസ്റ്റാൻറിനോപ്പിൾ പ്രവർത്തിച്ചതിൽ റോമും പശ്ചാത്യലോകവും നടുങ്ങിപ്പോയി. കാലക്രമത്തിൽ, സത്യവിശ്വാസത്തിനു വേണ്ടി ജീവൻ ഹോമിച്ച ധീരരക്തസാക്ഷിയായി കിഴക്കും പടിഞ്ഞാറുമുള്ള സഭകൾ പാപ്പായെ പ്രകീർത്തിച്ചു.[7]

ക്രൂരനായ കോൺസ്റ്റൻസ് രണ്ടാമനുശേഷം ചക്രവർത്തിയായ കോൺസ്റ്റൻടൈൻ നാലാമന് (668_85) റോമുമായി ഉരസലിനു ഒട്ടും താല്പര്യമുണ്ടായിരുന്നില്ല. ബിസൻറയിൻ സാമ്രാജ്യത്തിൻെറ പൗരസ്ത്യ പ്രവിശ്യകൾ ഒന്നൊന്നായി ഇസ്ലാമിനു കീഴ്പ്പെട്ടു കൊണ്ടിരുന്ന കാലമായിരുന്നത്. ഏകസ്വഭാവവാദികളുടെ കേന്ദ്ര

7. *Ibid.* 457-63.



ങ്ങളായിരുന്ന ഈജിപ്തും സിറിയായും സാമ്രാജ്യത്തിനു നഷ്ടപ്പെട്ടു കഴിഞ്ഞു. ഏകസ്വഭാവവാദികളെ പ്രീണിപ്പിക്കുന്ന നയം തുടരേണ്ടതില്ലെന്ന് ചക്രവർത്തിക്കു ബോദ്ധ്യമായി. എങ്കിൽ പിന്നെ പാശ്ചാത്യലോകത്തുള്ള ക്രൈസ്തവ സഹോദരങ്ങളുമായി ധാരണയുണ്ടാക്കി മുൻപോട്ടു പോകുന്നതുതന്നെ നല്ലത് എന്ന ചിന്തയത്രേ അദ്ദേഹത്തെ ഈ തീരുമാനത്തിലേക്കു നയിച്ചത്. കോൺസ്റ്റാൻറിനോപ്പിളിൽ വച്ച് ആറാം എക്യുമെനിക്കൽ സിനഡ് (680_1) നടന്നു. റോമൻ പാപ്പാ അഗാതോ ചൂണ്ടിക്കാണിച്ച പാതയിലൂടെ സിനഡു നീങ്ങി. ഏകചിത്തവാദം പാഷണ്ഡതയായി കണക്കാക്കപ്പെട്ടു. അന്ത്യോക്യാ പാത്രിയർക്കീസ് ഉൾപ്പെടെ ആറു മെത്രാന്മാർ എതിർത്തു. അവരെ സിനഡ് മുടക്കി. കൂടാതെ ഫാറാനിലെ തിയഡോർ, ഫാസീസിലെ സൈറസ്, സേർജിയൂസ്, പീറുസ് എന്നീ പാത്രിയർക്കീസുമാർ, ഹൊണോറിയൂസ് പാപ്പാ എന്നിവരെയും മുടക്കപ്പെട്ടവരുടെ പട്ടികയിൽ ഉൾപ്പെടുത്തി. അന്ത്യോക്യാ പാത്രിയർക്കീസിനെയും മററും മുടക്കിയെങ്കിലും തുടർന്നു നടപടി ഒന്നും ഉണ്ടായില്ല. കാരണം അവരാരും അപ്പോൾ ബിസൻറയിൻ സാമ്രാജ്യത്തിലെ പ്രജകളായിരുന്നില്ല; പിന്നെയോ അറബി ഭരണത്തിൻ കീഴിലായിരുന്നു. മരിച്ചു മൺ മറഞ്ഞുപോയവരെ ശപിക്കുന്നതിലും അർത്ഥമില്ല എന്ന് അവർ കണ്ടു.[8]

പിന്നീടുണ്ടായ ട്രുള്ളൻ സിനഡിൽ പല ശിക്ഷണനിയമങ്ങളും പാസ്സാക്കി. ചക്രവർത്തിയുടെ കൊട്ടാരത്തിലെ ഒരു ഹാളിൽ (domed hall) വച്ചായിരുന്നു ചർച്ചകൾ. അഞ്ചും ആറും സിനഡുകളുടെ പൂർത്തീകരണമായിട്ട് ഇതിനെ കരുതുന്നതിനാൽ ക്വിനിസെക്സ്ററ് (quinisext) എന്നും വിളിക്കുന്നു. കോൺസ്ററാൻറിനോപ്പിളിൽ സന്നിഹിതരായിരുന്ന രണ്ട് പേപ്പൽ പ്രതിപുരുഷന്മാർ മാത്രമേ പാശ്ചാത്യ ലോകത്തുനിന്ന് ഇതിൽ സംബന്ധിച്ചുള്ളു. എന്നാൽ പോപ്പിൻെറ ഒപ്പിനായി നടപടികളിൽ സ്ഥലമൊഴിച്ചിട്ടിരുന്നു. പോപ്പ് സേർജിയൂസ് (687_701) ഒപ്പിടാൻ വിസമ്മതിച്ചപ്പോൾ ബലപ്രയോഗം നടത്തി അദ്ദേഹത്തെ കോൺസ്റ്റാൻറിനോപ്പിളിൽ കൊണ്ടുവരാനുള്ള ശ്രമം നടന്നു. എന്നാൽ അതു നടന്നില്ല. ഈ സിനഡും ഏകചിത്തവാദ ചിന്താഗതിയെ പ്രതി ഹൊണോറിയോസ് പാപ്പായെ കുററപ്പെടുത്തി. കിഴക്കും പടിഞ്ഞാറും ഉള്ള സഭകൾക്കുവേണ്ടിയായിരുന്നു സിനഡിൻെറ കാനോനാകൾ (102). എങ്കിലും പങ്കെടുത്തവർ മിക്കവരും പൗരസ്ത്യരായിരുന്നു; സിനഡ് പൗരസ്ത്യമനഃസ്ഥിതിയാണ് കൂടുതലായും പ്രതിഫലിപ്പിച്ചത്. ചില ലത്തീൻ രീതികളെയും ആചാരങ്ങളെയും അപലപിക്കയും ചെയ്തിരുന്നു. റോം കഴിഞ്ഞാൽ അടുത്ത സ്ഥാനം കോൺ

8. *Ibid.* 462-3.

www.malankaralibrary.com



സ്റ്റാൻറിനോപ്പിളിനാണെന്നു് ഈ സിനഡും ആവർത്തിച്ചുപറയുകയുണ്ടായി. ഈ കാരണങ്ങളാലാകാം സേർജിയൂസ് പാപ്പാ അംഗീകാരം നൽകാതിരുന്നതു്. എന്നാൽ ഹദ്രിയാൻ പാപ്പായും (772_95) ജോൺ എട്ടാമൻ പാപ്പായും (872_82) ഒരു പരിധിവരെ ഈ സിനഡിൻെറ കാനോനകൾ അംഗീകരിച്ചു.

മുകളിൽ പറഞ്ഞ ചില അപൂർവസന്ദർഭങ്ങളൊഴിച്ചു് പാശ്ചാത്യ പൗരസ്ത്യ ബന്ധം പൊതുവെ വളരെക്കാലത്തേക്കു തൃപ്തികരമായിരുന്നു. ജസ്റ്റിൻ ഒന്നാമനെ 524_ൽ കോൺസ്റ്റാൻറിനോപ്പിളിൽ ചക്രവർത്തിയായി കിരീടം ധരിപ്പിച്ചതു് ജോൺ ഒന്നാമൻ പാപ്പായാണ് (523_6). കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസ് അന്തീമൂസ് (535_6) ഏകസ്വഭാവവാദത്തെ പിൻതാങ്ങിയതിൻെറ പേരിൽ അഗാപീററസ് പാപ്പാ 536_ൽ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. കോൺസ്റ്റൻറൈൻ ഒന്നാമൻ പാപ്പായെ (708_15) 710_ൽ ബിസൻറയിൻ ചക്രവർത്തിയും പാത്രിയർക്കീസും വളരെ ആഡംബരപൂർവം കോൺസ്റ്റാൻറിനോപ്പിളിൽ സ്വീകരിച്ചു. അദ്ദേഹം ഹാഗിയാ സോഫിയാ കത്തീഡ്രലിൽ വി. കുർബ്ബാന അർപ്പിക്കയും ചെയ്തു. കൂടാതെ, 606 നും 752 നും ഇടയ്ക്കു് 11 പാപ്പാമാർ ഗ്രീക്കുകാരോ സുറിയാനിക്കാരോ ആയി പൗരസ്ത്യദേശക്കാരായിരുന്നു. അതു് പൗരസ്ത്യരുമായുള്ള ബന്ധം എളുപ്പമാക്കിത്തീർത്തു. പൗരസ്ത്യം അറബി ഭരണത്തിൻ കീഴിൽ വന്നപ്പോഴും പൗരസ്ത്യ പാശ്ചാത്യ ബന്ധമററുപോയില്ല; നന്നായി തന്നെ തുടർന്നു. അന്ത്യോക്യയിലെ ''ഏകചിത്തചിന്താഗതിക്കാർ''ക്കെതിരായി വി. മാർട്ടിൻ പാപ്പാ (649_55) അന്ത്യോക്യയിൽ തൻെറ ഡലഗേററായി ഭരിക്കാൻ ആ പാത്രിയാർക്കേററിലെ ഒരു പ്രമുഖ മെത്രാനെത്തന്നെ നിയമിച്ചതായി നാം കാണുന്നു.

## 5. പ്രതിമാഭഞ്ജനം (ഐക്കൊണൊക്ലാസം)

ഈ പാഷണ്ഡതയുടെ കാലത്തു് (730_75;815_43) പാശ്ചാത്യ പൗരസ്ത്യ സഭകൾ തമ്മിൽ ഉരസൽ ഉണ്ടായി. ലെയോ III (717_40) കോൺസ്റ്റൻറൈൻ V (740_75) ലെയോ V (814_820), മിഖായേൽ II (820_9), തെയോഫിലസ് (829_42) എന്നീ ചക്രവർത്തിമാരായിരുന്നു പ്രധാനപ്പെട്ട പ്രതിമാഭഞ്ജകർ. ക്രിസ്തുവിൻെറയും വിശുദ്ധന്മാരുടെയും ചിത്രങ്ങളെ ബഹുമാനിക്കുന്ന പതിവ് സഭയിലുണ്ടായിരുന്നു. അഞ്ചാം നൂററാണ്ടുമുതൽ അതു ശക്തിപ്രാപിച്ചിരുന്നു. വണക്കത്തിൽ മുൻപന്തിയിൽ നിന്നതും അതിനു വ്യാപകമായ പ്രചരണം കൊടുത്തതും സന്ന്യാസികളായിരുന്നു. എന്നാൽ 730 മുതൽ ലെയോ ചക്രവർത്തി ഛായാപടങ്ങളോടുള്ള



ബഹുമാനത്തിനെതിരായ നിലപാടു സ്വീകരിച്ചു. എതിർത്തവരെ അമർച്ച ചെയ്തും കൊലപ്പെടുത്തിയും ചക്രവർത്തിമാർ മുമ്പോട്ടു നീങ്ങി. അനുകൂലമല്ലാത്ത നിലപാടുകൾ സ്വീകരിച്ച ബിസൻറയിൻ പാത്രീയർക്കീസുമാരെ മാററി തങ്ങളുടെ താൽപര്യമനുസരിച്ചു പ്രവർത്തിക്കുന്നവരെ പ്രതിഷ്ഠിച്ചു. റോമൻ പാപ്പാമാർ ഛയാപടങ്ങളെയും പ്രതിമകളെയും ബഹുമാനിക്കുന്ന സന്ന്യാസികളെയും പിതാക്കന്മാരെയും പിൻതുണച്ചു. പ്രതിമാഭഞ്ജനം പാഷണ്ഡതയായി പ്രഖ്യാപിച്ചുകൊണ്ടിരുന്നു. അവസാനം രണ്ടാം നിഖ്യാസിനഡ് (787) പ്രതിമാഭഞ്ജനം നിരാകരിച്ചു. ഛായാ പടങ്ങളെ ബഹുമാനിക്കുന്നതിൽ തെററില്ലെന്നു പഠിപ്പിച്ചു. അന്നു കോൺസ്റ്റാൻറിനോപ്പിളിൽ ഭരണം നടത്തിയ ഇരേനേ രാജ്ഞിയാണ് രണ്ടാം നിഖ്യാസിനഡിനു കളമൊരുക്കിയതു്.[9] നിഖ്യാക്കുശേഷം പിന്നെയും കിഴക്കു് ഈ പ്രശ്നം പൊന്തിവന്നു: (814_43). അതും കാലക്രമത്തിൽ കെട്ടടങ്ങി. വലിയ നോമ്പിലെ ഒന്നാം ഞായറാഴ്ച ഓർത്തഡോക്സിയുടെ പെരുന്നാൾ എന്നൊരാഘോഷം (843) നടപ്പിലാക്കി. പ്രതിമാഭഞ്ജനത്തിൻെറ ഈ രണ്ടാം ഘട്ടം അവസാനിപ്പിക്കാൻ മുൻകൈ എടുത്തതു് തിയഡോറാ രാജ്ഞിയാണ് (842_56).

തിയഡോർ സ്ററുഡൈററ് എന്ന സന്ന്യാസി (759_826) പ്രതിമാ വന്ദനത്തിൻെറ വലിയ വക്താവായിരുന്നു. അദ്ദേഹവും നൂറുകണക്കിനു മററു് സന്ന്യാസികളും പൗരസ്ത്യദേശത്തു പീഡിപ്പിക്കപ്പെട്ടപ്പോൾ പാശ്ചാത്യ ലോകത്തു് അഭയം തേടി. അവരെയെല്ലാം പാപ്പാമാർ സന്തോഷപൂർവം സ്വീകരിച്ചു. കൂടാതെ, മെൽക്കീത്താ പാത്രിയർക്കീസുമാർ പ്രതിമാവന്ദനത്തിനു വേണ്ടി നിലകൊണ്ടവരായിരുന്നു. അക്കാരണത്താൽ റോമുമായി കൂടുതൽ മെച്ചപ്പെട്ട ബന്ധം ഈ കാലത്തു് നിലനിന്നു. റോമനാശയം കോൺസ്റ്റാൻറിനോപ്പിളിനേക്കൊണ്ടു് അംഗീകരിപ്പിക്കുന്നതിനും റോമിനു സാധിച്ചു. 'പ്രതിമകളെ വിഗ്രഹാരാധനയായി കരുതി നശിപ്പിക്കുക' എന്ന ചിന്ത സഭയിൽ പുതിയൊരു ചിന്താധാരയായി വളർന്നുവന്നതാണെന്നും കോൺസ്റ്റാൻറിനോപ്പിളിനെ ബോദ്ധ്യപ്പെടുത്താൻ റോമിനു കഴിഞ്ഞു.[10]

## 6. ഇഗ്നേഷ്യസും ഫോസിയസും

'പ്രതിമാഭഞ്ജനം' ഒട്ടൊക്കെ അവസാനിച്ചപ്പോൾ ബിസൻറയിൻ സഭ പൂർണ്ണമായും ശാന്തത കൈവരിച്ചു എന്നു പറയാൻ സാധ്യ

9. ചാർളിമെയിൻെറ നേതൃത്വത്തിൽ ഫ്രാങ്ക്ഫട്ടിൽ കൂടിയ സിനഡ് (794) നിഖ്യായുടെ ഡിക്രികളെ ശപിച്ചുതള്ളി. പാപ്പാ നൽകിയ വിശദീകരണമനുസരിച്ചു് പ്രവർത്തിക്കാനും അയാൾ കൂട്ടാക്കിയില്ല.
10. H. Jedin, *op. cit.* III. p. 26-48.

www.malankaralibrary.com



മല്ല. ചക്രവർത്തിമാർ പ്രസ്തുത സഭയെ നിയന്ത്രിച്ചുകൊണ്ടിരുന്നതിനാൽ പലപ്പോഴും അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരണം സഭയെ അവർ പന്താടിക്കൊണ്ടിരുന്നു. പൂർണ്ണമായും ആ സഭ ഒരു ഇമ്പീരിയൽ സഭയായിരുന്നു. കർക്കശ മാനസ്സരും തീക്ഷ്ണമതികളുമായ സന്ന്യാസികളായിരുന്നു പലപ്പോഴും കലഹങ്ങൾ ഇളക്കിവിട്ടുകൊണ്ടിരുന്നത്. തങ്ങളുടെ പക്ഷത്തുള്ളയാളെ പാത്രിയർക്കീസായി കിട്ടാൻ സന്ന്യാസികൾ നിരന്തരം കരുക്കൾ നീക്കിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് ഫോസിയസിൻെറ പേരിൽ അറിയപ്പെടുന്ന കലഹം നാം മനസ്സിലാക്കേണ്ടത്.

ബിസൻറയിൻ പാത്രിയർക്കീസായിരുന്ന മെത്തോഡിയൂസ് (+847) സന്ന്യാസികളിൽ ചിലരെ (845_6) സഭാഭ്രഷ്ടരാക്കി. അതുപോലെ പ്രതിമാഭഞ്ജകരായിരുന്ന ചില മെത്രാന്മാരെയും നീക്കം ചെയ്തു. പാത്രിയർക്കീസിനെയും നിയന്ത്രിക്കേണ്ടത് തങ്ങളാണ് എന്നതായിരുന്നു സന്ന്യാസികളുടെ ചിന്താഗതി. അദ്ദേഹം വഴങ്ങാഞ്ഞതിനാൽ തങ്ങളുടെ പാത്രിയർക്കീസായി അദ്ദേഹത്തെ അംഗീകരിക്കാൻ അവർ വിസമ്മതിച്ചു. നീക്കിയ രൂപതകളിൽ സന്ന്യാസികളിൽ നിന്നുള്ളവരെ മെത്രാന്മാരായി വാഴിക്കാനും മെത്തോഡിയൂസ് ഒരുമ്പെട്ടില്ല. കാനോനികയോഗ്യതകൾ എല്ലാം ഇല്ലാത്തവരെ അദ്ദേഹം മെത്രാന്മാരാക്കി നിയമിക്കാൻ തുടങ്ങി. സന്ന്യാസികൾ അതിനെ എതിർത്ത് ഗ്രന്ഥങ്ങളെഴുതി. അവരെ പാത്രിയർക്കീസ് മുടക്കി. തത്ഫലമായി ഒരു ശീശ്മ ഉടലെടുത്തു; കലഹം ശമിക്കുന്നതിനു മുൻപ് മെത്തോഡിയൂസ് മരിച്ചു.

അടുത്ത പാത്രിയർക്കീസ് തങ്ങളുടെ ആശയക്കാരനായിരിക്കണമെന്ന് കരുതി സന്ന്യാസികൾ അതിനായി കരുക്കൾ നീക്കി. തിയഡോറാ ചക്രവത്തിനി (842_856) സന്ന്യാസിയായ ഇഗ്നേഷ്യസിനെ (847) തെരഞ്ഞെടുത്തു. മിഖായേൽ ഒന്നാമൻ ചക്രവർത്തിയുടെ മകനായിരുന്നു ഈ സന്ന്യാസി. ഇതിനെ മെതോഡിയൂസിൻെറ കക്ഷിക്കാർ എതിർത്തു. അവരുടെ നേതാവ് ഒരു ഗ്രിഗറി അസ്ബെസ്ററാസ് എന്ന മെത്രാൻ ആയിരുന്നു. മെതോഡിയൂസിൻെറ കീഴിൽ അദ്ദേഹം ഒരു സഭാനേതാവായിരുന്നു. രാജ്ഞിയുടെ ഹിതം പോലെ സംഗതികൾ നടന്നു; അവസാനം മററുള്ളവരും അത് അംഗീകരിക്കേണ്ടിവന്നു. എന്നാൽ ഗ്രിഗറിയെ ഇഗ്നേഷ്യസ് തൻെറ സ്ഥാനാരോഹണാവസരം തന്നെ അവഹേളിച്ചു; തുടർന്ന് സ്ഥാനഭ്രഷ്ടനാക്കി മഹറോൻ ചൊല്ലി. ഗ്രിഗറി റോമിൽ അപ്പീൽ കൊടുത്തു. തുടർന്നുണ്ടായ കൊട്ടാര വിപ്ളവത്തിലൂടെ തിയഡോറായും അവരുടെ ഉപദേശകരും പുറത്തായി. 856_ൽ മിഖായേൽ മൂന്നാമൻ (856_67) ചക്രവർത്തിയായി. തെയഡോറായുടെ സഹോദരൻ ബാർദാസ് രാജാവിൻെറ പ്രധാനോപദേഷ്ടാ



വായി. ഇഗ്നേഷ്യസിന് കൊട്ടാരത്തിലുണ്ടായിരുന്ന സ്വാധീനം കുറഞ്ഞു. സന്ന്യാസിമാരുടെ സ്വാധീനത്തിൽ നിന്നുള്ള ഒരാളെ പിൻഗാമിയായി വാഴിച്ചാൽ താൻ രാജിവച്ചൊഴിയാൻ സമ്മതമാണെന്ന് ഇഗ്നേഷ്യസ് അറിയിച്ചിരുന്നു.

പിൻഗാമിക്കായുള്ള അന്വേഷണം ആരംഭിച്ചു. കുറി ഫോസിയസിലാണു വീണത്. ഇഗ്നേഷ്യസ് വച്ച നിബന്ധനകൾ ഒക്കെ പാലിക്കാൻ ഫോസിയസ് തയാറായിരുന്നു. 858_ൽ ഇഗ്നേഷ്യസ് ആശ്രമത്തിലേക്കയയ്ക്കപ്പെട്ടു. ഒരു സർക്കാരുദ്യോഗസ്ഥനും രാജകുടുംബവുമായി ബന്ധമുണ്ടായിരുന്നയാളും പണ്ഡിതനുമായിരുന്നു ഫോസിയസ്. അൽമായനായിരുന്ന അദ്ദേഹത്തിന് ഒരാഴ്ചയ്ക്കുള്ളിൽ എല്ലാ പട്ടങ്ങളും നൽകി. 858_ൽ ഫോസിയസ് പാത്രിയക്കീസായി ഗ്രിഗറിയായിരുന്നു പ്രധാന കാർമ്മികനായിരുന്നത്.

കുറേ മാസങ്ങൾ കഴിഞ്ഞപ്പോൾ ഇഗ്നേഷ്യസിൻെറ പക്ഷക്കാർ എതിർപ്പു പ്രകടിപ്പിച്ചു തുടങ്ങി. തങ്ങളുടെ ഇച്ഛയ്ക്കൊത്ത് ഫോസിയസ് നീങ്ങിയില്ല എന്നതായിരുന്നു കാരണം. 859 ഫെബ്രുവരിയിൽ ഹാഗിയാ സോഫിയായിൽ കൂടിയ അവരുടെ യോഗം ഫോസിയസിനെ സ്ഥാനഭ്രഷ്ടനാക്കി ഇഗ്നേഷ്യസിനെ പുനഃപ്രതിഷ്ഠിച്ചു. ഫോസിയസാകട്ടെ മാർച്ചിൽ 170 മെത്രാന്മാരുടെ ഒരു സിനഡ് വി. ശ്ലീഹന്മാരുടെ പള്ളിയിൽകൂടി ഇഗ്നേഷ്യസിനെ ഔദ്യോഗികമായി സ്ഥാനഭ്രഷ്ടനാക്കി; അദ്ദേഹത്തിൻെറ തെരഞ്ഞെടുപ്പ് അസാധുവായി പ്രഖ്യാപിച്ചു. തുടർന്ന് ബാർദാസ് ഇഗ്നേഷ്യൻ പക്ഷക്കാരെ അടിച്ചമർത്തി. ഫോസിയസ് തൻെറ സ്ഥാനാരോഹണം സംബന്ധിച്ച് റോമിനെയും മററ് പാത്രിയക്കീസുമാരെയും അറിയിച്ച് സംസർഗക്കത്തുകളയച്ചു. ഇഗ്നേഷ്യസ് റിട്ടയർ ചെയ്തതാണെന്ന് കത്തുകളിൽ സൂചിപ്പിച്ചു. പ്രതിമാഭഞ്ജനത്തിൻെറ അവസാനാംശങ്ങളും തുടച്ചു നീക്കാനായി തലസ്ഥാനനഗരിയിൽ ഒരു സിനഡു കൂടാനുദ്ദേശമുണ്ടെന്നും അതിലേക്ക് പ്രതിനിധികളെ അയയ്ക്കണമെന്നും കാണിച്ച് മിഖായേൽ ചക്രവത്തിയും പാപ്പാ നിക്കൊളാസ് ഒന്നാമന് (858_67) എഴുതിയിരുന്നു. പാപ്പായ്ക്ക് ഫോസിയസിൻെറ സത്യവിശ്വാസത്തെപ്പററി സംശയമില്ലായിരുന്നു; എന്നാൽ ഇഗ്നേഷ്യസിൻെറ കാര്യം കുറേക്കൂടി അന്വേഷിക്കണം എന്ന് പ്രതിപുരുഷന്മാരെ അറിയിച്ചിരുന്നു. പോർതോയിലെ റൊഡൊവാൾഡ്, അനാഞ്ഞിയിലെ സക്കറിയാസ് എന്നിവരായിരുന്നു പേപ്പൽ പ്രതിനിധികൾ. ഇഗ്നേഷ്യസിനെ സംബന്ധിച്ചുള്ള അന്തിമതീരുമാനം താൻ എടുത്തുകൊള്ളാം എന്ന് പാപ്പാ പ്രതിനിധികളെ അറിയിച്ചിരുന്നു.

www.malankaralibrary.com



വി. ശ്ലീഹന്മാരുടെ പള്ളിയിൽ 861-ൽ സിനഡു നടന്നു. കാനൻ നിയമത്തിനു വിരുദ്ധമായാണ് ഇഗ്നേഷ്യസ് തിരഞ്ഞെടുക്കപ്പെട്ടതെന്നും അതിനാൽ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കണമെന്നും സിനഡ് പാസ്സാക്കി. അധികാരം ഇല്ലാതിരുന്നിട്ടും പാപ്പായുടെ പ്രതിപുരുഷസംഘം ഇതംഗീകരിച്ചു. 'ഇല്ലീരിക്കം' എന്ന പ്രദേശം പോപ്പിന്റെ ഭരണത്തിന് തിരികെ നൽകണമെന്ന ഡിമാൻറ് ഇവിടെ ആവർത്തിക്കപ്പെട്ടെങ്കിലും പ്രതിപുരുഷന്മാർ വിജയിച്ചില്ല.

ഫോസിയസ് 861-ൽ റോമിലേക്കെഴുതി. താൻ ഒരാഴ്ചയ്ക്കുള്ളിൽ പാത്രിയർക്കീസായതിനെ ചരിത്രത്തിൽ നിന്നുള്ള തെളിവുകൾ ചൂണ്ടിക്കാട്ടിക്കൊണ്ട് അദ്ദേഹം ന്യായീകരിച്ചു. ഇല്ലിരിക്കം തിരികെ തരാത്തത് താനല്ല, ചക്രവർത്തി മിഖായേൽ മൂന്നാമനാണ് എന്ന് അദ്ദേഹം വ്യക്തമാക്കി. ശുപാർശക്കത്തുകൾ കൂടാതെ കോൺസ്റ്റാൻറിനോപ്പിളിൽനിന്നു വരുന്നവരെ സ്വീകരിക്കരുതെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പാപ്പാ നേരിട്ടു മറുപടി കൊടുക്കാതെ ഒഴിഞ്ഞുമാറി. ഇഗ്നേഷ്യസിന്റെ കേസ് പുനഃപരിശോധിക്കണമെന്നു മാത്രം പാപ്പാ ആവശ്യപ്പെട്ടു. ഫോസിയസ് അതിനു മറുപടി അയച്ചില്ല. ഇഗ്നേഷ്യസിന്റെ പ്രതിപുരുഷന്മാർ മെത്രാന്മാരുടെ ശുപാർശക്കത്തുകൾ കൂടാതെ റോമിലെത്തുകയും പാപ്പാ അവരെ സ്വീകരിക്കയും ചെയ്തു. തുടർന്നു നടന്ന ലാററൻ സിനഡിൽ (863) വച്ച് ഫോസിയസും ഗ്രിഗറി അസ്ബെസ്റ്റാസും സ്ഥാനഭ്രഷ്ടരാക്കപ്പെട്ടു. ഇഗ്നേഷ്യസിനെ പാപ്പാ പുനഃപ്രതിഷ്ഠിച്ചു: 861 ലെ സിനഡംഗീകരിച്ച പേപ്പൽ പ്രതിപുരുഷന്മാരെ ശിക്ഷിക്കയും ചെയ്തു. ഉടനെ മിഖായേൽ ചക്രവർത്തി വളരെ ധിക്കാരപരമായ ഒരു കത്ത് പാപ്പായ്ക്ക് എഴുതി; അതേ ഭാഷയിൽ തന്നെ പാപ്പാ മറുപടി കൊടുത്തു. എങ്കിലും രണ്ടു കക്ഷികളുടെയും ചക്രവർത്തിയുടെയും പ്രതിനിധികൾ റോമിലെത്തി ഒരു ചർച്ച നടത്തി പ്രശ്നം പുനഃപരിശോധിക്കാൻ താൻ സന്നദ്ധനാണെന്ന് അറിയിച്ചു. ''ബൾഗേറിയൻ പ്രശ്നം'' തനിക്കനുകൂലമാക്കിയെടുക്കുന്നതിനുവേണ്ടിയാണ് ഇതിനു പാപ്പാ സമ്മതിച്ചത്. 865 ൽ പാപ്പാ വീണ്ടും കോൺസ്റ്റാൻറിനോപ്പിളിലേക്ക് എഴുതി. 863-ലെ ലാററൻ സിനഡിന്റെ അടിസ്ഥാനത്തിൽ ചർച്ച നടത്താം എന്ന ഡിമാൻറ് ആവർത്തിച്ചു. അതായത്, ഫോസിയസ് നിയമാനുസൃതമല്ല പാത്രിയർക്കീസായത്; ഇഗ്നേഷ്യസ് മാത്രമാണു നിയമാനുസൃത പാത്രിയർക്കീസ്. ഇതിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യാൻ മിഖായേൽ ചക്രവർത്തിയോ ഫോസിയസോ തയ്യാറായില്ല. തിരിച്ചടിക്കാൻ തന്നെ ഫോസിയസ് തീരുമാനിച്ചു. ബൾഗേറിയയിൽ ഉള്ള ലത്തീൻ മിഷനറി പ്രവർത്തനം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ലത്തീൻ ആചാരാനുഷ്ഠാനങ്ങളെയൊക്കെ താറടിച്ചു കാണിക്കാനുള്ള സംരംഭത്തിന് അദ്ദേഹം



മുതിർന്നു. അനുഷ്ഠാനങ്ങളെ മാത്രമല്ല, ലത്തീൻ വിശ്വാസത്തിൽ തന്നെ പാഷണ്ഡത ഉണ്ടെന്ന് പ്രചരിപ്പിക്കാൻ തുടങ്ങി. ''ഫീലിയോക്വേ'' (filioque) പാഷണ്ഡതയാണെന്ന് പഠിപ്പിച്ചു. വിശ്വാസപ്രമാണത്തിൽ കൂട്ടിച്ചേർത്തതു തെററായിപ്പോയി എന്നു പറയുക മാത്രമല്ല; അതിന്റെ ഉള്ളടക്കംതന്നെ തെററാണെന്ന് അദ്ദേഹം ചിത്രീകരിച്ചു. 867-ൽ ഒരു ചാക്രികലേഖനം വഴി ഫോസിയസ് ഈ സംഗതികൾ പൗരസ്ത്യ പാത്രിയർക്കീസുമാരെ അറിയിച്ചു. പ്രസ്തുത വർഷംകൂടിയ ഒരു സിനഡ് പാപ്പായെ സ്ഥാനഭ്രഷ്ടനാക്കി മഹറോൻ ചൊല്ലി. എന്നാൽ പാശ്ചാത്യലോകത്തുള്ള സഭാശാസ്ത്രമോ, കോൺസ്റ്റാൻറിനോപ്പിളിലെ സംഭവവികാസങ്ങളോ മനസ്സിലാക്കാൻ കഴിവില്ലാത്തയാളായിരുന്നു ഫോസിയസ്. ആ വർഷംതന്നെ കോൺസ്റ്റാൻറിനോപ്പിളിൽ ഭരണമാററം ഉണ്ടായി. പുതുതായി ചക്രവർത്തിയായ മാസിഡോണിയാക്കാരൻ ബേസിൽ ഫോസിയസിനെ സ്ഥാനഭ്രഷ്ടനാക്കി ഇഗ്നേഷ്യസിനെ 867 നവംബറിൽ പുനഃപ്രതിഷ്ഠിച്ചു. അങ്ങനെ ഇഗ്നേഷ്യസിന്റെ പക്ഷക്കാരുടെയും റോമിന്റെയും പിൻതുണ സമ്പാദിച്ചു. എന്നാൽ ഫോസിയസിന്റെ ആളുകളുടെയും പിൻതുണ ചക്രവർത്തിക്കാവശ്യമായിരുന്നു. 'ഇഗ്നേഷ്യസിന്റെ കാലശേഷം ഫോസിയസിനെ ഭരിക്കാനനുവദിക്കുക. ഈ തീരുമാനം ഒരു പൊതു സിനഡിൽ വച്ച് അംഗീകരിപ്പിക്കുക. അങ്ങനെ എല്ലാവരുടെയും പിൻതുണയോടുകൂടെ ഭരിക്കുക' എന്നതായിരുന്നു ചക്രവർത്തിയുടെ ലക്ഷ്യം.

ചക്രവർത്തി സംഭവവികാസങ്ങൾ പാപ്പായെ അറിയിച്ചു. നിക്കൊളാസ് പാപ്പാ കാലം ചെയ്തിരുന്നു. പുതിയ പാപ്പാ ഹഡ്രിയാൻ രണ്ടാമൻ (867-72) ഉടൻതന്നെ ചക്രവർത്തിക്കും പാത്രിയർക്കീസിനും കത്തുകളെഴുതി. രണ്ടു കക്ഷികളുടെയും പ്രതിനിധികൾ റോമിലെത്തി ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ടവരെല്ലാം സമ്മതിച്ചു. റോമിലൊരു പ്രാഥമികാന്വേഷണം നടത്തിക്കഴിഞ്ഞിട്ട് കോൺസ്റ്റാൻറിനോപ്പിളിൽ വച്ചുകൂടുന്ന പൊതു സിനഡ് അന്തിമ തീരുമാനം എടുക്കട്ടെ എന്ന നിലപാടായിരുന്നു ചക്രവർത്തിക്കുണ്ടായിരുന്നത്. 869-ൽ സെൻറ് പീറേറഴ്സിൽവച്ചുനടന്ന സിനഡിൽ സമാധാനം ഉണ്ടാകുന്ന നിർദ്ദേശങ്ങളൊന്നും ഉണ്ടായില്ല. രണ്ടു കക്ഷികളേയും ശ്രവിക്കാനും കൂട്ടാക്കിയില്ല. 867-ലെ കോൺസ്റ്റാൻറിനോപ്പിൾ സിനഡിനു ചുട്ട മറുപടി കൊടുക്കുക എന്നതായിരുന്നു ലക്ഷ്യം. ഫോസിയസിന്റെ പ്രതിനിധിയായ സാർദീസിലെ പത്രോസ് വഴമദ്ധ്യേ കടലിൽ മുങ്ങി മരിച്ചു. കൂടെ വന്ന മെതോഡിയൂസ് എന്ന സന്യാസി ഫോസിയസിനെ ന്യായീകരിച്ചു സംസാരിച്ചില്ല. സിനഡ് ഫോസിയസിനെ സഭയ്ക്കു പുറത്താക്കി. അനുതപിച്ചാൽ അൽമായ

www.malankaralibrary.com



നായി സഭയിൽ സ്വീകരിക്കാം എന്നു തീരുമാനിച്ചു. 867_ലെ സിനഡിൽ ഒപ്പുവച്ചവർക്ക് പാപ്പായിൽനിന്നു നേരിട്ട് മാപ്പ് ലഭിക്കണമായിരുന്നു. ഫോസിയസിൽനിന്നു പട്ടം കിട്ടിയവരെല്ലാം മുടക്കപ്പെട്ടവരായി പരിഗണിക്കപ്പെട്ടു. ഇഗ്നേഷ്യസിൽനിന്നു പട്ടം സ്വീകരിച്ചെങ്കിലും ഫോസിയസിനെ അംഗീകരിച്ചവരെ റോമിൽനിന്നുള്ള ഒരു പരിഹാരരേഖയിൽ ഒപ്പുവച്ചിട്ടേ സ്ഥാനങ്ങളിൽ ഉറപ്പിക്കാവൂഎന്നും തീരുമാനിച്ചു. 867_ലെ സിനഡിന്റെ നടപടികളെല്ലാം ഈ സിനഡിന്റെ അവസാനം കത്തിച്ചുകളഞ്ഞു. റോമൻ തീരുമാനങ്ങൾ അപ്പാടെ നടപ്പാക്കണം എന്ന നിർദ്ദേശംകൊടുത്ത് ഡൊണാത്തൂസ്, സ്റ്റീഫൻ എന്നീ മെത്രാരെയും മരിനൂസ് എന്ന ഡീക്കനെയും കോൺസ്റ്റാൻറിനോപ്പിളിൽവച്ചു കൂടുന്ന സിനഡിൽ അദ്ധ്യക്ഷം വഹിക്കാനായി പാപ്പാ അയച്ചു. എന്നാൽ ബേസിൽ ചക്രവർത്തി ആഗ്രഹിച്ചിരുന്നത് ഇതൊന്നുമായിരുന്നില്ല.

869 ഒക്ടോബർ 5 _ ന് സിനഡാരംഭിച്ചു. ചക്രവർത്തിയുടെ പ്രതിനിധി ആദ്ധ്യക്ഷ്യം വഹിച്ചു. പന്ത്രണ്ട് ഇഗ്നേഷ്യൻ മെത്രാന്മാർ മാത്രമേ പ്രാരംഭ സെഷനിൽ ഉണ്ടായിരുന്നുള്ളു. ഒൻപതാം സെഷനിൽ അത് 66 ആയി ഉയർന്നു; അവസാനത്തിൽ 103ആയി. റോമൻ സിനഡിന്റെ തീരുമാനം അപ്പാടെ അംഗീകരിക്കണം എന്ന് റോമൻ പ്രതിനിധികൾ നിർബന്ധം പിടിച്ചു. അല്പം പോലും അയവില്ലാത്ത നയം അവർ സ്വീകരിച്ചു. ഫോസിയൂസിന് വിശദീകരണത്തിനവസരം നൽകണം എന്ന് ചക്രവർത്തി നിർബന്ധിച്ചിട്ടും മെത്രാന്മാർ വഴങ്ങിയില്ല. അവസാനം, പാപ്പായെ സ്ഥാനഭ്രഷ്ടനാക്കിയ ഫോസിയൻ നടപടികളെ ശപിച്ചു. 870 ഫെബ്രുവരി 28_ന് സിനഡ് സമാപിച്ചു. അവസാന സെഷന്റെ അവസരം ബൾഗേറിയായിൽ നിന്ന് ഒരു ഡലഗേഷൻ കോൺസ്റ്റാൻറിനോപ്പിളിൽ എത്തി. തങ്ങൾ റോമൻ പാത്രിയാർക്കേററിലാണോ ബിസൻറയിൻ പാത്രിയാർക്കേററിലാണോ ഉൾപ്പെടേണ്ടത് എന്ന് സിനഡ് തീരുമാനിക്കണം എന്നതായിരുന്നു അവരുടെ നിവേദനം. സിനഡിൽ ചർച്ച ചെയ്യേണ്ട വിഷയമല്ലിത് എന്നു പറഞ്ഞ് ഇഗ്നേഷ്യസ് ചർച്ച തടഞ്ഞു. പേപ്പൽ പ്രതിനിധികൾ ശക്തിയായി എതിർത്തെങ്കിലും ഫലമുണ്ടായില്ല. ബൾഗേറിയാ കോൺസ്റ്റാൻറിനോപ്പിൾ പാത്രിയാർക്കേററിന്റെ ഭാഗമാണെന്ന് സിനഡിനു പുറത്ത് തീരുമാനിക്കപ്പെട്ടു. ബൾഗേറിയൻ കാര്യങ്ങളിൽ ഇടപെടരുതെന്ന് കാണിച്ചുകൊണ്ടുള്ള ഹഡ്രിയന്റെ കത്ത് പേപ്പൽ പ്രതിനിധികൾ ഈയവസരം പാത്രിയർക്കീസിനെ കാണിച്ചു. സിനഡു കഴിഞ്ഞതിനാൽ അദ്ദേഹം ഈ കത്തു പരിഗണിച്ചില്ല. ഹഡ്രിയാൻ പാപ്പാ പാത്രിയാർക്കീസിനും ചക്രവർത്തിക്കും പ്രതിഷേധക്കുറിപ്പയച്ചു. എന്നാൽ ഫലമൊന്നും ഉണ്ടായില്ല.



ഫോസിയസിനെ പിൻതുണച്ച അനേകം മെത്രാന്മാർ റോമിന്റെ കടുംപിടുത്തം നിമിത്തം പ്രതിഷേധിച്ചു. 869_70 ലെ യോഗത്തെ ബിസൻറയിൻ സഭയിലെ വലിയൊരു സംഖ്യ വൈദികസ്ഥാനികൾ എക്യുമെനിക്കൽ സിനഡായിട്ടല്ല ഒരു അവഹേളനമായിട്ടാണ് കണ്ടത്.

ഇഗ്നേഷ്യസ് 877_ൽ മരിച്ചു. തുടർന്ന് ഫോസിയസ് പാത്രിയർക്കീസായി സ്ഥാനമേററു. അന്നു പാപ്പായായിരുന്ന ജോൺ എട്ടാമൻ ഫോസിയസിനെക്കുറിച്ചുള്ള മുൻതീരുമാനങ്ങൾ പുനരവലോകനം ചെയ്യുന്നതിനു തയ്യാറായിരുന്നു, മുസ്ലീങ്ങളെ തെക്കേ ഇററലിയിൽ നിന്ന് ഓടിക്കാൻ പാപ്പായ്ക്ക് ബിസൻറയിൻ സഹായം ആവശ്യമായിരുന്നു. സമാധാനസംസ്ഥാപനാർത്ഥം പാപ്പാ തന്റെ പ്രതിനിധികളായി പോൾ, എവുജീൻ എന്നീ മെത്രാന്മാരെ കോൺസ്റ്റാൻറിനോപ്പിളിലേക്കയച്ചു. അവർ അവിടെ എത്തിയപ്പോഴാണ് ഇഗ്നേഷ്യസ് മരിച്ചെന്നും ഫോസിയസ് വീണ്ടും പാത്രിയാർക്കാസിംഹാസനത്തിൽ പ്രതിഷ്ഠിക്കപ്പെട്ടെന്നും അറിയാൻ കഴിഞ്ഞത്. ചക്രവർത്തി പാപ്പായെ വിവരം ധരിപ്പിച്ചു. കോൺസ്റ്റാൻറിനോപ്പിളിലെ വൈദികഗണം ഒന്നടങ്കം ഫോസിയസിനെ സ്വീകരിക്കുന്നു എന്നു കാണിച്ച് ഒരു കത്തും പാപ്പായ്ക്കയച്ചുകൊടുത്തു. 'തന്റെ മുൻകാല ചെയ്തികളെക്കുറിച്ച് ഒരു സിനഡിന്റെ മുൻപാകെ ഫോസിയസ് മാപ്പു പറയണം, ബൾഗേറിയായിൽ ഫോസിയസ് അജപാലനാധികാരം നടത്താൻ പാടില്ല' എന്നീ നിബന്ധനകൾ പാലിച്ചാൽ തന്റെ ശ്ലൈഹികാധികാരം ഉപയോഗിച്ച് ഫോസിയസിനു മാപ്പു നൽകാം എന്ന് പാപ്പാ ഉറപ്പു നൽകി. 879 _ ൽ ഫോസിയസിന്റെ അദ്ധ്യക്ഷതയിൽ സിനഡു നടന്നു. 400 മെത്രാന്മാർ പങ്കെടുത്തു. ഏഴു സെഷനുകൾ ഉണ്ടായിരുന്നു. പാപ്പാ വച്ച നിബന്ധനകളിൽ പേപ്പൽ പ്രതിനിധികൾ നിർബന്ധം പിടിച്ചില്ല. ഫോസിയസിനെ കൊണ്ട് മാപ്പു പറയിച്ചതായി കാണുന്നില്ല; ബൾഗേറിയൻ പ്രശ്നവും അപ്രകാരം തന്നെ. പാപ്പായുടെ രേഖയുടെ കൃത്യം വിവർത്തനം വായിക്കാതെ ചുരുക്കം മാത്രമേ സിനഡിൽ വായിച്ചുള്ളു. സമാധാനം പുനഃസ്ഥാപിക്കാനായി, പാപ്പായുടെ ഹിതം അറിഞ്ഞ പ്രതിനിധികൾ വിട്ടുവീഴ്ചകൾക്കു തയ്യാറായി.

'ഫോസിയസിനെ പാത്രിയർക്കീസായി പുനഃപ്രതിഷ്ഠിച്ചത് ജോൺ എട്ടാമൻ പാപ്പായാണെന്നും തന്റെ ഉന്നതമായ ശ്ലൈഹികാധികാരം ഉപയോഗിച്ചാണ് ഇപ്രകാരം ചെയ്തതെന്നും' പേപ്പൽ പ്രതിനിധികൾ പ്രസ്താവിച്ചു. പാപ്പായുടെ തീരുമാനത്തിനു മുൻപ് ഫോസിയസ് അധികാരത്തിലേറിയത് തെററായെന്നും അവർ ചൂണ്ടിക്കാട്ടി. ബൾഗേറിയായിൽ താൻ ഒരു അജപാലന കർമ്മവും

www.malankaralibrary.com



നടത്തിയിട്ടില്ലെന്നു് ഫോസിയസ് വ്യക്തമാക്കി. അതിന്റെ വെളിച്ചത്തിൽ 869_70_ലെ സിനഡിന്റെ നടപടികളെ സിനഡ് റദ്ദു ചെയ്തു; 787_ലെ സിനഡ് എക്യുമെനിക്കലാണെന്നു് പ്രഖ്യാപിച്ചു. ബൾഗേറിയാ റോമൻ ഭരണത്തിലായിരിക്കണമെന്നു് സിനഡിനു പുറത്തുവച്ചു് ധാരണയിലെത്തി; എന്നാൽ അവിടെയുള്ള ഗ്രീക്കു മിഷനറിമാരെ തടയാൻ പാടില്ല എന്നും കൂടി കൂട്ടിച്ചേർത്തു. ഇതേത്തുടർന്നു് ജോൺ പാപ്പാ ഈ സിനഡിന്റെ ഡിക്രികൾ അംഗീകരിച്ചു. ഫോസിയസ് മാപ്പുപറയണമെന്നു് പാപ്പാ പിന്നെ നിർബന്ധം പിടിച്ചില്ല. മുസ്ലീങ്ങളിൽ നിന്നു് ബിസന്റയിൻ സൈന്യം പേപ്പൽ സംസ്ഥാനങ്ങളെ ഒട്ടൊക്കെ സ്വതന്ത്രമാക്കിയിരുന്നു. ബിസന്റയിൻ സഭയിൽ സമാധാനം പുന:സ്ഥാപിക്കപ്പെട്ടതു് നശിപ്പിക്കാൻ പാപ്പാ കൂട്ടാക്കിയില്ല എന്നതാണു് സത്യം. റോമിന്റെ അധികാരം അംഗീകരിക്കാൻ ഫോസിയസ് സമ്മതിച്ച സ്ഥിതിക്കു് ഇനിയും വിവേകരഹിതമായി ബന്ധം വഷളാക്കുന്നതിൽ പാപ്പായ്ക്കിഷ്ടമില്ലായിരുന്നു. എന്നാൽ പാപ്പായുടെ ആലോചനക്കാർക്കു് ഇതൊട്ടും പിടിച്ചില്ല. അതിനൊരുദാഹരണമാണു് മരീനുസിന്റെ നിലപാട്. ജോണിന്റെ പിൻഗാമിയായി പാപ്പായായ മരീനുസു് ഫോസിയസിനെ ശരിയായ പാത്രിയർക്കീസായി അംഗീകരിച്ചില്ല. എന്നാൽ അദ്ദേഹം വീണ്ടും കലഹം കുത്തിപ്പൊക്കിയില്ലെന്നു മാത്രം. തുടർന്നും പാപ്പായുമായി ഫോസിയസു് സംസർഗത്തിൽ തന്നെ കഴിഞ്ഞു. പോപ്പ് സ്റ്റീഫൻ അഞ്ചാമനും (885_91) ഫോസിയസുമായി ബന്ധം വിച്ഛേദിച്ചില്ല.

ചക്രവർത്തി ലെയോ ആറാമൻ 886_ൽ ഫോസിയസിനെ വീണ്ടും സ്ഥാനഭ്രഷ്ടനാക്കി; എങ്കിലും അതു് സഭാപരമായ കാരണങ്ങൾ കൊണ്ടല്ല. 891_ൽ അർമേനിയായിലെ വിപ്രവാസത്തിൽ വച്ചു് ഫോസിയസു് മരിച്ചു. റോമുൾപ്പെടെയുള്ള സാർവത്രിക സഭയുമായുള്ള സംസർഗത്തിലാണു് ഫോസിയസ് മരിച്ചതു്; ശീശ്മക്കാരനായിട്ടല്ല. ഫോസിയസും ഇഗ്നേഷ്യസും ഒരുപോലെ ബിസന്റയിൻ ലോകത്തു ജീവിച്ചവരായിരുന്നു. ഇരുവരും ഒരുപോലെ ബൾഗേറിയൻ പ്രശ്നത്തെ വീക്ഷിച്ചിരുന്നു. എന്നാൽ ഫോസിയസ് തന്റെ ആദ്യഭരണകാലത്തു് റോമിനോടുള്ള നിലപാടിൽ അൽപം സാഹസപൂർവ്വം പെരുമാറി എന്നു പറയേണ്ടിയിരിക്കുന്നു. പരസ്പരബന്ധം മെച്ചപ്പെടുത്താനല്ല, വഷളാക്കാനാണു് അദ്ദേഹത്തിന്റെ ആദ്യകാല പ്രവർത്തനങ്ങൾ സഹായിച്ചതു്. അതുപോലെ നിക്കോളാസ് പാപ്പായും തന്റെ അധികാരങ്ങളെപ്പറ്റി അതിരു കടന്നു



ചിന്തിച്ചിരുന്ന ആളായിരുന്നു. അത്തരം ചിന്താരീതി പൗരസ്ത്യർക്കു പൂർണമായും സ്വീകാര്യമല്ലായിരുന്നു. പിന്നീടു് ഭരിച്ച ജോൺ പാപ്പായാകട്ടെ, കുറേക്കൂടി കരുതലുള്ളവനായിരുന്നു.[11]

ഫോസിയസിനെ രാജിവയ്പിച്ചിട്ടു് അധികാരത്തിലേറിയ സ്റ്റീഫൻ പാത്രിയർക്കീസിനു് (886_93) ലെയോ ആറാമൻ ചക്രവർത്തിയുടെ സഹോദരനായിരുന്നിട്ടുകൂടി ഇഗ്നേഷ്യൻ പക്ഷക്കാരുടെ പിൻതുണ സമ്പാദിക്കാനായില്ല. ഫോസിയസിൽ നിന്നാണു് അദ്ദേഹം ഡീക്കൻ പട്ടം സ്വീകരിച്ചതു് എന്നായിരുന്നു ഇക്കൂട്ടരുടെ വാദം. അവർ റോമിനെ സ്വാധീനിക്കാൻ ശ്രമിച്ചുനോക്കിയെങ്കിലും ഫലിച്ചില്ല. ഇരുകൂട്ടരെയും രമ്യപ്പെടുത്താനുള്ള ഫോർമോസുസ് പാപ്പായുടെ ശ്രമം പരാജയപ്പെട്ടു. തുടർന്നു് ജോൺ ഒമ്പതാമൻ പാപ്പാ ഇരുകൂട്ടരെയും ഐക്യപ്പെടുത്തുന്നതിൽ ഒട്ടൊക്കെ വിജയിച്ചു. അങ്ങനെ അന്തോണി പാത്രിയാർക്കീസിന്റെ കാലത്തു് (893_901) റോമും കോൺസ്റ്റാന്റിനോപ്പിളും, ''ഇഗ്നേഷ്യസ്, ഫോസിയുസ്, സ്റ്റീഫൻ, അന്തോണി'' എന്നിവരെ നയ്യാമിക പാത്രിയർക്കീസുമാരായി (899) അംഗീകരിച്ചു.

### 7. *ലെയോ ആറാമൻ ചക്രവർത്തിയുടെ നാലാം വിവാഹം*

തുടർന്നു് നിക്കൊളാസ് ഒന്നാമൻ (901_7; 912_25) കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായി. വളരെ സമർത്ഥനായ നേതാവായിരുന്നു അദ്ദേഹം. ഇല്ലിറിക്കം, തെക്കേ ഇററലി എന്നിവിടങ്ങളിലും അദ്ദേഹം തന്റെ അധികാരം വിസ്തൃതമാക്കി. എന്നാൽ നിക്കൊളാസ് പാത്രിയർക്കീസ് ലെയോ ചക്രവർത്തിയുമായി ഇടഞ്ഞു. ലെയോയുടെ (886_912) നാലാം വിവാഹം നിയമാനുസൃതമല്ലെന്നു് പാത്രിയർക്കീസ് കല്പിച്ചു. നിയമാനുസൃതമാണെന്നു് റോമിലെ പാപ്പായും മററു് പൗരസ്ത്യ പാത്രിയർക്കീസുമാരും വാദിച്ചു. തുടർന്നു് നിക്കൊളാസ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. പിന്നീടു് ലെയോയുടെ കുമ്പസാരക്കാരൻ എവുതീമിയസ് പാത്രിയർക്കീസായി. ബിസന്റയിൻ സഭ എവുതീമിയസിന്റെ പക്ഷക്കാരെന്നും നിക്കൊളാസിന്റെ പക്ഷക്കാരെന്നും രണ്ടായി പിളർന്നു. 912_ൽ ലെയോ ചക്രവർത്തി മരിച്ചപ്പോൾ പിൻഗാമിയായി വന്ന അലക്സാണ്ടർ ചക്രവർത്തി എവുതീമിയസിനെ രാജിവയ്പിച്ചിട്ടു് വീണ്ടും നിക്കൊളാസിനെ പാത്രിയർക്കീസാക്കി. ഉടനെ അദ്ദേഹം തന്റെ എതിരാളികളെയെല്ലാം മഹറോൻ ചൊല്ലി; വൈദികസ്ഥാ

11. *Ibid.* 174-188; D.S. White - J.R. Berrigan, *The Patriarch and the Prince,* BrooklineM (ass.), 1982; D.S. White, *Patriarch Photius of Constantinople,* Brookline (Mass.), 1981.

www.malankaralibrary.com



നികളെ തരം താഴ്ത്തി. നാലാം വിവാഹം അനുവദിച്ചതുവഴി ലത്തീൻസഭ അശുദ്ധി പ്രോത്സാഹിപ്പിക്കുകയാണ് എന്ന് കുററപ്പെടുത്തിക്കൊണ്ട് അനസ്താസ്യൂസ് മൂന്നാമൻ പാപ്പായ്ക്ക് നിക്കൊളാസ് എഴുതുകയുണ്ടായി. പാപ്പാ മൗനം അവലംബിച്ചതിനാൽ പാപ്പായുടെ പേര് അനുസ്മരണ പട്ടികയിൽ നിന്ന് നിക്കൊളാസ് നീക്കം ചെയ്തു.[12] 913-ൽ കോൺസ്ററാൻറിനോപ്പിളിൽ ഭരണമാററം ഉണ്ടായി. തുടർന്നുണ്ടായ സാഹചര്യങ്ങൾ നേരിടാൻ സഭാതലത്തിൽ ഐക്യം അവശ്യാവശ്യമായി പാത്രിയക്കീസ് കണ്ടു. അതിനായി അദ്ദേഹം പരിശ്രമിച്ചു. തൻെറ തീരുമാനത്തിൽ അദ്ദേഹം മാററം വരുത്തി. 920-ൽ കൂടിയ സിനഡനുസരിച്ച് 920 സെപ്തംബർ 1 മുതൽ നാലാം വിവാഹം നിയമവിരുദ്ധമാക്കി. അതിനു മുൻപു നടന്നവയെപ്പററി പരാമർശിച്ചതേയില്ല. റോമുമായി ഉരസാനുള്ള കാരണമതായിരുന്നല്ലോ. ഈ സിനഡിൽ റോമിൽ നിന്നാരും പങ്കെടുത്തില്ല. എന്നാൽ നിക്കൊളാസ് തന്നെ മുൻകൈ എടുത്ത് റോമിലേക്കെഴുതി. റോമിൽ നിന്നു മറുപടി വന്നില്ല. തുടരെത്തുടരെയുള്ള കത്തുകളുടെ ഫലമായി 923-ൽ പേപ്പൽ പ്രതിനിധികൾ കോൺസ്റ്റാൻറിനോപ്പിളിലെത്തി പാത്രിയക്കീസുമായി സമാധാനം പുന:സ്ഥാപിച്ചു. അങ്ങനെ ആ അഭിപ്രായ വ്യത്യാസവും പരിഹൃദമായി. റോമിനെ കൂടാതെ ബിസൻറയിൻ സഭയിൽ ശാശ്വത സമാധാനം അസാദ്ധ്യമാണെന്ന് ബിസൻറയിൻ സഭാനേതൃത്വത്തിനു വ്യക്തമായിരുന്നു.

തുടർന്ന് രാഷ്ട്രീയാധികാരം പിടിച്ചെടുത്ത റൊമാനുസ് ചക്രവർത്തി (919-44) തൻെറ മകനെത്തന്നെ പാത്രിയർക്കീസാക്കാൻ ശ്രമിച്ചു. മകൻ ശിശുവായിരുന്നതിനാൽ വളർന്നു വരുന്നതുവരെ ഒന്നു രണ്ടു പേരെ താല്ക്കാലികമായി നിയമിച്ചു. - സ്റ്റീഫൻ (925-8); ട്രീഫോൺ (928-31). — മകനായ തെയോഫിലാക്ടിനു് വെറും പതിനാറു വയസ്സുള്ളപ്പോൾ ചക്രവർത്തി അവനെ പാത്രിയർക്കീസായി നിയമിച്ചു (933-56). ജോൺ പതിനൊന്നാമൻ പാപ്പായും (931-5) ഇതംഗീകരിച്ചു. ഈ പാത്രിയർക്കീസിൻെറ ജീവിതം ജോൺ പന്ത്രണ്ടാമൻ പാപ്പായുടെ (955-64) ജീവിതവുമായി താരതമ്യപ്പെടുത്താവുന്നതാണ്.[13]

*8. ജർമ്മൻകാരും തെക്കേ ഇററലിയും*

പാശ്ചാത്യലോകത്ത് 945-ൽ പുതിയൊരു സാമ്രാജ്യം ഉദിച്ചു. ജർമ്മൻകാരുടേതായിരുന്നത്. മഹാനായ ഓട്ടോ ഒന്നാമനെ 962-ൽ

12. H. Jedin, p. 406-9.
13. *Ibid.* 409-10; ജെ.പി. തോട്ടിൽ, 264 മാർപാപ്പാമാർ, കോട്ടയം, 1979, പേ. 225-6.



പാപ്പാ തന്നെ കിരീടം ധരിപ്പിച്ചു. ഈ ജർമ്മൻ രാജവംശവുമായി ബിസൻറയിൻ ചക്രവർത്തിമാർ മെച്ചപ്പെട്ട ബന്ധം പുലർത്തി. അതുപോലെ ചില പേപ്പൽ തെരഞ്ഞെടുപ്പുകളിലും ബിസൻറയിൻ ചക്രവർത്തിമാർ തുടർന്നും സ്വാധീനം ചെലുത്തിക്കൊണ്ടിരുന്നു. ഫൊർമോസൂസ് പാപ്പാ മുതൽ (891-6) ഒന്നു രണ്ടു നൂററാണ്ടുകാലം പേപ്പസിക്കുണ്ടായ അധഃപതനവും, തെയോഫിലാക്ട് കുടുംബക്കാരുടെ തേർവാഴ്ചയും, പ്രഭുകുടുംബങ്ങൾ തമ്മിൽ പാപ്പാ സ്ഥാനത്തിനു വേണ്ടി റോമിൽ നടത്തിയ കിടമത്സരങ്ങളും എതിർ മാർപാപ്പാമാരുടെ ഇടപെടലും മററും റോമിൽ അസ്വസ്ഥതകൾ വാരി വിതച്ചു. നോർമൻ ആക്രമണവും മുസ്ലീം ആക്രമണങ്ങളും റോമിനെ നടുക്കി. കോൺസ്റ്റാൻറിനോപ്പിളിലെ ചക്രവർത്തിക്കാകട്ടെ, ജർമ്മനിയിലെ ചക്രവർത്തിമാർക്കാകട്ടെ പൂർണ്ണമായി റോമിനെ സഹായിക്കാൻ സാധിച്ചില്ല. തികച്ചും കലങ്ങിമറിഞ്ഞ അന്തരീക്ഷമായിരുന്നു അത്.

പത്താം നൂററാണ്ടിൽ ജർമ്മൻ രാജാവ് തെക്കേ ഇററലിയിലെത്തി അവിടെയുള്ള ബിസൻറയിൻ സമ്പാദ്യങ്ങളെല്ലാം കൈക്കലാക്കി. ആ പ്രദേശങ്ങളിന്മേൽ റോമിനുണ്ടായിരുന്ന പേട്രിയാർക്കൽ അവകാശവാദങ്ങളുമായി പാപ്പാ മുന്നോട്ടുവന്നു. കോൺസ്റ്റാൻറിനോപ്പിളും ഉടൻ തന്നെ അവിടെ ഒരു മെത്രാപ്പോലീത്തൻ ആസ്ഥാനം ഉണ്ടാക്കി ആ പ്രദേശങ്ങളിലെ മെത്രാന്മാരെ വാഴിക്കാനുള്ള അധികാരം ആ ആളിനു നൽകി. തുടർന്ന് ജർമ്മൻ രാജാവ് ഓട്ടോ രണ്ടാമനും ബിസൻറയിൻ രാജകുമാരി തെയോഫാനോയുമായി വിവാഹം നടന്നു. അങ്ങനെ ആ സഭാപിരിമുറുക്കം അൽപമൊന്നയഞ്ഞു. എന്നാൽ പരസ്പര വിശ്വാസമില്ലായ്മ ഈ കാലഘട്ടത്തിൽ പൊതുവെ കണ്ടുവന്ന പ്രവണതയായിരുന്നു.

ബോനിഫസ് VII (974-85) എന്ന എതിർ പാപ്പാ റോമിൽ നിന്ന് കൊള്ളയടിച്ചവയുമായി കോൺസ്റ്റാൻറിനോപ്പിളിലെത്തി അവിടം കേന്ദ്രമാക്കി ഭരണം നടത്തിയപ്പോൾ ഈ വിശ്വാസരാഹിത്യം വർദ്ധിച്ചതേയുള്ളു. 984-ൽ ബോനിഫസ് തിരിച്ചു റോമിലെത്തി. തുടർന്നും റോമിൽ പാപ്പാമാരും എതിർ പാപ്പാമാരും ഭരണം കയ്യടക്കാൻ ശ്രമം നടത്തിവരികയായിരുന്നു. ഈ പശ്ചാത്തലത്തിൽ സിസിന്നിയൂസ് II പാത്രിയർക്കീസ് (996-8), റോമൻസഭയുടെ വിശ്വാസത്തിനും ആചാരങ്ങൾക്കുമെതിരെ ഫോസിയസ് എഴുതിയ ചാക്രികലേഖനത്തിൻെറ പുതിയ പതിപ്പ് പൗരസ്ത്യപാത്രിയർക്കീസുമാർക്ക് അയച്ചു കൊടുത്തു എന്നു പറയപ്പെടുന്നു. എന്നാലതൊന്നും പൗരസ്ത്യപാശ്ചാത്യബന്ധത്തെ ഉലയ്ക്കത്തക്ക ചലനമുണ്ടാക്കിയില്ല. ജോൺ 16-ാമൻ (997-8) എന്ന ''ബിസൻറയിൻ'' പാപ്പായെ സ്ഥാനഭ്രഷ്ടനാക്കിയതിനുള്ള ഒരു

www.malankaralibrary.com


എതിർ നടപടിയായി ഇതിനെ കണക്കാക്കിയാൻ മാത്രം മതി. ജോൺ 18-ാമൻ (1003-09) പാപ്പായുടെ കാലത്ത് റോമും കോൺസ്റ്റാന്റിനോപ്പിളും തമ്മിൽ സ്നേഹത്തിലും ഐക്യത്തിലുമായിരുന്നു. എവുസ്താത്യോസ് പാത്രിയർക്കീസ് (1019-25) തന്നെ എക്യുമെനിക്കൽ പാത്രിയർക്കീസ് എന്ന് അഭിസംബോധന ചെയ്യണമെന്ന് 1024-ൽ ജോൺ പത്തൊൻപതാമൻ പാപ്പായോട് (1024-32) ആവശ്യപ്പെട്ടു. പോപ്പ് അതിനു തടസ്സമൊന്നും പറഞ്ഞില്ല. മുൻ പാപ്പാമാർ അപ്രകാരം ചെയ്തിട്ടുണ്ടല്ലോ എന്നായിരുന്നു പാപ്പാ ചൂണ്ടിക്കാണിച്ചത്. എന്നാൽ റോമിൽ പലരും അതിൽ നെറ്റി ചുളിച്ചു. അവരുടെ അഭിപ്രായം സ്വീകരിച്ചുകൊണ്ട് ഇതു സാദ്ധ്യമല്ലെന്ന് അവസാനം പാപ്പായ്ക്കു പറയേണ്ടിവന്നു. സേർജിയുസ് പാത്രിയർക്കീസിന്റെ കാലത്ത് 1014 മുതൽ കോൺസ്റ്റാന്റിനോപ്പിളിലെ അനുസ്മരണപ്പട്ടികയിൽ റോമൻ പാപ്പാമാരുടെ പേര് അനുസ്മരിക്കുന്ന പതിവ് നിർത്തൽ ചെയ്തു. പോപ്പിന്റെ വിശ്വാസപ്രഖ്യാപനത്തിൽ ''ഫീലിയോക്വേ'' കണ്ടതിനാലാകാം; അല്ലെങ്കിൽ, 1014 ൽ ബനഡിക്ട് VIII-ൻ പാപ്പാ (1012-24) ഹെൻറി II എന്ന ജർമ്മൻ ചക്രവർത്തിയെ കിരീടം ധരിപ്പിച്ചതിനാലാകാം.[14]

## *9. മിഖായേൽ ചെറുളാരിയുസ്*

തുടർന്ന് അലെക്സിയൂസും (1025-43) പിന്നീട് മിഖായേൽ ചെറുളാരിയൂസും (1043-58) പാത്രിയർക്കീസുമാരായി. ചെറുളാരിയൂസ് പാത്രിയർക്കീസായപ്പോൾ കിഴക്കും പടിഞ്ഞാറും ശീശ്മയിലായിരുന്നു എന്നു പറയുന്നത് ശരിയല്ല; രണ്ടും സ്വതന്ത്രമായി രണ്ടു വഴിക്കു വളരുകയായിരുന്നു. രാഷ്ട്രീയമായി കുറെയൊക്കെ അകന്നു; മതപരമായും. കോൺസ്റ്റാന്റിനോപ്പിളിൽ മാത്രമേ മതജീവിതം കലർപ്പില്ലാതെ പാലിക്കാനാവൂ എന്ന് അന്ന് കോൺസ്റ്റാന്റിനോപ്പിളിൽ ഉള്ള പലരും കരുതി. റോമിന്റെ പ്രഥമസ്ഥാനത്തെപ്പറ്റിയുള്ള ആശയങ്ങൾക്ക് ബിസന്റയിൻ സർക്കിളുകളിൽ മങ്ങലേറ്റിരുന്ന കാലഘട്ടമായിരുന്നത്. കൂടാതെ, ഈ കാലത്ത് പേപ്പസി, ബിസന്റയിന്റെ ശത്രുക്കളായ നോർമൻകാരോട് കൂടുതൽ കൂടുതൽ അടുത്തുകൊണ്ടിരുന്നു. എന്നാൽ ബിസാൻസിയവും ജർമ്മൻകാരും പേപ്പസിയുംകൂടി യോജിച്ച് റോമൻ ആക്രമണത്തെ തുരത്തണമെന്ന ഒരാലോചന വന്നെങ്കിലും നടന്നില്ല. മിഖായേൽ ചെറുളാരിയുസ് ഈ ആശയത്തിന് കടകവിരുദ്ധമായിരുന്നു. ബിസന്റയിൻ സഭയുടെമേൽ റോമാസഭയ്ക്ക് സ്വാധീനം ഉണ്ടായേക്കാം എന്ന ഭീതിയാകാം ചെറുളാരിയുസിനെ ഇതിനു പ്രേരി-

14. H. Jedin, III, p. 410-3.



പ്പിച്ചത്. റോമിനെതിരായി ഒരു ജനമുന്നേറ്റം സംഘടിപ്പിക്കാനാണ് ചെറുളാരിയുസ് പരിശ്രമിച്ചത്. റോമാസഭയിലെ ആചാരങ്ങൾക്കെതിരായിട്ടായിരുന്നു പ്രചരണം: ലത്തീൻസഭ കുർബാനയിൽ പുളിക്കാത്ത അപ്പം ഉപയോഗിക്കുന്നതും ശനിയാഴ്ച ഉപവസിക്കുന്നതും മറ്റും വിമർശനത്തിനു വിധേയമായി. അയാൾ കോൺസ്റ്റാന്റിനോപ്പിളിലുള്ള ലത്തീൻ ദേവാലയങ്ങൾ അടച്ചുപൂട്ടാൻ ഉത്തരവിട്ടു. കൂദാശ ചെയ്ത ഓസ്തിപോലും അവഹേളനവിധേയമായി. ത്രാനിയിലെ ലത്തീൻ ബിഷപ്പിന് ഒക്രിഡായിലെ ആർച്ചുബിഷപ്പ് ലെയോ, ലത്തീൻ രീതികളെ അവഹേളിച്ചുകൊണ്ട് ഒരു കത്തയച്ചു. അതു് റോമിനെതിരെയുള്ള പ്രചരണ പരിപാടിയുടെ ഭാഗമായിരുന്നു. ബിസന്റയിൻകാർക്ക് ഇഷ്ടമില്ലാത്ത ലത്തീൻ ആചാരാനുഷ്ഠാനങ്ങളെല്ലാം നീക്കം ചെയ്യണമെന്നതായിരുന്നു ചുരുക്കം. ത്രാനിയിലെ മെത്രാൻ അതു റോമൻ കൂരിയായ്ക്കു് അയച്ചുകൊടുത്തു. കൂരിയാ ഉടനെ സിൽവാ കാൻഡിഡായിലെ കാർഡിനൽ ഹുംബെർട്ടിനെ മറുപടിയെഴുതാൻ ചുമതലപ്പെടുത്തി. ഈ കർദ്ദിനാളും ചെറുളാരിയുസിന്റെ അതേ രീതിക്കാരനായിരുന്നു. പാപ്പായ്ക്കു് തെക്കേ ഇറ്റലിയിലുള്ള അധികാരം തന്റെ മറുപടിയിൽ കർദ്ദിനാൾ ഊന്നിപ്പറഞ്ഞു. ഗ്രീക്കുകാർ ''തൊണ്ണൂറിലേറെ തെറ്റുകൾ'' പഠിപ്പിക്കുന്നെന്നും ആരോപിച്ചു. ഇതിലൂടെ ഗ്രീക്കുകാരെ കടന്നാക്രമിക്കയാണ് അദ്ദേഹം ചെയ്തത്.

ഇതിനിടെ പോപ്പ് ലെയോ ഒരു സൈന്യവുമായി നോർമൻകാർക്കെതിരെ തെക്കേ ഇറ്റലിയിലേക്കു ചെന്നു. പരാജിതനായ പാപ്പായെ അവർ 1053 ജൂണിൽ തടവുകാരനാക്കി. തടവറയിൽ നിന്നു സഭയെ നയിക്കാൻ അദ്ദേഹം ശ്രമിച്ചു. പാപ്പാ പരാജയപ്പെട്ടതു് പ്രസ്തുത പ്രദേശങ്ങളിൽ ബിസന്റയിൻ താല്പര്യങ്ങളുടെ പരാജയമായിരുന്നു. ആ അവസരം പോപ്പുമായി ഒത്തു തീർപ്പുണ്ടാക്കാൻ ചക്രവർത്തിയും ചെറുളാരിയൂസും സന്നദ്ധത പ്രകടിപ്പിച്ചു. അവർ പോപ്പിന് എഴുതുകയും ചെയ്തു. സമാധാനം സംസ്ഥാപിക്കാനായി കൂരിയാ ഒരു പ്രതിനിധി സംഘത്തെ അയച്ചു. ഹുംബർട്ട്, റോമൻ ചാൻസലർ ഫ്രെഡെറിക്, അമാൽഫിയിലെ ആർച്ചുബിഷപ്പ് പീറ്റർ എന്നിവരായിരുന്നു സംഘത്തിലുണ്ടായിരുന്നതു്. സംഘത്തെ ചക്രവർത്തി ഹാർദ്ദവമായി സ്വീകരിച്ചെങ്കിലും പാത്രിയർക്കീസ് അത്രയും സ്നേഹഭാവം കാട്ടിയില്ല. തങ്ങളെ വേണ്ടവണ്ണം ബഹുമാനിച്ചില്ലെന്നു റോമൻ സംഘത്തിനു തോന്നി; പ്രോട്ടോക്കോൾ അനുസരിച്ച് തന്നെ ആശംസിച്ചില്ലെന്നു പാത്രിയർക്കീസ് കുററപ്പെടുത്തി. തുടർന്ന് ചർച്ച ഒന്നും നടന്നില്ല. ഹുംബെർട്ട് ഗ്രീക്കുകാർക്കെതിരായ പ്രചരണം നടത്തിക്കൊണ്ടിരുന്നു. താൻ എഴുതിയ മറുപടി ഗ്രീക്കിലേക്കു ഭാഷാന്തരം ചെയ്തു് പ്രചരിപ്പിച്ചു. പുളിക്കാത്ത അപ്പത്തിനെതിരെ എഴുതിയ സന്ന്യാസി നിസെററാസ്

www.malankaralibrary.com



സ്റ്റെത്താറേറാസിനെതിരെയും ഹംബെട്ട് തന്റെ ആക്രമണം തിരിച്ചുവിട്ടു. 1054 ജൂൺ 24 ന് നിസേററാസിന്റെ ആശ്രമത്തിൽവച്ച് ചർച്ച നടന്നു. അവസാനം നിസേററാസ് തന്റെ അഭിപ്രായം പിൻവലിക്കുകയും കൃതി കത്തിച്ചു കളയുകയും ചെയ്തു. പാത്രിയർക്കീസാകട്ടെ ശക്തിയായ എതിർപ്രചരണം നടത്തിത്തുടങ്ങി. ഇതിൽ കുപിതരായ ഡലഗേഷൻ അംഗങ്ങൾ 1054 ജൂലൈ 16 ന് പാത്രിയർക്കീസിനെയും കൂടെയുള്ളവരെയും മഹറോൻ ചൊല്ലിക്കൊണ്ടുള്ള ഒരു രേഖ ഹാഗിയാ സോഫിയാ ദേവാലയത്തിലെ ബലിപീഠത്തിൽ വച്ചിട്ട് സ്ഥലം വിട്ടു. ഈ ഡിക്രി ''സെവുഡോ പാത്രിയക്കീസ്'' മിഖായേൽ ചെറുളാരിയൂസിനെയും ഒക്രിഡായിലെ ലെയോ ആർച്ചുബിഷപ്പിനെയും മററും മഹറോൻ ചൊല്ലി. പരിശുദ്ധാത്മാവിന്റെ പുറപ്പാടു സംബന്ധിച്ചുള്ള ഗ്രീക്ക പ്രബോധനം, ഗ്രീക്ക വൈദികരുടെ വിവാഹം എന്നിങ്ങനെയുള്ള സംഗതികളെയും തെററുകളിൽ ഉൾപ്പെടുത്തി.

ഈ സംഭവത്തിനു മൂന്നുമാസം മുൻപ് ലെയോ പാപ്പാ മരിച്ചുപോയിരുന്നു. ഇതവർക്കറിയാമായിരുന്നോ ഇല്ലയോ എന്നതു വ്യക്തമല്ല. ഏതായാലും അവരുടെ പരിധിവിട്ടുള്ള പ്രവർത്തനത്തിലാണ് അവർ ഏർപ്പെട്ടത്. ഇതിനുശേഷം രാജാവിനെക്കണ്ട് സ്നേഹഭാവത്തിൽ വിടപറഞ്ഞശേഷം അവർ മടക്കയാത്ര ആരംഭിച്ചു. അപ്പോഴാണ് ചക്രവർത്തിക്കു സംഗതികളുടെ ഗൗരവം മനസ്സിലായത്. അവരെ തിരികെ വിളിച്ച് ഒന്നിച്ചൊരു യോഗത്തിൽ കാര്യങ്ങൾ ചർച്ചചെയ്ത് ഒതുക്കാം എന്നു ചക്രവർത്തി കോൺസ്റ്റന്റൈൻ 9_ാമൻ കരുതി.

പാത്രിയർക്കീസ് ജനങ്ങളെ ഇളക്കിവിട്ടു. നിയന്ത്രണാതീതമാകുമെന്നു കണ്ട് പ്രതിനിധികൾ ഉടൻ തന്നെ സ്ഥലം വിട്ടുകൊള്ളാൻ ചക്രവർത്തിയാവശ്യപ്പെട്ടു. ജനം കൊട്ടാരം വളഞ്ഞു. ജൂലൈ 24 (1054) ഞായറാഴ്ച ചക്രവർത്തി ഒരു സിനഡ് വിളിച്ചുകൂട്ടി. ഓർത്തഡോക്സു സഭയെ മുഴുവൻ മഹറോൻ ചൊല്ലിയതായി സിനഡ് കണക്കാക്കി. അതിനു പകരം സിനഡ് ഈ പ്രതിനിധികളെയും അവരെ പിൻതുണയ്ക്കുന്നവരെയും മഹറോൻ ചൊല്ലി.

യഥാർത്ഥത്തിൽ ഈ മഹറോൻ ഓർത്തഡോക്സു സഭയ്ക്കെതിരായിട്ടായിരുന്നില്ല. ചക്രവർത്തിക്കും എതിരായിട്ടല്ലായിരുന്നു. ചെറുളാരിയൂസിനും അദ്ദേഹത്തിന്റെ കൂടെ നിന്നവർക്കുമെതിരായിരുന്നു. പാത്രിയർക്കീസാകട്ടെ പാപ്പായേയോ റോമാസഭയെയോ മഹറോൻ ചൊല്ലിയില്ല, പിന്നെയോ പ്രതിനിധികളെയും അവരെ പിൻതുണച്ച ചിലരെയും മാത്രം.



ഒരു ശീശ്മ ഉണ്ടാകത്തക്ക നടപടി ഇരു ഭാഗത്തുനിന്നും ഉണ്ടായില്ല. എന്നാൽ കിഴക്കും പടിഞ്ഞാറും തമ്മിൽ പിളർന്നതു് 1054 ലാണ് എന്നാണ് പൊതുവെയുള്ള ധാരണ.[15]

തുടർന്നുള്ള നൂററാണ്ടുകളിലും ചക്രവർത്തിമാരും മററ് അത്മായരും ഐക്യം പുനഃസ്ഥാപിക്കാൻ തല്പരരായിരുന്നു. എന്നാൽ സന്ന്യാസികളും വൈദികരും ഐക്യത്തിനെതിരായ നിലപാടെടുത്തു. അന്ത്യോക്യായിലെ മെൽക്കീത്താ പാത്രിയർക്കീസ് പത്രോസ് III (1052_6) മധ്യവർത്തിയായി വർത്തിക്കാൻ ശ്രമിച്ചു. ബിസന്റയിൻ രീതികളും ആചാരാനുഷ്ഠാനങ്ങളുമാണ് യഥാർത്ഥ ക്രൈസ്തവരീതികൾ എന്ന ചിന്ത ബിസന്റയിൻ ലോകത്തു പരന്നു. പാശ്ചാത്യലോകത്താകട്ടെ ഗ്രീക്ക വിരുദ്ധ ചിന്താഗതി ശക്തിപ്പെട്ടു. എന്നാൽ കിഴക്കും പടിഞ്ഞാറും പിളർന്നതായി സാധാരണജനം കരുതിയില്ല. തുടർന്ന് സംഘടിതമായി നടത്തിയ പ്രചരണം വഴിയാണ് ഗ്രീക്കുജനങ്ങൾ അകന്നുമാറിയത്. 13_ാം നൂററാണ്ടിലും ഗ്രീക്കും ലത്തീനും ഒരു സഭയുടെ രണ്ടു ഭാഗങ്ങളായിരുന്നു എന്ന പൊതു ധാരണ നിലനിന്നു. നിരന്തര കലഹത്തിലായിരുന്നെങ്കിലും അടിസ്ഥാന സംഗതികളിൽ സഭ ഒന്നാണെന്നുള്ള ധാരണയ്ക്കു കോട്ടം തട്ടിയില്ല. മററു പൗരസ്ത്യ പാത്രിയാർക്കേററുകളോട് (മെൽക്കീത്താ) റോമിന്റെ ബന്ധം തുടർന്നും മോശമായിരുന്നില്ല. ജോർജിയാ കാതോലിക്കേററ് (11thc), ബൾഗേറിയ (12-ാം നൂററാണ്ടുമുതൽ), സേർബിയാ (12thc.) എന്നിവയും റോമൻ ബന്ധത്തിലും കൂട്ടായ്മയിലും നിന്നു.

## *10. കുരിശുയുദ്ധങ്ങൾ*

കിഴക്കിനേയും പടിഞ്ഞാറിനേയും തമ്മിൽ അകററിയതു് വാസ്തവത്തിൽ കുരിശുയുദ്ധക്കാരാണ്. മററുള്ളവയൊക്കെ പശ്ചാത്തലം ഒരുക്കിയെന്നു മാത്രം. കുരിശുയുദ്ധക്കാർ പൗരസ്ത്യദേശത്തു വളരെ ക്രൂരമായി പെരുമാറി. കുരിശുയുദ്ധക്കാർ പിടിച്ചെടുത്തിടങ്ങളിലെല്ലാം ലത്തീൻ ഹയരാക്കി സ്ഥാപിച്ചു. അവിടെ ഉണ്ടായിരുന്ന പൗരസ്ത്യ മെത്രാന്മാരെയും ജനങ്ങളെയും എല്ലാം ഈ ലത്തീൻ ഹയരാർക്കിക്കു കീഴിലാക്കുകയും ചെയ്തു. ഇതു് മെൽക്കീത്താ പാത്രിയർക്കീസുമാരെയും റോമിൽ നിന്നകററാൻ വഴി തെളിച്ചു. 1204_ലെ നാലാം കുരിശുയുദ്ധമാണ് പിളർപ്പിനു യഥാർത്ഥ കാരണം. സ്വർണ്ണവും പണവും സമ്പാദിക്കാനായി വെനീസിലെ കൊള്ളക്കാരായ കുരിശുയുദ്ധക്കാർ കോൺസ്റ്റാന്റിനോപ്പിൾ പട്ടണത്തിൽ കയറി കാട്ടിക്കൂട്ടി

15. *Ibid.* 413-7.

www.malankaralibrary.com



യവ ഗ്രീക്കുകാരുടെ ഹൃദയത്തിൽ ആഴമായ മുറിവുണ്ടാക്കി. കുരിശുയുദ്ധക്കാർ നഗരം വളഞ്ഞ് കീഴടക്കി കൊള്ളയടിച്ചു. കിരാതന്മാർ പോലും ചെയ്യാൻ അറയ്ക്കുന്ന കൊടും ഭീകരതകൾ പാശ്ചാത്യ ലോകത്തു നിന്നുള്ള ലത്തീൻ സഹോദരന്മാർ കോൺസ്റ്റാൻറിനോപ്പിളിലെ ക്രിസ്തീയ സഹോദരന്മാരോടു ചെയ്തു. തിരുശേഷിപ്പുകൾ, തിരുപ്പാത്രങ്ങൾ, തിരുവസ്ത്രങ്ങൾ എന്നു വേണ്ട, ഈ ക്രൂര രാക്ഷസന്മാർ കൊള്ള ചെയ്യാത്ത ഒന്നും കോൺസ്റ്റാൻറിനോപ്പിളിൽ ഇല്ലായിരുന്നു. കൊള്ള മാത്രമല്ല, യുദ്ധത്തിൽ ക്രൂരപടയാളികൾ ചെയ്യുന്ന ക്രൂരമായ മ്ലേച്ഛതകളും പൈശാചിക കർമ്മങ്ങളും അവർ ചെയ്തുകൂട്ടി. ഇനി ഒരിക്കലും വീണ്ടെടുക്കാനാവാത്ത വിധം കോൺസ്റ്റാൻറിനോപ്പിളിൻെറ മുഖം അവർ വിരൂപമാക്കി. ഇതറിഞ്ഞ ഇന്നസെൻറ് മൂന്നാമൻ പാപ്പാ (1198–1216) ഈ കുരിശുയുദ്ധക്കാരെ മഹറോൻ ചൊല്ലി. എന്നാൽ അവർ കോൺസ്റ്റാൻറിനോപ്പിളിൽ സ്ഥാപിച്ച ''ലത്തീൻ സാമ്രാജ്യം'' അദ്ദേഹം പിന്നീട് അംഗീകരിച്ചു; അവിടെ ഒരു ലത്തീൻ പാത്രിയർക്കീസിനെ നിയമിച്ചു. പാശ്ചാത്യക്രിസ്ത്യാനികൾ പിടിച്ചെടുത്ത പൗരസ്ത്യ സ്ഥലങ്ങളിലെല്ലാം ലത്തീൻ ഹയരാർക്കി സ്ഥാപിച്ചു. കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ബന്ധം അററുപോയതു് 1204–ലെ ഈ ക്രൂരവും നികൃഷ്ടവും നിന്ദ്യവും പൈശാചികവുമായ കിരാതാക്രമണമാണ്.

## ഐക്യശ്രമങ്ങൾ

എങ്കിലും ഐക്യശ്രമങ്ങൾ തുടർന്നും നടന്നു. ലയൺസ് കൗൺസിലിലും (1274) ഫ്ളോറൻസ് കൗൺസിലിലും (1438–39) ഐക്യചർച്ച നടന്നു. ചക്രവർത്തിമാരാണ് മുൻകൈ എടുത്തതു്. മുസ്ലീം മലവെള്ളത്തെ തടഞ്ഞുനിർത്താനായിട്ടത്രേ അവർ ഇതിനു മുതിർന്നതു്. എന്നാൽ സന്ന്യാസികളും വൈദികരും ഐക്യത്തിനു് സന്നദ്ധരായിരുന്നില്ല. ഐക്യഫോർമുലകൾ എല്ലാം ഏകപക്ഷീയമായി പാശ്ചാത്യ ദൈവശാസ്ത്രം മാത്രം കണക്കിലെടുത്തുകൊണ്ടുള്ളതായിരുന്നു. ഗ്രീക്ക് –ലത്തീൻ ഐക്യം യാഥാർഥ്യമായില്ല.

ഇക്കാലമായപ്പോഴേക്കും ബിസൻറയിൻ സഭയുടെ ഭൂരിഭാഗവും തുർക്കികൾ കീഴടക്കിയിരുന്നു. അവിടത്തെ ജനങ്ങൾ ഐക്യത്തിനു സന്നദ്ധരല്ലായിരുന്നു. റഷ്യയും അതിനു വഴങ്ങിയില്ല. 1204 മുതൽ വളർന്നുവന്ന വൈരാഗ്യവും പിളർപ്പും പെട്ടെന്നു് ഒരു സിനഡിലെ



ചർച്ച കൊണ്ടവസാനിക്കും എന്നു കരുതിയതു് സാഹസമായിപ്പോയി. തുടർന്ന്, പാശ്ചാത്യർ മുസ്ലീങ്ങൾക്കെതിരെ പൗരസ്ത്യരെ സഹായിച്ചില്ല. 1453–ൽ തുർക്കികൾ കോൺസ്റ്റാൻറിനോപ്പിൾ പിടിച്ചു. അങ്ങനെ പൗരസ്ത്യറോമാസാമ്രാജ്യം അവസാനിച്ചു. പാശ്ചാത്യ – പൗരസ്ത്യഐക്യം ഒരു സ്വപ്നമായി അവശേഷിക്കയും ചെയ്തു. പിന്നീട് ഗൗരവമേറിയ സഭൈക്യ ചർച്ചകൾ നടന്നതു് രണ്ടാം വത്തിക്കാൻ സിനഡോടുകൂടിയാണ് (1962–5). 1965 ഡിസംബർ 7 നു് റോമിലും കോൺസ്റ്റാൻറിനോപ്പിളിലും നടന്ന ചടങ്ങുകളിൽ വച്ച് ഇരുസഭകളും പരസ്പരമുള്ള ശാപം പിൻവലിച്ചു. അന്നുമുതൽ ഐക്യചർച്ചകൾ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കയാണ്.

www.malankaralibrary.com

## അധ്യായം 15

# പട്ടത്വവും വിവാഹവും

പഴയനിയമത്തിലെ ആചാര്യന്മാർ വിവാഹിതരായിരുന്നു എങ്കിലും യഹൂദരുടെ ഇടയിലെ എസ്സീൻ (കുംറാൻ) സമൂഹത്തിൽ ബ്രഹ്മചാരികളായ ആളുകൾ ഉണ്ടായിരുന്നു. ക്രിസ്തുവും ചില ശ്ലീഹന്മാരും ബ്രഹ്മചാരികളായിരുന്നു. ദൈവരാജ്യത്തെ പ്രതിയുള്ള ഷണ്ഡത്വത്തെപ്പററി കർത്താവുതന്നെ പ്രസ്താവിക്കുന്നു: ''സ്വർഗരാജ്യത്തെ പ്രതി തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കുന്നവരുമുണ്ട്'' (മത്താ 19 : 12). എഫേസോസിലെ പോളിക്രാട്ടെസ് മെത്രാൻ, റോമിലെ വിക്ടറിനുള്ള കത്തിൽ ഫിലിപ്പോസിന്റെ പുത്രിമാരെപ്പററി പറയുന്നു.[1] മററു പല ശ്ലീഹന്മാരും സ്ത്രീകളെ കൂടെ കൊണ്ടു നടന്നിരുന്നു എന്ന് വി. പൗലോസിന്റെ ഒരു ലേഖനത്തിൽ സൂചിപ്പിക്കുന്നു: ''മററ് ശ്ലീഹന്മാരും നമ്മുടെ കർത്താവിന്റെ സഹോദരന്മാരും കേപ്പായും ചെയ്യുന്നതുപോലെ, സഹോദരിയായ ഒരു സ്ത്രീയെ കൊണ്ടുനടക്കാൻ ഞങ്ങൾക്കവകാശമില്ലേ?'' (1 കൊറി 9:5). വി. പൗലോസ് അവിവാഹിത ജീവിതം നയിച്ചിരുന്നു; എന്നാൽ പൗലോസിന്റെ പ്രേഷിതവേലയിൽ തെക്ലാ എന്നു പേരുള്ള ഒരു യുവതി സഹായിച്ചിരുന്നു എന്ന് പൗലോസിന്റെ നടപടി എന്ന അപ്പോക്രിഫൽ രേഖ സൂചിപ്പിക്കുന്നു.[2] ''എല്ലാവരും ശുദ്ധതയിൽ എന്നെപ്പോലെ ആയിരുന്നെങ്കിൽ എന്നാണു ഞാൻ ആഗ്രഹിക്കുന്നത്'' എന്നു പൗലോസ് കൊറിന്തോസുകാർക്കെഴുതുന്നു (7: 7); എന്നാൽ ദൈവത്തിൽ നിന്ന് ഓരോരുത്തനും ലഭിച്ച ദാനത്തിനനുസൃതമായി വ്യാപരിക്കുവാൻ അദ്ദേഹം ഉപദേശിക്കുന്നു (7: 7). ''അവിവാഹിതരോടും വിധവകളോടും ഞാൻ പറയുന്നു, എന്നെപ്പോലെ ആയിരിക്കുന്നതാണ് അവർക്കു നല്ലത്'' (7: 8). ഓരോരുത്തനും കർത്താവിൽ നിന്നു സ്വീകരിച്ചതനുസരിച്ചും ദൈവം വിളിച്ചതനുസരിച്ചും ജീവിതം നയിക്കട്ടെ'' (7: 17). ''ഓരോരുത്തനും ഏതവസ്ഥയിൽ വിളിക്കപ്പെട്ടുവോ, അതിൽ തന്നെ ദൈവ

1. ജി.ചേടിയത്ത്, ആദിമസഭയുടെ സന്ദേശം,[2] 1988, പേ. 162.
2. *Ibid.* p. 78-79.



സന്നിധിയിൽ നിലനിൽക്കട്ടെ'' (7 : 24). എന്നാൽ കന്യാത്വത്തെപ്പററി ദൈവത്തിൽനിന്ന് ഒരു കല്പനയും എനിക്കു ലഭിച്ചിട്ടില്ല'' (7: 25) എന്നു പറഞ്ഞിട്ട് ''വിശ്വസ്തനായിരിക്കാൻ ദൈവം അനുഗ്രഹിച്ച ഒരു മനുഷ്യനെന്ന നിലയിൽ'' (7: 25) പൗലോസ് തന്റെ ഉപദേശം നൽകുന്നു: ''അവിവാഹിതൻ തന്റെ കർത്താവിനെ എങ്ങനെ സംപ്രീതനാക്കാമെന്നു വിചാരിച്ച്, കർത്താവിന്റെ കാര്യത്തിൽ തല്പരനാകുന്നു; അവിവാഹിതയായ സ്ത്രീ തന്റെ ശരീരത്തിലും ആത്മാവിലും പരിശുദ്ധയായിരിക്കേണ്ടതിനു തന്റെ കർത്താവിനെപ്പററി ചിന്തിക്കുന്നു'' (7: 32_34).

ഇതു സാധാരണ വിശ്വാസികൾക്കു പൗലോസ് നൽകുന്ന തന്റെ വ്യക്തിപരമായ പ്രബോധനമാണ്; കർത്താവിൽ നിന്നു ലഭിച്ച കല്പനയായിട്ടല്ല. എന്നാൽ ''ദൈവാത്മാവ് എനിക്കുണ്ട് എന്നു ഞാൻ വിചാരിക്കുന്നു'' എന്നു പറഞ്ഞുകൊണ്ടാണ് ഈ ഭാഗം അദ്ദേഹം അവസാനിപ്പിക്കുന്നത് (7: 40). സഭകളുടെ അധ്യക്ഷനായി ശ്ലീഹന്മാർ നിയമിച്ച മൂപ്പൻ ''കുററമററവനും ഏകഭാര്യയുടെ ഭർത്താവുമായിരിക്കണം'' (തിത്തോ 1: 6). അവൻ ''നിഷ്കളങ്കനും ഏകഭാര്യയുടെ ഭർത്താവും വിവേകിയും സംയമനം പാലിക്കുന്നവനും'' ആയിരിക്കണം (1 തിമോ 3: 2) എന്ന് പൗലോസ് പ്രബോധിപ്പിക്കുന്നു.

ആദിമസഭയിൽ ബ്രഹ്മചാരികളായ മെത്രാന്മാർ ഉണ്ടായിരുന്നു എന്നതിന് തെളിവുണ്ട്. നിരവധി മെത്രാന്മാർ അവിവാഹിതരായി ജീവിച്ചു. പോളിക്രാട്ടെസ് എന്ന മെത്രാൻ സാർദിസിലെ മെലിറേറായെപ്പററി സ്പഷ്ടമായി പറയുന്നു: ''ഷണ്ഡനായ മെലിറേറാ പൂർണമായി പരിശുദ്ധാത്മാവിൽ ജീവിച്ചു.''[3] എന്നാൽ വൈദികസ്ഥാനികൾ അവിവാഹിതരായിരിക്കണമെന്ന് സ്പഷ്ടമായി പുതിയ നിയമത്തിൽ പറയുന്നില്ല.

ആദിമസഭയിൽ വൈവാഹിക ജീവിതത്തെ എതിർത്തിരുന്ന അബദ്ധോപദേശകരുണ്ടായിരുന്നു. വിവാഹം പാപമാണെന്നുവരെ പഠിപ്പിച്ച പാഷണ്ഡികളും ഉണ്ടായിരുന്നു. ''എൻക്രത്തീത്തർ'' ''മോണ്ടനിസ്റ്റുകൾ'', ''മനിക്കേയർ'' തുടങ്ങിയവർ ഇക്കൂട്ടത്തിൽ പെടുന്നു. ഇവർക്കെതിരെ വിവാഹത്തിന്റെ ഔന്നത്യം സഭ ഉയർത്തിക്കാട്ടി: ''ദൈവം സ്വന്തം പ്രതിച്ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവം തന്റെ പ്രതിച്ഛായയിൽ അവനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. 'നിങ്ങൾ സന്താനപുഷ്ടിയോടെ പെരുകി ഭൂമിയിൽ നിറഞ്ഞ് ഭൂമിയെ കീഴടക്കുക' എന്നു പറഞ്ഞ്

3. *Ibid.* 162,

www.malankaralibrary.com



അവിടുന്ന് അവരെ അനുഗ്രഹിച്ചു'' (ഉല്പ 1: 27_28). 'മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; അവനു പറ്റിയ ഒരു സഹായിയെ ഞാൻ ഉണ്ടാക്കിക്കൊടുക്കും' എന്നു പറഞ്ഞ് (2:18) ദൈവം തന്നെയാണ് സ്ത്രീയെ സൃഷ്ടിച്ചത്. ദൈവം സൃഷ്ടിച്ച ഭൂമിയിലെ സർവ്വ ജീവജാലങ്ങളുടെയും മദ്ധ്യത്തിൽ മനുഷ്യൻ ഏകനായിരുന്നു. തനിക്കുപറ്റിയ സഹായിയെ അക്കൂട്ടത്തിലെങ്ങും മനുഷ്യൻ കണ്ടില്ല (2: 20). അപ്പോൾ ദൈവം സ്ത്രീയെ സൃഷ്ടിച്ചു. അവൾ അവന്റെ ''അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവുമായിരുന്നു''(2: 23). അതുകൊണ്ട് 'ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർപിരിക്കരുത്' എന്നും 'വരം ലഭിച്ചവനല്ലാതെ ആരും ഇതു സ്വീകരിക്കുന്നില്ല' എന്നും നമ്മുടെ കർത്താവ് അരുൾചെയ്തു (മത്താ 19: 6_11). ഈ കർതൃ പ്രബോധനത്തിനെതിരായി പഠിപ്പിക്കുന്നതെല്ലാം പാഷണ്ഡതയായി സഭ വിധിച്ചു.

സഭാരംഭകാലത്തുടനീളം വിവാഹിതരും അവിവാഹിതരുമായ വൈദികസ്ഥാനികൾ ഉണ്ടായിരുന്നു. വിവാഹത്തെ വൈദികസ്ഥാനവുമായി അഭേദ്യം ബന്ധിച്ചിരുന്നില്ല. നാലാം നൂറ്റാണ്ടിലും വൈദികസ്ഥാനത്തു പ്രവേശിക്കുന്നതിനു മുമ്പ് തങ്ങൾ പ്രവേശിച്ചിരുന്ന വിവാഹജീവിതം ഒരു തടസ്സവും കൂടാതെ വൈദികജീവിതത്തിലും തുടർന്നുവരുന്നുണ്ടായിരുന്നു. അതേസമയം സ്വന്തതീരുമാന പ്രകാരം വൈവാഹിക ജീവിതം വേണ്ടെന്നു വച്ചവരും, വൈവാഹിക ജീവിതത്തിൽ പ്രവേശിച്ചിട്ടും വിരക്തി പാലിച്ചവരും ആ നൂറ്റാണ്ടിൽ വിരളമല്ലായിരുന്നു. ഒരുപക്ഷേ അക്കാലത്ത് വിവാഹിതരായ വൈദികസ്ഥാനികളായിരിക്കാം അവിവാഹിതരെക്കാൾ കൂടുതലായി ഉണ്ടായിരുന്നത്.

ക്രൈസ്തവ സഭയിൽ മതപീഡനത്തിന്റെ കാഠിന്യം കുറഞ്ഞപ്പോൾ (313) രക്തസാക്ഷിത്വത്തിനു പകരമായി കന്യാത്വജീവിതവും ബ്രഹ്മചര്യ ജീവിതവും ചിലർ ചിത്രീകരിച്ചു. വനവാസികളും കന്യകകളുമാണ് മെച്ചപ്പെട്ട ക്രിസ്ത്യാനികൾ എന്ന ധാരണ ഉദയം ചെയ്തു. കന്യാത്വത്തെ വിവാഹജീവിതത്തെക്കാൾ മെച്ചപ്പെട്ടതായി ചിത്രീകരിക്കുന്ന ചിന്താധാര കോൺസ്റ്റന്റയിൻ കാലഘട്ടത്തിനു മുൻപേ ആരംഭിച്ചതാണ്. താസ്യനു , ഒരിജനും (+ 258), തെർത്തുല്യനും (+ 220) ഈ വഴിക്കു ചിന്തിച്ചിരുന്നു. വൈദികസ്ഥാനീയരുടെ വിരക്തജീവിതത്തെ കൂടുതൽ സ്തുതിക്കുന്ന പ്രവണത ഉടലെടുത്തു. കൂടുതൽ നന്നായി പ്രാർത്ഥിക്കാനും ക്രിസ്തീയ രഹസ്യങ്ങളുമായി അടുത്തിടപെടാനും ആചാരശുദ്ധത ആവശ്യമാണെന്നുള്ള ചിന്താധാര ഉയർന്നുവന്നു. ജനങ്ങൾക്കുവേണ്ടി കൂടുതൽ സമയം പ്രവർത്തിക്കാൻ ഇതു സഹായിക്കും എന്നും ചിലർ വാദിച്ചു. ക്ലെമെന്റ് വിവാഹജീവിതത്തെ ശ്രേഷ്ഠമായി കണ്ടെങ്കിലും



കർത്താവിനോടുള്ള സ്നേഹം നിമിത്തം അവിവാഹിതനായി ജീവിച്ചു. ഒരിജനാകട്ടെ, കർതൃസ്നേഹത്താൽ പ്രേരിതനായി മത്താ 19: 12 വാച്യാർത്ഥത്തിൽ വ്യാഖ്യാനിക്കയും പ്രാവർത്തികമാക്കുകയും ചെയ്തു.

വിവാഹിതരായ വൈദികസ്ഥാനികളുടെ വിവാഹം എല്ലാത്തരത്തിലും കുറ്റമറ്റതായിരിക്കണം എന്നൊരു നിബന്ധന മാത്രമേ ആരംഭകാലത്ത് ഉണ്ടായിരുന്നുള്ളു. അതായത് വധൂവരന്മാർ കന്യാത്വത്തിൽതന്നെ വിവാഹത്തിൽ പ്രവേശിക്കണം. പരസ്പരവിശ്വസ്തത പുലർത്തണം. എന്നാൽ രണ്ടാം വിവാഹം നടത്തിയ ആളെയും വിധവയെ വിവാഹം കഴിച്ച ആളിനെയും വൈദികസ്ഥാനത്തു പ്രവേശിപ്പിച്ചിരുന്നില്ല. അവിവാഹിതനായി വൈദികസ്ഥാനത്തു പ്രവേശിച്ച വ്യക്തി പട്ടത്തിനുശേഷം വിവാഹം കഴിക്കാൻ അനുവദിക്കപ്പെട്ടിരുന്നില്ല. അൻസീറാ സിനഡിൽ (314) ഇതിനൊരപവാദം കാണുന്നു: ''അവിവാഹിതജീവിതം കഴിക്കാൻ പ്രയാസമുള്ളതിനാൽ, വിവാഹിതനാകണമെന്ന് പട്ടത്തിന്റെ അവസരം മെത്രാനെ അറിയിച്ചവർ ഡീക്കൻമാരായ ശേഷം വിവാഹിതരായി സേവനത്തിൽ തുടരട്ടെ. കാരണം, അതു മെത്രാൻ അനുവദിച്ചതാണ്. എന്നാൽ പട്ടത്തിന്റെ അവസരം വിവാഹത്തെപ്പറ്റി ഒന്നും സംസാരിക്കാതിരിക്കയും പിന്നീട് വിവാഹം കഴിക്കുകയും ചെയ്തവർ ഡീക്കൻ സ്ഥാനത്തു തുടരാൻ പാടില്ല.''(കാനൻ,10).[4] ഈ കാനൻ പിന്നീട് കൂടുതൽ പ്രാബല്യത്തിൽ വന്നില്ല.

നിഖ്യാസൂനഹദോസിൽ (325) വൈദിക ബ്രഹ്മചര്യം ചർച്ചാവിഷയമായി. വൈദിക സ്ഥാനത്തുള്ളവർ ബ്രഹ്മചര്യവ്രതം പാലിക്കണം; അവർക്കു വൈവാഹിക ജീവിതം പാടില്ല എന്ന തരത്തിൽ ഒരു നിയമം പാസാക്കാൻ കൊർദോവായിലെ ഹോസിയൂസ് മുതിർന്നു. ഉത്തരതേബായിസിലെ മെത്രാനായ പഫ്നൂസിയൂസ് ഇതിനെ എതിർത്തു. ജീവിതകാലം മുഴുവൻ താപസജീവിതം നയിക്കയും ബ്രഹ്മചാരിയായി വർത്തിക്കയും പീഡനങ്ങൾ സഹിക്കയും ചെയ്ത പഫ്നൂസിയൂസിനെ എതിർത്തു നിയമം പാസാക്കാൻ ആരും മുതിർന്നില്ല. വൈദിക പട്ടം സ്വീകരിച്ച ശേഷം ആരും വിവാഹം കഴിക്കാൻ പാടില്ല എന്ന നിയമം എല്ലാവരും പൊതുവെ സ്വീകരിച്ചു. വിവാഹം കഴിച്ചശേഷം പട്ടം സ്വീകരിക്കുന്നവർ ഭാര്യയെ ഉപേക്ഷിക്കാൻ പാടില്ല എന്ന തത്വവും നിലനിന്നു.[5] വിവാഹിതരായ വൈദികർ അർപ്പിച്ച വി. കുർബ്ബാനയിൽ സംബന്ധിച്ച് കുർബ്ബാന സ്വീകരിക്കാതിരുന്ന 'കഠിനതാപസരായ'

4. ജി. ചേടിയത്ത്, ആദിമസഭാപിതാക്കന്മാർ, പേ. 364-5.
5. സൊസൊമെൻ, സഭാചരിത്രം, 1:11; ജി. ചേടിയത്ത്, സഭാപിതാക്കന്മാർ - I, 1987, പേ. 55-56.

www.malankaralibrary.com



ക്രിസ്ത്യാനികളെ ഗാംഗ്ര സിനഡ് (340–1) കുററപ്പെടുത്തി: ''വിവാഹിതനായ പട്ടക്കാരൻ അർപ്പിക്കുന്ന കുർബ്ബാനയിൽ നിന്നു് സ്വീകരിക്കാൻ പാടില്ല എന്നു പഠിപ്പിക്കുന്നവർ ശപിക്കപ്പെടട്ടെ'' (കാനൻ, 4).[6] വൈദികനു് ഒരു കുട്ടി ഉണ്ടായാൽ അയാളെ തരം താഴ്ത്തണം എന്ന ആവശ്യം ഹിപ്പോളിററസിന്റെ കാനോനാകൾ തിരസ്കരിച്ചു (കാനൻ, 8); ഭക്തിയുടെ പേരിൽ ഒരു വൈദിക സ്ഥാനിയും തന്റെ ഭാര്യയെ പിരിച്ചുവിടാൻ പാടില്ല എന്നു് അപ്പസ്തോലിക കാനോനാകൾ അനുശാസിക്കുന്നു: ''ഭക്തിയുടെ പേരിൽ മെത്രാനോ, വൈദികനോ, ഡീക്കനോ തന്റെ ഭാര്യയെ ഉപേക്ഷിക്കരുതു്. അവളെ ഉപേക്ഷിച്ചാൽ അവനെ മുടക്കണം. അവൻ ഉറച്ചുനിന്നാൽ സ്ഥാനത്തു നിന്നു നീക്കണം'' (കാനൻ 5).[7]

വിവാഹിതരായ വൈദികസ്ഥാനികൾക്കു ജസ്റ്റീനിയൻ ചക്രവർത്തിയുടെ കാലത്തു് വിലക്കു കൽപിക്കപ്പെട്ടു. പുത്രരോ പൗത്രരോ ഉള്ള വൈദികനെ മെത്രാനാക്കാൻ പാടില്ല എന്നു് ചക്രവർത്തി നിയമമുണ്ടാക്കി. മക്കളെപ്പററിയുള്ള ചിന്ത ദൈവത്തിൽ നിന്നും സഭാകാര്യങ്ങളിൽ നിന്നും അകററുമെന്നും സഭാസ്വത്തുക്കൾ മക്കൾക്കു കൊടുക്കാനുള്ള പ്രവണത ഉണ്ടാകുമെന്നുമായിരുന്നു ജസ്റ്റീനിയന്റെ വാദം.[8] ജസ്റ്റീനിയന്റെ ഈ നിയമം പൗരസ്ത്യ സഭകളിൽ പുതുമയായിരുന്നു. 692-ലെ ട്രുള്ളൻ സിനഡ് വൈവാഹിതർ മെത്രാൻ സ്ഥാനം സ്വീകരിക്കുന്നതിനു മുൻപ് ഭാര്യയിൽ നിന്നു് വേർപെട്ടിരിക്കണമെന്നും അവളെ മഠത്തിലയയ്ക്കണമെന്നും അനുശാസിച്ചു. വൈദികർക്കും ഡീക്കൻമാർക്കും വൈവാഹിക ജീവിതത്തിൽ തുടരാം. വി. രഹസ്യങ്ങൾ പരികർമ്മം ചെയ്യുന്ന ദിവസങ്ങളിൽ അവർ വിരക്തി പാലിക്കണമെന്നു മാത്രം നിഷ്കർഷിച്ചു.

പാശ്ചാത്യസഭയിൽ പൗരസ്ത്യസഭയിൽ നിന്നു വ്യത്യസ്തമായ രീതിയിലാണു് വൈദികരുടെ വിവാഹത്തെ കണ്ടതു്. വൈദികരെ സംബന്ധിച്ചുള്ള നിയമങ്ങളിൽ കൂടുതലും വൈദിക ബ്രഹ്മചര്യം സംബന്ധിച്ചുള്ളതായിരുന്നു. വിസിഗോതിക് സ്പെയിനിലെ എൽവീരാ സിനഡാണു് (300) ഉയർന്ന വൈദിക സ്ഥാനത്തുള്ളവരെല്ലാം അവിവാഹിതരായിരിക്കണമെന്നു് നിയമമുണ്ടാക്കിയതു് (കാനൻ 33). കാലക്രമത്തിൽ റോമൻ നേതൃത്വം ഈ വിഷയം കൈകാര്യം ചെയ്യാൻ തുടങ്ങി. അതനുസരിച്ചു് ഉയർന്ന വൈദിക സ്ഥാനത്തു പ്രവേശിക്കുന്ന വ്യക്തികൾ വിവാഹിതരാണെങ്കിൽ പോലും വിരക്തി പാലിക്കണം എന്നു കൽപിച്ചു. പോപ്പ്

6. ആദിമസഭാപിതാക്കന്മാർ, 372.
7. സഭാപിതാക്കന്മാർ - I, പേ. 179.
8. വി. ഗ്രിഗറി നസ്യാൻസന്റെ പിതാവ് മെത്രാനായിരുന്നു. എഡേസ്സാ മെത്രാനായ റാബുള മെത്രാനാകുന്നതിനു മുൻപ് വിവാഹിതനായിരുന്നു.



ഡമാസൂസ് ഒന്നാമൻ (366–84) ഗാള്ളിക്കൻ മെത്രാന്മാർക്കു് അയച്ച കത്തിലാണു് റോമിൽ നിന്നുള്ള ആദ്യത്തെ രേഖ നാം കാണുക. മററുള്ളവരോടു് വിരക്തി പ്രസംഗിക്കുന്ന വൈദികനും മെത്രാനും അതിനു മാതൃക നൽകണം; ആത്മീയ പിതൃത്വത്തെക്കാൾ കൂടിയതാണു് ശാരീരിക പിതൃത്വമെന്നു് അവർ ചിന്തിക്കാനും പാടില്ല എന്നും മററും അദ്ദേഹം പ്രസ്തുത കത്തിൽ ഉപദേശിക്കുന്നു. പൗലോസിന്റെ മാതൃക അദ്ദേഹം ചൂണ്ടിക്കാട്ടി. അതുപോലെ പഴയനിയമ പുരോഹിതരുടെ ആചാരശുദ്ധതയെയും! പഴയനിയമ പുരോഹിതർ ബലിയർപ്പിക്കുമ്പോൾ വിരക്തി പാലിച്ചിരുന്നെങ്കിൽ, കൂദാശകൾ പരികർമ്മം ചെയ്യാൻ പുതിയനിയമ പുരോഹിതർ എപ്പോഴും ''ശുദ്ധരായിരിക്കണം''. ഈ ആചാരശുദ്ധത[9] ഇല്ലാത്തയാൾ തന്റെ സ്ഥാനത്തിനു യോഗ്യനല്ല.[10]

സിറീചിയൂസ് മാർപാപ്പായും (384–99) രണ്ടു രേഖകളിൽ ഈ പ്രശ്നം ചർച്ചാവിഷയമാക്കി. പുനർവിവാഹം ചെയ്തവരെ തടസ്സം കൂടാതെ വൈദികസ്ഥാനത്തുയർത്തുന്ന പാരമ്പര്യം സ്പെയിനിൽ ഉണ്ടായിരുന്നു. വൈദികാന്തസിൽ പ്രവേശിച്ചശേഷവും പുരോഹിതർ വൈവാഹിക ജീവിതം തുടർന്നു. ഇതിനെതിരെയാണു് സിറീചിയൂസ് പാപ്പാ കത്തുകളെഴുതിയതു്. ഭാവിയിൽ ഇപ്രകാരം ചെയ്യുന്നവർ ദയാരഹിതമായി ശിക്ഷിക്കപ്പെടുമെന്നു് അദ്ദേഹം താക്കീതു ചെയ്യുന്നു.[11] വിവാഹം കഴിച്ച വൈദികസ്ഥാനികൾ വിരക്തി പാലിക്കണമെന്നതു് നാലാം നൂററാണ്ടിന്റെ അവസാനത്തോടുകൂടി റോമാ മാർപാപ്പാമാരുടെ പ്രബോധനത്തിന്റെ ഭാഗമായിത്തീർന്നു. ഇന്നസെൻറ് ഒന്നാമൻ (401–417) തന്റെ മുൻഗാമികളുടെ പ്രബോധനത്തോടു് ഇതു കൂടി കൂട്ടിച്ചേർത്തു. വൈദികസ്ഥാനത്തേയ്ക്കു വിളിക്കപ്പെട്ട സന്ന്യാസി, താൻ നേരത്തെ എടുത്ത ബ്രഹ്മചര്യവ്രതത്തിൽ നിന്നു വിമുക്തനായെന്നു കരുതാൻ പാടില്ല. സോസിമൂസ് (417–8), സെലെസ്റ്റിൻ (425–33) എന്നിവരുടെ ഉപദേശത്തിൽ വിരക്തിയെ ഊന്നിപറയുകയും അതിനു സാധിക്കാത്തവരെ താക്കീതു ചെയ്യുകയും ചെയ്യുന്നതു് ദൃശ്യമാണു്. ലെയോ ഒന്നാമൻ പാപ്പാ (440–61) വിരക്തിയുടെ ഈ നിയമം സബ്ഡീക്കൻമാർക്കും ബാധകമാക്കി.[12] വിവാഹിതരെ വൈദികാന്തസിൽ അതിനുശേഷം പ്രവേശിപ്പിച്ചിരുന്നില്ല എന്നല്ല അതിനർത്ഥം; പിന്നെയോ, മേലിൽ ഭാര്യയുമായി ദാമ്പത്യബന്ധം പുലർത്തുകയില്ല എന്നു് പട്ടത്തിനു മുൻപ് അവർ വാഗ്ദാനം ചെയ്യണമായിരുന്നു എന്നത്രേ. മക്കളുള്ള വിവാഹിതരെ വൈദികാന്തസിൽ പ്രവേശിപ്പിക്കുന്നതിൽ എപ്പോഴും റോമൻ മെത്രാന്മാർ അറച്ചുനിന്നിരുന്നു.

9. Cultic purity
10. *Ep. ad Gallos episc.* 2:5-6.
11. ലേഖനം, 1, 15, 20; 5. 3–5.
12. ലേഖനം, 14.4.

www.malankaralibrary.com



അക്കാലത്തെ പല പ്രാദേശിക സിനഡുകളും വൈദികരുടെ വിവാഹം സംബന്ധിച്ച് നിയമങ്ങളുണ്ടാക്കി. കാർത്തേജിൽ വച്ചു നടന്ന ഒരു സിനഡ് (390) അംത്താര ശുശ്രൂഷകരായ വൈദികർക്കും മെത്രാന്മാർക്കും ഡീക്കന്മാർക്കും പരിപൂർണമായ വിരക്തി നിർബന്ധമാക്കി. ഒരു മുൻ സിനഡിനെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഈ നിയമം പാസാക്കിയത്. 401-ലെ ഒരു സിനഡാകട്ടെ, ഈ മുൻനിയമം ലംഘിക്കുന്നവരെ സ്ഥാനത്തുനിന്ന് നീക്കിക്കൊണ്ട് ശിക്ഷിക്കണമെന്നു തീരുമാനിച്ചു. എന്നാൽ ആഫ്രിക്കൻ വൈദികസമൂഹം വളരെ മാതൃകാപരമായിട്ടാണ് ജീവിച്ചിരുന്നതെന്ന് അഗസ്റ്റിൻ ചൂണ്ടിക്കാട്ടുന്നു.[13] ടൂറിനിലെ സിനഡ് (398) ഉത്തര ഇററലിക്കു വേണ്ടി അത്തരം നിയമം നിർമ്മിച്ചു (കാനൻ 8). 400-ാമാണ്ടിലെ തൊളേദോ സിനഡ് (കാനൻ 1.3-7. 18. 19) സിറീചിയൂസ് മാർപാപ്പാ വൈദിക വിവാഹം സംബന്ധിച്ച് സ്പാനിഷ് പ്രോവിൻസുകൾക്കു നൽകിയ നിർദ്ദേശങ്ങൾ സ്വീകരിച്ചു. ഫ്രാൻസിൽ 441-ലെ ഓറഞ്ച് സിനഡിൽ വച്ചാണ് വൈദികരുടെ വിവാഹം സംബന്ധിച്ചുള്ള നിയമം അംഗീകരിച്ചത്. വിരക്തി പാലിക്കാമെന്നുറപ്പു നൽകുന്ന വിവാഹിതരെ മാത്രമേ ഭാവിയിൽ വൈദികാന്തസിൽ പ്രവേശിപ്പിക്കാവൂ എന്ന് അവിടെ തീരുമാനമുണ്ടായി (കാനൻ, 21).

കൂദാശകളുടെ പരികർമ്മത്തിനു് ആചാരശുദ്ധത അവശ്യാവശ്യമെന്ന ധാരണയാണ് വൈവാഹിക വിരക്തിക്കു വേണ്ടിയുള്ള നിയമങ്ങൾ നിർമ്മിക്കാൻ സിനഡുകളെയും മാർപാപ്പാമാരേയും പ്രേരിപ്പിച്ചത്. പഴയനിയമ പുരോഹിതരുടെ ദൃഷ്ടാന്തം എടുത്തുകാണിക്കയായിരുന്നു പതിവ്. പഴയനിയമ ബലികളേക്കാൾ എത്രയോ ശ്രേഷ്ഠമായ വി. കുർബാനയർപ്പണം നടത്തുന്ന വൈദികർ ആചാരശുദ്ധിയുള്ളവരായിരിക്കണം എന്ന ധാരണയാണ് ഈ സിനഡുകൾ നൽകുന്നത്. സുവിശേഷവേലക്കായി പൂർണമായി സമർപ്പിക്കാനായി അവിവാഹിതജീവിതം നയിക്കുക, വിരക്തിയും കന്യാത്വവും പ്രസംഗിക്കുന്ന വൈദികൻ മാതൃകാപരമായ ജീവിതം കാഴ്ചവയ്ക്കുക, വൈദികൻ നൽകുന്ന ആദ്ധ്യാത്മിക പിതൃത്വവും സ്നാനവും പാപമോചനവും വഴി ഉന്നതമായ ആദ്ധ്യാത്മിക ജീവൻ പ്രദാനം ചെയ്യൽ, ക്രിസ്തുവിനെ അനുകരിക്കൽ എന്നിവ വിരക്ത ജീവിതത്തിനു പ്രേരണ നൽകുന്നവയാണ്. വൈദികർ പൂർണമായി വിരക്തജീവിതം നയിക്കണം എന്നയാശയം സന്ന്യാസികൾ വൈദിക സ്ഥാനങ്ങൾ സ്വീകരിച്ചു തുടങ്ങിയപ്പോൾ മുതൽ ഉണ്ടായതാകാം. അത്തനാസ്യോസിന്റെ കാലത്ത് ഈജിപ്തിൽ ഇതായിരുന്നു രീതി. ഇതുതന്നെയാവാം വെർചെല്ലിയിലെ വൈദിക

13. *De Coniug. adult.* 2. 20. 22.



രുടെ സമൂഹജീവിതത്തിന്നാധാരവും.[14] വി. എവുസേബിയസ് മെത്രാൻ അതു് അവിടെ തുടങ്ങി വച്ചു. അഗസ്റ്റിൻ അതു് ഹിപ്പോയിലും തുടങ്ങി.[15] വെറാനുസ് എന്ന ഗാള്ളിക് മെത്രാൻ (5thc.) സന്ന്യാസികൾക്കു വൈദികപട്ടം നൽകണമെന്ന് നിർദ്ദേശിക്കുന്നു.[16]

പെലാജിയൂസ് മാർപാപ്പാ (556-61) സിറാക്കൂസ് രൂപതാദ്ധ്യക്ഷനായി ഒരു വിവാഹിതനെ അനുവദിച്ചത് വളരെ വൈഷമ്യത്തോടുകൂടെയാണ്. അർത്ഥിയുടെ സ്ഥാവരജംഗമ സ്വത്തുക്കളെ കുറിച്ചുള്ള വളരെ കൃത്യമായ വിവരം അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. സഭാസ്വത്തുക്കൾ അന്യാധീനപ്പെട്ടുപോകാതിരിക്കാനുള്ള വ്യഗ്രത ഇതിൽ ദൃശ്യമാണ്. വൈദികരുടെ അവിവാഹിതജീവിതം സഭാസ്വത്തുക്കൾ അന്യാധീനപ്പെടാതിരിക്കാനുള്ള ഉറപ്പ് പ്രദാനം ചെയ്തിരുന്നു. സബ് ഡീക്കന്മാർ അവിവാഹിതരായിരിക്കണം എന്ന ലെയോയുടെ നിർദ്ദേശം സിസിലിയിൽ പാലിച്ചിരുന്നില്ല എന്ന് പെലാജിയൂസ് രണ്ടാമൻ പാപ്പായുടെ (578-90) രേഖകൾ വ്യക്തമാക്കുന്നു. പെലാജിയൂസിന്റെ നിർദ്ദേശം അവിടെയുള്ളവർക്കു പുതുമയായി അനുഭവപ്പെട്ടു. ഗ്രിഗറി ഒന്നാമൻ പാപ്പായാകട്ടെ (+604) വിവാഹിതർ വൈദികാന്തസിൽ പ്രവേശിക്കുമ്പോൾ ഭാര്യമാരെ ഉപേക്ഷിക്കരുതെന്ന് നിർദ്ദേശിച്ചു. എന്നാൽ അവർ പരിപൂർണ വിരക്തി പാലിക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. അപ്രകാരം ജീവിക്കുന്ന ഒരു വൈദികന്റെയും ഭാര്യയുടെയും ദൃഷ്ടാന്തം അദ്ദേഹം എടുത്തു കാട്ടുകയുണ്ടായി.[17]

ഗാള്ളിക്കൻ സഭയും കാലാന്തരത്തിൽ (441 മുതൽ) വൈദിക ബ്രഹ്മചര്യനിയമം കക്ശമാക്കി. വിവാഹിതനായ വൈദികന്റെ ഭാര്യ, ഭർത്താവു മരിച്ചാൽ, വീണ്ടും വിവാഹം കഴിക്കാൻ അനുവദിക്കപ്പെട്ടിരുന്നില്ല. രണ്ടാം കെട്ടുകാരെയും വിധവകളെ കെട്ടിയവരെയും വൈദികാന്തസിൽ പ്രവേശിപ്പിച്ചിരുന്നില്ല (അഗ്ഡേ സിനഡ്, (506) കാനൻ 16; ഓർളിയൻസ് (511) കാനൻ 13; മാസോൺ (585) കാനൻ 16). സ്പെയിനാകട്ടെ രണ്ടു നൂറ്റാണ്ടു കഴിഞ്ഞാണ് ഈ നിയമങ്ങൾ കർക്കശമാക്കിയത് (നാലാം തൊളേദോ സിനഡ് (633). പ്രാർത്ഥനക്കായി ഒന്നിച്ചുകൂടുമ്പോൾ വിരക്തി പാലിക്കണം എന്ന പൗലോസിന്റെ നിർദ്ദേശം (1 കൊറി 7 : 5) വൈദികർക്കു് എത്രയോ ഉചിതമാണ് എന്നു് ഇക്കാലത്തു് ഗാള്ളിക്കൻ-സ്പാനിഷ് സഭകളിൽ വ്യാഖ്യാനിക്കാൻ തുടങ്ങി. ഉന്നത

14. Vita communis.
15. Monasterium clericorum.
16. *PL* 72. 701ff.
17. ഡയലോഗ്, 4:11

www.malankaralibrary.com



വൈദികസ്ഥാനീയരെല്ലാം വിരക്തി പാലിക്കണം എന്ന് അഞ്ചും, ആറും നൂറ്റാണ്ടുകളിലെ സിനഡൽ നിയമങ്ങളെല്ലാം കല്പിച്ചു.

മെത്രാന്റെ ഭാര്യയെ ഇക്കാലത്ത് എപ്പിസ്കോപ്പാ[18] എന്നു വിളിച്ചിരുന്നു. രൂപതാഭരണത്തിൽ, ചില സാഹചര്യങ്ങളിലെങ്കിലും, അവർ സ്വാധീനം ചെലുത്തിയിരുന്നു. സഭയുടെ പരോപകാര പ്രവർത്തനങ്ങൾക്ക് അവർ നേതൃത്വം കൊടുത്തു കാണുന്നു. ടൂഴ്സിലെ (567) സിനഡിന്റെ 14-ാം കാനൻ അനുസരിച്ച് എപ്പിസ്കോപ്പാ ഇല്ലാത്ത മെത്രാന്മാർ അക്കാലത്ത് വളരെ വിരളമായിരുന്നു. വൈദികന്റെ ഭാര്യയെ പ്രെസ്ബിതെറാ എന്നും ഡീക്കന്റെ ഭാര്യയെ ദിയാക്കൊണിസ്സാ എന്നും സബ് ഡീക്കന്റെ ഭാര്യയെ സുബ്ദിയാക്കൊണിസ്സാ എന്നും ഈ സിനഡിന്റെ 20-ാം കാനൻ വിളിക്കുന്നു. അവർക്കു സഭയിലും സമൂഹത്തിലും മാന്യമായ സ്ഥാനമാണുണ്ടായിരുന്നത്; എന്നാൽ ഭർത്താവുമൊത്ത് ജീവിച്ച് ലൈംഗികബന്ധം പുലർത്താൻ അവർക്കനുവാദമില്ലായിരുന്നു. ഈ നിയമം ലംഘിക്കുന്നവർക്കെതിരെയുള്ള നിയമങ്ങൾ പലപ്പോഴും കാണുന്നുണ്ട്; അതുപോലെ വിവാഹിതരല്ലാത്ത വൈദികസ്ഥാനികളുടെ സ്ത്രീസഹവാസത്തെ സിനഡുകൾ കുറ്റപ്പെടുത്തിയിട്ടുണ്ട്. അമ്മ, സഹോദരി, മകൾ, സംശയാതീതരായ മറ്റ് വ്യക്തികൾ ആദിയായവർ മാത്രമേ വൈദികസ്ഥാനികളുടെ ഭവനങ്ങളിൽ പാർക്കാൻ സിനഡുകൾ അനുവദിച്ചിരുന്നുള്ളു. (ജെറോണാ സിനഡ് (517), കാനൻ 7; ക്ലെർമോ (535), കാ. 16; ടൂഴ്സ് (567), കാ. 10). പട്ടം കിട്ടിക്കഴിഞ്ഞാൽ വിവാഹിതരായ വൈദികരും മെത്രാന്മാരും ഭാര്യമാരോടുകൂടി പാർക്കാൻ പാടില്ല, അവരെ സഹോദരിമാരായി കണക്കാക്കണം എന്ന് 517ലെ ജെറോണാസിനഡ് (സ്പെയിൻ) താല്പര്യം പ്രകടിപ്പിച്ചു (കാനൻ 6). എന്നാൽ ഇത് ഒരു നിയമമായിട്ടല്ല സിനഡാവശ്യപ്പെട്ടത്.

ആര്യൻ മതക്കാരായ വിസിഗോത്തുകൾ 586-ൽ കത്തോലിക്കരായി കഴിഞ്ഞപ്പോൾ സ്പെയിനിൽ ഒരു പ്രത്യേക പ്രശ്നമുണ്ടായി. അവരുടെ ഇടയിൽ വൈവാഹിക ജീവിതം നയിച്ചിരുന്ന വൈദികരുണ്ടായിരുന്നു. വിവാഹജീവിതം തുടരാൻ അവർ ആഗ്രഹിച്ചു. തൊളേദോയിൽ വച്ചുനടന്ന മൂന്നാംസിനഡിൽ (589) തത്സംബന്ധമായി നിയമമുണ്ടാക്കി. വിവാഹജീവിതത്തിൽ തുടരാൻ ആഗ്രഹിച്ച അത്തരം വൈദികരെ വായനക്കാരായി തരംതാഴ്ത്തണം. (കാനൻ 5). വിവാഹം കഴിക്കാതെ തന്നെ സ്ത്രീസഹവാസം നടത്തുന്ന വൈദികർക്കെതിരായും ആ സിനഡ് നിയമം ഉണ്ടാക്കി; വൈദികസ്ഥാനിയെ തരംതാഴ്ത്തി ആശ്രമത്തിലേക്കയയ്ക്കണം;

18. Episcopa



സ്ത്രീയെ അടിമയായി വില്ക്കണം. വിറ്റുകിട്ടുന്ന കാശ് പാവങ്ങളുടെ ഇടയിൽ വിതരണം ചെയ്യണം (കാ. 5). ഗ്രാമപ്രദേശങ്ങളിലെ വൈദികരും ഡീക്കൻമാരും മെത്രാന്റെ മുമ്പാകെ ആഘോഷമായി ബ്രഹ്മചര്യവ്രതം എടുക്കണമെന്ന് 633 ലെ നാലാം തൊളേദോ സിനഡ് തീരുമാനിച്ചു. സെവിലിലെ വി. ഇസിദോറിന്റെ സ്വാധീനത്തിലാണ് ഈ തീരുമാനം. മെരിദാ സിനഡിൽ (666) ഇതു വീണ്ടും ആവർത്തിക്കപ്പെട്ടു (കാ. 4). വിവാഹജീവിതത്തിൽ തുടർന്ന സബ് ഡീക്കന്മാരുടെ പ്രശ്നം തൊളേദോയിലെ എട്ടാം സിനഡിൽ (653) ചർച്ചാവിഷയമായി (കാ. 8). ഭാര്യ മരിച്ച സബ്ഡീക്കന്മാർ അക്കാലത്ത് പുനർവിവാഹവും നടത്തിയിരുന്നു. ഇത് നിയന്ത്രിക്കാൻ നിയമനിർമാണം നടന്നെങ്കിലും കാര്യമായ ഫലമുണ്ടായില്ല എന്ന് തുടർന്നുവന്ന സിനഡുകളിലെ കാനോനാകൾ വ്യക്തമാക്കുന്നു. ഒൻപതാം തൊളേദോ സിനഡ് (655) കാനൻ 10 ഇക്കാര്യം ചൂണ്ടിക്കാട്ടുന്നു: പട്ടം കിട്ടിയ ശേഷം സബ്ഡീക്കൻ മുതൽ മെത്രാൻവരെയുള്ള വൈദികസ്ഥാനികൾക്കുണ്ടാകുന്ന മക്കൾക്ക് പിതൃസ്വത്തിന്റെ അവകാശം ഉണ്ടായിരിക്കുന്നതല്ല; തങ്ങളുടെ പിതാക്കന്മാർ സേവനം അനുഷ്ഠിച്ച സഭയുടെ അടിമകളായിരിക്കണം ആ കുട്ടികൾ എന്ന് സിനഡ് തീരുമാനിച്ചു. ഏഴാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് സ്പെയിനിലെയും ഫ്രാൻസിലെയും മെത്രാന്മാരുടെ ധാർമ്മികവും ബൗദ്ധികവുമായ നിലവാരം വളരെ താണതായിരുന്നു. സഭയും രാഷ്ട്രവും തമ്മിൽ അഭേദ്യമായി കെട്ടുപിണഞ്ഞു കിടന്നു. രാജാവിനെ തെരഞ്ഞെടുക്കുന്നതിൽ മെത്രാന്മാർക്കു പങ്കുണ്ടായി; രാജാവു മെത്രാന്മാരെ നാമനിർദ്ദേശം ചെയ്യാൻ തുടങ്ങി. വിവാഹിതരായ അൽമായർ മെത്രാന്മാരായി; സൈമണി പരക്കെ വ്യാപിച്ചിരുന്നു.

മദ്ധ്യകാലഘട്ടത്തിൽ നിരവധി വഴിപിഴയ്ക്കലുകൾ അവിടവിടെ ഉണ്ടായിട്ടുണ്ടെങ്കിലും കാറോലിൻജൻ നവീകരണവും ഗ്രിഗോറിയൻ നവീകരണവും സന്യാസാദ്ധ്യക്ഷന്മാരുടെ നവീകരണ പരിശ്രമങ്ങളും വൈദികസ്ഥാനികളുടെ സന്മാർഗ്ഗജീവിതം ഉയർത്തുവാൻ വളരെ സഹായിച്ചിട്ടുണ്ട്. പാശ്ചാത്യസഭ പൗരോഹിത്യത്തെ വിവാഹത്തിൽനിന്ന് വേർപെടുത്തിത്തന്നെ കണ്ടിരുന്നു; നിയമം നടപ്പിലാക്കാൻ സഭാനേതൃത്വം ശ്രദ്ധിച്ചു. ട്രെന്റ് കൗൺസിലോടുകൂടി മാത്രമേ ഈ കാര്യത്തിൽ പാശ്ചാത്യസഭ ലക്ഷ്യത്തിൽ എത്തിച്ചേർന്നു എന്നു പറയാനാവൂ.[19]

19. Hubert Jedin, (ed.), *History of the Church, II*. 277-81; 653-6; A.M. Charue, et alii, *Priesthood and Celibacy*, Milan - Roma, S.d.

www.malankaralibrary.com

അധ്യായം 16

# സുറിയാനി വേദപുസ്തകം

ആദ്യത്തെ ആറു നൂററാണ്ടിനിടയ്ക്കു സുറിയാനി സംസാരിക്കുന്ന ജനങ്ങളുടെ ഇടയിൽ പുതിയനിയമത്തിന്റെ അഞ്ചോ ആറോ സുറിയാനി വിവർത്തനങ്ങളുണ്ടായി. സുറിയാനിസഭ അത്രമാത്രം സജീവമായിരുന്നു; പണ്ഡിതന്മാരാൽ അലംകൃതവുമായിരുന്നു. മറെറാരു പുരാതന സഭയും തങ്ങളുടെ മാതൃഭാഷയിലേക്കു് ഇത്രയധികം വിവർത്തനങ്ങൾ ഉണ്ടാക്കിയിട്ടില്ല.

പലസ്തീനാ, സിറിയാ, മെസപ്പൊട്ടേമിയൻ പ്രദേശങ്ങൾ, ഭാരതം എന്നിവിടങ്ങളിലെല്ലാം സുറിയാനി സംസാരിക്കുന്ന ജനപദങ്ങളുണ്ടായിരുന്നു. സിറിയായിൽ പട്ടണങ്ങളിലെ ജനങ്ങൾ ഗ്രീക്കു സംസാരിച്ചിരുന്നെങ്കിലും ഗ്രാമപ്രദേശങ്ങളിൽ സുറിയാനിയായിരുന്നു സംസാരഭാഷ. അതുകൊണ്ടു് വി. ഗ്രന്ഥത്തിന്റെ സുറിയാനി വിവർത്തനം ഉണ്ടാകേണ്ടതിന്റെ ആവശ്യം ഉടലെടുത്തു.

അഞ്ചാം നൂററാണ്ടുവരെയുള്ള സുറിയാനി ഗ്രന്ഥകാരന്മാർ മിക്കവാറും എല്ലാവരും തന്നെ ഗ്രീക്കു സ്വാധീനം ഇല്ലാത്തവരായിരുന്നു. ഗ്രീക്കുതത്വശാസ്ത്രവും ഗ്രീക്കിലുള്ള ദൈവശാസ്ത്രപദപ്രയോഗങ്ങളും അവർക്കു് സുപരിചിതമായിരുന്നില്ല. ക്രിസ്തുമതം പിറന്നുവീണ സെമിററിക് ലോകത്താണ് അവർ വ്യാപരിച്ചതു്; ആ പശ്ചാത്തലത്തിൽ തന്നെയാണ് അവർ സാഹിത്യസൃഷ്ടി നടത്തിയതു്. സോളമന്റെ ഗീതകങ്ങൾ, തോമായുടെ നടപടി, അഫ്രാതിന്റെ കൃതികൾ, അപ്രേമിന്റെ സാഹിത്യം എന്നിവ ഈ ഗണത്തിൽ പെടുന്നു.

അഞ്ചും ആറും നൂററാണ്ടുകളിലെ സുറിയാനി ഗ്രന്ഥകാരന്മാരിൽ ഗ്രീക്കിനോടുള്ള ആഭിമുഖ്യം തെളിഞ്ഞു കാണാം. മാബൂഗിലെ ഫീലൊക്സീനോസ്, ഗ്രീക്കും സുറിയാനിയും കോർത്തിണക്കാൻ ശ്രമിച്ചപ്പോൾ നർസായ്, സ്രോഗിലെ മാർ യാക്കോബ് എന്നിവരിൽ



സെമിററിക് ഘടകം മുന്തിനിന്നു. ആറാം നൂററാണ്ടിന്റെ രണ്ടാം ഭാഗത്തും ഏഴാം നൂററാണ്ടിലും ജീവിച്ച സുറിയാനി എഴുത്തുകാരിൽ ഗ്രീക്കു ഘടകം നന്നായി മുഴച്ചു നിന്നു. നിരവധി ഗ്രീക്കു താത്വിക കൃതികൾ ഇക്കാലത്താണ് സുറിയാനിയിലേക്കു വിവർത്തനം ചെയ്യപ്പെട്ടതു്. സുറിയാനിയിൽ നിന്നു് എട്ടും ഒൻപതും നൂററാണ്ടുകളിൽ അറബി വിവർത്തനങ്ങളും ഉണ്ടായി. പന്ത്രണ്ടും പതിമൂന്നും നൂററാണ്ടുകളിൽ ഈ അറബി കൃതികൾ സ്പെയിനിൽ വച്ചു് ലത്തീനിലേക്കു് വിവർത്തനം ചെയ്യപ്പെടുകയും അരിസ്റ്റോട്ടലിന്റെ കൃതികൾ മധ്യകാല പാശ്ചാത്യലോകത്തു് വീണ്ടും പ്രത്യക്ഷപ്പെടാൻ ഇടയാകുകയും ചെയ്തു. ഇനിയും വിശുദ്ധ ലിഖിതത്തിന്റെ സുറിയാനി വിവർത്തന ചരിത്രത്തിലേക്കു കടക്കാം.

## 1. താസ്യന്റെ ദിയാതെസ്സറോൺ

ക്രി. വ. 150 നും 160 നും ഇടയ്ക്കു് നാലു സുവിശേഷങ്ങളിൽ നിന്നും തെരഞ്ഞെടുത്ത വാചകങ്ങൾ കൊണ്ടു് തുടർച്ചയായി താസ്യൻ വിരചിച്ച ഒററ സുവിശേഷമാണിതു്. താസ്യൻ ഏതു ഭാഷയിലാണ് തന്റെ മൂലകൃതി രചിച്ചതു് എന്നതു് തക്കമററ സംഗതിയല്ല. എന്നാൽ സുറിയാനി സഭകളിൽ ഇതിന്റെ സുറിയാനി പതിപ്പ് അഞ്ചാം നൂററാണ്ടുവരെ ഉപയോഗത്തിലിരുന്നു. താസ്യൻ തന്നെയാകാം സുറിയാനി പതിപ്പുണ്ടാക്കിയതു്. മാർ അപ്രേം ഈ സംയുക്ത സുവിശേഷത്തിനു് ഒരു ഭാഷ്യം എഴുതിയിട്ടുണ്ടു് (ദിയാതെസ്സറോൺ = through four; നാലിൽ നിന്നു്).

## 2. പുരാതന സുറിയാനി സുവിശേഷങ്ങൾ

സുറിയാനിയിൽ ഇന്നു ലഭിച്ചിട്ടുള്ള ഏററം പ്രാചീന വേദപുസ്തക വിവർത്തനം ഇതാണ്. ഗ്രീക്കിൽ നിന്നുള്ള വിവർത്തനമായിരുന്നെങ്കിലും ഗ്രീക്കിൽ നിന്നു വിമുക്തമായ സാഹിത്യ ശൈലിയാണ് രണ്ടാം നൂററാണ്ടിന്റെ മധ്യഭാഗത്തുള്ള ഈ വിവർത്തകൻ സ്വീകരിച്ചതു്. കുരെറേറാണിയൻ (1842) സിനൈററിക്കസ് (19 thc) എന്നിങ്ങനെ ഇതിന്റെ രണ്ടു കയ്യെഴുത്തു പ്രതികൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ടു്. ഇപ്രകാരം വിവർത്തനം ഉണ്ടാക്കിയതാരാണ്; ഈ വിവർത്തനവും താസ്യന്റെ ദിയാതെസ്സറോണുമായുള്ള ബന്ധമെന്താണ് എന്നു തുടങ്ങിയ സംഗതികളെക്കുറിച്ചുള്ള ചർച്ചകൾ ഇപ്പോഴും നടക്കുന്നതേയുള്ളു. മററു് പുതിയനിയമ ഗ്രന്ഥങ്ങൾക്കും വിവർത്തനം ഉണ്ടായിരുന്നോ എന്നു് തെളിയിക്കപ്പെട്ടിട്ടില്ല.

www.malankaralibrary.com



## 3. പ്ശീത്താ വിവർത്തനം

ഗ്രീക്കു ബൈബിളുമായി ഒത്തുചേർന്നു പോകുന്നതിനുള്ള സംരംഭമാണ് ഈ വിവർത്തനത്തിൽ കാണുക. ഗ്രീക്കിനോടുള്ള ആഭിമുഖ്യം ഇതിൽ വ്യക്തമാണ്. പുരാതന സുറിയാനി ടെക്സ്ററിൽ പരിഷ്ക്കാരങ്ങൾ വരുത്തിയാണ് പ്ശീത്താ എന്നറിയപ്പെടുന്ന ഈ വിവർത്തനം ഉണ്ടാക്കിയിരിക്കുന്നത്. അഞ്ചാം നൂററാണ്ടിന്റെ ആരംഭം മുതൽ ഇത് സുറിയാനി സഭയുടെ ഔദ്യോഗിക ബൈബിളായി. സാധാരണ വിവർത്തനം അഥവാ വ്യക്തമായ വിവർത്തനം എന്നാണ് പ്ശീത്തായുടെ അർത്ഥം. ആദ്യമായി ഈ പദം ഉപയോഗിച്ചത് മോശബർകേഫായാണ് (+ 903). ഹീബ്രുഭാഷയിൽ നിന്നുള്ള പഴയനിയമ വിവർത്തനത്തിനാണ് അദ്ദേഹം ഈ പേരുപയോഗിച്ചത്. പ്ശീത്താ വിവർത്തനത്തിന് സുറിയാനി സഭയിലുടനീളം പ്രചുരപ്രചാരം ലഭിച്ചു. സുറിയാനിസഭ പൗരസ്ത്യമെന്നും പാശ്ചാത്യമെന്നും തിരിയുന്നതിനു മുൻപുള്ളതാണ് പ്ശീത്താ വിവർത്തനം. അക്കാരണത്താൽ സുറിയാനി സഭകളെല്ലാം തന്നെ പ്ശീത്താ ഉപയോഗിക്കുന്നു. ഔദ്യോഗിക പതിപ്പിൽ 22 പുസ്തകങ്ങളേ ഉള്ളു. നാലു് കാതോലിക ലേഖനങ്ങളും (2 പത്രോസ്, 2. 3 യോഹ, യൂദാ) വെളിപാടുപുസ്തകവും ഇതിലില്ല. നാലാം നൂററാണ്ടിൽ അന്ത്യോക്യൻ സഭയിൽ നിലവിലിരുന്ന കാനൻ ആണ് പ്ശീത്താ ബൈബിളിനുള്ളത്. ലൂ. 22:17_18; യോഹ. 7:53_8:11 എന്നീ ഭാഗങ്ങളും പ്ശീത്തായിൽ ഇല്ല. പ്ശീത്താ പുതിയനിയമത്തിന്റെ ഏററം പുരാതനമായ കൈയെഴുത്തു രേഖ 463/4 – ലേതാണ് (ലൂ. 6:49_21:37). തുടർന്നുള്ള കാലഘട്ടങ്ങളിലേ നിരവധി പുരാതന കൈയ്യെഴുത്തു പ്രതികൾ കണ്ടുകിട്ടിയിട്ടുണ്ട്. പ്ശീത്താ പുതിയനിയമത്തിന്റെ ആദ്യത്തെ അച്ചടിച്ച പതിപ്പ് തയ്യാറാക്കിയത് യോഹാൻ ആൽബ്രെക്ററ് വിഡ്മാൻസ്റ്റഡ്ററ് (1506_59) ആണ്. 1555_ൽ വെനീസിലാണ് അതിന്റെ മുദ്രണം നടന്നത്.

എഡേസായിലെ റാബൂളായും മററനേകരും പ്ശീത്താ വിവർത്തനത്തിൽ പങ്കുചേർന്നിട്ടുണ്ട്. എന്നാൽ ആരാണ് മുഖ്യമായും പ്രവർത്തിച്ചത് എന്നു പറയാൻ പ്രയാസമാണ്. പലയാളുകൾ ഇതിൽ സഹകരിച്ചിട്ടുണ്ട്. ഇൻഡ്യാക്കാരനായ ഒരു ദാനിയേൽ ഗ്രീക്കു ബൈബിൾ സുറിയാനിയിലേക്കു ഭാഷാന്തരം ചെയ്യാൻ സഹായിച്ചു. മേർവിലെ ഈശോദാദിന്റെ (9thc.) കൃതിയിലാണ് ഇതേക്കുറിച്ചുള്ള പരാമർശനം. റോമാക്കാർക്കുള്ള ലേഖനത്തിന്റെ ഭാഷ്യത്തിൽ: ''ഇൻഡ്യാക്കാരൻ ദാനിയേൽ എന്ന പ്രെസ്ബിററർ റോമാലേഖനം ഗ്രീക്കിൽ നിന്നു സുറിയാനിയിലേക്കു വിവർത്തനം ചെയ്യാൻ മാർ ക്ലമീയെ (5thc.) സഹായിച്ചു''.[1]



അന്നുണ്ടായിരുന്ന പുരാതന സുറിയാനി വേദപുസ്തകം തിരുത്തി പ്ശീത്തായ്ക്കു രൂപം നൽകി. പുരാതന ടെക്സ്റ്റിന്റെ കുറവുകൾ ഒരു ഗ്രീക്കു് ടെക്സ്റ്റ് വച്ചു തിരുത്തി. അതു പിൽക്കാല ഗ്രീക്കു ടെക്സ്റ്റിൽനിന്നു വ്യത്യസ്തവുമായിരുന്നു. ഈയടുത്ത കാലത്ത് പ്ശീത്തായുടെ ഒരു ക്രിട്ടിക്കൽ പതിപ്പുണ്ടാക്കാനുള്ള ഉദ്യമം ലൈഡലിൽ നിന്നു് ആരംഭിച്ചിട്ടുണ്ട്.

## 4. ഫീലൊക്സീനിയൻ പതിപ്പ്

മാബുഗിലെ മെത്രാനായ ഫീലൊക്സീനോസ് തന്റെ കോറെപ്പിസ്കോപ്പാ പോളിക്കാർപ്പിന്റെ സഹായത്തോടുകൂടി 507/8 – ൽ പുതിയനിയമ സുറിയാനി വിവർത്തനം നടത്തി. അന്നു നിലവിലിരുന്ന 'പുരാതന സുറിയാനി' ടെക്സ്റ്റിൽ പരിഷ്കാരങ്ങൾ വരുത്തിയതാണ് ഈ പതിപ്പും. ചില പ്രധാന വേദപുസ്തകഭാഗങ്ങളുടെ കൃത്യമായ പദാനുപദ വിവർത്തനം ഗ്രീക്കിൽ നിന്നു് സുറിയാനിയിലുണ്ടാക്കി. ക്രിസ്തുശാസ്ത്രതർക്കങ്ങളിൽ പ്രയോജനപ്പെടാൻ വേണ്ടിയാണ്, കാൽസിഡൺ വിരുദ്ധ ചേരിയിൽ നിന്ന ഫീലൊക്സീനോസ് ഇപ്രകാരം ചെയ്തത്. പ്ശീത്താ ടെക്സ്റ്റിലേതിനേക്കാൾ ദൈവശാസ്ത്രപരമായി കുറേക്കൂടി കൃത്യമായ പദപ്രയോഗങ്ങളാണ് ഈ വിവർത്തനത്തിൽ ഉണ്ടായിരുന്നത്. 2 പത്രോ 2. 3 യോ. യൂദാ, വെളിപാട് എന്നിവയും ഈ പതിപ്പിലുണ്ട്.

## 5. ഹാർക്ളെയൻ വിവർത്തനം

മാബുഗിലെ മെത്രാനായിരുന്ന (ഹാക്ലെലിലെ) തോമസിന്റെ പേരിൽ അറിയപ്പെടുന്നതാണിത്. ഏഴാം നൂററാണ്ടിന്റെ രണ്ടാം ഭാഗത്താണ് ഈ വിവർത്തനം ഉണ്ടായത്. വിശദാംശങ്ങളിൽകൂടി ഗ്രീക്കു പതിപ്പുകളുമായി ഒത്തുപോകുന്ന ഒരു സുറിയാനി പതിപ്പിനുള്ള ഉദ്യമമാണ് ഇതിൽ കാണുക. ഈജിപ്തിൽ അലക്സാണ്ഡ്രിയായ്ക്കടുത്തുള്ള എനാതോൺ എന്ന സ്ഥലത്തെ ആശ്രമത്തിൽ വച്ചാണ് ഇതു നടത്തിയത്. 602_ൽ തോമസ് മാബുഗിൽ നിന്നു് ബഹിഷ്കൃതനായപ്പോൾ പ്രസ്തുത ആശ്രമത്തിലെത്തി. പഴയനിയമം ഹെക്സപ്ലായിൽ നിന്നു വിവർത്തനം ചെയ്തു. പുതിയ നിയമത്തിനു് ഫീലെക്സീനോസിന്റെ പതിപ്പുപയോഗിച്ച്, അതിൽ തിരുത്തലുകൾ വരുത്തുകയുമത്രേ ചെയ്തത്. വ്യത്യസ്ത പാഠഭേദങ്ങൾ മാർജിനിൽ കൊടുത്തുകൊണ്ട് വളരെ കൃത്യമായ ഒരു ടെക്സ്ററ് തയ്യാ

1. Horae Semiticae: The Commentaries of Ishodad of Merv, V. 2. (ed. M. D. Gibson), p. 22/34.

www.malankaralibrary.com



റാക്കി. പീഡാനുഭവത്തെപ്പററി വിവരിക്കുന്ന ഭാഗത്തിന് തോമസ് ഒരു 'സംയുക്തസുവിശേഷം' രചിച്ചിട്ടുണ്ട്. നാലു സുവിശേഷങ്ങളിൽ നിന്നുമെടുത്ത് ചേരുംപടി ചേർത്ത് താസ്യൻ രചിച്ചതുപോലെ ഒരു ടെക്സ്ററ് രണ്ടു വ്യത്യസ്ത പതിപ്പുകളിൽ കൈവന്നിട്ടുണ്ട്.

## 6. പലസ്തീനിയൻ സുറിയാനി പതിപ്പ്

പലസ്തീനയിലെ അറമായ ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായ വിവർത്തനമാണിത്. ആദ്യകാലത്ത് പലസ്തീനയിൽ ഉപയോഗിച്ച അറമായ ഭാഷയും എസ്ട്രാൻഗല അക്ഷരവുമായി സാമ്യമുള്ള അക്ഷരവുമാണതിൽ ഉപയോഗിച്ചിരിക്കുന്നത്. എഡേസ്സായിലെ ക്ലാസ്സിക്കൽ സുറിയാനിയോടുള്ളതിനേക്കാൾ ഇതിനു സാമ്യം പലസ്തീനയിലെ യൂദന്മാരുടെ അറമായ ഭാഷയോടാണ്. ആറും ഏഴും നൂററാണ്ടുകളിൽ പലസ്തീനയിൽ നിന്നുള്ള ക്രിസ്ത്യാനികൾ ഈജിപ്തിൽ താമസമാക്കുകയും അവിടെ കുറേക്കാലം കൂടി ഈ ഭാഷ തുടരുകയും ചെയ്തു. ജറുസലേം സുറിയാനി വിവർത്തനം എന്നും ഇതറിയപ്പെടുന്നു.[2]

2. Bruce M. Metzger, *The Early Versions of the New Testament*, Oxford, 1977, p. 3-98.
   S. Brock, "The Two Poles of Syriac Tradition" in *Homage to Mar Cariattil*, Rome 1987, p. 58-61.

# അനുബന്ധം

### അനുബന്ധം 1

## പൗരസ്ത്യ കത്തോലിക്കാ ഹയരാർക്കി

1 സീറോ മലബാർ സഭ (രൂപതകൾ _ 21; മെത്രാന്മാർ _ 22; വിശ്വാസികൾ _ 2.758.750)

1. 1. ചങ്ങനാശ്ശേരി അതിരൂപത - ആർച്ചുബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ (1985— ): 340.000 ജനം
2. 2. കാഞ്ഞിരപ്പള്ളി എപ്പാർക്കി - മാർ മാത്യു വട്ടക്കുഴി (1987— ): 145.238 ജനം
3. 3. കോട്ടയം എപ്പാർക്കി - മാർ കറിയാക്കോസ് കുന്നശ്ശേരി (1974— ): 113.565 ജനം
4. 4. പാലാ എപ്പാർക്കി - മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ (1981— ): 277.400.
5. 5. എറണാകുളം അതിരൂപത - ആർച്ചുബിഷപ്പ് മാർ ആൻറണി പടിയറ (1985— ): റോമാസഭയുടെ കർദ്ദിനാൾ വൈദികൻ (1988), ജനം - 363.503.
6. 6. ഇരിഞ്ഞാലക്കുട എപ്പാർക്കി - മാർ ജയിംസ് പഴയാററിൽ (1978— ): 209.860 ജനം
7. 7. കോതമംഗലം എപ്പാർക്കി - മാർ ജോർജ്ജ് പുന്നക്കോട്ടിൽ (1977— ): 314.200 ജനം
8. 8. മാനന്തവാടി എപ്പാർക്കി - മാർ ജേക്കബ് തൂങ്കുഴി (1973— ): 128. 070 ജനം
9. 9. പാലക്കാട്ട് എപ്പാർക്കി - മാർ ജോസഫ് ഇരിമ്പൻ (1974— ): 43.360 ജനം
10. 10. തലശ്ശേരി എപ്പാർക്കി - മാർ സെബാസ്ത്യൻ വള്ളോപ്പിള്ളി (1956— ): 329.760 ജനം.
11. 11. താമരശ്ശേരി എപ്പാർക്കി - മാർ സെബാസ്ത്യൻ മങ്കുഴിക്കരി (1986— ).
12. 12. തൃശ്ശൂർ എപ്പാർക്കി - മാർ ജോസഫ് കുണ്ടുകുളം (1970— ): 356.307 ജനം

www.malankaralibrary.com



13. 13. ബിജ്നോർ എപ്പാർക്കി - മാർ ഗ്രേഷ്യൻ മുണ്ടാടൻ, സി. എം. ഐ. (1977— ): 683 ജനം

14. 14. ചന്ദാ എപ്പാർക്കി - മാർ ജാനുവാരിയൂസ് പോളം പള്ളാത്തുരുത്തി സി. എം. ഐ. (1977— ): 19.470 ജനം

15. 15. ഗോരക്പൂർ എപ്പാർക്കി - മാർ ഡൊമിനിക് കോക്കാട്ട്, സി. എസ്. റ്റി. (1984— ): 987 ജനം

16. 16. ജഗദൽപൂർ എപ്പാർക്കി - മാർ പൗളീനൂസ് ജീരകത്ത്, സി. എം. ഐ. (1977— ): 2148 ജനം.

17. 17. രാജ്കോട്ട് എപ്പാർക്കി - മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ, സി. എം. ഐ. (1983— ): 9.000 ജനം

18. 18. സാഗർ എപ്പാർക്കി - മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ, സി. എം. ഐ. (1987— ) 2800 ജനം

19. 19. സത്നാ എപ്പാർക്കി - മാർ അബ്രഹാം മററം, വി.സി, (1977— ): 1378 ജനം

20. 20. ഉജ്ജയിൻ എപ്പാർക്കി - മാർ ജോൺ പെരുമററം, എസ്. എസ്. റ്റി. (1977— ): 1.021 ജനം

21. 21. കല്യാൺ എപ്പാർക്കി - മാർ പോളം ചിററിലപ്പിള്ളി (1988— ): 100.000 ജനം

22. മാർ ക്ലെമെൻസ് തോട്ടുങ്കൽ, സി. എം. ഐ. (1977-1987) വിശ്രമ ജീവിതം.

## 2 മലങ്കര കത്തോലിക്കാ സഭ (3 രൂപതകൾ; 5 മെത്രാന്മാർ; 273.732 വിശ്വാസികൾ)

1. 1. തിരുവനന്തപുരം അതിരൂപത - ആബൂൻ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ (1955— ): ജനം: 218.585

2. ആബൂൻ പൗലോസ് മാർ ഫീലൊക്സിനോസ് (1977— )

3. ആബൂൻ ലോറൻസ് മാർ അപ്രേം (1980— )

2. 4. തിരുവല്ലാ എപ്പാർക്കി - ആബൂൻ ഗീവർഗീസ് മാർ തിമോത്തിയോസ് (1988— ) ജനം: 36561

3. 5. ബത്തേരി എപ്പാർക്കി - ആബൂൻ സിറിൽ മാർ ബസേലിയോസ് (1978— ): ജനം: 18586

## 3 സുറിയാനി കത്തോലിക്കാസഭ (രൂപതകൾ 10; അദ്ധ്യക്ഷന്മാർ – 15; ജനം – 96.715)

1. അന്ത്യോക്യാ പാത്രിയാർക്കേററ് - പാത്രിയർക്കീസ് മാർ ഇഗ്നാത്യോസ് അന്തോണിയോസ് രണ്ടാമൻ ഹയെക് (1968— ) ആസ്ഥാനം : ബെയ്റൂട്ട് / ലബനോൻ



1. 2. ബെയ്റൂട്ട് : മാർ റാബുള അന്തോണിയോസ് പേട്രിയാർക്കൽ വികാരി (1983— ) 22.500 ജനം

3. മാർ ഗ്രിഗോറിയോസ് അപ്രേം ജർജ്ജർ പേട്രിയാർക്കൽ സഹായമെത്രാൻ (1965— )

4. മാർ ജൂലിയോസ് മിഖായേൽ അൽ - ജമീൽ പേട്രിയാർക്കൽ സഹായമെത്രാൻ

2. 5. ജറുസലേം : ബുത്രോസ് അബ്ദൽ ആഹാദ് കോറെപ്പിസ്ക്കോപ്പാ - പേട്രിയാക്കൽ വികാരി : 1000 ജനം

3. 6. ഇസ്താംബൂൾ: യൂസുഫ് സാഗ് കോറെപ്പിസ്ക്കോപ്പാ പേട്രിയാർക്കൽ വികാരി - ജനം : 2000

4. 7. ഡമാസ്കസ് അതിരൂപത - മാർ ഒസ്താത്യോസ് യൂസ്സെഫ് മുനീയർ മെത്രാപ്പോലീത്താ - 5000 ജനം

5. 8. ഹോംസ്, ഹാമാ - നെബെക് അതിരൂപത - മാർ തെയോഫിലസ് യൂഹാനോൻ ദാഹി (1984— ) : 9043 ജനം

6. 9. ബാഗ്ദാദ് എപ്പാർക്കി - മാർ തെയോഫിലോസ് മത്തി ഷാബാ മാതോക്കാ (1983— ) ജനം : 22.200

7. 10. മോസൂൾ എപ്പാർക്കി - മാർ കുറില്ലോസ് എമ്മാനുവേൽ ബന്നി (1959— ) : ജനം : 20.400

8. 11. കെയ്റോ എപ്പാർക്കി - മാർ ബസീലിയോസ് മൂസാ ദാവൂദ് (1977— ) ജനം : 2060

9. 12. അലെപ്പോ എപ്പാർക്കി - മാർ ഡയനീഷ്യസ് ഫിലിപ്പ് ബെല്ലൂനേ (1969— ): 8500 ജനം

10. 13. ഹസ്സാക് - നിസിബിസ് എപ്പാർക്കി - മാർ ഗീവർഗീസ് ഹഫൂറി (1982 — ) :4012 ജനം

14. മാർ ഫ്ളാവിയാനോസ് സക്കറിയാ മെൽക്കി (1963-83) വിശ്രമജീവിതം

15. മാർ ക്ലെമെൻസ് ഗിർഗിഷ് ഷെൽഹോത് (1972-8) വിശ്രമജീവിതം

## 4 കോപ്ററിക് സഭ (6 രൂപതകൾ; 7 മെത്രാന്മാർ; 150.850 ജനം; ഈജിപ്തിൽ മാത്രമേ ഭരണാധികാരമുള്ളു)

1. 1. അലക്സാണ്ഡ്രിയാ പാത്രിയർക്കേററ് - പാത്രിയർക്കീസ് അംബാ സ്തേഫാനോസ് രണ്ടാമൻ ഘട്ടാസ് (1986— ) വിശ്വാസികൾ 57.000 താമസം: കെയ്റോ/ഈജിപ്ത്

2. പാത്രിയാർക്കൽ സഹായമെത്രാൻ - ഹന്നാ ഖൊൽതാ

3. പാത്രിയാർക്കൽ സഹായമെത്രാൻ - ഖൊമ്മോസ് അൻഡ്രാവോസ് സലാമാ (1988— )

www.malankaralibrary.com



2\. 4. അസ്യൂത് എപ്പാർക്കി - അംബാ യൂഹന്നാ നഅർ (1965— ) ജനം: 35600
3\. 5. ഹെലിയപ്പൊലീസ് - ഇസ്മയ്‌ലിയാ എപ്പാർക്കി - അംബാ അത്തനാസ്യോസ് അബാദീർ (1982— ).
4\. 6. ലക്സോർ എപ്പാർക്കി - അംബാ അഗാത്തിയോസ് യാക്കൂബ് (1986— ) : 20000 ജനം
5\. 7. മിൻയാ എപ്പാർക്കി - അംബാ അന്തോണിയോസ് നഗ്വിബ് (1977— ) : 22250 ജനം
6\. 8. സോഹാഗ് എപ്പാർക്കി - അംബാ മർക്കോസ് ഹാക്കിം (1982— ) 11.000 ജനം

## 5. എത്യോപ്യൻ സഭ (3 രൂപതകൾ; 6 മെത്രാന്മാർ; 113.384 ജനം; എത്യോപ്യയിൽ മാത്രമേ ഭരണാധികാരമുള്ളൂ).

1\. 1. ആഡിസ് അബാബാ അതിരൂപത - ആബൂനാ പൗലോസ് ത്സഡുവാ മെത്രാപ്പോലീത്താ (1977 — ): റോമാസഭയുടെ കർദ്ദിനാൾ വൈദികൻ (1985): 38870 വിശ്വാസികൾ.
2\. ആബൂനാ അസ്റാത് മമ്മിയം യെമ്മെറു- മുൻമെത്രാപ്പോലീത്താ (1961-77): വിശ്രമ ജീവിതം.
2\. 3. അഡിഗ്രാത് (തിഗ്രെയ്) എപ്പാർക്കി - ആബൂനാ കിദാനെ മറിയം തെക്ലേഹൈമാനോത് (1984 — ): 13652 ജനം.
4\. ആബൂനാ സെബ്ഹത് ലെയാബ് വോർക്ക (1971-84). മുൻ എപ്പാർക്ക്; വിശ്രമജീവിതം.
3\. 5. അസ്മാറാ (എരിത്രിയാ) എപ്പാർക്കി - ആബൂനാ സഖറിയാസ് യോഹാന്നെസ് (1985 — ): ജനം: 60862.
6\. ആബൂനാ ഫ്രാൻസ്വാ അബ്രഹാം (1961-82): മുൻ എപ്പാർക്ക്, വിശ്രമജീവിതം.

## 6. അർമേനിയൻ സഭ (രൂപതകൾ - 13; അധ്യക്ഷന്മാർ - 16; ജനം: 160.840)

1\. സിലിഷ്യാപാത്രിയാർക്കേററ് - യോഹാന്നെസ് പീററർ പതിനെട്ടാമൻ കസ്പാറിയാൻ പാത്രിയർക്കീസ് (1982 — )
2\. ഹെമയ്യഗ് പീററർ പതിനേഴാമൻ ഗെഡിഗിയാൻ (1976-82): മുൻപാത്രിയർക്കീസ്; വിശ്രമം.
3\. ലെയോൻസ്യൂസ് ചൻചായൻ - പേട്രിയാർക്കൽ സഹായ മെത്രാൻ (1972 — )
4\. വർതാൻ അഷ്കാറിയാൻ - പേട്രിയാർക്കൽ സഹായമെത്രാൻ (1988 — )



1\. - ബയ്റൂട്ട് അതിരൂപത-പാത്രിയർക്കീസ്: ജനം: 29.400
2\. 4. ഇസ്ഫഹാൻ എപ്പാർക്കി(ഇറാൻ) - വർതൻ തെക്കേയാൻ (1973 — ) താമസം: ടെഹറാൻ. ജനം- 3000
3\. 5. ബാഗ്ദാദ് അതിരൂപത - പൗലൂസ് കൂസ്സാ ആർച്ചുബിഷപ്പ്: (1982 — ) 2000 ജനം
4\. 6. ഇസ്കന്ദെറിയാ എപ്പാർക്കി- റഫായേൽ ബായാൻ: (1960 — ) താമസം: കെയ്റോ ജനം. 1640
5\. 7. അലെപ്പോ അതിരൂപത- ജോസഫ് ബസ്മാദിയൻ (1984 — ) 13000 ജനം.
6\. 8. കമിക്ലി എപ്പാർക്കി(സിറിയാ) - അന്ത്രെ ബെഡോഗ്ളയാൻ (1988 — ): 4580 ജനം.
7\. 9. ഡമാസ്കസ് - മോൺ. കെവോർക്ക് തയ്റോയാൻ - പേട്രിയാർക്കൽ എക്സാർക്ക്: 3500 ജനം.
8\. 10. ജറുസലേം - റവ. ജോസഫ് ഡെബ്സ് - പേട്രിയാർക്കൽ വികാരി.
9\. 11. ഇസ്താംബൂൾ അതിരൂപത - ഹൊവാന്നെസ് ചൊളാകിയാൻ (1967 — ) ജനം: 3820
10\. 12. പാരീസ് എപ്പാർക്കി - ക്രികോർ ഗബ്രോയാൻ [1] (1988 — ) 30.000 ജനം.
11\. 13. ആഥൻസ്: മോൺ. ഹൊവാന്നെസ് കയൂണിയാൻ: 650 ജനം.
12\. 14. ബ്യൂനോസ് അയേഴ്സ് (തെക്കേഅമേരിക്കാ, മെക്സിക്കോ) അപ്പസ്തോലിക് എക്സാർക്ക് - വർതൻ വാൾഡിർ ബൊഗോസ്സിയാൻ (1981 — ): 30.000 ജനം.
13\. 15. ന്യൂയോർക്ക് (യു.എസ്.എ. - കാനഡാ): അപ്പസ്തോലിക് എക്സാർക്ക്-മിക്കായേൽ നെർസെസ് സെതിയാൻ(1981— ) 33.400 ജനം.
16\. ക്രികോർ അയ്‌വേസിയാൻ (1988 — ) വിശ്രമം.

## 7 കൽദായസഭ (രൂപതകൾ - 18; അധ്യക്ഷന്മാർ-19; വിശ്വാസികൾ - 428.667 - കൂടുതൽ പേരും ഇറാക്കിലാണ്)

ബാബിലോണിയാ പാത്രിയാക്കേററ് - മാർ പൗലോസ് രണ്ടാമൻ ഷെയ്ക്കോ (1959— ): ബാഗ്ദാദിൽ താമസം.
1\. 1. ബാഗ്ദാദ് - പാത്രിയർക്കീസ് - ജനം: 290.000
2\. മാർ അമ്മാനുവേൽ കരിം ഡെല്ലി - പേട്രിയാർക്കൽ സഹായ മെത്രാൻ (1967— )
2\. 3. കെർക്കുക്ക് - മാർ അന്ദ്രാവോസ് സാനാ മെത്രാപ്പോലീത്താ (1977— ) 5108 ജനം.

---

1\. അർമേനിയൻ ഹയരാർക്കി ഇല്ലാത്ത രാജ്യങ്ങളിലുള്ള അർമേനിയരുടെ അപ്പസ്തോലിക വിസിറേററർ.

www.malankaralibrary.com



3. 4. അർബീൽ - മാർ സ്റ്റെഫാനോസ് ബാബേക്കാ ആർച്ചുബിഷപ്പ് (1969— ): 11.821 ജനം.

4. 5. ബസ്രാ അതിരൂപത - മാർ യൂസിഫ് തോമസ് ആർച്ചുബിഷപ്പ് (1983— ): 6500 ജനം

5. 6. മോസൂൾ അതിരൂപത - മാർ ഗീവർഗീസ് ഗർമോ ആർച്ചുബിഷപ്പ് (1980— ): 18.000 ജനം

6. 7. അൽക്കോഷ് എപ്പാർക്കി - മാർ അബ്ദുൾ ആഹാദ് സാനാ (1961- ) 15.000 ജനം

7. 8. അമാദിയാ എപ്പാർക്കി - മാർ ഹന്നാ കെല്ലോ (1973— ): 3.050

8. 9. അക്രാ - സുലൈമാനിയാ എപ്പാർക്കി - മാർ അബ്ദുൾ ആഹാദ് റബ്ബാൻ (1980— ); ജനം 515.

9. സാഖോ എപ്പാർക്കി - 3500 ജനം

10. 10. ടെഹറാൻ - മാർ യോഹന്നാൻ സെമാൻ ഈശായ് മെത്രാപ്പോലീത്താ 7000 ജനം

11. 11. ഉർമിയാ - സൽമാസ് - (ഇറാൻ) എപ്പാർക്കി - മാർ തോമസ് മെറാം മെത്രാപ്പോലീത്താ (1983— ): 2250 ജനം

12. 12. അഹ്വാസ് (ഇറാൻ) എപ്പാർക്കി - മാർ ഹന്നാ സോറാ ആർച്ചുബിഷപ്പ് (1974— ): 1700 ജനം

13. 13. ജറുസലേം - പേട്രിയാർക്കൽ വികാരി: ഹെൻറി ഗ്രയോൺ കോറെപ്പിസ്കോപ്പാ

14. 14. ബയ്റൂട്ട് എപ്പാർക്കി - മാർ റഫായേൽ ബിദാവിദ് (1966 — ) 8476 ജനം

15. 15. അലെപ്പോ (സിറിയാ) എപ്പാർക്കി - മാർ സ്തെഫാനോസ് ബെല്ലോ (1960— ): 10.000

16. 16. കെയ്റോ എപ്പാർക്കി (ഈജിപ്ത്) - മാർ യൂസിഫ് ഇബ്രാഹിം സറാഫ് (1984— ): 500 ജനം

17. 17. ദിയാർബക്കീർ (തുർക്കി) - മാർ പൗലോസ് കരാടാസ് (1977— ) 4000 ജനം

18. മാർ ഗബ്രിയേൽ കോഡാ (വിശ്രമം)

18. 19. ഡിട്രോയിററ് (യു. എസ്. എ.) മാർ ഇബ്രാഹിം (1982— ) 45.000 ജനം

## 8 മാറോനീത്താ സഭ (രൂപത _ 17; അധ്യക്ഷന്മാർ _ 27; ജനങ്ങൾ _ 1.730.980)

1. അന്ത്യോക്യാപാത്രിയാക്കേററ് - മാർ നസ്രുള്ളാ പീററർ സ്ഫെയിർ പാത്രിയർക്കീസ് (1986— ): താമസം - ബ്കെർകേ: ലബ്നോൻ.

2. മാർ അന്തോണിയോസ് പീററർ ഖൊറൈഷ് - മുൻപാത്രിയർക്കീസ് (1975 — 86); കർദ്ദിനാൾ (1983): വിശ്രമ ജീവിതം.



3. മാർ അബ്ദുള്ള ബാരെദ് പേട്രിയാർക്കൽ സഹായമെത്രാൻ (1986— )

4. മാർ ബൂളോസ് എമിൽ സാദേ (1986— )

5. മാർ ഗീവർഗീസ് അബി സാബെർ - പേട്രി. സഹായമെത്രാൻ. (1986— )

6. മാർ റോളൻഡ് അബിയാഉദെ (1975— ) പേട്രി. വികാരി.

7. മാർ ബിശാറാ റാഹി ,, ,,

1. 8. ബയ്റൂട്ട് അതിരൂപത - മാർ ഖലീൽ അബിനാദെർ (1987— ) 120.000 ജനം

9. മാർ ഇഗ്നാത്യോസ് സൈദെ (1952 - 87): വിശ്രമജീവിതം.

2. 10. സൈപ്രസ് അതിരൂപത - മാർ ബുത്രോസ് ഗമായെൽ (1987— ) നിക്കോഷ്യയിൽ താമസം. 198.370 ജനം.

11. മാർ ഏലിയാസ് ഫാറാഹ് - (1977 - 87); വിശ്രമജീവിതം.

3. 12. ട്രിപ്പോളി അതിരൂപത - മാർ ആൻടൂൺ യുബെയ്ർ (1977— ) 74.511 ജനം

4. 13. ടയർ അതിരൂപത - മാർ ജോസഫ് ഖുറി (1959— ) 22.000 ജനം

5. 14. ബാൽബെക് - സാഹ്ലെ എപ്പാർക്കി - മാർ ജോർജ് സ്കന്ദർ (1977— ) 48.000 ജനം

6. 15. സൈദാ എപ്പാർക്കി - മാർ ഇബ്രാഹിം ഹെലു ആർച്ചുബിഷപ്പ് (1975— ) : 65.000 ജനം

7. 16. സർബാ എപ്പാർക്കി - മാർ മിഖായേൽ ദൂമിത് (1959— ) 110.000 ജനം

8. 17. അലെപ്പോ അതിരൂപത - മാർ ജോസഫ് സലാം (1967— ) 3225 ജനം

9. 18. ലറാക്കിയാ എപ്പാക്കി - മാർ ആൻറൂൺ ടൊർബി (1986— ) താമസം:തർത്തൂസ്/സിറിയാ 23.000 ജനം

10. 19. യൂനിയെ എപ്പാർക്കി - മാർ ശുക്രള്ള ഹർബ് (1977— ) 190.421 ജനം

11. ജിബൈൽ-ബത്രൂൻ എപ്പാർക്കി-പാത്രിയർക്കീസ്: 230.560 ജനം

12. ഡമാസ്കസ് - പേട്രിയാർക്കൽ വികാരി - 5000 ജനം

13. 20. സാഓ പൗളോ എപ്പാർക്കി (ബ്രസീൽ) - മാർ യൊവാവോ ഖെഡിഡ് ആർച്ചുബിഷപ്പ് (1971— ) 400.000 ജനം.

14. 21. ബ്രൂക്‌ലിൻ എപ്പാർക്കി (യു. എസ്. എ.): മാർ ഫ്രാൻസിസ് മൻസൂർ സായെക് ആർച്ചുബിഷപ്പ് (1971— ) 50.893 ജനം

22. മാർ ജോൺ ജോർജ്ജ് ബെഡിഡ് സഹായമെത്രാൻ (1987— )

15. 23. മൊൺട്രിയാൽ എപ്പാർക്കി (കാനഡാ): മാർ ഏലിയാസ് ഷഹീൻ ആർച്ചുബിഷപ്പ്: (1982— ) 70.000 ജനം

www.malankaralibrary.com



16\. 24. സിഡ്നി എപ്പാർക്കി (ആസ്ട്രേലിയാ) - മാർ ഇഗ്നേഷ്യസ് അബ്ദോ ഖാലിഫെ ആർച്ചുബിഷപ്പ് (1973— ): 120.000 ജനം

17\. 25. അന്തേലിയാസ് അതിരൂപത: (ലബനോൻ): മാർ ജോസഫ് മോഹ്സെൻ ബെക്കാറാ (1987— ): അന്തേലിയാസ്, കോർണെ എന്നിവിടങ്ങളിൽ താമസം.

26\. മാർ എമിൽ എയ്ദ്, പേട്രിയാർക്കൽ പ്രൊക്കുറേറ്റർ, റോം.

27\. മാർ പൗലോസ് ഫുവാദ് തബെ (1980— ) (പ്രോനൺഷ്യോ നൈജീരിയാ).

## 9. മെൽക്കീത്താ കത്തോലിക്കാ സഭ (രൂപതകൾ _ 24; അദ്ധ്യക്ഷന്മാർ _ 30; ജനം _ 971.345)

1\. അന്ത്യോക്യാ പാത്രിയാർക്കേറ്റ് - മാക്സിമോസ് അഞ്ചാമൻ ഹാക്കിം പാത്രിയർക്കീസ് (1967— ); ആസ്ഥാനം: ബയറൂട്ട്

2\. ഫ്രാൻസ്വാ അബു - മോക്ക്, പേട്രിയാർക്കൽ സഹായമെത്രാൻ (1978— )

3\. ഹന്നാ മൺസൂർ, പേട്രിയാർക്കൽ സഹായമെത്രാൻ (1980— )

1\. 4. അലെപ്പോ അതിരൂപത - നെയോഫിറ്റോസ് എഡിൽബി മെത്രാപ്പോലീത്താ (1968— ) 11.000 ജനം

2\. 5. ബൊസ്രാ - ഹൗറാൻ അതിരൂപത - ബൂളോസ് നസ്സീഫ് ബൊർക്കോഷ് മെത്രാപ്പോലീത്താ (1983— ): 27.000 ജനം

3\. ഡമാസ്കസ് - പാത്രിയർക്കീസ്: 90.000 ജനം

4\. 6. ഹോംസ് - അപ്പമേയാ - യബ്രൂദ് അതിരൂപത - ഇബ്രാഹിം നെഹ്മെ മെത്രാപ്പോലീത്താ (1986— ): 22.875 ജനം

5\. 7. ലറ്റാക്കിയാ അതിരൂപത - മിഖായേൽ യറ്റിം ആർച്ചുബിഷപ്പ് (1981— ): 13.000 ജനം

6\. 8. ബയ്റൂട്ട് - ജിബയ്ൽ അതിരൂപത - ഹബീബ് ബാഷാ മെത്രാപ്പോലീത്താ (1975— ) 150.000 ജനം

7\. 9. ടയർ - യൂഹന്നാ അസ്സാദ് ഹദ്ദാദ് ആർച്ചുബിഷപ്പ് (1988— ) 8000 ജനം

8\. 10. പാനെയാസ്—കൈസറിയാ ഫിലിപ്പി-പേട്രിയാക്കൽ അഡ്മിനിസ്ട്രേറ്റർ: ആർക്കിമൺട്രൈറ്റ് ഗബ്രിയേൽ റാഹെദ്: 1860 ജനം.

9\. 11. ബാൽബെക്ക് - സലിം ബുസ്ത്രോസ് ആർച്ചുബിഷപ്പ് (1988— ): 16.000 ജനം.

12\. ഏലിയാസ് സോഗ്ബി (വിശ്രമം) (1988— )



10\. 13. സൈദാ - ജോർജ്ജ് കുവയ്ടെർ (1987— ): 9000 ജനം

14\. ആർച്ചുബിഷപ്പ് ഇഗ്നാത്യോസ് റാഡ് (1981-7) (വിശ്രമ ജീവിതം)

11\. 15. ട്രിപ്പൊളി - ഏലിയാസ് നിജ്മെ ആർച്ചുബിഷപ്പ് (1978— ): 6.000 ജനം.

12\. 16. സാഹ്ലെ - ഫുർസോൾ-ബേക്കാ (ലബനോൻ) - അന്ദ്രെയാ ഹദ്ദാദ് (1983— ) 125.000 ജനം.

13\. 17. പെത്രാ-ഫിലാഡെൽഫിയാ (യോർദ്ദാൻ) - സാബാ യൊവാക്കിം (1970— ): 19. 942 ജനം.

14\. 18. ആക്കാ - ഹയ്ഫാ— നസ്രത്- ഗലീലി (ഇസ്രായേൽ)- മാക്സിമോസ് ശല്ലൂം (1975— ): 41.500 ജനം.

15\. 19. ജറുസലേം - ഹിലാരിയോൻ കപ്പൂച്ചി (പേട്രിയാർക്കൽ വികാരി) (1981— ): 3200 ജനം.

20\. ലുഫ്തി ലഹം, പേട്രിയാർക്കൽ വികാരി (1981— )

16\. 21. സാവോ പൗളോ എപ്പാർക്കി (ബ്രസീൽ)- സ്പീരീദോൺ മത്താർ (1978— ): 360.000 ജനം.

17\. 22. ന്യൂട്ടൺ എപ്പാർക്കി (യു.എസ്.എ.)- ജോസഫ് തവീൽ (1976— ): 24218 ജനം.

18\. 23. മോൺട്രിയൽ (കാനഡാ) -മിഷേൽ ഹക്കിം (1984—): 30.000 ജനം.

19\. 24. ഈജിപ്ത്- സുഡാൺ - പേട്രിയാർക്കൽ വികാരി പോൾ അൻറാക്കി: താമസം - കെയ്റോ (1968— ): 8000 ജനം.

20\. 25. ഇറാക്ക്-പേട്രിയാർക്കൽ വികാരി: ആർക്കിമൺട്രൈറ്റ് നിക്കോളാസ് ഡൗഹർ-താമസം-ബാഗ്ദാദ്: 250 ജനം.

21\. 26. കുവെയ്റ്റ് - പേട്രിയാർക്കൽ വികാരി: ആർക്കിമൺട്രൈറ്റ് ബേസിൽ കാനാക്രി : 4500 ജനം.

22\. 27. സിഡ്നി എപ്പാർക്കി (ആസ്ട്രേലിയാ-ന്യൂസിലൻഡ്) ജോർജ് റിയാഷി-ജനം: 30.000

23\. 28. മെക്സിക്കോ സിറ്റി എപ്പാർക്കി (മെക്സിക്കോ): ആർച്ചുബിഷപ്പ് ബുത്രോസ് റായ് (1988—)

24\. — അർജെൻറീനാ - വെനെസ്വേലാ അപ്പസ്തോലിക് എക്സാർക്കേറ്റ്-ബുത്രോസ് റായ് (1988— )

29\. ഗ്രിഗോറിയോസ് ഹദ്ദാദ് (വിശ്രമം)

30\. ജോസഫ് രായാ (വിശ്രമം)

www.malankaralibrary.com



## 10. യുക്രേനിയൻ സഭ[1] (രൂപതകൾ – 15; മെത്രാന്മാർ – 21; ജനം 719. 900)

1. മേജർ ആർച്ചുബിഷപ്പ് മിറോസ്ലാവ് ഇവാൻ ലുബാചിവ്സ്കി (1984— ): റോമാസഭയുടെ കർദ്ദിനാൾ വൈദികൻ; റോമിൽ താമസം[2]

1. 2. ഫിലാഡെൽഫിയാ (യു. എസ്. എ) - സ്റ്റീഫൻ സുലിക് മെത്രാപ്പോലീത്താ (1981— ): 80.588 ജനം

3. മിഖായേൽ കുച്മിയാക് സഹായമെത്രാൻ (1988— )

2. 4. പാർമാ എപ്പാർക്കി (യു. എസ്. എ) - റോബർട്ട് മിഖായേൽ മോസ്കാൽ (1983— ) 11.987 ജനം.

3. 5. ചിക്കാഗോ എപ്പാർക്കി (യു. എസ്. എ) - ഇന്നസെൻറ് ഹിലാരിയോൻ ലോട്ടോസ്കി (1981— ) 30.000 ജനം

4. 6. സ്റ്റാംഫോർഡ് എപ്പാർക്കി (യു. എസ്. എ)-ബേസിൽ ഹെൻറി ലോസ്റ്റൻ (1977—) 44.500 ജനം.

5. 7. വിന്നിപ്പെഗ് (കാനഡാ) - മാക്സിം ഹെർമാനിയുക്

8. മെറോൺ സത്സിയുക് (1982— ) സഹായമെത്രാൻ: 49.355 ജനം

6. 9. എഡ്മൺടൺ (കാനഡാ) - ദെമെത്രിയുസ് മാർട്ടിൻ ഗ്രേഷുക് (1986— ) 40.321 ജനം

7. 10. ന്യൂവെസ്റ്റ്മിനിസ്റ്റർ (കാനഡാ) - ജറോണിം ഇസിദോർ ഷിമി (1974— ) 7.700 ജനം

8. 11. സസ്ക്കാറൂൺ (കാനഡാ) - ബേസിൽ ഫിലെവിച്ച് (1983— )25.000 ജനം

9. 12. ടൊറൊൻേറാ (കാനഡാ) - ഇസിദോർ ബോറെക്കി 83.000 ജനം

10. 13. മെൽബോൺ (ആസ്ത്രേലിയാ)-ഇവാൻ പ്രിസ്ക്കോ (1982— ) 25.000 ജനം

---

1. കാനഡയിലുള്ള റുതേനിയർ, ഹംഗേറിയൻ, യുഗോസ്ലാവിയൻ സഭാംഗങ്ങൾ യുക്രേനിയൻ രൂപതകളിലാണ്.

2. സോവ്യററു റഷ്യയിലെ യുക്രേനിയൻ കത്തോലിക്കാസഭയെ റഷ്യൻ ഭരണകൂടം നിർത്തൽ ചെയ്തു. എന്നാൽ ല്വീവ് മെത്രാപ്പോലീത്തൻ അതിരൂപത (യുക്രെയിൻ) പെരെമൃസൽ-സാനിക്-സാംബിർഎപ്പാർക്കി (പോളണ്ട്), സ്റ്റനിസ്ലവീവ് എപ്പാർക്കി (യുക്രെയ്ൻ), Emkowszczyzna (പോളണ്ട്) എപ്പാർക്കി എന്നിവ ഇപ്പോഴും യുക്രേനിയൻ കത്തോലിക്കരുടെ പട്ടികയിലുണ്ട്. ഈ രൂപതകളിലായി ഏതാണ്ട് 3.586.960 പേരുണ്ട് എന്നാണ് കണക്ക്.



11. 14. ബ്യൂനോസ് അയേഴ്സ് (അർജൻറീനാ) - ആൻഡ്രേ സപെലാക് (1978— ) 120.000 ജനം

12. 15. കരിതിബാ (ബ്രസീൽ)-എഫ്രേം ബസീലിയോ ക്രേവി (1978— ) 130.000 ജനം

16. ജോസ് മാർട്ടിനെത്സ് (1971-8): വിശ്രമം

13. 17. ഫ്രാൻസ് - അപ്പസ്തോലിക് എക്സാർക്ക്: മിഖായേൽ ഹ്റ്ൻ ചിഷിൻ (പാരീസ്) 16.000 ജനം

14. 18. ജർമ്മനി - പ്ലാറോൺ കൊർണില്യാക് അപ്പസ്തോലിക് എക്സാർക്ക് : മ്യൂണിച്ചിൽ താമസം: 29.449 ജനം

15. ഗ്രേററ് ബ്രിട്ടൺ - മിഖായേൽ ഹ്റ്ൻ ചിഷിൻ (1988— ) അപ്പസ്തോലിക് എക്സാർക്ക് 27.000 ജനം

19. മിറോസ്ലാവ് സ്റ്റെഫാൻ മറൂസിൻ (1974— ) ആർച്ചുബിഷപ്പ് (1982): പൗരസ്ത്യസംഘം സെക്രട്ടറി.

20. വ്ളാഡിയിർ മലാൻക്സുക് (1961) : വിശ്രമം

21. അഗസ്റ്റിൻ എവുജീൻ ഹൊർണിയാക് ( ,, )

## 11. റുതേനിയൻ സഭ [1] (രൂപത–4; മെത്രാന്മാർ–7; ജനം–289.026)

1. 1. പിററ്സ്ബർഗ് അതിരൂപത - (യു. എസ്. എ.) - സ്റ്റീഫൻ കൊച്ചിസ്കോ മെത്രാപ്പോലീത്താ (1967— ): 152.237 ജനം.

2. ജോൺ മിഖായേൽ ബിലോക് സഹായമെത്രാൻ (1973— )

2. 3. പാർമാ (യു.എസ്.എ.) എപ്പാർക്കി- ആൻഡ്രൂ പതാക്കി (1984— ): 27.548 ജനം.

3. 4. പാസായിക്ക് (യു.എസ്.എ. )എപ്പാർക്കി-മിഖായേൽ ജോസഫ് ഡൂഡിക് (1968— ): 93. 140 ജനം.

5. ജോർജ്ജ് എം. കുസ്മാ സഹായമെത്രാൻ

4. 6. വാൻ നയിസ് (യു.എസ്.എ.) എപ്പാർക്കി - തോമസ് വി. ഡോളിനെയ് (1982— ) 16.101 ജനം.

7. നിക്കൊളാസ് എൽകോ: ചിൻചിനാത്തി - സഹായമെത്രാൻ (1967— ).

---

1. യു.എസ്.എ.യിലെ സ്ലൊവാക്കിയൻ, ഹംഗേറിയൻ, യുഗോസ്ലാവിയൻ സഭാംഗങ്ങൾ റുതേനിയൻ രൂപതകളിലാണ്; യുക്രെയിനിലെ മുക്കാസീവ് റുതേനിയൻ രൂപത റഷ്യ നിർത്തലാക്കി. അതിൽ 461.555 ജനങ്ങളുണ്ടായിരുന്നു.

www.malankaralibrary.com



## 12. മററ് ബിസൻറയിൻ കത്തോലിക്കാ സഭാസമൂഹങ്ങൾ

I 1. റുമേനിയൻ സഭ - കാൻറൺ ക്രൂപത (യു.എസ്.എ.): വാസിൽ ലൂയിസ് പുസ്കാസ് (1982— ): ജനം: 4000.
2. ട്രാജൻ ക്രിസാൻ (വിശ്രമം)
3. വാസിൽ ക്രിസ്തീയാ-അപ്പസ്തോലിക് വിസിററർ, റോം.

